# PROCEEDINGS
# OF THE
# TENTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

ELEVENTH SESSION

*Tuesday, the 20th July 1999*

## OFFICIAL REPORT

Vol. 108 - No. 22

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

©
Government of Kerala
2010

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*1999 ജൂലൈ 20, ചൊവ്വാഴ്ച*

*സ്പീക്കർ*

**ശ്രീ. എം. വിജയകുമാർ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. സി.എ. കുര്യൻ**

*സെക്രട്ടറി (ഇൻ-ചാർജ്)*

**ശ്രീ. കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ**

*ചീഫ് എഡിറ്റർ*

**ശ്രീ. ബി. സുരേന്ദ്രൻ നായർ**

*എഡിറ്റിംഗ് ബ്രാഞ്ച്*

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

തിരുവനന്തപുരം

811/2010.

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഇ.കെ. നായനാർ |
| ഭക്ഷ്യ- വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ |
| റവന്യു വകുപ്പുമന്ത്രി | ശ്രീ. കെ.ഇ. ഇസ്മയിൽ |
| വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി | ശ്രീ. പി.ജെ. ജോസഫ് |
| കൃഷിവകുപ്പുമന്ത്രി | ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | ശ്രീ. പാലോളി മുഹമ്മദ്കുട്ടി |
| വനവും ഗതാഗതവും വകുപ്പുമന്ത്രി | ഡോ. എ. നീലലോഹിതദാസൻ നാടാർ |
| പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി | ശ്രീ. കെ. രാധാകൃഷ്ണൻ |
| ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി | ശ്രീ. ടി.കെ. രാമകൃഷ്ണൻ |
| ജലസേചനവും തൊഴിലും വകുപ്പുമന്ത്രി | ശ്രീ. വി.പി. രാമകൃഷ്ണപിള്ള |
| വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി | ശ്രീ. എസ്. ശർമ്മ |
| ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി | ശ്രീ. എ.സി. ഷൺമുഖദാസ് |
| ധനകാര്യ വകുപ്പുമന്ത്രി | ശ്രീ. ടി. ശിവദാസമേനോൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ശ്രീമതി സുശീലാ ഗോപാലൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


I. ചോദ്യോത്തരങ്ങൾ 9

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 9

(ii) ഉത്തരത്തിനു തിരുത്തൽ 33

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 33

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 33

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 48

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ 147

II. ചരമോപചാരം 183

III. ശ്രദ്ധക്ഷണിക്കൽ 187

(1) ഫ്ളാറ്റുകളിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾ 187
- ശ്രീ. എം.കെ. മുനീർ

(2). സംസ്ഥാനത്തെ ഗ്രാമീണ ശുചിത്വ സംവിധാനങ്ങൾ മെച്ച പ്പെടുത്തേണ്ടതിന്റെ ആവശ്യകത 191
- ശ്രീമതി എൻ.കെ. രാധ

IV. സബ്മിഷൻ 194

(1) മുണ്ടൂർ ഹൈസ്കൂളിലെ തെരഞ്ഞെടുപ്പിനോടനു ബന്ധിച്ചു നടന്ന അക്രമം 194
- ശ്രീ. കെ.എ. ചന്ദ്രൻ

(2) ജില്ലാ കളക്ടർമാർ തോക്കുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതു സംബന്ധിച്ച് 196
- ശ്രീ. ജോർജ് ജെ. മാത്യു

(3) കൊടകര മണ്ഡലത്തിലെ ലോനപ്പന്റെ മകൾ ഷീബയുടെ തിരോധാനം 197
- ശ്രീ. കെ.പി. വിശ്വനാഥൻ

(4) വിശ്വകർമ്മജരുടെ സെക്രട്ടേറിയറ്റ് ധർണ്ണ 198
- ശ്രീ. ജോണി നെല്ലൂർ

(5) ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് കൃഷിഭൂമി ലഭ്യമാക്കുന്നതി നുള്ള പണം ദുരുപയോഗം ചെയ്തതു സംബന്ധിച്ച് 199
- ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്

(6) പഞ്ചായത്തുകളിലെ ലൈബ്രറി - ശിശുമന്ദിരം ജീവനക്കാരുടെ ആവശ്യങ്ങൾ 200
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(7) തൈക്കാട് റെയിൽവേ മേൽപ്പാലത്തിനടുത്ത് ഭൂമി അക്വ യർചെയ്യുന്ന നടപടി നിറുത്തിവയ്ക്കേണ്ടതു സംബന്ധിച്ച്
- ശ്രീ. ബി. വിജയകുമാർ 201


LIBRARY ARCHIVES Kerala Legislative Assembly

(8) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയോടുള്ള അവഗണന
- ശ്രീ. കെ.സി. വേണുഗോപാൽ 202

(9) അന്തിക്കാട് പഞ്ചായത്തിൽ ചുഴലിക്കൊടുങ്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ 204
- ശ്രീമതി റോസമ്മചാക്കോ

(10) നദികളിൽനിന്ന് മണൽവാരുന്നതു നിരോധിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ
- ശ്രീ. എളമരം കരീം 205

(11) ട്രാവൻകൂർ റയോൺസിലെ സാമ്പത്തികപ്രതിസന്ധി
- ശ്രീ. പി.പി. തങ്കച്ചൻ 207

(12) വികലാംഗരുടെയും വിധവകളുടെയും വൃദ്ധജനങ്ങളുടെയും പെൻഷൻതുക വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച്
- ശ്രീ. ലോനപ്പൻ നമ്പാടൻ 209

(13) കായംകുളം-മുട്ടം-ബസാർ പാലത്തിന്റെയും വനിതാ പോളിടെക്നിക്കിന്റെയും നിർമ്മാണം
- ശ്രീ. ജി. സുധാകരൻ 210

(14) മുസ്ലീം-നാടാർ വിദ്യാർത്ഥിനികൾക്ക് ലംപ്സം ഗ്രാന്റ്
- ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ 211

(15) മങ്കട മണ്ഡലത്തിലെ കൊളമംഗലം-കരേക്കാട്-കാടാകുളങ്ങര റോഡിന്റെ ദുരവസ്ഥ
- ശ്രീ. കെ.പി.എ. മജീദ് 212

(16) നാളികേര കർഷകരുടെ പ്രശ്നങ്ങൾ
- ശ്രീ. സി.എൻ. ജയദേവൻ 212

(17) ജസ്റ്റിസ് ഭാസ്കരൻനമ്പ്യാർ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടതു സംബന്ധിച്ച്
- ശ്രീ. എൻ.ആർ. ബാലൻ 214

(18) ഭൂതത്താൻകെട്ടിൽനിന്നും ചെരിയാർ നദിയിലേക്ക് വെള്ളം തുറന്നുവിടേണ്ടതു സംബന്ധിച്ച്
- ശ്രീ. കെ. മുഹമ്മദാലി 214

V. **റിപ്പോർട്ട് സമർപ്പണം** 216

(1) 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(2) 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കൽ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമംസംബന്ധിച്ച സമിതിയുടെ പത്താമതു റിപ്പോർട്ട്

VI. **ധനകാര്യം** 216

1999-2000 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

VII. **അനുബന്ധം 1 മുതൽ 10 വരെ** 334

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

1999 ജൂലൈ 20, ചൊവ്വ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 1999 ജൂലൈ മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ............ചോദ്യം നമ്പർ 505

1 (*505) യൂത്ത് സെന്ററുകൾ

ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂത്ത് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

സി) യൂത്ത് സെന്ററുകളിൽകൂടി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) അത്തരം ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) എല്ലാ ജില്ലകളിലും ഓരോ യൂത്ത് സെന്ററുകൾ ആരംഭിക്കാനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

(സി) യുവജനങ്ങൾക്കുവേണ്ടിയുള്ള ദേശീയോദ്ഗ്രഥന ക്യാമ്പ്, എക്സിബിഷൻ, സാഹസിക സംരംഭങ്ങൾ, തൊഴിൽ പരിശീലനങ്ങൾ ഉൾപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടെയുള്ള യുവജനക്ഷേമ പ്രവർത്തനങ്ങളും പരിപാടികളുമാണ് പ്രസ്തുത യൂത്ത് സെന്ററുകൾവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ജോസ് ബേബി : എ ചോദ്യത്തിന് ബഹു. മന്ത്രി നൽകിയ മറുപടിയിൽ സംസ്ഥാനത്ത് യൂത്ത് സെന്ററുകൾ ആരംഭിക്കുവാനുള്ള തീരുമാനം പരിഗണനയിലുണ്ടെന്നാണ് പറഞ്ഞത്. എന്നാൽ ഇൻഡ്യയുടെ മറ്റുപല സംസ്ഥാനങ്ങളിലും വിപുലമായ രീതിയിലുള്ള യൂത്ത് സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഉദാ: വെസ്റ്റ് ബംഗാൾ, ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾ. യുവജനങ്ങളുടെ വൈവിദ്ധ്യമാർന്ന ട്രെയിനിംഗുകൾക്ക്, ടെസ്റ്റ് എഴുതാനുംമറ്റും ടൂറു പോകുമ്പോൾ താമസിക്കുവാനുള്ള സൗകര്യങ്ങൾ തുടങ്ങിയ രീതിയിലുള്ള വിപുരമായ സൗകര്യങ്ങളുള്ള യൂത്ത് സെന്ററുകൾ ഇൻഡ്യയുടെ വിവിധ പ്രദേശങ്ങളിലുണ്ട്. അത്തരം യൂത്ത് സെന്ററുകൾ ആരംഭിക്കുവാൻ സംസ്ഥാനത്ത് ആവശ്യമായ നടപടി സ്വീകരിക്കുമോ? അതു സംബന്ധിച്ച് ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സംസ്ഥാനത്തെ യുവജനക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി പഠിക്കുവാൻവേണ്ടി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ബഹു. മെമ്പർ ഉൾപ്പെടെയുള്ള കമ്മിറ്റിയാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് പെട്ടെന്ന് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ യുവജനക്ഷേമ പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കണമെന്ന് തീരുമാനിക്കുന്നതാണ്. അതോടൊപ്പംതന്നെ യൂത്ത് വെൽഫെയർ സെന്റേഴ്സ് ബഹു. മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ അർത്ഥത്തിലും യുവജനങ്ങളെ സഹായിക്കുന്ന ഒരു സെന്ററായി നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. ജോസ്ബേബി : നമ്മുടെ സംസ്ഥാനത്ത് നിരവധി നയങ്ങളുണ്ട്. വ്യവസായനയം, കാർഷികനയം അങ്ങനെ നിരവധി നയങ്ങളുണ്ട്. അതൊക്കെ നടപ്പിലാക്കേണ്ട നയങ്ങളാണ്. അത് നടപ്പാക്കിയില്ലെങ്കിൽ നടപ്പാക്കണം. ഇപ്പോൾ ഇവിടെ ഒരു യുവജനനയമില്ല. യഥാർത്ഥത്തിൽ യുവജന നയം ആവശ്യമല്ലേ; ലോകം ശ്രദ്ധിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് യുവജനനയം പ്രഖ്യാപിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അങ്ങനെയൊരു യുവജനനയം പ്രഖ്യാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഒരു യുവജനനയം ആവിഷ്കരിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മുന്നോടിയായി കേരളത്തിലെ മുഴുവൻ യുവജന സംഘടനകളെയും വിളിച്ച് ചർച്ചചെയ്തിട്ടുണ്ട്. കൂടാതെ യുവജനരംഗത്ത് പ്രവർത്തിക്കുന്ന ആളുകളെയെല്ലാം വിളിച്ച് രണ്ട് വർക്ക് ഷോപ്പുകൾ കേരളത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. അതിന്റെയൊക്കെ ഫലമായിട്ടാണ് എക്സ്പെർട്ട് കമ്മിറ്റിയെ രൂപീകരിച്ചത്. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യുവജനനയത്തെപ്പറ്റി ചർച്ചചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ യുവജന നയം കേരളത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, രണ്ടാമത്തെ ചോദ്യത്തിനു മറുപടിയായി എല്ലാ ജില്ലകളിലും ഓരോ യൂത്ത് സെന്ററുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുള്ളതായാണ് ബഹു. മന്ത്രി പറഞ്ഞത്. പരിഗണനയിലുള്ള യൂത്ത് സെന്ററുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ ആകെ, യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ 33 യൂത്ത് വെൽഫെയർ ഓാഫീസർമാരാണ് ഉള്ളത്. അതു വിവിധ ബ്ലോക്കുകളിലായിട്ടാണ് പ്രവർത്തിക്കുന്നത്. യൂത്ത് വെൽഫെയർ ഓഫീസേഴ്സിനെ എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിച്ചുകൊണ്ട് യൂത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സി - ചോദ്യത്തിനു മറുപടിയായി യൂത്ത് സെന്ററുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്, യുവജനങ്ങളുടെ സാഹസികമായ സംരംഭപരിപാടികളുടെ ഭാഗമായി യൂത്ത് വെൽഫെയർ ബോർഡ് നടപ്പാക്കിയ പ്രത്യേക പരിപാടികളെക്കുറിച്ച് പറയുന്നുണ്ട്. അതിന്റെ ഭാഗമായി നെയ്യാർഡാമിൽനിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ പാണത്തൂര് സമാപിച്ച ഈ സാഹസിക യാത്രയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ വിലയിരുത്താനും അത് പൊതുജനങ്ങൾക്കുകൂടി പകർന്നുകൊടുക്കുവാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അത് വലിയൊരു അനുഭവമായിരുന്നു. പാണത്തൂർവരെയുള്ള സാഹസിക യാത്ര. അങ്ങാണ് ഇത് ഉദ്ഘാടനം ചെയ്തത്. നെയ്യാർഡാം മുതൽ ഏകദേശം 1200 കിലോമീറ്ററോളം വനത്തിനുള്ളിലൂടെ 26-ഓളം യുവതീയുവാക്കൾ നടത്തിയ, 36 ദിവസത്തോളം നീണ്ടുനിന്ന, വലിയൊരു യാത്രയായിരുന്നു. ആ യാത്രയുടെ അനുഭവ വിവരണ പ്രസിദ്ധീകരണങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ യാത്രാനുഭവങ്ങൾ എല്ലാം ക്രോഡീകരിച്ചുകൊണ്ട് പുസ്തകരൂപത്തിൽ ഇറക്കുവാൻവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി.എൻ. ജയദേവൻ : അടുത്ത ദേശീയ യുവജനോത്സവം കേരളത്തിൽ നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ? ലഭിച്ചതായി കേൾക്കുന്നു. ഉണ്ടെങ്കിൽ അത് എവിടെവച്ച് സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ : അടുത്ത ദേശീയോത്സവം കേരളത്തിൽ നടത്താമെന്ന് വാക്കാൽ സമ്മതിച്ചിട്ടുണ്ട്. കേന്ദ്ര സ്പോർട്സ് യുവജനവകുപ്പു മന്ത്രിയും അതിന്റെ സെക്രട്ടറിയുമാണ് വാക്കാൽ അനുമതി നൽകിയത്. കേരളത്തിൽ ലഭിക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്. നമ്മുടെ സമ്മതം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

ശ്രീ. സി.എൻ. ജയദേവൻ : അത് തൃശ്ശൂർവച്ച് നടത്തണം. യൂത്ത് സെന്ററുകൾ നിലവിൽ വരുമ്പോൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് വെൽഫെയർ ഓഫീസർമാരുടെ സ്ഥിതി എന്തായിരിക്കും; നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ എത്ര യൂത്ത് വെൽഫെയർ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്?

ശ്രീ. കെ. രാധാകൃഷ്ണൻ : നമ്മുടെ സംസ്ഥാനത്ത് വാനിഷിംഗ് ഡിപ്പാർട്ടുമെന്റാണ് യുവജന വെൽഫെയർ ഓഫീസേഴ്സിന്റെ ഡിപ്പാർട്ടുമെന്റ്. ഏകദേശം 33-ഓളം ആളുകളാണുള്ളത്. 2006-ഓടുകൂടി മുഴുവൻ യുവജന വെൽഫെയർ ഓഫീസർമാരും റിട്ടയർ ചെയ്യും. അതോടുകൂടി ഈ ഡിപ്പാർട്ടുമെന്റ് ഇല്ലാതാകുന്ന സ്ഥിതിയാണുള്ളത്. ഇപ്പോൾ 33 യൂത്ത് വെൽഫെയർ ഓഫീസർമാരാണുള്ളത്. അവർ വിവിധ ബ്ലോക്കുകളിലായിട്ട് പ്രവർത്തിക്കുകയാണ്. അവരെ ഏകീകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും കോ-ഓർഡിനേ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റ്റർമാരായി നിയമിച്ചുകൊണ്ട് യുവജന പ്രവർത്തനം കാര്യക്ഷമമാക്കാമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : യൂത്ത് സെന്ററുകളിൽക്കൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി, ഇവിടെ സാഹസിക യാത്രയെക്കുറിച്ചും എക്സിബിഷനെക്കുറിച്ചും ഒക്കെ പറഞ്ഞു. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നായി പറഞ്ഞത് തൊഴിൽ പരിശീലന പരിപാടിയാണ്. കേരളത്തിൽ ഇത്രയധികം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇത്തരം സെന്ററുകളിലൂടെയുള്ള പരിശീലനം കൊണ്ട് അവരെ അവബോധം ഉണ്ടാക്കുവാൻവേണ്ടി പഠിപ്പിക്കുമ്പോൾ, പുതിയ തൊഴിൽ മേഖലയെക്കുറിച്ചും പഠിപ്പിക്കുവാൻ ട്രെയിനിംഗ് സെന്ററുകൾ ഇതിന്റെ കീഴിൽ ജില്ലകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? അതിന്റെ ഭാഗമായി ഏതെങ്കിലും ഒരു സെന്ററിൽ ആദ്യം ഇത് ആരംഭിക്കുവാൻ ഈ വർഷം നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അത് വിവിധ ഡിപ്പാർട്ടുമെന്റുകളുമായി യോജിപ്പിച്ചുകൊണ്ട് യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകളുണ്ടാക്കുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കുവാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഈ വർഷം ഏതു ജില്ലയിൽ ആരംഭിക്കണമെന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : ഏറ്റവും കൂടുതൽ ആക്ടീവായി പ്രവർത്തിക്കുന്നത് ചെറുപ്പക്കാരാണ്. അവർക്ക് ശരിയായ രീതിയിൽ കാര്യങ്ങൾ പറഞ്ഞുകൊടുക്കുവാനും പരിശീലനം കൊടുക്കുവാനും അവരെ പഠിപ്പിക്കുവാനുമൊക്കെയുള്ള മാർഗ്ഗനിർദ്ദേശം കൊടുക്കുവാനുള്ള കേന്ദ്രമായിട്ട് യൂത്ത് സെന്ററുകൾ മാറണം എന്നതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചില കേന്ദ്രങ്ങളിൽ ഓഫീസ് കേന്ദ്രങ്ങളുണ്ട്. പല ഡിപ്പാർട്ടുമെന്റുകൾക്കും ചില കേന്ദ്രങ്ങളിൽ ഓഫീസുകളും പ്രവർത്തനങ്ങളുമൊക്കെ ഉണ്ട്. ഇത് ഒരു കേന്ദ്രമായി യുവജനക്ഷേമ വകുപ്പിന്റെ കീഴിലുള്ള സെന്ററുകളാക്കി മാറ്റുവാൻ കഴിയുന്ന വിധത്തിൽ സ്റ്റാഫും സാമ്പത്തികസഹായങ്ങളും ഉൾപ്പെടെ കൊടുക്കുന്ന വിധത്തിൽ ഇതിന്റെയെല്ലാം ഒരു കേന്ദ്രമായി മാറ്റിയെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹു. മെമ്പർ മുന്നോട്ടുവച്ച നിർദ്ദേശം നല്ലതാണ്. നമ്മുടെ തലത്തിൽ യുവജന ക്ഷേമപ്രവർത്തനങ്ങൾ എല്ലാം ഏകീകരിക്കുവാനും അതോടൊപ്പം തന്നെ യുവജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാനും നമ്മുടെ സംസ്ഥാനത്ത് എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു യൂത്ത് വെൽഫെയർ സെന്റർ ആരംഭിക്കേണ്ട കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

ശ്രീ. പി. നാരായണൻ : യൂത്ത് ക്ലബ് ആരംഭിക്കുമ്പോൾ മദ്യപാനത്തിനും മയക്കുമരുന്നിനും പുകവലിക്കുമെതിരെ ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേക്കായി സ്ക്വാഡുകൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : പുകവലി നിരോധിച്ചുകൊണ്ട് കോടതി തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. യുവജനങ്ങളുടെ പ്രവർത്തനത്തിലൂടെ

ഒരു പരിധിവരെ സാമൂഹ്യ അനാചാരങ്ങളും സാമൂഹ്യ അനീതികളും കുറച്ചു കൊണ്ട് വരണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ യുവജനസംഘടനകളിലൂടെ നടപ്പാക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. നാരായണൻ : സർ, യൂത്ത് വെൽഫെയർ ബോർഡിന്റെ മേൽനോട്ടത്തിൽ യുവജനപ്രവർത്തനങ്ങൾ, യുവാക്കളിൽ അവബോധം വളർത്തുന്നതിന് ഒരു ജേർണൽ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, യുവജനക്ഷേമ ബോർഡിന്റെ കീഴിൽ യുവജനങ്ങൾക്കായിട്ട് ഒരു ജേർണൽ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ്. 'യുവകേരളം' എന്ന നാമത്തിൽ ഒരു ജേർണൽ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. ബാബു : സർ, പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് യുവജനക്ഷേമത്തിന് ഏറ്റവും കുറഞ്ഞസംഖ്യയാണ് കേരളാ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നത്. അങ്ങ് പറഞ്ഞ യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യത്തിനുള്ള പണമില്ല. അതുകൊണ്ട് യുവജനക്ഷേമം നടത്തുന്നതിനുവേണ്ടി ആവശ്യമായ പണം കണ്ടെത്താൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പണം കണ്ടെത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റിൽ ഇപ്പോൾ തുക കൂട്ടിക്കൊണ്ടിരിക്കുകയാണ്. മുമ്പു കാര്യമായ പരിപാടികളൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് 1996 വരെ ഏഴു ലക്ഷം രൂപ വച്ചിരുന്നത്. ഇപ്പോൾ അത് ഏകദേശം ഒരു കോടിയിൽപ്പരം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും വർദ്ധിപ്പിക്കണമെന്നുള്ള ഡിമാന്റ് നമ്മൾ വച്ചിട്ടുണ്ട്. അതിനുള്ള പ്രോഗ്രാമുകൾ തയ്യാറാക്കി വരുകയാണ്. പ്രോഗ്രാം തയ്യാറാക്കിക്കഴിഞ്ഞാൽ തീർച്ചയായും കൂടുതൽ സംഖ്യ ലഭിക്കാനുള്ള നടപടി ഉണ്ടാകും.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിൽ ആദ്യം അകപ്പെടുന്നത് യുവാക്കളാണ്. അതിൽനിന്നും അവരെ മോചിപ്പിച്ച് സമൂഹത്തോടും രാഷ്ട്രത്തോടും പ്രതിബദ്ധതയുള്ളവരാക്കിത്തീർക്കണമെങ്കിൽ കലാകായിക പ്രവർത്തനങ്ങളിലൂടെ മാത്രമേ കഴിയൂ. അതിനു കഴിയുന്ന വിധം കേരളത്തിൽ പഞ്ചായത്തു തലം മുതൽ സംസ്ഥാനതലംവരെ യൂത്ത് സെന്ററുകളുടെ ശൃംഖല രൂപീകരിച്ച് അവിടെ ഉന്നതമായ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കളമൊരുക്കാനുള്ള അവസരമുണ്ടാക്കുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, യുവജനങ്ങളെ നമ്മുടെ രാഷ്ട്ര പുനർനിർമ്മാണ സേനയ്ക്ക് അനുയോജ്യമായ വിധത്തിൽ ഒരുക്കുക എന്നുള്ള ലക്ഷ്യത്തോടെയാണ് നമ്മുടെ കേരളത്തിൽ 'കേരളോത്സവം' പോലുള്ള പരിപാടികൾ നടത്തിവരുന്നത്. കലാ-കായിക-സാഹിത്യ രംഗത്ത് തുടങ്ങിയവയിലെല്ലാംതന്നെ യുവാക്കളെ ആകർഷിക്കാനും അവർക്ക് അതിലുള്ള കഴിവു തെളിയിക്കാനും രാഷ്ട്രത്തിനു നന്മ ചെയ്യുന്നവരാക്കി മാറ്റാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുകയാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ : യൂത്ത് സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് അങ്ങയുടെ ഉത്തരത്തിൽ പറയുകയും, അതിന് ചില നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഇവിടെ വയ്ക്കുകയുമുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ ഹ്യൂമൻ റിസോഴ്സസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നെഹ്റു യുവകേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്തും ചില ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനവും രൂപീകരിക്കപ്പെടാൻ പോകുന്ന യൂത്ത് സെന്ററുകളുടെ പ്രവർത്തനവും ഏകോപിപ്പിച്ചുള്ള പ്രവർത്തനമാണോ ലക്ഷ്യമിട്ടിട്ടുള്ളത്, അതോ വേറിട്ട പുതിയൊരു സംവിധാനമാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഇപ്പോൾ നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റ് നേരിട്ടല്ല നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നേരിട്ടാണ് അത് നടപ്പിലാക്കുന്നത്. നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനവും മറ്റു യുവജനക്ഷേമ പ്രവർത്തനങ്ങളുമെല്ലാംതന്നെ സംസ്ഥാന യുവജനക്ഷേമ വകുപ്പിന്റെ കീഴിലൂടെ നടപ്പിലാക്കണമെന്ന് നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം ആ നയം അംഗീകരിച്ചിട്ടില്ല. അംഗീകരിച്ചിട്ടില്ല എന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ ആരംഭിച്ച രാഷ്ട്ര പുനർനിർമ്മാണ സേന. സംസ്ഥാന ഗവൺമെന്റിന്റെ യാതൊരു പങ്കാളിത്തവുമില്ലാതെയാണ് അത് നടപ്പിലാക്കുന്നത്. യുവജനക്ഷേമ വകുപ്പിലൂടെതന്നെ നെഹ്റു യുവ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൊണ്ടുവരണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പക്ഷേ കേന്ദ്രത്തിന്റെ അനുമതി ആവശ്യമുണ്ട്. അത് ലഭിച്ചിട്ടില്ല. അതുകൊണ്ട് ഇത് പ്രവർത്തനത്തിൽ കൊണ്ടുവരാൻ ഒട്ടേറെ ബുദ്ധിമുട്ടുണ്ട്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഇൻഡ്യയിലെ യുവജനങ്ങളെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ്. ബീഹാറിൽ ഇതിനിടയ്ക്കുണ്ടായ ഞെട്ടിപ്പിക്കുന്ന ഒരു സംഭവത്തിലേയ്ക്കാണ് ഞാൻ വിരൽ ചൂണ്ടുന്നത്. അവിടെ സേനയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുവേണ്ടി അൻപതിനായിരത്തോളം ആളുകൾ ഒരു കേന്ദ്രത്തിൽ തടിച്ചുകൂടുകയും അവരെ നിയന്ത്രിക്കുന്നതിനുവേണ്ടി അവസാനം പോലീസ് വെടിവയ്ക്കുകയും തൊഴിൽരഹിതരായ തൊഴിലന്വേഷകർ ഡസൻ കണക്കിനു പിടഞ്ഞുമരിക്കുകയും ചെയ്തതുപോലുള്ള സംഭവങ്ങളാണ് ഇൻഡ്യയുടെ വിവിധ മേഖലകളിൽ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്നത്. അത്തരമൊരു സന്ദർഭത്തിൽ സ്ഫോടനാത്മകമായ തൊഴിലില്ലായ്മ പെരുകിയിട്ടുള്ള കേരളത്തിൽ യുവജനക്ഷേമവുമായി ബന്ധപ്പെട്ട് കുറച്ചുകൂടി കാര്യക്ഷമമായി, കുറേക്കൂടി സാമ്പത്തിക ബാധ്യതകൾ ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നുള്ള കാര്യം സമ്മതിക്കുകയാണ്. അതോടൊപ്പംതന്നെ പുതിയൊരു തൊഴിൽ സംസ്കാരം യുവജനങ്ങളിലുണ്ടാക്കിയെടുക്കണമെന്നുള്ള കാര്യം ഗവൺമെന്റ് ചർച്ച ചെയ്യുകയുണ്ടായി. കാരണം, ഏകദേശം മൂന്നര ലക്ഷത്തോളം തമിഴ്നാട്ടിൽ നിന്നുമുള്ള തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്. മണ്ണിൽ പണിയെടുക്കാൻ നമ്മുടെ യുവജനങ്ങൾ തയ്യാറാകുന്നില്ല എന്നുള്ളതിന്റെ കണക്കാണിത്. അതുകൊണ്ട് ഒരു പുതിയ സംസ്കാരം കേരളത്തിൽ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടി ആവിഷ്കരിക്കാനാണ് യുവജനക്ഷേമ വകുപ്പ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, നമ്മുടെ സംസ്ഥാനത്ത് നിരവധി, സാമൂഹ്യ-സാംസ്കാരിക-കലാ-കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന, യുവ

LIBRARY ARCHIVES Kerala Legislative Assembly

ജനസംഘടനകളുണ്ട്. ആ സംഘടനകളും യുവജനക്ഷേമവകുപ്പും യോജിച്ചു കൊണ്ട് യൂത്ത് സെന്ററുകൾ ആരംഭിക്കാൻ ശ്രമിച്ചാൽ അത് വിജയകരമാകു മെന്നാണ് പ്രതീക്ഷ. അക്കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഓരോ ജില്ലകളിലും രൂപീകരിക്കുന്ന യൂത്ത് വെൽഫയർ സെന്ററുകളിലൂടെ ആ ജില്ലകളിലെ കലാ-കായിക ക്ലബ്ബു കളെയും ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ സജ്ജമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ് : സർ, കേന്ദ്ര ഗവൺമെന്റ് അടുത്ത നാളിൽ പ്രഖ്യാപിച്ച രാഷ്ട്ര പുനർനിർമ്മാണസേന എന്ന നിലയിലുള്ള പ്രഖ്യാപനം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ കാര്യത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റിനോട് കേന്ദ്രഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഇക്കാര്യത്തിൽ കേരളത്തിന്റെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ? കേരളത്തിലെ മുഴുവൻ സംഘ ടനകളും പ്രതിഷേധിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതുപോ ലൊരു പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിനോട് ആലോചിക്കാ തിരിക്കുന്നത് ഗുരുതരമായ തെറ്റാണെന്നനിലയിൽ ഇക്കാര്യത്തിൽ കേരള ത്തിന്റെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ? തുടർന്ന് ഇത് നടപ്പാക്കുമ്പോൾ സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ചു നടപ്പാക്കണമെന്നുള്ള ഉറച്ച നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, രാഷ്ട്ര പുനർനിർമ്മാണ സേനാ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിനോട് ആലോചിക്കാ ത്തതു സംബന്ധിച്ച പ്രതിഷേധം ബഹു. മുഖ്യമന്ത്രി തന്നെ കേന്ദ്രത്തിൽ അറി യിച്ചിട്ടുണ്ട്. അതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും യുവജന ക്ഷേമ വകുപ്പോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ടോ മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ എന്നകാര്യം അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ.സി. വേണുഗോപാൽ : രാഷ്ട്ര പുനർനിർമ്മാണ സേനയുടെ പ്രവർത്തനങ്ങളുടെ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. കേരളത്തിലെ യുവജനസംഘടനകൾ എല്ലാവരും, ബി.ജെ. പി.യുടെ യുവജനസംഘടനയൊഴിച്ച് ബാക്കിയുള്ള എല്ലാ സംഘടനകളും, ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി പ്രതിഷേധിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ആർ.എസ്.എസ്.പോലുള്ള സംഘടനകളുടെ ചെറുപ്പക്കാർക്കുവേണ്ടി മാത്രം വിനിയോഗിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ മുഖ്യമന്ത്രി ഒരു കത്ത് അയയ്ക്കുകയല്ല വേണ്ടത്. കേരളത്തിലെ യുവജനസംഘടനക ളുടെ യോഗം വിളിച്ചുകൂട്ടി കേരളാ ഗവൺമെന്റിന്റെ ശക്തമായ വികാരം അറി യിക്കണം. കേരളത്തിൽ രണ്ടു ജില്ലകളിൽ ഇപ്പോഴിത് നടപ്പിലാക്കിക്കൊണ്ടിരി ക്കുകയാണ്. ഈ ഫണ്ട് എല്ലാ യുവജനങ്ങൾക്കും നൽകുന്നതിനു വേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിന് അങ്ങ് തയ്യാറാകുമോ? അങ്ങ് യുവജനസംഘടനകളുടെ യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹു. മെമ്പർ പറഞ്ഞതുപോലെ എല്ലാ യുവജനസംഘടനകളും ഇത് സംബന്ധിച്ച് പ്രതിഷേധം അറിയിച്ചിട്ടു ണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രീകരിച്ച ഒരു പ്രതിഷേധം അറിയിക്കുന്നതിനു വേണ്ടി യുവജനസംഘടനകളുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നാണ് ബഹു. മെമ്പർ പറഞ്ഞത്. അത് സംബന്ധിച്ച് പരിശോധിച്ച് നടപടി എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

2 (*506) സഹകരണ രംഗത്തെ സ്ത്രീപങ്കാളിത്തം

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്തെ സ്ത്രീപങ്കാളിത്തം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ ഫലപ്രദമായി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) വനിതാ സംഘങ്ങളെ പ്രവർത്തനതലത്തിൽ ബന്ധപ്പെടുത്തുവാൻ ഒരു ഏകോപിത സംവിധാനം രൂപീകരിക്കുമോ;

(ഇ) സ്ത്രീകളുടെ നേതൃത്വത്തിൽ വനിതാ അർബൻ സഹകരണ ബാങ്കുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്കായി വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ 441 വനിതാ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ വനിതകൾക്ക് സഹകരണമേഖലയിൽ തൊഴിൽസാധ്യത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണരംഗത്ത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ നാലു ജില്ലാ സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ നാലു ജില്ലാതല സഹകരണ സംഘങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി കോഴിക്കോട് ആസ്ഥാനമാക്കി കേരളാ റെഡിമെയ്ഡ് ഗാർമെന്റ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4419 എന്ന പേരിൽ ഒരു കേന്ദ്ര സംഘവും 26.9.1998-ൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇപ്രകാരം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് ജില്ലാതലത്തിൽ പ്രാഥമിക സഹകരണസംഘങ്ങളും നാലു പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഒന്ന് എന്ന ക്രമത്തിൽ റീജിയണൽ (സെൻട്രൽ) സഹകരണ സംഘങ്ങളും ഇവയ്ക്കെല്ലാമായി ഒരു അപ്പെക്സ് സംഘവും രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നു. കേരള സഹകരണ നിയമത്തിൽ അപ്പെക്സ് ഉൾപ്പെടെയുള്ള എല്ലാ ക്രെഡിറ്റ് സംഘങ്ങളുടെയും ഭരണസമിതിയിൽ വനിതകൾക്ക് പ്രാതിനിധ്യം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളിലെയും ഭരണസമിതിയിൽ വനിതാപ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് നിർദ്ദിഷ്ട സഹകരണനിയമഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പല ജില്ലകളിലും ജില്ലാതലത്തിൽ വനിതാസംഘം സെക്രട്ടറിമാർ, പ്രസിഡന്റുമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി ടി സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ആയവ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലാണ്.

(ഇ) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ വനിതാ അർബൻ സഹകരണബാങ്കുകൾ രൂപീകരിക്കുവാൻ അപേക്ഷ ലഭിച്ചാൽ റിസർവ് ബാങ്കിന്റെ അനുമതിക്ക് വിധേയമായി ആയത് പരിഗണിക്കുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, നമ്മുടെ സംസ്ഥാനത്ത് ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെയും അയൽക്കൂട്ടങ്ങളുൾപ്പെടെയുള്ള പരിപാടികളുടെയും ഭാഗമായി സാമൂഹ്യ മുഖ്യധാരയിലേക്ക് സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ കൂടെ തന്നെ നിരവധി വ്യവസായസംരംഭങ്ങൾ വനിതായൂണിറ്റുകളുടെ നേതൃത്വത്തിൽ തുടങ്ങിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിമൂലം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ പല സ്ഥലങ്ങളിലും അനുഭവപ്പെടുകയാണ്. ഇത് പരിഗണിച്ചുകൊണ്ട് നമ്മുടെ വനിതകൾക്ക് മുൻതൂക്കം നൽകാൻ കഴിയുന്ന നിലയിൽ പ്രത്യേക വായ്പാ പദ്ധതികൾ സഹകരണരംഗത്ത് ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഇപ്പോൾ തന്നെ പരമാവധി ഓരോ സംഘത്തിനും 50,000 രൂപ ഓഹരിമൂലധനമായിട്ട് കൊടുക്കുന്നുണ്ട്. കൂടാതെ ഗ്രാന്റായി ഒരു ലക്ഷം രൂപയും നൽകുന്ന പദ്ധതി നിലവിലുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ബഹു. മന്ത്രിയുടെ മറുപടിയിൽ സഹകരണ മേഖലയിൽ വനിതകളുടെ തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് നാലു ജില്ലകളിൽ ജില്ലാ സഹകരണ സംഘങ്ങൾ വനിതകൾക്ക് രൂപീകരിക്കപ്പെട്ടതായി പറയുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഈ വനിതാ സഹകരണസംഘങ്ങൾ ജില്ലാതലത്തിൽ ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും വനിതകൾക്ക് സഹകരണസംഘങ്ങൾ രൂപീകരിച്ച് അവർക്ക് തൊഴിൽ കൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. ആന്റണി രാജു</u> : സർ, ബഹു. മന്ത്രിയുടെ മറുപടിയിൽ സഹകരണസംഘങ്ങളിലെ ഭരണസമിതികളിൽ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് നിർദ്ദിഷ്ട സഹകരണസംഘം ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു. നമ്മുടെ ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകൾക്ക് അർഹമായ സാമൂഹ്യനീതി ലഭ്യമാകണമെങ്കിൽ അധികാരഘടനയിൽ സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം വേണം. ഈ ലക്ഷ്യം നിറവേറ്റുന്നതിലേക്കായി സഹകരണസംഘങ്ങളിലെ ഭരണസമിതികളിൽ കുറഞ്ഞത് 30% വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി നിയമഭേദഗതിയിലൂടെ കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ച് ബഹു. മന്ത്രി ശ്രദ്ധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സഹകരണസംഘം ഭേദഗതി നിയമം ഇപ്പോൾ സെലക്ട് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. അത് സെലക്ട് കമ്മിറ്റി പരിശോധിച്ചു കഴിഞ്ഞ് വന്നതിനുശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സഹകരണസംഘം ഭേദഗതി ബിൽ സഭയിൽ ചർച്ചയ്ക്ക് വരുമ്പോൾ അദ്ദേഹംതന്നെ ഒരു ഭേദഗതി ഇതിനായി കൊണ്ടുവരട്ടെ.

ശ്രീ. ആന്റണി രാജു : വനിതകൾ നടത്തുന്ന സഹകരണസംഘങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളും ആവശ്യമായ പിന്തുണ സംവിധാനങ്ങളും സംബന്ധിച്ച് വിശദമായ പഠനം നടത്താൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾത്തന്നെ അത് പരിശോധിച്ചു വരുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി.എസ്. ജോൺ : അലങ്കാര പുഷ്പക്കൃഷി നടത്തുന്ന സംഘങ്ങൾ സ്ത്രീകളുടേതായിട്ടുള്ളവ എത്രയെണ്ണം നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും അവരുടെ സഹകരണസംഘങ്ങൾക്ക് ഇതിനായി എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്നും പറയുമോ? ഗൃഹാലങ്കാര പുഷ്പങ്ങളുടെ കൃഷിയും വിപണനവും വ്യവസായവും സംബന്ധിച്ചുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സ്ത്രീകളുടെതായിട്ട് രൂപീകരിച്ചുവെന്ന് പറയുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇതു സംബന്ധിച്ച് വ്യക്തമായൊരു മറുപടി പറയാൻ കഴിയുകയില്ല. അതിന് പ്രത്യേകമായിട്ട് നോട്ടീസ് ഉണ്ടെങ്കിലേ അതേക്കുറിച്ച് പറയാൻ കഴിയൂ. അലങ്കാര പുഷ്പക്കൃഷിയുമായി ബന്ധപ്പെട്ട സഹകരണസംഘങ്ങൾ വനിതകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവരെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി.എസ്. ജോൺ : ഗവൺമെന്റ് സഹായത്തോടെ ഇപ്പോൾ എത്ര വനിതാ സഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്; അവ ഏതൊക്കെയാണെന്ന് ഒന്ന് പറയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : എൻ.സി.ഡി.സി.യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന എത്ര സഹകരണസംഘങ്ങളുണ്ടെന്ന് നേരത്തെ ചോദിച്ചപ്പോൾത്തന്നെ ഞാൻ മറുപടി പറഞ്ഞതാണ്. അതിന് മറുപടി പറയുന്നതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, സ്ത്രീകൾക്ക് സഹകരണസംഘങ്ങളുടെ ഭരണസമിതിയിൽ പങ്കാളിത്തവും സ്വയംതൊഴിലിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സഹകരണസംഘങ്ങൾക്ക് ധനസഹായവുമൊക്കെ കൊടുക്കുന്ന ഏർപ്പാടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആദിവാസികൾ താമസിക്കുന്ന അട്ടപ്പാടിയിൽ ജില്ലാ സഹകരണബാങ്കിന്റെ സഹായത്തോടെ 15 സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഏറിയകൂറും സ്ത്രീകൾക്ക് പലിശരഹിത വായ്പയാണ് നൽകിക്കൊണ്ടിരിക്കുന്നത്. കാർഷിക വായ്പകളും കൊടുക്കുന്നുണ്ട്. ഈ വായ്പ വാങ്ങി വെട്ടിപ്പ് നടത്തുന്ന പല ആളുകളുമുണ്ട്. ഭൂമിയില്ലാത്തവരും തൊഴിൽ ചെയ്യാത്തവരും ഈ വായ്പ തട്ടിയെടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു സംബന്ധിച്ച് പത്ര വാർത്തകൾവരെ വരികയുണ്ടായി. അതിന്റെ കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിച്ച്, യഥാർത്ഥ സ്ത്രീസഹകരണസംഘങ്ങൾക്കും സ്വയംതൊഴിൽ ചെയ്യുന്ന സ്ത്രീകൾക്കും കർഷകർക്കും സ്വാശ്രയസംഘങ്ങൾ മുഖേന

വായ്പയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : യഥാർത്ഥ കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ചില സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പത്രങ്ങളിലൊക്കെ വാർത്ത വരുന്നുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം.പി. വർഗ്ഗീസ് : വനിതാ സഹകരണസംഘങ്ങളിൽ പലരും അവരുല്പാദിപ്പിക്കുന്ന സാധനങ്ങൾ മാർക്കറ്റിൽ വിറ്റഴിക്കാൻ കഴിയാത്തതുകൊണ്ട് വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലാണ്. അതുകൊണ്ട് അവരെ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഒരു നിർദ്ദേശം വയ്ക്കുന്നതിനുവേണ്ടി, ഒരു മോണിട്ടറിംഗ് സമ്പ്രദായം കർക്കശമായി നടപ്പിലാക്കുന്നതിനുവേണ്ടി, ഗവൺമെന്റ് മുൻകൈയെടുക്കുമോ? അത്തരം ചെറുകിട സഹകരണസംഘങ്ങൾവഴി ഉല്പാദിപ്പിക്കുന്ന സാധനം മാർക്കറ്റിൽ ചെലവഴിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തെ വനിതാ സഹകരണസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ചില സ്ഥലങ്ങളിലെല്ലാം മാർക്കറ്റിംഗ് സഹകരണഫെഡറേഷന്റെയൊക്കെ സഹായത്തോടുകൂടി നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുകൂടാതെ ഈ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ക്രിയാത്മകമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

### 3 (*507) ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മാൽക്കം ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ വരുത്തിയിട്ടുള്ളത്;

(ബി) ഈ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്;

(സി) ഇതിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമായിരുന്നു;

(ഡി) യൂണിവേഴ്സിറ്റി നിയമങ്ങളിൽ അനുശാസിക്കുന്നതനുസരിച്ച്, യൂണിവേഴ്സിറ്റികളുടെ ഭരണപരവും മറ്റുമായ കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എത്രവർഷം കൂടുമ്പോഴാണ് കമ്മീഷനെ നിയമിക്കേണ്ടത്;

(ഇ) ആദിശേഷയ്യ കമ്മീഷനുശേഷം ഇതുപോലെ മറ്റൊരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ,

(എ) ഡോ. മാൽക്കം ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം യു.ജി.സി. പ്രകാരമുള്ള ശമ്പളസ്കെയിൽ നടപ്പാക്കി. ഫീസ് റിവിഷൻ സർക്കാരിന്റെ പരിഗണനയിലാണ്. അദ്ധ്യാപകനിയമനങ്ങൾ യു.ജി.സി. നിശ്ചയി



LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിലാക്കിയിട്ടുണ്ട്. പ്രീ-ഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലയിൽനിന്ന് വേർപെടുത്തുന്നകാര്യം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള അഡ്മിഷൻ പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലാക്കിയിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ മിക്ക കോളേജുകൾക്കും ഏർപ്പെടുത്തിക്കഴിഞ്ഞു.

പല കോഴ്സുകൾക്കും സെമസ്റ്റർ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്.

ഐ.യു.സി.സി. രൂപീകരിച്ചിട്ടുണ്ട്.

(ബി) 3.5.1985 ൽ.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) പത്തു വർഷത്തിൽ.

(ഇ) ഇല്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടെ ബഹു. മന്ത്രി നൽകിയ മറുപടിയിൽ ഡോ. മാൽക്കം ആദിശേഷയ്യ കമ്മിഷന്റെ റിപ്പോർട്ട് 1985-ലാണ് കിട്ടിയതെന്ന് പറഞ്ഞു. എന്നാൽ ഇവിടെ 'ഇ' ചോദ്യത്തിനു നൽകിയിരിക്കുന്ന ഉത്തരത്തിൽ, അതുസംബന്ധിച്ച് സർവ്വകലാശാലയുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടില്ലെന്ന് പറഞ്ഞു. യൂണിവേഴ്സിറ്റി നിയമമനുസരിച്ച് പത്തുവർഷക്കാലത്തിലൊരിക്കൽ യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് ആയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും അഡ്മിനിസ്ട്രേറ്റീവ് ആയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും പഠിക്കുന്നതിനുവേണ്ടി ഒരു കമ്മിഷനെ നിയമിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റി നിയമനങ്ങളിൽ സ്പെസിഫിക് ആയി പറഞ്ഞിട്ടുള്ള ഒരു കാര്യത്തിൽ എന്തിനാണ് ഇനിയും സർവ്വകലാശാലകളുടെ ശുപാർശയ്ക്കുവേണ്ടി സർക്കാർ കാത്തിരിക്കുന്നതെന്ന് പറയുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, മാൽക്കം ആദിശേഷയ്യ ചെയർമാനായുള്ള കമ്മിഷനിൽ ഇൻഡ്യയിലെ തന്നെ വളരെ പ്രസ്തരായ മറ്റു രണ്ടു വിദ്യാഭ്യാസ വിചക്ഷണന്മാർകൂടി അംഗങ്ങളായിരുന്നു. അവർ നൽകിയ നിരവധി ശുപാർശകളുണ്ട്. അവ അനുബന്ധമായി ചേർത്തിട്ടുണ്ട്. അതിൽ വളരെ ചുരുക്കം ശുപാർശകൾ മാത്രമാണ് നടപ്പിലാക്കിയത്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് പ്രീ-ഡിഗ്രി ഡീലിംഗ്. അത് നേരത്തെ ആരംഭിച്ചു. പക്ഷേ ഇടയ്ക്കുവച്ച് മുടങ്ങി, ഇപ്പോൾ വീണ്ടും ആരംഭിച്ചിരിക്കുകയാണ്. മറ്റു ശുപാർശകളെ സംബന്ധിച്ച് തീരുമാനമെടുക്കാൻ ഇനിയും വൈകുന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : യൂണിവേഴ്സിറ്റി ക്യാമ്പസിന്റെ ഡെവലപ്മെന്റ്സ്, ഡിപ്പാർട്ടുമെന്റൽ ഡെവലപ്മെന്റ്സ്, അതുപോലെതന്നെ കാലിക്കട്ട് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് സ്പെസിഫിക് ആയിട്ടുള്ള ചില ശുപാർശകൾ, ഇതിനകത്തുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ തന്നിരിക്കുന്ന ശുപാർശകളിൽ നടപ്പിലാക്കിയത് ഒഴിച്ചു ബാക്കിയുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : നടപ്പാക്കിയത് പ്രീ-ഡിഗ്രി ഡീലിങ്കിംഗ് മാത്രമല്ല എൻട്രൻസ് എക്സാമിനേഷൻ നടപ്പാക്കി, അതുപോലെതന്നെ ഐ.യു.സി.സി.യുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. സർവ്വകലാശാലയുടെ

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ടീച്ചിംഗ് ഡിപ്പാർട്ടുമെന്റുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. സയൻസ് ഡിഗ്രികൾക്ക് ഇന്റേണൽ അസസ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം മറ്റു കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നത് തീർച്ചയായിട്ടും കോളേജുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സഹായകരമാവും. അക്കാര്യങ്ങളെല്ലാം ചില കോഴ്സുകൾക്ക് ഇപ്പോൾത്തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം ആരംഭിച്ച ചില കോഴ്സുകൾതന്നെ ഈ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ടെന്നകാര്യം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. മറ്റുള്ള നിർദ്ദേശങ്ങൾ കോളേജുകളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യമാണ്. അതിലൊക്കെ വളരെ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മറ്റൊന്ന് എക്സാമിനേഷനെ സംബന്ധിച്ചുള്ളതാണ്. ഇത് വളരെ ഗൗരവമായി ആലോചിക്കേണ്ട ഒന്നാണ്. ഇംപ്രൂവ്മെന്റ്, അതുപോലെതന്നെ സപ്ലിമെന്ററി എക്സാമിനേഷൻസ് ഇതിനെ സംബന്ധിച്ചെല്ലാമുള്ള ശുപാർശകൾ യൂണിവേഴ്സിറ്റിയുടെ എക്സാമിനേഷന്റെ ഭാരം കുറയ്ക്കുകയും അതുവഴി റിസൽട്ട് കൃത്യസമയത്ത് കൊണ്ടുവരികയും ചെയ്തു. ഇക്കഴിഞ്ഞ ദിവസം തന്നെ ഐ.യു.സി.സി.യുടെ ഒരു യോഗത്തിൽ ഒരു കോമൺ പരീക്ഷാ കലണ്ടർ കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. അതുവഴി കൃത്യസമയത്തുതന്നെ പരീക്ഷകൾ നടത്തുവാനും കൃത്യസമയത്തുതന്നെ എല്ലാ യൂണിവേഴ്സിറ്റികളും റിസൾട്ട് ഓരേസമയത്ത് പബ്ലിഷ് ചെയ്യാനും കഴിയും. ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി മുന്നോട്ടുപോകേണ്ടിയിരിക്കുകയാണ്.

<u>ശ്രീ. ജി. സുധാകരൻ</u> : പത്തുവർഷംമുമ്പ് അന്നത്തെ കേരളാ ഗവൺമെന്റ് നിയമിച്ച ഡോ. മാൽക്കം ആദിശേഷയ്യ കമ്മിഷന്റെ റിപ്പോർട്ട് കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും സർവ്വകലാശാലാ സെനറ്റുകളും ചർച്ചചെയ്തിട്ടുണ്ട്. 50% മാർക്കില്ലാത്ത ഒരു വിദ്യാർത്ഥിയേയും കോളേജുകളിൽ പ്രവേശിപ്പിച്ചുകൂടാ എന്നും സംവരണം അടക്കമുള്ള ഇന്നത്തെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള വ്യവസ്ഥകൾ എടുത്തുകളയണമെന്നും മറ്റും ആവശ്യപ്പെട്ട ജനാധിപത്യവിരുദ്ധ നിർദ്ദേശങ്ങൾ ഉള്ളതിനാൽ ഗുണപരമായ അക്കാഡമിക് പ്രശ്നങ്ങളെപ്പറ്റിയുള്ള നല്ല നിർദ്ദേശങ്ങളുണ്ടായിരുന്നിട്ടും സാമൂഹ്യനീതിയെ നിഷേധിച്ചതുകൊണ്ട് സർവ്വകലാശാലകളുടെ സെനറ്റുകൾ ഈ നിർദ്ദേശം തള്ളിക്കളയുകയും അതുകാരണമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിലെ ശരിയായ സ്ഥിതിവിശേഷം കണക്കിലെടുത്ത് ശരിയായ പഠനറിപ്പോർട്ട് സമർപ്പിക്കുവാൻ, യൂണിവേഴ്സിറ്റി നിയമപ്രകാരം 10 വർഷം കഴിഞ്ഞ സ്ഥിതിക്ക്, ഒരു കമ്മിഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, അക്കാഡമിക് ആയ കാര്യങ്ങളാണ് പ്രധാനമായും ആദിശേഷയ്യ ചെയർമാനായിട്ടുള്ള കമ്മിഷന്റെ ശുപാർശകളിൽനിന്നും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മറ്റു കാര്യങ്ങൾ ഏത് കമ്മിഷന്റെ റിപ്പോർട്ട് വന്നാലും അതിൽ കുറേ കാര്യങ്ങൾ സ്വീകരിക്കുകയും കുറേ കാര്യങ്ങൾ തള്ളിക്കളയുകയും ചെയ്യുകയെന്നത് സ്വാഭാവികമായിട്ടുള്ള കാര്യമാണ്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ നമുക്ക് സ്വീകാര്യമായിട്ടുള്ളത് എടുക്കുകയും മറ്റുള്ളത് തള്ളിക്കളയുകയും ചെയ്യുന്നു. ഇപ്പോൾ ഇക്കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഒരു പുതിയ കമ്മിഷന്റെ നിയമനം വളരെ ആവശ്യമായിരിക്കുന്ന ഘട്ട മാണ്. അതുകൊണ്ട് പുതിയ കമ്മിഷനെ എത്രയുംവേഗം നിയമിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, നമ്മുടെ കോളേജുകളിലെ വേക്കൻസികൾ ഫിൽ ചെയ്യാതെ ഗസ്റ്റ് ലക്ചറർമാരെക്കൊണ്ട് തൽക്കാല പ്രതിസന്ധിയൊക്കെ പരിഹരിക്കുന്നതുകൊണ്ട് നമ്മുടെ അക്കാഡമിക് നിലവാരം താഴ്ന്നുപോകുന്നുണ്ട്. വിശേഷിച്ചും ഗസ്റ്റ് ലക്ചറർമാർക്ക് മണി ക്കൂറൊന്നിന് 60 രൂപ വച്ചുമാത്രമേ പ്രതിഫലം കൊടുക്കുന്നുള്ളൂ എന്നുള്ളത് വല്ലാത്ത ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് ഏറ്റവും ചുരുങ്ങി യത് ഒരു ഗസ്റ്റ് ലക്ചറർക്ക് 60 രൂപയെന്നുള്ളത് മാറ്റി ആ പ്രതിഫലം 100 രൂപ യാക്കി ഉയർത്തുവാനുള്ള നിർദ്ദേശങ്ങളെങ്കിലും കൊടുത്ത് കൊള്ളാവുന്ന അദ്ധ്യാപകരെ ഗസ്റ്റ് ലക്ചറർമാരായി കിട്ടുന്നതിനുള്ള സംവിധാനം ഉറപ്പുവരു ത്താൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഗസ്റ്റ് ലക്ചറർമാരുടെ വേതനം കാലാ നുസൃതമായി പരിഷ്കരിക്കുന്നകാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. പി. രാജു : സർ, സാമ്പത്തികമായശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ പല യൂണിവേഴ്സിറ്റികളും അപേക്ഷ ഫീസുകളും മറ്റും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണ ത്തിന് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഈ അടുത്ത അവസരത്തിൽ ആപ്ലി ക്കേഷൻ ഫീസെല്ലാം പത്തിരട്ടിവരെ വർദ്ധിപ്പിച്ച സംഭവമുണ്ടായിട്ടുണ്ട്. ഇതൊന്ന് പുനഃപരിശോധിക്കണം. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റിക ളിലും ഏകദേശം ഒരേ താരിഫിന്റെ അടിസ്ഥാനത്തിൽ, ഒരേ നിയന്ത്രണ ത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷാഫീസ് നിശ്ചയിക്കുന്നതിനുള്ള സംവി ധാനമുണ്ടാകണം. അവിടെ പറഞ്ഞുകേട്ടത് ഗവൺമെന്റ് നിർദ്ദേശമുണ്ടെന്നാ ണ്. അതുപോലെതന്നെ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന പരീക്ഷകളിൽ ജന ങ്ങൾക്ക് പതുക്കെപ്പതുക്കെ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തന്നെ ബി.ടെക് ഫലം പുറത്തുവന്നു. ആദ്യം പരാജയപ്പെട്ട കുട്ടി ഇപ്പോൾ ഒന്നാം റാങ്കിലേക്ക് വന്നിരിക്കുന്നു. ഇതെല്ലാം കുറെ വർഷങ്ങളായി നടക്കുന്ന സംഭവങ്ങളാണ്. ഇതിനെല്ലാം ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

മി. സ്പീക്കർ : ഇതിൽ ആദിശേഷയ്യ റിപ്പോർട്ട് വല്ലതുമുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഉണ്ട്. യൂണിവേഴ്സിറ്റിയുടെ ഫിനാൻസ് മെച്ചപ്പെടുത്താൻ ഫീസുകളെല്ലാം കാര്യമായി വർദ്ധിപ്പിക്കണമെന്നുള്ള ശുപാർശ ഇതിലുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ആദിശേഷയ്യ കമ്മിഷൻ റിപ്പോർട്ടിൽ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും രൂപീകരണത്തെക്കുറിച്ച് ശുപാർശകൾ വല്ലതുമുണ്ടോ? സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും രൂപീകരണത്തിന്, ഒരു ഏകീകൃത നിയമം ഇല്ലാത്ത സാഹചര്യത്തിൽ പുറത്ത് പല വിവാദങ്ങളു മുണ്ട്; അക്കാഡമിക് താല്പര്യമില്ലാത്തവരും യോഗ്യതയില്ലാത്തവരും രാഷ്ട്രീ യമായും മറ്റും സെനറ്റിലും സിൻഡിക്കേറ്റിലും വരുന്നതുമൂലം വളരെയധികം പ്രയാസങ്ങളുണ്ട്. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് കമ്മീഷന്റെ ശുപാർശകൾ നടപ്പിൽ വരുത്താനോ ഒരു യൂണിഫൈഡ് ആക്ട് ഈ രംഗ ത്തുകൊണ്ടുവരാനോ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : സർ, ഒരു ഏകീകൃത നിയമം ഒട്ടേറെ പ്രശ്നങ്ങളുണ്ടാക്കുന്ന ഒന്നാണ്. പക്ഷേ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ തുടങ്ങിയ ബോർഡുകളുടെ മെമ്പർഷിപ്പ് കാര്യമായി കുറയ്ക്കേണ്ടതാണെന്ന ഒരു ശുപാർശ ഇതിലുണ്ട്. ഇവ വളരെ Unwieldy ആകുന്നു. അത്തരം ചില ശുപാർശകൾ ഇതിലുണ്ട്.

ശ്രീ. വി. വിശ്വൻ : സർ, സർവ്വകലാശാലകൾ തൊഴിൽ നേടാനുള്ള വിദ്യാഭ്യാസം നൽകുന്നതിലുപരിയായി വിവിധ മേഖലകളിൽ വിദഗ്ദ്ധന്മാരെ ഉണ്ടാക്കാനുള്ള വേദിയായി മാറ്റണമെന്നുള്ള ആദിശേഷയ്യ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് അതുമായി ബന്ധപ്പെട്ട പല നടപടികളും എടുത്തിട്ടുണ്ടോ? തൊഴിൽ നേടാനുള്ള സംവിധാനത്തിലുപരിയായി വിദഗ്ധന്മാരെ ഉണ്ടാക്കാനുള്ള കേന്ദ്രമാക്കി സർവ്വകലാശാലകളെ മാറ്റാനുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, പ്രൊഫഷണൽ കോഴ്സുകളെപ്പറ്റിയെല്ലാം പറഞ്ഞിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റികളുടെ സ്റ്റുഡന്റ്സിന്റെ knowledge and abilities വർദ്ധിപ്പിക്കുന്നതിന് Semester and Credit system വളരെ ഉപകരിക്കുമെന്നുള്ളത് പ്രത്യേകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെതന്നെയാണ് ഇന്റേണൽ അസസ്മെന്റ്. ഇത്തരത്തിൽ കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കാനുള്ള ഒട്ടേറെ മെഷേഴ്സ് ഉണ്ട്. അതിൽ ചിലത് നടപ്പാക്കി, ബാക്കി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.സി. ജോസഫ് : സർ, ആദിശേഷയ്യ കമ്മിഷൻ 3.5.1985-ലാണ് റിപ്പോർട്ട് കൊടുത്തത്. വളരെ Outdated ആയാണ് ഈ റിപ്പോർട്ട് തന്നത്. ഇതിൽ പല കാര്യങ്ങളും ഇപ്പോൾ അപ്രസക്തമാണ്. മാത്രമല്ല, കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റി നിയമങ്ങളിലും ഇതുപോലെ 10 കൊല്ലത്തിലൊരിക്കൽ കമ്മിഷനുള്ള വ്യവസ്ഥയുണ്ട്. അപ്പോൾ ഇന്നത്തെ സാഹചര്യത്തിൽ ഓരോ യൂണിവേഴ്സിറ്റിക്കും ഓരോ കമ്മിഷൻ എന്നുള്ള നിലയ്ക്കുപോകാതെ നിലവിലുള്ള വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള പരിഷ്കാരങ്ങളും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികൾക്കുംവേണ്ടി ഒരു സമഗ്രമായ കമ്മിഷനെ നിയമിക്കുമോ? പല ഇഷ്യൂസും പെന്റിംഗിൽ വരുന്നു. ഇതുസംബന്ധിച്ചെല്ലാം ഒരു ഏകീകൃതരൂപം ഉണ്ടാക്കാൻ വേണ്ടിയുള്ള പുതുതായ ഒരു കമ്മിഷനെ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അത് ഇതിനോടകംതന്നെ പറഞ്ഞുകഴിഞ്ഞു. ഏറ്റവും വേഗം അത്തരത്തിൽ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളേയും ബാധിക്കത്തക്കവണ്ണം ഒരു കമ്മിഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അതിന് യൂണിവേഴ്സിറ്റി ആക്ടിൽത്തന്നെ പ്രൊവിഷനുണ്ട്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഇന്ന് സഹകരണസംഘങ്ങളിലേത് ഉൾപ്പെടെയുള്ള നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ടുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. പ്രൈമറി സംഘങ്ങളുടേതിന് പുതിയ ബോർഡും വരുന്നതിന് നിർദ്ദേശമുണ്ട്. എല്ലാ ആട്ടോണമസ് ബോഡികളുടേയും നിയമനത്തെ സംബന്ധിച്ച് ഇങ്ങനെ ഗവൺമെന്റ് ആലോചിക്കുന്ന സന്ദർഭത്തിൽ യൂണിവേഴ്സിറ്റികളുടെ എല്ലാ കാറ്റഗറികളിലുംപെട്ട നിയമനങ്ങൾ പി.എസ്.സി.ക്കു വിടുന്നതിനാവശ്യമായ നിയമഭേദഗതി വരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : സർ, യൂണിവേഴ്സിറ്റി ഒരു ആട്ടോണമസ് ബോഡി എന്നുള്ള നിലയ്ക്ക് വളരെക്കാലമായി നിലനിൽക്കുന്ന ഒരു രീതിയാണ്. ഇപ്പോഴത് പുനഃപരിശോധിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ലോകപ്രശസ്തനും അപാരപണ്ഡിതനുമായ ആദിശേഷയ്യരുടെ റിപ്പോർട്ടുകൾ ഒരിക്കലും കാലഹരണപ്പെടാൻ പാടില്ലാത്തതാണ്. അദ്ദേഹം മരിച്ചിട്ട് വർഷങ്ങളായി. ഇനിയെങ്കിലും അദ്ദേഹം പറഞ്ഞിട്ടുള്ള ശുപാർശകൾ മുഴുവൻ ഈ കോളേജ് വിദ്യാഭ്യാസരംഗത്ത് കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. ഒരു പുതിയ കമ്മിഷൻ ഉണ്ടാക്കുന്നതിനുമുൻപ് അതേപ്പറ്റി ആദ്യം ചിന്തിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, നടപ്പാക്കാവുന്ന പല കാര്യങ്ങളും നടപ്പാക്കിക്കഴിഞ്ഞു. പലതിനും തുടക്കം കുറിച്ചിരിക്കുന്നു. ഇനിയിപ്പോൾ ഇത്രയുംകാലം കഴിഞ്ഞ പശ്ചാത്തലത്തിൽ ഒരു പുതിയ കമ്മിഷന് വളരെയേറെ പ്രസക്തിയുണ്ട്.

### 4 (*508) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഏതെങ്കിലും പ്രതിസന്ധികളെ നേരിട്ടിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(സി) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആസ്തി വിൽക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ; എങ്കിൽ ഏതു കാലഘട്ടത്തിൽ;

(ഡി) പ്രസ്തുത സംഘം പുനരുദ്ധരിക്കാൻ സർക്കാർ എന്തൊക്കെ നടപടി കഴിഞ്ഞ മൂന്നു വർഷമായി കൈക്കൊണ്ടിട്ടുണ്ട്;

(ഇ) സംഘത്തിന്റെ പുസ്തക പ്രസിദ്ധീകരണ പരിപാടി പുനരാരംഭിച്ചുവോ; എങ്കിൽ നാളിതുവരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു;

(എഫ്) സംഘത്തിന്റെ പുസ്തക വിൽപ്പന വർദ്ധിച്ചിട്ടുണ്ടോ;

(ജി) കഴിഞ്ഞ 2 വർഷമായി സാഹിത്യ പ്രവർത്തക സഹകരണ സംഘം എത്ര ലക്ഷം രൂപയുടെ ലാഭമുണ്ടാക്കി എന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) പരിശോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഘത്തിന് നിയമാനുസൃതം അടയ്ക്കേണ്ട തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി വിഹിതം, ഗ്രന്ഥകാരന്മാരുടെ റോയൽറ്റി, പേപ്പർ വാങ്ങിയ വില, അച്ചടിക്കൂലി, പരസ്യചാർജ്ജ്, എന്നിങ്ങനെ വിവിധ ഇനങ്ങളിലായി 170.73 ലക്ഷം രൂപയുടെ കടബാദ്ധ്യതകൾ ഉണ്ടായിരുന്നു. ഇതിൽ പി.എഫ്., ഇ.എസ്.ഐ. വിഹിതം, പേപ്പർ വില എന്നീ ഇനങ്ങളിലെ കുടിശ്ശിക തുകയ്ക്ക് ജപ്തി നടപടികൾ ഉത്തരവിച്ചിരുന്നു. കൂടാതെ പുസ്തക പ്രസിദ്ധീകരണവും നിലച്ചിരുന്നു.

(സി) സംഘം വക ഇന്ത്യാപ്രസ് പുരയിടവും എറണാകുളം മറൈൻ ഡ്രൈവിലുള്ള സ്ഥലവും വിൽക്കുന്നതിന് 22-12-1994-ൽ ചേർന്ന ഭരണ സമിതി തീരുമാനം എടുക്കുകയും ഇതിനുവേണ്ടി 15-1-95-ൽ വിശേഷാൽ പൊതുയോഗം വിളിച്ചു ചേർക്കുകയും, പൊതുയോഗം തീരുമാനമെടുക്കുകയും ചെയ്തു. ജപ്തി നടപടികളും മറ്റും ഉത്തരവിച്ച കാലഘട്ടത്തിലായിരുന്നു മേൽ തീരുമാനം എടുത്തിരുന്നത്.

(ഡി) പ്രസ്തുത സംഘം പുനരുദ്ധാരണത്തിന് തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പരിഗണിച്ച് 88.57 ലക്ഷം രൂപ സർക്കാർ ധന സഹായമായി അനുവദിക്കുകയും അതിൽ 81.32 ലക്ഷം രൂപ ഇതിനകം സംഘത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. വില്പനയില്ലാതെ കെട്ടിക്കിടക്കുന്ന ഒരു കോടി രൂപയുടെ പുസ്തകങ്ങൾ ഗ്രന്ഥശാലാസംഘം മുഖേന സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്തു.

(ഇ) പുസ്തക പ്രസിദ്ധീകരണം പുനരാരംഭിച്ചു. ബൃഹദ്ഗ്രന്ഥങ്ങളുൾപ്പെടെ 389 കൃതികൾ പ്രസദ്ധീകരിച്ചിട്ടുണ്ട്.

(എഫ്)ഉണ്ട്.

(ജി) 1997-98, 1998-99 എന്നീ വർഷങ്ങളിലെ ആഡിറ്റ് പൂർത്തിയാക്കിയിട്ടില്ല. സംഘം തയ്യാറാക്കിയ താൽക്കാലിക ബാക്കിപത്രപ്രകാരം 1997-98-ൽ 8.35 ലക്ഷം രൂപ ലാഭവും 1998-99-ൽ 14.71 ലക്ഷം രൂപ നഷ്ടവുമാണ്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, കാരൂർ നീലകണ്ഠപിള്ള, ഡി.സി. കിഴക്കേമുറി എന്നീ മഹാന്മാരുടെ നേതൃത്വത്തിലാരംഭിച്ച് ലോകശ്രദ്ധ പിടിച്ചുപറ്റിയ സാഹിത്യ പ്രവർത്തക സഹകരണസംഘം കെടുകാര്യസ്ഥത കൊണ്ടും അഴിമതികൊണ്ടും തകർന്നതിന്റെ ഫലമായാണല്ലോ സർക്കാർ ഇട പെട്ടത്. സർക്കാർ ഇത് പ്രത്യേകമായി ശ്രദ്ധിക്കാൻ തുടങ്ങിയിട്ട് മൂന്നുവർഷം കഴിഞ്ഞു. ഈ മൂന്നുവർഷക്കാലത്തെ പ്രവർത്തനംകൊണ്ട് സംഘത്തിന് അതിന്റെ പ്രതാപം വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? എങ്കിൽ അതിനുള്ള കാരണങ്ങളെന്താണെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, സംഘം അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സമയത്താണ് അതിന്റെ പുനരുദ്ധാരണ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുവന്നത്. ആ പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചതിന്റെ ഫലമായി സംഘം ഇന്ന് നല്ല രീതിയിൽ പ്രവർത്തിക്കുകയും അതിന്റെ ഗുണം സാഹിത്യകാരന്മാർക്കും കേരളത്തിനും ലഭ്യമായി വരുകയും ചെയ്യുന്നു.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, മുന്നൂറ്റി എൺപത്തിയൊമ്പതിൽപ്പരം പുസ്തകങ്ങൾ പുതുതായി പ്രസിദ്ധീകരിച്ചുവെന്ന് മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. ഈ സംഘം തെരഞ്ഞെടുക്കുന്ന പുസ്തകങ്ങളുടെ മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അതിന് ഒരു സമിതിയുണ്ട്. ആ സമിതിയാണ് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, സംഘം കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അടുത്ത രണ്ടു വർഷത്തിനുള്ളിൽ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, പുസ്തകങ്ങൾ കൂടുതൽ പ്രസിദ്ധീകരിക്കണമെന്നാണ് സംഘം ഉദ്ദേശിക്കുന്നത്. നല്ല പുസ്തകങ്ങൾ എത്ര കിട്ടിയാലും അത്രയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, സംഘത്തിന്റെ മേൽനോട്ടത്തിലുള്ള എം.പി. പോൾ സ്മാരക പ്രിന്റിംഗ് പ്രസ്സിന്റെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ ആ പ്രസ്സിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിന്റെ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിരിക്കുകയാണ്. അതിന്റെ നടപടികളെല്ലാം പുരോഗതിയിലെത്തിയിരിക്കുകയാണ്.

<u>ശ്രീ. എം. മുരളി</u> : സർ, ബന്ധപ്പെട്ട മന്ത്രിയില്ലെങ്കിലും ബഹു. മന്ത്രി ഉത്തരം പറയുന്നതുകൊണ്ട്, പല പ്രാവശ്യം ഞാൻ ബന്ധപ്പെട്ട മന്ത്രിക്ക് എഴുതിക്കൊടുത്ത ഒരു കാര്യം ചോദിക്കുകയാണ്. ജീവചരിത്രകാരനും മഹാപണ്ഡിതനുമായ ദിവംഗതനായ പള്ളിപ്പാട് കുഞ്ഞിക്കൃഷ്ണൻ വർഷങ്ങൾക്കു മുമ്പു രചിച്ച ഒരു മഹാഗ്രന്ഥം "മഹച്ചരിതസംഗ്രഹസാഗരം" ആയിരം മഹദ്വ്യക്തികളുടെ ജീവതചരിത്ര സമൂഹമാണ്. അത് സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിക്കുന്നതിനായി പള്ളിപ്പാട് കുഞ്ഞിക്കൃഷ്ണൻ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ തന്നെ വാങ്ങിയതാണ്. പക്ഷേ ഇതുവരേയും പ്രസിദ്ധീകരിച്ചിട്ടില്ല. അത് കോൾഡ് സ്റ്റോറേജിലാണ്. ഗവൺമെന്റ് മുൻകൈയെടുത്ത് ഈ "മഹച്ചരിതസംഗ്രഹസാഗരം" പ്രസിദ്ധീകരിക്കാൻവേണ്ട നടപടി എടുക്കുമോ? ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അത് പരിശോധിക്കുന്നതാണ്.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, മുന്നൂറ്റി അറുപതിലധികം പുസ്തകങ്ങൾ ഈ അടുത്തകാലത്ത് പ്രസിദ്ധീകരിച്ചതായി ബഹു. മന്ത്രിയുടെ ഉത്തരത്തിൽ വ്യക്തമാക്കി. ഏതാനും മാസങ്ങൾക്കുമുമ്പ് ഈ സഭയിലെ ഒരംഗമായ ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജിയും ഞാനും മഹാകവി ചങ്ങമ്പുഴയുടെ വീട്ടിൽ പോയി ശ്രീദേവി ചങ്ങമ്പുഴയെ കാണുകയുണ്ടായി. പഴയകാലത്ത് ചങ്ങമ്പുഴയുടെ പുസ്തകം പ്രസിദ്ധീകരിച്ച വകയിൽ കുടിശ്ശിക കിട്ടാനുണ്ടെന്നും ജീവിതം വളരെ പ്രയാസത്തിലാണെന്നും ശ്രീദേവി ചങ്ങമ്പുഴ വളരെ വേദനയോടുകൂടി ഞങ്ങളോട് പറയുകയുണ്ടായി. ഇതുപോലുള്ള മഹാകവികളുടേയും പ്രശസ്തരായവരുടേയും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ പഴയകാലത്തെ കുത്തഴിഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ? അത്തരം മഹാന്മാരോട് നീതി പുലർത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : കുടിശ്ശിക എല്ലാം കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. ഇത് പ്രത്യേകം കേസ്സായി പരിഗണിച്ച് ഗവൺമെന്റ് വേണ്ടതെല്ലാം ചെയ്യാം.

### 5 (*509) ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസ രീതി

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും നിലവിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസരീതി നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇപ്രകാരം ചെയ്യണമെന്ന ആവശ്യം ആരെങ്കിലും ഉന്നയിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇപ്പോൾ ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

ഡോ. എം.എ. കുട്ടപ്പൻ : സർ, ഡി.പി.ഇ.പി. പാഠ്യപദ്ധതി ഇപ്പോൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കാത്തത് എന്തുകൊണ്ടാണ്? ഡി.പി.ഇ.പി. പാഠ്യപദ്ധതി ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഇംഗ്ലീഷ് മീഡിയമായി അംഗീകരിച്ചിരിക്കുന്നത് അഞ്ചാം ക്ലാസ്സുമുതലാണ്. അഞ്ചാം ക്ലാസ് മുതൽ ഇംഗ്ലീഷ് മീഡിയത്തിലും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു. ഇംഗ്ലീഷ് മീഡിയത്തിലും നടപ്പാക്കിയിട്ടുണ്ട്.

ഡോ. എം.എ. കുട്ടപ്പൻ : സർ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്ലസ്ടു-വിനും വി.എച്ച്.എസ്.സി.ക്കും അനുമതി കൊടുക്കുന്നില്ല. അൺഎയ്ഡഡ് സ്കൂളുകളിൽ കൂടി പ്ലസ് ടു-വും വൊക്കേഷണൽ ഹയർ സെക്കന്ററിയും തുടങ്ങാൻ അനുവാദം കൊടുക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അത് ഇംഗ്ലീഷ് മീഡിയവുമായി ബന്ധപ്പെട്ട ഒരു ചോദ്യമില്ല. അത് വേറെ വിഷയമാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ സംബന്ധിച്ച് രണ്ടുതരം പൗരന്മാരെയാണ് സൃഷ്ടിക്കുന്നതെന്ന് വളരെ വിവാദ പരമായ വിമർശനം തുടങ്ങിയിട്ട് വളരെക്കാലമായി. വ്യക്തമായ ഒരു നയം മാറിമാറി വരുന്ന സർക്കാരുകളൊന്നും എടുക്കുന്നില്ല. അതുകൊണ്ട് പ്രൈമറി ലെവലിലെങ്കിലും മീഡിയം ഇംഗ്ലീഷ് എന്നത് മാറ്റി ഇംഗ്ലീഷ് അഡിഷണൽ ഭാഷയാക്കി പഠിപ്പിക്കുന്ന ഒരു പുതിയ രീതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻസാണ് ഇവിടെ കൊടുത്തുകൊണ്ടിരിക്കുന്നത്. 30.5.88 മുതൽതന്നെ ഇതിൽ ചില മാറ്റ ങ്ങൾ വരുത്തിയിട്ടുണ്ട്. ലോവർ പ്രൈമറിയിൽ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ അനുവദിക്കുന്നില്ല. അപ്പോൾ ലോവർ പ്രൈമറി മലയാളം മീഡിയ ത്തിൽ പഠിക്കുക, അവിടെ പാരലൽ ഇംഗ്ലീഷ് മീഡിയം അനുവദിക്കാൻ പാടി ല്ലാ എന്നൊരു നയമാണ് ഈ ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇംഗ്ലീഷ് നാലാം ക്ലാസ് മുതൽ പഠിക്കുന്നുണ്ട്. അഞ്ചാം ക്ലാസ് മുതൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മതിയെന്നുള്ള ഒരു നിലപാടാണ് ഗവൺമെന്റിനുള്ളത്. അഞ്ചാം ക്ലാസ് മുതൽ മാത്രമേ ഇംഗ്ലീഷ് മീഡിയം അനുവദിക്കുന്നുള്ളൂ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, എന്നാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്രൈമറി ലെവലിൽത്തന്നെ മലയാളം ഭാഷ വേണമെന്ന് നിർബന്ധിച്ച് ഡയറക്ഷൻ കൊടുക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? മലയാളം മീഡിയത്തിൽ ഇംഗ്ലീഷ് ക്ലാസ്സുകൾ പാരലലായിട്ട് കൊടുക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. അത് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പരിപൂർണ്ണമായി നിർത്തൽ ചെയ്യുന്നതിന്റെ ഭാഗമായിട്ടാണോ?

ശ്രീ. പി.ജെ. ജോസഫ് : നിലവിലുള്ള മലയാളം മീഡിയം സ്കൂളുക ളിലും ഇംഗ്ലീഷ് പാരലൽ ഡിവിഷനായി കൊടുക്കുമ്പോൾ ഇംഗ്ലീഷ് മീഡിയം നിർത്തലാക്കുന്നുവെന്നുള്ള ചോദ്യം അതിനകത്തില്ല.

ശ്രീ. കെ.സി. വേണുഗോപാൽ : സർ ബഹു. മന്ത്രി ഉത്തരം പറഞ്ഞത നുസരിച്ച് ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമല്ല. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സാർവത്രികമാക്കുന്നതിനെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ്?

ശ്രീ. പി.ജെ. ജോസഫ് : സാർവ്വത്രികമാക്കാൻ പാടില്ല എന്നുതന്നെ യാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. കെ.സി. വേണുഗോപാൽ : കേരളം വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ സെൻസിറ്റീവായിട്ടുള്ള സംസ്ഥാനമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം ഭാഷ പഠിപ്പിക്കാത്തതുകാരണം നമ്മുടെ മലയാളി കൾ ഡാഡി മമ്മി സംസ്കാരത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ് എന്നുള്ള ആക്ഷേപം വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, എല്ലാ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും മലയാളം ഒരു നിർബന്ധ വിഷയമായി പഠിപ്പിക്കാൻ ആവശ്യ മായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സംസ്ഥാന സർക്കാരിന്റെ സ്കൂളുകളിൽ മാത്രമല്ല മറ്റ് സെൻട്രൽ സിലബസ് ഉള്ള സ്കൂളുകളിലും മലയാളം നിർബന്ധ മായി പഠിപ്പിക്കണമെന്ന് ബോർഡുമായി ടേക്കപ്പ് ചെയ്യുകയുണ്ടായി. അത്തരം സ്കൂളുകളിലും മലയാളം പഠിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നമ്മുടെ സർക്കാർ സ്കൂളുകളിൽ നഗരങ്ങളിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ മാത്രമാണ് ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഉള്ളത്. അത് ഫലപ്രദമായി നടക്കുന്നുണ്ട്. എറണാകുളത്ത് എസ്.ആർ.വി.യിലും ഗേൾസ് ഹൈസ്കൂളിലും നല്ല ഇംഗ്ലീഷ് മീഡിയം ഡിവിഷനാണുള്ളത്. ഗ്രാമപ്രദേശങ്ങളിലുള്ള ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഓരോ ഡിവിഷനിലെങ്കിലും ഇംഗ്ലീഷ് മീഡിയം വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഓരോ സ്കൂളുകളിൽ നിന്നും കിട്ടുന്ന റിക്വസ്റ്റിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. റിക്വസ്റ്റ് വരുമ്പോൾ ഗവൺമെന്റിന് അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷനായി അനുവദിക്കുന്നുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നമ്മുടെ സംസ്ഥാനത്ത് സി.ബി.എസ്.ഇ. വിദ്യാഭ്യാസം പല മേഖലകളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഈയിടെയായി ഗവൺമെന്റ് അതിന് എൻ.ഒ.സി. കൊടുക്കണ്ട എന്നുള്ള തീരുമാനം എടുത്തതായി അറിയുന്നു. പല സ്വകാര്യ മാനേജുമെന്റുകളും സി.ബി.എസ്.ഇ. ആരംഭിക്കാൻ ആഗ്രഹിക്കുന്നുണ്ട്. എൻ.ഒ.സി. കൊടുക്കുകയില്ലെന്നുള്ള തീരുമാനം ഗവൺമെന്റ് പുനഃപരിശോധിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : എൻ.ഒ.സി. കൊടുക്കുന്നകാര്യം പരമാവധി ഡിസ്കറേജ് ചെയ്യണമെന്നുള്ള നിലപാടാണ് ഗവൺമെന്റിന് ഉള്ളത്.

ശ്രീ. ടി.കെ. ബാലൻ : സർ, മലയാളം മാതൃഭാഷയായിട്ടുള്ള നമ്മുടെ കേരളത്തിൽ പ്രവർത്തിക്കുന്ന ആർമി സ്കൂൾ, സെൻട്രൽ സ്കൂൾ, സി.ബി.എസ്.ഇ. പഠിപ്പിക്കുന്ന സ്കൂൾ, ഇത്തരം സ്കൂളുകളിലെല്ലാം മലയാളം പഠിപ്പിക്കുന്നില്ലെന്നു മാത്രമല്ല സ്കൂൾ പരിസരത്തുവച്ച് വിദ്യാർത്ഥികൾ മലയാളത്തിൽ സംസാരിച്ചാൽ അവരെ ഫൈൻ ചെയ്യുന്ന മാനേജുമെന്റുമുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഗവൺമെന്റിന് കിട്ടിയിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഈ സ്കൂളുകളിൽ ഇപ്പോൾ മലയാളം പഠിപ്പിക്കുന്നുണ്ട്. മലയാളം അല്ലെങ്കിൽ മൈനോറിറ്റി കമ്മ്യൂണിറ്റീസ് ഉള്ളിടത്ത് തമിഴ്, കന്നട തുടങ്ങിയുള്ള റീജിയണൽ ലാംഗ്വേജ് പഠിപ്പിക്കുന്നുണ്ട്. മാതൃഭാഷ കൂടി പഠിപ്പിക്കണമെന്നുള്ള കാര്യം, ഇനി എവിടെയെങ്കിലും നടപ്പിലാക്കിയിട്ടില്ലെങ്കിൽ, വീണ്ടും ബോർഡുമായി ടേക്കപ്പ് ചെയ്യുന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, കേരള എഡ്യൂക്കേഷൻ റൂൾസ് അനുസരിച്ച് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ് ഇംഗ്ലീഷ് മീഡിയം റിക്കഗ്നൈസ്ഡ് സ്കൂൾസ്. ത്രിഭാഷാ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിരിക്കുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനം കേരളമെന്നിരിക്കെ, കെ.ഇ.ആർ. പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് മറ്റ് സ്കൂളുകൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കുന്നതിൽ എന്താണ് തടസ്സം? പ്ലസ്-2 അടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റ് എന്തിനാണ് വിവേചനപരമായ സമീപനം സ്വീകരിക്കുന്നത്? അല്ലെങ്കിൽ കെ.ഇ.ആർ. അമെന്റ് ചെയ്ത് ഇംഗ്ലീഷ് മീഡിയം റിക്കഗ്നൈസ്ഡ് സ്കൂളുകൾ വേണ്ട എന്നുള്ള നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇക്കാര്യത്തിൽ ഗവൺമെന്റ് അന്തിമമായി ഒരു തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ നാമധേയത്തിൽ തിരൂരിൽ പ്രവർത്തിക്കുന്ന കോളേജിൽ മലയാളം ഐച്ഛികവിഷയമായി പഠിപ്പിക്കുന്നില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവിടെ മലയാളം ഐച്ഛികവിഷയമായി പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഒരുക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : യൂണിവേഴ്സിറ്റിയുടെ റെക്കമെന്റേഷൻ കിട്ടിയാൽ ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഇംഗ്ലീഷ് മീഡിയം എന്നുള്ളത് ഒരു പുതിയ നടപടിയൊന്നുമല്ല. പണ്ട് മലയാളം, സംസ്കൃതം, ഹിന്ദി, ഇവയൊഴിച്ച് ഇംഗ്ലീഷിൽ തന്നെയാണ് ഹൈസ്കൂൾ തലത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നത്. അന്ന് പഠിച്ചിരുന്നവർ ഒരു പീര്യഡ് മാത്രമേ മലയാളം പഠിച്ചിരുന്നുള്ളൂ. അന്ന് ഒരു മണിക്കൂർ മാത്രം മലയാളം പഠിച്ചിരുന്നവരെപ്പോലെ മലയാളം സംസാരിക്കുവാൻ മലയാളം മീഡിയം മാത്രമുള്ള സ്കൂളുകളിൽനിന്ന് പുറത്തുവരുന്നവർക്ക് കഴിയുന്നില്ല. ഇപ്പോൾ മലയാളവും ഇംഗ്ലീഷും ഏതാണ്ട് നവവധുവിനെപ്പോലെ അല്പം നാണംകുണുങ്ങി നിൽക്കുകയാണ്. രണ്ടും പറയാൻ കഴിവില്ലാത്തതുകൊണ്ട് ഏതാണ്ട് അറപ്പോടുകൂടി ഇംഗ്ലീഷ് മീഡിയത്തെ കാണുകയാണ്. മലയാളത്തെ താഴ്ത്തിക്കെട്ടി സംസാരിക്കുന്നതല്ല. എല്ലാ പള്ളിക്കൂടങ്ങളിലും ഇംഗ്ലീഷിന് പ്രാധാന്യം കൊടുക്കണം. ഇംഗ്ലീഷ് ആണ് ഇൻഡ്യ മുഴുവൻ ഉപയോഗിക്കാൻ കഴിയുന്നത്. നമ്മൾ ഇൻഡ്യ മുഴുവൻ സഞ്ചരിക്കേണ്ടവരാണ്. അതുകൊണ്ട് ഇംഗ്ലീഷിന്റെ പ്രാധാന്യം കുറച്ചുകൊണ്ട് പുരോഗമനം പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. ഇംഗ്ലീഷ് പണ്ടത്തെപ്പോലെ പഠിപ്പിച്ചാൽ ഇംഗ്ലീഷും മലയാളവും പറയാൻ കഴിവുള്ള ആളുകൾ നമുക്ക് പള്ളിക്കൂടങ്ങളിലും കോളേജുകളിലും കാണാൻ കഴിയും. ഇപ്പോൾ രണ്ടു ഭാഷയും ഇല്ലാത്ത ആളുകളാണ് പള്ളിക്കൂടങ്ങളിൽനിന്ന് വരുന്നത്. അതുകൊണ്ട് ഇംഗ്ലീഷ് മീഡിയത്തിനെതിരെയുള്ള കർക്കശമായ നിലപാട് വേണമെന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. ബഹു. മന്ത്രി അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : ഇംഗ്ലീഷും മലയാളവും നന്നായി പഠിപ്പിക്കണമെന്നുള്ളതുതന്നെയാണ് അഭിപ്രായം. അതിനുള്ള ഏർപ്പാടുകൾ ചെയ്യുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ കാസർഗോഡ് ജില്ലയിലെ നിവധി എയ്ഡഡ് സ്കൂളുകളിൽ മലയാളം തീരെ പഠിപ്പിക്കുന്നില്ല എന്നുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർബന്ധമായും ഇത്തരം സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : കന്നട മീഡിയം സ്കൂളുകളെ സംബന്ധിച്ചായിരിക്കും സൂചിപ്പിച്ചത്. അവിടെ മലയാളം പഠിപ്പിക്കണമെന്നുതന്നെയാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അങ്ങനെ ഏതെങ്കിലും സ്കൂളുകളിൽ പഠിപ്പിക്കുന്നില്ലെങ്കിൽ അക്കാര്യം പ്രത്യേകം അന്വേഷിക്കാം.

ശ്രീ. പി.സി. ജോർജ് : സർ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഫലമായി ലോകത്ത് പെൺകുട്ടികൾ ടൈ കെട്ടുന്നത് കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മാത്രമാണ്. സായിപ്പുമാർ തണുപ്പുകാലത്ത് ടൈ കെട്ടി ജീവിക്കുന്നത് നമുക്ക് മനസ്സിലാക്കാം. ഉഷ്ണരാജ്യമായ കേരളത്തിൽ ബ്രോയിലർ ചിക്കനെ വളർത്തിയെടുക്കുന്നതുപോലെ എന്തിനാണ് ഈ രീതിയിൽ കുട്ടി

കളെ വളർത്തിയെടുക്കുന്നത്? കുട്ടികൾ ഇത് ഇഷ്ടപ്പെടുന്നുമില്ല. ഓരോ മാനേജുമെന്റിന്റേയും പ്രസ്റ്റീജ് സംരക്ഷിക്കാൻവേണ്ടി ഓരോ യൂണിഫോം ഉണ്ടാക്കി ടൈയും കെട്ടി കുട്ടികളെ റോഡിൽ ഇറക്കുകയാണ്. ഇത് പാടില്ലാ എന്നുള്ള നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തിയിരുന്നു. പരമാവധി ഡിസ്കറേജ് ചെയ്യണമെന്നുള്ള ഒരു നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്.

## 6 (*510) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

ശ്രീ. ജി. സുധാകരൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും വിദ്യാഭ്യാസ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ സ്കൂളുകളിൽ അപ്പർ പ്രൈമറിതലംതൊട്ട് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) കമ്പ്യൂട്ടർ ലഭിക്കാത്ത സ്കൂളുകളിൽ ഈ വർഷം തന്നെ അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഡ്യൂക്കേഷൻ ടെക്നോളജി സ്ഥാപിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ,

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സർക്കാർ ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിന് ഡോ. കെ.കെ. ഗോപാലൻ ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.
2. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.
3. ഇതുപ്രകാരം പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു.
4. ഡി.പി.ഇ.പി. ആറു ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.
5. പുതിയ പാഠ്യപദ്ധതി അനുസരിച്ച് പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. 5-10 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ട്രെയിനിംഗ് നൽകി. കൂടാതെ കാഠിന്യമേറിയ പാഠഭാഗങ്ങളെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

മാക്കി ഹൈസ്കൂൾതലത്തിൽ 33,000 അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

6. പഠനവൈകല്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

7. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്, ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

8. കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി ഘട്ടംഘട്ടമായി വേർപ്പെടുത്തി ഹയർ സെക്കന്ററി വിദ്യാഭ്യാസം നടപ്പിലാക്കിവരുന്നു.

9. അസാധാരണ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കലകളിൽ അഭിരുചിയുള്ള സാധുക്കളായ കുട്ടികൾക്ക് ധനസഹായം നൽകുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

10. പത്താം ക്ലാസ്സിലെ വിജയശതമാനം കുറഞ്ഞ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തി 'അഡോപ്റ്റഡ് സ്കൂൾ' എന്ന പദ്ധതിയിൽപ്പെടുത്തി. ഇടവേളകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ നല്കി വരുന്നു.

11. ഹയർ സെക്കന്ററിക്കായി കരിക്കുലവും സിലബസും ഉണ്ടാക്കി അദ്ധ്യാപക പരിശീലനം നടത്തി വരുന്നു.

12. പ്രീ പ്രൈമറി സ്ഥാപനങ്ങളെ ക്രമീകരിക്കുന്നതിനും ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുന്നതിനുമായി പ്രീ-പ്രൈമറി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു.

(ബി) ഉണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 460 ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ നൽകിയിട്ടുള്ള സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് വിദ്യാഭ്യാസപരമായി ലഭ്യമായിട്ടുള്ള സോഫ്റ്റ്വെയറിന്റെ (എഡ്യൂക്കേഷൻ) സഹായത്താൽ 15 ദിവസത്തെ ഹ്രസ്വകാല പരിശീലനം നൽകുകയുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ആരംഭിക്കുന്നതിനും, പാഠഭാഗങ്ങൾക്ക് അനുസൃതമായി കമ്പ്യൂട്ടർ പരിപാടികൾ തയ്യാറാക്കുന്നതിനുമുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി)&(ഡി) ഇല്ല. കമ്പ്യൂട്ടർ വിദ്യാഭ്യാസം തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിലാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. യു.പി. തലത്തിൽ ഇത് ബാധകമാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) കമ്പ്യൂട്ടറുകൾ ഇല്ലാത്ത ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഘട്ടംഘട്ടമായി കമ്പ്യൂട്ടറുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1998-99 വർഷത്തിൽ 60 ഗവൺമെന്റ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ 1999-2000 വർഷത്തിൽ 30 ഗവൺമെന്റ് ഹൈസ്കൂളുകൾക്കു കൂടി കമ്പ്യൂട്ടറുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇത് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ഗവൺമെന്റ് സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറികളിൽ ആധുനിക സൗകര്യങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തി ഗുണനിലവാരം ഉയർത്തിയെന്ന് ഉറപ്പിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സയൻസ് എഡ്യൂക്കേഷന്റെ ഭാഗമായി സാധാരണ സ്കൂളുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. പ്ലസ് ടു അനുവദിച്ചിട്ടുള്ള ഗവൺമെന്റ് സ്കൂളുകളിൽ ലബോറട്ടറി, ലൈബ്രറി എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക സഹായവും നൽകിക്കൊണ്ടിരിക്കുന്നു.

## (ii) മന്ത്രിയുടെ പ്രസ്താവന

### ഉത്തരത്തിനു തിരുത്തൽ

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 26.3.1997-ൽ നക്ഷത്ര ചിഹ്നമിടാത്ത 5659-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

*(ചോദ്യോത്തരസമയം കഴിഞ്ഞു.)*

## (iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**7 (*511) കമ്പ്യൂട്ടർ പഠന വിഷയമുള്ള ബ്രാഞ്ചുകളുടെ സിലബസ് പരിഷ്കരണം സംബന്ധിച്ച്**

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിടെക്നിക്കുകളിൽ കമ്പ്യൂട്ടർ പഠന വിഷയമായുള്ള ബ്രാഞ്ചുകളിൽ സിലബസ് വർഷംതോറും നവീകരിക്കുന്നുണ്ടോ;

(ബി) കമ്പ്യൂട്ടർമേഖലയിൽ അനുസ്യൂതം വന്നുകൊണ്ടിരിക്കുന്ന പുരോഗതി വിദ്യാർത്ഥികൾക്ക് പരിചിതമാകുന്നതിന് ഉതകുന്ന മാറ്റങ്ങൾ സിലബസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പഴകി വരുന്ന കമ്പ്യൂട്ടർ പാഠ്യപദ്ധതികൾ ആധുനിക ലോകത്തിൽ ഉദ്യോഗലബ്ധിക്ക് സഹായകരമല്ലെന്നതിനാൽ സിലബസ് പരിഷ്കരണം കാലോചിതമാക്കാൻ സംവിധാനമുണ്ടാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പ്യൂട്ടർ മേഖലയിൽ അനുസ്യൂതം വന്നുകൊണ്ടിരിക്കുന്ന പുരോഗതി വിദ്യാർത്ഥികൾക്ക് പരിചിതമാക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളുടെ പ്രോജക്ട് വർക്കുകൾ, സെമിനാറുകൾ, പ്രാക്ടിക്കലുകൾ തുടങ്ങിയ ആധുനിക വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ചെയ്യിപ്പിച്ചു വരുന്നു.

(സി) നിലവിലുള്ള സംവിധാനം മതിയാകുന്നതാണ്.

8 (*512) **പ്ലസ് ടു ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നടപടികൾ**

<u>ശ്രീമതി എൻ.കെ. രാധ</u> :

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഇതിനകം ആരംഭിച്ചു കഴിഞ്ഞ പ്ലസ് ടൂ ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരത്തുന്നതിന് എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലസ് ടൂ ക്ലാസ്സുകൾ അനുവദിച്ചിട്ടുള്ള പല സ്കൂളുകളിലും ക്ലാസ്സുകൾ തുടർന്നു നടത്താൻ കഴിയാത്ത രീതിയിൽ കുട്ടികളുടെ എണ്ണക്കുറവും ലാബുകളുടെ അപര്യാപ്തതയും സ്ഥലപരിമിതിയും അനുഭവപ്പെട്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുള്ള സ്കൂളുകളിലെ പ്ലസ് ടൂ ക്ലാസ്സുകൾ അടുത്തുള്ള അനുയോജ്യമായ മറ്റു സ്കൂളുകളിലേക്ക് ആവശ്യാനുസരണം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്ലസ് ടൂ ക്ലാസ്സുകൾ ആരംഭിക്കുകയും ഇപ്രകാരം ക്ലാസ്സുകൾ തുടർന്നുകൊണ്ട്പോകാൻ ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന എത്ര സ്കൂളുകൾ സംസ്ഥാനത്ത് ഉണ്ട് എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>):

(എ) പ്ലസ് ടൂ ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് കരിക്കുലം കമ്മിറ്റിയുടെ തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട വിദഗ്ധ സംഘങ്ങൾ എല്ലാ ഗവൺമെന്റ് സ്കൂളുകളും കഴിഞ്ഞ അക്കാദമിക് വർഷത്തിൽ പരിശോധിക്കുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിലെ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് കഴിഞ്ഞ ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശോധന നടത്തിയിരുന്നു. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകത പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ബി) പ്ലസ് ടൂ ക്ലാസ്സുകളിൽ ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവില്ലെന്നു മാത്രമല്ല, അപേക്ഷകർക്കെല്ലാം പ്രവേശനം നൽകുവാൻ സീറ്റുകൾ തികയുകയില്ലെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പല സ്കൂളുകളിലും അഡീഷണൽ ബാച്ചുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗവ.സ്കൂളുകളിൽ ലബോറട്ടറികൾ മെച്ചപ്പെടുത്തുന്നതിന് മതിയായ തുക അനുവദിച്ചുകഴിഞ്ഞു. സ്ഥലപരിമിതി, ലബോറട്ടറികളുടെ അപര്യാപ്തത തുടങ്ങിയ പരാതികൾ എവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്ലസ് ടു ക്ലാസ്സുകൾ തുടർന്നുകൊണ്ടുപോകാൻ ബുദ്ധിമുട്ടുള്ള ഒരു സ്കൂളും സംസ്ഥാനത്ത് നിലവിലില്ല.

**9 (*513) ആദിവാസി ക്ഷേമം**

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസിമേഖലയിൽ സ്ഥാപിക്കപ്പെട്ട പുനരധിവാസ പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പുനരധിവാസ പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആദിവാസി മേഖലയിലെ പുനരധിവാസപദ്ധതികൾ നിർജ്ജീവാവസ്ഥയയിലും നഷ്ടത്തിലുമാണ് പ്രവർത്തിച്ചു വരുന്നതെന്ന ആക്ഷേപം ശ്രദ്ധയിപ്പെട്ടുവോ;

(ഡി) എങ്കിൽ ആദിവാസി മേഖലകളിലെ പുനരധിവാസ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ എന്തൊക്കെ കർമ്മ പരിപാടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ആദിവാസി മേഖലയിലെ പുനരധിവാസ പദ്ധതികൾ ലാഭത്തിലാക്കാൻ സർക്കാരിന് കഴിഞ്ഞുവോ, എങ്കിൽ ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ ആദിവാസി മേഖലയിൽ പ്രവർത്തിച്ചുവരുന്ന പുനരധിവാസ പദ്ധതികളിലെ തൊഴിലാളികൾക്ക് മിനിമം കൂലി, തൊഴിലിൽ നിന്ന് വിരമിച്ചവർക്ക് ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സുഗന്ധഗിരി കാർഡമം പ്രോജക്ട്, പൂക്കോട് ഡയറി പ്രോജക്ട്, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, പ്രിയദർശിനി ടീ എസ്റ്റേറ്റ്, വല്ലച്ചിറ കളക്ടീവ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിയാണ് ആദിവാസി മേഖലയിലെ പുനരധിവാസ പദ്ധതികൾ. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1997-98 മുതൽ സുഗന്ധഗിരി, പ്രിയദർശിനി, പൂക്കോട് എന്നീ മൂന്നു പ്രോജക്ടുകളുടെയും മാനേജിംഗ് ഡയറക്ടറായി ഒരു ഐ.എ,എസ്. ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ കാർഷിക വികസനം, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയ്ക്കായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ



LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ തുക വക കൊള്ളിച്ചുവരുന്നു. ഇതിനും പുറമേ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരവും വിവിധ പദ്ധതി പ്രകാരവും തുക അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ചില പ്രോജക്ടുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയായിട്ടുണ്ടെങ്കിലും ഒന്നും തന്നെ നിർജ്ജീവാവസ്ഥയിലല്ല.

(ഡി) 1997-98 മുതൽ സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലുള്ള കാപ്പി കൃഷി വ്യാപിപ്പിക്കുക, കുരുമുളക് കൃഷിക്ക് പ്രാധാന്യം നൽകുക, റോഡ് സൗകര്യം വർദ്ധിപ്പിക്കുക, പ്രോജക്ടിന് ചുറ്റും കമ്പി വേലിയിടുക, കളവ് തടയാൻ സജ്ജീകരണങ്ങൾ, ശരിയായ മാനേജ്മെന്റ് സൂപ്പർവിഷൻ എന്നിവയാണ് പുനരുദ്ധാരണ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. ഈ നടപടികളുടെ ഫലമായി ഈ പദ്ധതി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 94-95 ൽ പ്രവർത്തനം നിർത്തിവച്ചിരുന്ന പൂക്കോട് ഡയറി പ്രോജക്ട് പ്രവർത്തനം പുനരാരംഭിച്ചു. 1996-97-മുതൽ ബഡ്ജറ്റിൽ കൂടുതൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫാമിന്റെ പുനരുദ്ധാരണ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. പുതിയ കറവമാടുകളെ വാങ്ങിയും കാപ്പികൃഷി വികസിപ്പിച്ചും ഈ പദ്ധതിയും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടി ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വളരെ മെച്ചപ്പെടുകയുണ്ടായി. ഈ പ്രോജക്ട് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ഇ) കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പ്രിയദർശിനി ടീ എസ്റ്റേറ്റ് എന്നീ പദ്ധതികൾ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(എഫ്)&(ജി) മിനിമം കൂലി, ഗ്രാറ്റുവിറ്റി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

### 10 (*514) പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് വ്യവസായം തുടങ്ങാൻ ആനുകൂല്യങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ടവർക്ക് വ്യവസായം തുടങ്ങുവാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടയും, കട നടത്താനുള്ള സാമ്പത്തിക സഹായവും നൽകുവാൻ എന്തെല്ലാം പരിപാടികളാണുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഈ ഗവൺമെന്റ് പട്ടികജാതി-പട്ടികവർഗ്ഗത്തിപ്പെട്ട എത്ര വ്യവസായ സംരംഭകർക്ക് സാമ്പത്തികവും മറ്റു വിധത്തിലുമുള്ള ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു.†

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ 10% മുറികൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക്വേണ്ടി നീക്കി വയ്ക്കേണ്ടതാണെന്നും അങ്ങനെ അനുവദിക്കുന്ന മുറികൾക്ക് മുൻകൂർ വാടക, ഡെപ്പോസിറ്റ് എന്നീ ഏതെങ്കിലും ഇനങ്ങളിൽ തുക ഒടുക്കേണ്ടതായിട്ടുണ്ടെങ്കിൽ ആ തുക മുറിയുടെ മാസവാടകയുടെ മൂന്നിരട്ടിയിൽ കവിയാൻ പാടുള്ളതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ കുടിൽ വ്യവസായ ശൃംഖല പദ്ധതിയിൽ 85 യൂണിറ്റുകൾക്ക് 23.50 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ചെറുകിട വ്യവസായമോ വ്യാപാരമോ നടത്തുന്നതിന് 10,000 രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയിൽ 80 പേർക്ക് വായ്പ നൽകി. പലിശ രഹിത വ്യവസായ വായ്പയായി 13 പട്ടിക ജാതിക്കാർക്ക് 1,54,000 രൂപ നൽകിയിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടത്തുന്ന പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടിക ജാതിയിൽപ്പെട്ട 2620 വ്യക്തികൾക്കും 169 സഹകരണ സംഘങ്ങൾക്കും പട്ടിക വർഗ്ഗത്തിൽപ്പെട്ട 1629 വ്യക്തികൾക്കും 66 സഹകരണ സംഘങ്ങൾക്കും സഹായധനവും പി.എം.ആർ.വൈ. പദ്ധതി പ്രകാരം 1632 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകി. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 1786 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വ്യവസായ വാണിജ്യ വകുപ്പ് സ്ഥിരം രജിസ്ട്രേഷനും നൽകി. കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ 66 പേർക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകിയിട്ടുണ്ട്.

### 11 (*515) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗങ്ങളിലെ പ്രബല വിഭാഗങ്ങളിൽ മാത്രമായി ആനുകൂല്യങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നുവെന്നും ബഹുഭൂരിപക്ഷങ്ങൾക്കും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നുവെന്നുമുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി/വർഗ്ഗത്തിലെ എല്ലാ സമാന്തര ജനവിഭാഗങ്ങൾക്കും സാമൂഹ്യനീതിയും അവസര സമത്വവും ഉറപ്പുവരുത്തുവാൻ നടപടി കൈക്കൊള്ളുന്നകാര്യം പരിഗണിക്കുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ ഈ വിഭാഗങ്ങളിലെ എല്ലാ സമാന്തര വിഭാഗങ്ങൾക്കും ഒരുപോലെ ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ പുരോഗതിയിലുണ്ടാകുന്ന അസന്തുലിതാവസ്ഥയെപ്പറ്റിയും, അതിനുള്ള പരിഹാര

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗങ്ങളെപ്പറ്റിയും വിശദമായ ഒരു വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**12 (*516) സംസ്ഥാന സർക്കാർ കേരള സംസ്ഥാന സഹകരണ ബാങ്ക് നബാർഡുമായി 1995-ൽ ഉണ്ടാക്കിയ ധാരണ പത്രം**

<u>ശ്രീ. എ. അലി ഹസ്സൻ</u> :
<u>ശ്രീ. പി. രാഘവൻ</u> :
<u>ശ്രീ. ടി.കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേരള സംസ്ഥാന സഹകരണ ബാങ്കും നബാർഡുമായി 1995-ൽ എന്തെങ്കിലും ധാരണാപത്രം ഉണ്ടാക്കിയിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത ധാരണാപത്രത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ധാരണാപത്രം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ധാരണാപത്രം സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ധാരണാപത്രത്തിന്റെ കാലാവധി എപ്പോൾ അവസാനിക്കും;

(ജി) നബാർഡുമായുണ്ടാക്കിയ 1995-ലെ ധാരണാപത്രം പുതുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) :

(എ) കേരള സംസ്ഥാന സഹകരണ ബാങ്കും നബാർഡുമായി ചേർന്ന് സംസ്ഥാന സർക്കാർ 12.5.1995 ൽ ഒരു ധാരണാ പത്രം ഉണ്ടാക്കിയിട്ടുണ്ട്.

(ബി) 1994-95 മുതൽ 1998-99 വർഷം വരെകൊണ്ട് അവസാനിക്കുന്ന കാലത്തേയ്ക്കാണ് ധാരണാപത്രം ഉണ്ടാക്കിയിട്ടുള്ളത്. ധാരണാപത്രത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി)&(ഇ) പ്രസ്തുത ധാരണാപത്രം സംസ്ഥാന താല്പര്യങ്ങൾക്ക് പൂർണ്ണമായിട്ടും അനുയോജ്യമായിരുന്നില്ല.

(എഫ്) 31.3.99-ൽ അവസാനിച്ചു.

(ജി) ധാരണാപത്രത്തിൽ പ്രധാനമായും പ്രതിപാദിക്കേണ്ടത് സഹകരണബാങ്കുകളുടെ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളും അത് പ്രാവർത്തികമാക്കേണ്ടതിന്റെ രീതിയും വിലയിരുത്തലുമാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധാരണാപത്രം പുതുക്കുമ്പോൾ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നുണ്ടെന്നുള്ളകാര്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

13 (*517) **പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ**

ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട വ്യവസായ സംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് സഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷമായി പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ എത്ര പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗങ്ങൾക്ക് സഹായം നൽകി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര വീതം;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം സഹായം ലഭിക്കുന്നതിന് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ:

(ഇ) ചെറുകിട വ്യവസായ സംരംഭകർക്ക് മുടക്കുന്നതിന് സബ്സിഡി നൽകി വരുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം;

(എഫ്)പ്രസ്തുത പദ്ധതി വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പട്ടികജാതി സംരംഭകർക്ക് പ്രായോഗികവും ഗുണപ്രദവുമായ ഏത് ചെറുകിട/കുടിൽ വ്യവസായവും നടത്തുന്നതിന് സഹായം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വായ്പ ലഭിക്കാൻ അർഹതയുള്ള വ്യവസായങ്ങളുടെ വിവരങ്ങൾ അനുബന്ധം ഒന്നായും, പ്രത്യേക ഘടക പദ്ധതി പ്രകാരം വ്യവസായ വാണിജ്യ വകുപ്പുവഴി ധനസഹായം നൽകുന്ന സംരംഭങ്ങളുടെ വിവരം അനുബന്ധം രണ്ടായും സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന സംരംഭങ്ങളുടെ വിവരം അനുബന്ധം മൂന്നായും ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(i) പട്ടികജാതി വികസനവകുപ്പ് നൽകിയ സഹായങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

കുടിൽ വ്യവസായ ശൃംഖല പദ്ധതി

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

| വർഷം | ഭൗതികനേട്ടം |
|---|---|
| 1996-97 | പദ്ധതി ആവിഷ്കരിച്ചിരുന്നില്ല |
| 1997-98 | 9 യൂണിറ്റുകൾ |
| 1998-99 | 76 യൂണിറ്റുകൾ |

(ii) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 80 പേർക്ക് 10000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(iii) വ്യവസായ വാണജ്യ വകുപ്പിൽ നിന്നും പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി പ്രകാരം നൽകിയിട്ടുള്ള സഹായങ്ങളുടെ വിവരം താഴെ പറയുന്നു.

പ്രത്യേക ഘടക പദ്ധതി

| വർഷം | വ്യക്തികൾ | സഹകരണ സംഘങ്ങൾ |
|---|---|---|
| 1996-97 | 374 | 21 |
| 1997-98 | 1030 | 58 |
| 1998-99 | 1224 | 90 |

ഗിരിവർഗ്ഗ ഉപപദ്ധതി

| വർഷം | വ്യക്തികൾ | സഹകരണ സംഘങ്ങൾ |
|---|---|---|
| 1996-97 | 1623 | 66 |
| 1997-98 | തുക വകയിരുത്തിയിരുന്നില്ല | |
| 1998-99 | തുക വകയിരുത്തിയിരുന്നില്ല | |

(iii) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 66 പേർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകിയിട്ടുണ്ട്.

പലിശരഹിത വ്യവസായ വായ്പ പദ്ധതി

| വർഷം | ഭൗതികനേട്ടം |
|---|---|
| 1996-97 | 5 |
| 1997-98 | 1 |
| 1998-99 | 7 |

(ഡി) വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം അനുബന്ധം IV ചേർത്തിരിക്കുന്നു†

(ഇ) ഉണ്ട്. പട്ടികജാതി വികസനവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കുടിൽ വ്യവസായ ശൃംഖല പദ്ധതിപ്രകാരം ചെറുകിട വ്യവസായത്തിന്റെ പ്രോജക്ടിന്റെ 20% മോ 50,000 രൂപയോ ഏതാണ് കുറവ് അത് സബ്സിഡിയായി നൽകിവരുന്നു. വ്യവസായ-വാണിജ്യവകുപ്പ് മുഖേന ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% സബ്സിഡി നൽകുന്നു. ഇതിനുപുറമെ സ്ഥിരം മൂലധനത്തിന്റെ 5% സബ്സിഡി കൂടി പട്ടി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള വ്യവസായികൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) പട്ടികജാതി വികസനവകുപ്പു നടപ്പിലാക്കുന്ന കുടിൽ വ്യവസായ ശൃംഖലാ പദ്ധതിയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### 14 (*518) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ട്

ശ്രീ. പി.ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായുള്ള വരുമാനപരിധി എത്രയാണ്;

(ബി) ഇത് എന്നാണ് നിർണ്ണയിച്ചത്;

(സി) ഇത് പുനർനിർണ്ണയിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഗ്രൂപ്പ് ഒന്നിന് 36,000 രൂപയും ഗ്രൂപ്പ് രണ്ടിന് 42,000 രൂപയുമാണ്.

(ബി) 1994 ൽ.

(സി) ഈ വിഷയം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

### 15 (*519) ഫീസ് നിരക്ക് ഏകീകരിക്കാൻ നടപടി

ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :

പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങളിൽ ഫീസ് നിരക്കുകൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ മേഖലയിലെ ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

16 (*520) "ഹിൽ ഹൈവേ"

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോരപ്രദേശങ്ങളെ ബന്ധപ്പെടുത്തി "ഹിൽ ഹൈവേ" നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) വളരെ അവികസിതമായി കിടക്കുന്ന മലയോരപ്രദേശങ്ങളെ കൂട്ടിയിണക്കി ഹൈവേ നിർമ്മിക്കുന്ന പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മലയോര പ്രദേശങ്ങളുടെ വികസനത്തിന് വളരെ പ്രധാനപ്പെട്ട ഹിൽ ഹൈവേകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ)-(ഇ) തിരുവനന്തപുരം ജില്ലയിലെ കടുക്കറയിൽ തുടങ്ങി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവിൽ അവസാനിക്കുന്ന 700 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു നിർദ്ദിഷ്ട മലയോര ഹൈവേ ഗവൺമെന്റ് വിഭാവനം ചെയ്യുന്നുണ്ട്. 200 കിലോമീറ്റർ ദൈർഘ്യം പുതിയ റോഡുകൾ നിർമ്മിച്ചും ബാക്കി ഭാഗം നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തിയുമാണ് സംസ്ഥാന ഹൈവേയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ റോഡ് നിർമ്മിക്കുക. ഈ റോഡിന് കിലോമീറ്ററിന് 50 ലക്ഷം രൂപ ചെലവു വരും, ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടില്ല. മലയോര പ്രദേശ വികസനം ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഹിൽ ഹൈവേ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

17 (*521) ആദിവാസികൾക്ക് കൈവശാവകാശരേഖ നൽകുവാൻ പദ്ധതി

ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്ത് അവർക്ക് കൈവശാവകാശ രേഖ നല്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്ത് അവർക്ക് കൈവശാവകാശരേഖ നൽകുവാൻ നടപടിയെടുക്കുമോ;

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ)-(സി) ഉണ്ട്. 1980 ന് മുൻപ് വനഭൂമി കൈവശം വച്ചിരുന്ന പട്ടിക വർഗ്ഗക്കാരായ കുടുംബങ്ങൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി അവർ കൈവശം വയ്ച്ചു വരുന്ന വനഭൂമിക്ക് കൈവശ രേഖ നൽകുന്നതിന് 97-ൽ ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കൈവശരേഖ നൽകിവരുന്നു.

### 18 (*522) സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ കമ്മീഷന് വൈദ്യുതി വിതരണ രംഗത്തുള്ള നിയന്ത്രണാധികാരങ്ങൾ എന്തൊക്കെയാണ്;

(സി) കമ്മീഷൻ നിലവിൽ വന്നിട്ടില്ലെങ്കിൽ ഇത്തരം ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നകാര്യം ആലോചനയിലുണ്ടോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ):

(എ) ഉണ്ട്.

(ബി)&(സി) റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

### 19 (*523) സ്കൂളുകളിലെ കായിക പരിശീലനം

ശ്രീ. എം. ദാസൻ :
ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ കായികശേഷി പരിശോധിക്കുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികളുടെ കായികശേഷി പരിപോഷിപ്പിക്കുന്നതിന് സ്കൂളുകളിൽ കൂടുതൽ കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂളുകളിൽ കായിക പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ സ്കൂളുകളിലും ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ എന്നീ കളികളിൽ പ്രോത്സാഹനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സ്കൂളുകളിൽ ആഴ്ചയിൽ ഒരു ദിവസം കായിക പരിശീലനത്തിനുവേണ്ടി ഒരു പീരിയഡ് നിർബന്ധമായും നീക്കിവയ്ക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) വിദ്യാഭ്യാസവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ 97-98 കാലയളവിൽ സംസ്ഥാനത്തുള്ള 19 സ്കൂളുകളിലും 97-98 കാലയളവിൽ സംസ്ഥാനത്തുള്ള 110 സ്കൂളുകളിലും കുട്ടികളുടെ കായികശേഷി പരിശോധിച്ച് വിവിധ ഗയിമുകൾക്കും അത്‌ലറ്റിക്സ്, നീന്തൽ മുതലായവയ്ക്കും പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ 99-2000 കാലയളവിൽ സംസ്ഥാനത്തുള്ള 16 സ്കൂളുകളിൽകൂടി ഈ കായിക പരിശീലന പദ്ധതി തുടങ്ങുന്നതിനായി നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. ഈ കായിക പരിശീലന പദ്ധതി വിജയകരമായി നടത്തുന്നതിന് 19 സ്കൂളുകൾക്ക് 99-2000 കാലയളവിൽ 6,86,375 രൂപയും 110 സ്കൂളുകൾക്ക് 30,11,250 രൂപയും അനുവദിച്ചു കഴിഞ്ഞു. കൂടാതെ 16 സ്കൂളുകൾക്ക് 99-2000 കാലയളവിൽ 1,48,000 രൂപ അനുവദിക്കുന്നതിനായി പ്രാരംഭനടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. കൂടാതെ പരിശീലന പദ്ധതി വിദ്യാഭ്യാസ വകുപ്പിന്റെ തുടർ പരിശീലന പദ്ധതിയാണ്. ഇതിലൂടെ 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കാനും വിവിധ മത്സരങ്ങളിൽ അത് തെളിയിക്കാനും കഴിയുന്നു. ഈ പദ്ധതിമുഖേന ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് പൂർണ്ണ പ്രയോജനം ലഭ്യമാകുന്നു.

(ബി) ഈ നിർദ്ദേശം കെ.ഇ.ആർ. കമ്മിറ്റിയുടെ പരിഗണനയിലാണ്.

(സി) ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അർഹതയുള്ള സ്കൂളുകളെ കണ്ടുപിടിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു വരുന്നു. വിദ്യാഭ്യാസവകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന അത്‌ലറ്റിക്സ് മീറ്റുകളിലും മറ്റും വളരെയധികം നേട്ടങ്ങൾ കരസ്ഥമാക്കിയ 35 സ്കൂളുകൾക്ക് 98-99 കാലയളവിൽ 15000 രൂപ മുതൽ 1,00,000 രൂപ വരെ പരിശീലനത്തിന് ആവശ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായവും നടൽകുകയുണ്ടായി. ഇതുകൂടാതെ കായിക യുവജനകാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും 100% കായിക ക്ഷമതാ പരിപാടി ഈ വർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ കായികശേഷി പരിശോധിക്കുവാനും മതിയായ കായികശേഷിയില്ലെങ്കിൽ അത് മെച്ചപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനുമുള്ള മാർഗ്ഗങ്ങളെപ്പറ്റി കുട്ടികളെ ഉദ്ബുദ്ധരാക്കുവാനും ക്രിയാത്മകമായ സൗകര്യങ്ങൾ നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതി പ്രാരംഭമായി അടുത്ത മാസം തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുവാനാണുദ്ദേശിക്കുന്നത്.

(ഡി) വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ മൊത്തത്തിൽ എല്ലാ ഗെയിംസിനും അത്‌ലറ്റിക്സിനും നീന്തലിനും പ്രോത്സാഹനം നൽകുന്നു. കൂടാതെ അതാത് മേഖലകളിൽ പ്രസിദ്ധമായ ഇനങ്ങൾക്കും പ്രോത്സാഹനം നൽകുന്നുണ്ട്. കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ സ്കൂളുകളിൽ ഫുട്ബോൾ,

LIBRARY ARCHIVES Kerala Legislative Assembly

വോളീബോൾ, ബാഡ്മിന്റൺ എന്നീ കളികൾക്ക് ഇപ്പോൾ പ്രോത്സാഹനം നൽകുന്നില്ല.

(ഇ) കായിക പരിശീലനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സ്കൂളുകളിൽ 5 മുതൽ 8 വരെ ക്ലാസ്സുകളിൽ ആഴ്ചയിൽ രണ്ട് പീരിയഡും 9,10, ക്ലാസ്സുകളിൽ ആഴ്ചയിൽ ഒരു പീരിയഡും ഇപ്പോൾത്തന്നെ നിലവിലുണ്ട്.

**20 (*524) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജപ്തി നടപടികൾ നേരിടുന്ന സംഘങ്ങളെ പീഡിത സംഘങ്ങളുടെ പട്ടികയിൽപ്പെടുത്തി കടങ്ങൾ എഴുതിത്തള്ളുവാനും പുനർവായ്പ നല്കുവാനും നടപടി സ്വീകരിക്കുമോ;

(സി) സംഘങ്ങൾക്ക് നൽകിവരുന്ന പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുമോ;

(ഡി) പ്രവർത്തനരഹിതമായ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനായി ഗ്രാന്റ് നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഗവൺമെന്റിൽനിന്നും പട്ടികസമുദായക്കാർക്കുള്ള എല്ലാ സഹായങ്ങളും പട്ടികജാതി-വർഗ്ഗ സംഘങ്ങൾ മുഖേന നല്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ജനകീയാസൂത്രണ പദ്ധതിയിൽ എസ്.സി/എസ്.ടി. സംഘങ്ങളെ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

പിന്നോക്കപട്ടിക . സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരത്തെ ഇൻസ്റ്റിട്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(സി)&(ഡി) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ സംബന്ധിച്ച പഠനറിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) എല്ലാ സഹായങ്ങളും സംഘങ്ങൾവഴി നൽകുക എന്നത് പ്രായോഗികമല്ല.

(എഫ്) ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### 21 (*525) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്നാണ് നിലവിൽ വന്നത്;

(ബി) ഇപ്പോൾ ഈ യൂണിവേഴ്സിറ്റിയിൽ ബിരുദ ബിരുദാനന്തര പഠനത്തിനും, ഗവേഷണത്തിനും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിൽ ഉള്ളത്;

(സി) അപ്ലൈഡ് സയൻസ്, ടെക്നോളജി, ഇൻഡസ്ട്രി, കോമേഴ്സ്, മാനേജ്മെന്റ്, സോഷ്യൽ സയൻസ് എന്നിവയിൽ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സൗകര്യങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) യൂണിവേഴ്സിറ്റിയുടെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം യൂണിവേഴ്സിറ്റി കാമ്പസിനു പുറത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ഇ) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(എഫ്) ഇത് യൂണിവേഴ്സിറ്റികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ് എന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) 10.7.71 ന് നിലവിൽ വന്നു.

(ബി) വിപുലമായ രീതിയിൽ എല്ലാ തരത്തിലും വളരെ ആധുനികമായ സൗകര്യങ്ങളുണ്ട്. മികച്ച അദ്ധ്യാപകർ ആധുനിക ബുക്കുകളുടെ ശേഖരം മികച്ച ലാബറട്ടറി എന്നീ സൗകര്യങ്ങൾ നിലവിലുണ്ട്.

(സി) മറ്റു യൂണിവേഴ്സിറ്റികളിൽനിന്നും വ്യത്യസ്തമായി മികച്ച അദ്ധ്യാപകരും ലൈബ്രറി, ലാബ് സൗകര്യങ്ങളും ഈ യൂണിവേഴ്സിറ്റിയിലുണ്ട്.

(ഡി) ആലപ്പുഴയിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണക്കുറവും പ്രൊഫഷണൽ കോഴ്സുകളോടുള്ള വിദ്യാർത്ഥികളുടെ ആഭിമുഖ്യവും കണക്കിലെടുത്താണ് അവിടെ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ തീരുമാനിച്ചത്.

(എഫ്) ഇല്ല. ഉദിക്കുന്നില്ല.

### 22 (*526) ദേശീയ പുനർനിർമ്മാണ സേന

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്രമാനവവിഭവശേഷി വകുപ്പിന് കീഴിൽ യുവജനങ്ങൾക്കായി ദേശീയ പുനർ നിർമ്മാണ സേനയുടെ പ്രവർത്തനം ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ദേശീയ പുനർനിർമ്മാണസേന രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ഇതേക്കുറിച്ച് സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഡി) കേന്ദ്രമാനവവിഭവ വകുപ്പിന് കീഴിൽ നടക്കുന്ന ഈ പ്രവർത്തനത്തിൽ സംസ്ഥാനത്തെ മുഴുവൻ യുവജനവിഭാഗങ്ങളെയും പങ്കെടുപ്പിക്കുന്നതിനും എല്ലാ കക്ഷിയിലുംപെട്ട യുവജനനേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ദേശീയ പുനർനിർമ്മാണ സേനയുടെ പ്രവർത്തനം, സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് സമാന്തരമാണെന്ന വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ) ഉണ്ട്. രാഷ്ട്ര പുനർനിർമ്മാണ വാഹിനിയുടെ ഔപചാരികമായ ഉദ്ഘാടനം 30.6.99-ൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടന്നു. രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ യുവജനങ്ങളുടെ വൻതോതിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ്. കേന്ദ്രയുവജനകാര്യ സ്പോർട്സ് വകുപ്പ് പ്രസ്തുത സേന രൂപീകരിച്ചിരിക്കുന്നത് എന്നാണ് അറിയാൻ കഴിയുന്നത്. മെട്രിക്കുലേഷൻ പാസായ 100 യുവതീ യുവാക്കളെയാണ് വാഹിനിയംഗങ്ങളായി തെരഞ്ഞെടുക്കുക. ഇതിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു ഉപദേശക സമിതിയും, ജില്ലാ കളക്ടർ ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കും. തുടക്കമെന്ന നിലയിൽ രാജ്യത്തെ 80 ജില്ലകളിലാണ് രാഷ്ട്രപുനർ നിർമ്മാണ വാഹിനിയുടെ പ്രവർത്തനം തുടങ്ങുന്നത്. കേരളത്തിൽ വയനാടും കാസർഗോഡും ഇതിനായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിരിക്കുകയാണ്.

(ബി)&(സി) ഇല്ല. സംസ്ഥാന സർക്കാരുമായി ഇക്കാര്യം മുൻകൂട്ടി ആലോചിക്കാതിരിക്കുന്നതിനാൽ സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിനോടാലോചിക്കാതെ കേന്ദ്രസർക്കാർ തുടങ്ങിയ പദ്ധതി ആയതിനാൽ ഇതിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഇ) കേന്ദ്ര യുവജനകാര്യ സ്പോർട്സ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നെഹ്റു യുവജന കേന്ദ്രയുടെ മേൽനോട്ടത്തിലാണ് ഇപ്പോൾ ദേശീയ പുനർ നിർമ്മാണ വാഹിനിയുടെ പ്രവർത്തനം നടത്തുന്നത് എന്ന് അറിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1 (3130) ആദിവാസി കോളനികൾ

ശ്രീ. കെ.പി. വിശ്വനാഥൻ :
ഡോ: എം.എ. കുട്ടപ്പൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി കോളനികളും സെറ്റിൽമെന്റുകളുമുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിൽ വൈദ്യുതിയും ശുദ്ധജലവും നൽകുന്നതിനുള്ള സൗകര്യമുണ്ട്;

(സി) ബാക്കി സ്ഥലങ്ങളിൽ ഇവയെത്തിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഡി) ഇതിനു വേണ്ടി ഘട്ടം ഘട്ടമായുള്ള പരിപാടിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) 3945 പട്ടിക വർഗ്ഗ കോളനികളും സെറ്റിൽമെന്റുകളുമുണ്ട്.

(ബി) 1155 കോളനികളിൽ വൈദ്യുതിയും, 3023 കോളനികളിൽ ശുദ്ധജലവും നൽകുന്നതിനുള്ള സൗകര്യമുണ്ട്.

(സി) വൈദ്യുതി ബോർഡിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി വൈദ്യുതി ലഭ്യമല്ലാത്ത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനും 'കിണറുകളും ശുദ്ധജല വിതരണവും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രസഹായത്തോടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിന് കിണർ കുഴിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ചും ത്രിതല പഞ്ചായത്ത് മുഖേനയും ശുദ്ധജല വിതരണത്തിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

### 2 (3131) ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ആദിവാസിമേഖലകളിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഈ വികസനപ്രവർത്തനങ്ങളിൽ കരാറുകാരും ഉദ്യോഗസ്ഥന്മാരും ചേർന്ന് അഴിമതിയും തട്ടിപ്പും നടത്തിയെന്ന ആരോപണം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇതെപ്പറ്റി അന്വേഷിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട്, അട്ടപ്പാടി, മൂന്നാർ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഓരോ മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്കായി ഒരു ആരോഗ്യ പദ്ധതി ആരംഭിച്ചു. പുറമ്പോക്കിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസപദ്ധതി, ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി, ഐ.ടി.ഐ. പാസായ പട്ടികവർഗ്ഗയുവതീ-യുവാക്കൾക്ക് അഡീഷണലായി അപ്രന്റീസ്ഷിപ്പ് നൽകുന്ന പദ്ധതി എന്നിവ ആരംഭിച്ചു. സോഷ്യൽ ആക്ടിവിസ്റ്റുകൾ, ഹെൽത്ത് വർക്കർമാർ എന്നിവയുടെ നിയമനം പട്ടികവർഗ്ഗ പുനരധിവാസ പദ്ധതികളുടെ നവോത്ഥാനത്തിനുതകുന്ന പ്രത്യേക പരിപാടികൾ എന്നീ വികസന പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി നടപ്പാക്കിയിട്ടുണ്ട്. അതു കൂടാതെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചു. ഭവന നിർമ്മാണ പദ്ധതികൾക്കുള്ള തുക വർദ്ധിപ്പിക്കുകയും ഭവനനിർമ്മാണം ദ്രുതഗതിയിലാക്കുകയും ചെയ്തു. തിരുനെല്ലി പഞ്ചായത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

### 3 (3132) "ആദിവാസികളുടെ ആരോഗ്യ ക്ഷേമം"

ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിന്റെ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ ക്ഷേമപദ്ധതികളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ പരിപാലന കാര്യത്തിൽ ആദിവാസികളെ ബോധവൽക്കരിക്കുന്നതിനും അത്യാവശ്യ ചികിത്സകൾ നൽകുന്നതിനുമായി ഇടുക്കി, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ 123 ഹെൽത്ത് വർക്കർമാരെ നിയമിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ നിയമിക്കപ്പെട്ട 300 സോഷ്യൽ ആക്ടിവിസ്റ്റുകളും ഇക്കാര്യത്തിൽ ആദിവാസികളെ സഹായിക്കുന്നുണ്ട്. അട്ടപ്പാടി ആരോഗ്യ പദ്ധതിയോടനുബന്ധിച്ച് ഒരു ഒ.പി. ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. ജി.എ.ഡി. കളുടേയും എം.എം. യൂണിറ്റുകളുടെയും എ.എൻ.എം. സെന്ററുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുകയുണ്ടായി.

കൂടാതെ ഈ വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ട്രൈബൽ സബ് പ്ലാനിൽ ആവശ്യമായ തുകയും വകയിരുത്തി വരുന്നു.

(ബി) പട്ടികവർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിന് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ ഹെൽത്ത് ഗൈഡുകളായും, സോഷ്യൽ ആക്ടിവിസ്റ്റുകളായും നിയമിച്ചിട്ടുള്ള പട്ടിക വർഗ്ഗ യുവതീയുവാക്കൾ, പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുന്നുണ്ട്. മെഡിക്കൽ ക്യാമ്പുകളിൽകൂടിയും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സന്ദർശന വേളകളിലും ആദിവാസികളുടെ ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നു.

### 4 (3133) കിർത്താഡ്സിന്റെ പ്രവർത്തനം

<u>ശ്രീ. ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിട്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് എന്ന സ്ഥാപനത്തിൽ മൊത്തം എത്ര ജീവനക്കാരാണുള്ളതെന്നും അതിനു വേണ്ടി കഴിഞ്ഞ മൂന്നു വർഷമായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) കിർത്താഡ്സിന്റെ പ്രധാന ചുമതലകൾ എന്തെല്ലാം;

(സി) ഏതെങ്കിലും സമുദായങ്ങളെ പുതിയതായി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കിർത്താഡ്സ് ശുപാർശ ചെയ്തിരുന്നുവോ;

(ഡി) എങ്കിൽ ഏതെല്ലാം സമുദായങ്ങളെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) അതിനാധാരമായുള്ള കിർത്താഡ്സിന്റെ നിഗമനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിർത്താഡ്സിൽ മൊത്തം 53 ജീവക്കാരുണ്ട്.

<u>ചെലവായ തുക</u>

| വർഷം | പദ്ധതി | പദ്ധതിയേതരം |
|---|---|---|
| 1996-97 | 28,73,878 | 30,85,964 |
| 1997-98 | 0,23,145 | 28,39,300 |
| 1998-99 | 51,99,571 | 30,61,709 |

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംസ്കാരം, ജീവിതരീതി, വിദ്യാഭ്യാസം, മറ്റു സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചെല്ലാം അടിസ്ഥാനപരമായ ഗവേഷണ പഠനങ്ങൾ നടത്തി അവരുടെ നാനാമുഖമായ പുരോഗതിക്ക് ആവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകുക, അത്തരം വികസന പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പരിപാടികൾ നടത്തുക, അവരുടെ അവകാശങ്ങളെപ്പറ്റി പട്ടികജാതി-പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗക്കാരായ ഗുണഭോക്താക്കളിൽ ബോധവൽക്കരണം നടത്തുക, നടപ്പിലാക്കിയിട്ടുള്ളതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ വികസനപ്രവർത്തനങ്ങളെപ്പറ്റി അവരുടെ അവകാശങ്ങളെപ്പറ്റി വിലയിരുത്തൽ പഠനം നടത്തി അവയ്ക്കുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ച് ഭാവിപരിപാടികൾ കുറ്റമറ്റരീതിയിൽ പ്രാവർത്തികമാക്കേതെങ്ങനെയെന്ന് നിർദ്ദേശിക്കുക. പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാൻവേണ്ടി അന്യസമുദായക്കാർ വ്യാജജാതി പ്രഖ്യാപിക്കുന്നതിന്മേൽ പൊതുവായ നരവംശശാസ്ത്ര റിപ്പോർട്ടുകൾ തയ്യാറാക്കി നുഴഞ്ഞുകയറ്റം തടയുന്നതിന് നടപടികൾ നിർദ്ദേശിക്കുക. തുടങ്ങിയവയാണ് കിർത്താഡ്സിന്റെ പ്രധാനപ്രവർത്തനങ്ങൾ.

(സി) ചെയ്തിരുന്നു.

(ഡി) പൊതുതാല്പര്യം മുൻനിർത്തി വെളിപ്പെടുത്താനാവില്ല.

### 5 (3134) പട്ടിക വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള വായ്പ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക-വർഗ്ഗ കുടുംബങ്ങളെ ഭൂവുടമകളാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കൃഷിഭൂമി വായ്പയ്ക്ക് മൊത്തം എത്ര അപേക്ഷകൾ ലഭിച്ചു; ഒരോ ജില്ലയിലും എത്ര വീതം;

(ബി) ഇതിനകം ഓരോ ജില്ലയിലും എത്രപേർക്ക് വീതം ഈ വായ്പ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മൊത്തം എത്ര തുക വായ്പയായി നൽകുന്നുണ്ടെന്നും ഇതിൽ എത്ര തുക സബ്സിഡിയായി അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ലഭിച്ച അപേക്ഷകളിന്മേൽ മുഴുവനും സമയബന്ധിതമായ തീരുമാനമെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 18040 അപക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1-ൽ† കൊടുത്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 2ൽ† കൊടുത്തിട്ടുണ്ട്.

(സി) ഒരു ലക്ഷത്തി അൻപതിനായിരം രൂപ വായ്പാ തുകയായി നൽകുന്നുണ്ട്. ഇതിൽ 50,000 രൂപ സബ്സിഡിയാണ്.

† അനുബന്ധം III (1,2)



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ ജില്ലയിലും അപേക്ഷകരെ കൂടിക്കാഴ്ച നടത്തി അർഹത നിശ്ചയിച്ചുവരുകയാണ്. ഇതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്.

**6 (3135) പട്ടികജാതി-പട്ടികവർഗ്ഗത്തിന് സർക്കാർ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെ പ്രയോജനം**

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെ വലിയൊരു ഭാഗത്തിന്റെ പ്രയോജനം മുൻകാലങ്ങളിൽ അവർക്ക് ലഭിക്കാത്തത് സംബന്ധിച്ച് നിയമസഭാ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ ഇതിനകം സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) സർവീസിൽ നിന്ന് റിട്ടയർ ചെയ്തിട്ടുള്ളവരും ഇപ്പോൾ സർവീസിൽ ഇരിക്കുന്നവരുമായ വിവിധ വകുപ്പുദ്യോഗസ്ഥന്മാരുടെ പിന്തുണയോടെയാണോ വെട്ടിപ്പുകൾ നടന്നത്; എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പങ്കിനെ സംബന്ധിച്ച് ഇതുവരെ സർക്കാർ എന്തെല്ലാം അന്വേഷണങ്ങളും നടപടികളുമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് എതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഉണ്ട്. വയനാട് ജില്ലയിൽ 1995-96 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ ഫുഡ് സപ്പോർട്ട് പ്രോഗ്രാമിൽ അഴിമതി ഉണ്ടെന്നു കണ്ടെത്തിയതിനെത്തുടർന്ന് ബന്ധപ്പെട്ട നൂൽപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറായ ശ്രീ. സി.വി. പീതാംബരനെ സസ്പെന്റു ചെയ്യുകയുണ്ടായി. കൂടാതെ അഴിമതിക്ക് സാഹചര്യം സൃഷ്ടിച്ചു എന്നു കണ്ടെത്തിയതിനെ തുടർന്നു മുൻപ് സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറായ ശ്രീ. ഇ.ജി. ജോസഫിന് എതിരായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫുഡ് സപ്പോർട്ട് പ്രോഗ്രാം നടത്തിപ്പിൽ വന്ന ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരുന്നു. ക്ഷേമ പദ്ധതി നടത്തിപ്പിൽ വീഴ്ചയും അഴിമതിയും നടത്തി എന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ സർവീസ് ചട്ടങ്ങൾ അനുശാസിക്കുന്ന അന്വേഷണവും, വിജിലൻസ് അന്വേഷണവും നടത്തുകയും, കുറ്റക്കാരുടെമേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി പട്ടികജാതി വികസന വകുപ്പിൽ 24 പേരെയും പട്ടിക വർഗ്ഗ വികസന വകുപ്പിൽ 33 പേരെയും അന്വേഷണവിധേയമായി സസ്പെന്റു ചെയ്യുകയുണ്ടായി. നിരവധി ഉദ്യോഗസ്ഥന്മാരുടെപേരിൽ അച്ചടക്ക നടപടികൾ കൈക്കൊണ്ടു. ഒരു ജോയിന്റ് ഡയറക്ടറെ സർവീസിൽ നിന്നും നീക്കം ചെയ്യുകയും നിരവധി പേർക്ക് മറ്റു ശിക്ഷകൾ നൽകുകയും ചെയ്തു. 10 പേരുടെ പേരിൽ അന്വേഷണം നടന്നുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രയോജനം അവർക്കു തന്നെ ലഭിക്കുന്നതിനു ഉറപ്പാക്കുന്ന തരത്തിലുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായാൽ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

7 (3136) **പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കുള്ള പ്രത്യേക ചികിത്സാ സഹായ പദ്ധതി**

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കുള്ള പ്രത്യേക ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി ആകെ എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രപേർക്ക് ചികിത്സാസഹായം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ആകെ എത്രരൂപ ഈ ഇനത്തിൽ വിതരണം ചെയ്യുകയുണ്ടായി;

(ഡി) ഈ ചികത്സാ സഹായ പദ്ധതിയനുസരിച്ച് പരമാവധി എത്ര രൂപവരെയാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനുവേണ്ടി 1327 പട്ടികജാതിക്കാരിൽനിന്നും, 110 പട്ടിക വർഗ്ഗക്കാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട 1088 പേർക്കും, പട്ടികവർഗ്ഗത്തിൽപ്പെട്ട 60 പേർക്കും ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

(സി) 55,97,000 രൂപ വിതരണം ചെയ്തു.

(ഡി) ഉത്തരം 'എ' യിൽ സൂചിപ്പിച്ച പദ്ധതിയനുസരിച്ച്, പരമാവധി 25,000/- രൂപവരെ ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്.

8 (3137) **ജനകീയാസൂത്രണ പരിപാടിയിൽ പട്ടികജാതി/വർഗ്ഗക്കാരുടെ ഉന്നമനത്തിന് നീക്കി വച്ച തുക**

ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിൽ ജനകീയാസൂത്രണ പരിപാടികളുടെ ഭാഗമായി പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പിന്നോക്കവിഭാഗങ്ങളുടെയും ഉന്നമനത്തിനു വേണ്ടി എന്തുതുക നീക്കിവച്ചു;

(ബി) അതിൽ എന്തു തുക ചെലവഴിച്ചു;

(സി) ഈ ജനവിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2,33,300 ലക്ഷം രൂപ.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**9 (3138) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ ഉദ്ധരിക്കുവാനുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ പട്ടികജാതി വിഭാഗക്കാർക്ക് പ്രവേശനം ലഭിക്കുന്നവിധം അവർക്കുവേണ്ടി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഏർപ്പെടുത്താനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം സംബന്ധിച്ച ഒരു ധവളപത്രം പ്രസിദ്ധീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെയും അടിയപണിയ വിഭാഗത്തിൽപ്പെട്ടവരുടെയും ഉന്നമനത്തിനായുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിപ്പിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശന പരീക്ഷയ്ക്കുവേണ്ട പരിശീലന ക്ലാസ്സുകൾ നടത്തുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പി.ഇ.ടി.സി. മുഖേന നടത്തുന്ന പരിശീലനത്തിന് പട്ടികവർഗ്ഗക്കാരെ കൂടി ഉൾപ്പെടുത്താറുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**10 (3139) എൽ.ബി.എസ്., റിപ്രോഗ്രാഫിക് സെന്റർ, ഐ.എച്ച്.ആർ.ഡി.ഇ. തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന് നിയന്ത്രണമുള്ള എൽ.ബി.എസ്., റിപ്രോഗ്രാഫിക് സെന്റർ, ഐ.എച്ച്.ആർ.ഡി.ഇ. തുടങ്ങിയ ആട്ടോണമസ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാരിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ജീവനക്കാർ വീതമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ആകെ ജീവനക്കാരുടെ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംവരണതത്വം പാലിച്ചിട്ടില്ലെങ്കിൽ അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) സംവരണ തത്വങ്ങൾ ശരിയായി പാലിക്കപ്പെടുന്നില്ലെന്നാണ് മനസ്സിലായിട്ടുള്ളത്.

(ബി) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ 43 പട്ടിക ജാതിക്കാരും ഐ.എച്ച്.ആർ.ഡി.ഇ. യിൽ 51 പട്ടിക ജാതിക്കാരും ഒരു പട്ടിക വർഗ്ഗ ജീവനക്കാരനും എൽ.ബി.എസി ൽ 5 പേർ പട്ടികജാതി വിഭാഗത്തിലു ള്ളവരാണ്.

(സി) ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ 4.41 ശത മാവും ഐ.എച്ച്.ആർ.ഡി.ഇ. യിൽ 6.45 ശതമാനവും എൽ.ബി.എസിൽ 5 ശതമാനവുമാണ്.

(ഡി) സംവരണതത്വം ശരിയായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരു ത്താൻ വാർഷിക അവലോകനം നടത്തി കുറവ് നികത്താൻ വേണ്ട നടപടി കൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.

11 (3140) **പട്ടികജാതി - പട്ടികവർഗ്ഗ നിയമ വിദ്യാർത്ഥികൾ**

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീമതി എൻ.കെ രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിയമ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാനും പ്രസ്തുത വിഭാ ഗങ്ങളിലെ നിയമവിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനും സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ നിയമവിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഡോക്ടർ അംബേദ്കർ സ്മാരക സ്വർണ്ണമെഡൽ നൽകാൻ തീരു മാനിച്ചുവോ; എങ്കിൽ എന്ന്;

(ഡി) സംസ്ഥാനത്ത് ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത മെഡൽ നൽകി എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പ്രീ-ഡിഗ്രി, പ്ലസ്-ടു എന്നീ പരീക്ഷകളിൽ കൂടുതൽ മാർക്കോടെ വിജയികളാകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുകൂടി ഡോ. അംബേദ്കർ സ്മാരക സ്വർണ്ണമെഡൽ നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിൽ ഓരോന്നിലും ഓരോ വർഷവും ഒന്നാം റാങ്ക് നേടി പാസ്സാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 17/1/1998-ലെ സർക്കാർ ഉത്തരവ് പ്രകാരവും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 23/9/1998-ലെ സർക്കാർ ഉത്തരവ് പ്രകാരവും ഒരു പവൻ വീതം വരുന്ന സ്വർണ്ണ മെഡൽ (ആകെ 4 മെഡൽ) നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മൂന്ന് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

(ഇ) എസ്.എസ്.എൽ.സി.ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട ഓരോ ആൺകുട്ടിക്കും ഓരോ പെൺകുട്ടിക്കും (ആകെ 4 എണ്ണം) മുഖ്യമന്ത്രിയുടെ പേരിൽ 1000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നുണ്ട്. ഇതല്ലാതെ എസ്.എസ്.എൽ.സി.ക്കും പ്രീഡിഗ്രിക്കും പ്ലസ്-ടുവിനും മറ്റവാർഡുകൾ നൽകുന്നകാര്യം പരിഗണനയിൽ വന്നിട്ടില്ല.

### 12 (3141) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ പദ്ധതി

<u>ശ്രീ. പി.കെ. കുമാരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഇപ്പോൾ 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തിയതുപോലെ 8,9 ക്ലാസ്സുകളിൽ കൂടി പ്രത്യേക ട്യൂഷൻ പദ്ധതി തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

<u>ഉത്തരം</u>

ഇക്കാര്യം പരിശോധിച്ചു വരുന്നു.

### 13 (3142) പിന്നോക്ക പട്ടികജാതി കോളനികളിൽ പ്രവർത്തിച്ചു വരുന്ന ഐ.ടി.സി. കളിലുള്ള കോഴ്സുകൾ

<u>ശ്രീ. എ. അലി ഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടികജാതി കോളനികളിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.സി.കളിൽ ഇപ്പോൾ ഏതെല്ലാം പരിശീലന കോഴ്സുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും കോഴ്സുകൾ കൂടി തുടങ്ങാൻ ഉദ്ദേശം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വേണ്ടുവോളം സ്ഥലസൗകര്യമുള്ള ശ്രീനിവാസപുരം കോളനിയിൽ ഒരു പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്ലംബർ, കാർപെന്റർ, കട്ടിംഗ് ആന്റ് ടെയിലറിംഗ്, പെയിന്റർ (ജനറൽ) ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, മെക്കാനിക്-മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ-സിവിൽ, മെക്കാനിക് റേഡിയോ

LIBRARY ARCHIVES Kerala Legislative Assembly

ആന്റ് ടെലിവിഷൻ, വെൽഡർ എന്നീ പരിശീലന കോഴ്സുകളാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) 1999-2000 അദ്ധ്യയനവർഷം മുതൽ സർവേയർ കോഴ്സ് തുടങ്ങുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ 5 പോളിടെക്നിക്കുകൾ നിലവിലുണ്ട്. പോളിടെക്നിക്കുകൾ കുറവുള്ള ജില്ലകൾക്ക് മുൻഗണന നൽകുക എന്നതാണ് സർക്കാരിന്റെ നയം.

**14 (3143) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഓരോ കുട്ടിക്കും എത്ര രൂപ വീതമാണ് ഭക്ഷണത്തിന് നൽകുന്നത്;

(ബി) ഭക്ഷണം നൽകുന്നതിൽ ക്രമക്കേടുകൾ നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കുറ്റവാളികൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രതിമാസം 500/- രൂപ വീതം നൽകുന്നുണ്ട്.

(ബി) ഇല്ല.

(സി)& (ഡി)ബാധകമല്ല.

**15 (3144) വീട് നശിപ്പിച്ച സംഭവം**

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ കിരമ്പാറ വില്ലേജിൽ 8-ാം വാർഡിൽ താമസിക്കുന്ന പനയ്ക്കായത്ത് വീട്ടിൽ കുഞ്ഞിരാമൻ ഭാര്യ വത്സ എന്ന സ്ത്രീക്ക് പട്ടികജാതി വകുപ്പിൽനിന്നും 1993ൽ കിരമ്പാറ പഞ്ചായത്തിൽ നൽകിയ 4 സെന്റ് ഭൂമിയും വീടും ആരെങ്കിലും നശിപ്പിച്ചതായി പരാതി സർക്കാരിൽ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത വീട് നശിപ്പിച്ചത് ആരെല്ലാം ചേർന്നാണ് എന്ന് പരാതിയിൽ പറഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത വ്യക്തികൾക്കെതിരെ പോലീസ് ഡിപ്പാർട്ടുമെന്റുവഴി എന്തു നടപടിയാണ് ഹരിജനക്ഷേമ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സംഭവത്തിൽ കോതമംഗലം പോലീസ് അന്വേഷണം നടത്തി ഐ.പി.സി., പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ പ്രകാരം എറണാകുളം സെഷൻസ് കോടതിയിൽ 366/98 ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യത്തിൽ ലഭിച്ച പരാതി അടിയന്തിര നടപടിക്കായി ആലുവ റൂറൽ പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുത്തിട്ടുണ്ട്.

**16 (3145) പമ്പാവാലി - കിസുമം - നാറാണംതോട് പട്ടികജാതി കോളനികൾ വൈദ്യുതീകരണം**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടു കിടക്കുന്ന പമ്പാവാലി, കിസുമം - നാറാണംതോട് പട്ടികജാതി കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിന് സഹായിക്കുവാൻ പട്ടികജാതി വകുപ്പിലെ വർക്കിംഗ് ഗ്രൂപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പത്തനംതിട്ട ജില്ലയിൽ വർക്കിംഗ് ഗ്രൂപ്പിന് ഈ വർഷം വൈദ്യുതീകരണത്തിന് എത്രതുകയാണ് അനുവദിച്ചിരിക്കുന്നത്;

(സി) രണ്ടുവർഷം മുമ്പ് സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ജില്ലാ വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കാതിരുന്നതെന്തുകൊണ്ടാണ്?

ഉത്തരം

(എ) വൈദ്യുതീകരണ പ്രവർത്തിക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 38.25 ലക്ഷം രൂപ.

(സി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് 51% പട്ടികജാതിക്കാരില്ലാത്ത പ്രദേശമാകയാൽ എസ്.സി.പി.യിൽ ഉൾപ്പെടുത്തിയ മുഴുവൻ പ്രവർത്തിയും ചെയ്യുവാൻ നിർവാഹമില്ലായിരുന്നു. അതുകൊണ്ട്, ആവശ്യമായി വരുന്ന ചെലവിൽ 20% എസ്. സി.പി. ഫണ്ടിൽ നിന്നും ശേഷിക്കുന്ന 80% ജനറേറ്റഡ് ഫണ്ടിൽനിന്നും കണ്ടെത്തി പ്രവർത്തി ചെയ്യുവാനാണ് നിർദ്ദേശിച്ചത്. അതനുസരിച്ചാണ് ഇപ്പോൾ ഇക്കാര്യത്തിൽ നടപടി കൈക്കൊണ്ടുവരുന്നത്. മാത്രമല്ല എസ്.സി., എസ്.ടി. ജില്ലാതല കമ്മിറ്റിക്ക് പൊതുഫണ്ടിൽ നിയന്ത്രണവുമില്ല.

**17 (3146) പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ ഡയറക്ടറുടെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷ്യസാധനങ്ങൾ ഏത് രീതിയിലൂടെയാണ് വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) യഥാസമയം ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നതിനും ഇത് സംബന്ധമായ ആരോപണങ്ങൾ ഒഴിവാക്കുന്നതിനും കേന്ദ്രീകൃത രീതിയിൽ അതാത് ജില്ല ഓഫീസർമാർവഴി ക്വട്ടേഷൻ ക്ഷണിച്ചതിന് ശേഷമോ, മാവേലി സ്റ്റോർ, നീതി സ്റ്റോർ, ഹരിത തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ക്വാളിറ്റിയുള്ള സാധനങ്ങൾ വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ഹോസ്റ്റലുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് ത്രിതല പഞ്ചായത്ത് സംവിധാനം പ്രയോജനപ്പെടുത്തി ഇവയുടെ നടത്തിപ്പിന് ജനകീയ കമ്മറ്റി രൂപീകരണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ ഹോസ്റ്റലിനും ജനകീയ കമ്മിറ്റികൾ ഉണ്ടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ സാധനങ്ങൾ മാവേലിസ്റ്റോർ, നീതി സ്റ്റോർ, ത്രിവേണി ഡിപ്പാർട്ടുമെന്റൽ സ്റ്റോർ, സർക്കാർ അംഗീകൃത മറ്റ് സഹകരണ സംഘങ്ങൾ, ഹരിത തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, ഇത്തരം സ്ഥാപനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലാകട്ടെ മറ്റു കടകളിൽ നിന്ന് സാധനങ്ങൾ നേരിട്ടു വാങ്ങുകയുമാണ് ചെയ്യുന്നത്.

(ബി) ത്രിവേണി ഡിപ്പാർട്ടുമെന്റുകൾ, നീതി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, സർക്കാർ അംഗീകൃത സഹകരണ സംഘങ്ങൾ നടത്തുന്ന സ്റ്റോറുകൾ എന്നിവിടങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിന് ഇപ്പോൾ തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, എം.എൽ.എ.മാർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു ഉപദേശക സമിതി ഇപ്പോൾ നിലവിലുണ്ട്.

(ഡി) ഓരോ ഹോസ്റ്റലിലും ഉപദേശക സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

**18 (3147) സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷന് റീജിയണൽ ഓഫീസുകൾ**

<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പിട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷന് എത്ര റീജിയണൽ ആഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കൂടുതൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് എത്ര റീജിയണൽ ഓഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കോർപ്പറേഷന്റെ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ നാല് റീജിയണൽ ഓഫീസുകൾ ഉണ്ട്. അവ കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) എല്ലാ ജില്ലകളിലും ജില്ലാ ഓഫീസുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ കൂടുതൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുവാൻ തൽക്കാലം ഉദ്ദേശമില്ല. ഉടനെതന്നെ കോട്ടയം, കാസർഗോഡ് ജില്ലകളിൽ ഓരോ ജില്ലാ ഓഫീസുകൾ പ്രവർത്തിച്ചുതുടങ്ങും.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ 8 റീജിയണൽ ഓഫീസുകൾ ഉണ്ട്. അവ തിരുവനന്തപുരം, കോട്ടയം, പന്തളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് കണ്ണൂർ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഇടുക്കി, കാസർഗോഡ്, എറണാകുളം എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

19 (3148) "റാന്നി സായിപ്പൻകുഴിയിൽ ആദിവാസി കോളനിയിലെ ക്ഷേമം"

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പിട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലത്ത് റാന്നി നിയോജകമണ്ഡലത്തിലെ സായിപ്പൻകുഴി ആദിവാസി കോളനിയിൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ മുൻകൂട്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ;

(ബി) ക്ഷേമ നടപടികളുടെ ഭാഗമായി സായിപ്പൻകുഴിയിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരുന്നത്; ഇതിൽ ആരെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ;

(സി) റാന്നി നിയോജക മണ്ഡലത്തിലെ മുഴുവൻ ആദിവാസി കോളനികളിലും കാലവർഷത്തിൽ സൗജന്യ റേഷനും സൗജന്യ മൊബൈൽ ചികിത്സാ സഹായവും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിരുന്നു.

(ബി) ഇവിടെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കുന്നതിനുള്ള തുക അനുവദിച്ചിരുന്നു. അതുപ്രകാരം ഈ പ്രദേശത്ത് ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ മാസത്തേയും അവസാനത്തെ വ്യാഴാഴ്ച ആദിവാസി കോളനികളിൽ മെഡിക്കൽ പരിശോധന നടത്തണമെന്ന് ജില്ലയിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീ

LIBRARY ARCHIVES Kerala Legislative Assembly

സർ നിർദ്ദേശം നൽകിയിരുന്നു. ക്ഷേമ പദ്ധതിയുടെ നടത്തിപ്പിൽ ആരെങ്കിലും വീഴ്ച വരുത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ആവശ്യമുള്ള പ്രദേശങ്ങളിൽ സൗജന്യ റേഷൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

**20 (3149) തണ്ടാൻ സമുദായക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്**

<u>ശ്രീ. കെ. അച്ചുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തണ്ടാൻ സമുദായക്കാർക്ക് 1993-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേർക്ക് സർട്ടിഫിക്കറ്റ് നൽകി;

(സി) തണ്ടാൻ സമുദായത്തെപ്പറ്റി അന്വേഷണത്തിന് കിർത്താഡ്സ് എത്ര തുക ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ;

(ഡി) തണ്ടാൻ സമുദായ പ്രശ്നത്തിൽ കോടതിച്ചെലവായി എത്ര സംഖ്യ ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 67 പേർക്ക് പട്ടികജാതി (തണ്ടാൻ) സർട്ടിഫിക്കറ്റ് നൽകിയതായി സർക്കാരിനു റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) പ്രത്യേകമായി ഒന്നും ചെലവാക്കിയിട്ടില്ല.

(ഡി) തണ്ടാൻ കേസ്സുകൾ എന്ന പേരിൽ പ്രത്യേകമായി കേസ്സുകൾ നടത്തിയത് സുപ്രീം കോടതിയിൽ മാത്രമാണ്. സുപ്രീംകോടതിയിൽ അത്തരം കേസ്സുകൾക്കായി 53,982 രൂപ ചെലവായി.

**21 (3150) യുവജനക്ഷേമ പ്രവർത്തനങ്ങൾ**

<u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ് ഈ സാമ്പത്തികവർഷം എന്തെല്ലാം യുവജനക്ഷേമ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുവേണ്ടി എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ദേശീയോദ്ഗ്രഥന ക്യാമ്പ്, യുവജനങ്ങൾക്കുവേണ്ടിയുള്ള പ്രദർശനം, യുവജന തൊഴിൽ പരിശീലന പരിപാടികൾ, സാഹസിക പരിശീലന പരിപാടികൾ, കേരളോത്സവം എന്നിവയാണ് പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കായി 1.28 കോടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

22 (3151) **വീട് നിർമ്മിച്ചു നൽകൽ**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്തുകൾ മുഖേന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിവിധ ഡിപ്പാർട്ടുമെന്റ് വഴി എത്ര വീടുകൾ നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) 1991 മുതൽ 1996 വരെയുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള വീടുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതികളനുസരിച്ച് നൽകിയ വീടുകളുടെ കണക്ക് അനുബന്ധംI†, അനുബന്ധം II† എന്നിവയിൽ ചേർത്തിട്ടുണ്ട് മറ്റ് വകുപ്പുകളും ത്രിതല പഞ്ചായത്തുകളും നൽകിയ വീടുകളുടെ കണക്കും ശേഖരിച്ച് നൽകുന്നതാണ്.

23 (3152) **മഹിളാ സമാഖ്യ പദ്ധതി**

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മഹിളാ സമാഖ്യ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലുൾപ്പെടുത്തി എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കു കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ എന്തു സഹായം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ സ്ത്രീകൾക്ക് പ്രത്യേകിച്ച് ഗ്രാമീണ സ്ത്രീകൾക്ക് വിദ്യാഭ്യാസവും പുരോഗതിയും തൊഴിലവസരങ്ങളും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിളാ സമാഖ്യ. ഈ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിലും ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കിലും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങളെക്കുറിച്ച് ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്തുകളിലെ ജന

---

† അനുബന്ധം IV (1,2)

LIBRARY ARCHIVES Kerala Legislative Assembly

കീയാസൂത്രണ പ്രവർത്തകർ, വനിതാ സംഘടനകൾ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവരുമായി ചർച്ചകൾ നടത്തിവരുന്നു.

(സി) പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ കേരള മഹിള സമാഖ്യക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഇതിനകം 15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

### 24 (3155) 'നെക്ടൈ' നിരോധനം

ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ 'നെക്ടൈ' നിരോധിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 'നെക്ടൈ' ഉപയോഗിക്കുന്നുമൂലം കുട്ടികളിലുണ്ടാകുന്ന ശ്വാസകോശം, ത്വക്ക് രോഗങ്ങളെക്കുറിച്ചും മറ്റ് ദൂഷ്യഫലങ്ങളെക്കുറിച്ചും റീജിയണൽ ക്യാൻസർ സെന്റർ നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത വേനൽക്കാലം ആരംഭിക്കുന്നതിനുമുമ്പു തന്നെ 'നെക്ടൈ' നിരോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നില്ല.

(ബി) റീജിയണൽ കാൻസർ സെന്ററിലെ ഡോക്ടർമാർ, ഈ ശീലത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് ഒരു കത്ത് ഗവൺമെന്റിന് നൽകിയിട്ടുണ്ട്.

(സി) അതാത് സ്കൂൾ പി.ടി.എ. യോഗം വിളിച്ചുകൂട്ടി രക്ഷാകർത്താക്കളുടെ ഹിതാനുസരണം കുട്ടികൾക്ക് നെക്ടൈ ഉപയോഗിക്കാമെന്നതിനെപ്പറ്റി ചർച്ച നടത്തി തീരുമാനിക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

### 25 (3157) അൺ എയ്ഡഡ് സ്കൂളിലെ പ്രവേശനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിൽ ഓരോ വിദ്യാഭ്യാസ വർഷവും പ്രവേശനം നൽകുമ്പോൾ സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ടോ;

(ബി) വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ചില അൺ എയ്ഡഡ് സ്കൂളുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തീരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച് സർക്കാർ കണക്കുകൾ ശേഖരിക്കാറില്ലാത്തതിനാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**26 (3159) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം**

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം ചില പ്രത്യേക വിഭാഗങ്ങൾക്കു മാത്രം നൽകണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നോ;

(ബി) യു.പി. സ്കൂളിൽ ഉച്ചക്കഞ്ഞി വിതരണം നിർത്തി വയ്ക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എൽ.പി. സ്കൂളുകളിൽ മാത്രമായി ഉച്ചക്കഞ്ഞി വിതരണം ഒതുക്കി നിർത്തണമെന്നുള്ള കേന്ദ്ര നിർദ്ദേശം അംഗീകരിക്കുമോ?

ഉത്തരം

(എ) ഉച്ചഭക്ഷണ പരിപാടിയുടെ സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനായി ഇത് പരിമിതപ്പെടുത്താനുള്ള ചില പോംവഴികൾ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടിയിൽ നിയന്ത്രണങ്ങളേർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരുന്ന പോംവഴികൾ ഈ സംസ്ഥാനത്തിന് സ്വീകാര്യമല്ലെന്നും, ഈ പദ്ധതി ഇപ്പോൾ നിലവിലുള്ള രീതിയിൽ തന്നെ കേരളത്തിൽ തുടരേണ്ടതാണെന്നും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**27 (3161) സി.ബി.എസ്.ഇ. സ്കീം പ്രകാരം ബോധനം നൽകുന്ന സ്കൂളുകൾ**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പാലോട് രവി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കീം പ്രകാരം ബോധനം നൽകുന്ന എത്ര വിദ്യാലയങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പ്രസ്തുത സ്കീം അനുസരിച്ചുള്ള സ്കൂൾ തുടങ്ങുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ;

(സി) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കീം പ്രകാരമുള്ള വിദ്യാലയങ്ങൾക്ക് അനുമതി നൽകരുതെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; എങ്കിൽ ആരിൽനിന്നെല്ലാം;

(ഡി) ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നിഷേധിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കീം പ്രകാരം ബോധനം നൽകുന്ന 279 സ്കൂളുകളുണ്ട്.

(ബി) ഉണ്ട്.

(സി) സി.ബി.എസ്.ഇ. സ്കീം പ്രകാരമുള്ള വിദ്യാലയങ്ങൾക്ക് അനുമതി നൽകരുതെന്ന് രേഖാമൂലം ആരും ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

28 (3174) എച്ച്.എസ്.എ. റാങ്ക് ലിസ്റ്റ്

<u>ശ്രീ. എം. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) മലപ്പുറം ജില്ലയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകി;

(ബി) എത്ര റാങ്കുവരെയുള്ളവരെ നിയമിച്ചു; നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഡി) 1997, 1998, 1999 എന്നീ വർഷങ്ങളിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ ഒഴിവുള്ള (ഫിസിക്കൽ സയൻസിൽ) തസ്തികകളിൽ നിയമനം നടത്തണമെന്ന് കാണിച്ചുകൊണ്ട് വിദ്യാഭ്യാസ ഡയറക്ടർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ് തസ്തികയിൽ) സംവരണ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ടോ;

(ഇ) പി.എസ്.സി. റാങ്കുലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്താൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാം റാങ്കുകാരിയായ ശ്രീമതി ആർ. സുമംഗലയ്ക്കാണ് നിയമന ഉത്തരവ് നൽകിയത്.

(സി) നിർദ്ദേശം നൽകിയിട്ടില്ല. പൊതു വിദ്യാഭ്യാസ വകുപ്പിൽ 1997-ലെ വാർഷികാവലോകനം പ്രകാരം തസ്തികകളൊന്നും തന്നെ സംവരണം ചെയ്തിട്ടില്ല. 1998, 1999 വർഷങ്ങളിലെ അവലോകനം നടത്തിയിട്ടില്ല.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം കണക്കാക്കുന്നത് ഓരോ തസ്തികകളിലും പ്രത്യേകമായല്ല. ഗസറ്റഡ് നോൺ ഗസറ്റഡ് ലാസ്റ്റ് ഗ്രേഡ് എന്നിവ ഓരോന്നും മൊത്തമായാണ് ഇക്കാര്യത്തിൽ പരിഗണിക്കുന്നത്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടില്ല.

## 29 (3182) കണിയാപുരം എ.ഇ.ഒ.യുടെ പെൻഷൻ ആനുകൂല്യങ്ങൾ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണിയാപുരം എ.ഇ.ഒ. ആയി 28.2.1998-ൽ റിട്ടയർ ചെയ്ത കഴക്കൂട്ടം മഞ്ഞമല എസ്.എസ്. നിവാസിൽ ശ്രീ. എം. ഷംസുദ്ദീന്റെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിരിക്കുന്ന സാഹചര്യങ്ങൾ പരിശോധിക്കുമോ;

(ബി) ആഡിറ്റ് ഒബ്ജക്ഷനുകളുടെ പേരിൽ പെൻഷൻ പറ്റിയവരെ പീഡിപ്പിക്കുന്ന നടപടി നിറുത്തിവച്ച് നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രീ. എം. ഷംസുദ്ദീന് ഡി.സി.ആർ.ജി. ഒഴികെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഔദ്യോഗിക കാലയളവിലെ കണക്കുകൾ ആഡിറ്റ് നടത്തിയതിന്മേലുള്ള അനന്തര നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വരികയാണ്. നടപടികൾ പൂർത്തിയാക്കി എൻ.എൽ.സി. ലഭിക്കുന്ന മുറയ്ക്ക് ഗ്രാറ്റുവിറ്റിയും നൽകുന്നതാണ്.

(ബി) ആഡിറ്റിന്റെ പേരിൽ ആരേയും പീഡിപ്പിക്കാറില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കാനാവശ്യമായ കാലവിളംബം മാത്രമേ ഉണ്ടാകാറുള്ളു. നിയമപരമായ ബാദ്ധ്യതാ നിർണ്ണയം പൂർത്തിയാക്കാതെ എല്ലാ ആനുകൂല്യങ്ങളും നൽകാൻ സാദ്ധ്യമല്ല.

## 30 (3189) "സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ്

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനവൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസ പരിശീലനവും ലക്ഷ്യമാക്കി ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയുടെ സാങ്കേതിക സഹാ

LIBRARY ARCHIVES Kerala Legislative Assembly

യത്തോടെ ഉള്ളൂരിൽ ആരംഭിച്ച "സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് ആന്റ് ഡിസ്ഓർഡേഴ്സ്" എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം സാമ്പത്തിക പരാധീനതമൂലം മുന്നോട്ടു പോകാൻ കഴിയാത്ത സ്ഥിതിയിലാണെന്ന് അവിടെ പഠനം പരിശീലനം നടത്തുന്ന കുട്ടികളുടെ രക്ഷാകർത്താക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പരാതികൾ പരിഗണിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) 1. പഠനവൈകല്യമുള്ള കുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുക.

2. പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്താനും അവർക്കു വേണ്ട പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധാരണ സ്കൂളിലെ അദ്ധ്യാപകർക്ക് ഘട്ടംഘട്ടമായി പരിശീലനം നൽകുക.

3. തീവ്രമായ വൈകല്യമുള്ള കുട്ടികൾക്ക് ഈ കേന്ദ്രത്തിൽ തന്നെ പ്രത്യേക പരിശീലനം നൽകുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**31 (3190) തൃശ്ശൂരിലെ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ട്**

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ട് ഫൈൻ ആർട്ട്സ് കോളേജായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജ് എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങും;

(സി) പ്രസ്തുത കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നും, എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുമെന്നും വെളിപ്പെടുത്തുമോ;

<u>ഉത്തരം</u>

(എ) 4.12.1998 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ. (എം.എസ്.) 144/98/ഉ.വി.വ. പ്രകാരം തൃശ്ശൂരിലെ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ട് ഫൈൻ ആർട്ട്സ് കോളേജായി ഉയർത്തിയിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾക്ക് പ്രിൻസിപ്പാളിന്റേതുൾപ്പെടെയുള്ള 5 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കും, യൂണിവേഴ്സിറ്റിയിൽനിന്നും അഫിലിയേഷൻ നേടുന്നതിലേക്കുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അദ്ധ്യയന വർഷം മുതൽ (1999-2000)

(സി) പെയിന്റിംഗ്, സ്കൾപ്റ്റർ, അപ്ലൈഡ് ആർട്ട് എന്നീ സ്പെഷ്യലൈസേഷനുകളിൽ ബി.എഫ്.എ. കോഴ്സ് ആരംഭിക്കുവാൻ 12.7.1999 ലെ ജി. ഒ. (എം.എസ്.) 78/99/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 20 വിദ്യാർത്ഥികൾക്കാണ് ആദ്യവർഷം പ്രവേശനം ലഭിക്കുന്നത്.

**32 (3192) പ്ലസ് ടു അഡ്മിഷന് പി.ടി.എ. യുടെ ഫണ്ട് പിരിവ്**

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മോയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്ലസ് ടു ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിന് സ്കൂളുകളിലെ പി.ടി.എ. ഫണ്ട് പിരിവ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിലെ പി.ടി.എ.കൾക്ക് ഫണ്ട്പിരിവ് നടത്താൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

(സി) സ്കൂളുകളിലെ പി.ടി.എ.കൾ നിർബന്ധപൂർവ്വം പണപ്പിരിവ് നടത്തുന്നത് നിർത്തൽ ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർബന്ധപൂർവ്വം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പരാതികൾ ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**33 (3194) ആൾസെയിൻസ് കോളേജ് പ്രിൻസിപ്പലിന്റെ നിയമനം അംഗീകരിക്കാൻ നടപടി**

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആൾ സെയിൻസ് കോളേജിൽ 1995-96 അദ്ധ്യയന വർഷത്തിൽ പ്രിൻസിപ്പൽ ആയി നിയമിതയായ സിസ്റ്റർ ലൂതറൻഷ്യയുടെ നിയമനം അംഗീകാരത്തിനായി ലഭിച്ച അപേക്ഷയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു;

(ബി) നിയമനത്തിന് അംഗീകാരം ലഭിക്കാൻ ഇത്രയും കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എന്തെങ്കിലും ഒരു നിർദ്ദേശം കോളേജ് അധികാരികൾക്ക് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് (ഫയൽ നമ്പർ, തീയതി എന്നിവ സഹിതം) വെളിപ്പെടുത്തുമോ;

(ഇ) നിയമനത്തിന് അംഗീകാരം നൽകുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സിസ്റ്റർ ലൂതറൻഷ്യയുടെ നിയമനം അംഗീകാരത്തിനുള്ള അപേക്ഷ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി)&(സി) ബാധകമല്ല

(ഡി) മേൽ പറയുന്ന അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കോ ഡെപ്യൂട്ടി ഡയറക്ടർക്കോ ലഭിച്ചിട്ടില്ല.

(ഇ) 'ഡി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**34 (3197) യു.ജി.സി. സ്കെയിലിലുള്ള അദ്ധ്യാപകേതര തസ്തികകൾ**

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി/എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിലിലോ സ്കീമിലോ ഉൾപ്പെടുത്തിയിരിക്കുന്ന അദ്ധ്യാപകേതര തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പുതുക്കിയ യു.ജി.സി. എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിൽ നടപ്പാക്കുമ്പോൾ പുതുതായി ഏതെങ്കിലും തസ്തികകൾ ഉൾപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ചുരുക്കം അദ്ധ്യാപകേതര തസ്തികകൾ യു.ജി.സി., എ.ഐ.സി.ടി.ഇ. പദ്ധതിയിൽ ഉൾപ്പെടുത്തുകയും മറ്റുള്ളവയെ ഒഴിവാക്കുകയും ചെയ്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ലൈബ്രറി, ഇൻസ്ട്രുമെന്റേഷൻ സെന്റർ, കമ്പ്യൂട്ടർ സെന്റർ എന്നീ വകുപ്പുകളിലെ ഏതെങ്കിലും തസ്തികകൾ എ.ഐ.സി.ടി.ഇ./യു.ജി.സി. പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽക്ക് എന്നും ഏതെല്ലാം തസ്തികകളിലാണെന്നും വിശദീകരിക്കുമോ;

(ഇ) പോളിടെക്നിക് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും എന്നു മുതൽ എ.ഐ.സി.ടി.ഇ. നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറാഫീസിലെയും വിവിധ മേഖലാ കാര്യാലയങ്ങളിലെയും ട്രെയിനിംഗ് ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ, പ്രൊഫസർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടർ എന്നീ തസ്തികകൾക്കും പോളിടെക്നിക് സ്കീമിൽപ്പെട്ട ജോയിന്റ് ഡയറക്ടർ, ജോയിന്റ് കൺട്രോളർ എന്നീ തസ്തികകൾക്കും എ.ഐ.സി.ടി.ഇ. സ്കെയിൽ നൽകി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. കൂടാതെ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ള ഒന്നാം ഗ്രേഡ് ലൈബ്രേറിയൻ തസ്തികയും യു.ജി.സി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)-(ഇ) ഇക്കാര്യങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ചു വരികയാണ്.

### 35 (3199) ഐ.ടി. മേഖലയെക്കുറിച്ച് ബോധവൽക്കരണം

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ഇന്റർനെറ്റിനെപ്പറ്റിയും വിവര സാങ്കേതികവിദ്യയുടെ ഉപയുക്തതകളെപ്പറ്റിയും സാമാന്യജ്ഞാനമുള്ളവരാക്കുവാൻ ഉതകുന്ന ഒരു ഹ്രസ്വകാല ബോധവൽക്കരണ പദ്ധതി ആവിഷ്കരിക്കാമോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ ഇന്റർനെറ്റ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം ഒരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഈ സാങ്കേതികവിദ്യയെ സംബന്ധിച്ച വിവരങ്ങൾ നിലവിലുള്ള കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ് മുതലായ കോഴ്സുകളിൽ ഉൾപ്പെട്ടവയാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

### 36 (3200) മെക്കാനിക്കൽ (ഓട്ടോമൊബൈൽ) കോഴ്സിന്റെ അംഗീകാരം

<u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടക്കുന്ന (മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഓട്ടോമൊബൈൽ) എന്ന നവീന കോഴ്സ് കേരളത്തിൽ മറ്റ് ഒരു എഞ്ചിനീയറിംഗ് കോളേജുകളിലും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോഴ്സിന്റെ മെക്കാനിക്കൽ കണ്ടന്റ് ആകെ സിലബസിന്റെ എത്ര ശതമാനം വരും എന്നറിയിക്കുമോ;

(സി) ഈ കോഴ്സിൽ ഓട്ടോമൊബൈൽ സ്പെഷ്യലൈസേഷൻ നടക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കുമോ;

(ഇ) ഈ കോഴ്സ് ഇന്ത്യയിലെ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ നിലവിലുണ്ട് എന്നറിയുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഈ കോഴ്സിന് കേരളത്തിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും യൂണിവേഴ്സിറ്റികളുടെ അംഗീകാരം വാങ്ങാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കെ.പി.എസ്.സി. യും യു.പി.എസ്.സി. യും ഈ ഡിഗ്രി അംഗീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എച്ച്) ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ മെക്കാനിക്കൽ എഞ്ചിനീയറുടെ പോസ്റ്റിൽ അപേക്ഷിച്ച ഈ കോഴ്സിലെ സീനിയർ വിദ്യാർത്ഥികളുടെ അപേക്ഷകൾ മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ഓട്ടോമൊബൈൽ) എന്ന ബ്രാഞ്ചിന് അംഗീകാരമില്ല എന്ന കാരണത്താൽ തിരിച്ചയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ശ്രീ ചിത്തിര തിരുനാൾ കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ഓട്ടോമൊബൈൽ) എന്ന ഡിഗ്രി കോഴ്സ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ മറ്റെല്ലാ ഡിഗ്രികളേയുംപോലെ അംഗീകരിക്കപ്പെടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ജെ) ഈ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത് ഏത് അധികാരികളാണ് എന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)-(ഡി) ആകെയുള്ള 42 തിയറിപേപ്പറുകളിൽ പതിനൊന്ന് ഓട്ടോമൊബൈൽ പേപ്പറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ആകെ സിലബസിന്റെ 25% വരും. കൂടാതെ ആവശ്യം വേണ്ട പ്രാക്ടിക്കൽ ക്ലാസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) മദ്രാസ്, മൈസൂർ, കർണ്ണാടക എന്നീ യൂണിവേഴ്സിറ്റികളിൽ ഈ കോഴ്സ് നടത്തുന്നുണ്ട്.

(എഫ്) കേരള യൂണിവേഴ്സിറ്റിയും എ.ഐ.സി.ടി. യും അംഗീകരിച്ചിട്ടുണ്ട്.

(ജി) കേന്ദ്രസംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളുടെ പ്രത്യേക അംഗീകാരം ആവശ്യമില്ല. എന്നാൽ കെ.പി.എസ്.സി. യുടേയും യു.പി.എസ്.സി. യുടേയും പരിധിയിൽ വരുന്ന ഉദ്യോഗങ്ങൾക്കും മെക്കാനിക്കൽ (ഓട്ടോമൊബൈൽ) എഞ്ചിനീയറിംഗ്, മെക്കാനിക്കൽ ഡിഗ്രിക്കു തുല്യമായി പരിഗണിക്കണമെന്ന് ടി കമ്മീഷനുകളെ അറിയിച്ചിട്ടുണ്ട്.

(എച്ച്) തിരിച്ചയച്ചത് അംഗീകാരമില്ല എന്ന കാരണത്താലല്ല. എന്നാൽ ടി കമ്പനികളുടെ പരസ്യത്തിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ആവശ്യപ്പെടാത്തതുകൊണ്ടാണെന്നാണ് അറിയുന്നത്.

(ഐ) യു.പി.എസ്.സി യോടും, കെ.പി.എസ്.സി. യോടും പ്രസ്തുത ഡിഗ്രി അംഗീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ജെ) ബന്ധപ്പെട്ട കോളേജോ യൂണിവേഴ്സിറ്റിയോ ആണ്.

**37 (3204) കേരള സർവകലാശാലയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം**

<u>ശ്രീ. വി.ജെ. പൗലോസ്</u> :
<u>ശ്രീ. വി. ബാലറാം</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്തണമെന്ന് പ്രസ്തുത സർവ്വകലാശാലാ സെനറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് എന്തു നടപടിയെടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയുടെ 29.4.1999 ൽ കൂടിയ സെനറ്റ് യോഗത്തിൽ സർവ്വകലാശാലയുടെ അക്കാഡമിക് പ്രവർത്തനങ്ങളെയും നേട്ടങ്ങളേയുംകുറിച്ച് വിലയിരുത്താൻ ഒരു കമ്മിഷനെ നിയമിക്കണമെന്ന പ്രമേയം അവതരിപ്പിച്ചതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റിന് സർവ്വകലാശാലയുടെ ശുപാർശയൊന്നും ലഭിച്ചിട്ടില്ല.

## 38 (3205) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സെനറ്റും സിൻഡിക്കേറ്റും

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സെനറ്റും സിൻഡിക്കേറ്റും രൂപീകരിച്ചിട്ടുണ്ടോ;

(ബി) സെനറ്റിലെയും സിൻഡിക്കേറ്റിലേയും അംഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരും തമ്മിലുള്ള അനുപാതമെന്താണ്;

(സി) സർവ്വകലാശാല അദ്ധ്യാപകരുടേയും ജീവനക്കാരുടേയും നിയമനം, സ്ഥലം മാറ്റം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള ചുമതല ആർക്കാണ്;

(ഡി) സംസ്കൃത സർവ്വകലാശാലയിലെ വൈസ് ചാൻസലർ, പ്രിൻസിപ്പൽ ഡീൻ, രജിസ്ട്രാർ എന്നിവരുടെ ചുമതലകൾ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ കൃത്യമായി നിർവചിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിർവചിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാല ആക്ട് 1994 പ്രകാരം യൂണിവേഴ്സിറ്റി അധികാര സഭകളിൽ സെനറ്റ് ഉൾപ്പെടുന്നില്ല. ആയതിനാൽ സംസ്കൃത സർവ്വകലാശാലയിൽ സെനറ്റ് നിലവിലില്ല. എന്നാൽ ടി ആക്ട് പ്രകാരം യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് 18.4.1996-ൽ നിലവിൽ വന്നു.

(ബി) സംസ്കൃത സർവകലാശാല സിൻഡിക്കേറ്റിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയിരുന്നു.

1. എക്സ് ഓഫിഷ്യോ അംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വൈസ് ചാൻസലർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ്, ഒൻപത് ഫാക്കൽറ്റികളിലെ ഡീൻമാർ.

2. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

കേരള നിയമസഭാംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു നിയമ സഭാ അംഗം.

3. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

സംസ്കൃതം, ഇൻഡോളജി, ഇന്ത്യൻ ഫിലോസഫി, ഒരിന്ത്യൻ ഭാഷ എന്നീ വിഷയങ്ങളിലെ പണ്ഡിതൻമാരിൽ ഒരാൾ വീതം ആകെ നാലു പേർ.

(സി) വൈസ് ചാൻസലർക്ക്

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

## 39 (3206) കാലിക്കട്ട് സർവകലാശാലയുടെ സെനറ്റ്, സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും പിരിച്ചുവിട്ട് ഈ ബോഡികളിലേക്ക് നിലവിലുള്ള മെമ്പർമാരെ നോമിനേറ്റ് ചെയ്തതെന്നാണ്;

(ബി) നോമിനേറ്റ് ചെയ്ത ഈ ബോഡികളുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നുവരെ;

(സി) പ്രസ്തുത ബോഡികളിലേയ്ക്ക് എന്ന് തെരഞ്ഞെടുപ്പ് നടത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 21.6.1997-ൽ

(ബി) ഉണ്ട്. സർവ്വകലാശാല ഭേദഗതി നിയമപ്രകാരം 2.6.1999 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്.

(സി) സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് പൂർത്തിയാക്കിക്കഴിഞ്ഞു. സെനറ്റിലേക്കുള്ള നോമിനേഷൻ പൂർത്തിയായാൽ സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

## 40 (3207) യൂണിവേഴ്സിറ്റിയിലെ പ്യൂൺ, ടൈപ്പിസ്റ്റ് നിയമനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ പ്യൂൺ, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേയ്ക്ക് യൂണിവേഴ്സിറ്റി എന്തെങ്കിലും യോഗ്യതാനിർണ്ണയ ടെസ്റ്റ് നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികകളിൽ നിലവിൽ ഉള്ളത്;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസിദ്ധീകരിച്ചില്ലെങ്കിൽ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ്സ് കോടതിയിൽ നിലവിലുണ്ടോ;

(ഇ) കേസ്സിന്റെ വിധി ആയിട്ടുണ്ടോ;

(എഫ്) പ്രസ്തുത തസ്തികകളിൽ താൽക്കാലികമായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) എന്ത് മാനദണ്ഡത്തിലാണ് അവരെ നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ലാസ് ഫോർ തസ്തിക - 100

ടൈപ്പിസ്റ്റ് തസ്തിക - 32

(സി) ഉണ്ട്.

(ഡി) ക്ലാസ് ഫോർ നിയമനങ്ങളെക്കുറിച്ച് കേസ്സ് ഉണ്ടായിരുന്നു.

(ഇ) ഉണ്ട്.

(എഫ്) ക്ലാസ് ഫോർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടില്ല. എന്നാൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഇരുപതു പേരെ നിയമിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ജി) പ്രസിദ്ധീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്നും എമ്പവേർഡ് കമ്മിറ്റിയുടെ അനുമതി അനുസരിച്ച് സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമിച്ചിട്ടുള്ളതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**41 (3208) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത കോളേജിലെ സെമിനാറുകൾ**

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത കോളേജിൽ എത്ര ദേശീയ സെമിനാറുകളും പ്രാദേശിക സെമിനാറുകളും നടത്തിയിട്ടുണ്ട്;

(ബി) ദേശീയ സെമിനാറുകളിൽ സംസ്ഥാനത്തിനു പുറത്തുള്ള എത്ര പേർ സംബന്ധിച്ചിട്ടുണ്ട്;

(സി) എന്തെല്ലാം വിഷയങ്ങളിലാണ് സെമിനാർ നടത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സെമിനാർ നടത്തിപ്പിന്റെ ചുമതല ആർക്ക് ആയിരുന്നു;

(ഇ) ഓരോ സെമിനാറിനും എന്തു തുക വീതം ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

### 42 (3209) ഫർണിച്ചർ വാങ്ങിയതിലെ ക്രമക്കേട്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ഡിസംബറിൽ എന്ത് വിലയ്ക്കുള്ള സ്റ്റീൽ ഫർണിച്ചർ ശ്രീ ശങ്കരാചാര്യ സർവ്വകലാശാല വാങ്ങുകയുണ്ടായി;

(ബി) എന്തു തുക വരെയുള്ള ഇടപാടുകൾക്കാണ് പത്രപ്പരസ്യം നൽകാതെ വാങ്ങാവുന്നത്;

(സി) ശ്രീ ശങ്കരാചാര്യ സർവ്വകലാശാല 1998 ഡിസംബറിൽ സ്റ്റീൽ ഫർണിച്ചർ വാങ്ങിയത് പത്ര പരസ്യം നൽകിയായിരുന്നോ; അല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സാധനങ്ങൾ വാങ്ങുന്നതിന് ആരുടെയെല്ലാം ക്വട്ടേഷൻ ലഭിച്ചു; ക്വട്ടേഷൻ ലഭിച്ചത് സീൽഡ് കവറിൽ ആയിരുന്നോ; ക്വട്ടേഷൻ നൽകിയവർ അവരുടെ ലറ്റർ ഹെഡിന്റെ ഫോട്ടോ കോപ്പിയിലാണോ ക്വട്ടേഷൻ നൽകിയത്; ആരുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്;

(ഇ) പ്രസ്തുത ക്വട്ടേഷന്റെ ഫോട്ടോകോപ്പി ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത സ്റ്റീൽ ഫർണിച്ചറിന് ഓരോന്നിനും എന്ത് വില വീതം നൽകി;

(ജി) ഈ വില ക്വട്ടേഷനിൽ പറഞ്ഞ വിലയേക്കാൾ കൂടുതലായിരുന്നുവോ;

(എച്ച്) പ്രസ്തുത ഫർണിച്ചർ വാങ്ങുന്നതിനും അതിന്റെ വില നൽകുന്നതിനും വൈസ് ചാൻസലറുടെ ഉത്തരവ് ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998 ഡിസംബറിൽ സംസ്കൃത സർവ്വകലാശാല സ്റ്റീൽ ഫർണിച്ചർ ഒന്നും വാങ്ങിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

(ബി) സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ഇരുപതിനായിരം രൂപ വരെയുള്ള ഇടപാടുകൾ പത്രപ്പരസ്യം കൂടാതെ നടത്താവുന്നതാണ്.

(സി)-(എച്ച്) ബാധകമല്ല.

### 43 (3210) കാലടി സംസ്കൃത സർവകലാശാലയിലെ നിയമനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ വേതനം എത്രയാണ്; ഇവരുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്നാണ്; ഈ സ്ഥിരപ്പെടുത്തൽ പിന്നീട് റദ്ദാക്കുവാൻ ഉണ്ടായ കാരണമെന്താണ്;

(സി) സ്ഥിരം സ്വഭാവമുള്ള ജോലി തുടർച്ചയായി ചെയ്തു വരുന്ന വരെ സ്ഥിരപ്പെടുത്തണമെന്നുള്ള സുപ്രീം കോടതി വിധി ഇവർക്ക് ബാധകമല്ലേ;

(ഡി) സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ ഇപ്പോൾ നടത്തുന്നത് ഏത് നടപടിക്രമമനുസരിച്ചാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 190 പേർ ഓരോ മാസവും 20 ദിവസം വീതം. അതാതുമാസങ്ങളിലെ ആവശ്യാനുസരണമായി സർവ്വകലാശാലയിലെ വിവിധ ഓഫീസുകളിലും കേന്ദ്രങ്ങളിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്നും, ഇവരിൽ 165 പേരുടെ നിയമനങ്ങൾ സംബന്ധിച്ച് വിജിലൻസ് കേസ്സുകൾ നിലവിലുണ്ടെന്നും സംസ്കൃത വാഴ്സിറ്റി അറിയിക്കുന്നു.

(ബി) 1.3.1996 മുതൽ സ്ഥിരപ്പെടുത്തുവാൻ പ്രഥമ വൈസ്ചാൻസലറുടെ അധ്യക്ഷതയിൽ 4.5.1996 - ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. പ്രഥമ വൈസ്ചാൻസലർമാർക്കോ സിൻഡിക്കേറ്റിനോ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് അദ്ധ്യാപകരുടേയോ മറ്റു ജീവനക്കാരുടേയോ സ്ഥിരം നിയമനങ്ങൾ നടത്തുന്നതിന് അധികാരമില്ലായെന്ന് ഹൈക്കോടതി റൂളിംഗിന്റെ അടിസ്ഥാനത്തിലും പ്രസ്തുത സ്ഥിരപ്പെടുത്തൽ ഇന്ത്യൻ ഭരണഘടനയുടെ 14,16 ആർട്ടിക്കിളുകളുടേയും സംസ്കൃത സർവ്വകലാശാല ആക്ടിലെ 31,32 വകുപ്പുകളുടേയും ലംഘനമാണെന്ന് സിൻഡിക്കേറ്റ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലുമാണ് മുൻ തീരുമാനം റദ്ദു ചെയ്തതെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(സി) സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി ദിവസക്കൂലി നൽകി അപ്പപ്പോൾ നിയമിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല എന്നാണ് യൂണിവേഴ്സിറ്റി റിപ്പോർട്ട്.

(ഡി) സർവ്വകലാശാല ആക്ടിലേയും സ്റ്റാറ്റ്യൂട്ടറിലെയും വ്യവസ്ഥകൾക്കനുസൃതമായാണ് സർവകലാശാലയിലെ നിയമനങ്ങൾ നടത്തുന്നത്.

**44 (3211) കാലടി സംസ്കൃത സർവകലാശാലയിലെ അദ്ധ്യാപകരുടെ നിയമനത്തിലെ ക്രമക്കേട്**

<u>ശ്രീ. യു.എസ്. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) മേയ് 22-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക്ലിസ്റ്റിൽ ഓരോ വിഭാഗത്തിലും എത്ര പേർ വീതമുണ്ട്; ഇതിൽ എത്ര പേരെ നിയമിച്ചു;

(സി) ഇന്റർവ്യൂവിൽ ഉയർന്ന റാങ്ക് നേടിയ പലർക്കും പി.എച്ച്.ഡി, എം.ഫിൽ എന്നിവ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റാങ്ക്‌ലിസ്റ്റിലുള്ള ചിലർ വളരെ കുറഞ്ഞ മാർക്ക് അക്കാദമിക് എക്സലൻസിയിൽ നേടിയവരാണെന്നും ഇന്റർവ്യൂവിൽ മുഴുവൻ മാർക്കും നേടിയതു കൊണ്ടാണ് ഇവർ തെരഞ്ഞെടുക്കപ്പെട്ടതെന്നതും ശരിയാണോ;

(ഇ) മലയാളം അദ്ധ്യാപകരുടെ റാങ്ക്‌ലിസ്റ്റിൽ എത്ര പേരുണ്ട്; അവരുടെ പേര് വിവരം, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ വ്യക്തമാക്കുമോ;

(എഫ്) അദ്ധ്യാപക നിയമനങ്ങളെ സംബന്ധിച്ച് കേസ്സുകൾ നിലനിൽക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മേയ് 22-ൽ പ്രസിദ്ധീകരിച്ചിട്ടില്ല. മലയാളം, ഹിന്ദി എന്നീ വിഷയങ്ങളുടെ റാങ്ക്‌ലിസ്റ്റുകൾ മേയ് 21-നാണ് പ്രസിദ്ധീകരിച്ചത്. മലയാളത്തിൽ 50 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നിന്നും 22 പേരെയും ഹിന്ദിയിൽ 40 പേരുടെ ലിസ്റ്റിൽ നിന്നും 20 പേരെയും നിയമിച്ചിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(സി) യു.ജി.സി നടത്തുന്ന നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകുന്നവർക്കാണ് ലക്ചറർ നിയമനത്തിന് യോഗ്യതയുള്ളത്. 1993 ഡിസംബറിനു മുമ്പ് എം.ഫിൽ പി.എച്ച്.ഡി. നേടിയിട്ടുള്ളവരെ ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. യു.ജി.സി. നിർദ്ദേശിച്ച യോഗ്യതകൾ ഉള്ളവരെ മാത്രമേ ലക്ചറർ തസ്തികയിൽ നിയമിച്ചിട്ടുള്ളൂ എന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(ഡി) അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച മാനദണ്ഡമനുസരിച്ച് 100 മാർക്കിൽ ഓരോരുത്തരും നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത്. 100 മാർക്ക് താഴെ പറയുന്ന രീതിയിൽ വിഭജിച്ച് നൽകിയിരിക്കുന്നു.

പി.ജി. മാർക്ക് - 50, പ്രസിദ്ധീകരണങ്ങൾ - 6, അദ്ധ്യാപനപരിചയം - 6, പി.എച്ച്.ഡി. - 10, ഉയർന്ന പരീക്ഷാനിലവാരം - 3, ഇന്റർവ്യൂ - 25

(ഇ) 50 പേർ. എല്ലാവരേയും യു.ജി.സി. നിർദ്ദേശിച്ച വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരാണ്.

(എഫ്) നിയമനം ലഭിക്കാത്ത അദ്ധ്യാപകരിൽ ചിലർ കോടതിയെ സമീപിച്ചിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

### 45 (3212) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റു ചെയ്ത എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ കോളേജുകൾ സ്വാശ്രയ കോളേജുകളായിട്ടാണോ തുടങ്ങുന്നത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ കോളേജുകൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രത യൂണിവേഴ്സിറ്റിക്കുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികസഹായം ലഭ്യമാക്കിയിട്ടാണോ യൂണിവേഴ്സിറ്റി പുതിയ കോളേജുകൾ തുടങ്ങുവാൻ നടപടികളെടുത്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോൺസ്റ്റിറ്റുവന്റ് കോളേജ് എന്ന നിലയിൽ ആലപ്പുഴയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ നടപടികൾ എടുത്തുവരുന്നു. ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ കല്ലൂപ്പാറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജും തുടങ്ങുന്നതാണ്.

(സി) സ്വാശ്രയ കോളേജുകളായിട്ടാണ് തുടങ്ങുന്നത്.

(ഡി) ഉണ്ട്.

(ഇ) അല്ല.

### 46 (3214) ഡിപ്ലോമാ ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ്

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ ഡിപ്ലോമാ ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് എന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ കോഴ്സ് നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഈ കോഴ്സിന്റെ കാലാവധി എത്രയാണ്; എത്ര വിദ്യാർത്ഥികൾക്കാണ് ഓരോ ബാച്ചിലും അഡ്മിഷൻ നൽകുന്നത്; ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ കോഴ്സ് നടത്തിവരുന്നത്.

(സി) ഈ കോഴ്സിന് യൂണിവേഴ്സിറ്റിയുടേയും പി.എസ്.സി. യുടേയും അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ കോഴ്സ് പൂർത്തീകരിച്ച എത്രപേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കോഴ്സിന്റെ കാലാവധി മൂന്ന് സെമസ്റ്റർ (നാലുമാസം വീതം) ആണ്. ഓരോ ബാച്ചിലും 40 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. ഐ.എച്ച്.ആർ.ഡി. യുടെ കോഴിക്കോട് മേഖലാ കേന്ദ്രത്തിലും തിരുവനന്തപുരത്ത് ഫ്രാഞ്ചയിസ് സെന്ററിലും ഈ കോഴ്സ് നടത്തുന്നു.

(സി) ഇല്ല.

(ഡി) കൃത്യമായ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

47 (3216) **കൊച്ചി സർവ്വകലാശാലയിലെ ബി.ടെക് പ്രവേശന പരീക്ഷ**

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സർവ്വകലാശാലയിൽ ബി.ടെക് പ്രവേശനത്തിനു വേണ്ടി നടത്തിയ സി.എ.ടി. പരീക്ഷ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റിലുള്ള അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മാറ്റിനിർത്തി നിഷ്പക്ഷമായ ഒരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) ഈ പരീക്ഷയിൽ ഉയർന്ന റാങ്കുകൾ പലതും അനർഹർ കൈയടക്കിയിരിക്കാൻ സാദ്ധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പരീക്ഷാഫലം റദ്ദു ചെയ്തു വീണ്ടും കുറ്റമറ്റരീതിയിൽ പ്രവേശന പരീക്ഷ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വകലാശാലയാണ് നടപടി സ്വീകരിക്കേണ്ടത്. പുനർനിർണ്ണയത്തിനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കിക്കഴിഞ്ഞു എന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ഇതിനേക്കുറിച്ച് അന്വേഷിക്കാൻ സിൻഡിക്കേറ്റിന്റെ ഒരു മൂന്നംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപാകതകളുമായി ബന്ധപ്പെട്ട കക്ഷികളെ വിസ്തരിക്കുവാൻ കമ്മിറ്റി 15.7.1999-ൽ കൂടുന്നുണ്ടെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കക്ഷികൾ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ അവർക്കെതിരെ എല്ലാവിധ നടപടികളും എടുക്കുന്നതാണെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി)&(ഇ) പുനർനിർണ്ണയത്തിനു ഉത്തരവിട്ട സാഹചര്യത്തിൽ ഇക്കാര്യം പരിഗണിക്കേണ്ടതില്ല. എന്തെങ്കിലും അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ പുനർനിർണ്ണയം നടത്തുമ്പോൾ അതു പൂർണ്ണമായി പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കുന്നു. അതിനാൽ ടി പരീക്ഷാഫലം റദ്ദു ചെയ്ത് വീണ്ടും പരീക്ഷ നടത്തേണ്ട പ്രശ്നം ഉദിക്കുന്നില്ല.

48 (3218) **'ന്യൂ വർക്ക്' എം.എൽ.എ. സ്കീം.**

ശ്രീ. ബാബു ദിവാകരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ന്യൂ വർക്ക്' എം.എൽ.എ. സ്കീം ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്കീമിൽ ഏതെല്ലാം ജോലികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പണി തീരാത്ത എം.എൽ.എ. റോഡുകളുടെ പണികൾ പൂർത്തിയാക്കുന്നതിന് എന്തു തുക വേണ്ടി വരും;

(ഡി) ഇതിനാവശ്യമായ തുക അനുവദിച്ചു കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്കീം അനുസരിച്ച് ഓരോ എം.എൽ.എ. യ്ക്കും തങ്ങളുടെ നിയോജകമണ്ഡലത്തിൽ റോഡ് പണിയോ, കെട്ടിടങ്ങളോ, പാലം പണിയോ ഏതെങ്കിലും ഒരു പണി നിർദ്ദേശിക്കാവുന്നതും ഈ പണിയുടെ ആകെ ചെലവ് 25 ലക്ഷം രൂപയിൽ കവിയരുതെന്നും നിഷ്കർഷിച്ചിട്ടുമുണ്ട്.

(ബി) ന്യൂ ആന്റ് ഓൾഡ് എം.എൽ.എ. സ്കീമുകൾ പൂർത്തിയാക്കുന്നതിന് 3240 ലക്ഷം രൂപ വേണ്ടി വരും.

(ഡി) 70 ലക്ഷം രൂപ നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

49 (3220) കൊച്ചി - സേലം ദേശീയപാത

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-സേലം ദേശീയപാതയുടെ വിപുലീകരണത്തിന് ഏതെങ്കിലും പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിനായി 1998-99 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ എത്ര തുക വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര തുക ഇതിനകം ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) 1999-2000 വർഷത്തിൽ കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ പദ്ധതികൾക്കാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ പദ്ധതിയിൽ സേലം മുതൽ കൊച്ചി വരെയുള്ള ഭാഗം ഉൾപ്പെടുത്താമെന്ന പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. കന്യാകുമാരി മുതൽ സേലം വരെയുള്ള ദേശീയപാത 47 എന്നറിയപ്പെടുന്ന ദേശീയപാതയാണ് കൊച്ചി വഴി കടന്നുപോകുന്നത്. പ്രസ്തുത ദേശീയപാതയിൽ കൊച്ചി മുതൽ കേരളത്തിന്റെ അതിർത്തിയായ പാലക്കാട് ജില്ലാതിർത്തിവരെ നടന്ന് വരുന്ന വിപുലീകരണ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിനായി 1998-99 സാമ്പത്തികവർഷത്തിൽ 70.8016 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 11,0846 കോടി രൂപ 1998-99-ന് മുമ്പുള്ള വർഷങ്ങളിലെ ബാദ്ധ്യത തീർക്കുന്നതിനു വേണ്ടി അനുവദിച്ചതാണ്.

(ഡി) 1998-99 സാമ്പത്തികവർഷം മാർച്ച് 31 വരെ ദേശീയപാതകളുടെ വികസനത്തിനായി 61.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) 1999-2000 സാമ്പത്തികവർഷത്തിലേക്ക് ദേശീയപാതകളുടെ വികസനത്തിനായി 70 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 13 കോടി രൂപ എക്സ്റ്റേണലി എർത്ത് പ്രോജക്ടുകളുടെ ജോലിക്ക് വേണ്ടിയുള്ളതാണ്. കേരളത്തിലെ ദേശീയപാതകളുടെ വികസനപ്രവർത്തനങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും ഫണ്ട് ലഭിക്കുന്നത്. ഓരോ പ്രത്യേക പദ്ധതികൾക്കായി ഫണ്ട് അനുവദിക്കാറില്ല.

## 50 (3221) നോർത്ത് - സൗത്ത് എക്സ്പ്രസ് ഹൈവേ

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർത്ത് - സൗത്ത് എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഇതിന്റെ സാധ്യതാപഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേയുമായി ബന്ധപ്പെട്ട് ബി.ഒ.ടി. അടിസ്ഥാനത്തിൽ എത്ര കിലോമീറ്റർ ഹൈവേ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ആമ്പല്ലൂർ മുതൽ വാടിയംപാടിവരെയുള്ള ഹൈവേ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേ ആറു റീച്ചുകളായി ഘട്ടംഘട്ടമായി നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പച്ചപൊയ്ക മുതൽ കുന്ദമംഗലം വരെ 73 കി.മീ. എക്സ്പ്രസ് വേ നിർമ്മാണത്തിന് "ബി.ഒ.ടി." അടിസ്ഥാനത്തിൽ വിശദമായ സാധ്യതാ പഠനറിപ്പോർട്ടിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞു. അതു പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്, പ്രാരംഭ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരം "എ"യിൽ പറയുന്ന തീരുമാനം കൈക്കൊണ്ടത്.

(സി) ഉത്തരം "എ" കാണുക.

(ഡി) 544 കിലോമീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല. ആദ്യഘട്ടമായി പച്ചപൊയ്ക കുന്ദമംഗലം റീച്ചിന്റെ നിർമ്മാണമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

51 (3222) റബ്ബറൈസ്ഡ് റോഡുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റബ്ബറൈസ്ഡ് ചെയ്ത റോഡുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുമായി ചർച്ച നടത്തുവാൻ തീരുമാനമെടുക്കുമോ?

ഉത്തരം

(എ) കേരളത്തിൽ റബ്ബറൈസേഷൻ വ്യാപകമായി നടത്തിയിട്ടില്ല. കോട്ടയം-കുമിളി റോഡിൽ 5 കി.മീ റബ്ബറൈസ് ചെയ്തിട്ടുണ്ട്.

(ബി) തീരുമാനമെടുത്തിട്ടുണ്ട്.

52 (3223) മുല്ലശ്ശേരി-പുല്ലരി ബൈപാസ്

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞാണി - ചാവക്കാട് റോഡു നിർമ്മിച്ച കാലത്തേക്കാൾ ആ റോഡിലൂടെയുള്ള ഗതാഗതം എത്ര മടങ്ങ് വർദ്ധിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിലെ ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിനായി മുല്ലശ്ശേരിയിൽ നിന്നും പുല്ലരിയിലെത്തുന്ന ഒരു ബൈപാസ് റോഡ് നിർമ്മിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) കാഞ്ഞാണി - ചാവക്കാട് റോഡ് നിർമ്മിച്ച കാലത്തേക്കാൾ ആ റോഡിലൂടെയുള്ള ഗതാഗതം നൂറ് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്.

(ബി)&(സി) ലഭിച്ചതായി കാണുന്നില്ല.

53 (3224) കുറ്റിക്കോൽ ബൈപാസ് നിർമ്മാണം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ കണ്ണൂർ ജില്ലയിലെ കുറ്റിക്കോൽ ബൈപാസ് നിർമ്മാണത്തിന് എത്ര രൂപ ചെലവായി;

(ബി) കുറ്റിക്കോൽ ബൈപാസിന്റെ ടോൾ പിരിവിലൂടെ ഇതിനോടകം എത്ര രൂപ ഗവൺമെന്റിന് ലഭിച്ചു;

(സി) ടോൾ പിരിവ് എന്നത്തേക്ക് നിർത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറ്റിക്കോൽ ബൈപാസ് (പാലം) നിർമ്മാണത്തിന് 2,18,09,060/- രൂപ ചെലവായി.

(ബി) മൂലധനവും പലിശയും ഉൾപ്പെടെ 3,86,44,163/- രൂപ 31.3.1999 വരെ ലഭിച്ചു.

(സി) മൂലധനമായ 2,18,09,060/- രൂപയും ഇതുവരെയുള്ള പലിശയും പിരിഞ്ഞു കിട്ടിയാൽ ടോൾ കളക്ഷൻ നിർത്തി വയ്ക്കുന്നതാണ്.

54 (3225) "ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്ത വയനാട് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡുകൾ"

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഏതൊക്കെ പി.ഡബ്ലു.ഡി. റോഡുകളാണ് ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ റിപ്പയറിംഗിലും റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ പണം ജനകീയാസൂത്രണ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടാൽ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുള്ള പ്രധാനപ്പെട്ട ചില റോഡുകളെങ്കിലും പി.ഡബ്ലു.ഡി. തിരിച്ച് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം 'എ' † ആയി ചേർത്തിരിക്കുന്നു.

(ബി) ജനകീയാസൂത്രണ പദ്ധതിക്കായി ജനറൽ സെക്ടർ, പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗഉപപദ്ധതി എന്നീ വിഭാഗത്തിലാണ് പണം വകയിരുത്തുന്നത്. ഇത്തരത്തിൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും ലഭിക്കുന്ന തുക ഉൽപ്പാദന സേവന പശ്ചാത്തല മേഖലകൾക്കായി നിശ്ചിത മാനദണ്ഡ പ്രകാരം വക കൊള്ളിച്ച് പ്രോജ്ടുകൾ തയ്യാറാക്കി അംഗീകാരം നേടി നിർവ്വഹണം നടത്താനുള്ള അധികാരം അതാതു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു നൽകിയിട്ടുണ്ട്. ഓരോ വർഷത്തേയും സംസ്ഥാന ബഡ്ജറ്റിൽ അനുബന്ധം 4-ൽ ആയതു സ്ഥാപനങ്ങളുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തുക ഇപ്രകാരത്തിൽ അവയ്ക്കു വിനിയോഗിക്കാവുന്നതാണ്. ആകയാൽ റോഡു നിർമ്മാണത്തിനായി ജനകീയാസൂത്രണ പദ്ധതി പ്രകാരം തുക ലഭിച്ചിട്ടില്ല എന്ന വിഷയത്തിനു പ്രസക്തിയില്ല.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

---

† അനുബന്ധം VI



LIBRARY ARCHIVES Kerala Legislative Assembly

**55 (3226) "കുത്തിക്കുഴിച്ച് അപകടാവസ്ഥയിലാക്കുന്ന റോഡുകൾ"**

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ടാർ ചെയ്തു പുതുക്കുന്നതിന്റെ അടുത്ത ദിവസങ്ങളിൽത്തന്നെ വാട്ടർ അതോറിറ്റിയും ടെലികോം വകുപ്പും കുത്തിക്കുഴിച്ച് അപകടാവസ്ഥയിലാക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ കുഴിയെടുക്കുന്നതിന് മുമ്പായി പി.ഡബ്ല്യു.ഡി. ക്ക് റോഡ് പുനർനിർമ്മാണത്തിനുള്ള പണം കെട്ടിവയ്ക്കാറുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് റോഡുകൾ യഥാസമയത്ത് നന്നാക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ട നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്. റോഡ് കുഴിക്കുമ്പോൾത്തന്നെ പുനരുദ്ധാരണത്തിനുവേണ്ട എൻ.സി. യ്ക്കു വേണ്ടിയുള്ള അപേക്ഷ സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പിന് അയച്ചുകൊടുക്കേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**56 (3227) "പുലക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡുകൾ"**

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം-ചെങ്ങന്നൂർ നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുലക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡുകൾക്കുവേണ്ടി പൊന്നുംവിലയ്ക്ക് സ്ഥലം എടുത്തിട്ടുണ്ടോ;

(ബി) എന്തു വിലയ്ക്കാണ് സ്ഥലമെടുത്തത്;

(സി) വസ്തു ഉടമകൾക്ക് വസ്തുവിന്റെ വില പൂർണ്ണമായി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി വസ്തുവിന്റെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### 57 (3228) തേക്കടിയിലേക്ക് മലയോര റോഡ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി-തണ്ണിത്തോട്-ആങ്ങമൂഴി-വണ്ടിപ്പെരിയാർ വഴി തേക്കടിയിലേക്ക് മലയോര റോഡ് നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ കോന്നി-തണ്ണിത്തോട്-ആങ്ങമൂഴി റോഡ് പൂർത്തിയായാൽ പുനലൂർ-പമ്പ റൂട്ടിന് സമാന്തരമായി ശബരിമല റോഡായി വികസിപ്പിക്കാൻ സാധിക്കും എന്നും ഇത് നിലവിലുള്ള റോഡിനേക്കാൾ ദൂരം കുറവായിരിക്കും എന്ന കാര്യവും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) കോന്നി-തണ്ണിത്തോട്-ആങ്ങമൂഴി റോഡ് വികസനത്തിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ ഇക്കാര്യത്തിനായി വനം വകുപ്പിനെ സമീപിച്ചിട്ടുണ്ടോ;

(ഡി) ഈ റോഡിന്റെ അനുമതിക്കായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ പഠനം നടത്തേണ്ടതുണ്ട്.

(സി) പ്രസ്തുത റോഡിന്റെ കല്ലേലി കഴിഞ്ഞുള്ള ഭാഗം വനംവകുപ്പിന്റെ അധീനതയിലാണ്. വനം വകുപ്പുമായി എഴുത്തുകുത്തുകൾ നടന്നുവരുന്നു.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

### 58 (3229) കൊടുമൺ-നെടുമൻകാവ് പി.ഡബ്ല്യു.ഡി. റോഡ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ-നെടുമൻകാവ് പി.ഡബ്ല്യു.ഡി. റോഡ് താറുമാറായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ആശുപത്രി ജംഗ്ഷന് സമീപവും നെയ്മേയ് പാലത്തുംപാടിന് സമീപമുള്ള രണ്ടു കലുങ്കുകളുടെ കൈവരികളും അടിത്തറയും ഇളകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുതുക്കിപ്പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത റോഡ് റീടാർ ചെയ്യാനും കലുങ്കുകൾ പുതുക്കി പണിയാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും നൽകി ആവശ്യമായ ഫണ്ടും ലഭിച്ചാലേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത റോഡിന്റെ മോശമായ ഭാഗത്ത് റിപ്പയറിംഗ് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

**59 (3230) ആലക്കോട്-മറ്റത്തെ-കാപ്പിമല റോഡ്**

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23/12/91-ൽ ജി.ഒ.(ആർ.ടി) നം. 1335/91 പ്രകാരം പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആലക്കോട്-മറ്റത്തെ- കാപ്പിമല റോഡിന്റെ ടാറിംഗ് പണി പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എത്ര കിലോമീറ്ററിന്റെ പണി പൂർത്തിയാക്കി;

(സി) എത്ര കിലോമീറ്ററിന്റെ പണിയാണ് ടെണ്ടർ വിളിച്ചത് എന്നും ഈ റോഡ് പണിക്കായി ഇതിനോടകം എത്ര രൂപ ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന ഭാഗത്തിന്റെ ടാറിംഗ് പണി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കി.മീ.0/0 മുതൽ 7/090 വരെയുള്ള ഭാഗം മാത്രമേ ടാറിംഗ് പണി പൂർത്തിയാക്കിയുള്ളൂ.

(സി) ഈ റോഡിന്റെ കി.മീ.0/0 മുതൽ 9/00 വരെയുള്ള ഭാഗത്തിന് ടെണ്ടർ വിളിച്ചു. 1,09,92,692/- രൂപ ഇതുവരെ ചെലവായി.

(ഡി) അവശേഷിക്കുന്ന ഭാഗത്തെ പണിക്ക് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള കുറച്ചു സ്ഥലം ആവശ്യമാണ്. ഈ സ്ഥലം വിട്ടുകിട്ടാൻ ഉത്തരവായെങ്കിലും ഇതുവരെ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ഈ സ്ഥലം കൈമാറുകയും ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്താൽ അവശേഷിക്കുന്ന ഭാഗത്തിന്റെ ടാറിംഗ് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

**60 (3231) പെരുമ്പടവ് സെൻട്രൽ ക്രോസ് റോഡിന്റെ നിർമ്മാണം**

ശ്രീ. ജോണിനെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഇലഞ്ഞി പഞ്ചായത്തിലെ പെരുമ്പടവം സെൻട്രൽ ക്രോസ് റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ റോഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിച്ച് ഗതാഗത്തിന് തുറന്നു കൊടുക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇലഞ്ഞി-കൂത്താട്ടുകളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കിഴക്കൊത്ത്-മുത്തോലപുരം റോഡ് ടാർ ചെയ്ത് ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ന്യൂ എം.എൽ.എ. റോഡായ ആരക്കുഴമൂഴി-മാറാടി-പാറത്തട റോഡിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്?

ഉത്തരം

(എ) രണ്ട് കലുങ്കുകളുടെ നിർമ്മാണം, മെറ്റലിംഗ്, ടാറിംഗ് പണികൾ ഒഴിച്ച് ബാക്കി പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ബാക്കി പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിവതും വേഗം ചെയ്തു തീർക്കുന്നതാണ്.

(സി) പ്രസ്തുത റോഡിന്റെ മെറ്റലിംഗും ടാറിംഗും ഒഴികെയുള്ള പണികൾ തീർത്തിട്ടുണ്ട്. ബാക്കി പണികൾ ചെയ്തു തീർക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത റോഡിന്റെ പണിക്ക് ന്യൂ എം.എൽ.എ. റോഡ് സ്കീമിൽ അനുവദനീയമായ 25 ലക്ഷം രൂപയുടെ പണി ചെയ്തു തീർത്തിട്ടുണ്ട്. ബാക്കി പണികൾ ചീഫ് എഞ്ചിനീയറുടെ (എൽ.എസ്) കണക്കിൽപ്പെടുത്തി ചെയ്തു വരുന്നു.

**61 (3232) പാലങ്ങളുടെ നിർമ്മാണം**

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട-ഇടത്തരം പാലങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) നബാർഡ് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മരാമത്ത് പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(എഫ്) എത്ര പാലങ്ങളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളത്; ഇവയുടെ നിർമ്മാണത്തിനായി എന്ത് തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ)&(ബി) ഉണ്ട്. നബാർഡിന്റെ സഹായത്തോടെ പാലങ്ങളുടെ പണികളും ഏറ്റെടുത്തു നടത്തി വരുന്നു. കൂടാതെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ വഴി പണികൾ ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി)&(ഡി) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.† ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാവുമെന്ന് കൃത്യമായി പറയാനാവില്ല.

(ഇ) 2000-2001-ാമാണ്ടോടെ പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 97 പാലങ്ങളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവയ്ക്ക് 14,808.20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

### 62 (3233) പാലങ്ങൾ പുതുക്കിപ്പണിയാൻ നടപടി

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് വർഷത്തിലേറെ കാലപ്പഴക്കമുള്ളതും ബലക്ഷയമുള്ളതുമായ ചേർപ്പ് നിയോജകമണ്ഡലത്തിലെ കരുവന്നൂർ പാലം, പഴുവിൻപാലം, കാരാഞ്ചിറ പാലം എന്നിവ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളിലൂടെ വാഹനങ്ങൾ പോകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ചാലക്കുടി പാലത്തിലൂടെ ഗതാഗതം നിയന്ത്രിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പാലങ്ങളിലൂടെയുള്ള ഗതാഗതം വർദ്ധിക്കാൻ ഇടയുള്ളതിനാൽ പാലങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പ്രസ്തുത നിയോജകമണ്ഡലത്തിലെ കാരാഞ്ചിപാലം, പഴുവിൻ പാലം എന്നിവയെ ബലക്ഷയം സംഭവിച്ച പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആലുവ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു. കരുവന്നൂർ പാലത്തിന് തൽക്കാലം തകരാറൊന്നും ഇല്ല.

(ബി) ഇതുവരെ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയട്ടില്ല.

(സി) ചാലക്കുടി പാലത്തിലൂടെ ഗതാഗതം നിയന്ത്രിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത പാലത്തിൽ കൂടെ വാഹനങ്ങളുടെ വേഗത കുറച്ച് ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

### 63 (3235) പുളിയ്ക്കക്കടവ് പാലം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുളിയ്ക്കക്കടവ് പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പാലത്തിന്റെ പണി ഏതു ഘട്ടത്തിലാണ്;

(സി) അതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27/5/1997-ൽ ആരംഭിച്ചു.

(ബി) പ്രസ്തുത പാലത്തിന് ഫൗണ്ടേഷൻ പയിലുകളുടെ പണി നടന്നുവരുന്നു. ആകെ അൻപത്തിയാറ് ഫൗണ്ടേഷൻ പയിലുകൾ ഉള്ളതിൽ മുപ്പത്തിനാല് എണ്ണത്തിൽ പണി തീർന്നിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒരു വർഷത്തിനകം പണി തീർക്കാവുന്നതാണ്.

### 64 (3236) പടുതോട് കടവിൽ പാലം പണിയാൻ നടപടി

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മങ്ങപ്പള്ളി താലൂക്കിൽ മണിമലയാറിന് കുറുകെ പടുതോട് കടവിൽ പാലം പണിയുന്നതിനുള്ള മണ്ണ് പരിശോധന നടത്തിയോ;

(ബി) പ്രസ്തുത പാലത്തിന്റെ പണിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പ്രസ്തുത പാലത്തിന്റെ പണി ഉടനടി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) നൽകിയിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

### 65 (3237) എരിഞ്ഞിലംകോട് പാലം

ശ്രീ. എ. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ്-ഉദുമ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും മാനടുക്ക-ബന്തടുക്ക-കോളിച്ചാർ-പഴയ എം.എൽ.എ. റോഡിൽ എരിഞ്ഞിലംകോട് പാലം നിർമ്മിക്കുവാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടും, എന്തുകൊണ്ടാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാതിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) നിയമതടസ്സങ്ങൾ ഒഴിവാക്കി എത്രയും വേഗം നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ അലൈൻമെന്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പാലത്തിന് 35 ലക്ഷം രൂപയുടെ ഭരണാനുമതി 1995-ലും പ്രത്യേകാനുമതി 1996-ലും നൽകിയിട്ടുണ്ട്. 95 ലക്ഷം രൂപയുടെ ഒരു പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ചത് പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത പാലത്തിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയ ശേഷം പ്രവൃത്തി തുടങ്ങാവുന്നതാണ്.

### 66 (3239) മഠത്തും കടവിൽ പാലം

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ 'മഠത്തും കടവിൽ പാലം' പണിയുന്നതിന് മണ്ണ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) നടപ്പുവർഷം ബഡ്ജറ്റിൽ പ്രസ്തുത പാലത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഈ പാലത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പാലം പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) അഞ്ചു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നൽകിയിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

### 67 (3240) കുടുംബൂർ പാലം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാസർഗോഡ് ജില്ലയിലെ ചുള്ളിക്കര കുറ്റിയോൽ റോഡിൽ കുടുംബൂർ പുഴയ്ക്കു കുറുകേ കുടുംബൂർ പാലം നിർമ്മിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കുടുംബൂർ പാലം നിർമ്മാണത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) പ്രത്യേകാനുമതിയും ഭരണാനുമതിയും ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടോ;

(ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചതും, മറ്റു സാങ്കേതിക നടപടിക്രമങ്ങളും പൂർത്തിയാക്കിയതുമായ കുടുംബൂർ പാലം പണി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പാലത്തിന് 9 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 1996-ൽ നൽകിയിട്ടുണ്ട്.

(സി)&(ഡി) വില്ലേജ് റോഡിൽ വരുന്ന പ്രസ്തുത പാലത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും ഉണ്ടെങ്കിലും ഈ സാമ്പത്തിക വർഷത്തിൽ പാലത്തിന്റെ പണി ഐറ്റം നമ്പർ 119 ആയി പേജ് 170-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഒന്നും വകകൊള്ളിച്ചിട്ടില്ല. മതിയായ തുക ബഡ്ജറ്റിൽ ഇല്ലാത്ത വില്ലേജ് റോഡായതുകൊണ്ട് പ്രസ്തുത പാലത്തിന്റെ പണി പഞ്ചായത്തിലേക്ക് കൈമാറുന്ന നടപടിക്രമത്തിലാണ്.

68 (3241) കായിക്കര കടവിൽ പാലം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക്കര കടവിൽ പാലം നിർമ്മിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മഹാകവി കുമാരനാശാന്റെ ജൻമസ്ഥലത്തുള്ള കായിക്കര കടവിൽ പാലം പണിയുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ധനലഭ്യതയ്ക്ക് വിധേയമായി പ്രസ്തുത പാലം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

69 (3242) ചിറയിൻകീഴ്-അരയത്തുരുത്ത് മഹാത്മാഗാന്ധി ബീച്ച് റോഡും അനുബന്ധ പാലങ്ങളും.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) ചിറയിൻകീഴ്-അരയത്തുരുത്ത് മഹാത്മാഗാന്ധി ബീച്ച് റോഡും അനുബന്ധ പാലങ്ങളും നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അരയത്തുരുത്ത്-മഹാത്മാഗാന്ധി ബീച്ച് റോഡ് എന്നാണ് പി. ഡബ്ല്യു.ഡി. ഏറ്റെടുത്തത് എന്ന് വ്യക്തമാക്കുമോ;

(സി) പി.ഡബ്ല്യു.ഡി. ഏറ്റെടുത്തതിനുശേഷം പ്രസ്തുത റോഡിൽ എന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങളോ അറ്റകുറ്റപ്പണികളോ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ റോഡിനുവേണ്ടി പി.ഡബ്ല്യു.ഡി. എന്തു തുക ചെലവഴിച്ചു;

(ഇ) ഈ റോഡിനെ പി.ഡബ്ല്യു.ഡി. അവഗണിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1990-ൽ 575 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും മറ്റ് നടപടിക്രമങ്ങളൊന്നും പൂർത്തിയാക്കാത്തതുമൂലം പണി ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. പുതുക്കിയ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി തുടങ്ങുന്നതാണ്.

(ബി) 1989-ൽ

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) അവഗണനയില്ല, പുതുക്കിയ ഭരണാനുമതി നൽകി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

70 (3243) ചിറ്റാർ റോഡിലെ മൈലമൂട് പാലം

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട വാമനപുരം-ചിറ്റാർ റോഡിലെ മൈലമൂട് പാലം പുതുക്കിപ്പണിയാനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പ്രസ്തുത പണിക്ക് 1.12.1997 ന് 89.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഒരു ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡ് വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തായതിനാൽ സ്ഥലം വിട്ടുകിട്ടാൻ താമസം നേരിടുന്നുണ്ട്. അലൈൻമെന്റിൽ ചെറിയമാറ്റം വരുത്തി എത്രയും വേഗം പണി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**71 (3244) കണ്ണൂർ ജില്ലയിലെ എരുവേങ്ങി പാലത്തിലെ ടോൾ പിരിവ്**

<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരുവേങ്ങി പാലത്തിന് എന്നാണ് ടോൾ പിരിവ് ഏർപ്പെടുത്തിയത്;

(ബി) ടോൾ പിരിവിലൂടെ എത്ര രൂപ ഗവൺമെന്റിന് ലഭിച്ചു;

(സി) ടോൾ പിരിക്കുന്ന ജോലിക്കാരുടെ ശമ്പളം ഉൾപ്പെടെ ടോൾ പിരിവിന് എത്ര രൂപ ചെലവായി;

(ഡി) ഈ പാലത്തിന് ഇപ്പോഴും ടോൾ പിരിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 12.8.1992 മുതൽ ടോൾ പിരിവ് ഏർപ്പെടുത്തി.

(ബി) 2,19,484/- രൂപ ലഭിച്ചു.

(സി) 1,18,094 രൂപ ടോൾ പിരിവിന് ചെലവായി

(ഡി) ഈ പാലത്തിന് ഡിപ്പാർട്ടുമെന്റലായി ഇപ്പോഴും ടോൾ പിരിക്കുന്നുണ്ട്.

**72 (3245) സഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം**

<u>ശ്രീ. എ. അലി ഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നബാർഡിന്റെ സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകളും പാലങ്ങളും ഏറ്റെടുത്ത് നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയപാതയിൽ ചാലക്കുടി പാലത്തിന്റെ കേടുപാടുകൾ തീർക്കുന്നതിനായി ബോംബെയിലെ പ്രെസ്സിനെറ്റ്, പ്രീട്രസ്റ്റ് കോൺക്രീറ്റ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, ഹഡ്കോ, നബാർഡ് മുതലായ ഏജൻസികൾ മുഖേന പ്രധാനപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും പണികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിനകം 24 പാലങ്ങളുടെ പണി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പൂർത്തിയാക്കുകയും 73 പാലങ്ങളുടെ പണികൾ പുരോഗമിച്ചു വരികയുമാണ്. ഏതാനും റോഡ് പണികൾക്കും നബാർഡ് സഹായം പ്രതീക്ഷിക്കുന്നു. ലോകബാങ്കിന്റെ സഹായത്തോടെ 1800 കിലോമീറ്റർ റോഡുകൾ ശാസ്ത്രീയമായി നവീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരുതൂർകടവ് പാലവും എരപ്പകടവ് പാലവും പണി പൂർത്തീകരിച്ചു. മൂന്നാറ്റുമുക്ക് പാലം, പണയിൽക്കടവ് പാലം, വട്ടവിളപിരായമൂട് പാലം, വെള്ളുമണ്ണടി പാലം എന്നിവയുടെ പണികളും എം.സി.റോഡിൽ കിളിമാനൂർ പാലവും (പുനർനിർമ്മാണം) നബാർഡിന്റെ സഹായത്തോടെ ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു.

**73 (3246) കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മരാമത്ത് പണികൾ**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാം ആണ്ടിലെ കേരള ബഡ്ജറ്റിൽ കായംകുളം മണ്ഡലത്തിൽ ഭരണാനുമതിയുള്ള വിഭാഗത്തിൽ ഓരോന്നിനും ബഡ്ജറ്റിൽ ഉള്ള തുകയും എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള തുകയും എന്തു വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ടെണ്ടർ ചെയ്തിട്ടുള്ള വർക്കുകൾ ഏതൊക്കെയാണ്;

(സി) ഇവയിൽ പണി ആരംഭിച്ചിട്ടുള്ള വർക്കുകൾ ഏതൊക്കെയാണ്;

(ഡി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മേൽപ്പറഞ്ഞ വർക്കുകൾ എല്ലാം കഴിയുന്നത്ര വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(ഡി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമല്ല.

**74 (3247) കാഞ്ഞാണി-ചാവക്കാട് റോഡിന്റെ വീതികൂട്ടാൻ നടപടി**

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞാണി-ചാവക്കാട് റോഡിന് എന്ത് വീതിയുണ്ട്;

(ബി) പ്രസ്തുത റോഡിന് താങ്ങാൻ സാധ്യമല്ലാത്ത വിധത്തിൽ ഗതാഗതം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ഈ റോഡിന്റെ വീതി കൂട്ടാൻ എന്തെല്ലാം നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്;

(ഡി) ഇതിന്റെ വീതി കൂട്ടി റോഡ് പുനർനിർമ്മാണം നടത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന് 5.5 മീറ്റർ ടാർ വീതിയുണ്ട്.

(ബി) ഉണ്ട്.

(സി) നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## 75 (3248) കൊല്ലം ജില്ലയിലെ മരാമത്ത് പണികൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ പണി ചെയ്തു തീർത്ത വകയിൽ കരാറുകാർക്ക് എന്തു തുക കൊടുക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാലവർഷത്തോടെ വാഹന ഗതാഗതത്തിന് അനുയോജ്യമല്ലാത്തവിധം തകർന്നുകിടക്കുന്ന കൊല്ലം ജില്ലയിലെ പൊതുമരാമത്ത് റോഡുകൾ പുനരുദ്ധരിക്കുന്നതിന് കരാറുകാരുടെ ടെണ്ടർ ബഹിഷ്കരണം തടസ്സമാകുന്ന സാഹചര്യത്തിൽ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും റോഡുകളുടെ പുനരുദ്ധാരണത്തിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28.8.1999-വരെ നോൺ പ്ലാൻ സ്കീമിൽ 1970.80 ലക്ഷം രൂപയും പ്ലാൻ സ്കീമിൽ 890.59 ലക്ഷം രൂപയും കൊടുക്കാനുണ്ട്.

(ബി) കരാറുകാരുടെ സമരം അവസാനിച്ചു കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ധനലഭ്യതയ്ക്ക് വിധേയമായി പണികൾ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## 76 (3250) "പുതിയ സിവിൽസ്റ്റേഷൻ"

ശ്രീ. എൻ. കണ്ണൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി സിവിൽ സ്റ്റേഷനുകൾ പണിയാനുദ്ദേശിക്കുന്നുണ്ടോ;

(ബി) സർക്കാർ ഓഫീസുകളുടെ സ്ഥലപരിമിതിമൂലം ഏറെ ബുദ്ധിമുട്ടുന്നതും നിരവധി ജില്ലാ ഓഫീസുകൾ ഉള്ളതുമായ മഞ്ചേരിയിൽ ഒരു സിവിൽ സ്റ്റേഷൻ പണിയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരിയിൽ സിവിൽ സ്റ്റേഷൻ നിർമ്മാണം നടപ്പു സാമ്പത്തിക വർഷത്തിൽ പരിഗണനയിലില്ല.

## 77 (3251) കുറഞ്ഞ ചെലവിൽ സർക്കാർ കാര്യാലയങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ കാര്യാലയങ്ങൾ ലോകോസ്റ്റ് രീതിയിലുള്ള ലാറിബേക്കർ മോഡലിൽ പണിയുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

ഇതിന്റെ പ്രായോഗികതയെപ്പറ്റി പഠിച്ചശേഷം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

78 (3252) മൊബൈൽ എഞ്ചിനീയറിംഗ് യൂണിറ്റുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പി.ഡബ്ല്യു.ഡി. ഡിവിഷനുകളിലാണ് മൊബൈൽ എഞ്ചിനീയറിംഗ് യൂണിറ്റുകൾ ഉള്ളത്;

(ബി) സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലും പ്രസ്തുത യൂണിറ്റുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ ഡിവിഷനുകളിൽ.

(ബി) തൽക്കാലം പരിഗണനയിലില്ല.

79 (3253) "പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ"

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.6.1999-ൽ പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി എത്ര ഡിഗ്രിക്കാരും ഡിപ്ലോമാക്കാരും സർവ്വീസിലുണ്ട്;

(ബി) 1.1.1996-നു ശേഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി എത്ര ഡിഗ്രിക്കാരെയും ഡിപ്ലോമാക്കാരെയും പ്രൊമോട്ട് ചെയ്തിട്ടുണ്ട്;

(സി) നിലവിലുള്ള നിയമമനുസരിച്ച് ഡിഗ്രി-ഡിപ്ലോമ യോഗ്യതയുള്ളവരുടെ പ്രൊമോഷൻ റേഷ്യോ എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ റേഷ്യോ പ്രകാരമാണോ ഇപ്പോൾ പ്രൊമോഷൻ നൽകുന്നത്; അല്ലെങ്കിൽ അതിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 339 ഡിഗ്രിക്കാരും 5 ഡിപ്ലോമാക്കാരും ഉണ്ട്.

(ബി) 230 ഡിഗ്രിക്കാരേയും 2 ഡിപ്ലോമക്കാരെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള നിയമമനുസരിച്ച് ഡിഗ്രി-ഡിപ്ലോമ യോഗ്യതയുള്ളവരുടെ പ്രൊമോഷൻ 3:1 എന്ന റേഷ്യോ പ്രകാരമാണ് നടക്കുന്നത്. ഇപ്രകാരം നടത്തുന്ന പ്രൊമോഷനിൽ ഒരു ഡിപ്ലോമ യോഗ്യതയുള്ള എഞ്ചിനീയർ കൂടുതൽ സർവ്വീസ് ഉള്ള ഒരു ഗ്രാഡ്വേറ്റ് യോഗ്യതയുള്ള എഞ്ചിനീയറെ സൂപ്പർസീഡ് ചെയ്യുവാൻ പാടില്ല എന്ന നിയമവും പാലിക്കുന്നുണ്ട്.

80 (3256) റസ്റ്റ് ഹൗസിലെ താൽക്കാലിക ജീവനക്കാർ

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസ്റ്റ് ഹൗസുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര വാച്ച്മാന്മാരും കുക്കുകളും ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(സി) ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 91 പേർ.

(ബി)&(സി) നിലവിലുള്ള നിയമങ്ങളനുസരിച്ച് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥയില്ല.

**81 (3257) പാവരണി റോഡിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപ്പോകാൻ നടപടി**

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ പാവരണി റോഡിൽ മഴയത്ത് വെള്ളം കയറി ഗതാഗത സ്തംഭനം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ കെട്ടികിടക്കുന്ന വെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാവരണി റോഡ് കോഴിക്കോട് നഗരസഭയുടെ അധീനതയിലാണ്. വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ നഗരസഭ ജലസേചനവകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**82 (3259) ശാസ്ത്ര-സാങ്കേതിക മ്യൂസിയം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്**

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര -സാങ്കേതിക മ്യൂസിയം സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണോ;

(ബി) എങ്കിൽ ഇതിലെ ജീവനക്കാർക്കുവേണ്ടി സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ജീവനക്കാരുടെ ശമ്പളം, ഗ്രേഡ് പ്രൊമോഷൻ മുതലായവ സർക്കാർ ചട്ടങ്ങളിൽ നിന്നും വിഭിന്നമായിട്ടുള്ള നിയമാവലിയുടെ അടിസ്ഥാനത്തിലാണോ നിർണ്ണയിച്ചിട്ടുള്ളത്;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചട്ടം നിലവിലില്ലെങ്കിൽ അത് തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്.

(ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കിവരുന്നു.

(സി)&(ഡി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ ശമ്പളം, ഗ്രേഡ് പ്രൊമോഷൻ മുതലായവ കേരള സർക്കാർ ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങളനുസരിച്ചാണ് ഇപ്പോൾ തീരുമാനിച്ചു വരുന്നത്.

(ഇ) നടപടികൾ സ്വീകരിച്ചു വരികയാണ്.

83 (3260) ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ വികസനം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിൽ പുതിയ ഗ്യാലറികളും മറ്റു വികസനങ്ങളും നടപ്പിൽ വരുത്താൻ ഗ്യാലറി അഡ്വൈസറി കമ്മിറ്റി നിലവിലുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഏവ; അവയിൽ നടപ്പിൽ വരുത്തിയിട്ടുള്ളവ ഏതെല്ലാം എന്ന് വിശദീകരിക്കുമോ;

(സി) കമ്മിറ്റി ഉണ്ടെങ്കിൽ ആരെല്ലാമാണ് അതിലെ അംഗങ്ങൾ; ഈ കമ്മിറ്റിയുടെ അധികാര പരിധി ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശം ധിക്കരിച്ച് മ്യൂസിയത്തിൽ ലക്ഷങ്ങൾ മുടക്കി പുസ്തകങ്ങൾ, ബസ്സ്, പ്രോജക്ടുകൾ, കമ്പ്യൂട്ടറുകൾ മുതലായവ വാങ്ങിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതിനുമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മ്യൂസിയത്തിൽ ഒരു കമ്പ്യൂട്ടർ ഗ്യാലറി, സഞ്ചരിക്കുന്ന പ്രദർശനശാല എന്നിവ ആരംഭിക്കുക, എയ്റോസ്പേസ്, ടെലികമ്മ്യൂണിക്കേഷൻസ് ഫോറൻസിക് സയൻസ്, ഡിഫൻസ് സ്റ്റഡീസ് എന്നീ ഗ്യാലറികൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പ്ലാനറ്റോറിയം നവീകരിക്കുക എന്നീ നിർദ്ദേശങ്ങളാണ് കമ്മിറ്റി നൽകിയിട്ടുള്ളത്. ഇതിൽ സഞ്ചരിക്കുന്ന പ്രദർശനശാല ഒരുങ്ങി കഴിഞ്ഞു. കമ്പ്യൂട്ടർ ഗ്യാലറിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. പ്ലാനറ്റോറിയം നവീകരണത്തിന് യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഓർഡർ കൊടുത്തുകഴിഞ്ഞു. പുതിയ ഗ്യാലറികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുവാനുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്[†]. മ്യൂസിയത്തിലെ പുതിയ ഗ്യാലറികളുടെ പ്രോജക്ടുകൾ പരിശോധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശുപാർശകൾ സമർപ്പിക്കലാണ് ടി കമ്മിറ്റിയുടെ ചുമതല.

(ഡി)&(ഇ) അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശത്തിനു വിരുദ്ധമായി യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

### 84 (3264) ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതി

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭവന നിർമ്മാണ ബോർഡ് ആവശ്യക്കാരുണ്ടോ എന്ന് തിട്ടപ്പെടുത്താതെ വൻതുക ചെലവഴിച്ച് ഭവനനിർമ്മാണം നടത്തിയതിന് പിന്നിൽ അഴിമതിയുള്ളതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(സി) അഴിമതി സംബന്ധിച്ച് ആർക്കെങ്കിലുമെതിരെ കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ഭവനനിർമ്മാണ ബോർഡിൽ ആവശ്യക്കാരെ തിട്ടപ്പെടുത്തുന്നതിനു വേണ്ടി രജിസ്ട്രേഷൻ പദ്ധതി നിലവിലുണ്ട്. എന്നാൽ രാജീവ് ദശലക്ഷ ഭവന പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് പണികഴിപ്പിച്ച വീടുകളുടെ പണിയിലും സ്ഥലമെടുപ്പിലും അഴിമതി ഉണ്ടെന്ന് ആരോപിച്ചുകൊണ്ട്, ഒരു പരാതി 7.7.1999-ൽ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ട്. അതിന്മേൽ വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

### 85 (3265) എം.എൽ.എ. മാർക്കുള്ള ഭവന നിർമ്മാണ പദ്ധതി

<u>ശ്രീ. കെ. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ഹൗസിംഗ് ബോർഡിൽനിന്നും കടമെടുത്ത തുക പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുമ്പോൾ ഏത് മാസത്തെ ഗഡുക്കളാണ് അടക്കുന്നതെന്ന് പണമടച്ചതിന് ലഭിക്കുന്ന രസീതിൽ കാണിക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിമാസ ഗഡുക്കൾ അടക്കുമ്പോൾ ലഭിക്കുന്ന രസീതികളിൽ ഏത് വർഷത്തെ, ഏത് മാസത്തെ ഗഡുക്കളാണ് അടച്ചിരിക്കുന്നതെന്ന് കാണിക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം VIII



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഇപ്പോൾ നിലവിലുള്ള സംവിധാനമനുസരിച്ച് ബോർഡിന്റെ ഒരു വായ്പാ പദ്ധതിയിലും തവണ തുക അടയ്ക്കുന്ന രസീതിന്മേൽ ഏത് വർഷത്തെ ഏത് മാസത്തെ ഗഡുവാണെന്ന് രേഖപ്പെടുത്താറില്ല എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും നൽകുന്ന രസീതുകളിൽ ഏതു വർഷത്തെ, ഏതു മാസത്തെ ഗഡു എന്നു കൂടി രേഖപ്പെടുത്തുന്നതിന് ഭവന നിർമ്മാണ ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

86 (3266) ഭവന നിർമ്മാണ പദ്ധതിക്ക് വിദേശ മലയാളികളുടെ സഹായം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റോ ഹൗസിംഗ് ബോർഡോ നടപ്പിലാക്കുന്ന ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിക്ക് വിദേശ മലയാളി സംഘടനകളുടെ സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സംഘടനകളിൽ നിന്നും എത്ര സഹായം ലഭിച്ചു എന്നും പ്രസ്തുത സഹായം കൊണ്ട് എത്ര ഭവനങ്ങളുടെ പണി പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡ് നടപ്പിലാക്കി വരുന്ന, ദുർബല വിഭാഗക്കാർക്കുള്ള "മൈത്രി" ഭവന പദ്ധതിയ്ക്കായി വിദേശ മലയാളി സംഘടനകളുടെ സഹായം ലഭിച്ചിട്ടുണ്ട്.

(ബി) (1) ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക 8000 യു.എസ് ഡോളർ നൽകി. അതുകൊണ്ട് 32 വീടുകൾക്ക് ധനസഹായം നൽകി.

(2) കെ.ബി. മുരളി, ജനറൽ സെക്രട്ടറി, ശക്തിതിയേറ്റർ, അബുദാബി 1,26,000/- (ഒരു ലക്ഷം ഇരുപത്താറായിരം രൂപ) നൽകി. അതുകൊണ്ട് 14 വീടുകൾക്ക് ധനസഹായം നൽകി.

87 (3270) കടത്തു തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങൾ നിർമ്മിക്കപ്പെടുന്നതുമൂലം കടത്ത് ജോലി ചെയ്തിരുന്ന തൊഴിലാളികൾ തൊഴിൽരഹിതരാകുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏതെങ്കിലും കടത്തിൽ പാലം പണിതതിലൂടെ, ആ കടത്തിൽ ജോലി നോക്കിയിരുന്ന ഡിപ്പാർട്ട്മെന്റൽ കടത്തുജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

88 (3271) ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി-മൂവാറ്റുപുഴ റോഡിന്റെ കിഴക്കമ്പലം ഭാഗത്ത് വീതി കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിഴക്കമ്പലം കവലയിൽ ഉണ്ടാകുന്ന വാഹനകുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഒരു ബൈപാസ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) ബൈപാസ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

89 (3272) മണ്ണൂർ-വാളകം റോഡ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽപ്പെട്ട മണ്ണൂർ-വാളകം റോഡ്, എം.സി. റോഡും, എൻ.എച്ച് 47-ഉം തമ്മിൽ ബന്ധിപ്പിക്കുന്നതാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വീതി കൂട്ടി ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

90 (3273) കാറ്റ്, സൗരോർജ്ജം മുതലായവ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദനം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റ്, സൗരോർജ്ജം മുതലായവ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ നടപ്പിലാക്കാനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ;

(സി) ഇതിനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള 2 മെഗാവാട്ടിന്റെ ഒരു പദ്ധതി കഞ്ചിക്കോട്ട് നിലവിലുണ്ട്. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സാങ്കേതിക സഹായത്തോടെ കാറ്റിൽ നിന്ന് ഏതാണ്ട് ആറോളം പ്രദേശങ്ങളിലായി 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യത കണ്ടെത്തിയിട്ടുണ്ട്. കൂടാതെ രണ്ട് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു കാറ്റാടിപ്പാടം രാമക്കൽമേടിനടുത്തുള്ള കുരുവിക്കാനത്ത് സ്ഥാപിക്കാനായി പദ്ധതി തയ്യാറാക്കി അനെർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനും പുറമെ സൗരോർജ്ജത്തിൽ നിന്ന്, വൈദ്യുതി ശൃംഖലയുമായി ബന്ധിക്കപ്പെട്ട 25 കിലോവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുതിനിലയം തിരുവനന്തപുരത്ത് കെ.എസ്.ഇ.ബി ആസ്ഥാനമായ വൈദ്യുതി ഭവനത്തിന്റെ പത്താം നിലയുടെ മുകളിലെ ടെറസ്സിലും വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കുന്ന 2 കിലോവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുതി നിലയം പത്തനംതിട്ട ജില്ലയിൽ കൊക്കത്തോട്ടിലെ നീരാമക്കുളം എന്ന സ്ഥലത്തും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സൗരോർജ്ജ താപപരിപാടികൾ, കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പരിപാടികൾ, ഗവേഷണവും വികസനവും, ജൈവ ഊർജ്ജ പരിപാടികൾ മുതലായവയ്ക്കായി മൊത്തം 700 ലക്ഷം രൂപ 1999 -2000-ൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**91 (3274) മിനി ഹൈഡൽ പദ്ധതികൾ**

ശ്രീ. എ.കെ. മണി:
ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മിനി ഹൈഡൽ പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഈ പദ്ധതികൾ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുവാനാണോ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്താനാണോ ഉദ്ദേശിച്ചിരുന്നത്;

(സി) ഈ പദ്ധതികളിൽ ഏതെല്ലാം കമ്മീഷൻ ചെയ്തു;

(ഡി) ഈ പദ്ധതിയുടെ പണി ഏറ്റെടുത്ത് നടത്തുവാൻ സ്വകാര്യവ്യക്തികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ ആരെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 300-ഓളം ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 34 പദ്ധതികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിശദമായ പ്രോജക്ട് റിപ്പോർട്ടും 35 പദ്ധതികളുടെ വിശദമായ സർവ്വേയും 56 എണ്ണത്തിന്റെ പ്രാഥമിക സർവ്വേയും 41 പദ്ധതികളുടെ ഫീസിബിലിറ്റി സർവ്വേയും നടത്തിയിട്ടുണ്ട്. മറ്റ് പദ്ധതികൾ ഐഡന്റിഫൈ ചെയ്ത് തുടർ നടപടി നടന്നു വരുന്നു.

(ബി) കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബോർഡ് നേരിട്ടും സ്വകാര്യ മേഖല മുഖാന്തിരവും നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(സി) കമ്മീഷൻ ചെയ്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

*ബോർഡ് നേരിട്ട് ചെയ്ത പദ്ധതികൾ*

1. കല്ലട - 15 മെഗാവാട്ട്
2. പേപ്പാറ - 3 മെഗാവാട്ട്
3. മാട്ടുപെട്ടി - 2 മെഗാവാട്ട്

*സ്വകാര്യ ഏജൻസി വഴി (കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്)*

4. മണിയാർ - 12 മെഗാവാട്ട്

(ഡി) ഉണ്ട്. സ്വകാര്യമേഖലയിൽ താഴെ പറയുന്ന പദ്ധതികളുടെ പണി നടന്നു വരുന്നു.

1. ഉള്ളുങ്കൽ - ടെമ്പിൾ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്
2. കാരിക്കയം
3. ഭൂതത്താൻകെട്ട് - സിൽക്കാൻ മെറ്റലർജിക് ലിമിറ്റഡ്
4. കൂത്തുങ്കൽ - ഇൻഡ്സിൽ ഇലക്ട്രോ സ്മെറ്റൽഡ് ലിമിറ്റഡ്.

സ്വകാര്യമേഖലയിൽ പ്രാഥമിക കരാർ ഒപ്പു വച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു

1. പുന്നപ്പുഴ - ഫോറസ്റ്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്
2. കാന്തൻപാറ } - പ്രൈമ അഗ്രോ പ്രോഡ്ക്ട്സ് ലിമിറ്റഡ്
3. തൂവൽ }
4. കിഷുമം - കിംഗ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

സ്വകാര്യമേഖല അപേക്ഷ നൽകിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു

ചെമ്പൻകുഴി, ദേവികുളം<br>
ലേക്ക്, കുതിരച്ചാട്ടം<br>
തൊമ്മൻകുത്ത്<br>
തോണിയാർ<br>
പാപുംകായ്

} പ്രീമിയം ഫെറോ അലോയ്ഡ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| തൊമ്മൻകുത്ത്<br>കുതിരച്ചാട്ടം | കെ.ആർ. അലോയ്ഡ് |
| ചെമ്പൻകുഴി | സോളാരീസ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് |
| ദേവികുളം ലേക്ക് | ഉഷാ ഇൻഡ്യാ ലിമിറ്റഡ് |
| ചെമ്പാൻകുടി<br>തോണിയാർ | ബിനാനി സിങ്ക് ലിമിറ്റഡ് |
| തോണിയാർ | കാർത്തിക പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് |
| തൊമ്മൻകുത്ത്<br>തോണിയാർ | മെറ്റ്-റോള സ്റ്റീൽസ് ലിമിറ്റഡ് |
| മുക്കുട്ടാത്തോട് | സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് |
| ഉരുട്ടിപ്പുഴ | ഭഗവതി ഡിസൈൻ സ്പ്രൈവറ്റ് ലിമിറ്റഡ് |

**92 (3275) കേന്ദ്രവിഹിതമായി കിട്ടിയ വൈദ്യുതി**

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ഏപ്രിൽ 1 മുതൽ 1999 ജൂൺ 30 വരെ ഓരോ മാസവും കേന്ദ്രവിഹിതമായി കിട്ടിയ വൈദ്യുതി എത്ര യൂണിറ്റാണ്;

(ബി) ഈ ഓരോ മാസവും അനുവദിച്ചിരുന്ന വിഹിതം എത്ര യൂണിറ്റാണ്;

(സി) ഈ കാലയളവിൽ അനുവദിച്ചതിനേക്കാൾ കൂടുതലോ അനുവദിച്ചതിനേക്കാൾ കുറച്ചോ വൈദ്യുതി എടുത്തിട്ടുണ്ടോ;

(ഡി) എത്ര യൂണിറ്റ് വൈദ്യുതി കൂടുതലായോ കുറഞ്ഞ തോതിലോ എടുത്തു;

(ഇ) ഈ കാലയളവിൽ വാങ്ങിയ വൈദ്യുതിക്ക് മൊത്തം കൊടുക്കേണ്ട വില എത്രയാണ്; കൊടുത്ത വില എത്ര; ശരാശരി ഒരു യൂണിറ്റിന്റെ വിലയെത്രയാണ്?

ഉത്തരം

(എ)&(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ വൈദ്യുതി എടുത്തിട്ടുണ്ട്.

(ഡി) 245, 574, 496 യൂണിറ്റ് വൈദ്യുതി കൂടുതലായി എടുത്തിട്ടുണ്ട്.

(ഇ) ഇക്കാലയളവിൽ വാങ്ങിയ വൈദ്യുതിക്ക് മൊത്തം കൊടുക്കേണ്ട വില 1660.56 കോടി രൂപയാണ്. ഈ തുക കൊടുത്തുകഴിഞ്ഞു. ഇക്കാലയളവിൽ വാങ്ങിയ വൈദ്യുതിയുടെ ഒരു യൂണിറ്റിന്റെ ശരാശരി വില 1.25 രൂപയാണ്.

### 93 (3276) ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ടുകൾ

ശ്രീ. കെ. പ്രകാശ് ബാബു:
ശ്രീ. സത്യൻ മൊകേരി:
ശ്രീ. എൻ. അനിരുദ്ധൻ:
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പുനഃസംഘടനയുടെ ഭാഗമായി നിലവിൽ വന്ന പ്രോഫിറ്റ് സെന്ററുകളുടെ ഘടനയേയും പ്രവർത്തനത്തേയും കുറിച്ച് പഠിക്കാൻ നിയുക്തമായ ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ടാസ്ക്ഫോഴ്സുകളെ നിയോഗിച്ചിരുന്നു എന്നും അതിൽ ഏതെല്ലാം ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടു നൽകിയ ടാസ്ക്ഫോഴ്സുകളുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രാൻസ്മിഷൻ ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ട് 6-7-1999-ൽ ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(ബി) നാല് ടാസ്ക്ഫോഴ്സുകളെ നിയോഗിച്ചിരുന്നു. ട്രാൻസ്മിഷൻ ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) ടാസ്ക്ഫോഴ്സിന്റെ റിപ്പോർട്ട് ബോർഡ് പരിശോധിച്ചുവരികയാണ്.

### 94 (3277) വൈദ്യുതി ഉൽപ്പാദനത്തിന്റെ ചെലവ്

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിയുടെ വില എത്രയാണ്;

(ബി) വൈദ്യുതി ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ജനറേഷൻ പോയിന്റിലും ജനറേഷൻ ആന്റ് ട്രാൻസ്മിഷൻ പോയിന്റിലും ജനറേ

LIBRARY ARCHIVES Kerala Legislative Assembly

ഷൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ പോയിന്റിലും എത്ര വീതം ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡ് സ്വകാര്യ വ്യക്തികളിൽ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് പർച്ചേസ് പോയിന്റിലും പർച്ചേസ് ആന്റ് ട്രാൻസ്മിഷൻ പോയിന്റിലും പർച്ചേസ്-ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ പോയിന്റിലും എന്തു ചെലവു വീതം വരുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ജൂൺ മാസത്തെ ബിൽ അനുസരിച്ച് വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിയുടെ വില താഴെ കൊടുക്കുന്നു:

| | | | | |
|---|---|---|---|---|
| രാമഗുണ്ടം | - | യൂണിറ്റ് ഒന്നിന് | - | 1 രൂപ 10 പൈസ |
| കായംകുളം | - | യൂണിറ്റ് ഒന്നിന് | - | 2 രൂപ 75 പൈസ *(താൽക്കാലികം)* |
| നെയ്‌വേലി (1 ഘട്ടം) | - | യൂണിറ്റ് ഒന്നിന് | - | 1 രൂപ 04 പൈസ |
| നെയ്‌വേലി (2 ഘട്ടം) | - | യൂണിറ്റ് ഒന്നിന് | - | 1 രൂപ 54 പൈസ |
| കൽപ്പാക്കം (എൻ.പി.സി) | - | യൂണിറ്റ് ഒന്നിന് | - | 1 രൂപ 82 പൈസ |
| പശ്ചിമ മേഖല | - | യൂണിറ്റ് ഒന്നിന് | - | 1 രൂപ 51 പൈസ |

ഇതിനുപുറമെ പ്രസരണ ചെലവിനത്തിൽ യൂണിറ്റൊന്നിന് 14 പൈസ നൽകേണ്ടതുണ്ട്.

(ബി) 1997-98-ലെ ആഡിറ്റിന് വിധേയമാക്കേണ്ട ബോർഡിന്റെ വാർഷികക്കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദനച്ചെലവ് 32.95 പൈസയും ഉത്പാദന-പ്രസരണചെലവ് 95.46 പൈസയും ഉത്പാദന-പ്രസരണ-വിതരണച്ചെലവ് 175.89 പൈസയും ആണ്.

(സി) സ്വകാര്യമേഖലയിൽ ബി.എസ്.ഇ.എസ്സിൽ നിന്നു മാത്രമാണ് ഇപ്പോൾ വൈദ്യുതി വാങ്ങുന്നത്. പവർ പർച്ചേസ് പോയിന്റിൽ യൂണിറ്റൊന്നിന് 2 രൂപ 40 പൈസയാണ് ഇപ്പോൾ ബോർഡിനുള്ള ചെലവ്. ഈ വൈദ്യുതി കൊച്ചി മേഖലയിൽതന്നെ ഉപയോഗിക്കുന്നതു കൊണ്ട് ട്രാൻസ്മിഷനിലും ഡിസ്ട്രിബ്യൂഷനിലും സാരമായ വ്യത്യാസം ഉണ്ടാകാറില്ല.

### 95 (3278) ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകളുടെ കേടുപാടുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജൂൺ 1-ാം തീയതിലെ നില വച്ച് കേരളത്തിലെ ഏതെങ്കിലും ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകൾ കേടായിരുന്നുവോ;

(ബി) അവ എത്ര മെഗാവാട്ടിന്റേതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവ ഓരോന്നിന്റെയും പ്രവർത്തനം നിലച്ചത് എന്നു മുതൽ; അതിനുള്ള കാരണമെന്താണ്;

(ഡി) അവയുടെ കേടുപാടുകൾ തീർത്ത് എന്ന് പ്രവർത്തനം തുടങ്ങി; അവശേഷിക്കുന്നവയുടെ കേടുതീർത്ത് എന്ന് പ്രവർത്തിച്ചു തുടങ്ങും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) പെരിങ്ങൽകുത്ത് പദ്ധതിയിലെ ഒന്നാം നമ്പർ ജനറേറ്റർ (8 മെഗാവാട്ട്), പള്ളിവാസൽ പദ്ധതിയിലെ മൂന്നാം നമ്പർ ജനറേറ്റർ, ആറാം നമ്പർ ജനറേറ്റർ (7.5 മെഗാവാട്ട്) എന്നിവ കേടായിരുന്നു.

(സി) വിവരം ചുവടെ ചേർക്കുന്നു.

| *പദ്ധതി* | *പ്രവർത്തനം നിലച്ച ദിവസം* | *കാരണം* |
|---|---|---|
| പെരിങ്ങൽകുത്ത് | 9.3.1998 | വൈൻഡിംഗ് കത്തിയതിനാൽ |
| പള്ളിവാസൽ (മൂന്നാം നമ്പർ ജനറേറ്റർ) | 4.10.1995 | വയറിംഗ് തകരാറ് |
| പള്ളിവാസൽ (ആറാം നമ്പർ ജനറേറ്റർ) | 26.4.1998 | വൈൻഡിംഗ് കത്തിയതിനാൽ |

(ഡി) <u>*പെരിങ്ങൽകുത്ത് :-*</u>

വൈൻഡിംഗ് തകരാറുമാറ്റി ജനറേറ്റർ പ്രവർത്തിപ്പിച്ചപ്പോൾ അമിതമായ വൈബ്രേഷൻ അനുഭവപ്പെട്ടതുകാരണം പ്രവർത്തനം നിറുത്തിവച്ചു. വിശദമായ പരിശോധനകൾക്കുശേഷം മെയിൻ വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടികൾ എടുത്തുവരുന്നു.

<u>*പള്ളിവാസൽ (ആറാം നമ്പർ ജനറേറ്റർ):-*</u>

യൂണിറ്റിന്റെ ട്രയൽ റൺ നടത്തിക്കഴിഞ്ഞു.

<u>*പള്ളിവാസൽ (മൂന്നാം നമ്പർ ജനറേറ്റർ):-*</u>

കാലപ്പഴക്കം കാരണം ഈ യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തണ്ട എന്ന് തീരുമാനമെടുത്തിരിക്കുകയാണ്. പള്ളിവാസൽ പുനരുദ്ധാരണ പദ്ധതിയിൽ ഈ മെഷീനും ഉൾപ്പെടുത്തിയിട്ടുണ്ട്.

**96 (3279) തകരാറിലായ ജനറേറ്ററുകൾ**

<u>ശ്രീ. ജോർജ്. ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മാർച്ച് 1 മുതൽ 1999 ജൂൺ 1 വരെ സംസ്ഥാനത്തെ ഏതെല്ലാം വൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾ നിശ്ചലമായിട്ടുണ്ട്;

(ബി) ഇതുമൂലം എത്ര ലക്ഷം യൂണിറ്റിന്റെ ഉൽപ്പാദനം കുറഞ്ഞു;



LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഓരോ യൂണിറ്റിന്റെയും ശേഷിയും ഓരോന്നും തകരാറിലായിക്കിടന്ന കാലാവധിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന വൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾ നിശ്ചലമായിട്ടുണ്ട്.

| | | |
|---|---|---|
| ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ് | - | യൂണിറ്റ് 1 ആന്റ് യൂണിറ്റ് 5 |
| പെരിങ്ങൽകുത്ത് | - | മെഷീൻ നം 1 |
| ഇടുക്കി | - | മെഷീൻ നം.1,4 |
| ശബരിഗിരി | - | മെഷീൻ നം. 1,2,3,4,5,6 |

(ബി) & (സി) വിശദവിവരം ചുവടെ ചേർക്കുന്നു.

| *പദ്ധതി* | *സ്ഥാപിത ശേഷി* | *പ്രവർത്തനം നിലച്ചത്* | *ഉൽപ്പാദന കുറവ്* |
|---|---|---|---|
| ബ്രഹ്മപുരം ഡീസൽ യൂണിറ്റ്-1 | 21.32 മെഗാവാട്ട് | 22.10.1998 മുതൽ 16.11.1998 വരെ | 41.65 ലക്ഷം യൂണിറ്റ് |
| ബ്രഹ്മപുരം ഡീസൽ യൂണിറ്റ്-5 | 21.32 മെഗാവാട്ട് | 29.5.1999 മുതൽ 28.6.1999 വരെ | 50.54 ലക്ഷം യൂണിറ്റ് |
| പെരിങ്ങൽകുത്ത് നമ്പർ 1 | 8 മെഗാവാട്ട് | 9.3.1998 മുതൽ പ്രവർത്തനം നിലച്ചു | 230 ലക്ഷം യൂണിറ്റ് |
| ഇടുക്കി നമ്പർ യൂണിറ്റ്-1 | 130 മെഗാവാട്ട് | 5.7.1997 മുതൽ 3.9.1997 വരെ | 61 ലക്ഷം യൂണിറ്റ് |
| ഇടുക്കി നമ്പർ 4 | 130 മെഗാവാട്ട് | 21.5.1997 മുതൽ 3.7.1997 വരെ | 43 ലക്ഷം യൂണിറ്റ് |
| ഇടുക്കി നമ്പർ 4 | 130 മെഗാവാട്ട് | 23.6.1998 മുതൽ 2.7.1998 വരെ | 10 ലക്ഷം യൂണിറ്റ് |
| ഇടുക്കി നമ്പർ 4 | 130 മെഗാവാട്ട് | 29.12.1998 മുതൽ 23.1.1999 വരെ | 27 ലക്ഷം യൂണിറ്റ് |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| ശബരിഗിരി നമ്പർ 1 | 50 മെഗാവാട്ട് | 17.3.1998 മുതൽ 26.6.1998 വരെ | 163 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 2 | 50 മെഗാവാട്ട് | 1.3.1997 മുതൽ 29.4.1997 വരെ | 60 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 2 | 50 മെഗാവാട്ട് | 14.6.1997 മുതൽ 25.11.1997 വരെ | 165 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 3 | 50 മെഗാവാട്ട് | 1.3.1997 മുതൽ 12.5.1997 വരെ | 73 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 3 | 50 മെഗാവാട്ട് | 5.11.1997 മുതൽ 10.3.1998 വരെ | 126 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 4 | 50 മെഗാവാട്ട് | 1.3.1997 മുതൽ 12.5.1997 വരെ | 73 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 4 | 50 മെഗാവാട്ട് | 4.2.1998 മുതൽ 7.5.1998 വരെ | 93 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 5 | 50 മെഗാവാട്ട് | 1.3.1997 മുതൽ 18.5.1997 വരെ | 79 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 5 | 50 മെഗാവാട്ട് | 16.12.1998 മുതൽ 21.4.1999 വരെ | 127 ലക്ഷം യൂണിറ്റ് |
| ശബരിഗിരി നമ്പർ 6 | 50 മെഗാവാട്ട് | 23.1.1999 മുതൽ 5.2.1999 വരെ | 14 ലക്ഷം യൂണിറ്റ് |

LIBRARY ARCHIVES Kerala Legislative Assembly

**97 (3280) വൈദ്യുതി ബോർഡിന്റെ വാർഷിക കണക്കുകൾ**

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡ് റൂൾസിൽ വൈദ്യുതി ബോർഡിന്റെ വാർഷിക കണക്കുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് വൈദ്യുതി ബോർഡിന് കേരള സർക്കാർ നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വർഷത്തെ വാർഷിക കണക്കുകളാണ് വൈദ്യുതി ബോർഡ് ഗസറ്റിൽ പ്രസിദ്ധീകരിച്ചത്; ഇനി ഏതെല്ലാം വർഷത്തെ വാർഷിക കണക്കുകളാണ് ഗസറ്റിൽ പ്രസിദ്ധീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസിദ്ധീകരിക്കാത്ത വാർഷിക കണക്കുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) 1957-ലെ കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡ് റൂൾസിൽ വൈദ്യുതി ബോർഡിന്റെ വാർഷിക കണക്കുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ബോർഡ് വാർഷിക കണക്കുകൾ ഇതേവരെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ 69(5) വകുപ്പനുസരിച്ച് വാർഷിക കണക്കുകൾ സർക്കാരിൽ നിന്നും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാറുണ്ട്. ബോർഡിൽ നിന്നും 5 രൂപ നിരക്കിൽ കോപ്പികൾ ആവശ്യക്കാർക്ക് നൽകി വരുന്നുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**98 (3281) 1991 ജനുവരി മുതൽ 1999 ജൂൺ വരെ ഏർപ്പെടുത്തിയ ലോഡ്ഷെഡ്ഡിംഗും പവർകട്ടും**

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1991 ജനുവരി മുതൽ 1999 ജൂൺ വരെ എത്ര തവണ ലോഡ്ഷെഡ്ഡിംഗും പവർകട്ടും സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഓരോ തവണയും പവർകട്ട് ഏർപ്പെടുത്തിയ കാലാവധിയും പവർകട്ടിന്റെ തോതും എന്തായിരുന്നു?

ഉത്തരം

(എ) ഈ കാലയളവിൽ നാല് പ്രാവശ്യം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. 1991 ജനുവരി മുതൽ 1999 ജൂൺ വരെ എച്ച്.ടി/ഇ.എച്ച്.ടി. ഉപഭോക്താക്കൾക്ക് രണ്ടു തവണയും എൽ.ടി. ഉപഭോക്താക്കൾക്ക് ഒരു പ്രാവശ്യവും പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

**99 (3282) ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയ ദിവസങ്ങളിലെ വൈദ്യുതിയാവശ്യം**

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയ ദിവസങ്ങളിലെ കേരളത്തിലെ കൂടിയ വൈദ്യുതിയാവശ്യം എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ സംസ്ഥാനങ്ങളിലെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയതുകൊണ്ട് കേരളത്തിലെ പീക്ക് ലോഡിലുണ്ടായ വർദ്ധനവ് എത്ര മെഗാവാട്ടാണ്;

(സി) വൈദ്യുതി ബോർഡിന്റെ അറിവില്ലാതെയാണ് ജില്ലാ ആസ്ഥാനങ്ങളിലെ ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയതെന്ന ആരോപണം ശരിയാണോ;

(ഡി) ജില്ലാ ആസ്ഥാനങ്ങളിലെ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിക്കൊണ്ടുള്ള ബോർഡ് തീരുമാനത്തിന്റെ പകർപ്പ് നൽകുമോ;

(ഇ) പീക്ക്ലോഡ് ആവശ്യത്തേക്കാൾ വളരെ കൂടുതൽ സ്ഥാപിത ശേഷിയും കേന്ദ്രത്തിൽ നിന്നുള്ള അലോക്കേഷനും ഉണ്ടായിട്ടും ലോഡ് ഷെഡ്ഡിംഗ് തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ആറ് മാസത്തെ കണക്കനുസരിച്ച് ഏറ്റവും കൂടിയ വൈദ്യുതിയാവശ്യം 1954 മെഗാവാട്ടായിരുന്നു.

(ബി) ലോഡ്ഷെഡ്ഡിംഗ് നിലവിലിരുന്ന 1998 ഏപ്രിൽ മാസത്തിൽ പീക്ക് ഡിമാന്റ് 1712.8 മെഗാവാട്ടും, 1999 ഏപ്രിൽ മാസത്തിൽ - ജില്ലാ ആസ്ഥാനങ്ങളിൽ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിയതിനുശേഷം 1827.9 മെഗാവാട്ടും ആയിരുന്നു. ഇതു തമ്മിൽ താരതമ്യം ചെയ്താൽ 115 മെഗാവാട്ടിന്റെ വർദ്ധനവുണ്ട്.

(സി) അല്ല.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഇ) ഇപ്പോൾ നിലവിലുള്ള പ്രസരണ വിതരണ ശൃംഖല പീക്ക് ലോഡിൽ ആവശ്യമായ വൈദ്യുതി മുഴുവനും വഹിക്കാൻ പര്യാപ്തമല്ല. ആയതിനാലാണ് ലോഡ് ഷെഡ്ഡിംഗ് നിർബന്ധിതമാകുന്നത്.

**100 (3283) ജലപദ്ധതികളുടെ നിർമ്മാണ ജോലികൾക്കായുള്ള പ്രീക്വാളിഫിക്കേഷൻ ടെണ്ടർ**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, ആതിരപ്പള്ളി എന്നീ ജലപദ്ധതികളുടെ നിർമ്മാണ ജോലികൾക്കായുള്ള പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം ചെയ്തത് എന്നാണ്;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഈ ടെണ്ടറിന്മേലുള്ള ആദ്യത്തെ ഇവാല്യുവേഷൻ കമ്മിറ്റി മീറ്റിംഗിന്റെയും രണ്ടാമത്തെ ഇവാല്യുവേഷൻ കമ്മിറ്റി മീറ്റിംഗിന്റെയും മിനിട്ട്സ് നൽകുമോ; ആതിരപ്പള്ളി പദ്ധതിയുടെ ഇവാല്യുവേഷൻ കമ്മിറ്റിയുടെ മീറ്റിംഗിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസിന് കരാർ നൽകിയാൽ കസ്റ്റംസ് തീരുവ ഇനത്തിൽ ബോർഡിന് എന്ത് തുകയുടെ ലാഭം ഉണ്ടാകുമായിരുന്നു;

(ഡി) ചൈനീസ് കമ്പനിയെ ഒടുവിൽ ക്വാളിഫൈ ചെയ്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ഇ) ഈ രണ്ട് പദ്ധതികളുടെയും കരാർ ജോലിക്ക് ഇപ്പോൾ പ്രീക്വാളിഫൈ ചെയ്തിരിക്കുന്ന കമ്പനികൾ സമർപ്പിച്ച സാമ്പത്തിക പാക്കേജ് സംബന്ധിച്ച ഇവാല്യുവേഷൻ കമ്മിറ്റിയുടെ അഭിപ്രായം മിനിട്ട്സിൽ രേഖപ്പെടുത്തിയത് വെളിപ്പെടുത്തുമോ;

(എഫ്) ഈ കമ്പനികൾക്ക് ഫിനാൻഷ്യൽ പാക്കേജ് ഓഫറിന് ഇവാല്യുവേഷൻ കമ്മിറ്റി അംഗങ്ങൾ നൽകിയ മാർക്ക് എത്ര വീതമാണ്?

## ഉത്തരം

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷന്റെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം ചെയ്തിരുന്നത് 7.8.98/-ലും ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം ചെയ്തിരിക്കുന്നത് 6.6.98-ലുമാണ്.

(ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെയും ആതിരപ്പള്ളി പദ്ധതിയുടെയും പ്രീക്വാളിഫിക്കേഷൻ കമ്മിറ്റി മീറ്റിംഗുകളുടെ മിനിട്ട്സിന് രഹസ്യസ്വഭാവം ഉള്ളതിനാലും ടെണ്ടർ നടപടികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്തതുമായ ഈ സന്ദർഭത്തിൽ മിനിട്ട്സ് ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

(സി) ഈ പദ്ധതികളുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടറുകൾ (ടേൺകീ അടിസ്ഥാനത്തിൽ) മാത്രമേ വിളിച്ചിട്ടുള്ളൂ.

(ഡി) പ്രോജക്ട് ഫൈനാൻസ് ചെയ്യുന്നതിനുള്ള കഴിവ്, വർക്കുകൾ ചെയ്തുള്ള എക്സ്പീരിയൻസ്, സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത, ടെക്നിക്കൽ പേഴ്സണൽ, മെഷീനറി എന്നിവയുടെ ലഭ്യത, മുമ്പ് ചെയ്തിട്ടുള്ള വർക്കുകളിലെ പെർഫോർമൻസ് എന്നിവയെ അടിസ്ഥാനമാക്കി ഇവാല്യുവേഷൻ ചെയ്തപ്പോൾ, മെസേഴ്സ് ചൈന നാഷണൽ മെഷീനറി ആന്റ് എക്യുപ്മെന്റ് ഇംപോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പറേഷൻ ആന്റ് ചൈനാ വാട്ടർ റിസോഴ്സ് ആന്റ് ഹൈഡ്രൊ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷന് പ്രീക്വാളിഫിക്കേഷൻ ചെയ്യേണ്ടുന്നതിനാവശ്യമായ യോഗ്യതയുണ്ടെന്നു കണ്ടതിനാലാണ് പ്രസ്തുത കമ്പനിയെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം പ്രീക്വാളിഫൈ ചെയ്തിട്ടുള്ളത്.

(ഇ) രഹസ്യസ്വഭാവമുള്ളതിനാൽ അഭിപ്രായം വെളിപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്.

(എഫ്)ഇവ രഹസ്യസ്വഭാവമുള്ളവയായതിനാൽ ടെണ്ടർ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ഈ സന്ദർഭത്തിൽ ഈ വിവരങ്ങൾ വെളിപ്പെടുത്തുവാൻ ബുദ്ധിമുട്ടുണ്ട്.

**101 (3284) ആഗോള ടെന്റർ**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിലയത്തിന്റെ നിർമ്മാണത്തിന് ക്ഷണിച്ചത് ആഗോള ടെന്റർ ആയിരുന്നുവോ;

(ബി) കോഴിക്കോട് നിലയത്തിന് ആഗോള ടെന്റർ ക്ഷണിച്ചിരുന്നുവോ;

(സി) എങ്കിൽ കോഴിക്കോട് നിലയത്തിന് ആഗോളടെന്റർ ക്ഷണിക്കുകയും കാസർഗോഡിന് ആഗോള ടെന്റർ ക്ഷണിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 21-4-99 ലെ ബോർഡ് ഉത്തരവനുസരിച്ച് 40 മെഗാവാട്ട് പ്രോജക്ടിന് വൈദ്യുതിബോർഡ് ആഗോള ടെൻഡർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ക്ഷണിച്ചിരുന്നു.

(സി) പ്രസക്തമല്ല.

**102 (3285) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി**

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (2X50) ക്കാവശ്യമായ യന്ത്രസാമഗ്രികൾ കെ.എസ്.ഇ.ബി.ക്ക് നൽകുന്നതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർക്ക് ബി.എച്ച്.ഇ.എൽ. നൽകിയ കത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 50 മെഗാവാട്ടിന്റെ രണ്ട് ജനറേറ്ററുകൾ എന്തു വിലയ്ക്കു നൽകാമെന്നാണ് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് അറിയിച്ചിരുന്നത്;

(സി) ഈ ഇനത്തിൽ സർക്കാർ അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിൽ എന്തു തുകയാണ് വകകൊള്ളിച്ചിരിക്കുന്നത്;

(ഡി) ഉയർന്ന തുകയാണെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഇ) ഇൻഡ്യൻ പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.നെ ഒഴിവാക്കി ചില വിദേശ കമ്പനികൾക്ക് കരാർ നൽകാൻ കെ.എസ്.ഇ.ബി.യിൽ നീക്കങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ബി.എച്ച്.ഇ.എൽ.മായി ബന്ധപ്പെട്ടപ്പോൾ വൈദ്യുതി ഉല്പാദനത്തിനും അതിനോടനുബന്ധമായുള്ള യന്ത്ര സാമഗ്രികളുടെയും ഉദ്ദേശവില 5175 രൂപ/കിലോവാട്ട് (നികുതികൾക്കും, സ്പെയേർസിനും പുറമേ) ആകുമെന്ന് അറിയിക്കുകയുണ്ടായി. ഇത് എക്സ് വർക്സ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഏകദേശ എസ്റ്റിമേറ്റ് വിലമാത്രമാണെന്നുള്ള സൂചന പ്രസ്തുത കത്തിലുണ്ട്.

(ബി) ജനറേറ്ററുകളുടെ വില മാത്രമായി എടുത്തു പറഞ്ഞിട്ടില്ല.

(സി)&(ഡി) പ്രോജക്ട് റിപ്പോർട്ട് പ്രകാരം ടർബൈൻ, ജനറേറ്റർ വാൽവ് മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് തിട്ടപ്പെടുത്തിയിരിക്കുന്നത് 85.78 കോടി രൂപയാണ്.

(ഇ) പ്രസ്തുത കമ്പനിയെ ഒഴിവാക്കാനായി യാതൊരു നടപടിയും എടുത്തിട്ടില്ല. മാത്രമല്ല ബി.എച്ച്.ഇ.എൽ-ഉം എൽ.ആന്റ് ടി. യും ചേർന്ന് പ്രീക്വാളിഫിക്കേഷൻ ടെണ്ടർ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനിയും പ്രീക്വാളിഫൈ ചെയ്തവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 103 (3286) കണ്ണൂർ-കാസർഗോഡ് ജില്ലയിലെ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ വൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ആരെല്ലാമായി ധാരണാപത്രങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡ് ഒപ്പിട്ടുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ആർക്കെല്ലാം ഫ്യുവൽലിങ്കേജ് അനുവദിക്കാൻ വൈദ്യുതി ബോർഡോ സംസ്ഥാന ഗവൺമെന്റോ ശുപാർശ ചെയ്തുവെന്നും ആർക്കെല്ലാം ഫ്യുവൽ ലിങ്കേജ് അനുവദിച്ചുകിട്ടിയെന്നും വെളിപ്പെടുത്തുമോ;

(സി) ഫ്യുവൽ ലിങ്കേജ് ലഭിച്ച പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണെന്നും എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഏതെങ്കിലും വിദേശകമ്പനികളുമായി സാങ്കേതിക-സാമ്പത്തിക സഹകരണത്തിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഇ) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആരുമായും ഒപ്പിട്ടിട്ടില്ല.

(ബി)-(ഇ) പ്രസക്തമല്ല.

104 (3287) **കാസർഗോഡ് ഡീസൽ നിലയം**

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡീസൽ നിലയം നിർമ്മിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങാനും ടെണ്ടർ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് നൽകുമോ;

(സി) ഇത് സംബന്ധിച്ച് ടെണ്ടർ ക്ഷണിക്കു മുമ്പ് ഏതെങ്കിലും കമ്പനിയുമായി ചർച്ച നടത്തിയോ;

(ഡി) എങ്കിൽ ഏതൊക്കെ കമ്പനി പ്രതിനിധികളുമായി ഏതൊക്കെ തീയതികളിൽ ചർച്ച നടത്തി; എവിടെ വച്ചാണ് ഈ ചർച്ചകൾ നടത്തിയത്;

(ഇ) ഈ ചർച്ചകളിൽ കെ.എസ്.ഇ.ബോർഡിന്റെയും സർക്കാരിന്റെയും ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തു;

(എഫ്) ഇവർ പങ്കെടുത്തത് ആരുടെ നിർദ്ദേശപ്രകാരമാണ്;

(ജി) ഈ ചർച്ചകൾ സംബന്ധിച്ച് ബോർഡിന് കമ്പനി പ്രതിനിധികൾ ഫാക്സ് സന്ദേശം ഉൾപ്പെടെ അയച്ച കത്തുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(എച്ച്) ഈ കമ്പനിക്ക് റിപ്പീറ്റഡ് ഓർഡർ എന്ന കരാർ വ്യവസ്ഥയിൽ കാസർഗോഡ് നിലയത്തിന്റെ കരാർ നൽകണമെന്ന് ചീഫ് എൻജിനീയർ (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് തെർമ്മൽ) ബോർഡിന് എന്തെങ്കിലും ശുപാർശ നൽകിയിരുന്നുവോ;

(ഐ) എങ്കിൽ ശുപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(സി)-(ജി) ഇതു സംബന്ധിച്ച് ഔദ്യോഗികമായി ചർച്ചകളൊന്നും നടത്തിയിട്ടില്ലെന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(എച്ച്) ബോർഡിലേയ്ക്ക് ശുപാർശ നൽകിയിട്ടില്ല.

(ഐ) പ്രസക്തമല്ല.

105 (3288) **വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി**

ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യമേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആരൊക്കെയാണ് അപേക്ഷ നൽകിയിട്ടുള്ളത്;

(ബി) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അനുമതി നൽകാൻ സ്വീകരിച്ച മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) എന്റോൺ കമ്പനിയ്ക്ക് കേരളത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കാൻ ഏതെങ്കിലും സ്ഥാപനം സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) നാഫ്ത ഇന്ധനമായി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു കമ്പനിക്കെന്ന് വ്യക്തമാക്കുമോ;

(എഫ്) വൈദ്യുതി ഉല്പാദക ഇന്ധനങ്ങളായ നാഫ്ത, പ്രകൃതി വാതകം ഇവ തമ്മിൽ താരതമ്യപഠനം വൈദ്യുതിബോർഡ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) താപവൈദ്യുതി ഉല്പാദനത്തിന് ആരും അപേക്ഷ നൽകിയിട്ടില്ല. ചെറുകിട ജല വൈദ്യുത പദ്ധതികൾക്കായി താഴെപ്പറയുന്നവരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. പ്രീമിയം ഫെറോ അലോയിഡ് ലിമിറ്റഡ്
2. കെ.ആർ. അലോയിഡ്
3. സോളാരിസ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്.
4. ഉഷ ഇൻഡ്യാ ലിമിറ്റഡ്
5. ബിനാനി സിങ്ക് ലിമിറ്റഡ്
6. കാർത്തിക പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ്
7. മോട്ടറോള സ്കിൽസ് ലിമിറ്റഡ്
8. സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ്
9. ഭഗവതി ഡിസൈൻസ് പ്രൈവറ്റ് ലിമിറ്റഡ്

(ബി) തെർമൽ പ്രോജക്ടുകളെ സംബന്ധിച്ച് വൈദ്യുതി ഉല്പാദിപ്പിച്ച് എന്തു വിലയ്ക്ക് ബോർഡിനു നൽകും എന്നുള്ളതാണ് മാനദണ്ഡം. ചെറുകിടജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ ഉൾപ്പെടുന്ന വിഭാഗത്തിന്റെ മുൻഗണന.(തദ്ദേശ സ്വയംഭരണ സ്ഥാപനം, പൊതുമേഖലാസ്ഥാപനം, ജില്ലാ സഹകരണസംഘം, സ്വകാര്യ സംരംഭകർ എന്നീ ക്രമത്തിൽ)

2. അപേക്ഷകന്റെ സാമ്പത്തിക നില

3. പദ്ധതിക്കാവശ്യമുള്ള പണം സ്വരൂപിക്കുന്നതിന് കമ്പനിക്കുള്ള സാധ്യത

4. ഓർഗനൈസേഷൻ ഘടന

LIBRARY ARCHIVES Kerala Legislative Assembly

5. സാങ്കേതിക പരിജ്ഞാനം

6. വൈദ്യുതി ഉല്പാദന മേഖലയിലുള്ള മുൻപരിചയം

7. പദ്ധതി സ്വന്തമായി കമ്മീഷൻ ചെയ്തശേഷം ഉല്പാദനം നടത്തി പദ്ധതി ബോർഡിന് കൈമാറുന്ന കാലയളവ്.

8. മിച്ചമുള്ള വൈദ്യുതി ബോർഡിന് വിൽക്കാനുദ്ദേശിക്കുന്ന നിരക്ക്.

9. പദ്ധതി നിർമ്മാണം പൂർത്തിയാക്കുന്നതിന് കമ്പനി ആവശ്യപ്പെടുന്ന കാലയളവ്.

10. ഈ പദ്ധതിയിൽനിന്ന് സ്വന്തമായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്.

(സി) ഇല്ല.

(ഡി) ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഒ.എൻ.ജി.സി. എന്നീ എണ്ണ കമ്പനികളുടെ സംയുക്ത സംരംഭമായ "പെട്രോനെറ്റ് എൽ.എൻ.ജി." കൊച്ചിയിൽ ഒരു പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പെട്രോനെറ്റ് എൽ.എൻ.ജി. സംസ്ഥാന സർക്കാരിനെ സമീപിച്ചിരുന്നു.

(ഇ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ്, ഡി.സി. പവർ ലിമിറ്റഡ്, കണ്ണൂർ പവർ പ്രോജക്ട് ലിമിറ്റഡ് എന്നീ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ പവർ പ്രോജക്ടിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സാമ്പത്തിക സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.

(എഫ്) നടത്തിയിട്ടുണ്ട്. ആഗോള വിപണിയിലെ വില വച്ചുനോക്കുമ്പോൾ നാഫ്ത ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവായിരിക്കും പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുതിയുടെ വില.

## 106 (3289) വൈദ്യുതി നിരക്ക് പരിഷ്കാരം

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കറന്റ് ചാർജ്ജിന്റെ അടിസ്ഥാനത്തിൽ ഗാർഹിക വിഭാഗത്തിൽ പ്രതിമാസം 30 യൂണിറ്റു മുതൽ 1000 യൂണിറ്റു വരെ ഉപയോഗിക്കുന്നവർക്ക് 30 യൂണിറ്റിനു മുകളിൽ ഓരോ യൂണിറ്റ് വൈദ്യുതിക്കും ഈടാക്കേണ്ട നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; 1999 മേയ് 15 വരെ ഈ വിഭാഗത്തിൽ ഓരോ യൂണിറ്റിനും (30 യൂണിറ്റിനു മുകളിൽ 1000 യൂണിറ്റു വരെ) ഈടാക്കിക്കൊണ്ടിരിക്കുന്ന നിരക്ക് വ്യക്തമാക്കുമോ;

(ബി) 14.5.1999-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം എൽ.ടി. (1) വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 8 സ്ലാബുകളിൽ ഓരോന്നിലും എത്ര കൺസ്യൂമർമാരുണ്ട്; ഈ ഓരോ വിഭാഗവും പ്രതിവർഷം ഉപയോഗിക്കുന്ന കറന്റിന്റെ അളവെത്ര;

(സി) കെ.എസ്.ഇ.ബി. കൺസ്യൂമർമാരുടെ കാറ്റഗറി തിരിച്ച് (ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ) എന്തെങ്കിലും കണക്കുകൾ സൂക്ഷിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൽ.റ്റി. 7(എ) 7(ബി) വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ഇ) മുമ്പ് ഈ വിഭാഗത്തിൽപ്പെട്ടവരുടെ കണക്ടഡ് ലോഡിന്റെ പരിധി എത്രയായിരുന്നു; ഇപ്പോഴെത്ര; ഈ മാറ്റത്തിന് കാരണം എന്ത്; ഈ മാറ്റം എത്ര കൺസ്യൂമറൻമാരെ ബാധിക്കും; ഇതുവഴി ബോർഡിന് പ്രതിവർഷമുണ്ടാകുന്ന അധികവരുമാനം എത്ര;

(എഫ്) വൈദ്യുതി നിരക്ക് പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ഏറ്റവും ഒടുവിൽ സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)

| പ്രതിമാസം ഉപഭോഗം യൂണിറ്റ് | നിരക്ക് യൂണിറ്റൊന്നിന് പുതുക്കിയത് (പൈസ) | പഴയത് (പൈസ) |
|---|---|---|
| 40 യൂണിറ്റ് വരെ | 70 | 65 |
| 41 മുതൽ 80 വരെ | 110 | 90 |
| 81 മുതൽ 120 വരെ | 130 | 100 |
| 121 മുതൽ 150 വരെ | 160 | 120 |
| 151 മുതൽ 200 വരെ | 210 | 150 |
| 201 മുതൽ 300 വരെ | 265 | 200 |
| 301 മുതൽ 500 വരെ | 345 | 260 |
| 501 നു മുകളിൽ | 355 | (301 നു മുകളിൽ) |

(ബി)

| സ്ലാബ് നമ്പർ | ഉപഭോക്താക്കളുടെ എണ്ണം | പ്രതിവർഷ ഉപഭോഗം (ദശലക്ഷം യൂണിറ്റ്) |
|---|---|---|
| I | 12,67,033 | 1154 |
| II | 10,38,552 | 1428 |
| III | 8,12,738 | 1375 |
| IV | 4,25,189 | 1044 |
| V | 3,52,594 | 275 |
| VI | 2,10,075 | 165 |
| VII | 91,000 | 35 |
| VIII | 36,496 | 20 |

(സി) കെ.എസ്.ഇ.ബി. കൺസ്യൂമർമാരുടെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് കണക്കുകൾ സൂക്ഷിക്കാറില്ല.

(ഡി) എൽ.ടി. 7 (എ) യിൽപ്പെടുന്നവ :-

ഡിസ്പ്ളേ ലൈറ്റുകൾ, സിനിമ സ്റ്റുഡിയോ, 1000 വാട്ട്സിൽ കൂടുതൽ കണക്ടഡ് ലോഡുള്ള കടകളും ഷോപ്പുകളും, 2000 വാട്ട്സിൽ കൂടുതൽ കണക്ടഡ് ലോഡുള്ള ഹോട്ടലുകളും റസ്റ്റോറന്റുകളും, എല്ലാ വാണിജ്യസ്ഥാപനങ്ങൾ, സ്വകാര്യ ഹോസ്റ്റലുകൾ ലോഡ്ജുകൾ, ഗസ്റ്റ്/റസ്റ്റ് ഹൗസുകൾ, വാണിജ്യാവശ്യത്തിനുള്ള കോൾഡു സ്റ്റോറേജുകൾ, ഉല്പാദനം നടത്താത്ത കച്ചവടംമാത്രം നടത്തുന്ന ബേക്കറികൾ വാഹന സർവ്വീസ് സ്റ്റേഷനുകൾ, പെട്രോൾ/ഡീസൽ ബങ്കുകൾ എല്ലാത്തരം കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഇവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.ടി. 7(ബി)യിൽപ്പെടുന്നവ:-

1000 വാട്ട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ള കടകൾ, ബങ്കുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഇവയാണ്.

(ഇ) എൽ.ടി.7(എ) വിഭാഗത്തിനുള്ളവരുടെ കണക്ടഡ് ലോഡിന് മാറ്റമൊന്നും വരുത്തിയിട്ടില്ല. എൽ.ടി.7(ബി) വിഭാഗത്തിന് 15.5.99-ൽ താരിഫ് പരിഷ്കരിച്ചപ്പോൾ കണക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സ് ആയി കുറച്ചിരുന്നു. ഇതുമൂലം പല ചെറുകിട വ്യാപാരികൾക്കും ബുദ്ധിമുട്ടുണ്ടായി എന്നു പരാതി ലഭിക്കുകയും തുടർന്ന് കണക്ടഡ് ലോഡിന്റെ പരിധി വീണ്ടും 1000 വാട്ട്സ് ആയി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിന് 15.5.99 മുതൽ പ്രാബല്യമുണ്ട്.. ഇതുവഴി ബോർഡിന് അധിക വരുമാനം ലഭിക്കുന്നില്ല.

(എഫ്) ഒടുവിൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എൽ.ടി. വിഭാഗം | |
| ഗാർഹികം | - 8% - 35% വരെ |
| ഗാർഹികേതരം | - 40% |
| വാണിജ്യം | - 35% |
| കാർഷികം | - വർദ്ധനവില്ല. |
| വ്യവസായം | - 35% |
| എച്ച്.ടി. വിഭാഗം | |
| വ്യവസായം | - 35% |
| പബ്ലിക് ഓഫീസുകൾ | - 40% |
| വാണിജ്യം | - 42% |
| കാർഷികം | - 25% |
| ഇ.എച്ച്.ടി. വിഭാഗം | - 35% |

കൂടാതെ ചെറിയ കടകൾ, ബങ്കുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് എൽ.ടി. 7 (ബി) താരിഫിൽ ഉൾപ്പെടുത്താനുള്ള കണക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സിൽ നിന്നും 1000 വാട്ട്സായി പുതുക്കി നിശ്ചയിച്ചു. 100 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള പ്രസ്തുത ഉപഭോക്താക്കളുടെ നിരക്ക് യൂണിറ്റൊന്നിന് 465 പൈസയിൽ നിന്നും 430 പൈസയായി കുറവു ചെയ്യുകയും ചെയ്തു.

## 107 (3290) വിവിധ വൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണം

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി എസ്.എൻ.സി. ലാവ്ലിൻ എന്ന കമ്പനിയുമായി കെ.എസ്.ഇ.ബി. ഒപ്പിട്ട കരാറിന്റെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട 1999 ജൂൺ 10 വരെ കെ.എസ്.ഇ.ബി. ഇറക്കിയ ഉത്തരവുകൾ ലഭ്യമാക്കുമോ; ഈ കരാർ ഇടപാടിൽ മൊത്തം ചെലവാകുന്ന തുകയും, ഇനം തിരിച്ചുള്ള തുകയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെണ്ടർ ക്ഷണിക്കാതെ ഈ കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(സി) ബാലാനന്ദന്റെ നേതൃത്വത്തിൽ പഠനം നടത്തിയ കമ്മിറ്റി ഈ പദ്ധതികളുടെ നവീകരണം സംബന്ധിച്ച് സർക്കാരിന് നൽകിയ ശുപാർശ എന്ത്; ഈ ശുപാർശ തള്ളിക്കളഞ്ഞുവെങ്കിൽ അതിനുള്ള കാരണം എന്ത്; ഈ കരാറിലെ അടങ്കൽത്തുകയും മറ്റു വ്യവസ്ഥകളും സംബന്ധിച്ച് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ നൽകിയ പഠനറിപ്പോർട്ടിന്റെ പൂർണ്ണ രൂപം നൽകുമോ;

(ഡി) ഈ കരാറുകാരന് കെ.എസ്.ഇ.ബി യുടെ ആസ്ഥാനമായ പട്ടം വൈദ്യുതി ഭവനിൽ ഈ പണികളുടെ നിർവ്വഹണത്തിനായി ഓഫീസുകളും ഔദ്യോഗിക വാഹനങ്ങളും വിട്ടുകൊടുത്തിരുന്നോ; എങ്കിൽ ഏത് മാനദണ്ഡ പ്രകാരമാണ്; മറ്റ് കരാറുകാർക്കും ഇതുപോലെ കെ.എസ്.ഇ.ബി. ആസ്ഥാനം വിട്ടുകൊടുക്കുമോ; ഇല്ലെങ്കിൽ കാരണം എന്ത്?

<u>ഉത്തരം</u>

(എ) പള്ളിവാസൽ, ചെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനായി എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി കെ.എസ്.ഇ.ബി. ഒപ്പിട്ട കരാറിന്റെ പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക 243.98 കോടി രൂപയാണ്. ഇതിൽ വിദേശവിഭാഗം 153.32 കോടി രൂപ (60.417 മില്യൺ കനേഡിയൻ ഡോളർ) ബാക്കി 90.66 കോടി രൂപ കെ.എസ്.ഇ.ബി. നേരിട്ട് ചെലവാക്കേണ്ടതാണ്. വിദേശ വിഭാഗത്തിൽ, എഗ്രിമെന്റ്പ്രകാരം 59.948 മില്യൻ കനേഡിയൻ ഡോളർ (149.15 കോടി രൂപ) സാധനങ്ങളുടെ വിലയായും കൺസട്ടൻസി ചാർജ്ജായും എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിക്ക് നൽകേണ്ടതായുണ്ട്. ഓരോ പദ്ധതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | സാധനങ്ങളുടെ വില | (മില്യൻകനേഡിയൻ ഡോളറിൽ കൺസൾട്ടൻസി ചാർജ് | ആകെ |
|---|---|---|---|
| പള്ളിവാസൽ | 18.511 | 2.790 | 21.301 |
| പന്നിയാർ | 8.372 | 2.200 | 10.572 |
| ചെങ്കുളം | 25.875 | 2.200 | 28.075 |
| ആകെ | 520.758 | 7.190 | 59.948 |

കെ.എസ്.ഇ.ബി. ഇറക്കിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക 243.98 കോടി രൂപയാണ്. വിശദവിവരം മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.†

(ബി) 10.8.1995-ൽ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലും തുടർന്ന് 24.2.96-ൽ ഒപ്പു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വച്ച കരാറിന്റെ അടിസ്ഥാനത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഓർഡർ നൽകിയിട്ടുള്ളത്. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ടെണ്ടർ ക്ഷണിക്കാറില്ല.

(സി) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് കെ.എസ്.ഇ.ബി.യുടെ വികസനരംഗത്തെക്കുറിച്ച് മൊത്തമുള്ള പഠനറിപ്പോർട്ടാണ്. ഈ ശുപാർശ 2/97-ൽ ആണ് സർക്കാരിന് കിട്ടിയത്. അത് വിശദമായ പരിശോധനയ്ക്കായി ബോർഡിന് നൽകിയിരിക്കയാണ്. ഈ റിപ്പോർട്ട് കിട്ടുന്നതിനുമുമ്പ് 10.8.95-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കൈക്കൊള്ളുകയും എസ്.എൻ.സി.ലാവ്ലിൻ എന്ന കമ്പനിക്ക് 24.2.96-ൽ കരാർ നൽകുകയും ചെയ്തു. ഈ കരാറിലെ അടങ്കൽത്തുകയും മറ്റു നിരക്കുകളും അന്താരാഷ്ട്ര നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ സാധൂകരിക്കാവുന്നതാണ് എന്നതായിരുന്നു നാഷണൽ ഹൈഡ്രോ കോർപ്പറേഷൻ നൽകിയ റിപ്പോർട്ടിന്റെ അന്തസത്ത.

(ഡി) എസ്.എൻ.സി. ലാവ്ലിൻ കമ്പനിയുമായി ഒപ്പുവച്ച കരാർപ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.സി.യുടേയും, എസ്.എൻ.സി. ലാവ്ലിന്റേയും എൻജിനീയർമാരടങ്ങുന്ന ഒരു സംയോജിത പ്രോജക്ട് മാനേജ്മെന്റ് ഓഫീസ് കെ.എസ്.ഇ.ബി. ആസ്ഥാനത്ത് പ്രവർത്തിക്കേണ്ടതുണ്ട്. പ്രസ്തുത ഓഫീസിനുവേണ്ടിയാണ് കരാർപ്രകാരം ഓഫീസും ഔദ്യോഗിക വാഹനങ്ങളും ലഭ്യമാക്കിയിട്ടുള്ളത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

### 108 (3291) ജലവൈദ്യുത പദ്ധതികൾ

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയും ജനകീയ സമിതിയും രൂപീകരിക്കാറുണ്ട്. കൂടാതെ ജോയിന്റ് ലേബർ കമ്മിഷണറുടെ സേവനവും വേണ്ട സമയങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. ബോർഡ് സെക്രട്ടേറിയറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പദ്ധതികളുടെ പ്രവർത്തനപുരോഗതി നിരന്തരം അവലോകനം ചെയ്യുകയും ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യാറുണ്ട്. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പീരിയോഡിക്കൽ റിവ്യൂ മീറ്റിംഗ് കൂടുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പവർ സെക്രട്ടറി ചെയർമാനായുള്ള സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഇതിനുപുറമേ ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി അനുമതി നൽകുന്നതിനായി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

### 109 (3292) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ പുനരുദ്ധാരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ പുനരുദ്ധാരണവും മെയിന്റനൻസും സംബന്ധിച്ച് എസ്.എൻ.സി. ലാവ്ലിൻ എന്ന കമ്പനിയുമായി ഇതുവരെ എത്ര കരാറുകളും ധാരണാപത്രവും ഒപ്പിട്ടിട്ടുണ്ട്. ഇവയുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഈ കരാർ തുക സംബന്ധിച്ച് പഠനം നടത്താൻ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനെ വൈദ്യുതി ബോർഡ് ചുമതലപ്പെടുത്തിയിരുന്നോ;

(സി) എങ്കിൽ എൻ.എച്ച്.പി.സി. ബോർഡിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി എസ്.എൻ.സി ലാവ്ലിൻ എന്ന കമ്പനിയുമായി ഒരു ധാരണാപത്രവും മൂന്നു കരാറുകളും (ഓരോ പദ്ധതിക്കും ഓരോ കരാർ) ഒപ്പിട്ടിട്ടുണ്ട്. ഇവ ഔദ്യോഗിക രഹസ്യ സ്വഭാവമുള്ള കരാറുകളാണ്.

(ബി) കരാർ തുക സംബന്ധിച്ച് അന്താരാഷ്ട്ര നിരക്കുമായി താരതമ്യപഠനം നടത്താൻ ചുമതലപ്പെടുത്തിയിരുന്നു.

(സി) അനുബന്ധമായി വയ്ക്കുന്നു.†

### 110 (3293) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ ഉടമസ്ഥതയിൽ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് ഇതുവരെ എത്ര എഗ്രിമെന്റുകൾ ഒപ്പുവച്ചിട്ടുണ്ട്; എന്നാണ് ഒപ്പുവച്ചത്; എഗ്രിമെന്റിലെ നിബന്ധനകൾ എന്തെല്ലാം?

ഉത്തരം

താഴെപ്പറയുന്ന രണ്ട് താപവൈദ്യുത നിലയങ്ങൾ ആരംഭിക്കുന്നതിന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

(1) കാസർഗോഡ് 60 മെഗാവാട്ട് ഡീസൽ പദ്ധതി (20 മെഗാവാട്ട്) 12/8/1998-ൽ പി.പി.എ. ഒപ്പു വച്ചു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) ബി.എസ്.ഇ.എസ്. കമ്പയിൻഡ് സൈക്കിൾ പ്രോജക്ട്, കൊച്ചി (165.6 മെഗാവാട്ട്) 3.5.1999-ൽ പി.പി.എ. ഒപ്പു വച്ചു.

മേൽപ്പറഞ്ഞ പദ്ധതികൾ 0.8 പ്ലാന്റ് ലോഡ് ഫാക്ടറികൾ പ്രവർത്തിക്കുമ്പോൾ ഉല്പാദിപ്പിക്കുന്ന കറന്റ് മുഴുവൻ വിദ്യുച്ഛക്തി ബോർഡ് വാങ്ങി കൊള്ളാമെന്നും ഈ കറന്റിനുള്ള വില അതതു സമയത്ത് നിലവിലുള്ള ഇന്ധനവിലയുടേയും രൂപയുടെ വിനിമയ നിരക്കിന്റേയും അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി കൊടുക്കാമെന്നും എഗ്രിമെന്റിൽ നിബന്ധനയുണ്ട്. കൂടാതെ പദ്ധതിയുടെ നിർമ്മാണം, പ്രവർത്തനം മീറ്ററിംഗ്, ബില്ലിംഗ് ആന്റ് പേമെന്റ്, ടെർമിനേഷൻ, പെനാൽറ്റി എന്നിവ സംബന്ധിച്ച നിബന്ധനകളും പ്രതിപാദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ടു താപവൈദ്യുത പദ്ധതികൾക്കുപുറമേ താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും പ്രാഥമിക കരാർ ഒപ്പു വച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഒപ്പുവച്ച തീയതി |
|---|---|
| 1. പുന്നപ്പുഴ (2.4 മെഗാവാട്ട്) | 22.1.1998 |
| 2. കാന്തൻപാറ (1.2 മെഗാവാട്ട്) | 17.1.1998 |
| 3. തൂവൽ (1.00 മെഗാവാട്ട്) | 17.1.1998 |
| 4. കിഷുമം (3.30 മെഗാവാട്ട്) | 17.1.1998 |
| 5. അടിയൻപാറ (2.5 മെഗാവാട്ട്) | 14.1.1998 |
| 6. അരിപ്പാറ (3.00 മെഗാവാട്ട്) | 14.1.1998 |
| 7. പശുക്കടവ് (2.5 മെഗാവാട്ട്) | 14.1.1998 |
| 8. കൊക്കുമുല്ല (2.00 മെഗാവാട്ട്) | 14.1.1998 |

ഇതിൽ 5 മുതൽ 8 വരെയുള്ള 4 പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് സ്വകാര്യസംരംഭകർ പിന്നീട് പിൻമാറി. മറ്റ് നാല് പദ്ധതികളുടെ അന്തിമ കരാർ ഇതുവരെ ഒപ്പു വച്ചിട്ടില്ല.

**111 (3294) മാനന്തവാടി ജലവൈദ്യുത പദ്ധതി**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ പദ്ധതിയെക്കുറിച്ച് വിശദമായ അന്വേഷണം നടക്കുന്നുണ്ടോ;

(സി) വിശദമായ അന്വേഷണം നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ കാറ്റഗറിയിലും എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഏതൊക്കെ തരത്തിലുള്ള കെട്ടിടങ്ങളാണെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും വ്യക്തമാക്കുമോ;

(ജി) ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മതിപ്പ് ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി)&(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച് 13.7.99-ൽ നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വിഭാഗം | അംഗീകരിച്ച ആൾ ബലം | നിലവിലുള്ള ആൾ ബലം |
|---|---|---|
| എക്സി:എഞ്ചിനീയർ | 1 | 1 |
| അസി:എക്സി: എഞ്ചിനീയർ | 2 | 2 |
| അസി: എഞ്ചിനീയർ | 3 | 2 |
| സബ്. എഞ്ചിനീയർ | 5 | 2 (താൽക്കാലികം |
| സീനിയർ അസിസ്റ്റന്റ് | 2 | 2 (1) റഗുലർ (1) വർക്കിംഗ് അറേഞ്ച്മെന്റ് |
| ഡ്രൈവർ | 3 | 2(താൽക്കാലികം) |
| ഫോർമാൻ | 1 | - |

(ഇ)-(ജി) ഈ പദ്ധതിക്കാവശ്യമായ കെട്ടിടങ്ങൾ തൽക്കാലം നിർമ്മിക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

**112 (3295) പെരുന്തേനരുവി, മാടത്തരുവി, പെരുനാട് ജലവൈദ്യുത പദ്ധതികൾ**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി, മാടത്തരുവി, പെരുനാട് ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) റാന്നി-പെരുനാട് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുവാൻ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) സബ്സ്റ്റേഷന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കും; ഇത് എപ്പോൾ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി (10 മെ. വാട്ട്/34 മി.യൂണിറ്റ്) യുടെ എല്ലാവിധ സർവ്വേ ജോലികളും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ചൈനയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ച 18 പദ്ധതികളിൽ പെരുന്തേനരുവിയും ഉൾപ്പെടുന്നു. മാടത്തരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (1.25 മെ.വാട്ട്/3.878 മി.യൂണിറ്റ്) ഡീറ്റയിൽഡ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി നടപടികൾ എടുത്തു വരുന്നു.

പെരുനാട് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല.

(ബി) സ്ഥലം ഏറ്റെടുത്ത നടപടിയ്ക്കായുള്ള ബോർഡ് തീരുമാനം ആയിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലമെടുപ്പ് പൂർത്തിയായാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

**113 (3296) സബ് സ്റ്റേഷനുകളുടെ നിർമ്മാണം**

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ സബ് സ്റ്റേഷനുകളുടെ നിർമ്മാണം സംബന്ധിച്ച് ബോർഡിന്റെ ചീഫ് ഇന്റേണൽ ഓഡിറ്റർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പഠന റിപ്പോർട്ട് ബോർഡിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

**114 (3297) കാസർഗോഡ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്**

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതിനയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

### 115 (3298) പാലയ്ക്കൽ, ചിറയ്ക്കൽ സബ് സ്റ്റേഷനുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ പാലയ്ക്കൽ, ചിറയ്ക്കൽ എന്നീവിടങ്ങളിൽ സ്ഥാപിക്കുന്ന 33 കെ.വി. സബ്സ്റ്റേഷനുകളുടെ പ്രവർത്തനം എന്നാണ് ആരംഭിക്കുന്നത്; എന്ന് പണി പൂർത്തിയാകും;

(ബി) ഈ സബ്സ്റ്റേഷനുകൾക്ക് സ്ഥലം ഏറ്റെടുത്തുകഴിഞ്ഞോ; അതിന്റെ വിസ്തീർണ്ണം, സ്ഥലവില എന്നിവ എത്ര;

(സി) ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന് എത്ര തുകയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സബ്സ്റ്റേഷനുകൾ പൂർത്തിയാകുന്നതോടുകൂടി ഈ പ്രദേശത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സബ്സ്റ്റേഷനുകൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയായാൽ നിർമ്മാണമാരംഭിക്കും. 2001 മാർച്ച് മാസം പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സ്ഥലമേറ്റെടുത്തു കഴിഞ്ഞിട്ടില്ല.

| | വിസ്തീർണ്ണം | സ്ഥലത്തിന്റെ പരമാവധി വില |
|---|---|---|
| പാലയ്ക്കൽ സബ്സ്റ്റേഷൻ | 1 ഏക്കർ | 15 ലക്ഷം രൂപ |
| ചിറയ്ക്കൽ സബ്സ്റ്റേഷൻ | 80 സെന്റ് | 8 ലക്ഷം രൂപ |

(സി) പാലയ്ക്കൽ - 208 ലക്ഷം രൂപ

ചിറയ്ക്കൽ - 116 ലക്ഷം രൂപ.

(ഡി) അടുത്ത ഏഴ് വർഷത്തിനുള്ളിൽ ഉണ്ടാവുന്ന വൈദ്യുതി ഉപഭോഗത്തിലെ വർദ്ധന കണക്കിലെടുത്തു കൊണ്ടാണ് പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ 11 കെ.വി. ലൈനുകളിൽ ഇപ്പോൾ നിലനിൽക്കുന്ന ഊർജ്ജപ്രസരണനഷ്ടം ഒരു വലിയ അളവുവരെ കുറയ്ക്കുന്നതിനും ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം കൊണ്ട് സാധിക്കും. ഇപ്പോഴുള്ള വൈദ്യുതിക്ഷാമം കുറയുകയും, വോൾട്ടേജ് വർദ്ധിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**116 (3299) കെ.എസ്.ഇ.ബി.യിൽ പണമടച്ച ഗ്രാമപഞ്ചായത്തുകൾ**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണ് കെ.എസ്.ഇ.ബി.യിൽ പണം അടച്ചതെന്നും എത്ര രൂപ വീതമാണ് അടച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ജില്ലാ പഞ്ചായത്ത് എത്ര രൂപ അടച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ പണം അടച്ച പഞ്ചായത്തുകൾ നിർദ്ദേശിച്ച പ്രവൃത്തികൾ കെ.എസ്.ഇ.ബി. ഒരു വർഷത്തിലധികമായിട്ട് പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്)തരിയോട് പഞ്ചായത്ത് കെ.എസ്.ഇ.ബി. അടച്ച പണം അനുസരിച്ച് പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അമ്പലവയൽ ഗ്രാമപഞ്ചായത്ത് | - 2,81,963 രൂപ. |
| സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് | - 4,89,780 രൂപ. |
| പനമരം ഗ്രാമപഞ്ചായത്ത് | - 1,73,025 രൂപ. |

(ബി) 1,78,09,807 രൂപ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജനകീയാസൂത്രണപദ്ധതിപ്രകാരം വിവിധ ജോലികൾക്കായി പണം ഇലക്ട്രിസിറ്റി ബോർഡിലടച്ചപ്പോൾ ആ ജോലികൾക്കാവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ പഞ്ചായത്തുകൾ തന്നെ നിർമ്മിച്ച് നാട്ടി നല്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ നീണ്ട കാത്തിരിപ്പിനുശേഷവും പഞ്ചായത്തുകൾക്ക് പോസ്റ്റുകൾ നല്കാൻ കഴിയില്ല എന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ വിദ്യുച്ഛക്തി ബോർഡിന്റെ പോസ്റ്റുകൾ എടുത്ത് ഈ ജോലികൾ പൂർത്തിയാക്കാൻ സർക്കാർ നിർദ്ദേശം നൽകി. ഇതനുസരിച്ച് ജോലികൾ പൂർത്തിയാക്കാനുള്ള സത്വരനടപടികൾ നടന്നുവരുന്നു.

(ഇ) 81 ജോലികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 101 ജോലികൾ ധൃതഗതിയിൽ പൂർത്തിയാക്കാൻ വേണ്ട നടപടികൾ എടുത്തുവരുന്നു.

(എഫ്) തരിയോട് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ജോലികൾ സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് കഴിവതും വേഗം പൂർത്തിയാക്കുന്നതാണ്.

### 117 (3300) കുറവിലങ്ങാട് പഞ്ചായത്തിലെ കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് പഞ്ചായത്ത് 9-ാം വാർഡിലുള്ള ചാരക്കുന്നുപ്പുറം കോളനിയിലെ 32 വീട്ടുകാർ വൈദ്യുതി കണക്ഷനു വേണ്ടി 1993 നവംബറിൽ അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ കണക്ഷൻ നൽകാത്തതിന്റെ കാരണമെന്താണ്;

(ബി) കോളനി നിവാസികൾക്ക് എന്നത്തേക്ക് കണക്ഷൻ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിലുള്ള തടസ്സങ്ങൾ പരിഹരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാരക്കുന്നുപുരം കോളനിയിലെ അപേക്ഷകർക്ക് വൈദ്യുതി നല്കണമെങ്കിൽ കോളനിയിലേക്കുള്ള ലൈനിന്റെ പണി പൂർത്തിയാകേണ്ടതുണ്ട്. ഈ ലൈനിന് മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ 1992-93 സാമ്പത്തിക വർഷമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. 1991-92 സാമ്പത്തികവർഷത്തെ മിനിമം ഗ്യാരണ്ടി ലൈൻ എക്സ്റ്റെഷൻ ജോലികളാണ് ഇതുവരെ ചെയ്തു തീർന്നിട്ടുള്ളത്. ഈ സാമ്പത്തികവർഷം '93-94 വർഷത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ ജോലികൾ ചെയ്യാൻ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. മുൻഗണനാക്രമത്തിനും സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും വിധേയമായി ഈ ജോലി കഴിവതും വേഗം ചെയ്തുതീർക്കുന്നതാണ്.

(ബി) ലൈനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ സർവ്വീസ് കണക്ഷൻ രജിസ്റ്റർ ചെയ്ത് കണക്ഷനുകൾ നല്കുന്നതാണ്.

(സി) 1993-94 വർഷത്തെ മിനിമം ഗ്യാരണ്ടി ലൈൻ എക്സ്റ്റൻഷൻ ജോലികൾ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം ബോർഡ് നല്കിക്കഴിഞ്ഞു.

### 118 (3301) കെ.എസ്.ഇ.ബി. യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ഉപഭോക്താക്കളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് വിദ്യുച്ഛക്തി ബോർഡിലെ യൂണിയനുകളും വൈദ്യുതിവകുപ്പു മന്ത്രിയുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിരുന്നോ;

(സി) എങ്കിൽ എത്ര തസ്തിക എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കരാറിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താക്കളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ സെക്ഷനാഫീസുകളുടെ പരിധി കാലാകാലങ്ങളിൽ പുനർനിർണ്ണയം ചെയ്യുകയും അതിൻപ്രകാരം വേണ്ട സ്റ്റാഫിനെ നിയമിക്കുകയും ചെയ്യാറുണ്ട്. ബോർഡിന്റെ പുനസംഘടനയിൽ ഇക്കാര്യങ്ങളെല്ലാം കണക്കിലെടുക്കുന്നുണ്ട്.

(ബി)&(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2.8.1995-ൽ ഒപ്പുവച്ച കരാർ പ്രകാരം താഴെ പറയുന്ന പുതിയ തസ്തികകൾ സൃഷ്ടിക്കാൻ വ്യവസ്ഥയുണ്ട്.

| | | |
|---|---|---|
| *ഫെയർ കോപ്പി സൂപ്രണ്ട്* | – | *5* |
| *സ്വീപ്പർ* | – | *50* |
| *സ്കാവഞ്ചർ* | – | *10* |
| *വെഹിക്കിൾ സൂപ്പർവൈസർ* | – | *3* |

കൂടാതെ 31.8.1995 ലെ ഉപഭോക്താക്കളുടെ എണ്ണം, ലൈനുകളുടെ നീളം തുടങ്ങിയവ കണക്കിലെടുത്ത് പുതുക്കിയ വർക്ക്നോം പ്രകാരം സ്റ്റാഫ് സ്ട്രെങ്ത് പുനർനിർണ്ണയം ചെയ്യുമെന്നും വ്യവസ്ഥയുണ്ടായിരുന്നു.

(ഡി) സ്റ്റാഫ് സ്ട്രെങ്ത് പുനർനിർണ്ണയം ചെയ്യുമെന്ന കരാറിലെ വ്യവസ്ഥയുടെ ഭാഗമായി മീറ്റർ റീഡർമാരുടെ 180 പുതിയ തസ്തികകൾ ബോർഡ് സൃഷ്ടിക്കുകയും അതിന് ഗവൺമെന്റ് അംഗീകാരം നൽകാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

### 119 (3302) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക

<u>ശ്രീ. ജോസ് ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ താൽക്കാലിക നിയമനാടിസ്ഥാനത്തിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിയമനം ലഭിച്ച എത്രപേർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ റാങ്ക്ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചതിനുശേഷവും താൽക്കാലിക നിയമനം ലഭിച്ചവർ സർവ്വീസിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ താൽക്കാലിക നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് ആ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)താൽക്കാലിക നിയമനം നടന്നിട്ടില്ല. പാലക്കാട് ജില്ലയിൽ പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് പ്രകാരം 16 പേർക്ക് നിയമന ഉത്തരവ് നൽകിയതിൽ 6 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. കൺസ്യൂമേഴ്സിന്റെ ബുദ്ധിമുട്ട് ഒഴിവാക്കാനായി പാലക്കാട് സർക്കിളിൽ കരാർ വ്യവസ്ഥയിൽ 3 പേർ ജോലി ചെയ്യുന്നുണ്ട്.

(സി) ഇപ്പോൾ 184 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പകരം ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതാണ്.

## 120 (3303) വൈദ്യുതി ബോർഡിലെ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ സബ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 17/2/99-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ വൈകുന്നതെന്തുകൊണ്ടാണ്;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഇനിയെത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യാനുള്ളത്;

(ഇ) പി.എസ്.സി. അഡ്വൈസ് ചെയ്തവർക്ക് നിയമന ഉത്തരവ് നൽകാൻ കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണ്;

(എഫ്)പി.എസ്.സി. ലിസ്റ്റിൽ നിലവിലുള്ള മുഴുവൻ പേർക്കും ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 61 ഒഴിവുകൾ.

(ബി) അഡ്വൈസ് ലഭിച്ചിട്ടുള്ള എല്ലാവർക്കും 22/5/99-ന് നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു.

സി) 266 ഒഴിവുകൾ.

(ഡി) ഇനി ഒഴിവുകളൊന്നും റിപ്പോർട്ടു ചെയ്യാനില്ല.

(ഇ) കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്)ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലിസ്റ്റ് സ്വീകരിച്ച് നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

121 (3304) **ബ്രഹ്മപുരം താപവൈദ്യുതനിലയത്തിലെ ഡീസൽ ഉപയോഗം**

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം താപവൈദ്യുതനിലയം പ്രവർത്തിച്ചു തുടങ്ങിയത് എന്നു മുതലാണ്;

(ബി) ഇത് ഒരു ദിവസം പ്രവർത്തിക്കുന്നതിന് എത്ര ഡീസൽ വേണ്ടിവരും; ഇതിന്റെ പ്രവർത്തനത്തിനുവേണ്ടിവരുന്ന ഡീസൽ എത്രയെന്നും അതിന് എന്തുവിലയായി എന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നുമുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ബ്രഹ്മപുരം വൈദ്യുതനിലയത്തിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ടാൻസ്മിഷൻ സ്റ്റേജിലെത്തുമ്പോൾ ഡീസൽവില, ശമ്പളം, അലവൻസ്, ഇൻവെസ്റ്റ് ചെയ്ത പണത്തിന്റെ പലിശ, മറ്റ് ഓവർഷെഡ് ചെലവുകൾ എന്നിവ ഉൾപ്പെടെ എന്തു ചെലവു വരുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) ബ്രഹ്മപുരം വൈദ്യുതി നിലയത്തിന്റെ 5 യൂണിറ്റുകൾ താഴെ പറയുന്ന തീയതികളിൽ പ്രവർത്തനം ആരംഭിച്ചു.

| | | |
|---|---|---|
| 1-ാമത്തെ യൂണിറ്റ് | - | 6-05-97 |
| 2-ാമത്തെ യൂണിറ്റ് | - | 7-8-97 |
| 3-ാമത്തെ യൂണിറ്റ് | - | 7-10-97 |
| 4-ാമത്തെ യൂണിറ്റ് | - | 17-12-97 |
| 5-ാമത്തെ യൂണിറ്റ് | - | 24-11-98 |

(ബി) എഞ്ചിൻ സ്റ്റാർട്ടിംഗിനും സ്റ്റോപ്പിംഗിനും മാത്രമേ ഡീസൽ ആവശ്യമുള്ളൂ. പ്രധാന ഇന്ധനം എൽ.എസ്.എച്ച്.എസ്. ആണ്. ഒരു ദിവസം 5 യൂണിറ്റ് സ്റ്റാർട്ട് ചെയ്യുന്നതിന് 1120 ലിറ്റർ ഡീസൽ മതി. ഇതിന്റെ വില 11,228 രൂപ വരും. 5 യൂണിറ്റ് ഒരു ദിവസം 70% പി.എൽ.എഫ്.ൽ പ്രവർത്തിപ്പിക്കുവാൻ 336 മെട്രിക് ടൺ എൽ.എസ്.എച്ച്.എസ്. വേണ്ടിവരും. ഇതിന്റെ വില ഏകദേശം 22.33 ലക്ഷം രൂപയാണ്. 5 യൂണിറ്റ് ഇതേ പി.എൽ എഫ്.ൽ പ്രവർത്തിപ്പിച്ചാൽ 16,80,000 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

(സി) 2 രൂപ 95 പൈസ ചെലവു വരും.

122 (3305) **യന്ത്രത്തിലെ ഡീസൽ ചോർച്ച**

ശ്രീ വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രത്തിലുണ്ടാകുന്ന ചോർച്ചമൂലം ബ്രഹ്മപുരം താപനിലയം നടത്തുന്നതിന് ഉപയോഗിക്കുന്ന ഡീസലിൽ നഷ്ടം വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രതിദിനം എന്തു തുക ഈ ഇനത്തിൽ നഷ്ടം വരുന്നുണ്ടെന്ന് അറിയിക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) യന്ത്രത്തിന്റെ ഡീസൽ ചോർച്ച തടയുന്നതിന് എന്തു നടപടിയെടുത്തു. ഒരു നടപടിയുമെടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ഡീസൽ എഞ്ചിനുകളിൽ സാധാരണ കാണുന്ന നാമമാത്രമായ ചോർച്ച ഇവിടെയും ഉണ്ടാകുന്നുണ്ട്.

(ബി) ചോരുന്ന ഡീസൽ സംഭരിക്കുന്നതിനും വീണ്ടും ഉപയോഗിക്കുതിനും പ്രത്യേക സംവിധാനം നിലവിലുള്ളതിനാൽ നഷ്ടം ഉണ്ടാകുന്നില്ല.

(സി) പ്രസക്തമല്ല.

**123 (3306) ലൂബ്രിക്കേറ്റിംഗ് ഓയിൽ വാങ്ങാനുള്ള കരാർ**

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡീസൽ നിലയത്തിന് ലൂബ്രിക്കേറ്റിംഗ് ഓയിൽ വാങ്ങാനുള്ള കരാറിന് ടെണ്ടർ ക്ഷണിച്ചിരുന്നോ;

(ബി) ടെണ്ടർ ക്ഷണിക്കുംമുമ്പ് 'വാട്ട്സില' കമ്പനിയിൽനിന്നും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് ഓഫർ ലഭിച്ചിരുന്നുവോ;

(സി) ഇതു സംബന്ധിച്ച 'വാട്ട്സില' കമ്പനി ചീഫ് എഞ്ചിനീയർക്ക് തിരുവനന്തപുരത്തെ ഏത് ഓഫീസ് വഴിയാണ് ഫാക്സ് സന്ദേശം ലഭിച്ചത്;

(ഡി) ഈ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഫാക്സ് സംവിധാനം ഉണ്ടായിരിക്കെ കമ്പനിയുടെ ഏജന്റിന്റെ ഫാക്സിലേക്ക് സന്ദേശം അയച്ചത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്-തെർമ്മൽ) വാട്ട്സില കമ്പനിക്ക് ടെണ്ടർ ക്ഷണിക്കും മുമ്പ് ഓയിൽ വാങ്ങുന്നത് സംബന്ധിച്ച് കത്തെഴുതിയോ; എങ്കിൽ അതിന്റെ പകർപ്പും കമ്പനിയുടെ മറുപടിയും ലഭ്യമാക്കുമോ;

(എഫ്) ടെണ്ടർ ക്ഷണിക്കാതെ ഈ കമ്പനിയിൽനിന്നും ലൂബ്രിക്കേറ്റിംഗ് ഓയിൽ വാങ്ങാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ ബോർഡിനോട് ശുപാർശ ചെയ്തിരുന്നുവോ;

(ജി) എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) പൂർണ്ണതോതിൽ പ്രവർത്തിച്ചാൽ ഒരു വർഷം കോഴിക്കോട് ഡീസൽ നിലയത്തിന് എത്രകോടി രൂപയുടെ ലൂബ്രിക്കേറ്റിംഗ് ഓയിൽ വേണ്ടിവരും;

(ഐ) ഈ പർച്ചേസ് എങ്ങനെ നടത്തണമെന്നാണ് ബോർഡിന്റെയും സർക്കാരിന്റെയും നിലപാട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) ഇല്ല.

(സി)&(ഡി) പ്രസക്തമല്ല.

(ഇ)&(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസക്തമല്ല.

(എച്ച്) ഏകദേശം 3.75 കോടി രൂപയുടെ.

(ഐ) മത്സര അടിസ്ഥാനത്തിലുള്ള ദർഘാസുകൾ വഴി.

## 124 (3307) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കാലതാമസം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ മുൻഗണന നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികാവശ്യത്തിനുള്ള കണക്ഷന് കാലതാമസം നേരിടുന്നത് ഈയിനത്തിന് ഓരോ വർഷവും കുറഞ്ഞ ടാർജറ്റ് നിശ്ചയിക്കുന്നതുകൊണ്ടാണെന്ന അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതു പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ സാധനസാമഗ്രികളുടെ ലഭ്യതക്കുറവുമൂലം കാലതാമസം നേരിടാറുണ്ട്. സാധനസാമഗ്രികളുടെ ലഭ്യതയക്ക് വിധേയമായി മുൻഗണനാക്രമത്തിൽ കണക്ഷനുകൾ നൽകിവരുന്നുണ്ട്.

(ബി) മുൻഗണന നല്കിയിട്ടുണ്ട്.

(സി) കാർഷിക കണക്ഷനുകൾക്ക് ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. കണക്ഷൻ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് മുൻഗണനാക്രമമനുസരിച്ച് കണക്ഷനുകൾ നല്കിവരുന്നു.

(ഡി) ബാധകമല്ല.

## 125 (3308) വോൾട്ടേജ് ക്ഷാമം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിലെ അങ്ങാടിക്കൽ തെക്ക് പൂവൂർ പ്രദേശത്ത് വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ എന്നാണ് തീരുമാനിച്ചത്;

(ബി) ഇതിൻപ്രകാരം എന്ത് നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും ട്രാൻസ്ഫോർമർ സ്ഥാപിച്ചു കഴിഞ്ഞുവോയെന്നും വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്നാണ് സ്ഥാപിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്നും എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-8-96-ൽ എസ്റ്റിമേറ്റിന് അനുമതി നൽകി.

(ബി)&(സി) ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടില്ല. പ്രസ്തുത ജോലിക്ക് വേണ്ടുന്ന സാധനസാമഗ്രികൾ സംഭരിച്ചുവച്ചിട്ടുണ്ട്. ഈ ജോലിക്ക് വേണ്ട ടെണ്ടർ വിളിച്ചുകഴിഞ്ഞു.

(ഡി) ടെണ്ടർ ഉറപ്പിച്ചാലുടൻ പണി ആരംഭിക്കും.

## 126 (3309) കാസർഗോഡ് ജില്ലയിലെ ഭീമനടി സെക്ഷനിലെ ടാർജറ്റ് പ്രവൃത്തികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പീലിക്കോട് മേജർ സെക്ഷനിൽപ്പെട്ട ഭീമനടി സെക്ഷൻ പരിധിയിൽപ്പെട്ട 1998-99-ലെ ഏതെല്ലാം ടാർജറ്റ് പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

ഭീമനടി സെക്ഷനിലെ 1998-99 വർഷത്തെ ടാർജറ്റ് പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

## 127 (3310) കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള വൈദ്യുതി കണക്ഷൻ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും വൈദ്യുതി കണക്ഷനുവേണ്ടി 1996 മേയ് മാസം മുതൽ 1999 മാർച്ച് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷികാവശ്യത്തിന് 52170 അപേക്ഷകളും ഗാർഹികാവശ്യത്തിന് 8,45,893 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) നല്കിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | ജില്ലയുടെ പേര് | കാർഷികം | ഗാർഹികം |
|---|---|---|---|
| 1. | കാസർഗോഡ് ജില്ല | 4,590 എണ്ണം | 17,414 എണ്ണം |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | |
|---|---|---|---|---|---|---|
| 2. | കണ്ണൂർ | ,, | 2,989 | ,, | 50,152 | ,, |
| 3. | വയനാട് | ,, | 523 | ,, | 14,172 | ,, |
| 4. | കോഴിക്കോട് | ,, | 2,089 | ,, | 57,366 | ,, |
| 5. | മലപ്പുറം | ,, | 7,364 | ,, | 65,000 | ,, |
| 6. | പാലക്കാട് | ,, | 4,090 | ,, | 45,645 | ,, |
| 7. | തൃശ്ശൂർ | ,, | 14,145 | ,, | 83,057 | ,, |
| 8. | എറണാകുളം | ,, | 2,390 | ,, | 79,997 | ,, |
| 9. | ഇടുക്കി | ,, | 454 | ,, | 26,934 | ,, |
| 10. | കോട്ടയം | ,, | 473 | ,, | 17,324 | ,, |
| 11. | പത്തനംതിട്ട | ,, | 240 | ,, | 13,846 | ,, |
| 12. | ആലപ്പുഴ | ,, | 37 | ,, | 1,615 | ,, |
| 13. | കൊല്ലം | ,, | 1,387 | ,, | 61,678 | ,, |
| 14. | തിരുവനന്തപുരം ജില്ല | | 2,726 | ,, | 78,478 | ,, |
| | ആകെ | | 43,497 | | 6,12,678 | |

1996 മേയ് മാസത്തിനുമുമ്പ് രജിസ്റ്റർ ചെയ്ത കണക്ഷൻ കൊടുക്കേണ്ടിയിരുന്നതിൽ അവശേഷിച്ചിരുന്നതുൾപ്പെടെ 8 ലക്ഷത്തോളം കണക്ഷനുകൾ ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

(സി) പോസ്റ്റ് വേണ്ട നോർമൽ ഗാർഹിക കണക്ഷനുകൾ 31-12-96 വരെ അപേക്ഷിച്ചവർക്കും, വെതർ പ്രൂഫ് നോർമൽ ഗാർഹിക കണക്ഷനുകൾ 30-6-99 വരെ അപേക്ഷിച്ചവർക്കും, കൂടാതെ എല്ലാ കാർഷിക കണക്ഷനുകളും സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തികവർഷം തന്നെ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

### 128 (3311) കണ്ണൂർ ജില്ലയിൽ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റിയ മരങ്ങളുടെ നഷ്ടപരിഹാരം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷൻ, മൈലാടി 220 കെ.വി. സബ്സ്റ്റേഷൻ എന്നിവയുടെ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റിയ മരങ്ങളുടെ നഷ്ടപരിഹാരം ഇനിയും നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(ബി) ലൈൻ വലിച്ച് വർഷങ്ങൾതന്നെ കഴിഞ്ഞിട്ടും നഷ്ടപരിഹാരം നൽകാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ നഷ്ടപരിഹാരം എപ്പോൾ നൽകും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) മൈലാടി 220 കെ.വി. സബ്സ്റ്റേഷനുവേണ്ടി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 793 കേസ്സുകളിൽ 2,11,25,430/- രൂപ (രണ്ടു കോടി പതിനൊന്നു ലക്ഷത്തി ഇരുപത്തയ്യായിരത്തി നാനൂറ്റി മുപ്പതു രൂപ)

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചു. ആയതിൽ 759 കേസ്സുകളിൽ 2,07,76,046 രൂപ നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു. ബാക്കി 34 പേർക്കായി 3,49,384 (മൂന്നു ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി എൺപത്തി നാല്) രൂപ കൊടുക്കാനുണ്ട്. കക്ഷികൾക്ക് നോട്ടീസ് കൊടുത്തിട്ടും ശരിയായ രേഖകൾ ഹാജരാകാത്തതുകാരണമാണ് പണം വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നത്. ശരിയായ രേഖകൾ ഹാജരാക്കുന്ന അവസരത്തിൽ ശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതാണ്. ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ലൈൻ നിർമ്മാണാർത്ഥം മരം മുറിച്ചത് 1998 മേയ് മാസത്തിലാണ്. 1999 മെയ് മാസത്തിൽ തന്നെ അവാർഡ് എൻക്വയറി പൂർത്തിയാക്കിയിട്ടുണ്ട്. കഴിവതും വേഗം നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതാണ്.

### 129 (3312) വൃക്ഷങ്ങൾ മുറിച്ചുമാറ്റിയതിന് നഷ്ടപരിഹാരം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുമല തൃക്കണ്ണാപുരം ഭാഗത്ത് മുക്കുന്നിമലയിലെ റഡാർ സ്റ്റേഷനിലേയ്ക്കുള്ള 11 കെ.വി. ലൈനിനുവേണ്ടി 1993 വർഷത്തിൽ വൃക്ഷങ്ങൾ മുറിച്ച് മാറ്റിയതിന് നഷ്ടപരിഹാരം നൽകിയിരുന്നോ; എങ്കിൽ ഇനിയും ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാനുണ്ടോ;

(ബി) എങ്കിൽ ഇതുവരെയും കൊടുക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആകെയുള്ള 137 കക്ഷികളിൽ 71 കക്ഷികൾക്ക് നഷ്ടപരിഹാരതുക നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കഴിവതും വേഗം തുക നൽകുന്നതാണ്. ബാക്കിയുള്ള 66 കേസ്സുകളിൽ സ്ഥലമുടമകൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നഷ്ടപരിഹാര തുക നൽകാൻ കഴിഞ്ഞിട്ടില്ല.

### 130 (3313) ഇലക്ട്രിക് കമ്പി പൊട്ടി വീണു ഷോക്കേറ്റത് സംബന്ധിച്ച് നഷ്ടപരിഹാരം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന ഒറ്റശേഖരമംഗലം വാളികോട് പിരമ്പിൻകുഴി വീട്ടിൽ എൻ. ജോർജ് എന്ന ആളിന് 23-10-98-ൽ ഇലക്ട്രിക് കമ്പി പൊട്ടിവീണു കിടന്നതിൽ നിന്നും ഷോക്കേറ്റ് ആശുപത്രിയിൽ കിടന്നതു സംബന്ധിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കുമോ;

(ബി) പരാതിക്കാരന് നഷ്ടപരിഹാരതുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അടിയന്തിരമായി നഷ്ടപരിഹാരം നൽകുവാൻ വേണ്ട നിർദ്ദേശം വൈദ്യുതി ബോർഡിനു നൽകുമോ?

ഉത്തരം

(എ) 23-10-98-ൽ തെങ്ങിന്റെ ഓല വീണ് വൈദ്യുതി കമ്പി പൊട്ടിയെങ്കിലും പൊട്ടിയ കമ്പിയിൽ സപ്ലൈ ഉണ്ടായിരുന്നില്ല. പക്ഷേ കമ്പിയിൽ തട്ടി പേടിച്ച ജോർജിന്റെ നിലവിളികേട്ട് ഓടിക്കൂടിയ നാട്ടുകാർ നിലത്തു കിടന്നിരുന്ന അദ്ദേഹത്തെ ഷോക്കേറ്റ് കിടക്കുകയാണെന്ന് ധരിച്ച് മുളവടിയും, മറ്റും കൊണ്ട് തള്ളിമാറ്റാൻ ശ്രമിക്കുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. പൊട്ടിക്കിടന്നിരുന്ന കമ്പിയിൽ വൈദ്യുതി പ്രവാഹമില്ലായിരുന്നതിനാൽ ശ്രീ. ജോർജിന് വൈദ്യുതാഘാതം ഉണ്ടായിട്ടില്ല.

(ബി)&(സി)ബോർഡിന്റെ ഭാഗത്തു നിന്നുള്ള പിഴവുമൂലം വൈദ്യുതാഘാതമേറ്റ് ജീവഹാനി സംഭവിക്കുന്ന കേസ്സുകളിൽ മാത്രമേ ബോർഡ് എക്സ്ഗ്രേഷ്യാ തുക നല്കാറുള്ളു.

131 (3314) വൈദ്യുതി മീറ്ററും കണക്ഷനും വിച്ഛേദിച്ച് മാറ്റപ്പെട്ട സംഭവം

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കൊല്ലം സർക്കിളിൽ കരുനാഗപ്പള്ളി ഡിവിഷനിലെ കൃഷ്ണപുരം സെക്ഷന്റെ പരിധിയിൽ വരുന്ന വള്ളിക്കുന്ന് ഇലിപ്പക്കുളം ഇലങ്കത്തു വീട്ടിൽ മുഹമ്മദ് ഇസ്മായിലിന് ഭരണിക്കാവ് സബ് രജിസ്ട്രാർ ഓഫീസിലെ 2438/96 നമ്പർ വിലയാധാരമായി കിട്ടിയ റീസർവ്വേ 34/8-ൽ പെട്ട കടമുറിയിലെ വൈദ്യുതി മീറ്ററും കണക്ഷനും ഉടമസ്ഥന്റെ അനുവാദമില്ലാതെ വിച്ഛേദിച്ച് മാറ്റപ്പെട്ട സംഭവത്തിലെ കുറ്റക്കാരായ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കുമോ;

(ബി) ഈ വൈദ്യുതി മീറ്ററും കണക്ഷനും പുനഃസ്ഥാപിക്കുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ;

(സി) ഇതു സംബന്ധിച്ച് പരാതിക്കാരന്റെ അപേക്ഷയിന്മേൽ ബോർഡ് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച അന്വേഷണം നടത്തിയതിൽ മീറ്റർ മാറ്റിവെച്ചതായി കാണുന്നു. മീറ്റർ മാറ്റിവെച്ചത് ആരാണെന്നതിന് തെളിവ് കിട്ടിയിട്ടില്ല. കൂടുതൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. അന്വേഷണത്തിൽ വൈദ്യുതി ബോർഡ് ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) മീറ്റർ യഥാസ്ഥാനത്തു സ്ഥാപിക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരാതിക്കാരന്റെ അപേക്ഷയിന്മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

**132 (3315) വെള്ളൂർ പാടിയോട്ടു ചാൽ സെക്ഷൻ ആഫീസ് പരിധിയിൽ പൂർത്തിയാക്കാനുള്ള 1998-99 വർഷത്തെ ടാർജറ്റ് പ്രവൃത്തികൾ**

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ പാടിയോട്ടുചാൽ സെക്ഷൻ ആഫീസ് പരിധിയിൽ പൂർത്തിയാക്കാനുള്ള 1998-99 വർഷത്തെ ടാർജറ്റ് പ്രവൃത്തികൾ ഏതെല്ലാമാണ് പൂർത്തികരിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കുമോ;

(ബി) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തികരിക്കാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) ടാർജറ്റ് എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) ടാർജറ്റ് പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി)&(സി)ചോദ്യം ഉദിക്കുന്നില്ല.

**133 (3316) ഉപഭോക്താവ് അടയ്ക്കേണ്ട പണം**

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്ററർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 സാമ്പത്തികവർഷത്തിൽ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ഒരു ഉപഭോക്താവ് കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപയാണ് അടയ്ക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു പോസ്റ്റ് ഇട്ട് കണക്ഷൻ ലഭിക്കുന്നതിന് പ്രസ്തുത വർഷം എത്ര രൂപയാണ് അടയ്ക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ ഇനങ്ങളിൽ ഒരു ഉപഭോക്താവ് ഓരോ ഇനത്തിലും എത്ര രൂപാവീതം അടയ്ക്കണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ രണ്ടുരൂപ ആപ്ലിക്കേഷൻ ഫീ അടയ്ക്കണം. അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ ഉപഭോക്താവ് ഒരു മാസം ഉപയോഗിക്കാൻ സാധ്യതയുള്ള വൈദ്യുതി കണക്കാക്കി ആ വൈദ്യുതിയുടെ ചാർജ്ജിന്റെ മൂന്നിരട്ടി തുക കാഷ് ഡെപ്പോസിറ്റായി അടയ്ക്കണം. ഇതു കൂടാതെ സർവ്വീസ് കണക്ഷൻ ചാർജ്ജും അടയ്ക്കണം. 1996-97 കാലയളവിൽ അടയ്ക്കേണ്ടിയിരുന്ന സർവ്വീസ് കണക്ഷൻ ചാർജ്ജിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.(അനുബന്ധം കാണുക).†

(ബി) ആപ്ലിക്കേഷൻ ഫീ ആയ 2 രൂപയും കാഷ് ഡെപ്പോസിറ്റും (പ്രതിമാസം ഉദ്ദേശം ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജിന്റെ മൂന്നിരട്ടി),

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് കണക്ഷൻ ചാർജ്ജും (കാറ്റഗറി അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും) അനുബന്ധം 1 ആന്റ് 1A കാണുക).

(സി) ആപ്ലിക്കേഷൻ ഫീസിലും, കാഷ് ഡെപ്പോസിറ്റിലും ഇപ്പോൾ മാറ്റം വരുത്തിയിട്ടില്ല. ഇപ്പോൾ അടയ്ക്കേണ്ട സർവ്വീസ് കണക്ഷൻ ചാർജ്ജ് അനുബന്ധം-1A-ൽ കാണുക.

## 134 (3317) അധിക നിക്ഷേപം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ എത്ര രൂപയുടെ അധിക നിക്ഷേപം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അധിക നിക്ഷേപം എന്തെങ്കിലും ജനക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി ഇപ്പോൾ വിനിയോഗിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സഹകരണസ്ഥാപനങ്ങളുടെ അധിക നിക്ഷേപം സംസ്ഥാനത്തെ കാർഷിക, വിപണന, ഉൽപ്പാദന, തൊഴിൽ മേഖലകളിൽ ഉപയോഗപ്പെടുത്താൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) സഹകരണസ്ഥാപനങ്ങളിൽ 31.3.99ൽ ഏകദേശം 400.29 കോടി രൂപ അധിക നിക്ഷേപമുണ്ടെന്ന് കണക്കാക്കുന്നു.

(ബി) അധികനിക്ഷേപം ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ ആവശ്യങ്ങൾക്കെല്ലാംതന്നെ ഇപ്പോൾ സഹകരണ ബാങ്കുകൾ വഴി വായ്പ നൽകി വരുന്നുണ്ട്. കൂടാതെ പശ്ചാത്തല വികസന സൗകര്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണബാങ്കുകൾ കൺസോർഷ്യം വ്യവസ്ഥയിൽ വായ്പ നൽകുന്ന ഒരു പദ്ധതിയും തയ്യാറാക്കി വരുന്നുണ്ട്.

## 135 (3318) ലോകബാങ്കിന്റെ സഹായത്തോടുകൂടി സഹകരണ സംഘങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി സഹകരണസംഘങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(സി) സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് സെന്ററിന്റെ പണി പൂർത്തീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) എ യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) ചോദ്യം വ്യക്തമല്ല.

136 (3319) സഹകരണബാങ്കുകളിൽ സിംഗിൾ വിൻഡോ സമ്പ്രദായം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടപാടുകൾക്ക് പണം നിക്ഷേപിക്കാനാണെങ്കിലും പിൻവലിക്കാനാണെങ്കിലും കാത്തുനിൽപ്പ് ഒഴിവാക്കാൻ "കമ്പ്യൂട്ടറൈസ്ഡ് സിംഗിൾ വിൻഡോ" സമ്പ്രദായം ഏർപ്പെടുത്തണമെന്ന രംഗരാജൻ കമ്മിറ്റി റിപ്പോർട്ട് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കൺസ്യൂമർ സർവ്വീസ് വളരെയധികം മെച്ചപ്പെടുത്താൻ സഹായിക്കുന്ന ഈ നിർദ്ദേശം നടപ്പിൽവരുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിയ്ക്കുന്നതാണ്.

137 (3320) സഹകരണ ബാങ്കുകളിലെ നിയമനം

ശ്രീ. പി.കെ അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ നിയമനം താൽക്കാലികം ആയാൽപോലും പി.എസ്.സി.വഴി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് കേരള ഹൈക്കോടതി വിധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിധി എന്നായിരുന്നു പുറപ്പെടുവിച്ചത്;

(സി) പ്രസ്തുത വിധിക്കുശേഷം സംസ്ഥാനത്ത് ഏതെങ്കിലും സർവ്വീസ് സഹകരണ ബാങ്കുകളിൽ ഹൈക്കോടതി വിധി മാനിക്കാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്യുകയും അപ്രകാരം നിയമനം നടത്തിയ സർവ്വീസ് സഹകരണബാങ്കുകൾക്കെതിരെ നടപടി എടുക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതുവരെ, സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഒഴിവുവരുന്ന അനുവദനീയമായ തസ്തികകളിലേക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം ആയിരിക്കണമെന്നും എന്നാൽ സാഹചര്യം അനിവാര്യമാണെങ്കിൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റോ മറ്റു പ്രശസ്തമായ സർക്കാർ ഏജൻസി മുഖേനയോ എഴുത്ത് പരീക്ഷ നടത്തി നിയമനം നടത്താനുമുള്ള നിർദ്ദേശം നൽകി ബഹു.കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 30.3.99ൽ

(സി) ഹൈക്കോടതി വിധിക്കുശേഷം ചില സർവ്വീസ് സഹകരണ സംഘങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ട്.

(ഡി) ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിയമനങ്ങൾ നടത്തിയിട്ടുള്ള സംഘങ്ങൾക്കെതിരെ സഹകരണനിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്.

**138 (3321) പ്രൊമോഷൻ തടഞ്ഞുവച്ച നടപടി**

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ വകുപ്പിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാർക്ക് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സാകാത്തതിന്റെ പേരിൽ പ്രൊമോഷൻ തടഞ്ഞുവെച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സാകാത്തതിന്റെ പേരിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ തരംതാഴ്ത്തിയിട്ടുണ്ടെന്ന് ഇവരുടെ പേരും തസ്തികയും സഹിതം അറിയിക്കുമോ;

(സി) മുൻ യു.ഡി.എഫ്. സർക്കാർ നൽകിയിരുന്ന ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പാസ്സാകുന്നതിലേയ്ക്കുള്ള എക്സംപ്ഷൻ ഇവർക്ക് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് എതിരെ മറ്റ് ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഇവരുടെ പേരും തസ്തികയും അറിയിക്കുമോ?

ഉത്തരം

(എ) 4 പേരുടെ പ്രൊമോഷൻ തടഞ്ഞുവച്ചിട്ടുണ്ട്.

(ബി) 3 പേരെ തരംതാഴ്ത്തിയിട്ടുണ്ട്.

(1) ശ്രീ. സി. പ്രഭാകരൻ, ജോയിന്റ് രജിസ്ട്രാർ.

(2) ശ്രീ. പി.കെ. വിജയൻ, ഡെപ്യൂട്ടി രജിസ്ട്രാർ.

LIBRARY ARCHIVES Kerala Legislative Assembly

(3) ശ്രീ. കെ.പി. ഉദയഭാനു, ഡെപ്യൂട്ടി രജിസ്ട്രാർ

ഇവർ മൂന്നുപേരെയും അസിസ്റ്റന്റ് രജിസ്ട്രാർമാരായി തരംതാഴ്ത്തിയിട്ടുണ്ട്.

(സി) 31.12.85 വരെ സർവ്വീസിൽ പ്രവേശിച്ച പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് മാത്രമാണ് ടെസ്റ്റ് പാസാകുന്നതിന് എക്സംപ്ഷൻ നിലവിലുണ്ടായിരുന്നത്. ആ എക്സംപ്ഷൻ 31.12.99 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 31.12.85നു ശേഷം പുതിയ തസ്തികയിൽ ഡയറക്ട് റിക്രൂട്ട്മെന്റ് പ്രകാരം വന്നവരാകയാൽ ഇവർക്ക് ടെസ്റ്റ് എക്സംപ്ഷന് അർഹതയില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 31 പേർ സസ്പെന്റ് ചെയ്യപ്പെട്ടതിൽ അഞ്ച് പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരാണ്. മറ്റ് രണ്ട് പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>സസ്പെന്റ് ചെയ്യപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർ</u>

1) ശ്രീ. ജെ. രവീന്ദ്രരാജു, അഡീഷണൽ രജിസ്ട്രാർ.

2) ശ്രീമതി കെ.ജി.ലീലാമണി, സീനിയർ ആഡിറ്റർ.

3) ശ്രീ. സി. കുട്ടൻ, സീനിയർ ആഡിറ്റർ.

4) ശ്രീ. എൻ. ബാബു, ജൂനിയർ ആഡിറ്റർ.

5) എസ്സ്. കൊച്ചുകൃഷ്ണൻ, പ്യൂൺ.

<u>മറ്റ് ശിക്ഷണ നടപടികൾ സ്വീകരിച്ച ജീവനക്കാർ</u>

1) ശ്രീമതി സി. ഓമന, യു.ഡി.ക്ലാർക്ക്.

2) ശ്രീമതി എം.ജി. തങ്കമ്മ, സീനിയർ ആഡിറ്റർ.

**139 (3322) അഞ്ചാം സഹകരണ കോൺഗ്രസ്സിന്റെ ചെലവുകൾ**

<u>ശ്രീ. കെ. സുധാകരൻ</u> :
<u>ശ്രീ. ജോർജ് ജെ. മാത്യു</u> :
<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുവച്ച് നടത്തിയ അഞ്ചാം സഹകരണ കോൺഗ്രസ്സിന്റെ ചെലവുകൾക്കായി സഹകരണ സംഘങ്ങളിൽ നിന്നു പണപ്പിരിവ് നടത്തിയിരുന്നോ; എങ്കിൽ എന്തുതുക പണമായും എന്തുതുക ചെക്കിലൂടെക്കും പിരിച്ചുവെന്ന് പറയുമോ;

(ബി) ഈ സഹകരണ കോൺഗ്രസ്സിനുവേണ്ടി എന്തു തുക ചെലവഴിച്ചു;

(സി) കൊടിമരജാഥ, സാംസ്കാരിക ജാഥ, ഭക്ഷണ സാധനങ്ങൾ മുതലായ ഓരോ ഇനത്തിലും എന്തു തുകവീതം ചെലവഴിച്ചു;

(ഡി) ഗവൺമെന്റിൽനിന്ന് എന്തെങ്കിലും തുക നൽകിയിരുന്നുവോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരത്തുവച്ചു നടന്ന 5-ാം സഹകരണ കോൺഗ്രസ്സിന്റെ ചെലവുകൾക്കായി സഹകരണ സംഘങ്ങളിൽനിന്നു സംഭാവനയായി ഇതേവരെ 97,58,451/- രൂപ സംസ്ഥാന സഹകരണ യൂണിയന് പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഇതിൽ 36,750/- രൂപ പണമായും 97,21,701/- രൂപ ചെക്കായുമാണ് ലഭിച്ചിട്ടുള്ളത്.

(ബി) അഞ്ചാം സഹകരണ കോൺഗ്രസ്സിനുവേണ്ടി ഇതേവരെ 52,76,007/-രൂപ 53 പൈസ സംസ്ഥാന സഹകരണ യൂണിയൻ ചെലവഴിച്ചിട്ടുണ്ട്.

| (സി) | ഐറ്റം | ചെലവായ തുക |
|---|---|---|
| 1. | കൊടിമരജാഥ | 0,495/-രൂപ |
| 2. | സമാപനഘോഷയാത്രയ്ക്ക് | 46,048/-രൂപ 50 പൈസ |
| 3. | ഭക്ഷണത്തിനുവേണ്ടി | 4,49,559/-രൂപ 78 പൈസ. |

(ഡി) ഗവൺമെന്റിൽ നിന്നും തുകയൊന്നും നൽകിയിട്ടില്ല.

**140 (3323) കടുത്തുരുത്തി പി.എൽ.സി.ഫാക്ടറിത്തൊഴിലാളികളെ സെക്ഷൻ 80-ന്റെ പരിധിയിലുൾപ്പെടുത്തുവാൻ നടപടി**

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ കീഴിലുള്ള പി.എൽ.സി. തൊഴിലാളികളെ സെക്ഷൻ 80-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ റബ്ബർ ഫാക്ടറിത്തൊഴിലാളികളെ ഇപ്രകാരം ഒഴിവാക്കിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കടുത്തുരുത്തി പി.എൽ.സി. ഫാക്ടറിത്തൊഴിലാളികളെ സെക്ഷൻ 80-ന്റെ പരിധിയിലുൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഫാക്ടറിത്തൊഴിലാളികൾക്ക് 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരമുള്ള സേവന-വേതന വ്യവസ്ഥകളാണ് ബാധകമാക്കിയിട്ടുള്ളത്. അതിനാലാണ് 80-ാം വകുപ്പിൽ നിന്നു ഒഴിവാക്കിയിട്ടുള്ളത്.

(സി) തൊഴിലാളി യൂണിയനുകളുമായി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റിന് 31-3-2000 വരെ കാലാവധി ഉള്ളതിനാൽ ഇപ്പോൾ 80-ാം വകുപ്പിന്റെ പരിധിയിൽ ഇവരെ ഉൾപ്പെടുത്താൻ കഴിയില്ല.

## 141 (3324) പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന രാജീവ് നഗറിൽ പ്രവർത്തിക്കുന്ന പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 31-5-99 വരെ എത്ര പേർ അംഗങ്ങളായിട്ടുണ്ട്; ഇതിൽ ഇപ്പോൾ അവിടെ താമസിക്കുന്നവർ എത്ര പേരുണ്ട്; അവിടെ നിന്ന് താമസം മാറിപ്പോയവർ ആരെല്ലാം; അവരുടെ പേര് അംഗത്വ രജിസ്റ്ററിൽനിന്ന് നീക്കം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) ഈ സൊസൈറ്റിയുടെ പരിധിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു; ഇതിൽ എത്ര കുടുംബങ്ങൾക്ക് ഈ സൊസൈറ്റിയിൽ അംഗത്വമുണ്ട്; അത് അവിടെയുള്ള ആകെ താമസക്കാരുടെ എത്ര ശതമാനമാണ്;

(സി) ഈ സൊസൈറ്റിയിൽ നിലവിലുള്ള ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാം; അവർ ഓരോരുത്തരും ഇവിടെ താമസത്തിന് വന്നത് എന്നാണ്; ഇവർക്ക് സൊസൈറ്റിയിൽ അംഗത്വം നൽകിയത് എന്നാണ്;

(ഡി) സൊസൈറ്റിയിൽ അംഗത്വത്തിനുള്ള ഫോറം ആവശ്യപ്പെടുന്നവർക്ക് അത് നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇവിടെ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർക്ക് അംഗത്വം നൽകാൻ നടപടിയെടുക്കുമോ?

### ഉത്തരം

(എ) 31.05.99 വരെ ഈ സംഘത്തിൽ 216 അംഗങ്ങൾ ഉണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനപരിധിക്കകത്ത് എത്രപേർ താമസിക്കുന്നുണ്ടെന്നും താമസം മാറിയവരെപ്പറ്റിയുള്ള വിവരങ്ങളും സംഘത്തിൽ ലഭ്യമല്ല. ക്വാർട്ടേഴ്സ് അനുവദിക്കുന്നതും ക്വാർട്ടേഴ്സ് വിട്ടുപോകുന്നതും ഈ സഹകരണ സംഘത്തിൽ അറിയുന്നില്ല.

(ബി) ഈ സൊസൈറ്റിയുടെ പരിധിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു എന്നതിന്റെ കണക്കുകൾ സംഘത്തിൽ ലഭ്യമല്ല. 216 പേർക്ക് സംഘത്തിൽ അംഗത്വം നൽകിയിട്ടുണ്ട്. മുകളിൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ശതമാനം തിട്ടപ്പെടുത്തുവാൻ സാധ്യമല്ല.

(സി) നിലവിലുള്ള ഭരണസമിതിയിൽ 9 അംഗങ്ങളുണ്ട്. അവരുടെ പേരും അംഗത്വം നൽകിയ തീയതിയും ചുവടെ ചേർക്കുന്നു.

| പേര് | അംഗത്വം നൽകിയതിന് |
|---|---|
| 1. ശ്രീ. മാത്യു.വി. ജോൺ (പ്രസിഡന്റ്) | 15-1-1996. |
| 2. ശ്രീ. ഒ.കെ. കുഞ്ഞിക്കുട്ടി (വൈസ് പ്രസിഡന്റ്) | 19-1-1996. |
| 3.ശ്രീ. പി. അംബുജാക്ഷൻ (സെക്രട്ടറി) | 19-1-1996. |

| | |
|---|---|
| 4. ശ്രീ. കെ.വി. സുധീർ (ട്രഷറർ) | 15-11-'96. |
| 5. ശ്രീ.എം. മാത്യുകുട്ടി (ഭരണസമിതി അംഗം) | 19-1-'96. |
| 6. ശ്രീ. ഒ.കെ. രാജൻ (ഭരണ സമിതി അംഗം) | 15-11-'97. |
| 7. ശ്രീ. എം. ശശികുമാർ (ഭരണ സമിതി അംഗം) | 15-11-'92. |
| 8. ശ്രീ. ജി. സദാനന്ദൻ (ഭരണസമിതി അംഗം) | 15-11-'97. |
| 9. ശ്രീ. സി.കെ. സുജകല (ഭരണ സമിതി അംഗം) | 19-1-'96. |

ഇവർക്ക് ക്വാർട്ടേഴ്സ് ലഭിച്ചിട്ടുള്ളത് എന്നാണെന്നും എന്നാണ് താമസത്തിന് വന്നിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ സഹകരണ സംഘത്തിൽ ലഭ്യമല്ല.

(ഡി) അംഗത്വഫോറം ആവശ്യപ്പെടുന്നവർക്ക് നൽകാറുണ്ട്.

(ഇ) അംഗത്വം നൽകുന്നകാര്യം ഭരണസമിതിയാണ് പരിശോധിക്കേണ്ടത്.

### 142 (3325) കരമന രാജീവ് നഗർ കൺസ്യൂമർ സ്റ്റോഴ്സ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന രാജീവ് നഗറിൽ പ്രവർത്തിക്കുന്ന പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒരു കൺസ്യൂമർ സ്റ്റോർ നടത്തുന്നുണ്ടോ;

(ബി) 1995-96, 1996-97, 1997-98 എന്നീ സാമ്പത്തികവർഷങ്ങളിലോരോന്നിലും ഇതിന്റെ ടേൺ ഓവർ എത്രയായിരുന്നുവെന്ന് പറയുമോ;

(സി) പ്രസ്തുത ഓരോ വർഷത്തിലും എന്തു തുകയ്ക്കുള്ള സാധനങ്ങൾ ഈ സ്റ്റോറിൽ കാണാതായിട്ടുണ്ട്;

(ഡി) പ്രസ്തുത സ്റ്റോറിൽ ഉള്ള സാധനങ്ങളുടെ സുരക്ഷിതത്വത്തിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ഇ) ഈ കാലഘട്ടത്തിൽ ഇപ്രകാരം കാണാതായ സാധനങ്ങളുടെ വില എഴുതിത്തള്ളിയിട്ടുണ്ടോ; എങ്കിൽ ഇത് ക്രമാനുസൃതമാണോ;

(എഫ്) സഹകരണ നിയമവും സംഘത്തിന്റെ ബൈലായും ഇപ്രകാരം എഴുതിതള്ളാൻ അനുവദിക്കുന്നുണ്ടോ;

(ജി) എങ്കിൽ ഇതിന് സഹകരണ രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം ഈ തുക സാധനങ്ങൾ കാണാതാകുന്നതിന് ഉത്തരവാദികളായിട്ടുള്ളവരിൽ നിന്നും ഈടാക്കുവാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1995-96 - 20,76,261.45 രൂപ

1996-97 - 18,30,814.80 രൂപ

1997-98 - 13,64,946.30 രൂപ

(സി) പ്രസ്തുത വർഷങ്ങളിൽ സാധനങ്ങൾ കാണാതായിട്ടില്ല.

(ഡി) ഭരണസമിതിക്കാണ്.

(ഇ)-(ജി) ചോദ്യം ഉദിക്കുന്നില്ല.

143 (3326) **പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച സഹകരണ സംഘങ്ങൾ**

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ലെ രണ്ടാംവിളയ്ക്ക് പാലക്കാട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ നെല്ല് സംഭരിച്ചു; ഏതെല്ലാം സംഘങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ച സഹകരണ സംഘം ഏത്;

(സി) കൃഷിക്കാർക്ക് നെല്ല് സംഭരണത്തിൽ ഇൻസെന്റീവ് നൽകിയ സംഘങ്ങൾ ഏതെല്ലാം എന്നും; ഓരോ സംഘവും ക്വിന്റലിന് എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് ഇൻസെന്റീവ് ആയി എത്ര രൂപ നൽകി;

(ഇ) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് നെല്ല് സംഭരണത്തിൽ എത്ര രൂപ ലാഭമുണ്ടാക്കി;

(എഫ്) തത്തമംഗലം സർവ്വീസ് ബാങ്ക് ലാഭത്തിലാകുകയും, ഇൻസെന്റീവ് കൊടുക്കുകയും ചെയ്തിട്ടും ഡയറക്ടർമാരിൽ നിന്നും തുക ഈടാക്കാൻ നടപടിയെടുത്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ജി) നെല്ല് സംഭരണത്തിൽ പാലക്കാട് ജില്ലയിൽ നഷ്ടമുണ്ടാക്കിയ സംഘങ്ങൾ ഏതെല്ലാം; ഈ സംഘങ്ങളുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തു സംഘങ്ങൾ നെല്ല് സംഭരിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. ഏലപ്പുള്ളി സേവന സഹകരണ ബാങ്ക്
2. പൊൽപ്പുള്ളി സേവന സഹകരണ ബാങ്ക്
3. പെരുവമ്പ് സേവന സഹകരണ ബാങ്ക്
4. വല്ലങ്ങി വിത്തനശ്ശേരി സേവന സഹകരണ ബാങ്ക്
5. പട്ടഞ്ചേരി സേവന സഹകരണ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

6. പല്ലശ്ശന സേവന സഹകരണ ബാങ്ക്

7. തത്തമംഗലം സേവന സഹകരണ ബാങ്ക്

8. കൊടുവായൂർ സേവന സഹകരണ ബാങ്ക്

9. പെരുമാട്ടി സേവന സഹകരണ ബാങ്ക്

10. തൃത്താല സേവന സഹകരണ ബാങ്ക്

(ബി) തത്തമംഗലം സേവന സഹകരണ ബാങ്ക്

(സി) ഏലപ്പുള്ളി സേവന സഹകരണ ബാങ്ക്, പെരുവമ്പ് സേവന സഹകരണ ബാങ്ക്, തത്തമംഗലം സേവന സഹകരണ ബാങ്ക്, കൊടുവായൂർ സേവന സഹകരണ ബാങ്ക് എന്നിവയാണ് ഇൻസെന്റീവ് നൽകിയ സംഘങ്ങൾ. മേൽപറഞ്ഞ സേവന സഹകരണ ബാങ്കുകൾ കിന്റലിന് യഥാക്രമം, 40 രൂപ, 14 രൂപ, 30 രൂപ. 20 രൂപ, നിരക്കിൽ ഇൻസെന്റീവ് നൽകിയിട്ടുണ്ട്.

(ഡി) തത്തമംഗലം സേവന സഹകരണ ബാങ്ക്, കിന്റലിന് 30 രൂപ ക്രമത്തിൽ 9,26,0001 രൂപ ഇൻസെന്റീവ് ആയി നൽകിയിട്ടുണ്ട്.

(ഇ) നെല്ലു സംഭരണത്തിൽ ലാഭമുണ്ടായതായി കാണുന്നില്ല. വകപ്പു തലത്തിലുള്ള കണക്കു പരിശോധനയിൽ നെല്ലു സംഭരണം നഷ്ടത്തിലാണ് എന്നാണ് കണ്ടിട്ടുള്ളത്.

(എഫ്) തത്തമംഗലം സേവന സഹകരണ ബാങ്കിനെതിരെ നെല്ലു സംഭരണം സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ സഹകരണ ബാങ്ക് 66-ാം വകുപ്പനുസരിച്ച് നടത്തിയ പരിശോധനയിൽ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് നെല്ല് സംഭരണം നടന്നതെന്നും കടമായി വില്പന നടത്തിയതിൽ പലിശയിനത്തിൽ സംഘത്തിന് നഷ്ടമുണ്ടായിട്ടുണ്ടെന്നും കാണുകയും തുടർന്ന് 68(1) വകുപ്പുപ്രകാരം നടത്തിയ അന്വേഷണത്തിൽ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികൾ ഭരണസമിതി അംഗങ്ങളാണെന്ന് കാണുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഉത്തരവാദികളായ ഭരണസമിതി അംഗങ്ങളിൽനിന്നും തുക ഈടാക്കുവാനുള്ള നടപടി സഹകരണ വകുപ്പ് സ്വീകരിച്ചത്.

(ജി) പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ നഷ്ടമുണ്ടാക്കിയ സംഘങ്ങൾ താഴെ പറയുന്ന മൂന്നെണ്ണമാണ്.

1. തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക്.

2. പെരുവമ്പ് സർവ്വീസ് സഹകരണ ബാങ്ക്.

3. പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക്. ഇതിൽ തത്തമംഗലം സംഘത്തിനെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്. അതിൻമേൽ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു.

## (3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

### 144 (3153) പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വർഷവും ജനുവരിയ്ക്കുമുൻപ് പാഠപുസ്തകങ്ങളുടെ രചനയും പ്രിന്റിംഗും പൂർത്തിയാക്കാൻ ഒരു സമയബന്ധിതമായ പരിപാടിയ്ക്ക് സർക്കാർ രൂപം കൊടുക്കുമോ;

(ബി) ഇപ്പോൾ ഇക്കാര്യത്തിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ അദ്ധ്യയനവർഷവും ആരംഭിക്കുന്നതിനുമുമ്പ് തന്നെ ആ വർഷത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ രചനയും പ്രിന്റിംഗും പൂർത്തിയാക്കുന്നതിനുള്ള ഒരു സമയബന്ധിത പരിപാടിയ്ക്ക് സർക്കാർ രൂപം കൊടുക്കുന്നുണ്ട്.

(ബി) പാഠപുസ്തകങ്ങളുടെ രചന സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി.യ്ക്ക് നൽകാറുണ്ട്. പാഠപുസ്തകളുടെ അച്ചടി കഴിയുന്നതും കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി, കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, സർക്കാർ പ്രസ്സുകൾ എന്നിവയുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തി പൂർത്തിയാക്കുക എന്നുള്ളതാണ് സർക്കാർ നയം. എന്നിരുന്നാലും ഈ പ്രസ്സുകളുടെ സേവനംകൊണ്ട് മാത്രം അച്ചടി സമയത്തിന് പൂർത്തിയാവുകയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ പ്രൈവറ്റ് പ്രസ്സുകളുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. പാഠപുസ്തകങ്ങളുടെ രചനയും അച്ചടിയും സംബന്ധിച്ച പുരോഗതി ഹൈലവൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കുകയും ചെയ്യാറുണ്ട്.

**145 (3154) അദ്ധ്യാപകരുടെ കൈപുസ്തകം**

<u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപകർക്ക് ആവശ്യമായ എത്ര കൈപുസ്തകം പ്രിന്റ് ചെയ്തിരുന്നു;

(ബി) കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ഡിപ്പോകളിലൂടെ ഈ വർഷം എത്ര പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) ആവശ്യത്തിന് കൈപുസ്തകം ലഭിച്ചില്ലെന്നു പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കൈപുസ്തകം എത്തിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അദ്ധ്യാപകരുടെ ആവശ്യത്തിലേക്കായി 39 ടൈറ്റിലുകളിലായി 4,51,000 കോപ്പി കൈപുസ്തകങ്ങൾ പ്രിന്റ് ചെയ്യുവാൻ ഉത്തരവ് നൽകിക്കഴിഞ്ഞു. ഇതിൽ 12 ടൈറ്റിലുകളിലായി 1,00,700 കോപ്പികൾ പ്രിന്റ് ചെയ്തു കിട്ടി.

(ബി) കൈപുസ്തകങ്ങൾ ഡയറ്റുകൾ വഴിയാണ് എസ്.സി.ഇ.ആർ.ടി. വിതരണം ചെയ്യുന്നത്. പുസ്തകം ഡിപ്പോയിലൂടെയല്ല വിതരണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രിന്റ് ചെയ്തുകിട്ടിയ പുസ്തകങ്ങൾ എസ്.സി.ആർ.ടി ഡയറക്ടർ ഡയറ്റുകൾവഴി വിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എല്ലാ കൈപുസ്തകങ്ങളും അടിയന്തിരമായി അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

146 (3156) ഏരിയാ ഡെവലപ്മെന്റ് പ്രോഗ്രാം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഡെവലപ്മെന്റ് പ്രോഗ്രാം അനുസരിച്ച് അനുവദിച്ച എൽ.പി., യു.പി. സ്കൂളുകൾക്ക് ഏത് വർഷം വരെ ഗ്രാന്റ് നൽകിയിട്ടുണ്ട്;

(ബി) ഇതിനുള്ള ഗ്രാന്റ് കേന്ദ്രത്തിൽനിന്ന് തുടർന്ന് ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഗ്രാന്റ് ലഭിക്കാത്തതുകൊണ്ട് ഈ സ്കൂളുകളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും മാനേജ്മെന്റും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഗ്രാന്റ് തുടർന്നും ലഭ്യമാക്കുമോ;

(എഫ്) അല്ലെങ്കിൽ എയ്ഡഡ് സ്കൂളുകളായി പ്രഖ്യാപിച്ച് അദ്ധ്യാപകരുടെ ശമ്പളം ഡയറക്ട് പേമെന്റ് വഴി നൽകുകയോ അൺ എയ്ഡഡ് സ്കൂളുകളായി പ്രവർത്തിക്കാൻ അനുവദിച്ച് വിദ്യാർത്ഥികളിൽനിന്നും ഫീസ് പിരിച്ച് ഈ സ്കൂളുകളെ നിലനിറുത്തുകയോ ചെയ്യാൻ സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏരിയാ ഇന്റൻസീസ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷണലി ബാക്ക്വേർഡ് മൈനോറിറ്റീസ് എന്ന കേന്ദ്ര പദ്ധതി പ്രകാരം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ മേഖലകളിൽ സ്കൂളുകൾ ആരംഭിക്കുന്നതിലേക്കായി 1994-95 മുതൽ 1997-98 വരെ കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(ബി)&(സി)പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സ്കൂളുകൾ തുടങ്ങുന്നതിനുള്ള ഭൗതിക സൗകര്യമുണ്ടാക്കുന്നതിന് മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുകയുള്ളൂ. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ് നിലവിലുള്ള സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ തുടർന്നും ഈ സ്കൂളുകൾക്ക് ഗ്രാന്റ് ലഭിക്കുവാൻ പ്രസ്തുത കേന്ദ്ര പദ്ധതിയിൻകീഴിൽ വ്യവസ്ഥയില്ല.

(ഡി) പ്രസ്തുത സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കണമെന്ന ബന്ധപ്പെട്ട മാനേജുമെന്റുകളുടെ നിരന്തര ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 'ബി' 'സി' വിഭാഗങ്ങളുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പ്രസ്തുത സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കണമെന്ന ആവശ്യം അംഗീകരിക്കുക വഴി അമിതമായ സാമ്പത്തികഭാരമുണ്ടാവുമെന്ന തിനാൽ സർക്കാർ ആ നിർദ്ദേശം ഇതിനകം തന്നെ നിരസിക്കുകയുണ്ടായി. വിദ്യാർത്ഥികളിൽനിന്നും ഫീസ് പിരിച്ച് പ്രസ്തുത സ്കൂളുകൾ നില നിറുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പരിശോധിക്കാവുന്നതാണ്.

### 147 (3158) സ്കൂളുകളിൽ പുതിയ പാഠ്യവിഷയങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു തലത്തിൽ ഏതെല്ലാം വിഷയങ്ങളാണ് ഇപ്പോൾ പഠിപ്പിക്കുന്നത്;

(ബി) ഫിലോസഫി/ലോജിക്/സൈക്കോളജി തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ;

(സി) സ്കൂൾതലത്തിലും മോറൽ ഫിലോസഫി, ലോജിക്, ഹോംസയൻസ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, കന്നഡ, അറബിക്, സംസ്കൃതം, ഉറുദു, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ എന്നീ ഭാഷകളും ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ജ്യോഗ്രഫി, കോമേഴ്സ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, കംപ്യൂട്ടർ സയൻസ്, ഹോം സയൻസ്, മ്യൂസിക്, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ് എന്നീ വിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്.

(ബി) പ്ലസ് ടുവിൽ ഏതൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്തണമെന്നു തീരുമാനിക്കുന്നത് ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള കരിക്കുലം കമ്മിറ്റിയാണ്.

(സി) ഈ വിഷയങ്ങൾ പ്രതിപാദിക്കുന്ന വിവിധ പാഠഭാഗങ്ങൾ നിലവിലുള്ള പാഠപുസ്തകങ്ങളിൽ ഇപ്പോൾത്തന്നെ ഉണ്ട്.

### 148 (3160) ഉച്ചക്കഞ്ഞി വിതരണത്തിന് ചെലവായ തുക

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിനായി ഇക്കഴിഞ്ഞ അദ്ധ്യയനവർഷം സർക്കാർ എത്ര രൂപ ചെലവഴിച്ചു;

(ബി) എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉച്ചക്കഞ്ഞിവിതരണം നടത്തിയ ഇനത്തിൽ ചെലവായ തുക വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ;

(ഡി) ഈ അദ്ധ്യയനവർഷത്തിൽ ഉച്ചക്കഞ്ഞി വിതരണത്തിനായി എത്ര രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു;

(ഇ) എത്ര രൂപ ഈയിനത്തിൽ നടപ്പ് വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പിനായി 1998-99 അദ്ധ്യയന വർഷം 36.20 കോടി (മുപ്പത്തി ആറ് കോടി ഇരുപത് ലക്ഷം രൂപ) ചെലവഴിച്ചു.

(ബി) 23,68,022 വിദ്യാർത്ഥികൾക്ക്.

(സി) കുടിശ്ശികയുണ്ട്. 1998-99 അദ്ധ്യയനവർഷം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 19,85,771/- രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകാനുണ്ട്. കൂടാതെ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ സ്കൂളുകൾക്ക് ഒരു കോടി രൂപയോളം കൊടുക്കാനുണ്ട്.

(ഡി) ഭക്ഷണസാധനങ്ങളുടെ വിലയിനത്തിലും, സ്കൂളുകൾക്ക് നൽകേണ്ട കണ്ടിജൻസി ചാർജ്ജിനത്തിലും കൂടി 1999-2000 അദ്ധ്യയന വർഷം ഏകദേശം 40 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ഇ) 1999-2000 അദ്ധ്യയനവർഷം ഉച്ചഭക്ഷണ പരിപാടിയ്ക്കായി 25,70,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| 1) 2202-01-191-50-01 (എൻ.പി) | രൂപ 22,00,00,000/- |
| 2) 2202-01-191-47-01 (എൻ.പി) | രൂപ 1,35,00,000/- |
| 3) 2202-01-191-46-01 (എൻ.പി) | രൂപ 1,35,00,000/- |
| 4) 2202-01-191-48-01 (എൻ.പി) | രൂപ 1,00,00,000/- |
| ആകെ | രൂപ 25,70,00,000/- |

### 149 (3162) സ്വകാര്യ സ്കൂൾ, കോളേജ് ജീവനക്കാർ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ, കോളേജ് മേഖലയിൽ ആകെ എത്ര അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരുമാണ് ജോലി ചെയ്യുന്നത് എന്നു കണക്കാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന മേഖലകളിലൊന്നായ ഈ മേഖലയിൽ സംവരണ സമുദായങ്ങളിൽപ്പെട്ട വളരെക്കുറച്ച് ആളുകൾ മാത്രമേ ജോലി ചെയ്യുന്നുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ സ്കൂൾ, കോളേജ് മേഖലകളിൽ നിയമനത്തിന് സംവരണ തത്വം ഏർപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം കൊണ്ടുവരുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വകാര്യ എയിഡഡ് സ്കൂൾ, കോളേജ് മേഖലയിൽ ആകെ 1,24,054 അദ്ധ്യാപകരും 15,405 അദ്ധ്യാപകേതര ജീവനക്കാരുമുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**150 (3163) പ്ലസ്ടു അദ്ധ്യാപകരുടെ കുറഞ്ഞ യോഗ്യത**

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലസ് ടു അദ്ധ്യാപകരുടെ നിയമനത്തിനായി രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ആർട്ട് വിഷയങ്ങളിലും സയൻസ് വിഷയങ്ങളിലും രണ്ടാം ക്ലാസ് പി.ജി.ബിരുദം നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) കൂടുതൽ മാർക്ക് ലഭിക്കുവാൻ സാദ്ധ്യതയില്ലാത്ത ആർട്സ് വിഷയങ്ങളിൽ പി.ജി. ബിരുദമെടുത്തവർ ഇതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഗണിച്ച് ആർട്സ് വിഷയങ്ങളിൽ പി.ജി. ബിരുദമുള്ളവരുടെ അടിസ്ഥാനയോഗ്യത 45% മാർക്കായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലസ് ടു അദ്ധ്യാപകരുടെ നിയമനത്തിനായി 50% മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദവും, ബി.എഡ്. ബിരുദവും അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 50% മാർക്കോടെ ആർട്സ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം എടുത്തവരുടെ ക്ഷാമമനുഭവപ്പെടുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**151 (3164) എൽ.പി. സ്കൂളുകളിൽ ബി.എഡ്. കാരുടെ നിയമനം**

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി. സ്കൂളുകളിൽ ബി.എഡ്. കാരെ നിയമിക്കരുതെന്ന് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന് എന്ന് മുതൽ പ്രാബല്യമുണ്ടായിരിക്കും;

(ബി) നിലവിലുള്ള എൽ.പി., യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലുള്ള ബി.എഡ്. കാർക്ക് ഈ ഉത്തരവ് ബാധകമാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എൽ.പി സ്കൂളുകളിൽ താൽക്കാലികമായി ജോലിചെയ്ത് 51 എ ക്ലെയിമെന്റായിട്ടുള്ള ബി.എഡ്. കാർക്ക് പ്രസ്തുത ഉത്തരവ് ബാധകമാകുമോ; ഇത്തരം അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ.പി. സ്കൂളുകളിൽ ടി.ടി.സി ക്കാരേയും യു.പി. സ്കൂളുകളിൽ ടി.ടി.സി/ബി.എഡ്. കാരേയും നിയമിക്കണമെന്ന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

(സി) ബാധകമാവില്ല.

152 (3165) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ നിയമനം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ലാബ് സൗകര്യം ഏർപ്പെടുത്താൻ ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചും സ്കൂളുകൾ തിരിച്ചും വ്യക്തമാക്കുമോ;

((ഡി) ഇത്തരം സ്കൂളുകളിൽ ലൈബ്രറി പുസ്തകം വാങ്ങാൻ സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)പൂർത്തിയായിട്ടില്ല. സുപ്രീം കോടതിയിൽ ഒരു കേസ്സ് നിലവിലുള്ളതിനാൽ നിയമനം സംബന്ധിച്ച നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. കേസ്സിന്റെ അന്തിമവിധി വന്നാലുടൻ ഇതു സംബന്ധിച്ച നടപടികൾ ആരംഭിക്കുന്നതാണ്.

(സി) സ്കൂളുകൾ തിരിച്ചുള്ള കണക്ക് അനുബന്ധം 'ക'യിൽ കാണുക.†

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്കൂളുകൾ തിരിച്ചുള്ള കണക്ക് അനുബന്ധം 'എ'യിൽ കാണുക.†

153 (3166) സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ സ്ഥിര അദ്ധ്യാപക നിയമനം സംബന്ധിച്ച് നിലവിലുള്ള രീതി എന്താണ്;

(ബി) എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകളിൽ യോഗ്യതയുള്ളവർ സ്കൂളിൽത്തന്നെ ഉണ്ടെങ്കിൽ അങ്ങനെയുള്ളവരെ നിയമിക്കണമെന്ന് പാപ്പിനിശ്ശേരി പഞ്ചായത്ത് സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. ഒ.വി. ഗോപാലൻ സമർപ്പിച്ച ഹർജിയിൽ കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) 1998-99 അദ്ധ്യയനവർഷം വരെ സർവ്വീസിലുണ്ടായിരുന്ന യോഗ്യരായ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലോ അതാത് മാനേജ്മെന്റിലുള്ള ഹയർ സെക്കണ്ടറി വിഭാഗത്തിലോ നിയമനം നൽകിയതിനുശേഷം മാത്രമേ നേരിട്ട് നിയമനം നടത്താവൂ എന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസ് ആയിട്ടില്ലാത്തതിനാൽ സ്ഥിര അദ്ധ്യാപക നിയമനം നടത്തിയിട്ടില്ല. ആകെയുള്ള ഒഴിവുകളിൽ 25% യോഗ്യതയുള്ള ഹൈസ്കൂൾ അദ്ധ്യാപകരെ നിയമിക്കാമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ഈ തീരുമാനം സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഒഴിവുകളുടെ 25% വരെ അതാത് സ്കൂളുകളിൽതന്നെ യോഗ്യതയുള്ള അദ്ധ്യാപകരെ ഹയർ സെക്കണ്ടറിയിലേക്ക് നിയമിക്കാവുന്നതാണ്. പരാതിക്കാരന് ബന്ധപ്പെട്ട സ്കൂളിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള നിയമപ്രകാരം ആകെ ഒഴിവുകളുടെ 25 ശതമാനത്തിനാണ് ഇത്തരത്തിൽ നിയമനം നൽകാവുന്നത്. ഇതു സംബന്ധിച്ചുള്ള കേസ്സിൽ സുപ്രീം കോടതി നൽകിയിട്ടുള്ള സ്റ്റേ ഇപ്പോൾ നിലവിലുണ്ട്. ഈ കേസ്സിൽ ഒരു അന്തിമവിധിക്കുശേഷം മാത്രമേ നിയമക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

154 (3167) എയ്ഡഡ് സ്കൂളിലെ നിയമനത്തിന് മുൻകാല പ്രാബല്യം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളിലെ പ്ലസ് ടൂ വിഭാഗത്തിൽ 1991 മുതൽ 1995 വരെ പാർട്ടൈം, ഫുൾടൈം വ്യത്യാസമില്ലാതെ ജോലി ചെയ്തിരുന്ന അദ്ധ്യാപകരിൽ 1995-ൽ ഫുൾടൈം, ആക്കിയ വിഭാഗത്തിന് മാത്രം മുൻകാല പ്രാബല്യം നൽകുകയും 1995 ൽ പാർട്ട്ടൈമിൽ ഉൾപ്പെടുത്തിയ അദ്ധ്യാപകർക്ക് മുൻകാലപ്രാബല്യം നൽകാതിരിക്കുകയും ചെയ്ത നടപടി തിരുത്താമെന്ന് സർക്കാർ നൽകിയ ഉറപ്പ് അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇത് സംബന്ധിച്ച് ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുമോ?

ഉത്തരം

(എ)&(ബി)ഇക്കാര്യം പരിശോധിച്ചുവരികയാണ്. ഇത് തീരുമാനിക്കുന്നതിന് ധനവകുപ്പിന്റെയും മറ്റും അംഗീകാരം തേടേണ്ടതുണ്ട്. ധനവകുപ്പിന്റെയും ഭരണപരിഷ്കാര വകുപ്പിന്റെയും അംഗീകാരം ലഭിച്ചാലുടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

### 155 (3168) ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ തലത്തിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഒരു വർഷം ശരാശരി എത്ര അദ്ധ്യാപകർക്ക് ഇപ്രകാരം അവരാവശ്യപ്പെടുന്ന സ്ഥലത്തേക്ക് മാറ്റം അനുവദിക്കാറുണ്ട്;

(സി) പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഹൈസ്കൂൾ തലത്തിൽ നാച്ചുറൽ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; 1999-2000 വർഷത്തിൽ എത്ര ഒഴിവുകളുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഒഴിവുകൾ നിലവിലുള്ളതും ഉണ്ടാകാനിടയുള്ളതുമായ സ്ക്കൂളുകൾ ഏതെല്ലാമെന്ന് ഓരോ സ്ക്കൂളിലേയും ഒഴിവുകളുടെ എണ്ണം സഹിതം വിശദമാക്കുമോ;

(ഇ) പ്രസ്തുത ഒഴിവുകളിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനായുള്ള എത്ര അപേക്ഷകൾ 1998 ജൂൺ മുതൽ 1999 ജൂൺ 30 വരെ ലഭിച്ചിട്ടുണ്ട്; ആരുടെയെല്ലാം;

(എഫ്)ഇവയിലെത്രയെണ്ണം അനുവദിച്ചു; എത്ര അപേക്ഷകൾ ഗവ. മുൻപാകെ തീർപ്പ് കൽപ്പിക്കാനുണ്ട്; ആരുടെയെല്ലാം; വിശദവിവരം വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഏറ്റവും ചുരുങ്ങിയത് നിയമനം നേടിയ ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. എന്നാൽ ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലേക്ക് സ്ഥലംമാറ്റത്തിന് അഞ്ച് വർഷം സേവനം വേണമെന്ന് നിർബന്ധമില്ല. സർവ്വീസ് ദൈർഘ്യം കൂടുതൽ ഉള്ളവർക്കാണ് മുൻഗണന നൽകുന്നത്. അദ്ധ്യാപകർക്ക് അവരവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ഉള്ള ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകുകയുള്ളൂ. സർവ്വീസ് ദൈർഘ്യ വ്യവസ്ഥ ജവാന്റെ ആശ്രിതർക്ക് ബാധകമല്ല.

(ബി) ഓരോ ജില്ലയിലും ഓരോ വർഷവും സ്റ്റാഫ് ഫിക്സേഷൻ അടിസ്ഥാനമാക്കി 'നെറ്റ് വേക്കൻസി' കണക്കാക്കി അതിന്റെ 30 ശതമാനമാണ് അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കിവയ്ക്കുന്നത്.

(സി) 99-2000 വർഷത്തെ ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

(ഡി) പത്തനംതിട്ട ജില്ലയിൽ എച്ച്.എസ്.എ. നാച്ചുറൽ സയൻസിൽ ഒരു ഒഴിവുണ്ട്. നിലവിലുള്ളത് തേക്കുന്തോട് ഗവ. ഹൈസ്കൂളിലും, കോട്ടയം ജില്ലയിലെ നാച്ചുറൽ സയൻസിൽ രണ്ട് ഒഴിവുള്ളത് ഗവ. ഹൈസ്കൂൾ മുരിക്കുംവയലിലും, ഗവ. ഹൈസ്ക്കൂൾ ടി.വി. പുരത്തുമാണ്. 99-2000 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞാലെ ഒഴിവുകൾ കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഇ) പത്തനംതിട്ടയിലെ ഒരു ഒഴിവിലേയ്ക്ക് 9 അദ്ധ്യാപകരും, കോട്ടയം ജില്ലയിലെ രണ്ട് ഒഴിവിലേയ്ക്ക് 16 അദ്ധ്യാപകരും സ്ഥലംമാറ്റത്തിന് ഡി.പി.ഐ.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†+

(എഫ്)പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

**156 (3169) പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം**

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടി.ടി.സി. യോഗ്യതയുള്ളവരെ മാത്രം എൽ.പി. സ്കൂളുകളിലും, യു.പി.സ്കൂളുകളിൽ ടി.ടി.സി. കാരോടൊപ്പം . ബി.എഡ്. കാരേയും അദ്ധ്യാപകരായി നിയമിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുവാൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഇപ്പോൾ ഇക്കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലിരിക്കുകയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**157 (3170) സംസ്കൃത അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ്**

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിന്ദി പാർട്ട് ടൈം അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ് ഹയർ ഗ്രേഡിന് വേണ്ടി പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം സംസ്കൃത അദ്ധ്യാപകർക്ക് ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്കൃത അദ്ധ്യാപകർക്കുകൂടി ഈ ആനുകൂല്യം നൽകി പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

**158 (3171) പ്രൈമറി ഹൈസ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കണ്ടറി സ്കൂളിൽ നിയമിക്കാൻ നടപടി**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരായ സർവ്വീസിലുള്ള എൽ.പി., യു.പി. ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഷയങ്ങൾക്ക് സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ സീനിയോറിറ്റി ലിസ്റ്റിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്ന് അദ്ധ്യപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, അറബി, കന്നഡ, സംസ്കൃതം, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, മാത്തമാറ്റിക്സ്, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, കമ്പ്യൂട്ടർ സയൻസ്, എന്നീ വിഷയങ്ങൾക്ക് ലിസ്റ്റ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോപ്പി ലഭ്യമാക്കുന്നതാണ്.[†]

(ഡി) സുപ്രീം കോടതി വിധിക്ക് വിധേയമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

### 159 (3172) വിദ്യാഭ്യാസ വകുപ്പിലെ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം കണ്ടിജന്റ് മീനിയലായി ജോലിചെയ്യുന്ന ജീവനക്കാരെ പ്രൊമോട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ എത്ര വേക്കൻസികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വേക്കൻസികളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### 160 (3173) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രൊമോഷൻ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സർവ്വീസുമുള്ള അദ്ധ്യാപകരെ സീനിയോറിറ്റി നോക്കാതെ തന്നെ ഹെഡ്മാസ്റ്റർമാരായി നിയമിക്കുന്നതിനുള്ള അധികാരം മാനേജ്മെന്റിന് ഉണ്ടെന്ന സുപ്രീം കോടതി വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ റോമൻ കത്തോലിക്കാ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെടുമോ എന്നു വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ബത്തേരിയിലെ അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ, ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുമോയെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിൽ ഹെഡ്മിസ്ട്രസ് ആയി നിയമിതയായ റവ. സിസ്റ്റർ അന്നമ്മയെ ഹെഡ്മിസ്ട്രസ് ആയി നിയമിച്ചതിന് ഇതുവരെ വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരുടെ നിയമനം അംഗീകരിക്കാതെ അന്യായമായി തടഞ്ഞുവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോമൻ കത്തോലിക്കർ ഒരു ന്യൂനപക്ഷ സമുദായമാണ്, റോമൻ കത്തോലിക്കാ സമുദായം സ്ഥാപിച്ചു നടത്തിവരുന്നതാണെന്ന് തെളിയിക്കപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 30(1)ന്റെ പരിരക്ഷയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെടും.

(സി)&(ഡി) ബത്തേരി അസംപ്ഷൻ ഗേൾസ് ഹൈസ്കൂളിൽ റവ. സിസ്റ്റർ അന്നമ്മയെ ഹെഡ്മിസ്ട്രസ് ആയി നിയമിച്ച നടപടിയിൻമേലുള്ള ഒരു റിവിഷൻ പെറ്റിഷൻ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ചട്ടങ്ങൾക്കനുസരണമായി അധികാരങ്ങൾ വിനിയോഗിച്ച് എടുക്കുന്ന തീരുമാനങ്ങളുടെ പേരിൽ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

**161 (3175) ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനം**

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13.5.1998-ലെ ജി.ഒ. (എം.എസ്.) 162/98/പൊ.വി. പ്രകാരം എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹൈസ്കൂൾ/പ്രൈമറി വിഭാഗത്തിൽപ്പെട്ട യോഗ്യരായ അദ്ധ്യാപകരിൽനിന്നും പ്രൊമോഷൻവഴി നിയമനത്തിനായി നീക്കിവച്ചിട്ടുള്ള 25% തസ്തികകളിൽ സീനിയോറിറ്റി മറികടന്ന് നിയമനം നടത്തിയതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന എത്ര കേസ്സുകളിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വിധികളിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഇക്കാര്യത്തിനുവേണ്ടിയുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 42090/ടി 1/98/പൊ.വി.വ. എന്ന ഫയലിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്ത്?

ഉത്തരം

(എ) 25% തസ്തികകളിൽ സീനിയോറിറ്റി മറികടന്ന് നിയമനം നടത്തിയത് സംബന്ധിച്ച്, ഹൈക്കോടതിയിൽ 40 ഓളം കേസ്സുകൾ നിലവിലുണ്ടായിരുന്നതിൽ 21 കേസ്സുകളിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 25% തസ്തിക സംവരണം ഏർപ്പെടുത്തി ഗവ. ഉത്തരവ് ബഹു. സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ ഒരന്തിമതീരുമാനമായിട്ടില്ല.

(സി) സുപ്രീംകോടതി സ്റ്റേയുടെ വെളിച്ചത്തിൽ, ഒരന്തിമതീരുമാനം എടുത്തിട്ടില്ല.

162 (3176) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ശമ്പളം നൽകാൻ നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ആഗസ്റ്റ് മാസം മുതൽ സംസ്ഥാനത്തെ വിവിധ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലിചെയ്യുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകുന്നതിന് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോടതിവിധിപ്രകാരം അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 1998 ആഗസ്റ്റ് മുതൽക്കുള്ള ശമ്പളവും സുപ്രീംകോടതി വിധി പുറപ്പെടുവിക്കുന്നതുവരെയുള്ള കാലത്തേയ്ക്ക് താൽക്കാലികാനുമതിയും നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകാനുണ്ട് എന്നു വ്യക്തമാക്കുമോ;

(ഡി) സർവ്വീസിലുള്ള സംസ്ഥാനത്തെ മുഴുവൻ എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും ശമ്പളവും താത്ക്കാലിക നിയമന ഉത്തരവും ഈ മാസംതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശമ്പളം നൽകുന്നതിന് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കോടതിവിധി പ്രകാരം ശമ്പളം നൽകുന്നതിനാവശ്യമായനിയമന അംഗീകാരം സംബന്ധിച്ച ഉത്തരവുകൾ അയച്ചു കൊണ്ടിരിക്കുകയാണ്.

(സി) കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ എല്ലാ സ്കൂളുകളിലേയും അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ന്യൂനതയുള്ളവ പരിഹരിച്ചുകിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ന്യൂനതകളില്ലാതെ വേണ്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ള അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവുകൾ ജൂലൈയിൽ തന്നെ കൊടുത്തുതീർക്കുന്നതാണ്.

163 (3177) പ്രൊട്ടക്ടഡ് അദ്ധ്യാപകർ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ ഏതെല്ലാം സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പേരന്റ് സ്കൂളിൽ തസ്തിക ഒഴിവുവന്നതിനുശേഷവും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ അവിടേയ്ക്ക് മാറ്റി നിയമിക്കാത്ത സ്ഥിതി നിലവിലുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ എന്ന് അറിയിക്കുമോ;

(ഡി) പ്രൊട്ടക്ഷൻ ആനുകൂല്യം നൽകി നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാത്ത അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യം നിലനിൽക്കുമോ;

(ഇ) കണ്ണൂർ ജില്ലയിൽ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകർ നിയമനം കിട്ടിയിട്ടും ജോലിയിൽ പ്രവേശിക്കാതെയുണ്ട്; അവർ ആരെല്ലാം എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകരായി കണ്ണൂർ ജില്ലയിൽ ജോലി ചെയ്യുന്ന 51 പേരുടെ സ്കൂൾ തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(എഫ്) ചൊക്ലി സബ്ജില്ലയിലെ കിടഞ്ഞി യു.പി. സ്കൂളിലെ ഫുൾടൈം ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. കെ.എ. അബ്ദുൽ സമദിനെ പൂവൻചാൽ ഗവ. യു.പി. സ്കൂളിലേയ്ക്ക് പ്രൊട്ടക്ഷൻ ആനുകൂല്യം നൽകി നിയമിച്ചു. അദ്ദേഹം ജോലിയിൽ പ്രവേശിക്കാത്തതിനാൽ 14.7.99-ന് ടി അദ്ധ്യാപകന് രജിസ്റ്റേർഡ് കത്ത് അയച്ചിട്ടുണ്ട്.

## 164 (3178) എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. തയ്യാറാക്കിയ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു;

(ബി) 1999 ജൂൺ മാസത്തിൽ വീണ്ടും ഇതേ തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുള്ള സ്ഥിതിയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും പൂർണ്ണമായും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 965 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്താവുന്നതാണ്.

165 (3180) കോഴിക്കോട് നഗരത്തിലെ പ്ലസ് ടൂ കോഴ്സുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒരു സർക്കാർ കോളേജും അഞ്ച് പ്രൈവറ്റ് കോളേജുകളും ഉള്ള കോഴിക്കോട് നഗരത്തിൽ നിലവിൽ അനുവദിച്ച പ്ലസ് ടൂ കോഴ്സുകൾ അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 500 മാർക്കിലധികം ലഭിച്ച വിദ്യാർത്ഥികൾക്കുപോലും പ്ലസ് ടൂ ക്ലാസ്സുകളിൽ പ്രവേശനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ പ്ലസ് ടൂ കോഴ്സുകൾ നഗരത്തിലെ സ്കൂളുകളിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിലുള്ള പ്ലസ് ടൂ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | സ്കൂളുകളുടെ പേര് | സയൻസ് | ഹ്യൂമാനിറ്റീസ് | കോമേഴ്സ് |
|---|---|---|---|---|
| 1. | ഗവ. എച്ച്.എസ്. എസ്. ഈസ്റ്റ് ഹിൽ | 2 | - | - |
| 2. | ഗവ. എച്ച്.എസ്.എസ്. (മോഡൽ ബോയിസ്) | 1 | 1 | 1 |
| 3. | സി.ജെ.എം.എച്ച്.എസ്.എസ്. | 1 | 1 | 1 |
| 4. | സെന്റ് ജോസഫ് എച്ച്.എസ്.എസ്. | 2 | 1 | 1 |
| 5. | സാമൂതിരി എച്ച്.എസ്.എസ്. തളി | 1 | 2 | 2 |
| 6. | ഗണപത് എച്ച്.എസ്.എസ്. (ചാലപ്പുറം) | 1 | 1 | 1 |
| 7. | ഗവ. എച്ച്.എസ്.എസ്. (മെഡിക്കൽ കോളേജ്) | 2 | - | 1 |
| 8. | റഹ്മാനിയ എച്ച്.എസ്.എസ്. | | | |

LIBRARY ARCHIVES Kerala Legislative Assembly

(ഫോർ ഹാൻഡികാപ്ഡ്) 3 - 1

(ബി) 810 സീറ്റുകൾ ഡീലിങ്കു ചെയ്തപ്പോൾ 1200 സീറ്റുകൾ സ്കൂളുകളിൽ ഡീലിങ്കിനുശേഷം അനുവദിച്ചിട്ടുണ്ട്.

(സി) ഇങ്ങനെ ഒരു പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പിരിവ് 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

### 166 (3181) സ്കൂളിന്റെ വാടക കുടിശ്ശിക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയ്ക്ക് വർഷംതോറും എത്ര രൂപ വാടകയിനത്തിൽ സർക്കാർ ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വാടകയിനത്തിൽ കെട്ടിട ഉടമസ്ഥർക്ക് എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ഡി) വാടക കൊടുക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) എ.ആർ. നഗർ ജി.യു.പി. സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയിനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത വാടക കുടിശ്ശിക എത്രയുംവേഗം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 173 സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഓരോ വർഷവും 22,07,089 രൂപ വാടകയിനത്തിൽ ചെലവഴിക്കുന്നുണ്ട്.

(സി) 30.6.1999 വരെ 52,03,236 രൂപ കുടിശ്ശികയുണ്ട്.

(ഡി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ 73 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) 30.6.99 വരെ 86,118 രൂപ കുടിശ്ശിക ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത പരാതി അനന്തര നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) വാടക കുടിശ്ശിക കൊടുത്തുതീർക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**167 (3183) കൊക്കാത്തോട് ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മലയോര പ്രദേശമായ കൊക്കാത്തോട് ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകരില്ലാതെ പഠനം നടത്താൻ സാധിക്കാതിരിക്കുന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകളുണ്ടെന്നും ഏതേത് തീയതികളിലാണ് ഒഴിവ് പ്രബല്യത്തിൽ വന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇവിടെ പുതിയ നിയമനം നടത്താതിരിക്കാനുള്ള കാരണമെന്ത്;

(ഡി) കൊക്കാത്തോട് സ്കൂളിൽ നിയമിക്കപ്പെടുന്നവർക്ക് അവിടെത്തന്നെ ജോലിയിൽ തുടരുന്നതിന് എന്തെങ്കിലും പ്രോത്സാഹനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം താഴെ കൊടുക്കുന്നു.

| | തസ്തിക | ഒഴിവുകളുടെ എണ്ണം | ഒഴിവ് പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|
| 1. | പി.ഡി. ടീച്ചർ | 4 | 1.6.1999-ൽ |
| 2. | ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സ്റ്റഡീസ്) | 1 | ,, |
| 3. | ഹൈസ്കൂൾ ടീച്ചർ (മലയാളം) | 1 | 15.7.1999-ൽ |

(സി) പി.ഡി. ടീച്ചറുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും ഉടൻ നിയമനം നടത്തുന്നതാണ്. എച്ച്.എസ്.എ.മാരുടെ പി.എസ്.സി. ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താമസംവിനാ നിയമനം നടത്തുന്നതാണ്.

(ഡി)&(ഇ) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

**168 (3184) ഹെഡ്മാസ്റ്ററെ നിയമിക്കാൻ നടപടി**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ അയിരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കുറെമാസമായി ഹെഡ്മാസ്റ്ററെ നിയമിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വിദ്യാർത്ഥികൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു എന്നുള്ള കാര്യം അറിയുമോ;

(സി) അയിരൂർ ഗവൺമെന്റ് ഹൈസ്കൂളിലേയ്ക്ക് ഹെഡ്മാസ്റ്ററെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി) അയിരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററെ നിയമിച്ചുകൊണ്ട് 6.7.1999-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**169 (3185) യോഗ്യതയുള്ള നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ്സിനും എച്ച്.എസ്.എ. പ്രൊമോഷൻ നൽകാൻ നടപടി**

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മാർച്ച് 28-ന് തൃപ്പൂണിത്തുറ ഗവ. മോഡൽ നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ്സായി ചാർജ്ജെടുത്ത കെ. കുമാരിക്ക് നഴ്സറി സ്കൂൾ എച്ച്.എം.ന്റെ സ്കെയിലോ മറ്റാനുകൂല്യങ്ങളോ അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) യോഗ്യതയുള്ള എൽ.പി./യു.പി. അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള എച്ച്.എസ്.എ. പ്രൊമോഷൻ ബി.എസ്.സി., ബി.എഡ്. പാസ്സായ കുമാരിക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഗ്രാഡ്വേറ്റ് നഴ്സറി സ്കൂൾ അദ്ധ്യാപകർക്ക് പ്രായപരിധി ബാധകമല്ലെന്ന് ജി.ഒ.(എം.എസ്.) 466/70/പൊ.വി. 11.11.1970 ഉത്തരവ് പ്രകാരം എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്, എറണാകുളം ജില്ല) ടെസ്റ്റ് എഴുതിയ ഇവർക്ക് പ്രത്യേക പരിഗണന കിട്ടാൻ അർഹതയുണ്ടോ?

ഉത്തരം

(എ) നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ്സിന് നിലവിലുള്ള ഗവ. ഉത്തരവ് അനുസരിച്ച് പ്രൈമറി ടീച്ചറുടെ ശമ്പള സ്കെയിലിന് മാത്രമെ അർഹതയുള്ളൂ. ഇവർക്ക് എച്ച്.എം.ന്റെ സ്കെയിൽ ഇതുവരെ ബാധകമാക്കിയിട്ടില്ല.

(ബി) പ്രൈമറി സ്കൂൾ അദ്ധ്യാപകർ ഗ്രാഡ്വേറ്റ് ബി.എഡ്. ഡിഗ്രി ആർജ്ജിച്ചാൽ സാധാരണഗതിയിൽ എച്ച്.എസ്.എ. പ്രൊമോഷന് അർഹത

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കും. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് എച്ച്.എസ്.എ. ആയി പ്രൊമോട്ട് ചെയ്യുക. പി.ഡി. ടീച്ചറെ എച്ച്.എസ്.എ. ആയി പ്രൊമോട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറാണ്. ഈ അദ്ധ്യാപികയിൽനിന്നും അപേക്ഷ വാങ്ങി അർഹത പരിശോധിച്ച് പ്രൊമോഷൻ നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(സി) ശ്രീമതി കുമാരി ഫിസിക്കൽ സയൻസ് ടീച്ചറുടെ ടെസ്റ്റ് 6.3.99-ന് എഴുതിയിട്ടുണ്ട്. ഫിസിക്കൽ സയൻസ് തസ്തികയ്ക്ക്വേണ്ടി നടത്തിയ ടെസ്റ്റിൽ അദ്ധ്യാപകരല്ലാതെ മറ്റ് ഉദ്യോഗാർത്ഥികളോടൊപ്പമാണ് മേൽ സൂചിപ്പിച്ച അദ്ധ്യാപിക ടെസ്റ്റ് എഴുതിയത്. പി.എസ്.സി.യുടെ മാനദണ്ഡമനുസരിച്ച് അർഹതയുണ്ടെങ്കിൽ ഇവർക്ക് എച്ച്.എസ്.എ. ആയി നിയമനം ലഭിക്കുന്നതാണ്.

### 170 (3186) അയിരൂർ കാഞ്ഞീറ്റുകര ശ്രീ ശാരദാവിലാസം ഗവൺമെന്റ് എൽ.പി. സ്കൂൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ അയിരൂർ കാഞ്ഞീറ്റുകര ശ്രീ. ശാരദാവിലാസം ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഹെഡ്മിസ്ട്രസ് മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിലെ ഒഴിവുള്ള അദ്ധ്യാപകരുടെ തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് ഉടൻ നിയമനം നടത്തുന്നതാണ്.

### 171 (3187) ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഫലം തടഞ്ഞുവച്ച നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിലെ 16 വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പരീക്ഷാഫലം ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ തടഞ്ഞുവച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതിന് കാരണമാകുന്ന ഏതെങ്കിലും റിപ്പോർട്ട് പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

രിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കോപ്പിയടിച്ചതായി എന്തെങ്കിലും തെളിവുണ്ടോ; എങ്കിൽ എന്താണ് തെളിവെന്ന് വെളിപ്പെടുത്തുമോ;

(സി) ഊമക്കത്തിൽ പറയുന്ന കാര്യങ്ങൾ തെളിവായി സ്വീകരിക്കുവാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ) ഊമക്കത്തിന്റെ അടിസ്ഥാനത്തിലല്ല ഫലം തടഞ്ഞുവച്ചത്. പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(ബി) ഇല്ല. പരീക്ഷാഫലം തടഞ്ഞുവച്ചത് പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ്.

(സി) ഇല്ല.

### 172 (3188) പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ 6-ാം ക്ലാസ്സ്

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 115 വർഷം പഴക്കമുള്ള പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ അഞ്ചാം ക്ലാസ്സ് അനുവദിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ആറാം ക്ലാസ്സ് അനുവദിച്ചിട്ടില്ലെന്ന കാര്യം ഗവൺമെന്റിനറിയുമോ;

(ബി) പ്രസ്തുത സ്കൂളിൽ 6-ാം ക്ലാസ്സ് കൂടി അനുവദിക്കാൻ നടപടിയുണ്ടാകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം ഇപ്പോൾ ഇല്ലാത്തതിനാൽ ഇക്കാര്യം പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ല.

### 173 (3191) കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ എത്ര അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്;

(ബി) ഇവിടെ അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 5 കോച്ചുമാരുടെ ഒഴിവുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ തസ്തികകളിൽ എപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്താൻ പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### 174 (3195) യു.ജി.സി. സ്കീം

ശ്രീ. കെ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ജി.സി. സ്കീം നടപ്പിലാക്കിയപ്പോൾ യു.ജി. സി. മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥചെയ്തിട്ടുണ്ടോ;

(ബി) അദ്ധ്യാപക നിയമനത്തിന് ബിരുദാനന്തരബിരുദത്തിന് ചുരുങ്ങിയത് 55 ശതമാനം മാർക്കു കൂടാതെ എലിജിബിലിറ്റി ടെസ്റ്റും പാസ്സായിരിക്കണമെന്ന് ഈ വ്യവസ്ഥകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ഓരോ യൂണിവേഴ്സിറ്റിയും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) യൂണിവേഴ്സിറ്റികൾ സ്വയംഭരണ സ്ഥാപനങ്ങളാകയാൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ നിരസിക്കുവാൻ അവകാശമുണ്ടോ;

(ഇ) അദ്ധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ പാസ്സാകണമെന്ന മാനദണ്ഡം ആവശ്യമില്ലെന്ന് എം.ജി. യൂണിവേഴ്സിറ്റി തീരുമാനമെടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) യു.ജി.സി. സ്കീമിന്റെ പ്രധാനലക്ഷ്യമായ ഉയർന്ന അദ്ധ്യയന നിലവാരത്തിനു ദോഷകരമാണ് ഈ നടപടിയെന്നറിയുമോ; ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസ്ഥ ചെയ്തിട്ടുണ്ട്,

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ)&(എഫ്) ഇല്ല. എന്നാൽ യു.ജി.സി.യും സർക്കാരും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തുവാൻ യൂണിവേഴ്സിറ്റികൾക്ക് അധികാരമില്ല. മാത്രവുമല്ല, യോഗ്യതാ മാനദണ്ഡങ്ങൾക്ക് ഇളവുനൽകുന്നത് യു.ജി. സി. സ്കീം നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യമായ ഉയർന്ന ഉന്നത വിദ്യാഭ്യാസ നിലവാരം എന്നതിനു ദോഷകരവുമാണ്.

### 175 (3196) സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പളം നൽകാൻ നടപടി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വകാര്യ കോളേജ് അദ്ധ്യാപകരെ പ്രൊമോട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം കോളേജുകളിലായി എത്ര അദ്ധ്യാപകരെ പ്രൊമോട്ട് ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് പ്രൊമോഷൻ അനുസരിച്ചുള്ള ശമ്പളം നൽകി വരുന്നുണ്ടോ;

(ഡി) യൂണിവേഴ്സിറ്റിയിൽ നിന്നും പ്രൊമോഷൻ അംഗീകരിച്ചിട്ടും ശമ്പളം ലഭിക്കാത്ത അദ്ധ്യാപകർ സർവ്വീസിലുണ്ടോ;

(ഇ) പ്രൊമോഷൻ ലഭിച്ചിട്ടും കഴിഞ്ഞ അഞ്ചുവർഷങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ പൊളിറ്റിക്സ് അദ്ധ്യാപകൻ ശ്രീ. കെ അലക്സാണ്ടറുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പരാതി എന്നാണ് ലഭിച്ചത് എന്നും ഇതിൽ എന്തു തീരുമാനം എടുത്തു എന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത അദ്ധ്യാപകന് ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ)&(എഫ്) ലഭിച്ചിട്ടുണ്ട്. 3.9.98-ൽ പരാതി ലഭിക്കുകയും സർക്കാർ നടപടി സ്വീകരിച്ചുവരികയും ചെയ്യുമ്പോൾ ശ്രീ. അലക്സാണ്ടർ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ഈ കേസ്സിൽ തീരുമാനമാകാതെ സർക്കാരിന് പരാതിയിൻമേൽ തീരുമാനമെടുക്കാൻ നിർവ്വാഹമില്ല.

(ജി) ഒ.പി. 8881/96-ന്റെ വിധിപ്രകാരം റദ്ദുചെയ്യപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി പുനർനിർണ്ണയിക്കുന്ന തീരുമാനം നടപ്പിലാകുമ്പോൾ പ്രസ്തുത അദ്ധ്യാപകന്റെ ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**176 (3198) ട്രെയിനിംഗ് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ആനുകൂല്യങ്ങൾ**

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23.2.1999-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 16/99/ഉ.വി.വ. പ്രകാരം സംസ്ഥാനത്തെ സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ 19.9.1991-ന് മുമ്പ് പി.എസ്.സി. തയ്യാറാക്കിയ സെലക്ഷൻ ലിസ്റ്റിൽപ്പെട്ടവരിൽ നിന്നും നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്ക് യു.ജി.സി. സ്കീം ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്ന കാര്യത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ കാലതാമസം വന്നിട്ടുണ്ടോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി)ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വീകരിച്ചുവരുന്നു.

177 (3201) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് അദ്ധ്യാപകർക്ക് ടീച്ചിംഗ് ഗ്രാന്റ്

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂളുകളിലെ കെ.ജി.ടി. കോഴ്സ് പാസ്സായ അദ്ധ്യാപകർക്ക് ടീച്ചിംഗ് ഗ്രാന്റ് നൽകുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ നൽകിവരുന്ന തുക തീർത്തും അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ധ്യാപകരുടെ ടീച്ചിംഗ് ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭാഗികമായി മാത്രം നൽകുന്ന ഈ ഗ്രാന്റ് എല്ലാ അദ്ധ്യാപകർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂളുകളിലെ ഹരിജൻ സംവരണ സീറ്റുകളിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡിവിഷൻ ഒന്നിന് 300/- രൂപ പ്രകാരം പ്രതിമാസം നൽകിവരുന്നു.

(ബി) ഉണ്ട്.

(സി) പരിഗണനയിലാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഉണ്ട്. 15.6.99-ലെ ജി.ഒ.(എം.എസ്.) 61/99/പജ. പവ. വിവ. പ്രകാരം 2000-2001 വർഷം മുതൽ പട്ടികജാതി മാനേജ്മെന്റ് നടത്തുന്ന സ്ഥാപനങ്ങളിൽ 45%വും 1999-2000 വർഷം മുതൽ പട്ടികജാതിക്കാരല്ലാത്തവരുടെ സ്ഥാപനങ്ങളിൽ 20 ശതമാനവുമായി സംവരണ സീറ്റുകൾ നിജപ്പെടുത്തിയിട്ടുള്ളതിനാൽ പുനഃസ്ഥാപിക്കേണ്ടതില്ല.

178 (3202) മലപ്പുറം ജില്ലയിലെ വി.എച്ച്.എസ്.ഇ. അനിമൽ ഹസ്ബന്ററി കോഴ്സ്

ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ അനിമൽ ഹസ്ബന്ററി കോഴ്സുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഈ കോഴ്സ് മലപ്പുറം ജില്ലയിൽ അനുവദിക്കാത്തതിന്റെ കാരണം എന്തെന്നു വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ വി.എച്ച്.എസ്.ഇ. സ്കൂളിൽ അനിമൽ ഹസ്ബന്ററി കോഴ്സ് തുടങ്ങാൻ സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മലപ്പുറം ജില്ലയിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനിമൽ ഹസ്ബന്ററി കോഴ്സുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാലാണ് പ്രസ്തുത വിഷയത്തിൽ കോഴ്സുകൾ അനുവദിക്കാത്തത്.

(സി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ നയം നിലവിലില്ലാത്ത സാഹചര്യത്തിൽ തൽക്കാലം നിർവ്വാഹമില്ല.

**179 (3203) വി.എച്ച്.എസ്.സി. അപ്രൂവ്ഡ് അദ്ധ്യാപകർക്ക് പി.എഫ്.**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അപ്രൂവ്ഡ് അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും പി.എഫ്. ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് അടിയന്തിരമായി പി.എഫ്. ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വകുപ്പിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടേയും മറ്റു ജീവനക്കാരുടേയും പി.എഫ്. റൂൾസിന്റെ കരട് തയ്യാറാക്കി പി. ആന്റ് എ.ആർ., ധനകാര്യം എന്നീ വകുപ്പുകളുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്, അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രോവിഡന്റ് ഫണ്ട് ആരംഭിക്കുന്നതാണ്.

**180 (3213) ബി.ഫാം. കോഴ്സിന് അംഗീകാരം**

ശ്രീ. എം. മുരളി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) എം.ജി. സർവ്വകലാശാല നടത്തുന്ന ബി.ഫാം കോഴ്സിന് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ അനുമതിയും അംഗീകാരവും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സിന് ഏതെല്ലാം അധികാര സ്ഥാപനങ്ങളുടെ അനുമതിയും അംഗീകാരവും ആണ് ലഭിക്കേണ്ടത്;

(സി) ഇപ്രകാരം അനുമതിയും അംഗീകാരവും ലഭിക്കാൻ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു;

(ഡി) ഈ അനുമതിയും അംഗീകാരവും ലഭിച്ചശേഷം മാത്രം ബി. ഫാമിന്റെ ഫൈനൽ ഇയർ പരീക്ഷ നടത്തിയാൽ മതിയെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) എം.ജി. സർവ്വകലാശാലയുടെ കീഴിൽ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ 1993-94 മുതൽ നടത്തി വരുന്ന ബി.ഫാം കോഴ്സിന് 1999 ജൂണിൽ ചേർന്ന ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ ജനറൽ കൗൺസിൽ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സിന് എ.ഐ.സി.ടി.ഇ.യുടെയും പി.സി.ഐ.യുടെയും അംഗീകാരമാണ് വേണ്ടത്.

(സി) ഈ കോഴ്സിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഫാർമസി കൗൺസിലിന്റെ നിർദ്ദേശാനുസരണം പുതിയ ലാബുകൾ, ലൈബ്രറി ലെക്ചർ ഹാളുകൾ എന്നിവ പണിതിട്ടുണ്ട്. ടി കോഴ്സ് നടത്തുന്ന രണ്ട് സെന്ററുകളിലും 5 ലാബുകൾ വീതം നിലവിലുണ്ട്. മറ്റ് കെട്ടിടങ്ങൾ കോടതി ഉത്തരവിന് വിധേയമായി പണിയുന്നതിന് സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ട്. പുതുപ്പള്ളി സെന്ററിന് കെട്ടിടം പണിയുന്നതിന് 65 ലക്ഷം രൂപ സി.പി. ഡബ്ല്യൂ.ഡി.യെ ഏൽപ്പിച്ചിട്ടുണ്ട്. സ്ഥിരം തസ്തികയിൽ 26 ലക്ചർ, 2 അസോസിയേറ്റ് പ്രൊഫസർ, 3 അസിസ്റ്റന്റ് പ്രൊഫസർ എന്നിവരെ നിയമിച്ചിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ചെയ്യുന്നു.

(ഡി) ഉണ്ട്.

181 (3215) **പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പു വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങി വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കും; വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

നടപ്പുവർഷത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആകെ 6118-ഉം, മെഡിക്കലും അനുബന്ധ വിഭാഗത്തിലും കൂടി 1,352-ഉം, അഗ്രികൾച്ചർ വിഭാഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ 481-ഉം ഉൾപ്പെടെ ആകെ 7951 സീറ്റുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കും. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**182 (3217) റിസർവേഷൻ തത്വം**

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ കൺട്രോളറെ പ്രതിചേർത്ത് റിസർവേഷൻ തത്വം പാലിച്ചില്ല എന്നാരോപിച്ച് ഫയൽ ചെയ്ത എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്;

(ബി) പ്രസ്തുത കേസ്സുകൾ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനായി പരീക്ഷാ കൺട്രോളറുടെ ഓഫീസിലെ എത്ര ഉദ്യോഗസ്ഥരും, ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എത്ര ജീവനക്കാരും ഹൈക്കോടതിയിലേയ്ക്ക് എത്ര യാത്ര വീതം നടത്തിയെന്നറിയിക്കുമോ;

(സി) ഹൈക്കോടതിയിലേയ്ക്ക് കൗണ്ടർ അഫിലിയേറ്റ് നൽകുവാൻ മൂന്നു പ്രാവശ്യത്തിലധികം പോയ പരീക്ഷാകൺട്രോളർ ഓഫീസിലെ ജീവനക്കാരുടെ പേര് നടത്തിയ യാത്രകളുടെ എണ്ണം, ഓരോരുത്തരും വാങ്ങിയ യാത്രാബത്തയുടെയും ദിവസബത്തയുടെയും ആകെത്തുക എന്നിവ വിശദമാക്കുമോ;

(ഡി) പ്രവേശന പരീക്ഷാ കൺട്രോളറുടെ ആഫീസിലെ താഴെക്കിടയിലുള്ള ജീവനക്കാരെ കൗണ്ടർ അഫിഡവിറ്റ് നൽകുവാൻ ചുമതലപ്പെടുത്തുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എൻട്രൻസ് എക്സാമിനേഷനിലെ റിസർവേഷൻതത്വം കഴിഞ്ഞ പ്രാവശ്യം അട്ടിമറിക്കപ്പെട്ടെന്ന ആരോപണവുമായി ബന്ധപ്പെട്ട ഏതേത് ഉദ്യോഗസ്ഥർക്കാണ് ഉത്തരവാദിത്വം ചുമതലപ്പെട്ടത്;

(എഫ്) അവർ ആരൊക്കെയാണെന്ന് തസ്തികതിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ; ഇവർക്കെതിരെ അച്ചടക്കം, ശിക്ഷണ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ശിക്ഷണ നടപടികൾ കൈക്കൊണ്ടിട്ടില്ലെങ്കിൽ ഉത്തരവാദിത്വം ചുമത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ കൈക്കൊള്ളുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)-(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**183 (3219) റോഡുകളുടെ വിപുലീകരണം**

<u>ശ്രീ. എൻ.ആർ. ബാലൻ</u> :
<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> :
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> :

---

† അനുബന്ധം IX (1,2,3)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈവേകളുടെയും ജില്ലകളിലെ പ്രധാന റോഡുകളുടെയും വിപുലീകരണത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ബി) എങ്കിൽ ഏതൊക്കെ ഹൈവേകളും ജില്ലാറോഡുകളുമാണ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വിപുലീകരണത്തിന് വിധേയമാക്കേണ്ട ജില്ലാ റോഡുകളും ഹൈവേകളും ഏതൊക്കെ എന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോമീറ്റർ റോഡ് നവീകരണം പൂർത്തിയാക്കിയെന്നു വ്യക്തമാക്കുമോ;

(ഇ) ഇനി എത്ര കിലോമീറ്റർ റോഡിന്റെ നവീകരണമാണ് പൂർത്തിയാക്കുവാനുള്ളതെന്നു പറയുമോ;

(എഫ്) റോഡുകളുടെയും ഹൈവേകളുടെയും വിപുലീകരണത്തിനായി ലോക്ബാങ്ക് ഏഷ്യൻ വികസനബാങ്ക് എന്നിവയിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയപാതകളായ എൻ.എച്ച്. 7, 47 എ, എൻ.എച്ച്. 17, എൻ.എച്ച് 49, എൻ.എച്ച്. 208 എന്നീ റോഡുകളുടെ വിപുലീകരണം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടത്തിവരുന്നുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന റോഡുപണികളുടെ വിവരം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(സി) ഗതാഗതത്തിരക്ക്, രണ്ടോ അതിലധികമോ ജില്ലകളെ ബന്ധിപ്പിക്കുന്നുണ്ടോ എന്ന കാര്യം വിനോദ-തീർത്ഥാടന പ്രാധാന്യമുള്ള സ്ഥലങ്ങളിലൂടെ കടന്നുപോകുന്നുണ്ടോ എന്ന വസ്തുത വാണിജ്യപരമായ പ്രാധാന്യം എന്നിവയാണ് റോഡുകൾ തെരഞ്ഞെടുക്കുന്നതിന് സാധാരണയായി അവലംബിക്കുന്ന മാനദണ്ഡങ്ങൾ.

(ഡി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ സ്റ്റേറ്റ് ഹൈവേകളും ജില്ലാതല റോഡുകളും ഉൾപ്പെടെ 2250 കിലോമീറ്റർ റോഡിന്റെ നവീകരണം നടന്നിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തെ സംബന്ധിക്കുന്ന വിവിരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) സ്റ്റേറ്റ് ഹൈവേകളും പ്രധാന ജില്ലാതല റോഡുകളുമുൾപ്പെടെ 4144 കിലോമീറ്റർ ഭാഗം നവീകരിക്കേണ്ടതായിട്ടുണ്ട്. ദേശീയ പാതകളായ എൻ.എച്ച്. 17, എൻ.എച്ച്. 49, എൻ.എച്ച്. 208 എന്നീ റോഡുകൾ രണ്ടുവരിപ്പാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടതായിട്ടുണ്ട്.

(എഫ്) ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ ദേശീയപാത 47-ൽ ആലുവ മുതൽ ചേർത്തല വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്ന

† അനുബന്ധം X

പണി ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

### 184 (3234) കാലവർഷംമൂലം തകർന്ന റോഡുകളും പാലങ്ങളും

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷംമൂലം തകർന്ന റോഡുകളും പാലങ്ങളും നന്നാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലവർഷത്തിൽ തകർന്നടിഞ്ഞ റോഡുകളിലെ യാത്രാദുരിതം അകറ്റുവാൻ സമയബന്ധിത പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള മൊബൈൽ റിപ്പയർ യൂണിറ്റുകൾ എന്നുമുതൽ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) തകർന്നുപോയിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി എത്രയുംപെട്ടെന്ന് റോഡുകൾ നന്നാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയപാതയെ സംബന്ധിച്ചിടത്തോളം കാലവർഷത്തിൽ തകർന്ന റോഡുകളും പാലങ്ങളും നന്നാക്കുന്നതിനുള്ള ജോലിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. താൽക്കാലിക പുനരുദ്ധാരണ പണികൾ അപ്പപ്പോൾത്തന്നെ ടെണ്ടർവിളിച്ച് ചെയ്തുവരുന്നു. സ്ഥിരമായ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അംഗീകാരം കിട്ടുന്നമുറയ്ക്കു ടെണ്ടർ വിളിച്ച് പണി തുടങ്ങുന്നതാണ്.

റോഡുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചിടത്തോളം അടിയന്തിര ആവശ്യമുള്ള ജോലികൾ ചെയ്തു വരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) താൽക്കാലിക പുനരുദ്ധാരണ പണികൾ അപ്പപ്പോൾ തന്നെ ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) മൂന്നു യൂണിറ്റുകളുടെ പ്രവർത്തനം നടക്കുന്നുണ്ട്.

(ഇ) തകർന്നുപോയിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി എത്രയും പെട്ടെന്ന് നന്നാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്.

### 185 (3238) ഓടക്കടവുപാലം

<u>ശ്രീ. എം.വി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എടക്കാട് മണ്ഡലത്തിൽപ്പെടുന്ന ഓടക്കടവുപാലം നിർമ്മിക്കുന്നതിനുവേണ്ടി പ്രത്യക അനുമതിക്കായുള്ള അപേക്ഷ സർക്കാരിലെ പൊതു മരാമത്തു വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണെന്നും അതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടിയെ സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഭരണാനുമതിയും ബഡ്ജറ്റിൽ തുകയും ലഭിച്ചുകഴിഞ്ഞാൽ പ്രത്യേകാനുമതി ലഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലം നിർമ്മാണത്തിനുള്ള പ്രത്യേക അനുമതി എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 19.11.98-ൽ ലഭിച്ച ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി)&(ഡി) മതിയായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയശേഷം പ്രത്യേകാനുമതി നൽകുന്നതാണ്.

### 186 (3249) മല്ലപ്പള്ളി റവന്യൂ ടവർ

<u>ശ്രീ. ടി.എസ്. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് കേരളാ ഹൗസിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ റവന്യൂ ടവർ മല്ലപ്പള്ളിയിൽ പണിയുന്നതിന് കല്ലിടുകയുണ്ടായോ;

(ബി) എങ്കിൽ എന്ന് കല്ലിട്ടു;

(സി) കല്ലിടുന്നതിനുമുമ്പ് റവന്യൂ ടവറിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കിയിരുന്നോ;

(ഡി) പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തിരുന്നോ;

(ഇ) എങ്കിൽ ആരാണ് വർക്ക് ഏറ്റെടുത്തത്;

(എഫ്) കോൺട്രാക്ടർ റവന്യൂ ടവർ വർക്കിന് എഗ്രിമെന്റ് നൽകിയോ; എങ്കിൽ എന്നാണ്;

(ജി) ഇല്ലെങ്കിൽ എഗ്രിമെന്റ് വയ്ക്കാതെയും ടെണ്ടർ ചെയ്യാതെയും പ്രസ്തുത വർക്കിന് കല്ലിട്ടതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ മല്ലപ്പള്ളിയിൽ റവന്യൂ ടവർ പണിയാൻ കല്ലിടുകയുണ്ടായി.

(ബി) 15.3.1996-ൽ

(സി)&(ഡി) ഇല്ല.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) അന്വേഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**187 (3254) പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർ തസ്തിക**

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള എഞ്ചിനീയർ സർവ്വീസ് റൂൾ പ്രകാരം ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എത്ര ശതമാനമാണ് സർവ്വീസിലിരുന്ന് ഡിഗ്രി എടുത്തിട്ടുള്ള ഓവർസിയർക്കായി നീക്കിവച്ചിട്ടുള്ളത്;

(ബി) ഈ ക്വാട്ടയിൽ അവസാനമായി നിയമനം നടന്നിട്ടുള്ളത് എന്നാണ്;

(സി) അതിനുശേഷം നാളിതുവരെയായി പ്രസ്തുത ക്വാട്ടയിൽ നിയമനം നടക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) പ്രസ്തുത ക്വാട്ടയിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുണ്ട്;

(ഇ) ഈ ക്വാട്ടയിലേയ്ക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 6% എഞ്ചിനീയറിംഗ് ഡിഗ്രിയുള്ള ഡിപ്ലോമക്കാർക്കായി നീക്കിവച്ചിട്ടുണ്ട്.

(ബി) 1990-ൽ.

(സി) 1990 ഏപ്രിൽ ഒന്നു മുതൽ ബൈഫർക്കേഷൻ വന്നതുകൊണ്ട് ഒഴിവുകൾ നിലവിലില്ലാത്തതു കാരണം പ്രസ്തുത ക്വാട്ടയിൽ പി.ഡബ്ല്യൂ.ഡി. യിൽ നിയമനം നടന്നിട്ടില്ല.

(ഡി) 16

(ഇ) സ്വീകരിച്ചുവരുന്നു.

**188 (3255) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ**

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.99-ൽ പൊതുമരാമത്ത് വകുപ്പിൽ ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് എന്നീ മൂന്നുതരത്തിൽ യോഗ്യതയുള്ള എത്ര എഞ്ചിനീയർമാർ ഉണ്ട്;

(ബി) ഇവരുടെ നിയമനത്തിൽ എന്തെങ്കിലും റേഷ്യോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഈ റേഷ്യോ പ്രകാരമാണോ നിയമനവും ഉദ്യോഗക്കയറ്റവും നൽകുന്നത്; അല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | ഡിഗ്രിക്കാർ | : | 976 |
| | ഡിപ്ലോമക്കാർ | : | 265 |
| | സർട്ടിഫിക്കറ്റുകാർ | : | 76 |
| | ആകെ | : | 1317 |

(ബി) ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിയമനത്തിൽ ഡിഗ്രിക്കാർ, ഡിപ്ലോമക്കാർ, സർട്ടിഫിക്കറ്റുകാർ എന്നിവർക്ക് യഥാക്രമം 6:3:1 എന്ന റേഷ്യോ നിലവിലുണ്ട്. ഇപ്രകാരം നേരിട്ടു നിയമനം നടത്തുമ്പോൾ 60%ൽപ്പെട്ട 54% പേർ ഡിഗ്രിക്കാരും ബാക്കി 6% പേർ എഞ്ചിനീയറിംഗ് ഡിഗ്രി നേടിയിട്ടുള്ള ഡിപ്ലോമക്കാർ ആയിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷനിൽ ഡിഗ്രിക്കാരും ഡിപ്ലോമാക്കാരും തമ്മിൽ യഥാക്രമം 3:1 എന്ന റേഷ്യോ പാലിക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷനിൽ ഡിഗ്രിക്കാരും ഡിപ്ലോമക്കാരും തമ്മിൽ 95:5 എന്ന റേഷ്യോ പാലിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന റേഷ്യോ പ്രകാരമാണ് നിയമനവും ഉദ്യോഗക്കയറ്റവും നടത്തുന്നത്.

### 19 (3258) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുകൾ

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുകമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ക്രമക്കേട് നടന്നതായി പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ക്രമക്കേടുകൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥർക്കുമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)&(സി) വിജിലൻസ് വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

### 190 (3261) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനുള്ള ഗ്രാന്റ്

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സങ്കേതിക മ്യൂസിയം സർക്കാർ സ്ഥാപനമാണോ;

(ബി) ഈ സ്ഥാപനത്തിന് ഇക്കഴിഞ്ഞ വർഷം സർക്കാർ എത്ര രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്;

(സി) മ്യൂസിയത്തിൽ മൊബൈൽ എക്സിബിഷനുവേണ്ടി ബസ്സ് വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിന് എത്ര രൂപ ചെലവായി;

(ഡി) ബസ്സിന്റെ ഡിസൈനിൽവന്ന പാകപ്പിഴ കാരണം മഴവെള്ളം അകത്തു വീഴുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബസ്സ് ഉദ്ഘാടനത്തിന് 46,000 രൂപ ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്ന് വിശദീകരിക്കുമോ;

(ജി) വഴിവിട്ട് തുക ചെലവഴിച്ചതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(എച്ച്) മനോഹരമായ കോൺഫറൻസ് ഹാൾ നിലവിലുണ്ടായിരുന്നിട്ടും ബസ്സ് ഉദ്ഘാടനത്തിന്റെപേരിൽ സ്റ്റേജ് നിർമ്മിച്ചതായി രേഖയുണ്ടാക്കി തുക ചെലവഴിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) 1998-99-ൽ സർക്കാർ സയൻസ് മ്യൂസിയത്തിന് ഗ്രാന്റ് നൽകിയിട്ടില്ല.

(സി) മ്യൂസിയത്തിലെ മൊബൈൽ എക്സിബിഷനുവേണ്ടി അശോക് ലെയ്‌ലാന്റ് ഷാസി അഞ്ചേകാൽ ലക്ഷം രൂപ മുടക്കി വാങ്ങുകയും അതിൻമേൽ ബസ്സ് ബോഡി മൂന്നേകാൽ ലക്ഷം രൂപ മുടക്കി 'സിഡ്കോ'യെ കൊണ്ട് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) ബോഡി ബിൽഡിംഗ് കഴിഞ്ഞ് ബസ്സ് മ്യൂസിയത്തിൽ കൊണ്ടു വന്നശേഷം മഴപെയ്തപ്പോൾ ബസ്സിലെ പ്രദർശനവസ്തുക്കൾ പുറത്തു കാണാൻ തുറന്നുവയ്ക്കേണ്ട പ്രത്യേകതരം ജന്നൽ കതകുകൾക്ക് മുകളിൽക്കൂടി ചോർച്ച കാണുകയും ഇത് സിഡ്കോയെ അറിയിക്കുകയും അവർ അത് പരിഹരിക്കുകയും ചെയിതിട്ടുണ്ട്.

(എഫ്) മൊബൈൽ സയൻസ് എക്സിബിഷൻ യൂണിറ്റിന്റെ ഉദ്ഘാടന സമ്മേളനവും അതിനോടനുബന്ധിച്ച പബ്ലിസിറ്റി ചെലവുകൾ ഉൾപ്പെടെ 56,797 രൂപ താഴെ പറയുന്ന ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പന്തലും സ്റ്റേജും | - | 25,100 |
| മണൽ വിരിക്കൽ, ലൈറ്റുകൾ | | |
| കമാനങ്ങൾ, ബാനറുകൾ മുതലായവ | - | 18,550 |
| ബ്രിക്സ് പ്ലാഗ് | - | 7,600 |
| ഇൻവിറ്റേഷൻ | - | 1,775 |
| ഫോട്ടോ | - | 1,022 |
| മിസ്ലേനിയസ് ഐറ്റം | - | 2,750 |
| | | 56,797 |

(ജി) ഇതു സംബന്ധിച്ച ആരോപണങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) പ്രസ്തുത ചടങ്ങ് നടത്തുന്നതിന് കോൺഫറൻസ് ഹാൾ മതിയാവില്ലായെന്നു കണ്ടതിനാലാണ് പ്രത്യേക സ്റ്റേജ് നിർമ്മിച്ചത്.



LIBRARY ARCHIVES Kerala Legislative Assembly

## 191 (3262) പത്തനംതിട്ടയിലെ ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് പത്തനംതിട്ടയിൽ സെന്റർ ഉണ്ടോ;

(ബി) എന്നാണ് ഇത് അനുവദിച്ചത്; അന്നുമുതൽ ഏത് കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്;

(സി) തുടക്കത്തിലുള്ള ഈ കെട്ടിടം കൂടാതെ സെന്ററിനുവേണ്ടി വേറെ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ എടുത്തിട്ട് എത്ര നാളായി;

(ഡി) ആരുടെയൊക്കെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ് ഇങ്ങനെ എടുത്തിട്ടുള്ളത്; ഇത് എത്ര സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുണ്ട്;

(ഇ) എത്ര രൂപയാണ് ഇതിന് പ്രതിമാസ വാടക നിശ്ചയിച്ചിട്ടുള്ളത്; ആരുടെ പേരിലാണ് ഈ വാടക തുക നൽകേണ്ടത്;

(എഫ്) ഈ കെട്ടിടത്തിൽ സെന്ററിന്റെ എന്തെങ്കിലും പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് എന്നും, എന്നുമുതൽ എന്നും അറിയിക്കുമോ?

### ഉത്തരം

(എ) പത്തനംതിട്ടയിൽ ഒരു സബ് സെന്റർ ഉണ്ട്.

(ബി)&(സി) 18.1.95-ലെ ഗവേണിംഗ് ബോഡി മീറ്റിംഗാണ് സബ് സെന്റർ തുടങ്ങുവാൻ അനുവദിച്ചത്. 1.9.95 മുതൽ 3.11.96 വരെ 'സാജ് കോംപ്ലക്സിലും' അതിനുശേഷം 14.8.98 വരെ 'കൊച്ചേത്ത് ബിൽഡിംഗ്സിലും' (നം. XII/1091) 15.8.1998 മുതൽ 31.3.99 വരെ കൊച്ചേത്ത് ബിൽഡിംഗ്സിലും, 10-ാം വാർഡിലെ 107/7 ബി എന്ന കെട്ടിടത്തിലുമാണ് സെന്റർ പ്രവർത്തിച്ചിരുന്നത്. 1.4.99 മുതൽ 107/7 ബി കെട്ടിടത്തിൽ മാത്രമാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) സാജ് കോംപ്ലക്സ് ശ്രീമതി സുഹിദ സൈനുദ്ദീന്റെയും, കൊച്ചേത്ത് ബിൽഡിംഗ്സ് ശ്രീമതി ഗ്രേസിക്കുട്ടി കൊച്ചേത്തിന്റെയും, 107/7 സി എന്ന കെട്ടിടം ശ്രീ. ടി.എസ്. ജോൺ & കമ്പനിയുടേയും വകയാണ്. 107/7 ബി കെട്ടിടത്തിൽ സെന്റർ ഉപയോഗിക്കുന്ന ഭാഗത്തിന് 5196 സ്ക്വയർ ഫീറ്റുണ്ട്.

(ഇ) പ്രതിമാസം 24,248 രൂപയാണ് വാടക. ഈ തുക ശ്രീ. ടി.എസ്. ജോൺ & കമ്പനിക്ക് നൽകിവരുന്നു.

(എഫ്) പ്രവർത്തനം നടക്കുന്നുണ്ട്. ട്രെയിനിംഗ് പരിപാടികളും, പ്രിന്റിംഗ് റിപ്രോഗ്രാഫി സംബന്ധിച്ച വാണിജ്യപരമായ പ്രവർത്തനങ്ങളും ഇവിടെ നടക്കുന്നുണ്ട്. 15.8.98 മതുൽ സബ് സെന്റർ ഭാഗികമായും 1.4.99 മുതൽ പൂർണ്ണമായ തോതിലും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## 192 (3263) ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം

ശ്രീ. ലോനപ്പൻ നമ്പാടൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ലാഭകരമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ബോർഡിന്റെ സഞ്ചിത നഷ്ടം എത്രയായിരുന്നു എന്ന് കണക്കാക്കിയിരുന്നോ; എങ്കിൽ എത്ര:

(ഡി) ഭവനനിർമ്മാണ ബോർഡിന്റെ സഞ്ചിത നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോഴത്തെ സഞ്ചിത നഷ്ടം എത്ര എന്ന് കണക്കാക്കിയോ; എങ്കിൽ എത്ര;

(എഫ്) ബോർഡിന്റെ നഷ്ടത്തിനു കാരണം കാര്യക്ഷമമായ മാനേജ്മെന്റിന്റെ അഭാവമായിരുന്നെന്നു കരുതുന്നുണ്ടോ;

(ജി) എങ്കിൽ ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി സർക്കാർ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ വളരെയധികം വിപുലീകരിക്കുകയും ലാഭമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സഞ്ചിത നഷ്ടം കണക്കാക്കുന്നത് സാമ്പത്തിക വർഷാവസാനത്തെ കണക്കുകളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ഒരു പ്രത്യേക തീയതിയിലെ സഞ്ചിത നഷ്ടം കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. 1995-96 സാമ്പത്തിക വർഷാവസാനം ബോർഡിന്റെ സഞ്ചിത നഷ്ടം 2150.67 ലക്ഷം രൂപയായിരുന്നു.

(ഡി) സഞ്ചിത നഷ്ടം ഇല്ലാതാക്കുന്നതിനായി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും പ്രവർത്തനമേഖല വളരെയധികം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 1998-99 വർഷംകൊണ്ട് ബോർഡിന്റെ മുഴുവൻ സഞ്ചിത നഷ്ടവും നികത്തി ബോർഡ് ലാഭത്തിലായി എന്നാണ് വിലയിരുത്തുന്നത്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

**193 (3265) ഭവനനിർമ്മാണ വായ്പ**

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനിർമ്മാണ ബോർഡിൽനിന്നും മൈത്രി ഭവനപദ്ധതി പ്രകാരം വായ്പ എടുത്തവർ വായ്പ തിരിച്ചടയ്ക്കുന്നതിനായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി തിരിച്ചടവു സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കുമോ;

(സി) കാലതാമസം കൂടാതെ ഇതു നടപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്കു പഞ്ചായത്തുകളിൽ എല്ലാമാസവും രണ്ടാമത്തെ പ്രവൃത്തി ദിവസം മുതൽ നാലു പ്രവൃത്തി ദിവസങ്ങളിൽ തിരിച്ചടവു സ്വീകരിക്കുന്നതിനുള്ള നടപടികൾ 1999 ഫെബ്രുവരി മാസം മുതൽ ആരംഭിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**194 (3266) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് ഹഡ്കോ സഹായത്തോടെ വീട്**

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് 31.3.1999 നകം സംസ്ഥാന ഹൗസിംഗ് ബോർഡ് എത്ര വീടുകൾ നിർമ്മിച്ചു നൽകണമായിരുന്നു; ഇതിൽ എത്രയെണ്ണം നിർമ്മിച്ചു നൽകി;

(ബി) ഇത് ആകെ ഉണ്ടാക്കേണ്ട ഭവനങ്ങളുടെ എണ്ണത്തിന്റെ എത്ര ശതമാനം വരും;

(സി) ഇതിനായി ഹഡ്കോയിൽ നിന്നും എന്തു തുക ലഭിച്ചു;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവന നിർമ്മാണത്തിനുവേണ്ടി ഹഡ്കോ നൽകിയ തുകയുടെ എത്ര ശതമാനം അതിനുവേണ്ടി ചെലവഴിച്ചു?

ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക്, പ്രതിവർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ 1.4.1996 മുതൽ 31.3.1999 വരെ 3 ലക്ഷം വീടുകൾ നിർമ്മിക്കുവാൻ വായ്പ നൽകാനായിരുന്നു ഭവന നിർമ്മാണ ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 126277 വീടുകൾക്ക് വായ്പ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുകയും 92683 വീടുകൾ പണിപൂർത്തിയാക്കുകയും 33594 വീടുകൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്യുന്നു.

(ബി) ലക്ഷ്യമിട്ടിരുന്ന 3 ലക്ഷം വീടിന്റെ 42.09% ആണ്.

(സി) 1.4.1996 മുതൽ 31.3.1999 വരെ ഹഡ്കോയിൽനിന്നും 35015.97 ലക്ഷം രൂപ ദുർബല വിഭാഗ പദ്ധതി പ്രകാരം ബോർഡിന് ലഭിച്ചു.

(ഡി) ഹഡ്കോ വായ്പയുടെ ഏകദേശം 56.77% ചെലവഴിച്ചു.

**195 (3269) കാപ്പക്സ് മുൻ എം.ഡി.യുടെ ഫ്ളാറ്റ്**

ശ്രീ. സി. മൊയീൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തുള്ള കാപ്പക്സിന്റെ മുൻ എം.ഡി. തിരുവനന്തപുരം പണ്ഡിറ്റ്സ് കോളനിയിലെ ഇ.എഫ്. 116-ാം നമ്പർ ഫ്ളാറ്റ് വസതിയാക്കി ഉപയോഗിക്കാൻ സർക്കാരോ, ഹൗസിംഗ് ബോർഡോ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എഗ്രിമെന്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫ്ളാറ്റിന് കാപ്പക്സ് വാടക നൽകുകയും താമസക്കാരൻ മുഴുവൻ വീട്ടുവാടക അലവൻസ് വാങ്ങുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അന്വേഷിക്കുമോ?

ഉത്തരം

(എ) സർക്കാർ അനുവാദം നൽകിയിട്ടില്ല. എന്നാൽ തിരുവനന്തപുരം പണ്ഡിറ്റ്സ് കോളനിയിലെ ഇ.എഫ്. 116-ാം നമ്പർ ഫ്ളാറ്റിന്റെ അലോട്ടിയായ ശ്രീ. അബ്ദുൽ റഹ്മാന്റെ 10.3.99-ലെ അപേക്ഷപ്രകാരം ഒരു വർഷത്തേയ്ക്ക് ഫ്ളാറ്റ് വാടകയ്ക്ക് നൽകുവാൻ ബോർഡ് അനുവാദം നൽകിയിട്ടുണ്ട്. ടി. ഫ്ളാറ്റിന്റെ അലോട്ടിയുമായി മാത്രമേ ബോർഡിനു ഇടപാടുള്ളൂ. വാടകക്കാരുമായി യാതൊരു ഇടപാടുമില്ല.

(ബി) കാപ്പക്സ് മുൻ എം.ഡി. കൈപ്പറ്റിയ വീട്ടുവാടക അലവൻസ് തിരിച്ചടച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ല.

*(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)*

## II. ചരമോപചാരം

**9.30 A.M.** മി. സ്പീക്കർ : തിരുകൊച്ചി നിയമസഭയിലും കേരള നിയമസഭയിലും അംഗങ്ങളായിരുന്ന പി. കരുണാകരൻ, കെ.കെ. മാധവൻ, ജോർജ് ജോസഫ് പൊടിപ്പാറ, കെ.ആർ. സരസ്വതി അമ്മ, ഇ.എം. ജോർജ്, പി.വി. ജോസഫ്, കെ.ഐ. വേലായുധൻ എന്നിവർ ഈയിടെ നിര്യാതരായി.

പി. കരുണാകരൻ :

1950-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ചുകൊണ്ട് പി. കരുണാകരൻ രാഷ്ട്രീയ ജീവിതമാരംഭിച്ചു. 1957-ൽ അദ്ദേഹം ഒന്നാം കേരള നിയമസഭയിൽ അംഗമായി. കൊല്ലം ജില്ലയിലെ തൃക്കടവൂർ നിയോജ

കമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. പാർട്ടിയിലെ ഭിന്നിപ്പിനെത്തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) ൽ അദ്ദേഹം നില കൊണ്ടു. പെരിനാട് പഞ്ചായത്ത് പ്രസിഡന്റായും അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ഒരു സഹകാരി എന്ന നിലയിലും പ്രശസ്തനായിരുന്നു കരുണാകരൻ. ദേഹാസ്വാസ്ഥ്യംമൂലം കേരള നിയമസഭയുടെ നാൽപതാം വാർഷികാഘോഷത്തിൽ അദ്ദേഹത്തിന് പങ്കെടുക്കാനായില്ല. പിന്നീട് അദ്ദേഹ ത്തിന്റെ വസതിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ നിയമസഭയെപ്പറ്റി താൽപ്പ ര്യപൂർവ്വം സംസാരിക്കുകയുണ്ടായി എന്ന കാര്യം ഈ സന്ദർഭത്തിൽ ചെയർ കൃതജ്ഞതയോടെ സ്മരിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയുള്ള നിസ്വാർത്ഥ നായ ഒരു രാഷ്ട്രീയ പ്രവർത്തകനെയാണ് പി. കരുണാകരന്റെ നിര്യാണ ത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

കെ.കെ. മാധവൻ :

ആദ്യകാല കോൺഗ്രസ് നേതാക്കളിൽ പ്രമുഖനും സാമൂഹ്യപ്രവർത്ത കനും ആയിരുന്ന കെ.കെ. മാധവൻ സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. ബിരുദം നേടിയശേഷം അദ്ദേഹം പഴയ കൊച്ചി സംസ്ഥാനത്തെ അധഃസ്ഥിതരെ സംഘടിപ്പിക്കുന്ന തിലും ഉദ്ബുദ്ധരാക്കുന്നതിലും വ്യാപൃതനാകുകയും, കെ.പി. വള്ളോന്റെ നേതൃത്വത്തിലുള്ള പുലയമഹാസഭയുടെ വൈസ് പ്രസിഡന്റാവുകയും ചെയ്തു. 1944-ൽ എം.എൻ. റോയി രൂപം നൽകിയ റാഡിക്കൽ ഡെമോക്രാ റ്റിക് പാർട്ടിയിൽ അംഗമായ അദ്ദേഹം 1956-ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിൽ മടങ്ങിയെത്തി. 1976 മുതൽ 1982 വരെ രാജ്യസഭാംഗമായിരു ന്നു. 1987-ൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നാണ് കെ.കെ. മാധ വൻ കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. രാജ്യസഭയിലും നിയമസഭയിലും ഒരു മികച്ച പാർലമെന്റേറിയനെന്ന ഖ്യാതി സമ്പാദിക്കു വാനും വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ തന്റേതായ സംഭാവനകൾ നൽകാനും അദ്ദേഹത്തിന് കഴിഞ്ഞു. 1977 മുതൽ കെ.പി.സി.സി. (എസ്) വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹം ഓർഗനൈസിംഗ് സെക്രട്ടറി, എക്സി ക്യൂട്ടീവ് കമ്മിറ്റിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും സഹകരണ രംഗത്തും കെ.കെ. മാധവൻ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും ഒരുപോലെ ആത്മാർത്ഥതയും നിസ്വാർത്ഥതയും കൈമുതലാക്കിയ മാധവൻ മാസ്റ്റർ, നാട്ടുകാർക്ക് ഏറെ പ്രിയങ്കരനായിരുന്നു. ജനങ്ങളുടെ മൗലികാവകാശങ്ങൾ നേടിയെടുക്കുന്നതിനാണ് അദ്ദേഹം എക്കാലവും നിലകൊണ്ടത്. നീതിന്യായ വകുപ്പിൽ ലഭിച്ച ഉദ്യോഗം നിരസിച്ച് രാഷ്ട്രീയപ്രവർത്തനത്തിൽ വ്യാപൃത നായത് ഈ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടിയായിരുന്നു. അദ്ദേ ഹത്തിന്റെ നിര്യാണം സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ വലിയ നഷ്ടമാണു ണ്ടാക്കിയിരിക്കുന്നത്.

ജോർജ് ജോസഫ് പൊടിപ്പാറ :

1942-ൽ വിദ്യാർത്ഥി കോൺഗ്രസ് പ്രവർത്തകനെന്ന നിലയിലാണ് ജോർജ്ജ് ജോസഫ് പൊടിപ്പാറ രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. 1952-ൽ കെ.പി.സി.സി. അംഗമായ അദ്ദേഹം ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ നിന്ന് ഒന്നാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1960-ലും അതേ നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പൊടിപ്പാറ കോൺഗ്രസ് നിയമസഭാകക്ഷിയുടെ ചീഫ് വിപ്പായിരുന്നു. ഈ കാലയളവിൽ

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം മെഡിക്കൽ കോളേജ് ആർപ്പൂക്കരയിൽ സ്ഥാപിക്കുന്നതിന് അദ്ദേഹം താൽപ്പര്യമെടുക്കുകയുണ്ടായി. 1954 മുതൽ 1962 വരെ കോട്ടയം ഡി.സി.സി. സെക്രട്ടറിയായിരുന്നു. പിൽക്കാലത്ത് കോൺഗ്രസിൽ നിന്ന് രാജി വച്ച് അദ്ദേഹം 1987-ൽ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ നിന്ന് രണ്ടു മുന്നണികളേയും പരാജയപ്പെടുത്തി ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയായി തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാ പ്രവർത്തനത്തെ ഗൗരവപൂർവം സമീപിച്ചിരുന്ന പൊടിപ്പാറ തന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോട് ആത്മബന്ധം പുലർത്തിയിരുന്നു എന്നതിന്റെ തെളിവായി പ്രസ്തുത വിജയത്തെ വിലയിരുത്താവുന്നതാണ്. മാന്നാനം സർവീസ് സഹകരണ ബാങ്ക്, കോട്ടയം സഹകരണ കാർഷിക വികസന ബാങ്ക് എന്നിവയ്ക്കു പുറമെ വിവിധ തൊഴിലാളി സംഘടനകളുടെ പ്രസിഡന്റ് എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പൊടിപ്പാറയുടെ നിര്യാണത്തോടെ പഴയ തലമുറയിൽപ്പെട്ട ശക്തനായ ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>കെ.ആർ. സരസ്വതി അമ്മ</u> :

ഭാരത് സേവക് സമാജിന്റെ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ടാണ് കെ.ആർ. സരസ്വതി അമ്മ തന്റെ പൊതുജീവിതം ആരംഭിച്ചത്. 1957-ൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് മത്സരിച്ചുകൊണ്ട് അവർ രാഷ്ട്രീയ പ്രവർത്തനരംഗത്തേക്ക് കടന്നു. അതേ വർഷത്തിൽത്തന്നെ കോൺഗ്രസ് വനിതാവിഭാഗം കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട അവർ 1964 വരെ ആ സ്ഥാനത്ത് തുടർന്നു. 1960-ൽ നടന്ന തെരഞ്ഞെടുപ്പിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി കെ.ആർ. സരസ്വതി അമ്മ കേരള നിയമസഭയിലെത്തി. കേരള കോൺഗ്രസ് രൂപീകൃതമായപ്പോൾ പ്രസ്തുത പാർട്ടിയിൽ ചേരുകയും വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിക്കുകയും ചെയ്തു. 1980-ൽ എൻ.ഡി.പി. യുടെ പിൻതുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചാണ് സരസ്വതി അമ്മ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും വീണ്ടും നിയമസഭയിലെത്തിയത്. ചെങ്ങന്നൂർ ബി.ഡി.സി. ചെയർ പെഴ്സൺ, കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡംഗം, കെ.എസ്.ആർ.ടി.സി. ഉപദേശക സമിതിയംഗം വിജിൽ ഇന്ത്യാ യൂത്ത് മൂവ്മെന്റ് സംസ്ഥാന കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള സരസ്വതി അമ്മ കുറച്ചുകാലമായി ചെങ്ങന്നൂർ നഗരസഭയുടെ അദ്ധ്യക്ഷ എന്ന നിലയിൽ പ്രവർത്തിച്ചുവരികയായിരുന്നു. അഭിഭാഷക, സാമൂഹ്യപ്രവർത്തക, ജനപ്രതിനിധി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു പ്രമുഖ നേതാവിനെയാണ് സരസ്വതി അമ്മയുടെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>ഇ.എം. ജോർജ്</u> :

വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ടാണ് ഇ.എം. ജോർജിന്റെ പൊതുപ്രവർത്തന ജീവിതം ആരംഭിക്കുന്നത്. നാല്പതുകളുടെ അവസാനം അദ്ദേഹം കമ്മ്യൂണിസ്റ്റുപാർട്ടിയിൽ അംഗമായി. പാർട്ടിയിലെ ഭിന്നിപ്പിത്തെുടർന്ന് സി.പി.ഐ. (എം) ൽ ചേർന്ന അദ്ദേഹം പാർട്ടിയുടെ പുതുപ്പള്ളി ഏരിയാ കമ്മിറ്റിയംഗം, കോട്ടയം ജില്ല കമ്മിറ്റിയംഗം, സംസ്ഥാന കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. നിരവധി തൊഴിലാളി സംഘടനകളുടെ അമരക്കാരനായിരുന്നുകൊണ്ട് ത്യാഗോജ്ജ്വലമായ അനവധി സമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകിയിട്ടു

ണ്ട്. പോലീസിന്റെയും ഗുണ്ടകളുടെയും കൊടിയ മർദ്ദനത്തിന് അനവധി പ്രാവശ്യം ഇരയായി. നിരവധി തവണ അദ്ദേഹം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 1964-ൽ ജയിലിലടയ്ക്കപ്പെട്ട സി.പി.എം. പ്രവർത്തകരിൽ ഇ.എം. ജോർജുമുണ്ടായിരുന്നു. അടിയന്തിരാവസ്ഥക്കാലം മുഴുവൻ അദ്ദേഹത്തിന് ജയിലിൽ കഴിയേണ്ടി വന്നു. 1965-ൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ കിടക്കുമ്പോഴാണ് ഇ.എം. ജോർജ് ആദ്യമായി നിയമസഭയിലേയ്ക്ക് മത്സരിക്കുന്നതും തെരഞ്ഞെടുക്കപ്പെടുന്നതും. 1967-ൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽനിന്ന് നിയമസഭയിലേയ്ക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പ്രഗല്ഭനായ നിയമസഭാ സാമാജികനായിരുന്നു അദ്ദേഹം. സമരമുഖത്ത് എന്നും അദ്ദേഹം മുൻനിരയിലായിരുന്നു. ഇ.എം. ജോർജിന്റെ നിര്യാണം പുരോഗമന പ്രസ്ഥാനങ്ങൾക്ക് പൊതുവിലും ഇടതുപക്ഷ പ്രസ്ഥാനത്തിന് പ്രത്യേകിച്ചും കനത്ത നഷ്ടമാണ്.

<u>വി.വി. ജോസഫ്</u> :

കേരളാ കോൺഗ്രസ് (എം) നേതാവും നിയമസഭാംഗവുമായിരുന്ന വി.വി. ജോസഫ്, 1980-ലാണ് ആദ്യമായി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. മൂവാറ്റുപുഴ നിയോജകമണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. 1982-ൽ അദ്ദേഹം വീണ്ടും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. മികച്ച സഹകാരിയായിരുന്നു അദ്ദേഹം. മുത്തോലപുരം സർവീസ് സഹകരണ ബാങ്ക്, മോനിപ്പള്ളി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയുടെ പ്രസിഡന്റായും മൂവാറ്റുപുഴ താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ അംഗമായും വി.വി. ജോസഫ് പ്രവർത്തിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ ട്രാൻസ്പോർട്ട് അതോറിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം ഇലഞ്ഞി പഞ്ചായത്ത് പ്രസിഡന്റായിരുന്നു. പ്രമുഖനായ ഒരു പൊതുപ്രവർത്തകനെയും അറിയപ്പെടുന്ന സഹകാരിയെയുമാണ് വി.വി. ജോസഫിന്റെ നിര്യാണംമൂലം നഷ്ടമായിരിക്കുന്നത്.

<u>കെ.ഐ. വേലായുധൻ</u> :

എസ്.എൻ.ഡി.പി. യോഗം പ്രസിഡന്റും, തിരു-കൊച്ചി നിയമസഭയിൽ മന്ത്രിയും പ്രമുഖനായ അഭിഭാഷകനുമായിരുന്നു കെ.ഐ. വേലായുധൻ. സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ കൊച്ചിരാജ്യ പ്രജാമണ്ഡലവുമായി ബന്ധപ്പെട്ടാണ് അദ്ദേഹം തന്റെ രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചത്. 1944 മുതൽ 1948 വരെ കൊച്ചി നിയമസഭയിലും 1949 മുതൽ 1956 വരെ തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു. 1955-56 കാലയളവിൽ അദ്ദേഹം പൊതുമരാമത്ത് വകുപ്പുമന്ത്രിയായും പ്രവർത്തിച്ചു. കുറെക്കാലം അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരുന്ന വേലായുധൻ സഹകരണ-ബാങ്കിംഗ് മേഖലകളിലും സ്വന്തം പ്രവർത്തനങ്ങൾക്കൊണ്ട് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. സാമൂഹ്യപ്രവർത്തകര്, സഹകാരി, അഭിഭാഷകൻ, തൊഴിലാളി നേതാവ്, ഭരണാധികാരി എന്നീ വ്യത്യസ്ത നിലകളിൽ പ്രശംസനീയമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ നിര്യാണം സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് അപരിഹാര്യമായ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം മൗനം ആചരിക്കാം

(സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു).

LIBRARY ARCHIVES Kerala Legislative Assembly

# III. ശ്രദ്ധക്ഷണിക്കൽ

## (1) ഫ്ളാറ്റുകളിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾ

ശ്രീ. എം.കെ. മുനീർ : സർ, കേരളത്തിലെ സ്ഥലദൗർലഭ്യം അംബര ചുംബികളുടെ ബാഹുല്യം അനിവാര്യമാക്കിയിരിക്കുന്നു. വാസസ്ഥലം ലഭ്യമല്ലാതെ ഫ്ളാറ്റ് സംസ്കാരത്തിലേക്ക് തിരിയാൻ ജനങ്ങളെ നിർബന്ധിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഫ്ളാറ്റ്സ് ആന്റ് ഫാക്ട്സ് എന്ന ഗ്രന്ഥത്തിൽ ശ്രീ. ഗോപിനാഥ റാവു എഴുതിയ വരികൾ കേരളത്തിലും അന്വർത്ഥമാണ്. "Rapid urbanisation has resulted in scarcity of land in cities and has led to a vertical growth of buildings''. എന്നാൽ ഈ ഫ്ളാറ്റുകൾ എണ്ണത്തിൽ പെരുകുന്തോറും നിയന്ത്രണാതീതമായി പ്രശ്നങ്ങൾ ഉടലെടുക്കുകയാണ്. ഫ്ളാറ്റുകൾ വിലയ്ക്കെടുത്ത് താമസിക്കാനെത്തുന്ന ആയിരങ്ങൾ കബളിപ്പിക്കപ്പെടുന്ന കഥകൾ കേരളത്തിൽ നിത്യദുരന്തങ്ങളായി മാറിയിരിക്കുകയാണ്. ഫ്ളാറ്റ് നിർമ്മാതാക്കളിൽനിന്നും അവർ വിലയ്ക്കെടുക്കുന്ന ഉപഭോക്താക്കളെ സംരക്ഷിക്കാൻ നമ്മുടെ സംസ്ഥാനത്ത് ഒരു നിയമനിർമ്മാണം നടക്കണമെന്നും ഓണർഷിപ്പ് ഓഫ് ഫ്ളാറ്റ്സ് ആക്ട് അനുസരിച്ച് നിയമവിധേയമാക്കണമെന്നും അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കുന്നത്. ആദ്യമായി ഇത്തരത്തിൽ ഒരു നിയമം നിലവിൽ വന്നത് മഹാരാഷ്ട്രയിലാണ്.

*(അദ്ധ്യക്ഷ വേദിയിൽ മിസ്റ്റർ ഡെ. സ്പീക്കർ)*

അതിനുശേഷം വെസ്റ്റ് ബംഗാളിൽ വന്നു. വെസ്റ്റ് ബംഗാൾ അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്, ഗുജറാത്ത് ഓണർഷിപ്പ് ഓഫ് ഫ്ളാറ്റ്സ് ആക്ട് 1972-ൽ വന്നു. കർണാടക അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് 1973-ൽ വന്നു. ഉത്തർപ്രദേശ് ഓണർഷിപ്പ് ഓഫ് ഫ്ളാറ്റ്സ് ആക്ട് 1975-ൽ ഡെൽഹി അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് 1986-ൽ. അവസാനം തമിഴ്നാട് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് 1994-ൽ. ഇതുപോലെ ഒരു ആക്ട് തീർച്ചയായും കേരളത്തിലും വേണം എന്നതാണ് അഭ്യർത്ഥന. എന്തിനാണ് ഇങ്ങനെയൊരു നിയമം. ഇന്ന് ഒരു ഫ്ളാറ്റ് ഉപഭോക്താവ് നിർമ്മാതാവിൽനിന്ന് വാങ്ങുമ്പോൾ ആദ്യമായി പ്രോപ്പർട്ടി രജിസ്ട്രേഷൻ നടക്കുന്നു. അതായത് ഭൂമിക്ക് അല്ലെങ്കിൽ ഫ്ളാറ്റിന് അൺ ഡിവൈഡഡ് ഷെയർ എടുത്തുകൊണ്ടാണ് ഉപഭോക്താവ് ആദ്യമായി ഇതിലേക്ക് കടന്നുവരുന്നത്. പിന്നെ ഫ്ളാറ്റ് നിർമ്മാതാവും ഷെയർ ഹോൾഡറും ആ പ്ളോട്ടിൽ ഫ്ളാറ്റു പണിയാൻ ഒരു കോൺട്രാക്ട് ഉണ്ടാക്കുന്നു. പക്ഷേ ഈ ഘട്ടത്തിൽ പ്രോപ്പർട്ടി പണയപ്പെടുത്തിയിട്ടുണ്ടോ, പ്രോപ്പർട്ടിയുടെ പേരിൽ ലോൺ ഉണ്ടോ എന്നുള്ള കാര്യമൊക്കെ മറച്ചുവയ്ക്കുന്നു. അങ്ങനെ സ്ഥലം ഉടമ ഉപഭോക്താവിന് എല്ലാ ഉറപ്പും കൊടുത്തുകൊണ്ട് ഡ്യോക്യുമെന്റേഷനും ചെയ്തുകൊടുക്കുന്നു. അതിലേക്ക് ഉപഭോക്താവ് താമസം ആരംഭിക്കുമ്പോഴാണ് ഏതെങ്കിലും ബാങ്കിന്റെ സിൻഡിക്കേറ്റ് ബാങ്കിന്റേയോ, ലോർഡ് കൃഷ്ണാ ബാങ്കിന്റേയോ ഒരു കത്ത് അവിടെ താമസമാക്കിയ ഉപഭോക്താവിന് കിട്ടുന്നത്. ഫ്ളാറ്റിൽ താമസമാക്കിയ ഉപഭോക്താവ് നോട്ടീസ് കിട്ടുമ്പോഴാണ് സംഭവമറിഞ്ഞ് ഞെട്ടുന്നത്. അയാൾ ബാങ്കിൽ പോയി അന്വേഷിക്കുമ്പോഴാണ് അറിയുന്നത് തനിക്ക് ഷെയറുള്ള ഭൂമി പണയത്തിലാണെന്ന്. 36 ലക്ഷം രൂപയോളം ചിലപ്പോൾ സ്ഥലം ഉടമ ബാങ്കിൽനിന്ന് കടം എടുത്തിട്ടുണ്ടാകും. 15% പലിശയും ചേർത്ത് അത് കൊടുത്തിട്ടില്ലെങ്കിൽ ഫ്ളാറ്റിൽനിന്ന് ഇറക്കിവിടാനും, വേണ



LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ ഫ്ളാറ്റ് ലേലം ചെയ്യാനും ചിലപ്പോൾ വിൽക്കാനും ബാങ്കിന് അധികാരമുണ്ട്. മറ്റുള്ള രജിസ്ട്രേഷനൊന്നും ബാങ്കിന് പ്രശ്നമല്ല. കാരണം ബാങ്കിന്റെ നിയമവും ആക്ടുമൊക്കെ വേറെയാണ്. ഈ രജിസ്ട്രേഷനിൽ തന്നെ ചില കബളിപ്പിക്കൽ നടക്കുന്നു. ഒരു വില്ലേജിലാണ് ഫ്ളാറ്റ് എങ്കിൽ രജിസ്ട്രേഷൻ ചെയ്ത് കൊടുക്കുന്നത് മറ്റൊരു വില്ലേജിലാണ്. ഇതിന് ഒരു എം.ഒ. സർട്ടിഫിക്കറ്റിന്റെ ആവശ്യമേയുള്ളൂ. ഈ എം.ഒ. സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ രജിസ്ട്രേഷൻ നടത്തുന്ന ഉദ്യോഗസ്ഥരടക്കം ഈ ബിൽഡർക്ക് സഹായിയായി നിന്നുകൊണ്ട് ഈ കബളിപ്പിക്കലിൽ ഭാഗഭാക്കാകുന്നതുകൊണ്ട് പാവം ഉപഭോക്താവ് നട്ടം തിരിയുകയാണ്. ഇതിൽ ഏറ്റവും കഷ്ടപ്പെടുന്നത് എൻ.ആർ.ഇ.കളാണ്. ഈ അടുത്ത് ഒരു സംഭവമുണ്ടായി. ഒരു പാവം എൻ.ആർ.ഇ. ഫ്ളാറ്റ് വിലയ്ക്കെടുത്തു ധാരാളം പൈസ കൊടുത്തു. 90% പൈസ കൊടുത്തു. പക്ഷേ രജിസ്ട്രേഷൻ നടത്തിയിരുന്നില്ല. കാരണം അദ്ദേഹത്തിന് തിരിച്ചുപോകാനുള്ളതുകൊണ്ട്, തിരിച്ചുപോയശേഷമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളൂ എന്ന ദുരുദ്ദേശത്തോടുകൂടിതന്നെ ബിൽഡർ രജിസ്ട്രേഷൻ നീട്ടിക്കൊണ്ടുപോയി. എൻ.ആർ.ഇ.ക്ക് തിരിച്ചുപോകണം. അദ്ദേഹം തിരിച്ചുപോയി. രജിസ്ട്രേഷൻ നടത്തിയിരുന്നില്ല, പണം കൊടുത്തിരുന്നു. തിരിച്ചു വന്നപ്പോഴാണ് സംഭവം അറിയുന്നത്. ഫ്ളാറ്റ് മറിച്ചു വിറ്റിരിക്കുന്നു. ഭാഗ്യത്തിന് ഈ എൻ.ആർ.ഇ. ക്ക് അൽപ്പം സ്വാധീനമുള്ളതുകൊണ്ട് അദ്ദേഹം ഇവിടത്തെ ഉന്നതരായ ആളുകളെ വിവരം അറിയിച്ച് അവർ ശക്തമായി ഇതിൽ ഇടപെട്ടതുകൊണ്ട് അവർക്ക് ഫ്ളാറ്റ് കിട്ടി. എന്നാൽ മറ്റൊരു പാവം എൻ.ആർ.ഇ. സ്വാധീനമൊന്നും ഇല്ലാത്ത ഒരു എൻ.ആർ.ഇ.യ്ക്ക് ഒരു സംഭവമുണ്ടായി. ഇതുപോലെതന്നെ നോട്ടീസ് കിട്ടുമ്പോഴാണ് അദ്ദേഹം വാങ്ങിയ സ്ഥലം പണയത്തിലാണെന്ന് മനസ്സിലാക്കുന്നത്. അദ്ദേഹം ഓടി തിരിച്ചുവന്ന് ബിൽഡറെ കണ്ടു. അപ്പോൾ ബിൽഡർ പറഞ്ഞു സംഭവം ശരിയാണ് ബാങ്കിൽ ഇതിന്റെ സ്ഥലം ഞാൻ പണയപ്പെടുത്തിയിരിക്കുകയാണ്. ഉടൻതന്നെ എനിക്ക് രജിസ്ട്രേഷൻ ചെയ്ത് തരണമെന്ന് എൻ.ആർ.ഇ. പറഞ്ഞപ്പോൾ ബിൽഡർ പറഞ്ഞു അതിനൊരു വഴിയുണ്ട്. കുറച്ച് പണം നിങ്ങൾ തരികയാണെങ്കിൽ ഞാൻ അത് ബാങ്കിൽ കൊടുത്താൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാം. അതിന് ഒരു വഴിയുള്ളത് താഴെ കുറച്ച് സ്ഥലം ബാക്കിയുണ്ട്. ആ സ്ഥലംകൂടി നിങ്ങൾ എടുക്കുക. നിങ്ങൾക്ക് വേണമെങ്കിൽ ഒരു കൊമേഴ്സ്യൽ കോംപ്ളക്സോ മറ്റോ അവിടെ കെട്ടാമെന്നുപറഞ്ഞ് താഴത്തുള്ള ഒരു സ്ഥലം 8 ലക്ഷം രൂപയ്ക്ക് വീണ്ടും രജിസ്റ്റർ ചെയ്തു. ആ സമയത്താണ് മനസ്സിലാക്കുന്നത് ഇദ്ദേഹം വിറ്റിട്ടുള്ള ഈ സ്ഥലം അവിടെ മറ്റ് ഫ്ളോട്ട് ഉപഭോക്താക്കൾക്ക് കൊടുത്തിട്ടുള്ള കോമൺ ലോബിയാണ്. അതായത് 1200 ഓളം സ്ക്വയർ ഫീറ്റിന് പൈസ കൊടുത്തുകൊണ്ട് കേറുന്ന ഉപഭോക്താവിന് അദ്ദേഹത്തിന്റെ ഫ്ളാറ്റിന് 900 സ്ക്വയർ ഫീറ്റ് മാത്രമേയുള്ളൂ. ബാക്കി വരുന്നത് ഈ കോമൺ ലോബിയുടെ പൈസയാണ്. അങ്ങനെ വേറെ ഒരാൾക്ക് കൊടുത്തിട്ടുള്ള ലോബി അവിടെയുള്ള ഉപഭോക്താവ് അറിയാതെ മറിച്ച് വിൽക്കുന്നു. കേരളത്തിൽ പലയിടങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. അതുപോലെ '94-ൽ പ്രോജക്ട് തുടങ്ങിയിട്ട് '99 ആയിട്ടും തീരാത്ത പ്രോജക്ടുകളുണ്ട്. ഇതിനിടയിൽ പല റെഗുലേഷൻസും മാറുന്നു. ഇപ്പോൾ ഫയർ റെഗുലേഷൻസ് '94-ൽ ഉള്ളതിനുശേഷം ഇപ്പോൾ മാറിയിട്ടുണ്ട്. ഇപ്പോഴത്തെ റെഗുലേഷൻസ് അനുസരിച്ച് തീ കെടുത്താൻ വേണ്ടി വരുന്ന ഫയർഎഞ്ചിന് ആ ഫ്ളാറ്റിനുചുറ്റും ഓടിച്ചുപോകാനുള്ള സ്ഥലം അവിടെ ഉണ്ടാകണമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് പുതിയ നിയമം. പക്ഷെ 1994-ൽ ആരംഭിച്ചിട്ടുള്ള ഫ്ളാറ്റുകളിൽ ഈ നിയമം ഒരിക്കലും ബാധകമാക്കാൻ സാധിക്കുന്നില്ല. കാരണം അതിനനുസരിച്ചുള്ള സൗകര്യങ്ങൾ ഇല്ല. ഇപ്പോൾ കോടതിയും ഇടപെട്ടിട്ട് ഈ എല്ലാ സൗകര്യങ്ങളും ഉണ്ടെങ്കിലേ ഇനി ഫ്ളാറ്റ് തുടർന്ന് കൺസ്ട്രക്ട് ചെയ്യാൻ പാടുള്ളൂ എന്ന് പറഞ്ഞിട്ടുണ്ട്. ഇതിലൊക്കെ കഷ്ടപ്പെടുന്നത് പാവം ഉപഭോക്താക്കളാണ്. ഇലക്ട്രിസിറ്റി കണക്ഷൻ, പെർമനന്റ് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാമെന്ന് എഴുതി ഒപ്പിട്ടശേഷമാണ് ഇവരെ അതിലേക്ക് കയറ്റുന്നത്. അതിനുവേണ്ടി ഒരു ലക്ഷം രൂപ ഇവരിൽനിന്ന് വാങ്ങുന്നുണ്ട്. എന്നാൽ പെർമനന്റ് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്നില്ല. ഇപ്പോഴും ടെമ്പററി കണക്ഷനാണ് പല ഫ്ളാറ്റുകളിലും, അതുകൊണ്ട് പലപ്പോഴും ഇലക്ട്രിസിറ്റി ഇല്ല. അത് കൊടുക്കേണ്ടതാരാണ് ബിൽഡറാണ്. ബിൽഡർ കൊടുക്കുന്നില്ല. അങ്ങനെ ഘെരാവോ ചെയ്ത് ബിൽഡർമാരെക്കൊണ്ട് കൊടുപ്പിക്കുന്ന അവസ്ഥയാണ് ഉപഭോക്താക്കൾക്കുള്ളത്. ഇങ്ങനെ പല തരത്തിലുള്ള പ്രശ്നങ്ങളും ഉണ്ടാകുന്നു. ഈ അടുത്ത് വേറൊരു ഫ്ളാറ്റിലുണ്ടായ സംഭവം, ഇതുപോലെ ഒരു എൻ.ആർ.ഇ. തിരിച്ചുവന്നപ്പോൾ ഡോക്യുമെന്റേഷൻ ചെയ്യാനുള്ള പൈസ ഇപ്പോൾ എന്റെ കൈയിലില്ല. നിങ്ങളോട് ഞാൻ വാങ്ങിയത് ശരിയാണ്. അതുകൊണ്ട് ഡോക്യുമെന്റേഷൻ ചെയ്യാനുള്ള പൈസ നിങ്ങൾ എനിക്ക് തരണം. ഞാൻ 2002-ലേക്ക് ഡേറ്റഡ് ചെക്ക് നിങ്ങൾക്ക് അതിന് തരാമെന്നാണ്. ആ 2002 ആകുമ്പോഴേക്കും ഈ ആളുകൾ ഉണ്ടാകില്ല. അവർ കമ്പനി പൂട്ടിയിട്ട് പോയിട്ടുണ്ടാകും. ഇതിനെക്കുറിച്ച് ബിൽഡേഴ്സ് അസോസിയേഷൻ തന്നെ ഒരു കാര്യം പറയുന്നു. അതിൽനിന്നു തന്നെ കാര്യം വ്യക്തമാണ്. ബിൽഡേഴ്സ് അസോസിയേഷന്റെ ആധികാരികമായ ഒരു പ്രസ്താവന It is the one time builders who play all the mischief. They enter the trade without sound knowledge or background. After creating confusion they disappear without a trade. ഇങ്ങനെ ആളുകൾ ഇതിലേക്ക് .വരുന്നുണ്ട്; ഇതുപോലെ കബളിപ്പിച്ച് അവർ മുങ്ങുകയാണ്. ഇവരിൽ നിന്ന് ഉപഭോക്താവിന് രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ല. കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടുപ്രകാരം സാധിക്കുമെന്ന് പറയുന്നു. ഇപ്പോൾ പക്ഷെ അത് കാലതാമസമെടുക്കുന്നു. 1993-ൽ വന്ന ഒരു ഭേദഗതിയിൽ ഹൗസിംഗ് കൺസ്ട്രക്ഷൻ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിന്റെ ഭാഗമായി ഹൗസിംഗ് കൺസ്ട്രക്ഷൻ എന്നു പറയുന്ന ഒരു പുതിയ ഹെഡ്ഡിംഗിൽ തന്നെ ക്ളാസ് 2(1) (ഒ) എന്ന് പറയുന്ന ഒരു പുതിയ വകുപ്പോടുകൂടി ഇതിന് ചില നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ അതിന് എത്രയോ കാലതാമസമുണ്ടാകും, പോലീസിന് ഇതിൽ ഇടപെടാൻ കഴിയുകയില്ല. സിറ്റി പോലീസ് കമ്മിഷണറുടെ ഒരു പ്രസ്താവന ഇതിൽ വന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞിരിക്കുന്നത് "The police have a lot of limitations to initiate action as these are Civil complaints.'' പോലീസിന് ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. ഇവിടെയുള്ള പാവം എൻ.ആർ.ഐ.കൾ അവർ ഗൾഫ് രാജ്യങ്ങളിൽ പോയി അദ്ധ്വാനിച്ച് ഒരു സ്വപ്നമായി അവർ വിലയ്ക്കെടുക്കുന്ന ഫ്ളാറ്റ് അവർക്ക് ഉപയോഗിക്കാൻ കഴിയാതെ ദുരന്തത്തിലേയ്ക്കു പോകുന്ന ധാരാളം സംഭവങ്ങൾ ഇന്ന് പല പത്രങ്ങളിലും നമുക്ക് വായിക്കാൻ സാധിക്കുന്നു. അതുകൊണ്ട് ഈ നിയമം നിർബന്ധമാണ്. തമിഴ്നാട് അപ്പാർട്ടുമെന്റ് ഓണർഷിപ്പ് ആക്ട് തുടങ്ങുന്നതുതന്നെ ഇതൊക്കെ നിയന്ത്രിക്കാനുള്ള വകുപ്പുകളോടുകൂടിയാണ്. അതിന്റെ ഇൻട്രോഡക്ഷൻ മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിറുത്താം.

LIBRARY ARCHIVES Kerala Legislative Assembly

The construction of flat for sale on ownership basis has become a permanent profession under house building activities. In order to prevent malpractice prevalent in an extensive scale in the areas where construction and sale of flats on ownership basis എന്നു പറഞ്ഞിട്ട് അതിൽ പറയുന്നത് :

The delay in conveying the title of the land and building;.................

Defects in the construction of the building;..................

Flat construction different from the sanctioned plan;....................

Construction without following regulations;..................

Delay in delivery of possession;

Using sub-standard materials in construction of flats;

Inordinate delay in forming flat owners association and conveying titles to integral purchases.

ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ ഒരു നിയമം വന്നേ മതിയാകൂ. നല്ല രീതിയിൽ ഫ്ളാറ്റുകൾ നടത്തുന്ന ധാരാളം ആളുകളുണ്ട്. അതു ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇതിലെ കള്ളനാണയങ്ങളെ തിരിച്ചറിഞ്ഞ് അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുവേണ്ടി നിർബന്ധമായും ഈ ആക്ട് കൊണ്ടുവരുന്നതിന് ഈ സർക്കാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിറുത്തുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, കേരളത്തിലെ പട്ടണപ്രദേശങ്ങളിൽ ഫ്ളാറ്റുകളുടെ നിർമ്മാണം ഗണ്യമായി വർദ്ധിച്ചുവന്ന സാഹചര്യത്തിൽ ചില നിയന്ത്രണങ്ങളുടെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് നടത്തിയിട്ടുള്ള ചർച്ചകളുടേയും പഠനത്തിന്റേയും വെളിച്ചത്തിൽ ഫ്ളാറ്റുനിർമ്മാണത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 23.8.95-ൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. അത് അനുസരിച്ച് വികസന അതോറിറ്റികൾ ഉള്ള സ്ഥലങ്ങളിൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം ഒരു വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഇതിനായി തദ്ദേശഭരണ വകുപ്പുസെക്രട്ടറി അദ്ധ്യക്ഷനായി ഒരു റിവ്യൂകമ്മിറ്റിയെ നിർദ്ദേശിച്ചിട്ടുണ്ട്. കവറേജ്, സെറ്റ് ബാക്ക് എന്നീ കാര്യങ്ങളിൽ അയവുവരുത്താൻ പാടില്ലെന്നും ജലവിതരണത്തിനും സ്വീവേജ് സംസ്ക്കരണത്തിനുമുള്ള സംവിധാനങ്ങൾ നിർമ്മാതാക്കൾ ഏർപ്പെടുത്തണമെന്നും നിർമ്മാണത്തിന് അനുമതി നല്കുമ്പോൾ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് ലൈസൻസിംഗ് അധികൃതർ പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ ഫ്ളാറ്റുകൾ ഓരോരുത്തരും വാങ്ങുന്നതോടുകൂടി അവ അതാത് ഉടമകളുടേതായി മാറുന്നു. പിന്നീട് നിർമ്മാതാവിന് ബാദ്ധ്യതയില്ല. അതുകൊണ്ടു ഫ്ളാറ്റുകൾ വാങ്ങുമ്പോൾത്തന്നെ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാണോയെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ശുദ്ധജലവിതരണം, മാലിന്യസംസ്ക്കരണം, തുറസ്സായ സ്ഥലം, വെളിച്ചം തുടങ്ങിയവ ലഭ്യമാണോയെന്നും, അംഗീകൃത പ്ളാൻ അനുസരിച്ചാണോ നിർമ്മാണം നടത്തിയതെന്നും ഫ്ളാറ്റു വാങ്ങുന്നവർ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ഫ്ളാറ്റ് വാങ്ങുന്നവരുടെ ശ്രദ്ധയിൽ ഈ വക കാര്യങ്ങൾ കൊണ്ടുവരുന്നതിന്‌വേണ്ടി ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ട്. ബഹു. മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത് ഇപ്പോൾ ഫ്ളാറ്റ് വാങ്ങുന്നവരുടെ താൽപ്പര്യം പൂർണ്ണമായി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക നിയമനിർമാണം തന്നെ വേണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്. ആവശ്യമെന്നു ബോദ്ധ്യപ്പെട്ടാൽ തീർച്ചയായിട്ടും പുതിയ ഒരു നിയമനിർമാണം കൊണ്ടുവരാൻ ഗവണ്മെന്റ് തയ്യാറാണ്.

ശ്രീ. എം.കെ. മുനീർ : അങ്ങനെ നിയമം കൊണ്ടുവരാൻ ശ്രദ്ധിക്കുമെന്ന് പറഞ്ഞതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നതോടൊപ്പം ആ നിയമം വരുന്നതുവരെ ഈ പ്രശ്നങ്ങളുള്ള ഉപഭോക്താക്കൾക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഒരു ഹിയറിംഗ് സർക്കാർതലത്തിൽ കേൾക്കുന്നതിനും ആ പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കുന്നതിനുമുള്ള എന്തെങ്കിലും ഒരു സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അത്തരത്തിൽ പരാതികളുള്ള ആളുകൾ അവരുടെ പരാതി ഗവണ്മെന്റിനെ അറിയിക്കാറുണ്ട്. അതുമായി ബന്ധപ്പെട്ട ആളുകളെ വിളിച്ചുകൊണ്ട് ഹിയറിംഗ് നടത്താറുണ്ട്. തീരുമാനങ്ങൾ എടുക്കാറുണ്ട്.

## (2) സംസ്ഥാനത്തെ ഗ്രാമീണ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീമതി എൻ.കെ. രാധ : സർ, സംസ്ഥാനത്തെ ഗ്രാമീണ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ബഹു. മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സംസ്ഥാനത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിലും രോഗപ്രതിരോധരംഗത്തും മാതൃകാപരമായ നേട്ടം കൈവരിക്കാൻ സഹായകമായ ഒരു പദ്ധതിയാണ് സമ്പൂർണ്ണ ഗ്രാമശുചിത്വ പദ്ധതി. മെച്ചപ്പെട്ട ജീവിതനിലവാരം, ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, സാക്ഷരത തുടങ്ങിയ രംഗത്തെല്ലാം ലോകത്തിലെ വികസിത രാജ്യങ്ങളുടെ നിലവാരത്തിനൊപ്പം എത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും എന്നത്തേക്കുമായി അവസാനിച്ചു എന്നു പറയപ്പെട്ടിരുന്ന പകർച്ചവ്യാധികൾ ഉൾപ്പെടെ നമുക്ക് ഇന്ന് ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്. ഉദാഹരണത്തിന്, വയറിളക്കരോഗങ്ങൾ, ജാപ്പനീസ് എൻസഫലിറ്റീസ്, ഡങ്ക് ജ്വരം, പ്ളേഗ് തുടങ്ങിയ മാരകരോഗങ്ങൾ അടിയ്ക്കടി ഇവിടെ പ്രത്യക്ഷപ്പെടുകയാണ്. ഒരു കാലത്ത് നിർമ്മാർജനം ചെയ്യപ്പെട്ടിരുന്ന മലമ്പനി പോലുള്ള രോഗങ്ങളും ഇന്ന് നമ്മുടെ രാജ്യത്ത് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള മുഖ്യകാരണം പരിസര ശുചിത്വത്തിലും മാലിന്യനിർമ്മാർജനത്തിലും നാം കാണിക്കുന്ന അലംഭാവമാണ്. കേരളത്തിലെ അൻപത്തഞ്ചു ലക്ഷം കുടുംബങ്ങളിൽ 26.26 ലക്ഷം കുടുംബങ്ങൾക്കും ശാസ്ത്രീയ ശുചിത്വ സംവിധാനങ്ങൾ ഇല്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 3.72 ലക്ഷം കുടുംബങ്ങൾ നഗരങ്ങളിലും 22.54 ലക്ഷം കുടുംബങ്ങൾ ഗ്രാമങ്ങളിലും ആണ് ഉള്ളത്. വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കുന്നതോടൊപ്പം ഗുണാത്മകമായ ജീവിതശൈലി ഉറപ്പാക്കുകകൂടി വേണം. ഈ അർത്ഥത്തിൽ നോക്കുമ്പോൾ കേരളത്തിൽ കാണുന്ന പകർച്ചവ്യാധികളിൽ നല്ല ഒരു ശതമാനവും ശുചിത്വക്കുറവുമൂലമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വൈറൽ ഫീവർ, ചെങ്കണ്ണ്, വരട്ടുചൊറി, ചിക്കൻപോക്സ് അതുപോലെ തന്നെ അതിസാരവും ഇവിടെ തുടർന്നു നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള വ്യക്തിശുചിത്വക്കുറവുകൊണ്ടുള്ള രോഗങ്ങൾ ആയിരത്തിൽ പത്തുപേർ എന്ന നിരക്കിൽ കാണുന്നുണ്ട്. പരിസര ശുചിത്വക്കുറവു കൊണ്ടുതന്നെ എലി

LIBRARY ARCHIVES Kerala Legislative Assembly

പ്പനി, മലേറിയ, എന്നിവയുടെ കണക്കുകൾ നോക്കുമ്പോൾ ഇത്തരം കേസുകൾ ഓരോ വർഷവും രണ്ടായിരത്തോളം വരുന്നു എന്നാണ് കാണിക്കുന്നത്. കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ആറു ലക്ഷത്തോളം പേർക്ക് അസുഖമുണ്ടായിട്ടുണ്ട്. ഇതിൽ മുപ്പതു ശതമാനം പേരും ഗവണ്മെന്റ് ആശുപത്രിയെയാണ് ശരണം പ്രാപിച്ചിട്ടുള്ളത്. ക്ഷയരോഗം, കുഷ്ഠരോഗം, പേവിഷബാധ പോലുള്ള രോഗങ്ങളുടെ കാരണവും ശുചിത്വക്കുറവാണ്. സർ, ശുചിത്വക്കുറവ് ആരോഗ്യത്തിന് ഭീഷണിയായതിനാൽ, നിർദ്ധനരായിട്ടുള്ള ഗ്രാമവാസികൾക്ക് സാനിട്ടറി, ലാട്രിൻ സൗകര്യം ഉണ്ടാക്കണം. നഗരപ്രദേശത്തും ഗ്രാമപ്രദേശത്തും ലാട്രിൻസൗകര്യം ഉണ്ടാക്കണം. ഇപ്പോൾ മൂന്നു ലക്ഷം ലാട്രിനുകൾ ഉണ്ടാക്കിക്കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല ഓരോ വർഷത്തിലും നാലായിരത്തോളം പുതിയ കുടുംബങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. സർ, കോസ്റ്റൽ ഏരിയ, കോളനിപ്രദേശങ്ങൾ, സ്ത്രീകൾ കൂട്ടംകൂട്ടമായി പണിയെടുക്കുന്ന സ്ഥലങ്ങൾ ഇവിടങ്ങളിൽ കുളിമുറി, മൂത്രപ്പുര, കക്കൂസ്, തുണി അലക്കുന്നതിനുള്ള സൗകര്യം എന്നിവ അടങ്ങിയിട്ടുള്ള സാനിട്ടറി കോംപ്ളക്സുകൾ ഉണ്ടാക്കണം.

*(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

**10 A.M.** സർ, അതുപോലെതന്നെ ചില കോസ്റ്റൽ ഏരിയാകളിലും കോളനിപ്രദേശങ്ങളിലും സ്ത്രീകൾക്ക് ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായിക്കൊണ്ടിരിക്കുന്നു. അവരുടെ പ്രാഥമികസൗകര്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ ഒന്നുകിൽ അസ്തമയത്തിന് പിൻപോ അല്ലെങ്കിൽ ഉദയത്തിനുമുമ്പോ നിർവ്വഹിക്കണം എന്നുള്ളത് വളരെ ഗൗരവമായി നമ്മൾ കാണേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ മൃഗങ്ങളെ കശാപ്പുചെയ്യുന്ന അറവുശാലകൾ വളരെ അശാസ്ത്രീയമായ രൂപത്തിലാണ് ഇന്ന് പല സ്ഥലങ്ങളിലും നമുക്ക് കാണാൻ കഴിയുന്നത്. ഒരു പഞ്ചായത്തിൽ ശരാശരി 25 മൃഗങ്ങളെയെങ്കിലും ഒരു ദിവസം കശാപ്പുചെയ്യുന്നുണ്ട്. എന്നാൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അതിനേക്കാൾ കൂടുതൽ മൃഗങ്ങളെ കശാപ്പുചെയ്തുകൊണ്ടിരിക്കുകയാണ്.അതിന്റെ അവശിഷ്ടങ്ങൾ ഡിസ്പോസ് ചെയ്യാൻ സ്ഥലമില്ലാത്തതിന്റെ ഫലമായി അത് ഡിസ്പോസ് ചെയ്യാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്. അതിന്റെ ഫലമായിട്ട് അതിന്റെ അവശിഷ്ടങ്ങളും മറ്റും പക്ഷികളും കാക്കകളും കൊത്തിക്കൊണ്ടുപോയി തൊട്ടടുത്തുള്ള കിണറുകളിലും മറ്റും നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. അതുമൂലം പരിസരമലിനീകരണം ഉണ്ടാവുകയാണ്. അതിന്റെ ഫലമായി രോഗങ്ങൾ വരുത്തിവയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ശാസ്ത്രീയമായ രൂപത്തിൽ അറവുശാലകൾ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

സർ, അതുപോലെതന്നെ പ്ലാസ്റ്റിക് സാധനങ്ങൾ റീസൈക്ളിംഗ് ചെയ്യാത്ത കാരിയർ ബാഗുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ഇന്ന് വീടുകളിൽ വളരെക്കൂടുതലായി വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വർദ്ധനവില്ലാതാക്കാനുള്ള നിയമപരമായ നടപടികൾ കൊണ്ടുവരാൻ ഗവണ്മെന്റ് ശ്രദ്ധിക്കണം.

സർ, അതുപോലെതന്നെ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ കഴിയാത്തതിന്റെ ഫലമായി ഉണ്ടാകുന്ന പ്രയാസങ്ങൾ ഇന്ന് ഗുരുതരമായി മാറിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ശാസ്ത്രീയമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇന്ന് അവിടെയുള്ളത് അശാസ്ത്രീയമായ രൂപത്തിലുള്ള സംവിധാനമാണ്. അതിന് പറ്റിയ

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയ സംവിധാനങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം കുടിവെള്ളം ശുദ്ധവും സുരക്ഷിതവുമാക്കുക, മലിനജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ അത് ഒഴിവാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. കൂടാതെ എല്ലാ വിദ്യാലയങ്ങളിലും പിഞ്ചുകുട്ടികൾക്ക് അടക്കം പരിസര ശുചിത്വത്തെക്കുറിച്ചും വ്യക്തിശുചിത്വത്തെക്കുറിച്ചും അവബോധമുണ്ടാക്കിയെടുക്കാൻ വേണ്ടിയുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കണം. ആശുപത്രികളിലും ഭക്ഷണശാലകളിലും ശുചിത്വം ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കണം. എല്ലാ കുടുംബങ്ങൾക്കും ശുചിത്വമുള്ള സാനിട്ടറി ലാട്രിൻ സൗകര്യങ്ങൾ ഉറപ്പുവരുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ച് കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കിയെടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കേരളം ആരോഗ്യരംഗത്ത് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ ശുചിത്വമില്ലായ്മമൂലം ഉണ്ടാകുന്ന രോഗങ്ങൾ കേരളത്തിൽ വർദ്ധിച്ച തോതിൽ കണ്ടുവരുന്നു. അതിന്റെ ഗൗരവം മനസ്സിലാക്കി കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ ശുചിത്വ പരിപാടി നടപ്പിലാക്കുന്നതിന് ഈ സർക്കാർ ഏറ്റവും വലിയ മുൻഗണനയാണ് നൽകിയിട്ടുള്ളത്. ചെലവുകുറഞ്ഞ ഇരട്ടക്കുഴി കക്കൂസുകൾ, പൊതു കക്കൂസുകൾ, ഓടകൾ, മറ്റു ശുചിത്വ സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് ആ പരിപാടിപ്രകാരം ഏറ്റെടുക്കുന്നത്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ 2,05,705 പേർക്ക് ഗ്രാമീണ വികസന വകുപ്പിന്റെ പദ്ധതികൾപ്രകാരം സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. കൂടാതെ 20 ഗ്രാമപഞ്ചായത്തുകളിലും 2 ബ്ലോക്ക് പഞ്ചായത്തുകളിലും സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് കേന്ദ്രസഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ശുചിത്വത്തിന്റെ ഘടകങ്ങളായ സാനിട്ടറി കക്കൂസുകൾ, കുടിവെള്ളസ്രോതസ്സുകളുടെ സംരക്ഷണം, മാലിന്യങ്ങളുടെ നിർമ്മാർജ്ജനം, മലിനജലം ഒഴുക്കിക്കളയൽ ഇതൊക്കെ ചേർന്ന സമഗ്ര ശുചിത്വപരിപാടികളാണ് പദ്ധതിയിൽ നടപ്പിലാക്കുന്നത്. കോട്ടയം ജില്ലയിലെ നിർമ്മൽ പദ്ധതി കേന്ദ്രസംസ്ഥാന സർക്കാരിന്റെ സഹായത്തിനുപുറമേ നെതർലാന്റ് സർക്കാരിന്റെ സഹായംകൂടി പ്രയോജനപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. മലപ്പുറം ജില്ലയിൽകൂടി സമ്പൂർണ്ണ ശുചിത്വപദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി മാറ്റുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമഗ്രമായ ശുചിത്വ ആരോഗ്യപ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് സംസ്ഥാന സർക്കാർ ശുചിത്വ-ആരോഗ്യ മിഷന് രൂപം നൽകിയിട്ടുണ്ട്. അതിന്റെ നേതൃത്വത്തിൽ 150 മുതൽ 200 വരെ പഞ്ചായത്തുകളിൽ സമ്പൂർണ്ണ ശുചിത്വപ്രവർത്തനം ആരംഭിക്കും. തുടർന്ന് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും സഹകരണത്തോടുകൂടി സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വസംസ്ഥാനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തികവർഷംതന്നെ ഏറ്റെടുക്കുന്നതാണ്. ഇതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ശ്രീമതി എൻ.കെ. രാധ : സർ, ലോക്കൽ അഡ്മിനിസ്ട്രേഷനുമായി യോജിച്ചുകൊണ്ട് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമുള്ള ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, കോർപ്പറേഷനുകളും സ്വയംഭരണ സ്ഥാപനങ്ങളുമായിട്ട് ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് സാനിട്ടേഷൻ മിഷന് നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## IV. സബ്മിഷൻ

### (1) മുണ്ടൂർ ഹൈസ്കൂൾ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് നടന്ന അക്രമം

ശ്രീ. കെ.എ. ചന്ദ്രൻ : സർ, മുണ്ടൂരിൽ അതീവ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ടാണ് അടിയന്തിര പ്രമേയം പാർട്ടി നേതാക്കളായ ശ്രീ. ഇസ്ഹാക് കുരിക്കളും ശ്രീ. സി.എഫ്. തോമസും ശ്രീ. ജോണി നെല്ലൂരും ഞാനും ചേർന്ന് നൽകിയത്. ബഹു. സ്പീക്കർ അത് അടിയന്തിര പ്രമേയം അനുവദിക്കാതെ പ്രധാന സബ്മിഷനായിട്ടാണ് അനുവദിച്ചിട്ടുള്ളത്. എന്റെ കയ്യിലിരിക്കുന്നത് മലയാള മനോരമയാണ്. "സ്കൂൾ തെരഞ്ഞെടുപ്പിനെത്തുടർന്ന് മുണ്ടൂരിൽ സി.പി.എം. അതിക്രമം, ബോംബേറ്" - ഫ്രണ്ട് പേജിൽ വന്ന വാർത്തയാണ്. അത് മനോരമയായതുകൊണ്ട് നിങ്ങൾ പൂർണ്ണമായി ഇത് ഉൾക്കൊള്ളാൻ സാധ്യതയില്ല. അതുകൊണ്ട് ഞാൻ വായിക്കുന്നില്ല. 'ദീപിക' "മുണ്ടൂരിൽ സി.പി.എം. - കോൺഗ്രസ്സ് സംഘർഷം, ബോംബേറ്". മാതൃഭൂമിയിലുള്ളത്: "മുണ്ടൂരിൽ കോൺഗ്രസ്സ് പാർട്ടി സംഘട്ടനം" അതും ഞാൻ വായിക്കുന്നില്ല. കേരള കൗമുദി ഞങ്ങളെ സഹായിക്കുന്ന പത്രമല്ലല്ലോ. അതിൽ കോളം 5 "കോൺഗ്രസ്സ് പ്രവർത്തകന്റെ വീടിനു മുന്നിൽ ജാഥയായി വന്ന് നാടൻ ബോംബുകൾ പൊട്ടിച്ചു. കേരള കൗമുദിയിൽ വന്ന വാർത്തയാണ്. ഞാൻ മുഴുവൻ വായിക്കുന്നില്ല. പ്രസക്തമായ ഒന്നുരണ്ടു വരികൾ മാത്രം വായിക്കാം. പോലീസ് നോക്കി നിൽക്കെ മുണ്ടൂരിൽ കോൺഗ്രസ്സ് പ്രവർത്തകന്റെ വീട്ടുമുറ്റത്ത് ജാഥയായി വന്ന് മാർക്സിസ്റ്റ് പ്രവർത്തകർ നാടൻ ബോംബ് പൊട്ടിച്ചു. ഉച്ചയോടെ മുണ്ടൂരിലുണ്ടായ അനിഷ്ട സംഭവങ്ങൾ ബന്ദിന്റെ പ്രതീതി സൃഷ്ടിച്ചു." ഇത് കേരള കൗമുദിയാണ്. കഴിഞ്ഞ ദിവസം കെ.എസ്.യു.ക്കാരനെ എസ്.എഫ്.ഐ. ക്കാർ മർദ്ദിച്ചത് ചോദിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ഉദയനെ മാർക്സിസ്റ്റുകാർ എന്ന് കരുതുന്ന സംഘം മർദ്ദിച്ചു. മാർക്സിസ്റ്റ് പ്രവർത്തകർ ഉദയന്റെ വീടിന് മുന്നിലേക്ക് പ്രകടനം നടത്തി. ഈ പ്രകടനത്തിനുമുന്നിൽ പോലീസ് സഞ്ചരിച്ചിരുന്നു. പ്രകടനത്തിലുണ്ടായിരുന്ന ചിലരാണ് വീടിനുമുന്നിൽ നാടൻ ബോംബ് പൊട്ടിച്ചത്. മർദ്ദനത്തിൽ പരിക്കേറ്റ ഉദയനേയും സുഹൃത്ത് ബാലനെയും ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ബോംബ് പൊട്ടിക്കുന്ന സമയത്ത് ഉദയന്റെ അമ്മ മാത്രമാണുണ്ടായിരുന്നത്. അത് ഞാൻ പറയുന്നതല്ല. കേരളകൗമുദിയിൽ വന്ന വാർത്തയാണ്. മുണ്ടൂരിലുണ്ടായത് എന്താണ്? കഴിഞ്ഞ വെള്ളിയാഴ്ച 16.07.99-ന് മുണ്ടൂർ ഹൈസ്കൂളിൽ തെരഞ്ഞെടുപ്പ് നടന്നു. വിദ്യാർത്ഥികൾ തമ്മിൽ മത്സരിച്ചു. കെ.എസ്.യുക്കാരും മത്സരിച്ചു. കെ.എസ്.യു.ക്കാർ പ്രതീക്ഷിച്ചതിലും കൂടുതൽ വിജയിച്ചു. എസ്.എഫ്.ഐക്കാരും ഡി.വൈ.എഫ്.ഐക്കാരും കൂടി പ്രകടനം, നടത്തി ജാഥ നയിച്ച് പോകുമ്പോൾ കെ.എസ്.യുക്കാർ നടന്നുപോകുന്നു. പ്രകാശൻ, പ്രമോദ്, എന്ന പിഞ്ചു വിദ്യാർത്ഥികൾ റോഡിൽക്കൂടി നടക്കുകയായിരുന്നു. നീ ജയിക്കുമെടാ, നീ മൽസരിക്കുമെടാ എന്ന് പറഞ്ഞ് റോഡിൽക്കൂടി നടക്കുന്ന ഈ പിഞ്ചോമനകളെ നോക്കി ഭീക്ഷണിപ്പെടുത്തി അവർ ആക്രമിച്ചു. ആ പിഞ്ചുകുട്ടികളെ നടുറോഡിലിട്ട് തല്ലി. ഇതു കണ്ട്യൂത്ത് കോൺഗ്രസ്സ് പ്രവർത്തകൻ പ്രവീൺ ഈ കുട്ടികളെക്കൂട്ടി ഹെഡ്മാസ്റ്ററോട് പരാതി പറയാൻ സ്കൂളിലേയ്ക്ക് ചെന്നു. അവിടെ ചെന്നപ്പോൾ ഡി.വൈ.എഫ്.ഐ.ക്കാരായ കനകൻ, ഷാജഹാൻ, സജി എന്നിവർ പ്രവീണിനെ ഭീക്ഷണിപ്പെടുത്തി. "നീയാണോടാ ഇവന്റെ രക്ഷകൻ? നീ ഇവനെ രക്ഷിക്കുമോടാ?" എന്ന് ഭീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ണിപ്പെടുത്തി ചോദിച്ചു. അവിടെ ഒരു സംഘർഷാന്തരീക്ഷമുണ്ടായി. സർ, കണ്ടുനിന്ന ആളുകൾ ഇതിൽ ഇടപെട്ടു. എന്നിട്ടോ? സ്കൂളിൽ നടന്ന സംഭവത്തിൽ പുറമെയുള്ളവർ ഇടപെട്ടെന്ന് പറഞ്ഞ് സമാധാനിപ്പിച്ച് അയയ്ക്കുകയാണ് ചെയ്തത്. അങ്ങനെ വെള്ളിയാഴ്ചത്തെ സംഭവം തീരുന്നു. പിറ്റേന്ന് ശനിയാഴ്ച 17.7.99-ന് രാവിലെ സാധാരണപോലെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ പ്രവീണും ബാലനും മുണ്ടൂർ ജംഗ്ഷനിൽ ചായകുടിയ്ക്കാൻ വരികയായിരുന്നു. തലേദിവസം പ്രവീണിനെ ഭീക്ഷണിപ്പെടുത്തിയ ഡി.വൈ.എഫ്.ഐക്കാരായ കനകൻ, ഷാജഹാൻ, ഷാജി എന്നിവർ ഒരു കാര്യവുമില്ലാതെ പ്രവീണിനെയും ബാലനെയും മർദ്ദിച്ച് പരിക്കേൽപ്പിച്ചു. എന്നിട്ട് ഇവർ തൊട്ടടുത്ത സി.പി.എം. ഓഫീസിൽ അഭയംതേടി ഇരിക്കുകയും ചെയ്തു. ഇതുകണ്ട് നാട്ടുകാർ, പൊതുജനം, ഈ ഓഫീസിൽ കയറി ഡി.വൈ.എഫ്.ഐക്കാരെ വിടണമെന്നും ഇതിന് പകരം ചോദിക്കണമെന്നും ആവശ്യപ്പെട്ടു. അവിടെ ഒരു ചെറിയ സംഘർഷാവസ്ഥ ഉണ്ടായി. നിഷ്പക്ഷമതികളായ ആളുകൾകൂടി സമാധാനം പറഞ്ഞ് അവരെ തിരിച്ചയയ്ക്കുകയും ചെയ്തു. അവർ തല്ലിന്റെ കാരണം ചോദിക്കാൻ പോയതുമാത്രമേയുള്ളു. ഈ സംഭവത്തെ ഓഫീസ് കയ്യേറ്റമായി ചിത്രീകരിച്ച് പോലീസിൽ പരാതിപ്പെട്ട് പോലീസിനെ വിളിപ്പിച്ച് പാർട്ടിപ്രവർത്തകരെ സംഘടിപ്പിച്ച്, പോലീസ് അകമ്പടിയോടുകൂടി സി.പി.എം.കാർ ഡി.വൈ.എഫ്.ഐ.ക്കാരുമായി പ്രതിഷേധ പ്രകടനം നടത്തി. എ.എസ്.പി. ഉൾപ്പെടെയുള്ള പോലീസ് മേധാവികൾ ജാഥയ്ക്ക് അകമ്പടി സേവിച്ചു. ഹൈക്കോടതി നിർദ്ദേശം മാനിക്കാതെ, പോലീസ് അധികാരികളുടെ അനുവാദമില്ലാതെ തെരുവിൽക്കൂടി ജാഥ നടത്തുന്നവരെ തടയേണ്ട പോലീസുകാർ, നിരോധിക്കേണ്ട പോലീസുകാർ, ജാഥയ്ക്ക് അകമ്പടി സേവിച്ചുപോകുന്ന കാഴ്ചയാണ് കണ്ടത്. അവിടെ കൊലവിളിയാണ് നടത്തിയത്. എന്നിട്ട് പോലീസ് അകമ്പടിയോടുകൂടിപ്പോയ ഈ ജാഥ പ്രവീണിന്റെ വീടിന് സമീപം എത്തിയപ്പോൾ ബോംബ് എറിഞ്ഞു. ഭയങ്കര ശബ്ദം. ബോംബു പൊട്ടി. എങ്ങും പുകപടലം, നാട്ടുകാർ ഭയന്നു. എന്തു സംഭവിച്ചുവെന്ന് അറിയാതെ പരിഭ്രമിച്ചുനിന്നു. പൊട്ടാത്ത ഒരു ബോംബ് ഞാൻ ഞായറാഴ്ച അവിടെ ചെന്നപ്പോൾ കണ്ടു. ബോംബ് വീട്ടിൽ തട്ടിയില്ല. ആളുകളുടെ പുറത്തും തട്ടിയില്ല എന്നതുകൊണ്ട് ആളപായമുണ്ടായില്ല. ഭാഗ്യം സർ, ഈശ്വരന് നന്ദി. ഇത് രാവിലെ ഉണ്ടായ സംഭവമാണ്. ഈ സംഭവത്തിൽ പ്രവീണിനും ബാലനും മർദ്ദനമേറ്റ് ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുവരികയായിരുന്ന പ്രവീണിന്റെ ഇളയച്ഛൻ ചന്ദ്രൻ, ചന്ദ്രനോടൊപ്പമുണ്ടായിരുന്ന മുണ്ടൂർ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് ഷൺമുഖൻ എന്നിവരെ പോലീസ് നോക്കിനിൽക്കെ മർദ്ദിച്ചു. പോലീസുകാർ കണ്ടുനിൽക്കുക മാത്രമാണ് ചെയ്തത്. തല്ലുകൊണ്ട് ഉടുവസ്ത്രം പോലുമില്ലാതെ പോലീസിൽ അഭയംതേടിയ പ്രവീണിനെ ബസ്സിൽ കയറി പോകാനാണ് പോലീസുകാർ നിർദ്ദേശിച്ചത്. കണ്ട് സഹിക്കാൻ കഴിയാതെ പോലീസ് ജീപ്പിലെ ഡ്രൈവർ ബാലനെയും പ്രവീണിനെയും ജീപ്പിൽകയറ്റി പോലീസ്സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോവുകയാണ് ചെയ്തത്. ഈ സംഭവം ഇങ്ങനെയൊക്കെ നടന്നിട്ടും ഇന്നലെ എന്താണുണ്ടായതെന്ന് അറിയാമോ? ചന്ദ്രൻ, സുകുമാരൻ, കണ്ണൻ, ശിവരാമൻ, മണികണ്ഠൻ, രാധാകൃഷ്ണൻ എന്നീ കോൺഗ്രസ്സുകാരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. മർദ്ദിച്ചവരെ, ബോംബെറിഞ്ഞവരെ, കൊലവിളി നടത്തിയവരെ, അനുവാദം കൂടാതെ ജാഥ നടത്തിയവരെ, ഇതുവരെ ഒന്നും ചെയ്തില്ല. അറസ്റ്റ് ചെയ്തില്ല. ഈ സംഭവം സി.പി.എം. ന്റെ നേതൃത്വത്തിന്റെ അറിവോടെയാണ് നടത്തുന്നത്. പ്രതികൾ



LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.ആർ. ബാലൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സ്വാമിനാഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. രാധാകൃഷ്ണൻ എന്നിവരാണ്. ഇവർ പ്രമുഖരായതുകൊണ്ട് അവരെ അറസ്റ്റ് ചെയ്തില്ല. മുണ്ടൂർ പോലുള്ള സ്ഥലത്ത് ഇത്തരത്തിൽ സംഭവങ്ങളുണ്ടായാൽ അതിന് പോലീസ് സംരക്ഷണം നൽകണ്ടേ? അത് ഉണ്ടായില്ല. കള്ളനെ പിടിക്കാതെ കണ്ടവനെ പിടിക്കുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് അവിടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. ഈ കൊലയാളികളുടെ പേരിൽ കേസ് എടുക്കണം. അവിടെ സ്വൈരജീവിതം നടത്തണം. അതുകൊണ്ട് ഈ പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് ജില്ലയിലെ മുണ്ടൂർ ഹൈസ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് 16.7.1999-ന് നടക്കുകയുണ്ടായി. തെരഞ്ഞെടുപ്പിൽ എസ്.എഫ്.ഐ. വിജയിക്കുകയും കെ.എസ്.യു പരാജയപ്പെടുകയും ചെയ്തു. വിജയാഹ്ലാദപ്രകടനത്തിൽ പങ്കെടുത്തവരിൽ ചിലരെ കോൺഗ്രസ്സ് (ഐ) പ്രവർത്തകരും ബി.ജെ.പി. പ്രവർത്തകരും ചേർന്ന് മർദ്ദിച്ചു. തുടർന്ന് 17.7.99-ന് മുണ്ടൂർ ന്യൂ ഹോട്ടലിന് മുൻവശത്തുവച്ച് കോൺഗ്രസ് (ഐ) പ്രവർത്തകരായ രണ്ടുപേരെ സി.പി.എം. പ്രവർത്തകർ മർദ്ദിച്ച് പരിക്കേൽപ്പിച്ചു. 17.7.99-ന് രാവിലെ 11 മണിയോടെ ഒരു സംഘം കോൺഗ്രസ് (ഐ) പ്രവർത്തകർ സി.പി.എം. പാർട്ടി ഓഫീസിനുനേരെ സംഘം ചേർന്ന് മാരകായുധങ്ങളുമായി ആക്രമിക്കാൻ എത്തുകയും സി.പി.എം. ഏരിയാ സെക്രട്ടറി ശിവരാമദാസിനെയും കൂടെയുണ്ടായിരുന്നവരെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ആക്രമികൾ സി.പി.എം. ഓഫീസിനുനേരെ കല്ലെറിയുകയും ചെയ്തു. 17.7.99-ന് വൈകുന്നേരം 3.30ന് മണ്ഡലം വൈസ് പ്രസിഡന്റ് ഷൺമുഖനെയും മർദ്ദിച്ച് പരിക്കേൽപ്പിച്ച സംഭവമുണ്ടായിട്ടുണ്ട്. സി.പി.എം. പാർട്ടി ഓഫീസിനുനേരെ കല്ലെറിഞ്ഞതിലും പ്രവർത്തകരെ ആക്രമിച്ചതിലും പ്രതിഷേധിച്ചുകൊണ്ട് നൂറോളം പേർ പ്രകടനം നടത്തുകയുണ്ടായി. പ്രകടനത്തിൽ പങ്കെടുത്തവരിൽ ചിലർ കോൺഗ്രസ് (ഐ) പ്രവർത്തകനായ ഉദയന്റെ വീടിനുനേരെ പന്നിപ്പടക്കം എറിഞ്ഞ സംഭവവും ഉണ്ടായിട്ടുണ്ട്. സംഭവത്തോടനുബന്ധിച്ച് ക്രൈം നമ്പർ 144/99, 145/99. 146/99, 147/99 എന്നിങ്ങനെ നാല് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെ പോലീസുദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുണ്ടൂർ ഹൈസ്കൂളിൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച് എസ്.എഫ്.ഐ. പ്രവർത്തകർ നടത്തിയ ആഹ്ളാദപ്രകടനത്തിനുനേരെ കോൺഗ്രസ് (ഐ), ബി.ജെ.പി. പ്രവർത്തകർ ആക്രമം നടത്തിയതിനെത്തുടർന്നാണ് മുണ്ടൂരിൽ സംഘർഷസ്ഥിതി ഉളവായിട്ടുള്ളത്. ഇപ്പോൾ സ്ഥിതിഗതികൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്.

## (2) ജില്ലാ കളക്ടർമാർ തോക്കുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതുസംബന്ധിച്ച്

ശ്രീ. ജോർജ് ജെ. മാത്യു : സർ, കേരളത്തിലെ പല കളക്ടറേറ്റുകളിലും തോക്ക് ലൈസൻസ് പുതുക്കാൻ വിസമ്മതിക്കുകയാണ്. യാതൊരു കാരണവുമില്ലാതെ ലൈസൻസ് പുതുക്കിക്കൊടുക്കാതിരിക്കുകയാണ്. ലൈസൻസ് ആക്ട് ഓഫ് 1959 അനുസരിച്ച് ഏതൊരു നിയമം അനുശാസിക്കുന്ന പൗരനും തോക്ക് ലൈസൻസ് ലഭിക്കാൻ അവകാശമുണ്ട്. അത് നിരസിച്ചാൽ, അതിന്റെ കാരണം

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചാൽ, അത് അറിയിക്കാനുള്ള കടമ നിഷേധിക്കുന്ന അതോറിറ്റിക്കുണ്ട്. പ്രശ്നം ഇങ്ങനെയിരിക്കെ, കേരളത്തിലെ ഈ സാഹചര്യത്തിൽ, തോക്ക് വീട്ടിൽ വയ്ക്കുന്നത് ആരെയും ഉപദ്രവിക്കാനല്ല. മറിച്ച് സുരക്ഷാ ബോധമുണ്ടാകാൻ വേണ്ടി മാത്രമാണ്. തോക്കുകൾ ഉപയോഗിച്ച് നടക്കുന്ന സംഘട്ടനങ്ങളിൽ ലൈസൻസുള്ള തോക്കുകൾ രണ്ടുശതമാനംപോലും ഉപയോഗിക്കാറില്ലെന്ന് "വീക്ക്" ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം ലൈസൻസ് വ്യാപകമായി റദ്ദ് ചെയ്താൽ, കള്ളത്തോക്കുകളുടെ പ്രചാരവും എണ്ണവും വർദ്ധിക്കും. സർക്കാർ ഒരു പൗരന്റെ മൗലികാവകാശത്തിൻമേൽ കൈവയ്ക്കരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കൂടാതെ ഡെൽഹി പോലുള്ള നഗരങ്ങളിൽ, സിറ്റിസൺസിന് പ്രോപ്പർ പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിക്കാത്തതുകൊണ്ട്, ന്യായമായ എല്ലാ തോക്ക് അപേക്ഷകളും അനുവദിച്ചുകൊടുക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്ന് വല്ല നിർദ്ദേശവും ഈ കാര്യത്തിലുണ്ടായിട്ടുണ്ടോ; കള ക്ടർമാർക്ക് എന്തെങ്കിലും ഓറൽ ഓർഡർ സർക്കാർ കൊടുത്തിട്ടുണ്ടോ, എന്നീ കാര്യങ്ങൾ ഞങ്ങൾക്ക് അറിയണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തോക്ക് എല്ലാവരും എടു ത്താൽ പിന്നെ നിയമസമാധാനം വളരെ നന്നാകും. അമേരിക്കയിൽ എല്ലാ വർക്കും തോക്ക് വാങ്ങാം. ഒരു കുഴപ്പവുമില്ല. അവിടെയാണ് ഏറ്റവുമധികം ക്രൈം ഉള്ളത്.

സർ, തോക്കുകൾക്ക് പുതിയതായി ലൈസൻസുകൾ അനുവദിക്കുന്ന തിനും നിലവിലുള്ളവരുടെ ലൈസൻസുകൾ പുതുക്കുന്നതിനും 1955-ലെ വി.1102/ഇ/106/94-ാം നമ്പർ സർക്കുലറിൽ കേന്ദ്രഗവൺമെന്റ് ചില നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ലൈസൻസുകൾ ലഭിക്കുന്ന തിനും പുതുക്കുന്നതിനും അപേക്ഷകൾ ലഭിക്കുമ്പോൾ അപേക്ഷകരെ നേരിട്ട് വിളിക്കാറുണ്ട്. ഇതിന്റെ ആക്ഷേപം മുഴുവനും നമ്മുടെ കാഞ്ഞിര പ്പള്ളി മെമ്പറുടെ സ്ഥലത്താണ്. വടക്കൻ മേഖലയിൽ ആക്ഷേപമില്ല. ഏറ്റവും അധികം റബ്ബർ കിട്ടുന്ന സ്ഥലത്താണ് ആക്ഷേപം. വടക്ക് മലപ്പുറത്തോ കണ്ണൂരോ കാസർകോടോ ഇത്തരം ആക്ഷേപമില്ല. 1995 ലെ സർക്കുലർ പ്രകാരം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിന്റെ അടിസ്ഥാ നത്തിലാണ് ലൈസൻസിന് അപേക്ഷിക്കുന്ന അപേക്ഷകരെ നേരിട്ട് വിളിക്കു ന്നത്. പ്രായാധിക്യംമൂലവും മറ്റു കാരണങ്ങളാലും തോക്ക് ഉപയോഗിക്കുന്ന തിനുള്ള ആരോഗ്യമില്ലാത്തവരും തോക്ക് കൈവശം വയ്ക്കേണ്ട ആവശ്യമി ല്ലാത്തവരുമായ അപേക്ഷകരെ നിരസിക്കും. അർഹരായവരുടെ അപേക്ഷകൾ അനുവദിക്കാറുമുണ്ട്. പരാതികളുണ്ടെങ്കിൽ നിയമാനുസൃതമായ പരിശോധ നയ്ക്ക് വിധേയമാക്കാറുണ്ട്. .......................... (തടസ്സം) .......................... എനി യ്ക്കറിയാം ആ ഭാഗത്താണ് ആക്ഷേപമുള്ളതെന്ന്. എല്ലാ വീട്ടിലും ഈരണ്ടു തോക്കുണ്ട്. നോർത്ത് ഇന്ത്യയിലെ സ്ഥിതിഗതികൾ വച്ചുകൊണ്ട്, ജില്ലാ കള ക്ടർമാർ തോക്കുകൾ പിൻവലിക്കാൻ തുടങ്ങിയിട്ടുണ്ട്. അതാണ് ആക്ഷേപം വന്നത്.

## (3) കൊടകര മണ്ഡലത്തിലെ ലോനപ്പന്റെ മകൾ ഷീബയുടെ തിരോധാനം

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, എന്റെ നിയോജകമണ്ഡല ത്തിൽപ്പെട്ട തൊറു വില്ലേജിൽ കണ്ണംപൊത്തൂർ പൊന്തോക്കൽ ലോനപ്പന്റെ മകൾ ഷീബയെ 29.9.98 മുതൽ ദുരൂഹമായ സാഹചര്യത്തിൽ കാണാതായിട്ട്,

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്നു മാസങ്ങൾ കഴിഞ്ഞിട്ടും, ഇതുവരെ പോലീസ് അന്വേഷണത്തിൽ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. പുതുക്കാട് പോലീസ് ക്രൈം നമ്പർ 422/98-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. ഈ കേസ്സുമായി ഷീബയുടെ അച്ഛൻ ലോനപ്പൻ ഹൈക്കോടതിയിൽ ഒരു ഹേബിയസ് കോർപ്പസ് ഹർജി സമർപ്പിച്ചു. ഈ ഹർജിയെത്തുടർന്ന് ഡി.വൈ.എസ്.പി. അന്വേഷണം ഊർജ്ജിതമാക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. രണ്ടു സർക്കിൾ ഇൻസ്പെക്ടർമാർ ഉൾപ്പെട്ടിരുന്ന ആ സംഘം കുറച്ചുകാലം അന്വേഷണം നടത്തുകയും തെളിവെടുപ്പു നടത്തുകയും ചെയ്തിരുന്നു. ഈ അന്വേഷണസംഘം കണ്ടെത്തിയ നിഗമനങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. സാക്ഷിമൊഴികളുടെയും സാഹചര്യത്തെളിവുകളുടെയും അടിസ്ഥാനത്തിൽ ഷീബയെ ചിലർ ബലം പ്രയോഗിച്ചു തട്ടിക്കൊണ്ടുപോയി എന്നാണ് അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട്. പുതുക്കാട് പ്രദേശത്തെ അറിയപ്പെടുന്ന മൂന്നു വ്യക്തികളാണ് ഇതിന്റെ പിന്നിലെന്ന് റിപ്പോർട്ടിൽ പറയുന്നു. കൂടുതൽ അന്വേഷണം വേണമെന്ന് സംഘം ഡി.വൈ.എസ്.പിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ ഈ സാഹചര്യത്തിൽ കേസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു. ക്രൈം ബ്രാഞ്ചിന്റെ റിപ്പോർട്ടുപ്രകാരം ജുവലറിയിൽനിന്നും ജോലികഴിഞ്ഞ് വീട്ടിലേക്ക് നടന്നുപോയ ഷീബയെ ഒരു ബെൻസ് കാറിൽ ഒരു ഓട്ടുകമ്പനി ഉടമയും ഒരു വക്കീലും ഒരു ഡോക്ടറും കൂടി തട്ടിക്കൊണ്ടുപോയി എന്നാണ് പറയുന്നത്. ഇപ്പോൾ ക്രൈം ബ്രാഞ്ചും ലോക്കൽ പോലീസും അന്വേഷിക്കുന്നില്ല. നാട്ടുകാർക്ക് വലിയ സംശയമുണ്ട്. സമൂഹത്തിൽ വലിയ സ്വാധീനമുള്ള വ്യക്തികളാണ് സംശയിക്കപ്പെടുന്ന പ്രതികൾ. അതുകൊണ്ട് പോലീസിന്റെ അന്വേഷണത്തെക്കുറിച്ചും ജനങ്ങൾക്ക് സംശയമുണ്ട്. അതിനാൽ ഈ കേസ് തെളിയിക്കാൻ സി.ബി.ഐ.യെ ഏൽപ്പിക്കണമെന്നാണ് ജനങ്ങൾ ആവശ്യപ്പെടുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേസ് സി.ബി.ഐ.യെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സി.ബി.ഐ. അന്വേഷിച്ച സിസ്റ്റർ അഭയ കേസ് തെളിയാതെ കിടക്കുകയാണ്. 29.9.98 വൈകുന്നേരം പുതുക്കാടിലെ ഒരു ജൂവലറിയിൽനിന്നും ജോലികഴിഞ്ഞ് വീട്ടിലേക്കു മടങ്ങിയ ഷീബയെ കാണാനില്ല എന്ന പരാതി കിട്ടിയതനുസരിച്ച് 30.9.98-ൽ പുതുക്കാട് പോലീസ് 422/98-ാം നമ്പരായി ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തു. പോലീസ് അന്വേഷണത്തിനുശേഷം ആ കേസ് ക്രൈംബ്രാഞ്ചിനു കൈമാറി. കാണാതായ ഷീബയെ കണ്ടെത്തുന്നതിന് മാദ്ധ്യമങ്ങൾ മുഖേനയും മറ്റു സംസ്ഥാനങ്ങളിൽ സംസ്ഥാന പോലീസു മുഖേനയും അന്വേഷണം നടത്തിയിരുന്നു. ഷീബയുടെ പിതാവ് നൽകിയ ഹേബിയസ് കോർപ്പസ് പെറ്റീഷൻ 22815/98-ൻമേൽ 13.7.99-ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. 99 ജൂലായ് മുപ്പതിനകം കേസ് ജില്ലാ പോലീസ് സൂപ്രണ്ട് ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷിക്കണമെന്നും പറഞ്ഞിട്ടുള്ള പ്രസ്തുത ഉത്തരവുപ്രകാരം ജൂലായ് 19-ന് കേസന്വേഷണം തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ടിനെ ഏൽപ്പിച്ചിരിക്കുകയാണ് ഇപ്പോൾ. ഇതിൽ ഈ കേസ് തെളിഞ്ഞില്ലെങ്കിൽ മറ്റു നടപടിയെടുക്കാം.

### (4) വിശ്വകർമ്മജരുടെ സെക്രട്ടേറിയേറ്റ് ധർണ്ണ

ശ്രീ. ജോണി നെല്ലൂർ : സർ, അഖില കേരള വിശ്വകർമ്മ മഹാസഭ ഈ സർക്കാരിന് മുൻപാകെ അവരുടെ ചില അടിയന്തിരാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നൽകിയെങ്കിലും അതിനൊന്നും പരിഹാരമുണ്ടാകാത്ത സാഹചര്യത്തിൽ ആ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റു പടി

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ അവർ സമരം സംഘടിപ്പിച്ചിരിക്കുകയാണ്. വിശ്വകർമ്മ തൊഴിലാളികളെ പാരമ്പര്യ തൊഴിലാളികളായി അംഗീകരിക്കുക. 60 വയസ്സു കഴിഞ്ഞ എല്ലാ തൊഴിലാളികൾക്കും പെൻഷൻ നൽകുക, എല്ലാ വിശ്വകർമ്മ തൊഴിലാളികളെയും ക്ഷേമ പദ്ധതിയിൻകീഴിൽ കൊണ്ടുവരിക, സംവരണ തത്വം കൃത്യമായി പാലിക്കുക, പബ്ലിക് സർവ്വീസ് കമ്മീഷനിലും ദേവസ്വം ബോർഡിലും പ്രാതിനിധ്യം അനുവദിക്കുക, വിശ്വകർമ്മജർക്ക് സാമൂഹ്യ നീതിയും അവസര സമത്വവും ഉറപ്പാക്കുക, കോളേജ് വിദ്യാഭ്യാസ സംവരണം തുടങ്ങിയ ഇരുപത്തിയൊന്ന് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അവർ ഇന്ന് സമരം സംഘടിപ്പിച്ചിരിക്കുകയാണ്. എല്ലാ ജനവിഭാഗങ്ങളും ആശ്രയിക്കുന്ന ഒരു വലിയ ജനസമൂഹം എന്നുള്ള നിലയിൽ വിശ്വകർമ്മ സമൂഹത്തിൽപ്പെട്ട ആളുകളുടെ ആവശ്യങ്ങളോട് അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സ്വർണ്ണതൊഴിലാളികൾ ഉൾപ്പെടെയുള്ള സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുവരുടെയും മറ്റു ചെറിയ ജോലികളിലേയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളവരെയും കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി നിയമമാക്കി മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ആർട്ടിസാൻസ് അന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിൽ, ഇപ്പോൾ അവശേഷിക്കുന്നവരെയും ഉൾപ്പെടുത്തി നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി നിയമമാക്കിക്കൊണ്ട് സമഗ്ര നിയമനിർമ്മാണം നടത്തുന്നതിന് ബില്ല് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ബിൽ നിയമമാകുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. സർക്കാർ സർവ്വീസിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം കൃത്യമായി പാലിക്കുന്നുണ്ട്. ദേവസ്വം ബോർഡുകൾ 1950-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമത ധർമ്മ സ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാകയാൽ നിയമനത്തിനുള്ള റൂൾസ് പ്രസ്തുത നിയമമനുസരിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ നിയമനങ്ങൾ അതാതു ബോർഡുകൾ തന്നെയാണ് നടത്തുന്നത്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഗവൺമെന്റിനു നേരിട്ട് ഇടപെടാനോ നിർദ്ദേശം കൊടുക്കാനോ അധികാരമില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള നിയമമനുസരിച്ചു ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സിക്ക് വിടണമെന്ന് നിർദ്ദേശിക്കാൻ സർക്കാരിനു കഴിയില്ല. അതുപോലെ വിശ്വകർമ്മജർക്ക് സാമൂഹ്യനീതിയും അവസര സമത്വവും നിഷേധിക്കപ്പെടുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു കഴിഞ്ഞിട്ടില്ല. കോളേജ് പ്രവേശനത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മാത്രമേ സംവരണം ഏർപ്പെടുത്തിയിട്ടുള്ളൂ. വിശ്വകർമ്മജർ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരാകയാൽ മേൽപ്പടി വിദ്യാർത്ഥികൾക്ക് കോളേജ് പ്രവേശനത്തിന് സംവരണം നൽകിയിട്ടില്ല.

### (5) ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ വനിതകൾക്ക് കൃഷിഭൂമി ലഭ്യമാക്കാനുള്ള പണം ദുരുപയോഗം ചെയ്തതു സംബന്ധിച്ച്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വനിതകളുടെ ഉന്നമനത്തിനുവേണ്ടി ബ്ലോക്കു പഞ്ചായത്തുകൾവഴി നടപ്പാക്കുന്ന പദ്ധതികളിൽ ഒന്നാണ് ഇവർക്ക് കൃഷിഭൂമി ലഭ്യമാക്കുക എന്നത്. ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ഇതിനായി നീക്കിവച്ച

LIBRARY ARCHIVES Kerala Legislative Assembly

പണം ദുർവിനിയോഗം ചെയ്ത നീചമായ നടപടിയാണ് ഉണ്ടായിരിക്കുന്നത്. സെന്റിന് ഇരുനൂറു രൂപപോലും വിലയില്ലാത്ത വെള്ളക്കെട്ടുള്ളതും കൃഷിയ്ക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമിക്ക് സെന്റിന് രണ്ടായിരം രൂപ മതിപ്പുവില കണക്കാക്കി വാങ്ങിയിരിക്കുന്നു. ഈ പണം തിരിമറി നടത്തിയത് പുന്നിയൂർ ഗ്രാമ പഞ്ചായത്ത് ഭരണാധികാരികൾ തന്നെയാണ്. പഞ്ചായത്തു പ്രസിഡന്റിന്റെ പേരിലുള്ള ചതുപ്പുനിലം മറ്റൊരാൾ കൈമാറുകയും അതു വാങ്ങുകയും ചെയ്തു. ഒരു വൻതുകയുടെ വെട്ടിപ്പാണ് ഇവിടെ നടത്തിയിരിക്കുന്നത്. ദുർബല വിഭാഗത്തിൽപ്പെട്ട വനിതകളെ കബളിപ്പിക്കുകയും സർക്കാരിന്റെ ധനം ദുരുപയോഗപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഇത് നിയമത്തോടും നീതിയോടുമുള്ള വെല്ലുവിളിയാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി. കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിച്ചില്ലെങ്കിൽ ഇത്തരം അഴിമതി വ്യാപകമായി ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ കൃഷിഭൂമി വാങ്ങുന്നതിൽ തട്ടിപ്പ് നടത്തിയ പുന്നയൂർ പഞ്ചായത്ത് ഭരണാധികാരികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സർക്കാരിന് നഷ്ടം വന്ന തുക തിട്ടപ്പെടുത്തി ഉത്തരവാദികളിൽനിന്നും ഈടാക്കാൻ സത്വര നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, 1997-98-ൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽനിന്നും പട്ടികജാതിയിൽപ്പെട്ട കൃഷിഭൂമിയില്ലാത്ത വനിതകൾക്ക് കൃഷിഭൂമി വാങ്ങി നൽകുവാൻ ഗ്രാന്റ് നൽകിയിരുന്നു. ഭൂമി വാങ്ങിയതിൽ ഗുരുതരമായ അഴിമതി നടന്നിട്ടുണ്ടെന്ന് ആക്ഷേപം ഉയർന്നുവന്നിരുന്നു. ധനകാര്യ പരിശോധനാ വിഭാഗം വിശദമായ പരിശോധന നടത്തിയ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കൃഷിക്ക് ഉപയുക്തമല്ലാത്ത സെന്റിന് വെറും 120 രൂപ വിലയുള്ള പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ആർ. മോയീൻകുട്ടിയുടെ വക സ്ഥലം അദ്ദേഹത്തിന്റെ ഏജന്റിന് കൈമാറ്റം ചെയ്യുകയും ഏജന്റുവഴി 7 പേർക്കുമായി വിൽക്കുകയുമാണ് ചെയ്തതെന്നും റിപ്പോർട്ടിൽ പറയുന്നു. 5 പേരുടെ ഗ്രാന്റ് പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും മറ്റ് രണ്ടുപേരുടെ ഗ്രാന്റ് പ്രസിഡന്റിന്റെ ഏജന്റിനും നൽകിയെന്നും പറയുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട വനിതകളെ കബളിപ്പിച്ച് ആനുകൂല്യം തട്ടിയെടുത്ത സംഗതി സർക്കാർ അതീവ ഗുരുതരമായിതന്നെ കാണുകയും പഞ്ചായത്തിന് ഉണ്ടാക്കിയ നഷ്ടം പുന്നയൂർ പഞ്ചായത്ത് പ്രസിഡന്റ് മോയീൻകുട്ടിയുടെ പക്കൽനിന്നും ഈടാക്കുന്നതിനും അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനും സർക്കാർ നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## (6) പഞ്ചായത്തുകളിലെ ലൈബ്രറി-ശിശുമന്ദിരം ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പതിനൊന്നിന പരിപാടിയനുസരിച്ച് നമ്മുടെ സംസ്ഥാനത്തിലെ ഗവൺമെന്റ് നേരത്തെ ലൈബ്രറികളും സാംസ്കാരിക നിലയങ്ങളും ശിശുമന്ദിരങ്ങളുമെല്ലാം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അവിടെ ലൈബ്രേറിയൻമാരായും ടീച്ചർമാരായും ആയമാരായും നിയമിക്കപ്പെട്ടിട്ടുള്ള കുറെ പാവപ്പെട്ടവരുടെ കാര്യമാണ് ഞാൻ പറയുന്നത്. ഏതാണ്ട് 10 വർഷക്കാലത്തിലധികം ജോലിചെയ്തിട്ടുള്ള ഇവരെ പഞ്ചായത്ത് ജീവനക്കാരായി അംഗീകരിക്കാൻ ഇനിയും തയ്യാറായിട്ടില്ല. അവരെ പഞ്ചായത്ത് ജീവനക്കാരായി അംഗീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവർക്ക് കിട്ടിയിരുന്ന നാമമാത്രമായിട്ടുള്ള പ്രതിഫലം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാലും അത് വളരെ അപര്യാപ്തമാണ്. ഇപ്പോൾ ടീച്ചർമാർക്ക് 700 രൂപയും ലൈബ്രേറിയന് 700 രൂപയും ആയമാർക്ക് 450 രൂപയുമാണ് കൊടുക്കുന്നത്. അവരുടെ തുച്ഛമായിട്ടുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അവർക്ക് ഉൽസവബത്ത കൊടുക്കുന്നില്ല. മറ്റ് ജീവനക്കാർക്ക് നൽകുന്നതുപോലെ 1500 രൂപ ഉൽസവബത്ത നൽകാനുള്ള നടപടി സ്വീകരിക്കണം. അവരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കണം. അവർക്ക് ഫെസ്റ്റിവെൽ അലവൻസ് നൽകണം. കേരള പഞ്ചായത്ത് ലൈബ്രേറിയൻസ് അസോസിയേഷന്റെയും ശിശുമന്ദിരം ജീവനക്കാരുടെയും സംയുക്തമായിട്ടുള്ള ആഭിമുഖ്യത്തിൽ ഈ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് അവർ ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ഉപവാസം അനുഷ്ഠിക്കുകയാണ്. ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, 1988-89 സാമ്പത്തികവർഷത്തിലാണ് പതിനൊന്നിന പരിപാടിയനുസരിച്ച് ലൈബ്രറികളും ശിശുമന്ദിരങ്ങളും പഞ്ചായത്തുകളിൽ സ്ഥാപിച്ചത്. ഇവയിൽ നിയമിതരായ ലൈബ്രേറിയൻമാർക്കും ടീച്ചർമാർക്കും ആയമാർക്കും രക്ഷിതാക്കളിൽനിന്നും മാസംതോറും ഒരു തുക ലഭ്യമാക്കി ആ തുക പ്രതിഫലം നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇവരുടെ നിയമനം താൽക്കാലികമായിരുന്നുവെങ്കിലും ഓരോ വർഷവും കാലാവധി നീട്ടിക്കൊടുക്കുകയായിരുന്നു. പിന്നീട് ലൈബ്രേറിയൻ, ടീച്ചർ, ആയ എന്നിവർക്ക് പ്രതിമാസം യഥാക്രമം 300, 330, 280 രൂപാ വീതം ഓണറേറിയം നൽകിപ്പോന്നു. 8.11.95-ലെ സർക്കാർ ഉത്തരവിൻപ്രകാരം ഓണറേറിയം യഥാക്രമം 400, 425, 350 എന്നീ ക്രമത്തിൽ ഉയർത്തി. വീണ്ടും 9.7.98-ൽ ഓണറേറിയം 700, 700, 460 എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. 418 ലൈബ്രേറിയൻമാരാണ് സംസ്ഥാനത്തിലെ ഗ്രാമപഞ്ചായത്തുകളിലുള്ളത്. 1996 മുതൽ ഇവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ അംഗൻവാടികളിലും ഇത്തരം ജീവനക്കാരുണ്ടെന്നും പഞ്ചായത്തുകളിൽ ജോലി നോക്കുന്നവരെ മാത്രമായി സ്ഥിരപ്പെടുത്താവുന്നതല്ലെന്നും ഇവരെയെല്ലാം സ്ഥിരപ്പെടുത്തുക സർക്കാരിന് വൻപിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്നുമുള്ള നിഗമനത്തിലാണ് എത്തിയത്. എന്നിരുന്നാലും ഇവരുടെ പ്രശ്നത്തിൽ ബഹു. മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കകത്തു നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതായിരിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.

## (7) തൈക്കാട് റെയിൽവേ മേൽപ്പാലത്തിനടുത്ത ഭൂമി അക്വയർ ചെയ്യുന്ന നടപടി നിറുത്തിവക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ :സർ, തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന് അടുത്ത് തൈക്കാട് റെയിൽവേ മേൽപ്പാലം മുതൽ കിഴക്കോട്ട് കിള്ളിയാറിന് അക്കരെവരെ റെയിൽവേലൈനിന് ഇരുവശവും പത്തുമീറ്റർ വീതിയിൽ സ്ഥലം അക്വയർ ചെയ്യുന്നതിന് റെയിൽവേ അധികൃതർ പ്രാരംഭ നടപടികൾ സ്വീകരിച്ചിരിക്കുന്നതായി അറിയുന്നു. ഇടതുവശത്ത് 500-ലധികം കുടുംബങ്ങൾ ഉപയോഗിക്കുന്ന റോഡും വലതുവശത്ത് വലിയശാല ഗ്രാമത്തിലെ ഏതാണ്ട് നൂറോളം ബ്രാഹ്മണ സമുദായങ്ങൾ താമസിക്കുന്ന അഗ്ര

LIBRARY ARCHIVES Kerala Legislative Assembly

ഹാരങ്ങളും ഈ സ്ഥലമെടുപ്പുമൂലം ഭാഗികമായി നഷ്ടപ്പെടുകയാണ്. പ്രസ്തുത സ്ഥലത്ത് റെയിൽവേലൈനിന് ഇരുവശവും പത്ത് മീറ്റർ അളന്ന് വീടിനുള്ളിൽ അടയാളം ചെയ്തുപോയതിൽനിന്നും സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതായി മനസ്സിലാക്കുന്നു. അടുത്തകാലത്ത് വലിയശാല ഭാഗത്ത് ജ്യോതിപുരത്ത് കിഴുക്കാംതൂക്കായ സ്ഥലം റെയിൽവേ ലൈനിന്റെ ഇരുവശവും ഇടിഞ്ഞുവീണ് ഭീക്ഷണിയായതിനെത്തുടർന്ന് ഇവിടെ സംരക്ഷണഭിത്തി കെട്ടാൻ റെയിൽവേ നടപടികൾ സ്വീകരിച്ചതാണ്. ഇപ്പോൾ ആ നടപടി പിൻവലിച്ചുകൊണ്ടാണ് ഭൂമി അക്വയർ ചെയ്തെടുക്കാനുള്ള റെയിൽവേയുടെ ശ്രമം ആരംഭിച്ചിരിക്കുന്നത്. ഒരു റീറ്റെയിനിംഗ് വാൾ നിർമ്മിച്ചാൽ തീരാവുന്ന പ്രശ്നത്തിന്റെ പേരിൽ പത്തുമീറ്റർ വീതിയിൽ നിരവധി കുടുംബങ്ങളെ വഴിയാധാരമാക്കിക്കൊണ്ട് ആ ഭൂമി അക്വയർ ചെയ്യുന്ന റെയിൽവേയുടെ നടപടികൾ നിറുത്തിവയ്ക്കാൻ ബഹു. ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. മൂന്നാമത് ഒരു ലൈൻ നിർമ്മിക്കുകയാണെങ്കിൽ സ്വമേധയാ ആളുകൾക്ക് ഒരു എതിർപ്പുമില്ല. ഇത് അങ്ങനെയല്ല ലൈൻ നിർമ്മിക്കാതെ, മണ്ണിടിഞ്ഞുവീണതിന്റെ പേരിൽ, കുടുംബങ്ങളെ വഴിയാധാരമാക്കുന്ന നടപടിയിൽനിന്നും റെയിൽവെ പിൻമാറുന്നതിന് ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, തിരുവനന്തപുരം നാഗർകോവിൽ സെക്ഷനിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിൽ ഭീഷണി നിലവിലുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഇരുവശത്തും പത്ത് മീറ്റർ വീതിയിൽ സ്ഥലം അക്വയർ ചെയ്താൽ മണ്ണിടിച്ചിൽ ഭീഷണി ഒഴിവാക്കാൻ കഴിയുമെന്ന് ദക്ഷിണ റെയിൽവേ ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരം ഡിവിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചില സ്ഥലങ്ങളിൽ റെയിൽവേ ലൈനിന് ഇരുവശത്തും പത്ത് മീറ്റർ വീതിയിൽ സ്ഥലം. അക്വയർ ചെയ്യുന്നതിന് റെയിൽവേ അധികൃതർ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുള്ളത്. കിഴുക്കാംതൂക്കായ സ്ഥലത്ത് റെയിൽവേലൈനിന് ഇരുവശത്തും മണ്ണിടിഞ്ഞ് ഭീഷണിയായതിനെത്തുടർന്ന് ഇരുവശത്തും സംരക്ഷണഭിത്തി നിർമ്മിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. തിരുവനന്തപുരം നാഗർകോവിൽ ഡിവിഷനിൽ വളരെ ഇടുങ്ങിയ സ്ഥലത്തുകൂടിയാണ് റെയിൽവേലൈൻ കടന്നുപോകുന്നത്. ഈ ഡിവിഷൻ രണ്ടുവരിയാക്കാൻ ഇരുവശത്തുനിന്നും ഭൂമി അക്വയർ ചെയ്തെടുക്കേണ്ടി വന്നു. രണ്ടു ലൈൻ നിലവിലുള്ള ഇവിടെ മൂന്നാമത് ഒരു ലൈൻ നിർമ്മിക്കുന്നില്ലെങ്കിൽ ഈ നടപടി പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സംഗതി വളരെ അടിയന്തിര സ്വഭാവമുള്ള സംഗതിയായി, അർജൻസി സർട്ടിഫിക്കറ്റ് ബേയ്സിൽ റെയിൽവേ എടുത്തിട്ടുണ്ട്. കനത്ത മഴയിൽ ഇനിയും മണ്ണിടിച്ചിൽമൂലം നാശം സംഭവിക്കാതിരിക്കാൻ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നതായിട്ടാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്. അല്ലാതെ മൂന്നാമത് ഒരു ലൈൻ നിർമ്മിക്കാൻവേണ്ടിയല്ല ഈ സ്ഥലമെടുപ്പെന്ന് റെയിൽവെ അധികൃതർതന്നെ അറിയിച്ചിട്ടുണ്ട്. നാട്ടുകാരുടെ ബുദ്ധിമുട്ട് എങ്ങനെ പരമാവധി കുറക്കാമെന്നതിനെ സംബന്ധിച്ചിടത്തോളം ആവശ്യമെന്നുകണ്ടാൽ ബഹു. അംഗവും റെയിൽവേ അധികൃതരുമായിട്ട് ഒരു ചർച്ച ചെയ്യാവുന്നതാണ്.

### (8) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയോടുള്ള അവഗണന

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ആലപ്പുഴ ട്രാൻസ്പോർട്ട് ഡിപ്പോയോട് ഗവൺമെന്റ് കാണിക്കുന്ന കടുത്ത അവഗണനയ്ക്കെതിരായിട്ടാണ് എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നത്. പൊതുവെ ഒരുപാട് പരാധീന

LIBRARY ARCHIVES Kerala Legislative Assembly

തകളനുഭവിക്കുന്നതാണ് ആലപ്പുഴ പട്ടണം. ജില്ലാ ഭരണ സിരാകേന്ദ്രം ഉൾക്കൊള്ളുന്ന, ഒരു മെഡിക്കൽകോളേജാശുപത്രിയും ഒരു ജില്ലാ ആശുപത്രിയും അടക്കമുള്ള, ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന, ഒരു പട്ടണമാണ് ആലപ്പുഴ പട്ടണം. അവിടെയുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോയെ കഴിഞ്ഞ കുറെനാളുകളായി അവഗണിച്ചുകൊണ്ടിരിക്കുകയാണ്. 111 ബസ്സുകൾ വേണ്ട സ്ഥാനത്ത് 98 ബസ്സുകളാണ് അവിടെ സർവ്വീസ് നടത്തുന്നത്. ഓരോ ദിവസവും ശരാശരി 16 ഷെഡ്യൂളുകളോളം ക്യാൻസൽ ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെ ഈ പ്രാവശ്യം ഗവൺമെന്റ് ആലപ്പുഴ നിന്നു ബാംഗ്ലൂരിലേക്ക് ഓടിയിരുന്ന ഒരു ബസ് ആലപ്പുഴയിൽനിന്നും കായംകുളത്തേക്ക് മാറ്റിയിരിക്കുകയാണ്. അതുപോലെ ആലപ്പുഴ-മാവേലിക്കര ബസ് സർവ്വീസ്, (ഒരു ദിവസം 3800 രൂപ കളക്ഷനുണ്ടായിരുന്ന ഏറ്റവും ലാഭത്തിലോടിക്കൊണ്ടിരുന്ന ഒരു ബസ്) ക്യാൻസൽ ചെയ്തിരിക്കുകയാണ്. ആലപ്പുഴ നിന്നും തെങ്കാശിയിലേയ്ക്കുള്ള ഒരു ബസ് എറണാകുളത്തേക്ക് മാറ്റിയിരിക്കുകയാണ്. ഇങ്ങനെ പരാധീനതകൾ പൊതുവായിട്ടുള്ള നഗരത്തിൽ മൂന്നുനാല് സർവ്വീസുകൾ പിൻവലിച്ചിരിക്കുകയാണ്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി നേരിട്ട് ഉത്തരവ് കൊടുത്തിരിക്കുകയാണ്. ഇത് വളരെ കടുത്ത പ്രതിഷേധമുള്ള കാര്യമാണ്. ആലപ്പുഴയിൽ താമസിക്കുന്ന നാലഞ്ച് എം.എൽ.എ.മാരുണ്ട്. അവരെല്ലാം ഈ വികാരം ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയെ അറിയിച്ചിരിക്കുകയാണ്. ആലപ്പുഴ ഡിപ്പോയിൽ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. ലാട്രിൻ സൗകര്യങ്ങളില്ല. ഭൂരിഭാഗം ബസ്സുകളും 5 ലക്ഷം കി. മീറ്റർ ഓടിക്കഴിഞ്ഞവയാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ബഹു. മന്ത്രിയുടെ നിലപാട് മാറ്റാൻ തയ്യാറാകുന്നില്ലെങ്കിൽ അനിശ്ചിതകാല നിരാഹാര സമരം കിടക്കേണ്ടിവരും.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ആലപ്പുഴ ഡിപ്പോയിൽ 93 ഷെഡ്യൂളുകളായിരുന്നു. ഇപ്പോൾ അത് 99 ഷെഡ്യൂളുകളായിട്ടുണ്ട്. ഇതിനായി 104 ബസ്സുകൾ നൽകാനേ കഴിഞ്ഞുള്ളൂ. അതിൽത്തന്നെ കുറച്ചു ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി മാറ്റിവച്ചിരിക്കുകയാണ്. തൻമൂലം എല്ലാ ദിവസങ്ങളിലും ചില സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല. ദേശസാൽകൃതമല്ലാത്ത മേഖലയിൽ വരുമാനം കുറഞ്ഞ സർവ്വീസുകളാണ് ഇപ്രകാരം ക്യാൻസൽ ചെയ്തത്. കെ.എസ്.ആർ.ടി.സി.ക്ക് ഇന്ന് നടത്താൻ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഷെഡ്യൂളുകൾ 3801 ആണ്. ഇതിനാവശ്യമുള്ളതിനെക്കാൾ 320 ബസ്സുകൾ കുറവാണ്. മാത്രമല്ല കൈവശമുള്ളതിൽ 395-ഓളം ബസ്സുകൾ സി.എഫ്. പണികൾക്കും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി മാറ്റിവച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള 715 ബസ്സുകളുടെ കുറവ് കേരളത്തിലെ എല്ലാ ബസ്സ്റ്റേഷനുകളെയും ബാധിക്കുന്നു. അടിയന്തിരമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കിയാൽ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. കെ.എസ്.ആർ.ടി.സി. ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കാനുള്ള സാമ്പത്തിക സഹായത്തിനായി ഹഡ്കോയുമായും വിവിധ കോ-ഓപ്പറേറ്റീവ് ബാങ്കുകളുമായും ചർച്ച നടത്തിവരികയാണ്. കൂടുതൽ പുതിയ ബസ്സുകൾ വാങ്ങുന്നതോടെ പഴയത് പിൻവലിക്കാനും കൂടുതൽ സർവ്വീസുകൾ ആരംഭിക്കാനും കഴിയും. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ സ്പെയർ പാർട്ടുകൾ അതാത് ഓഫീസുകളിൽ സമയത്ത് എത്തിക്കാൻ പലപ്പോഴും തടസ്സമുണ്ടാ



LIBRARY ARCHIVES Kerala Legislative Assembly

കുന്നു. ആലപ്പുഴ ബസ്സ്റ്റേഷനിലെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാന്റീൻ കെട്ടിടത്തിന്റെയും ജീവനക്കാരുടെ വിശ്രമ മുറികളുടെയും അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. ബസ്സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിട്ടുണ്ട്. ഇതും മറ്റ് അത്യാവശ്യ മരാമത്തു പണികളും സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്തു പൂർത്തിയാക്കുന്നതാണ്. അവിടെ കുറവുള്ള കണ്ടക്ടർമാരെയും മെക്കാനിക്കൽ വിഭാഗത്തിലെ ചാർജ്മാനെയും ട്രാൻസ്ഫർ മുഖാന്തിരം നിയമിക്കുന്നതാണ്. മെക്കാനിക്കൽ വിഭാഗത്തിൽ 8 മെക്കാനിക്കുകളുടെ കുറവാണുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നടത്താൻ യൂണിറ്റ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു സർവ്വീസും ആലപ്പുഴ ഡിപ്പോയിൽനിന്നും മാറ്റാൻ ഉത്തരവ് കൊടുത്തിട്ടില്ല. അംഗം ഉന്നയിച്ച പരാതി പരിശോധിക്കുന്നതാണ്. ആലപ്പുഴ ഡിപ്പോയെ സംബന്ധിച്ചിടത്തോളം അവിടത്തെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ചർച്ച സംഘടിപ്പിക്കുന്നതും സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്ന പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതുമാണ്.

## (9) അന്തിക്കാട് പഞ്ചായത്തിൽ ചുഴലിക്കൊടുങ്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ

ശ്രീമതി റോസമ്മ ചാക്കോ : സർ, കഴിഞ്ഞ വ്യാഴാഴ്ച രാവിലെ 8 മണിക്ക് അന്തിക്കാട് പഞ്ചായത്തിൽ ഹരിജൻ സെറ്റിൽമെന്റ് കോളനിക്കും ചുറ്റുമുള്ള കുറച്ച് സ്ഥലവും ചുഴലിക്കൊടുങ്കാറ്റുമൂലം താറുമാറായ സ്ഥിതിയിൽ കിടക്കുകയാണ്. അവിടെ 19 വീടുകൾക്ക് നാശനഷ്ടമുണ്ടായി. 3 വീടുകൾ നിശേഷം നശിച്ചു. ബാക്കി 16 വീടുകളുടെ അടിത്തറയും മേൽക്കൂരയുമെല്ലാം താറുമാറായി കിടക്കുകയാണ്. അവർക്ക് ധനസഹായമായി കളക്ടറേറ്റിൽനിന്നും വീട് നിശേഷം പോയവർക്ക് 3000 രൂപയും ബാക്കിയുള്ളവർക്ക് 500 രൂപയും വീതമാണ് കൊടുത്തത്. ഈ കോളനിയുടെ സ്ഥിതി ദയനീയമാണ്. 4 സെന്റ് സ്ഥലവും ചുറ്റുപാടും വളരെ വൃത്തിഹീനമായി കിടക്കുന്നു. കൂലിപ്പണിക്കുപോലും അവിടെ സൗകര്യമില്ല. അതുകൊണ്ട് ആരോടെങ്കിലും വായ്പ വാങ്ങി വീട് വയ്ക്കാമെന്നു വച്ചാൽ അതിനുള്ള സാഹചര്യവും അവിടെയില്ല. അതുകൊണ്ട് നിരാലംബരായ ആ കോളനി നിവാസികൾക്ക് വീട് നിശേഷം തകർന്നവർക്ക് പുതിയ വീട് വയ്ക്കാൻ കുറഞ്ഞത് 35,000 രൂപ വീതവും മറ്റ് കേടുപാടുകൾ സംഭവിച്ചവർക്ക് 25,000 രൂപ വീതവും നൽകി അവർക്ക് കിടന്നുറങ്ങാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ബഹു. മെമ്പർ പറഞ്ഞ സംഭവം അന്തിക്കാട് പഞ്ചായത്തിലാണ് ഉണ്ടായത്. 15-ാം തീയതി രാവിലെ 8.30 മണിക്കാണ് സംഭവമുണ്ടായത്. ചുഴലിക്കൊടുങ്കാറ്റുമൂലം തന്നെയാണ് നാശനഷ്ടങ്ങൾ ഉണ്ടായത്. വീട് നഷ്ടപ്പെട്ടവർക്ക് ഇപ്പോൾ നമ്മൾ കൊടുക്കുന്നത് 15,000 രൂപയാണ്. ഹൗസിംഗ് ബോർഡുമായി ചേർന്ന് 30,000 രൂപയ്ക്ക് വീട് വച്ചുകൊടുക്കുന്നതാണ്. വീട് ആവശ്യപ്പെട്ടാൽ ഹൗസിംഗ് ബോർഡുമായിട്ട് ചേർന്ന് പൂർണ്ണമായിട്ട് വീട് പണിതു തരണമെന്ന് അവർ റിക്വസ്റ്റ് ചെയ്താൽ ഒന്നിച്ച് ആ പൈസ ഹൗസിംഗ് ബോർഡിൽ ഞങ്ങൾ ഏൽപ്പിച്ച് ഒട്ടും കാലതാമസമില്ലാതെ അത് നിർവ്വഹിച്ചുകൊടുക്കും. ഇപ്പോൾ 5000 രൂപ വച്ച് അവർക്ക് അടിയന്തിരമായി സഹായം കൊടുത്തിട്ടുണ്ട്. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

പൈസ ഉടനെതന്നെ കൊടുക്കുന്നതാണ്. ഭാഗികമായി വീട് നഷ്ടപ്പെട്ട 12 പേരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അവർക്ക് അവരുടെ നാശനഷ്ടങ്ങൾ കണക്കാക്കി നഷ്ടപരിഹാരം ഉടനെ കൊടുക്കും. അതിനാവശ്യമായ ഫണ്ട് അവിടെയുണ്ട്. അതുപോലെ മൂന്നുനാലു കുടുംബങ്ങൾ വളരെ പ്രയാസമായ സാഹചര്യത്തിലാണെന്നുള്ളതുകൊണ്ട് അവർക്ക് സൗജന്യ റേഷൻ അവിടെ കൊടുത്തിട്ടുണ്ട്. മറ്റു കുടുംബങ്ങൾക്കും പ്രയാസമുണ്ടെങ്കിൽ അവർക്കും തീർച്ചയായും കൊടുക്കും. അവിടെ കൃഷിനാശം സംഭവിച്ചതിന്റെ കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം അടിയന്തിരമായി കൊടുക്കും. വളരെ ഗൗരവമായിത്തന്നെ അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടി അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. എം.എൽ.എ. അവിടെ എത്തുമ്പോൾ എല്ലാം നിർവ്വഹിച്ചിരിക്കും.

## (10) നദികളിൽ നിന്നും മണൽ വാരുന്നത് നിരോധിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

<u>ശ്രീ. എളമരം കരീം</u> : കേരളത്തിലെ 10 നദികളിൽനിന്നും മണൽ വാരുന്നത് നിരോധിച്ചുകൊണ്ടുള്ള കേരള ഹൈക്കോടതിയുടെ ഉത്തരവ് നിലവിൽ വന്നശേഷം, മണൽ ജോലിയിൽ ഏർപ്പെട്ടിരുന്ന 10,000 കണക്കിന് തൊഴിലാളികളും കെട്ടിട നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളും അനുഭവിക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ചാണ് ഞാൻ ഉന്നയിക്കുന്നത്. ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് റവന്യൂ വകുപ്പ് ചില നിരോധനങ്ങൾ ഏർപ്പെടുത്തിയതുകൊണ്ട് നിയന്ത്രിതമായ നിലയിൽ മണൽ വാരുന്നതിന് അനുവാദം നൽകി. മണൽവാരൽ പൂർണ്ണമായി നിരോധിക്കണമെന്ന് ആവശ്യപ്പെടുന്ന പരിസ്ഥിതി മൗലികവാദികൾ നമ്മുടെ നാട്ടിലുണ്ട്. ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. എന്നാൽ പൂർണ്ണമായും നിരോധനം ഏർപ്പെടുത്തുന്നത് പതിനായിരക്കണക്കിന് തൊഴിലാളികളെ വഴിയാധാരമാക്കുകയും നിർമ്മാണ മേഖലയെ പൂർണ്ണമായി സ്തംഭിപ്പിക്കുകയും ചെയ്യും. നമ്മുടെ പൊതുമരാമത്തു വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട് നടത്തേണ്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ പൂർണ്ണമായി സ്തംഭിക്കും. ഈ പ്രശ്നങ്ങൾ വീണ്ടും ചില ട്രേഡ് യൂണിയൻ സംഘടനകൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ചാലിയാർ മണൽവാരൽ തൊളിലാളികളുടെ സംയുക്ത സമര സമിതി ഈ പ്രശ്നം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ചാലിയാർ സംബന്ധിച്ച് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമാനുസൃതമായി ഈ കാര്യത്തിൽ അയവ് വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന്. ഇത് ചാലിയാറിന്റെ മാത്രം പ്രശ്നമല്ല കേരളത്തിലെ എല്ലാ നദികളിലും മണൽ വാരൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നമെന്ന നിലയിൽ നിയന്ത്രിതമായി മണൽ വാരാൻ അനുവാദം നൽകുന്ന ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇതു സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുമായിട്ട് കൂടിയാലോചന നടത്തി ആവശ്യമായ നടപടി സ്വീകരിക്കണം. ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. സി. മൊയീൻകുട്ടി എല്ലാവരും ഉൾക്കൊള്ളുന്ന ഒരു നിവേദനം ബഹു. മന്ത്രിക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u>) : സർ, ഇവിടെ ബഹു. അംഗം അവതരിപ്പിച്ച പ്രശ്നം സംസ്ഥാന വ്യാപകമായി ഇന്ന് നേരിടുന്ന ഗൗരവമായ ഒരു പ്രശ്നം തന്നെയാണ്. മണൽ എടുക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ പതിനായിരക്കണക്കിന് ചുമട്ടുതൊഴിലാളികളും മണൽ തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികളും നിലവിലുണ്ട്. അവരും വലിയ പ്രശ്നമാണ്. ദീർഘകാലമായി നദികൾ പഞ്ചായത്തുകളുടെ അധീനതയിലായിരുന്നു. അതുകൊണ്ട് ഈ അധികാരം ഉപയോഗിച്ച് നദികളിൽനിന്നും മണൽ വാരുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവകാശമുണ്ട്. അങ്ങനെ അവരാണ് ഇത് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ നദികളിൽനിന്നും അനധികൃതമായും അനിയന്ത്രിതമായും മണൽ വാരുന്നത് പരിസ്ഥിതിയെത്തന്നെ ബാധിക്കുന്നു. ഇത് നദിക്കുതന്നെ ഹാനി ഉണ്ടാക്കുന്നുവെന്നു പറഞ്ഞുകൊണ്ട് പരിസ്ഥിതി വാദികളും നദി സംരക്ഷണ സമിതിക്കാരും വ്യാപകമായ പ്രചരണത്തിലും പ്രക്ഷോഭണത്തിലും മുഴുകിയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി തന്നെ ഈ പ്രശ്നത്തിൽ ഒരു ഘട്ടത്തിൽ ഇടപെട്ടു. ഹൈക്കോടതി ഗവൺമെന്റിനോട് നിർദ്ദേശിച്ചതിനെത്തുടർന്നാണ് പ്രധാനപ്പെട്ട 9 നദികൾ പഞ്ചായത്തുകളുടെ അധികാര പരിധിയിൽ നിന്ന് ഒഴിവാക്കുകയും ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുകയും ചെയ്തത്. അതിനുശേഷം ആ 9 നദികളിൽനിന്നും മണൽ വാരാനുള്ള അവകാശം അതാതു തഹസീൽദാർമാർ ലേലം ചെയ്തു കൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. അങ്ങനെ ലേലം ചെയ്തു കൊടുക്കുകയാണ് ചെയ്തുവരുന്നത്. ലേലം ചെയ്തു കൊടുക്കുമ്പോൾ മണൽ കോൺട്രാക്ടർമാർ അമിതലാഭം നേടുന്നതിനുവേണ്ടി സർക്കാരിന്റെ എല്ലാ നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാരെയും പോലീസുകാരെയും സ്വാധീനിച്ചുകൊണ്ട് ധാരാളം മണൽ എടുക്കുന്നു. അത് പരിസ്ഥിതിയെ ബാധിക്കുന്നുവെന്ന് വ്യാപകമായി പരാതി വീണ്ടുമുണ്ടായി. അങ്ങനെ ഉണ്ടായതിനെത്തുടർന്ന് കർശനമായി അത് നിയന്ത്രിക്കണമെന്ന് ഹൈക്കോടതിയുടെ ഉത്തരവുണ്ടായി. അതിനെത്തുടർന്നാണ് ഓരോ വർഷത്തിലും തഹസീൽദാർമാർ ലേലം ചെയ്തുകൊടുക്കുന്ന നടപടി നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. അങ്ങനെ ഓരോ ജില്ലയിലും വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ആ സമിതികളുടെ പരിശോധനയ്ക്കു വിധേയമായി, ഓരോ വർഷവും ഒഴുകിവരുന്ന മണൽ, ഓരോ വർഷവും എടുക്കാവുന്ന മണൽ, എടുക്കാവുന്ന കടവുകൾ ഇതെല്ലാം നിർണ്ണയിച്ച് ചില നിയന്ത്രണങ്ങൾക്കു വിധേയമായി മാത്രമേ മണൽ എടുക്കാൻ പാടുള്ളൂവെന്നുള്ള നിർദ്ദേശം പുറപ്പെടുവിക്കുകയും ജില്ലാ കളക്ടർ അത് നടപ്പിലാക്കാൻ ശ്രമിക്കുകയും അത് പാലിക്കുമെന്ന് ഹൈക്കോടതിയിൽ ഉറപ്പുകൊടുക്കുകയും ചെയ്തതിനെത്തുടർന്നാണ് വീണ്ടും മണൽ എടുക്കാനുള്ള സൗകര്യം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. അങ്ങനെയാണ് കഴിഞ്ഞ കൊല്ലം ലേല നടപടി തുടർന്നുവന്നിരുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് ഒരു ചന്ദ്രശേഖരപിള്ളയും കുറേപ്പേരും ചേർന്ന് ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. ആ കേസ്സിന്റെ അടിസ്ഥാനത്തിൽ ഒരു കൊല്ലം മണൽ വാരുന്നതിന് അവധി പ്രഖ്യാപിക്കുമെന്ന് ഹൈക്കോടതി പറയുകയുണ്ടായി. അപ്പോൾ ഒന്നിടവിട്ട വർഷങ്ങളിലേ മണൽ എടുക്കാൻ പാടുള്ളൂ. ഇത്തരമൊരവസ്ഥ വന്നപ്പോൾ നമ്മുടെ സംസ്ഥാനത്ത് അത് വലിയൊരു പ്രതിസന്ധിക്ക് ഇടവരുത്തി. കാരണം റോഡിന്റെ പ്രവർത്തനം നടക്കണമെങ്കിലും മറ്റു നിർമ്മാണപ്രവർത്തനം നടക്കണമെങ്കിലും സ്വകാര്യവ്യക്തികൾക്ക് വീട് വയ്ക്കണമെങ്കിലും മണലിനുപകരം ഇതുവരെ മറ്റൊരു സാധനം കണ്ടുപിടിക്കപ്പെട്ടിട്ടില്ല എന്നുള്ളതുകൊണ്ട് മണൽ ഒരു അവശ്യഘടകമാണ്, അത്യാവശ്യഘടകമാണ്. ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ട് മണൽ കോൺട്രാക്ടർമാരും ബിസിനസ്സുകാരും കൊള്ള ലാഭമെടുക്കുന്ന നടപടികളും ആരംഭിച്ചു. അതുമൂലം മണലിന്റെ വില വളരെയധികം വർദ്ധിക്കാൻ ഇടവന്നു. അങ്ങനെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഒക്കെത്തന്നെ അധിക ബാദ്ധ്യത വരാനുള്ള ഒരു സാഹചര്യമുണ്ടായി. ഇത്തരമൊരു പ്രതിസന്ധി ഒഴിവാക്കണമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് തന്നെ ഒരു റിട്ട് അപ്പീൽ ഹൈക്കോടതിയിൽ ഫയൽ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായി ഓരോ വർഷവും ചില കടവുകൾ ഒഴിവാക്കുന്നതാണെന്നും അതു മുൻകൂട്ടി തീരുമാനിച്ച് ഐഡന്റിഫൈ ചെയ്ത് അത് കോടതിയെ ബോദ്ധ്യപ്പെടുത്തണമെന്നും ഗവൺമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ റിട്ട് അപ്പീൽ അംഗീകരിപ്പിച്ചുകൊണ്ട് ഗവൺമെന്റ് സ്റ്റേ സമ്പാദിച്ചു. ഹോളിഡേ പ്രഖ്യാപിക്കണമെന്നതിന് ഒരു സ്റ്റേ കിട്ടിയതിനെത്തുടർന്നാണ് വീണ്ടും മണൽ ഇപ്പോൾ എടുക്കുന്നത്. എന്നാൽ ഇപ്പോൾ വീണ്ടും നദി സംരക്ഷണ സമിതിയും പരിസ്ഥിതി വാദികളും പൂർണ്ണമായും മണലെടുക്കുന്നത് നിരോധിക്കണമെന്ന ആവശ്യങ്ങളുമായി രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പല ജില്ലകളിലും പല രീതികളിലാണ് ഈ പ്രശ്നങ്ങളെ നോക്കിക്കാണാൻ സാധിക്കുന്നത്. അങ്ങനെയൊരു സങ്കീർണ്ണമായ സ്ഥിതി നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി പലരും ജനങ്ങളെ ചൂഷണം ചെയ്യാൻ ശ്രമിക്കുകയാണ്. ഈ അവസ്ഥയിൽ ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് മാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ. നദി സംരക്ഷിക്കേണ്ടത് ആ സ്റ്റേറ്റിന്റെ ഒരാവശ്യമാണ്. നദിയുടെ സംരക്ഷണം ഉറപ്പുവരുത്തണം. പരിസ്ഥിതിവാദികളുടെ ആശങ്കകൾക്കും പരിഹാരമുണ്ടാക്കുന്ന രീതിയിലേ ആ പ്രശ്നങ്ങളെ സമീപിക്കാൻ കഴിയൂ. എന്നാൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ജീവിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവരും വളരെ ആശങ്കാകുലരാണ്. അപ്പോൾ അവർക്കും ഈ നിബന്ധനകൾക്ക് വിധേയമായി മണലെടുക്കാൻ അവസരമുണ്ടാകും എന്ന ഒരു ഉറപ്പും വരുത്തേണ്ടതുണ്ട്. അതുകൊണ്ട് എല്ലാ ഘടകങ്ങളുംകൂടി പരിശോധിച്ച് എല്ലാവരുമായി ചർച്ചചെയ്ത് ഈ പ്രശ്നങ്ങളിൽ ന്യായമായ ഒരു പരിഹാരമുണ്ടാക്കണമെന്നാണ് ഞങ്ങളാഗ്രഹിക്കുന്നത്. ഇപ്പോൾ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, ഗവൺമെന്റിന്റെ നിബന്ധനകൾ നടപ്പിലാക്കിക്കൊണ്ട്, പരിസ്ഥിതിവാദികളുടെയും നദിസംരക്ഷണ സമിതിക്കാരുടെയും താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചുമട്ടുതൊഴിലാളികൾക്കും മണൽത്തൊഴിലാളികൾക്കും തൊഴിൽ കിട്ടുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണമെന്നാണ് എം.എൽ.എ.മാർ, ജനപ്രതിനിധികൾ, ട്രേഡ് യൂണിയൻ സംഘടനകൾ എല്ലാം കഴിഞ്ഞ കാലങ്ങളിൽ ആവശ്യപ്പെട്ടിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ വരുന്ന 29-ാം തീയതി നമ്മുടെ സംസ്ഥാനത്തെ ഈ മേഖലയിലെ പ്രധാനപ്പെട്ട തൊഴിലാളി സംഘടനകളുടെ പ്രതിനിധികളും ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ഒരു ചർച്ച തീരുമാനിച്ചിട്ടുണ്ട്. ആ ചർച്ചയിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ അന്നുതന്നെ ഉച്ചയ്ക്കുശേഷം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാരും ട്രേഡ് യൂണിയനുകളുടെ പ്രധാനപ്പെട്ട പ്രതിനിധികളും ചേർന്നിരുന്ന് ചർച്ചചെയ്ത് രമ്യമായ ഒരു പരിഹാരമുണ്ടാക്കി ഈ പ്രശ്നം പരിഹരിക്കണമെന്നാണ് ഗവൺമെന്റാഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടിയെടുക്കും.

### (11) ട്രാവൻകൂർ റയോൺസിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. പി.പി. തങ്കച്ചൻ : സർ, പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ഏതാണ്ട് രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ട്രാവൻകൂർ റയോൺസ് ഫാക്ടറി ഓരോ ദിവസം ചെല്ലുന്തോറും ആ സാമ്പത്തിക പ്രതിസന്ധി കാരണം തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മാറിമാറി വന്ന സർക്കാരുകളൊക്കെത്തന്നെ ഈ കമ്പനിയുടെ പ്രവർത്തനം നിലയ്ക്കാതിരിക്കാനും കമ്പനി നന്നായി പ്രവർത്തിക്കാനുംവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ പുനരുദ്ധാരണ നടപടികൾ ഇതേവരെ പൂർണ്ണമായി വിജയിച്ചിട്ടില്ല. ഇപ്പോഴത്തെ ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രിയും ഈ കാര്യത്തിൽ ധാരാളം ആത്മാർത്ഥത കാണിക്കുന്നുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള കാര്യം തുറന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണ്. പക്ഷെ കാര്യങ്ങൾ പൂർണ്ണമായി വിജയിച്ചിട്ടില്ല. ബഹു. മുഖ്യമന്ത്രി തന്നെ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥൻമാരെചേർത്ത് ഒരു ഉന്നതതല കോൺഫറൻസ് വിളിക്കുകയുണ്ടായി. ഈ കോൺഫറൻസിലെ തീരുമാനപ്രകാരം ഒരു ഹൈ ലെവൽ കമ്മിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. ആ കമ്മിറ്റി അടുത്ത കാലത്ത് ഞാൻ മനസ്സിലാക്കിയിടത്തോളം ഈ കമ്പനിയുടെ പ്രവർത്തനം പൂർണ്ണതയിൽ എത്തിക്കാൻവേണ്ടി 23 കോടി രൂപ വേണ്ടിവരുമെന്നുള്ള റിപ്പോർട്ട് ഗവൺമെന്റിലേക്ക് കൊടുത്തിരിക്കുകയാണ്. ഈ രൂപ ഒന്നുകിൽ കെ.എസ്.ഐ.ഡി.സി. യിൽ നിന്നു കൊടുക്കണം. അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളിൽനിന്നു ലഭ്യമാക്കണം. അല്ലെങ്കിൽ ഏതെങ്കിലും പ്രമോട്ടറെ കണ്ടുപിടിക്കേണ്ടിവരും. അല്ലെങ്കിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനവുമായി ഈ കമ്പനിയെ ബന്ധപ്പെടുത്തേണ്ടിവരും. അതിൽ ഏതെങ്കിലുമൊരു നടപടി സ്വീകരിച്ചുകൊണ്ട് വളരെ അടിയന്തിരമായി ഈ രൂപ ലഭ്യമാക്കിയില്ലെങ്കിൽ രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ആ പ്രദേശത്തിന്റെ മൊത്തത്തിൽ പുരോഗതിക്ക് അടിസ്ഥാനമായി നിലനിൽക്കുന്ന ഈ ഫാക്ടറി പൂട്ടേണ്ട ഒരു സ്ഥിതിവിശേഷത്തിലേക്ക് നീങ്ങും. അതുകൊണ്ട് ബഹു. മന്ത്രി അടിയന്തിരമായി ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ട്രാവൻകൂർ റയോൺസിന്റെ പ്രശ്നം വളരെ ഗൗരവമായി തന്നെയാണ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്തിട്ടുള്ളത്. ഒരുപക്ഷെ നിയമങ്ങൾക്ക് വിധേയമായി എന്ന് പറയാൻ പറ്റില്ല. പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള ഫണ്ടിൽനിന്നും രണ്ടേമുക്കാൽ കോടി രൂപ ആദ്യംതന്നെ കൊടുത്ത് അതിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തു. വലിയൊരു സാമ്പത്തിക ബാദ്ധ്യത ഈ കമ്പനിക്ക് ഉള്ളതുകൊണ്ട് അത് മുന്നോട്ടു കൊണ്ടുപോകാൻ വളരെയധികം പ്രയാസപ്പെടുകയാണ്. എങ്കിലും മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ വച്ച് കെ.എസ്.ഐ.ഡി.സി.യെ ഈ ചുമതല ഏർപ്പെടുത്തിയതിനുശേഷം രണ്ടുകോടി രൂപ വീണ്ടും കൊടുത്തു. അതിനുശേഷം ഇപ്പോൾ കെ.എസ്.ഐ.ഡി.സി. ജെ.ആർ. രാസയ്യയെ കൺസൾട്ടന്റായി നിയമിച്ചു. കൺസൾട്ടന്റിന്റെ പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷമേ അതിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് വേണ്ട നടപടി കൈക്കൊള്ളാൻ കഴിയൂ. കെ.എസ്.ഐ.ഡി.സി. ക്കാണെങ്കിലും പണം വേഗമെടുത്ത്, രണ്ടുകോടി രൂപ അത്യാവശ്യകാര്യങ്ങൾക്ക് കൊടുത്തു. ബാക്കിയുള്ളത് ഇനി അവരുടെ റിപ്പോർട്ട് വന്ന് ഒരു പാക്കേജ്പോലെ ഉണ്ടാക്കിയിട്ട് അതിനാവശ്യമായിട്ടുള്ള പണം ബാദ്ധ്യത തീർക്കുന്നതിന് ഒരു പക്ഷെ ഗഡുക്കളായിത്തന്നെ നമുക്ക് കൊടുക്കാൻ കഴിയും. അതിനൊരു വ്യവസ്ഥ വച്ചിട്ട് തൽക്കാലം കൊടുക്കാവുന്ന പണം കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വീണ്ടും വീണ്ടും കെ.എസ്.ഐ.ഡി.സി.യുമായിട്ടും മറ്റും നിരന്തരമായി ബന്ധപ്പെടുന്നുണ്ട്. രാസയ്യയുടെ റിപ്പോർട്ടു വന്നുകഴിഞ്ഞാൽ ആവശ്യമായ നടപടി കൈക്കൊള്ളാനും അതിനെ രക്ഷിക്കാനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

## (12) വികലാംഗരുടേയും വിധവകളുടേയും വൃദ്ധജനങ്ങളുടെയും പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേരള സർക്കാർ 1,14,000 പേർക്ക് വികലാംഗ പെൻഷനും 1,67,000 പേർക്ക് വിധവാ പെൻഷനും 1,19,000 പേർക്ക് വാർദ്ധക്യകാല പെൻഷനും നൽകുന്നുണ്ട്. ഈ മൂന്നു വിഭാഗങ്ങൾക്കും പ്രതിമാസം 110 രൂപ വീതമാണ് പെൻഷൻ നൽകുന്നത്. 1999 മാർച്ച് മാസം വരെ 8,87,00,000 രൂപ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. കുടിശ്ശിക അടക്കം ഈ സാമ്പത്തിക വർഷം മുഴുവൻ പെൻഷനും കൊടുക്കണമെങ്കിൽ 11 കോടി 73 ലക്ഷത്തി എൺപതിനായിരം (11,73,80,000) രൂപ വേണ്ടി വരും. ഓണത്തിന് മുൻപ് പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുക്കുവാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണം. പ്രതിമാസ പെൻഷൻ 150 രൂപ ആക്കിയെ ങ്കിലും വർദ്ധിപ്പിക്കണം. ഇപ്പോൾ വികലാംഗ പെൻഷൻ ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 6000 രൂപയിൽ താഴെയും വിധവാ പെൻഷൻ ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 3600 രൂപയിൽ താഴെയും വാർദ്ധക്യകാലപെൻഷൻലഭിക്കുന്നതിന് കുടുംബവാർഷികവരുമാനം 11,000 രൂപയിൽ താഴെയും ആയിരിക്കണമെന്നാണ് വ്യവസ്ഥ. ഇപ്പോൾ വരുമാന സർട്ടിഫിക്കററുകൾ ലഭിക്കുവാൻ ഇവർ വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. അർഹിക്കുന്നവർക്ക് പെൻഷൻ കിട്ടുന്നില്ല. കുടുംബ വാർഷിക വരുമാന പരിധി 24,000 രൂപയായി ഉയർത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കെല്ലാം പെൻഷൻ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകണമെന്നഭ്യർത്ഥിക്കുന്നു. പെൻഷൻ കുടിശ്ശിക ഉടനെ കൊടുത്തുതീർക്കണമെന്നും അഭ്യർത്ഥിക്കുന്നു.

11 AM

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, അവശതയനുഭവിക്കുന്ന ജനവി ഭാഗങ്ങൾ എന്ന നിലയ്ക്ക് വൃദ്ധജനങ്ങളുടെയും വിധവകളുടെയും വികലാം ഗരുടെയും പ്രശ്നങ്ങൾക്ക് വളരെ പ്രധാനപ്പെട്ട പരിഗണന നൽകുന്ന നയ മാണ് ഈ ഗവൺമെന്റ് ഈ കാലമത്രയും അവലംബിച്ചിട്ടുള്ളത്.വികലാംഗ രുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യംവച്ച് ഒട്ടേറെ ക്ഷേമപദ്ധതികൾ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലൂടെയും സാമൂഹ്യക്ഷേമ വകു പ്പിലൂടെയും നടപ്പാക്കിവരുന്നുണ്ട്. 12,000 രൂപയിൽ കുറഞ്ഞ വാർഷികവരുമാനം ഉള്ള വികലാംഗർക്ക് സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിക ലാംഗരായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്സ്.സി നിയമനങ്ങളിൽ 3 ശതമാനം സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭകർക്കായി വിക ലാംഗ ക്ഷേമ കോർപ്പറേഷൻ ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുകയും വായ്പ ലഭ്യമാകുന്നവർക്കെല്ലാം രണ്ടായിരം രൂപ നിരക്കിൽ സബ്സിഡി അനു വദിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബ ന്ധിച്ച് 1997 ജനുവരി ഒന്നു മുതൽ 1998 ആഗസ്റ്റ് 14-ാം തീയതി വരെയുള്ള കാലയളവിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന വിക ലാംഗരെ സ്ഥിരപ്പെടുത്തി. വൃദ്ധജനങ്ങളുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളും സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പാ ക്കുന്നു. പത്തനംതിട്ട ജില്ല ഒഴികെയുള്ള 13 ജില്ലകളിലും ഗവൺമെന്റ് വൃദ്ധസ ദനങ്ങൾ നടപ്പാക്കിവരുന്നു. പത്തനം തിട്ടയിലും കെട്ടിടം കെട്ടിയാൽ അവി ടെയും ഉടൻ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ 82 അംഗീകൃത വൃദ്ധസദന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ 4920 അന്തേവാസികൾക്ക് 100 രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റും നൽകിവരുന്നു. പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി 5000 രൂപാ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. നേരത്തെ 2500 രൂപ നിരക്കിൽ നൽകിയിരുന്ന സഹായമാണ് ഈ സർക്കാർ 5000 രൂപയായി ഉയർത്തിയത്. വികലാംഗർ, വിധവകൾ , വൃദ്ധജനങ്ങൾ എന്നിവർക്ക് നൽകിവരുന്ന പെൻഷൻ തുക ഉയർത്തണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. 110 രൂപാവച്ച് കൊടുക്കണമെങ്കിൽത്തന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 11 കോടി 73 ലക്ഷം രൂപ വേണ്ടി വരും. ഈ സാഹചര്യത്തിൽ 10 രൂപ വർദ്ധിപ്പിച്ചാൽ വലിയ സാമ്പത്തിക ബാദ്ധ്യതയാണ് വരുന്നത്. ഇപ്പോൾ നമ്മുടെ മുൻപിലുള്ള പ്രശ്നം 110 രൂപ വച്ച് ഇവർക്കെല്ലാം കൊടുക്കുക എന്നുള്ളതാണ്. അതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഡ്ജററി പ്രൊവിഷൻ മതിയാകുന്ന രൂപത്തിൽ ഇല്ല എന്നുള്ളതാണ് പ്രശ്നം

## (13) കായംകുളം-മുട്ടം ബസാർ പാലത്തിന്റെയും വനിതാ പോളിടെക്നിക്കിന്റെയും നിർമ്മാണം

<u>ശ്രീ. ജി. സുധാകരൻ</u> : സർ, 1997 മുതൽ ബഡ്ജറ്റിൽ വന്നിട്ടുള്ള കായംകുളം ബസ്സാർ പാലം നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. ഡ്രിക്കിന്റെ നിരുത്തരവാദിത്വമാണ് പ്രധാന കുഴപ്പം. ജൂലൈ മാസത്തിൽ തറക്കല്ലിടണമെന്ന നിർദ്ദേശം മരാമത്തു വകുപ്പു നടപ്പാക്കിയിട്ടില്ല. 3-ാം വർഷവും ബഡ്ജറ്റിലുള്ള തുക നഷ്ടപ്പെടുമോ എന്ന് കായംകുളം പൗരാവലി ഭയപ്പെടുന്നു. 14 വർഷമായി യു.പി സ്കൂളിൽ പ്രവർത്തിക്കുന്ന കായംകുളം വനിതാ പോളിടെക്നിക്കിന് നിരവധി സമ്മർദ്ദങ്ങളുടെ ഫലമായിട്ടും സർക്കാരിന്റെ അനുകൂല നടപടികളുടെ ഫലമായിട്ടും 6 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.നാളിതുവരെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടില്ല. ഈ തവണ ബഡ്ജററിൽ കോടിക്കണക്കിനു രൂപ വക കൊള്ളിച്ചത് നഷ്ടപ്പെടുമോ എന്ന് ഭയപ്പെടുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇത് തീർക്കുന്നതിന് തിരുവനന്തപുരത്തെ ഡി.റ്റി.ഇ ഓഫീസിലും മരാമത്ത് ഡിസൈൻ സി.ഇ ഓഫീസിലും താൽപര്യം കാട്ടുന്നില്ല. ഡ്രിക്ക് ഉത്തരവാദിത്വം സമയത്ത് നിർവഹിക്കുന്നില്ല. വനിതാ പോളിടെക്നിക് 4 നിലയായി ഇപ്പോൾത്തന്നെ നിർമ്മിച്ചാൽ സ്ഥലം പരമാവധി ഉപയോഗിക്കാൻ കഴിയും. അതിന് ആവശ്യമായ നിർദ്ദേശം ഡ്രിക്കിന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ കായംകുളം ബസാർ പാലത്തിന്റെ തറക്കല്ലിട്ട് പണി തുടങ്ങണം . വനിതാ പോളിയ്ക്ക് തറക്കല്ലിട്ട് പണി തുടങ്ങാൻ കർശനമായ നടപടിയുണ്ടാകണം. സർക്കാരിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ യഥാസമയം പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥൻമാർ കസേരകളിൽ ഇരിക്കാൻ പാടില്ല എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, കായംകുളം - മുട്ടം ബസ്സാർ പാലത്തിന്റെയും റോഡിന്റെയും നിർമ്മാണത്തിന് 180 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പണിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ജോലിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഈ പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം കായംകുളം മുനിസിപ്പാലിറ്റിയിൽ നിന്നും ഇതുവരെ കൈമാറ്റം ചെയ്തുകിട്ടിയിട്ടില്ല. അത് ലഭ്യ

LIBRARY ARCHIVES Kerala Legislative Assembly

മാകുന്നതോടുകൂടി ഇതിനുള്ള അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. ഡ്രഡിക്കിന്റെ ഭാഗത്തുനിന്നും വേഗത കൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. അതുപോലെ കായംകുളം പോളിടെക്നിക്കിനു സ്ഥലം എടുക്കുന്നതിനു 150 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചു. ഈ വർഷം വീണ്ടും 94 ലക്ഷം രൂപ കൂടി നൽകിയിട്ടുണ്ട്. 2.3 ഹെക്ടർ സ്ഥലവും ഇതിനോടകം ഏറ്റെടുത്തിട്ടുണ്ട്. അവിടെ കെട്ടിടം പണിയുന്നതിനുള്ള മണ്ണു പരിശോധന എൽ.ബി.എസ് നെ ഏൽപ്പിച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഡിസൈൻ ഏറ്റവും വേഗമാക്കി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. കാലവിളംബം ഉണ്ടാകാതെ കാര്യങ്ങൾ നീക്കാൻ പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്.

## (14) മുസ്ലീം-നാടാർ മുതലായ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ലംപ്സം ഗ്രാന്റ്

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : സർ, തിരുവനന്തപുരം ജില്ലയിലെ നാടാർ മുസ്ലീം വിദ്യാർത്ഥിനികൾക്ക് മൂന്നു വർഷമായി ലഭിക്കേണ്ട ലംപ്സം ഗ്രാന്റ് ലഭിക്കുന്നില്ല.വെറും 100 രൂപയാണ് നൽകുന്നത്. ത്രിതല പഞ്ചായത്ത് സംവിധാനവും അധികാര വികേന്ദ്രീകരണവും നടപ്പിലാക്കിയതിന്റെ ഫലമായി യു.പി.സ്ക്കൂളുകളും ഹൈസ്ക്കൂളുകളും ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. എന്നാൽ ജില്ലാ പഞ്ചായത്തുകൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനാവശ്യമായ തുക അലോട്ട് ചെയ്ത് ലഭിക്കാത്തതുകൊണ്ടാണ് ഈ തുക വിദ്യാർത്ഥിനികൾക്ക് ലഭിക്കാത്തത്. എല്ലാ വിദ്യാർത്ഥിനികൾക്കും ഈ ആനുകൂല്യം നൽകുന്നതിനു വേണ്ടി അതിനാവശ്യമായ അലോട്മെന്റ് ഉണ്ടാകണം. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഏതാണ്ട് തിരുവനന്തപുരം ജില്ലയിൽ 320 സ്കൂളുകളാണ് ഉള്ളത്. ഈ സ്ക്കൂളുകളിലേക്ക് 67,54,891 രൂപ വേണം. അലോട്മെന്റ് ഈ 3 വർഷത്തേക്കുമായി നൽകിയിട്ടുള്ളത് 28,84,371 രൂപ. ഇപ്പോൾത്തന്നെ 38,70,521 രൂപ കുടിശ്ശികയുണ്ട്.എത്രയും വേഗം ഈ തുക അനുവദിച്ച് ഓണത്തിനു മുൻപുതന്നെ കുട്ടികൾക്ക് ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഈ ആനുകൂല്യം ലഭിക്കേണ്ട പല കുട്ടികളും ഇപ്പോൾ പ്രീഡിഗ്രി വരെ കഴിഞ്ഞിട്ടുണ്ട്.അവർക്കുകൂടി ഈ കുടിശ്ശിക കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. ധനകാര്യമന്ത്രി ഇതിനാവശ്യമായ പണം അനുവദിക്കുകയും എത്രയും വേഗം ഈ കുടിശ്ശിക കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മുസ്ലീം നാടാർ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകാനായി 1998-99 വർഷത്തേക്ക് 160 ലക്ഷം രൂപ വകയിരുത്തിയിരുന്നു.അത് അപര്യാപ്തമാണ് എന്ന് ചൂണ്ടിക്കാണിച്ചതിന്റെ വെളിച്ചത്തിൽ ഒരു കോടി രൂപയും കൂടി അധികാരികമായി നൽകി. എന്നാൽ ഇപ്പോൾ പരിശോധിച്ചപ്പോൾ ഇനിയും വലിയ ഒരു കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്. ഈ വർഷത്തെ ആവശ്യത്തിനായി 180 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പ്രശ്നം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയിലും വന്നിരുന്നു. ഈ 180 ലക്ഷം രൂപ ബഡ്ജറ്റ് പാസ്സായാൽ ഉടൻ തന്നേ കൊടുത്തു തീർക്കുന്നതാണ്. ബാക്കിയുള്ള തുക ഇതു കൊടുത്തുതീർക്കുന്നതോടു കൂടി ധനകാര്യ വകുപ്പു മന്ത്രിയിൽ നിന്നും നൽകും എന്നാണ് അറിയിച്ചിട്ടുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

(15) മങ്കട മണ്ഡലത്തിലെ കൊളമംഗലം - കരേക്കാട് -കാടാകുളങ്ങര റോഡിന്റെ ദുരവസ്ഥ

ശ്രീ. കെ.പി.എ. മജീദ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കൊളമംഗലം - കരേക്കാട് - കാടാകുളങ്ങര റോഡ് വളരെ ശോചനീയമായ സ്ഥിതിയിലാണ്. എല്ലായിടത്തും അങ്ങനെയാണെങ്കിലും അവിടുത്തെ ഗതാഗതം വളരെ ബുദ്ധിമുട്ടിലാണ്. റേഷൻ ഷോപ്പിലേക്ക് അരി കൊണ്ടുപോകാൻ തന്നെ പ്രയാസകരമായ ഒരു സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. ഈ സബ്മിഷൻ ഉന്നയിക്കുന്നതുകൊണ്ട് കാര്യമുണ്ട്. ഇന്നലെ എഞ്ചിനീയർ കുറച്ചുകല്ലും മറ്റു സാധനങ്ങളുമൊക്കെ അവിടെ എത്തിച്ചിട്ടുണ്ട്. അത് തൽക്കാലം കുഴിയടയ്ക്കാൻ വേണ്ടിയാണ്. എന്റെ സബ്മിഷൻ മറ്റൊരു കാര്യത്തിനുകൂടിയാണ്. റീ ടാറിംഗ് ചെയ്യാതെ ആ പണി പൂർത്തിയാകില്ല. അതുകൊണ്ട് അതിനു എസ്റ്റിമേറ്റുണ്ടാക്കി ആ ഒരു സൗകര്യംകൂടി ചെയ്യാൻ ബഹു. മന്ത്രി കനിയണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്): സർ, കൊളമംഗലം കരേക്കാട് കാടാകുളങ്ങര റോഡിന്റെ പണി 1994 ൽ പൂർത്തിയാക്കിയതിനുശേഷം നോൺ പ്ലാൻ സ്കീമിൽ ഇതിന്റെ ഉപരിതലം പുതുക്കുന്നതിന് ഒരു ടെണ്ടർ ക്ഷണിച്ചു. പക്ഷെ പ്രതികരണം ഉണ്ടായില്ല. പിന്നെ അത് ക്വട്ടേഷനു കൊടുക്കാൻ തീരുമാനം എടുത്തപ്പോൾ, ഇപ്പോൾ 80 ശതമാനം ഉയർന്ന നിരക്കിൽ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മൊയ്തൂട്ടി എന്ന കോൺട്രാക്ടറാണ് ഇത് നടത്തേണ്ടത്. ഇനി എഗ്രിമെന്റ് വച്ച് പണി തുടങ്ങിയാൽ മതി. ടെണ്ടർ കമ്മിറ്റി അതിന് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുകയാണ്.

(16) നാളികേര കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. സി.എൻ. ജയദേവൻ : സർ, നിയമസഭാ നടപടികൾ വളരെ ശ്രദ്ധയോടുകൂടി വീക്ഷിക്കുന്ന എന്റെ നാട്ടിലെ നാളികേരക്കൃഷിക്കാർ കഴിഞ്ഞയാഴ്ചയിൽ ഞാൻ വീട്ടിൽ ചെന്നപ്പോൾ ഒരു പരാതി പറഞ്ഞു. അതായത്, നിയമസഭയിൽ സ്ഥിരമായി റബ്ബറിന്റെ വിഷയം ചർച്ചചെയ്യുന്നുണ്ട്. റബ്ബർ വില നിശ്ചയിക്കുന്നതിനെക്കുറിച്ചും അത് ഏറ്റെടുക്കുന്നതിനെക്കുറിച്ചുമൊക്കെയുള്ള തർക്കങ്ങൾ. ആരാണ് ഇതിൽ കൂടുതൽ സമർത്ഥരെന്ന് മിക്കവാറും ശ്രീ. മാണി സാറും ശ്രീ. പി. സി.ജോർജും എന്തൊക്കെ തർക്കമാണിവിടെ. ഇതെല്ലാം വീക്ഷിക്കുന്ന നാളികേരക്കൃഷിക്കാർ പറയുന്നത് നാളികേരകർഷകരുടെ പ്രശ്നങ്ങൾ വളരെ സജീവമായി ഉന്നയിക്കുന്നില്ല എന്നാണ്. ഇപ്പോൾ അവർ നേരിടുന്ന മുഖ്യമായ പ്രശ്നം പ്രത്യേകിച്ചും തൃശ്ശൂർ ജില്ലയിൽ വ്യാപകമായ മണ്ഡരി രോഗം ബാധിച്ചു നാളികേരത്തിന്റെ എണ്ണം കുറയുന്നു. തൂക്കം കുറയുന്നു. മാത്രമല്ല നാളികേര കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ല. അതുകൊണ്ട് നാളികേരക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ , മണ്ഡരി രോഗത്തിനുള്ള പ്രതിരോധ നടപടികൾ കുറെക്കൂടി പ്രായോഗികമായി നടപ്പിലാക്കൽ, നാളികേരത്തിന് ഒരു നിശ്ചിത വില കിട്ടുന്ന രൂപത്തിൽ നാളികേര കർഷകരെ സാമ്പത്തികമായി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : നിയമസഭാ നടപടികൾ വളരെ ശ്രദ്ധയോടെ വീക്ഷിക്കുന്ന അങ്ങയുടെ നാട്ടുകാർക്ക് പ്രത്യേക നന്ദി.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, തെങ്ങിന്റെ മണ്ഡരി എന്നു പറയുന്ന രോഗം ഏഷ്യയിൽ ആദ്യമായിട്ടാണ് പിടികൂടുന്നത്. തെക്കൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നാണ് ഇത് ഇങ്ങോട്ടു വന്നതെന്നാണ് നമ്മുടെ തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ സൈന്റിസ്റ്റുകളും കാർഷിക സർവ്വകലാശാലയിലെ ഗവേഷകരും ഒക്കെ പറയുന്നത്. അതിനു പ്രതിവിധിയും കണ്ടെത്തിയിട്ടുണ്ട്. അത് ഉപരോധിക്കാൻ വേണ്ട മരുന്ന് ഗവൺമെന്റ് സൗജന്യമായി കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒക്ടോബർ നവംബർ മാസങ്ങളിൽ മാത്രമേ ഈ മരുന്നുതളി സാധ്യമാകൂ. അപ്പോൾ ഇതിനാവശ്യമായ ചെലവിന്റെ ഒരു ഭാഗം സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിഭാഗം ത്രിതല പഞ്ചായത്തുകൾ വഹിക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമം കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. കാറ്റു വീഴ്ച രോഗം, പത്തെഴുപത് വർഷങ്ങളിലേറെയായി വന്നിട്ട് . ഈ വർഷം 1,70,000 തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു തെങ്ങ് വെട്ടിമാറ്റാൻ 200 രൂപയാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. വെട്ടിമാറ്റുന്ന തെങ്ങിൻതടികൾക്ക് ന്യായമായ വില കർഷകന് കൊടുത്ത് ഗവൺമെന്റ് തന്നെ ശേഖരിക്കാൻ വേണ്ടിയുള്ള നടപടിയും നടപ്പാക്കും. ജല സേചന സൗകര്യത്തിനുവേണ്ടി ഈ വർഷം 540 ലക്ഷം രൂപ വകകൊള്ളിച്ചി ട്ടുണ്ട്. ഇതിന്റെ മറ്റൊരു ഭാഗമായിട്ട് 300 പമ്പുസെറ്റുകൾ കൃഷിക്കാർക്ക് സൗജന്യമായി നൽകും. വളപ്രയോഗത്തിനും സസ്യസംരക്ഷണ പ്രവർത്തന ത്തിനുമായിട്ട് 799.25 ലക്ഷം രൂപ ചെലവഴിക്കുന്നതിനാണ് ഗവൺമെന്റ് തീരു മാനിച്ചിട്ടുള്ളത്. അത്യുൽപ്പാദനശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള നല്ല തെങ്ങിൻതൈകൾ വിതരണം ചെയ്യാൻ 64.5 ലക്ഷം രൂപ ഈ സാമ്പ ത്തികവർഷം ചെലവാകും. നാളികേരത്തിന്റെ വില വർദ്ധിപ്പിക്കുന്നതിനും കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മിൽക്ക്, ക്രീം, പൗഡർ എന്നിവ നിർമ്മിക്കാൻവേണ്ടി കേരഫെഡിന്റെ ഒരു പദ്ധതിയുണ്ട്. അതിനു പതിനാലര കോടി രൂപയാണ് ചെലവഴിക്കാൻ പരിപാടി തയ്യാറാക്കിയിട്ടുള്ളത്. വെയർഹൗസിംഗ് കോർപ്പറേഷൻ നല്ലയിനം കൊപ്ര പ്രോസസ് ചെയ്യുന്ന തിനു വേണ്ടി തൃശ്ശൂർ, കോഴിക്കോട്, എറണാകുളം ജില്ലകളിൽ ഓരോ യൂണി റ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 24 മണി ക്കൂർ കൊണ്ട് ഒന്നര ലക്ഷം നാളികേരം കൊപ്രയാക്കി മാറ്റാൻ കഴിയുന്ന യൂണിറ്റുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ നാളി കേര സംസ്ക്കരണ യൂണിറ്റുകൾ കോഴിക്കോട് ജില്ലയിലും തൃശ്ശൂർ ജില്ലയിലും രൂപീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരികയാണ്. കോഴിക്കോട് നാദാപു രത്ത് ഖത്തർ മലയാളികളുടെ കൂട്ടായ്മയോടുകൂടി ഒരു വ്യവസായ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ല യിൽ വിദേശ മലയാളികളുടെ സഹായത്തോടുകൂടി ജില്ലാ ബ്ലോക്കു ഗ്രാമപഞ്ചായത്തുകളും സംയുക്തമായി ഒരു നാളികേര സംസ്ക്കരണ വ്യവ സായ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒരു പ്രമോട്ടിംഗ് കമ്മിറ്റി നിലവിൽവന്നിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ നാളികേരത്തിന്റെ മൂല്യം വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കു ന്നത്. കർഷകരെ പരമാവധി സഹായിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം നാളികേരത്തിന് മാന്യമായ വില ലഭിച്ച വർഷ മാണ് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇക്കൊല്ലം അതുപോലെ വില കിട്ടുന്നതിനുവേണ്ടി ഇതിന്റെ താങ്ങുവില ഡിസംബറിൽതന്നെ പ്രഖ്യാപിക്കു ന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുകയും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ടു അത് സ്വീകരിക്കുന്നതി നുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

## (17) ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കേണ്ടതു സംബന്ധിച്ച്

ശ്രീ. എൻ.ആർ. ബാലൻ : സർ, കേരള കാർഷിക സർവ്വകലാശാലയിൽ ഡോ.മൈക്കിൾ വൈസ് ചാൻസലറായിരുന്ന 1992-96 കാലത്തു നടന്ന അഴിമതിയെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്താൻ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷനെ ഈ സർക്കാർ നിയമിച്ചതാണ്. 1998 നവംബർ മാസത്തിൽ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചു. 29 റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചതിൽ 14 എണ്ണത്തിനു സർക്കാർ തീരുമാനം എടുത്ത് മേൽനടപടികൾക്കായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് അയച്ചു കൊടുത്തതായി അറിയുന്നു. അവശേഷിക്കുന്ന 15 റിപ്പോർട്ടുകളിൽ സർക്കാർ നാളിതുവരെയും ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. വെച്ചൂർ പശുക്കളുടെ മരണം, നിർമ്മാണപ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ Carcass Utilisation plant സ്ഥാപിച്ചതിലെ അഴിമതി തുടങ്ങിയ അതിപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടുകളാണിവ. അതുകൊണ്ട് ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ടുകൾ പൂർണ്ണമായും പരിഗണിച്ചു അടിയന്തിരമായ നടപടി കൈക്കൊള്ളണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറംപിൽ) : സർ, കാർഷിക സർവ്വകലാശാലയിൽ നിരവധി ക്രമക്കേടുകൾ നടക്കുന്നതായി പരാതികൾ ഉണ്ടായതിനെത്തുടർന്ന് 15.11.1996-ൽ ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷനെ ഈ പരാതികൾ അന്വേഷിക്കുന്നതിനുവേണ്ടി ഒരു ഏകാംഗകമ്മിഷനായിട്ട് നിയമിക്കുകയുണ്ടായി. കമ്മിഷൻ പരാതികൾ വിശദമായി പരിശോധിച്ച് 26 റിപ്പോർട്ടുകൾ ഗവൺമെന്റിനു നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിലൊട്ടാകെ 35 ശുപാർശകളാണ് കമ്മിഷൻ നൽകിയിട്ടുള്ളത്. ഇതിൽ 20 റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിക്കുകയും കമ്മീഷന്റെ കണ്ടെത്തലുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ശുപാർശകളിൻമേൽ നടപടിയെടുക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ബാക്കിയുള്ള 6 റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ പരിശോധനയിലാണ്. ഇവ പരിശോധിക്കുകയും നടപടിയെടുക്കുന്നതിന് കേരള സർവ്വകലാശാലയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നതാണ്.

## (18) ഭൂതത്താൻ കെട്ടിൽ നിന്ന് പെരിയാർ നദിയിലേക്ക് വെള്ളം തുറന്നു വിടേണ്ടത് സംബന്ധിച്ചു

ശ്രീ.കെ.മുഹമ്മദാലി : സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ നിലകൊള്ളുന്നതും ഏറ്റവും കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തിക്കുന്നതുമായ പെരിയാറിൽ ജലനിരപ്പു താഴ്ന്നു വരുന്നതുമൂലം വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടായിരിക്കുകയാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ ജലനിരപ്പുള്ളത് കാലവർഷം ഉള്ളതു കൊണ്ടാണ്. യഥാസമയം പുഴയിലേക്ക് വെള്ളം ഡാമുകളിൽനിന്ന് തുറന്നു വിടാൻ ശ്രമിക്കാത്തതുമൂലം ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകുന്നു. 225 എം.എൽ.ഡി വെള്ളമാണ് അവിടെ ശുദ്ധ ജലവിതരണ പദ്ധതികളിലൂടെ പമ്പു ചെയ്യുന്നത്. ഹഡ്കോ പദ്ധതികൂടി കമ്മീഷൻ ചെയ്തതോടുകൂടി വെള്ളത്തിന്റെ ലഭ്യത കുറയുന്നുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല മലിനീകരണം വളരെ വർദ്ധിക്കുകയാണ്. എല്ലാവർക്കും അറിയാവുന്നതുപോലെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കെമിക്കൽ വ്യവസായങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ പെരിയാറിന്റെ തീരത്താണ്. അതുകൊണ്ട് വെള്ളം കുറഞ്ഞതുമൂലം മലിനീകരണം വർദ്ധിക്കുന്നു. ഈയടുത്തകാലത്തുള്ള കണക്കനുസരിച്ച് മലിനീകരിക്കപ്പെട്ട പ്രധാനപ്പെട്ട നദികളിൽ രണ്ടാമത്തെ നദിയായി പെരിയാർ മാറിക്കൊണ്ടിരിക്കുകയാണ്. ഇത്രയേറെ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന പെരിയാറിനെ നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗൗരവമായി കാണണം. ഇടുക്കി ഡാം ഉൾപ്പെടെയുള്ള ഡാമുകൾ പണിത സമയത്ത് യഥാസമയം ഈ പുഴയിലേക്ക് വെള്ളം നൽകാമെന്നുള്ള ധാരണയുണ്ടായിരുന്നു. അതെല്ലാം ലംഘിച്ചുകൊണ്ടിരിക്കുകയാണ്. കാലവർഷമാകുമ്പോൾ മാത്രമാണ് പുഴയിൽ വെള്ളമുള്ളത്. വെള്ളത്തിന്റെ വിനിയോഗവും അതുപോലെ വെള്ളം യഥാസമയം തുറന്നുവിടാത്തതു മൂലമുള്ള പ്രശ്നങ്ങളും ഗൗരവമായി കണ്ടുകൊണ്ട് പെരിയാർ നദിയെ സംരക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണപിള്ള) : പെരിയാർ ജലസേചന പദ്ധതി ഭൂതത്താൻ കെട്ട് ഡാമിൽനിന്നും ലോ ലെവൽ കനാൽ വഴിയും ഹൈലെവൽ കനാൽ വഴിയുമാണ്. ജലസേചനം നടത്തുന്നത്. ഹൈലെവൽ കനാലിൽക്കൂടി വേനൽക്കാലത്ത് കൃഷിക്കുവേണ്ടി ജലസേചനം നടത്തിയാൽ ഒരു നിശ്ചിത ലെവലിൽ പെരിയാറിന്റെ ബാരേജിൽ ജലനിരപ്പ് നിലനിറുത്തേണ്ടതായിട്ടുണ്ട്. വേനൽക്കാലത്ത് ശുദ്ധജലവിതരണത്തിനും, ജലസേചനത്തിനും ആവശ്യമായ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ജലം ഭൂതത്താൻകെട്ട് ബാരേജിൽനിന്നും ലഭിക്കാറുണ്ട്. പെരിയാർ നദിയിൽ നടക്കുന്ന അനധികൃതവും അശാസ്ത്രീയവുമായ മണൽവാരൽമൂലം നദിയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇതാണ് നദിയിൽ ജലവിതാനം താഴുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന്. പെരിയാർ നദിയെ സ്രോതസാക്കി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെയും ശുദ്ധജലപദ്ധതികളുടെയും വർദ്ധിച്ച അവശ്യം വന്നാൽ പൂർണ്ണമായും നിറവേറ്റാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഇതു പരിഹരിക്കാൻ പെരിയാറിനു കുറുകെ തടയണകൾ നിർമ്മിക്കുകയും മണൽവാരലിനു നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. ജലസംഭരണവും നദികളുടെ വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണവും കാർഷികാഭിവൃദ്ധിയുമുദ്ദേശിച്ച് ഓരോ പ്രധാന നദിക്കും റിവർ പ്രൊട്ടക്ഷൻ അതോറിറ്റികൾ രൂപീകരിക്കുന്നുണ്ട്. പെരിയാർ നദിക്കുവേണ്ടിയാണ് ആദ്യമായി അതോറിറ്റി രൂപീകരിക്കുന്നത്. ഈ റിവർ അതോറിറ്റിയിൽ ജലസേചനം, റവന്യൂ, വനം എന്നീ വകുപ്പുകൾ കേരള വാട്ടർ അതോറിറ്റി, പൊലൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ സമീപപ്രദേശത്തെ മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയിലെ പ്രതിനിധികൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും എല്ലാ പ്രശ്നങ്ങൾക്കും കൂട്ടായ ഒരു സമീപനം നിലവിൽവരുന്നതും വേഗത്തിൽ പ്രശ്നം പരിഹരിക്കാൻ സാധ്യമാകുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

# V. റിപ്പോർട്ട് സമർപ്പണം

## 1. 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 1999-ലെ ശമ്പളബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## 2. 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## 3. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

പ്രൊഫ: മീനാക്ഷി തമ്പാൻ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VI. ധനകാര്യം

## 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,13,51,000 രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,50,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തുംവകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 90,00,000 രൂപയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,50,51,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,56,49,000 രൂപയുടെയും വിദ്യാഭ്യാസം, കായികവിനോദം, കല, സാംസ്കാരികം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 8,08,77,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,85,23,000 രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി): സർ, നഗരവികസനം. എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,25,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,53,37,000 രൂപയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,21,10,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു വിഭാഗങ്ങൾ എന്നിവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,70,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദു കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,14,63,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചായര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഭക്ഷ്യം എന്ന XXX-ാം ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,19,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,36,000 രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യാരത്ഥനയുടെ പേരിൽ 9,96,000 രൂപയുടെയും ഉപധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ.കെ. രാധാകൃഷ്ണൻ): സർ, വ്യവസായം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,46,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

*(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്)*

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഞാൻ ഈ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിനെ എതിർക്കുകയാണ്. ദിശാബോധമില്ലാത്ത ഒരു ഗവൺമെന്റ് കഴിഞ്ഞ മൂന്നുവർഷക്കാലം കൊണ്ട് കേരളത്തെ കടക്കെണിയിൽ എത്തിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. റവന്യൂ കമ്മി കൂടുന്നു എന്നു മാത്രമല്ല നമ്മുടെ ഉല്പാദനമേഖല ഇന്ന് ആകെ സ്തംഭിച്ചിരിക്കുകയാണ്. കൊട്ടിഘോഷിക്കപ്പെട്ട ജനകീയാസൂത്രണത്തിന്റെ പേരിൽ 40 ശതമാന ത്തോളം തുക നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടും ഉല്പാദനരംഗത്ത് എന്താണ് എന്നതിനെക്കുറിച്ച് യാഥാർത്ഥ്യത്തോടുകൂടിയ അവലോകനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ? ഈയിടെ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ശ്രീ. ഐ.എസ്. ഗുലാത്തിയും മെമ്പർ ശ്രീ. തോമസ് ഐസക്കും നടത്തിയ പ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നത്, വനിതാ പഞ്ചായ ത്തംഗങ്ങളുടെ പേഴ്സണാലിറ്റി ഡെവലപ്പ്മെന്റിനാണ് ലക്ഷ്യം ഇട്ടിരിക്കുന്നത് എന്നാണ്. വനിതാ പഞ്ചായത്തംഗങ്ങൾ പ്രസംഗം പഠിച്ചിരിക്കുന്നു. അവർ നന്നായി വസ്ത്രം ധരിക്കുന്നു, അവർ ഭയലേശമില്ലാതെ പൊതുരംഗത്തേക്കി റങ്ങി വരുന്നു. അതാണ് ജനകീയാസൂത്രണത്തിന്റെ പ്രധാനപ്പെട്ട നേട്ടമായി ശ്രീ. ഐ.എസ്. ഗുലാത്തിയും ശ്രീ. തോമസ് ഐസക്കും പ്രഖ്യാപിച്ചിരിക്കു ന്നത്. 40 ശതമാനത്തോളം തുക വികസനരംഗത്തേക്ക് വരേണ്ട പണം വ്യവ സായ സ്ഥാപനങ്ങൾക്ക് കൊടുത്ത സംസ്ഥാനത്ത് പറയുന്നതുപോലെ ഉല്പാ ദന മേഖലയിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല. പകരം ഇതൊക്കെ യാണ് നേട്ടം എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ ഞങ്ങൾക്ക് എതിർപ്പില്ല. അതാണോ ഉദ്ദേശിക്കുന്നത്? അതു നേട്ടം തന്നെയാണ്. അതു മാത്രമാണ് നേട്ടം. അതു മാത്രമല്ലല്ലോ; നമ്മുടെ സാമ്പത്തികമേഖലയിലും ഉല്പാദന മേഖലയിലും വർദ്ധനവ് ഉണ്ടാകുന്നുണ്ടോ? അതിന്റെ എന്തെങ്കിലും കണക്ക് ബഹു. മന്ത്രിക്ക് ഇവിടെ പറയുവാൻ കഴിയുമോ? ഈ ഉപധനാഭ്യർത്ഥനയിൽ 1-ാമത്തെ പേജിൽ എന്താണ് പറഞ്ഞിരിക്കുന്നത്? The Supplementary Grant is sought for the purpose of 127 new clour TV sets and another 87 new TV sets in exchange of 87 old TV sets from KELTRON ...ഞാൻ ടി.വി. വാങ്ങുന്നതിന് എതിരല്ല. പക്ഷേ അപ്പുറത്തിരിക്കുന്നവരുടെ ഹിപ്പോക്രസിയുണ്ടല്ലോ, അല്പ ത്വം-അതിനെയാണ് ഞാൻ എതിർക്കുന്നത്. 1993-ൽ എം.എൽ.എ. മാരുടെ എല്ലാ മുറികളിലും ടി.വി. വച്ചപ്പോൾ നിങ്ങൾ ടി.വി. വേണ്ടെന്ന് പറഞ്ഞില്ലേ? ചിലർ ടി.വി. തിരിച്ചു കൊടുത്തയച്ചു. ചിലർ വീട്ടിൽകൊണ്ടുപോയി. അതിനെക്കുറിച്ച് ആരും ഒന്നും പറയണ്ട. അതിനെ ഞാൻ എതിർക്കുകയാണ്. നിങ്ങളുടെ അല്പത്വത്തെ ഞാൻ എതിർക്കുകയാണ്. ടി.വി. വേണം. ഞങ്ങൾക്ക് അന്നും ഇന്നും ആ അഭിപ്രായം തന്നെയാണ്.

<u>മി. ചെയർമാൻ</u> : എം.എൽ.എ. ക്വാർട്ടേഴ്സിലെ സംഭവങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യണമോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : അത് ഉള്ളതാണ്. സപ്ലിമെന്ററിയിൽ വരുന്നതാണ്. അന്ന് എതിർത്തതാണ്. അന്ന് പി.എ. മാരെ വേണ്ടെന്നു പറഞ്ഞു. ഇപ്പോൾ പി.എ. മാരെ നിയമിച്ചിരിക്കുന്നു. അന്ന് ഹൗസ് ലോൺ വേണ്ടെന്നു പറഞ്ഞു. ഇപ്പോൾ ഹൗസ് ലോണിന്റെ ഇന്ററസ്റ്റ് കുറയ്ക്കണ മെന്ന് വാദിക്കുന്നു. നിങ്ങളുടെ അല്പത്വം ഉണ്ടല്ലോ അതിനെയാണ് ഞാൻ എതിർക്കുകയാണ്. അല്ലാതെ വേറെ ഒന്നിനെയും അല്ല.



LIBRARY ARCHIVES Kerala Legislative Assembly

<u>മി. ചെയർമാൻ</u> : നിയമസഭയിൽ ഇതെല്ലാം വോട്ടെടുപ്പിൽ വരുമെങ്കിലും അതു ചർച്ച ചെയ്യപ്പെടാറില്ല, guillotive ചെയ്ത് പോകുന്ന വിഷയമാണ്. അതു ചർച്ചയിൽ വിഷയീഭവിക്കാറില്ല.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : ആ വിഷയമല്ല. ഭരണപക്ഷത്തെ ഹിപ്പോക്രസിയെയാണ് ഞാൻ എതിർക്കുന്നത്. അല്ലാതെ വേറൊന്നും അല്ല. 4-ാമത്തെ പേജിൽ ജനകീയാസൂത്രണം കൊണ്ട് നമ്മുടെ സെക്രട്ടേറിയറ്റിലെ തസ്തിക കുറയ്ക്കുമെന്ന് പറഞ്ഞല്ലോ; ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ 5.6.1999-ൽ sanction was accorded for the creation of certain posts in the Local Administration Department in the Administrative Secretariat..... എന്തിനാണ് പുതിയ പോസ്റ്റ് ഉണ്ടാക്കുന്നത്? ഗവൺമെന്റിന്റെ തന്നെ പുതിയ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു, 800-ഓളം പോസ്റ്റുകൾ സെക്രട്ടേറിയറ്റിൽ കുറയ്ക്കേണ്ടതാണെന്ന്. അപ്പോഴും ഇവിടെ പുതിയ പോസ്റ്റ് ഉണ്ടാക്കുവാൻ പോകുന്നു.

സർ, അതുപോലെ തന്നെ പേജ് 7-ൽ 42 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ പോസ്റ്റുകൾ എക്സൈസ് ഡിപ്പാർട്ടുമെന്റിലേയ്ക്കായി പറയുന്നുണ്ട്. അതെന്തിനാണെന്നറിയാമോ? ചാരായനിരോധനം ഫലപ്രദമാക്കാൻ വേണ്ടിയാണ്. നാടുമുഴുവൻ കള്ളച്ചാരായമാണ്. എന്തിനാണ് നിങ്ങൾ പുതിയ പോസ്റ്റുകളുണ്ടാക്കുന്നത്? ഇതു ദുർവ്യയമല്ലേ? ചെലവു ചുരുക്കേണ്ട രംഗത്ത് നിങ്ങൾ ചെലവു ചുരുക്കുന്നില്ല എന്നു മാത്രമല്ല, സംസ്ഥാനത്തെ നിങ്ങൾ കടക്കെണിയിലേയ്ക്കു കൊണ്ടുപോകുകയും ചെയ്യുന്നു. പേജ് 12-ൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും ഇരുപത്തിനാലേമുക്കാൽ ലക്ഷം രൂപ മാറ്റിയിരിക്കുന്നു. മൂന്നു ഫോർഡ് എസ്ക്കോർട്ട് കാറുകൾ ലോക് ആയുക്തയ്ക്കു വേണ്ടി വാങ്ങാനാണ്. ഒരു വർഷം മുമ്പ് ലോകായായുക്ത നിയമം വന്നതല്ലേ? നിങ്ങൾക്ക് അത് ഈ ബഡ്ജറ്റിൽ കൊണ്ടുവരാമായിരുന്നില്ലേ? ഫോർഡ് കാറിനോട് എന്താണ് ഇത്ര പ്രേമം? ഫോർഡ് എസ്ക്കോർട്ടു തന്നെ മന്ത്രിമാർക്ക് 57 ലക്ഷം രൂപയുടെ കാറ്, ലോകായുക്തയ്ക്കു വേറെ മൂന്നു കാറുകൾ! കണ്ടിജൻസി ഫണ്ട് എന്തിനാണ് വച്ചിരിക്കുന്നത്? നാച്ചുറൽ കലാമിറ്റി നടക്കുമ്പോൾ, അല്ലെങ്കിൽ വളരെ അടിയന്തിരഘട്ടങ്ങളിൽ മാത്രം, കണ്ടിജൻസി ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനു പകരം നിങ്ങൾ തോന്നിയതിനൊക്കെ പണമെടുക്കുകയാണ്. 98.24 ലക്ഷം രൂപ നമ്മുടെ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് കൊടുത്തിരിക്കുകയാണ്. എന്താണ് അതിന്റെ സ്ഥിതി? ആ രംഗം മുഴുവൻ തകർന്നില്ലേ? ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനും ഫിലിം അക്കാഡമിയും തമ്മിൽ ഫൈറ്റ്! ഇവിടെ അവാർഡിനെക്കുറിച്ച് വിവാദം വന്നില്ലേ? എന്റെ സുഹൃത്ത് പി.ടി. കുഞ്ഞിമുഹമ്മദിനോട് എനിക്കുള്ള എല്ലാ ആദരവും വച്ചു പറയുകയാണ്, അദ്ദേഹം 'ഗർഷോമി'ന്റെ കാര്യം വിടണം. 'ഗർഷോമി'നെക്കാൾ നല്ല ചിത്രമാണ് അഗ്നിസാക്ഷി. ഞാനും ശ്രീ. കെ. മുഹമ്മദാലിയും ശ്രീ. കെ. ബാബുവും ബഹു. പി. ജെ. ജോസഫും ഒരുമിച്ചാണ് ആ ചിത്രം കണ്ടത്. മനോഹരമായ ഒരു ചിത്രമാണ്. ഗർഷോമിന്റെ പേരിൽ ഭരണകക്ഷിയിൽപ്പെട്ട അംഗം തന്നെ ഇവിടെ ആരോപണം കൊണ്ടുവന്നു. ബഹു. മന്ത്രിയുടെ ഓഫീസ് ഇടപെട്ടു. അതുകൊണ്ട് എനിക്ക് ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദിനോട് പറയാനുള്ളത് 'ഗർഷോമി'ന്റെ കാര്യം വിടുന്നതാണ് നല്ലത് എന്നാണ്. ആ ആശ മാറ്റിവയ്ക്കുക. നല്ല ചിത്രത്തെ അംഗീകരിക്കുക. അഗ്നിസാക്ഷി എന്ന ചിത്രം അദ്ദേഹം കാണണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങനെ...

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഇൻഡ്യയിലെ ഏറ്റവും നല്ല സംവിധായകനായ രാജീവ്നാഥിനെ മാറ്റി ചില കാരണങ്ങളാൽ കേരളത്തിൽ അവാർഡു കൊടുത്തിട്ടില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : എന്നും അവാർഡ് വിവാദമാണല്ലോ? ഇടതുപക്ഷജനാധിപത്യ മുന്നണി എപ്പോൾ ഭരിക്കുന്നോ അപ്പോഴെല്ലാം അവാർഡ് വിവാദമല്ലേ? അവിടെ രാഷ്ട്രീയമല്ലേ? ഞാൻ അതിലേയ്ക്കു കട ക്കുന്നില്ല.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സിൽക്ക് സ്മിത അഭിനയിച്ചിട്ടുള്ള ഡൊമി നിക് പ്രസന്റേഷൻ എന്ന സിനിമയെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, മഹാൻമാരുടെ പേരിലൊക്കെ സിനിമകൾ വന്നിട്ടുണ്ട്. ഗാന്ധിജി, നെഹ്റു എന്നീ മഹന്മാരുടെ പേരിലൊക്കെ സിനിമ വന്നിട്ടുണ്ട്. ഇവിടെ ആവശ്യമുള്ളതിന് പണം വച്ചിട്ടുണ്ടോ?

<u>മി. ചെയമാൻ</u> : അതിത്തിരി കടന്നുപോയി. മഹാത്മാഗാന്ധിക്ക് തുല്യ നായി ഡൊമിനിക് പ്രസന്റേഷനെ മാറ്റിയത് ശരിയായില്ല.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : എന്നു ഞാൻ പറഞ്ഞിട്ടില്ല. മഹാത്മാ ഗാന്ധിയുടെ പേരിലും പടം വന്നിട്ടുണ്ടെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. ഇവിടെ പണം അനുവദിക്കേണ്ട മേഖലയ്ക്ക് പണം വച്ചിട്ടുണ്ടോ? വില്ലേജ് റോഡുകൾക്ക് പണം ഇപ്പോഴും വച്ചിട്ടില്ല. ന്യൂ എം.എൽ.എ, റോഡുകൾക്ക് 58 കോടി രൂപ ഇപ്പോഴും കുടിശ്ശികയുണ്ട്. അതു വച്ചിട്ടില്ല. തീരദേശ മേഖല യിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സീ എറോഷനാണ്. അതു പരിഹരി ക്കാൻ ഒരു പൈസ പോലും സപ്ലിമെന്ററി ഡിമാന്റിൽ വച്ചിട്ടില്ല. ജോൺ ഫെർണാണ്ടസിന്റെ സബ്മിഷനു മറുപടിയായി ബഹു. മന്ത്രി പറഞ്ഞത്, കുണ്ടന്നൂർ-നെട്ടൂർ പാലത്തിന് സപ്ലിമെന്ററി ഡിമാന്റിൽ പണം വയ്ക്കുമെന്നാ ണ്. അതു വച്ചിട്ടില്ല. ഇത്തരത്തിൽ അത്യാവശ്യം വയ്ക്കേണ്ട മരാമത്തു പണി കൾക്കു പോലും പണം വയ്ക്കാതെയാണ് സപ്ലിമെന്ററി ഡിമാന്റ് വന്നിരിക്കു ന്നത്. അതിലെനിക്കു ഖേദമുണ്ട്...

<u>ശ്രീ. ജോസ് ബേബി</u> : 67 കോടി രൂപയുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : 600 കോടി രൂപ കുടിശ്ശിക കൊടുക്കാ നുണ്ട്. ഒരു വർക്കും ഇവിടെ നടക്കുന്നില്ല. ഇതിനകത്തും പണമൊന്നുമില്ല. ഗവൺമെന്റ് കണ്ടിന്യൂവസ് ബോഡിയാണ്. പഴയ ഗവൺമെന്റ് ഉണ്ടാക്കിയെ ങ്കിൽ അത് ഈ ഗവൺമെന്റ് ഇപ്പോൾ കൊടുക്കേണ്ടതല്ലേ? മൂന്നു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ അധികാരം വിട്ടുപോകുമ്പോൾ 250 കോടി രൂപ മാത്രമായിരുന്നു. ഇന്ന് പണിയൊന്നും നടക്കുന്നില്ല, കോൺട്രാക്ടർമാർ ടെണ്ടർ വയ്ക്കുന്നില്ല. കടൽക്ഷോഭം വരുമ്പോൾ തീരപ്രദേശത്തുണ്ടാകുന്ന ബുദ്ധിമുട്ട് നിങ്ങൾക്ക് പലർക്കും മനസ്സിലാകുകയില്ല.

രാഷ്ട്രീയമായി ഇടതുമുന്നണി ഇന്ന് എവിടെ നിൽക്കുന്നു? ഇന്നത്തെ മാതൃഭൂമി പത്രത്തിൽ ഒരു വാർത്തയുണ്ട്: കേരളത്തിൽ കോൺഗ്രസ് സീറ്റ് കുറയ്ക്കാൻ ബി.ജെ.പി പരമാവധി ശ്രമിക്കും. ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ബി.ജെ.പി.യുടെ മുഖ്യ എതിരാളി കോൺഗ്രസ്(ഐ) ആണ്. കോൺഗ്രസ് നേതൃത്വം നൽകുന്ന ഐക്യജനാധിപത്യമുന്നണിയായിരിക്കു മെന്നു ബി.ജെ.പി. പറഞ്ഞിരിക്കുന്നു. ഹിഡൻ അജണ്ടയുടെ ഭാഗമല്ലേ? നിങ്ങ ളുടെകൂടെ നിന്ന മൂന്നാം മുന്നണിക്കാർ ഇപ്പോൾ എവിടെ പോയി

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നു? ചന്ദ്രബാബു നായിഡു ആദ്യമേ പോയി. കരുണാനിധി പുറകേ പോയി.....

ശ്രീ. കെ ബാബു : സർ, ശരദ് പവാറിന്റെ ദേശീയവാദി കോൺഗ്രസ് പറയുന്നത് ബി.ജെ.പി.യോടും കോൺഗ്രസ്സിനോടും സമദൂരസിദ്ധാന്തം സ്വീകരിക്കണമെന്നാണ്. മാർക്സിസ്റ്റു പാർട്ടി പറയുന്ന സമദൂര സിദ്ധാന്തം ബി.ജെ.പി.യെ സഹായിക്കാൻവേണ്ടിയാണ്. അപ്പോൾ ബി.ജെ.പി.യെ സഹായിക്കാൻ വേണ്ടിയാണ് ശരദ്പവാറിന്റെ സമദൂരസിദ്ധാന്തമെന്ന് മാർക്സിസ്റ്റുപാർട്ടി പറയുമ്പോൾത്തന്നെ ദേശീയവാദി കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. എ.സി. ഷൺമുഖദാസിനെ കേരളമന്ത്രിസഭയിൽ നിലനിർത്തിയിരിക്കുകയാണ്. ഈ വാദത്തിന്റെ പേര് എന്താണെന്നു പറയാമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇത് അവസരവാദമാണ്. സീറ്റു കൂട്ടാൻ അത്രയേയുള്ളൂ. ആരെയെങ്കിലും കൂട്ടി സീറ്റ് കൂട്ടണം. മാത്രമല്ല, ഇന്ന് ജനതാദൾ എവിടെ നിൽക്കുന്നു? ജനതാദൾ പലവഴിക്കായിരിക്കുന്നു. ഏറ്റവും വലിയ ബി.ജെ.പി. വിരോധം പറഞ്ഞ ജെ.എച്ച്. പട്ടേൽ, രാംവിലാസ് പാസ്വാൻ എന്നിവരെല്ലാവരും പാർട്ടി വിട്ടു. അവർ ബി.ജെ.പി.യുമായി കൂടുന്നു. നമ്മുടെ നീലലോഹിതദാസൻ നാടാരുടെ പ്രശ്നമെന്താണ്? നീലൻ ആരുടെ കൂടെ നിൽക്കുന്നു? ശ്രീ. നീലലോഹിതദാസൻ നാടാർ ജെ.എച്ച്. പട്ടേലിന്റെ കൂടെ നിൽക്കുന്നു. അങ്ങനെ കൂട്ടിവായിക്കുമ്പോഴാണ് കേരളത്തിൽ കോൺഗ്രസ്സ് സീറ്റു കുറയ്ക്കാൻ ബി.ജി.പി.യുടെ ശ്രമം. ശ്രീ. നീലലോഹിതദാസൻ നാടാരും ശ്രീ. എ.സി. ഷൺമുഖദാസും ബി.ജെ.പി.യുമായുള്ള പാലമാണ്. അങ്ങനെ ബി.ജെ.പി. യുമായി നിങ്ങൾ കൂട്ടുകൂടാൻ പോകുന്നു. നിങ്ങൾ കോൺഗ്രസ്സ് വിരുദ്ധ നടപടികളിലേയ്ക്ക് പോകുന്നു. നിങ്ങൾ പഴയ കോൺഗ്രസ്സ് വിരുദ്ധ മുന്നണി പ്രചരിപ്പിക്കാൻ പോകുന്നു. അതിന്റെ തുടക്കമാണ് ഇതൊക്കെ. ശ്രീ. നീലലോഹിതദാസൻ നാടാരാണ് പാർട്ടി. ഏതു വേഷവും കെട്ടും. 1975-ൽ ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ പിൻതുണയ്ക്കുവേണ്ടി യൂത്ത് കോൺഗ്രസ്സ് ഡെൽഹിയിൽ പോയപ്പോൾ ഭാര്യ ജമീലയേയും കൊണ്ട് ഡെൽഹിക്കുപോയ പാർട്ടിയാണ് ശ്രീ. നീലൻ. അതുകഴിഞ്ഞ് അദ്ദേഹം സി.എഫ്.ഡി. ആയി, മാർക്സിസ്റ്റു പാർട്ടിയുടെ പിൻതുണയോടെ ജയിച്ച് എം.എൽ.എ. ആയി. അവിടെ നിന്ന് കുറു മാറി സി.എച്ച്. മുഹമ്മദുകോയയുടെ മന്ത്രിസഭയിൽ മന്ത്രിയായി, പിന്നീടു കരുണാകരന്റെ കാൽ പിടിച്ച് എം.പി. ആയി. അവിടെനിന്ന് ഭാരതീയ ക്രാന്തിദളിൽ പോയി. ഇപ്പോൾ അദ്ദേഹം എവിടെ നിൽക്കുന്നുവെന്ന് അദ്ദേഹത്തിന് ഒരു പിടിയുമില്ല. അദ്ദേഹത്തെവച്ച് ഇടതുമുന്നണിയും ബി.ജെ.പി.യും പുതിയ സഖ്യമുണ്ടാക്കാൻ ശ്രമിക്കുകയല്ലേ? ഹിഡൻ അജണ്ടയല്ലേ? നിങ്ങളുടെ പോളിറ്റ്ബ്യൂറോ എടുത്ത തീരുമാനമാണ് എങ്ങനെയെങ്കിലും സീറ്റു കൂട്ടണം. അതിന്റെയർത്ഥം കേരളത്തിൽ, യു.ഡി.എഫ്. നെ, കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ നിങ്ങൾ രഹസ്യമായ ധാരണയ്ക്ക് ശ്രമിക്കുന്നു എന്നു മാത്രമല്ല, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയിലെ വിമതർ പറയുന്നത്, പാർട്ടിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ ക്ഷീണമുണ്ടാകും-മാർക്സിസ്റ്റ് പത്രികയിൽ പറഞ്ഞിരിക്കുന്നു, ഇത്തവണ 19 സീറ്റിൽ നിങ്ങൾ തോൽക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്,. ആ തോൽവി ഒഴിവാക്കാൻ കണ്ടുപിടിച്ച അടവല്ലേ നിങ്ങളുടെ ഹിഡൻ അജണ്ട. കേരളത്തിലെയും ഇൻഡ്യയിലെയും ന്യൂനപക്ഷങ്ങൾക്കു വേണ്ടി, ന്യൂനപക്ഷ പ്രേമം പറയുന്ന കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ തനിനിറം പുറത്തുവരാൻ പോകുകയാണ്...

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : കേരളത്തിൽ കമ്മ്യൂണിസ്റ്റു മന്ത്രിമാർ എല്ലാ കാലത്തും സത്യപ്രതിജ്ഞ ചെയ്യുമ്പോൾ അവർ ആദ്യം പോകുന്നത് പുന്നപ്ര വയലാർ ശവകുടീരത്തിലേയ്ക്കാണ്. ആ പുന്നപ്രയും വയലാറും ഉൾക്കൊള്ളുന്ന ആലപ്പുഴ നിയോജകമണ്ഡലത്തിൽ അരിവാൾചുറ്റികനക്ഷത്ര മടയാളത്തിൽ മത്സരിക്കാൻ അവർ ഭയപ്പെടുന്നു. അവർ സ്വതന്ത്ര സ്ഥാനാർത്ഥിയെ അന്വേഷിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അതു മനസ്സിലായി, അവർക്കു രക്ഷയില്ലെന്നുള്ളതിന്റെ തെളിവല്ലേ? സ്വന്തം ചിഹ്നത്തിൽപോലും മത്സരി ക്കാൻ പറ്റുന്നില്ല. സിനിമാനടൻ മുരളിയെ കൊണ്ടുവരുകയാണ്. കേരളത്തിൽ കോൺഗ്രസ്സ് സീറ്റു കുറയ്ക്കാൻ വേണ്ടിയാണ്. മുരളിയെ എനിക്കു നന്നായിട്ട റിയാം. ബി.ജെ.പി.ക്ക് വോട്ടുചെയ്യാൻ പറ്റിയ ഒരു സ്ഥാനാർത്ഥിയല്ലേ അത്. നിങ്ങളുടെ സ്ഥിതി അതല്ലേ? നിങ്ങൾ ഇത്തവണ കോൺഗ്രസ്സിനെ പരാജയ പ്പെടുത്താൻ, നിങ്ങൾ മുഖ്യശത്രു എന്നു പ്രഖ്യാപിക്കുന്ന കാര്യം എല്ലാവർക്കു മറിയാം.

നമ്മുടെ ട്രാൻസ്പോർട്ടിനെക്കുറിച്ച് ഒരു വാക്കു ഞാൻ പറയുകയാണ്. നമ്മുടെ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നില്ല. ബഹു. മന്ത്രിയെ ഇവിടെ കാണാനില്ല. ഡീസൽ ഇല്ല. സ്പെയർപാർട്ടുകളില്ല. ബസ്സുകൾ ഓടുന്നില്ല. ശ്രീ. നീലലോഹിതദാസൻ നാടാരെ ഏൽപ്പിച്ച വകുപ്പ് അദ്ദേഹം കുളമാക്കി. ഷെഡ്യൂളുകൾ മുഴുവൻ ക്യാൻസൽ ചെയ്യുന്നു. ആരെങ്കിലും അത് അന്വേഷി ക്കുന്നുണ്ടോ? ദേവസ്വം വകുപ്പിന്റെ സ്ഥിതി ഇന്നെന്താണ്? കൊച്ചി ദേവസ്വം ബോർഡു പ്രസിഡന്റിനെ ഹൈക്കോടതി അയോഗ്യനാക്കി. അദ്ദേഹത്തിന് അവിടെ കയറാൻ നിവൃത്തിയില്ല. ഗുരുവായൂർ ദേവസ്വത്തിൽ, മെമ്പറില്ല. നിങ്ങളിങ്ങനെ ബി.ജെ.പി പ്രേമത്തിന്റെ പേരിൽ ശ്രീ. നീലനെ വച്ച് രണ്ടു വകുപ്പും കുളമാക്കി. അങ്ങനെ ഭരിച്ചുമുടിച്ച് കേരളത്തെ കടക്കെണിയി ലേയ്ക്ക് കൊണ്ടുപോകുന്ന, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെതിരായി അന്ധമായ രാഷ്ട്രീയവിരോധം വച്ചുകൊണ്ട് ബി.ജെ.പി. യുമായി കൂട്ടു കൂടാൻ പോകുന്ന, ഇടതുപക്ഷജനാധിപത്യമുന്നണി കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിപൂർവ്വം എതിർക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഈ സപ്ലിമെന്ററി ഡിമാന്റുകളെ ഞാൻ അനുകൂലിക്കുകയാണ്. അപ്പുറത്തിലിരിക്കുന്ന യു.ഡി.എഫ്., എൽ.ഡി. എഫ്.ന്റെ ഭരണ നയത്തിനെതിരായി, കൊള്ളരുതായ്മക്കെതിരായി, ജന ങ്ങൾക്കുവേണ്ടി സമരം ചെയ്യേണ്ടവരാണല്ലോ. എല്ലാ അവസരങ്ങളിലും, ഭരി ക്കുന്ന ഗവൺമെന്റിനെതിരെ പ്രതിപക്ഷങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോപണം വിലവർദ്ധനവാണ്. ഒരു തെരഞ്ഞെടു പ്പിന്റെ പൂമുറ്റത്ത് നിൽക്കുമ്പോൾ നിങ്ങൾക്ക് അതിനെതിരായി ഒരക്ഷരം മിണ്ടാൻ കേരളത്തിൽ സാധിച്ചോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, എന്തിനാണ് ഇപ്പോൾ വിലക്കുറവു ള്ളത്?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വിലക്കുറവ് ഏതിനൊക്കെയാ ണെന്ന് ഞാൻ പറയാം. ഒന്ന്, അപ്പുറത്തെ യു.ഡി.എഫ്.നു തന്നെയാണ് പ്രധാന വിലക്കുറവ്, ഡിമാന്റില്ല തന്നെ... (ബഹളം).... കേരളത്തിൽ എൽ.ഡി. എഫ്. അധികാരത്തിൽ വന്നതിനുശേഷം 6 തെരഞ്ഞെടുപ്പുകൾ നടന്നു. ആ തെരഞ്ഞെടുപ്പുകൾ നിങ്ങൾക്ക് അനുകൂലമായോ പ്രതികൂലമായോ.. (ബഹ ളം).. ആ കാര്യം പഴയതെന്നു പറഞ്ഞാൽ, അച്ഛൻ പ്രായമായി എന്നുപറഞ്ഞ്

തള്ളിക്കളയാൻ പറ്റുമോ, അച്ഛനല്ലാതാകുമോ? ആ പാരമ്പര്യം ഞങ്ങൾക്കുള്ള തല്ല. അതുകൊണ്ട് ഈ പഴയ കാര്യങ്ങളെ ഓർമ്മിപ്പിക്കാതെ പുതിയതി ലേയ്ക്ക് എത്താൻ സാധിക്കില്ല. നിങ്ങൾ പ്രതിപക്ഷത്തിരുന്ന് ഈ എൽ.ഡി. എഫ്.നെ കുറ്റം പറയുമ്പോൾ, ഈ ഡിമാന്റിനെ എതിർക്കുമ്പോൾ, ഈ ഡിമാന്റ് പാസ്സാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത് കേരളത്തിലെ ജന ങ്ങൾ ഈ ഗവൺമെന്റിനെ ഇഷ്ടപ്പെടുന്നു, എൽ.ഡി.എഫ്.നെ ഇഷ്ടപ്പെടുന്നു എന്നതാണ്. അതിന്റെ ഫലമാണ് ആ തെരഞ്ഞെടുപ്പു ഫലങ്ങളെല്ലാം സൂചി പ്പിച്ചത്. ഒരു പ്രതിപക്ഷ പാർട്ടി എന്നുള്ള നിലയിൽ പ്രതിപക്ഷത്തിരിക്കുന്ന നിങ്ങളുടെ കടമയല്ലേ, ഈ ഗവൺമെന്റിന്റെ ഭരണഫലമായി രാജ്യത്തെ ജന ങ്ങളെ വീർപ്പുമുട്ടിക്കുന്ന വിലവർദ്ധനവ് ഉണ്ടായാൽ അതിനെ എതിർക്കുക എന്നുള്ളത്? നിങ്ങൾക്ക് ഈ മൂന്നുവർഷത്തിനിടയിൽ തെരഞ്ഞെടുപ്പിന്റെ സമയത്തുപോലും വിലവർദ്ധനവിനെതിരായി ഒരക്ഷരം ഉരിയാടുന്നതിന് സാധിക്കുമോ? ഇല്ല. എന്തുകൊണ്ട്? ഈ ഗവൺമെന്റ് വിലവർദ്ധനവ് തടഞ്ഞു നിർത്താൻ തന്നെയാണ് നടപടികൾ സ്വീകരിച്ചത്. മൂന്നുവർഷക്കാലം ഈ ഗവൺമെന്റ് വിലവർദ്ധനവ് തടഞ്ഞുനിർത്താൻ 280 കോടി രൂപയാണ് സബ്സിഡിയായി കൊടുത്തത്. നിങ്ങളുടെ കാലത്ത് 1992-ൽ 88 പൈസ സബ്സിഡി പ്രഖ്യാപിച്ചു. സബ്സിഡിയായി കൊടുത്തു. ഒക്ടോബർ മാസ ത്തിൽ അത് 44 ആയി കുറച്ചു. 1993-ൽ അത് പൂർണ്ണമായും പിൻവലിച്ചു. അതുകൊണ്ട് നിങ്ങളുടെ കാലത്തെ വിലവർദ്ധനവിനെതിരെ ശക്തിയായി സമരം നടത്തിക്കൊണ്ടാണ് എൽ.ഡി.എഫ്. അധികാരത്തിൽവന്നത്. ഇന്ന് ഇൻഡ്യയിലാകെ വില സൂചിക 18 പോയിന്റ് ഉയർന്നപ്പോൾ ഇവിടെ ഒരു 25 പോയിന്റെങ്കിലും ഉയരേണ്ടതായിരുന്നു. പക്ഷേ 8 പോയിന്റേ വിലസൂചിക ഉയർന്നുള്ളൂ. അതുകൊണ്ട് വിലവർദ്ധനവ് തടഞ്ഞുനിർത്താൻ നടപടി സ്വീക രിച്ച ഗവൺമെന്റ് എന്നുള്ള നിലയിൽ ഇനി നിങ്ങൾ ഒരു തെരഞ്ഞെടുപ്പിലേ യ്ക്കുപോയാൽ ജനങ്ങൾ നിങ്ങളെ കൈവെടിയും. ഈ ഗവൺമെന്റിന് അനു കൂലമായ നിലപാട് സ്വീകരിക്കും.....(ബഹളം)...

<u>ശ്രീ. ജോസ് ബേബി</u> : സർ, ഇപ്പോൾ ശ്രീ. കെ. നാരായണക്കുറുപ്പിന്റെ വില കുറഞ്ഞുവരികയാണ്. അതുകൊണ്ടാണ് ഇടയ്ക്കിടക്ക് അദ്ദേഹം ഇടപെ ടുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ബഹു. മെമ്പർ നിയമസഭ യിടെ പ്രൊട്ടക്ഷൻ ഉപയോഗിച്ച് നമ്മുടെ സംസ്ഥാനത്ത് വിലവർദ്ധനവി ല്ലെന്നു വരുത്തിത്തീർക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ദയവായി ഈ സംസ്ഥാനത്ത് വിലവർദ്ധനവേയില്ലെന്ന് അങ്ങയുടെ നിയോജക മണ്ഡല ത്തിൽപ്പോയി പരസ്യമായി ജനങ്ങളോട് പറയുമോ?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, കേരളത്തിലെ വിലസൂചിക 8 പോയിന്റ് ഉയർന്നപ്പോൾ അതിന്റെ അർത്ഥം വിലവർദ്ധനവ് ഇല്ലെന്നാണ്. ഇൻഡ്യയിൽ 18 പോയിന്റ് വിലസൂചിക ഉയർന്നു. അവിടെ നിന്നും സാധന ങ്ങൾ വാങ്ങിക്കൊണ്ടുവന്ന് വിൽക്കുന്ന ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്നുള്ള നിലയിൽ ഇവിടെ 25 പോയിന്റ് എങ്കിലും വിലസൂചിക ഉയരേണ്ടതായിരുന്നു. നിങ്ങൾ ഭരിച്ചിരുന്നുവെങ്കിൽ അതാകുമായിരുന്നു. കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഫലമായിട്ടാണ് വിലസൂചിക ഉയരാതിരിക്കുന്നത്. അത് ആരുടെ മുമ്പിലും ഏതു മണ്ഡലത്തിലും വന്നുപറയാൻ ഞാൻ ഒരുക്ക മാണ്. അതുകൊണ്ടാണ് ഞാൻ ഈ ഡിമാന്റിനെ അനുകൂലിക്കുന്നു എന്നുപറ ഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എന്റെ സ്നേഹിതൻ മുൻ പ്രാസംഗികൻ ബി.ജെ.പി.യെ സഹായിക്കലാണ്, ഒരു ഹിഡൻ അജണ്ടയാണ്, കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി സ്വീകരിച്ചതെന്നുപറഞ്ഞു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശ യാണത്. കാരണം, ആരാണ് ഈ ബി.ജെ.പി.യെ സഹായിച്ച് അധികാരത്തിലി രുത്തിയത്? ഇപ്പോൾ വാജ്പേയി ഗവൺമെന്റ് ഭരിക്കുന്നതിന്റെ ഉത്തരവാദി ആരാണ്? കോൺഗ്രസ് അല്ലേ? വളരെ ക്ലീയറല്ലേ? ശ്രീമാൻ രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായപ്പോൾ രണ്ടുമൂന്ന് പ്രശ്നങ്ങളാണ് ആ തെര ഞ്ഞെടുപ്പിൽ ഉയർന്നുവന്നത്, മതേതരത്വം കാത്തുസൂക്ഷിക്കാൻ കോൺഗ്ര സ്സിനേ സാധിക്കൂ എന്നാണ് നിങ്ങൾ പറയുന്നത് കോൺഗ്രസ്സിന് സാധി ക്കുമോ? കോൺഗ്രസ്സല്ലേ ഇന്ത്യയുടെ മതേതരത്വം കണഞ്ഞു കുളിച്ചത്? കോൺഗ്രസ്സാണ് ഇന്ത്യാരാജ്യത്തിന്റെ മതേതരത്വം കളഞ്ഞുകുളിച്ച രാഷ്ട്രീയ പാർട്ടി. അതുകൊണ്ടാണ് കോൺഗ്രസ്സ് ഒരു മൂലയിൽ ഒതുങ്ങിയത്. ജവ ഹർലാൽ നെഹ്റു അടച്ചുപൂട്ടിയിരുന്ന ബാബ്റിമസ്ജിദിന്റെ വാതിലുകൾ തുറന്നുകൊടുത്തത് ആരാണ്? അത് പറയാതിരിക്കാൻ നിർവ്വാഹമില്ല, പറ ഞ്ഞാൽ നിങ്ങൾക്ക് വിഷമം വരും. ഉള്ളതുപറഞ്ഞാൽ കള്ളിക്ക് തുള്ളൽവരും എന്നുപറഞ്ഞതുപോലെ, ഈ പറയുന്നത് കേൾക്കാൻ നിങ്ങൾക്ക് സഹി ഷ്ണുത കാണില്ല. സർ, അതിനുശേഷം അത് ഇടിച്ചുനിരത്താൻ, പ്രതിഷ്ഠ നടത്താൻ സൗകര്യം കൊടുത്തത് കോൺഗ്രസ്സല്ലേ? അവിടെ രഥഘോഷയാ ത്രയായി ശ്രീ. എൽ.കെ. അദ്വാനി ഇറങ്ങിത്തിരിച്ചപ്പോൾ അദ്ദേഹത്തെ കൈവിലങ്ങുവച്ച് ജയിലിലിട്ട ആളാണ് ശ്രീ. വി.പി. സിംഗ്. ആ വി.പി. സിംഗിന്റെ ഗവൺമെന്റിനെ കാലുവാരിയവരല്ലേ നിങ്ങൾ? അതിനുശേഷം ദേവഗൗഡ ഗവൺമെന്റ് വന്നു. ഇപ്പോഴെങ്കിലും ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ പറയുമോ? ശ്രീ. ദേവഗൗഡ 10 മാസക്കാലം ഇന്ത്യാരാജ്യം ഭരിച്ചു.....( ബഹളം)...... ആ ദേവഗൗഡ ഗവൺമെന്റിന്റെ പിന്തുണ നിങ്ങൾ പിൻവലിച്ച തെന്തിനാണ്? ഇന്ന് ബി.ജെ.പി. ഉപയോഗിക്കാൻ ഉദ്ദേശിച്ച് പൊളിയായിപ്പോ കുന്ന ഇന്ത്യാപാക് പ്രശ്നമുണ്ടല്ലോ, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ശത്രുത കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി വിദേശകാര്യ സെക്രട്ടറിയുടെ യോഗം കൂടാൻ തീരുമാനിച്ച ഷെഡ്യൂൾ മനസ്സിലാക്കി നിങ്ങളുടെ പ്രസിഡന്റാ യിരുന്ന സീതാറാം കേസരിയും അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയും കൂടി ഡെൽഹിയിൽ ഫൈവ് സ്റ്റാർ ഹോട്ടൽ മുറിയിലിരുന്ന് ആലോചിച്ച വിഷയമെ ന്താണ്? ആ വിഷയം ദേവഗൗഡ ഗവണ്മെന്റിനെ താഴെയിറക്കാനായിരുന്നു. അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയും കോൺഗ്രസ്സുംകൂടി കൂടിയാലോചിച്ച് ഗൗഡ ഗവൺമന്റിനെ താഴെയിറക്കി. ശ്രീ. ദേവഗൗഡ കാണിച്ച കുറ്റമെന്താ ണെന്നുപറയൂ? ഇന്ത്യയിലെ 40 കോടിയോളം വരുന്ന ജനങ്ങൾക്ക് പകുതിവി ലയ്ക്ക് 10 കിലോഗ്രാം അരിവീതം മാസംതോറും കൊടുത്തതാണോ കുറ്റം? ബംഗ്ലാദേശും ഇന്ത്യയും തമ്മിലുള്ള നദീജലതർക്കം പരിഹരിച്ചതാണോ ദേവ ഗൗഡ ഗവൺമെന്റ് കാണിച്ച കുറ്റം? ഇന്ത്യയും ചൈനയും തമ്മിലുള്ള പ്രശ്നം കൂടിയാലോചിച്ച് തീർത്തതാണോ കുറ്റം? നിങ്ങൾ അയൽരാജ്യങ്ങളു മായി മുഴുവൻ ശത്രുതയുണ്ടാക്കിവച്ചെങ്കിൽ അതിനെല്ലാം പരിഹാരം കണ്ട താണോ കുറ്റം? ദേവഗൗഡ ഗവൺമെന്റിനെ കാലുവാരിയതെന്തിനാണെന്ന് നിങ്ങൾ ഇനിയും പറയണം. ജനങ്ങളോട് പറയാൻ നിങ്ങൾക്ക് ബാധ്യതയു ണ്ട്. അതിനുശേഷം ശ്രീ. ഗുജ്റാൾ വന്നു. ശ്രീ. ഐ.കെ. ഗുജ്റാൾ വന്ന് കൃത്യം 10 മാസമായപ്പോൾ നിങ്ങൾ പിന്തുണ പിൻവലിച്ചില്ലേ? എന്തുപറഞ്ഞി ട്ടാണ് പിൻവലിച്ചത്? നിങ്ങൾക്ക് വല്ല ഉളുപ്പുമുണ്ടോ? നിങ്ങൾ പറഞ്ഞത് രാജീവ്ഗാന്ധിയുടെ വധത്തിൽ എൽ.ടി.ടി.ഇ. ആണ് ഉത്തരവാദികൾ, കരുണാ നിധിക്ക് അതിൽ പങ്കുണ്ടെന്നുപറഞ്ഞുകൊണ്ട് ദേവഗൗഡ ഗവൺമെന്റിന്റെ പിന്തുണ നിങ്ങൾ പിൻവലിച്ചില്ലേ? റിപ്പോർട്ട് എഴുതിവച്ച ജെയിൻ ഞാന ങ്ങനെ എഴുതിയിട്ടേയില്ലെന്നുപറഞ്ഞു. നിങ്ങൾ വിട്ടില്ല. ജയിൻ പറഞ്ഞിട്ടും കരുണാനിധിക്ക് അതിൽ പങ്കുണ്ടെന്നുപറഞ്ഞു. അതിനുശേഷം ഫൈനൽ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുവന്നു. കരുണാനിധിക്ക് പങ്കുണ്ടോ? രാജീവ്ഗാന്ധിയെ അരുംകൊല ചെയ്യുന്നതിന് പങ്കാളിത്തം വഹിച്ചു എന്ന് വിശേഷിപ്പിച്ചുകൊണ്ട് ആ ഗവൺമെന്റിനെ നിങ്ങൾ തകർത്തു. എന്നിട്ട് അതിനുശേഷം കരുണാനിധി ഗവൺമെന്റിനെതിരായി ഒരു ചെറുവിരൽ അനക്കിയിട്ടുണ്ടോ? രാജീവ്ഗാന്ധി യോട് നിങ്ങൾക്ക് സ്നേഹമില്ലേ? അദ്ദേഹത്തെ കൊല ചെയ്യുന്നതു നിങ്ങൾക്കിഷ്ടമാണോ? അതാണ് നിങ്ങളുടെ നിലപാടെങ്കിൽ അതിനെത്തു ടർന്നാണല്ലോ വാജ്പേയി ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ വാജ്പേയി ഗവൺമെന്റിനുതന്നെ ഇപ്പോൾ കാവൽ ഗവൺമെന്റായിരി ക്കാൻ അവസരം കൊടുത്തത് നിങ്ങളല്ലേ? അതുകൊണ്ട് നിങ്ങൾക്ക് മതേത രത്വം സംരക്ഷിക്കാൻ സാധിക്കില്ല? നിങ്ങൾ മതമൗലികവാദ ശക്തികളെ വളർത്തുന്ന പാർട്ടിയാണ്, ഇന്ത്യയുടെ ഭരണഘടനയെ തകർക്കുന്ന കക്ഷിയാ ണ്. നിങ്ങൾക്ക് മതേതരത്വം സംരക്ഷിക്കാൻ സാധിക്കില്ലെന്നാണ് അനുഭവം തെളിയിക്കുന്നത്. ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച് ബി.ജെ.പി.യെ സഹായിക്കാനാന് തീരുമാനിക്കുക എന്നിവിടെ പറയുകയു ണ്ടായി. ഇവിടെ കേരളത്തിൽ നിങ്ങളെ ഒതുക്കിയെടുക്കുക എന്നുള്ളതുതന്നെ യാണ് ഞങ്ങളുടെ ലക്ഷ്യം. അതിൽ വല്ല അയവും കിട്ടുമെന്നു നിങ്ങൾ സ്വപ്നം കാണണ്ട, യാതൊരയവുമില്ല. നിങ്ങൾക്ക് കഴിഞ്ഞതവണ 140 സീറ്റു കിട്ടി. എന്തുകണ്ടിട്ടാണ് നിങ്ങൾ അഹങ്കരിക്കുക? ഇത്തവണ തെരഞ്ഞെടു പ്പിൽ എത്ര കിട്ടും? പത്രങ്ങളിൽ നിങ്ങളുടെ കൂടെനിന്ന ആളുകളൊക്കെ ത്തന്നെ ഇപ്പോൾ എഴുതിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് ഒരു ലേഖകൻ അരുൺ നെഹ്റു പറഞ്ഞിരിക്കുന്നത് മാക്സിമം വന്നാൽ 120 സീറ്റുകിട്ടുമെന്നാണ്. എന്നാൽ വേറെ ചില പത്രങ്ങൾ പറയുന്നത് 100-ൽ താഴെയാകുമെന്നാണ്. എവിടെയാണ് നിങ്ങൾക്ക് കിട്ടുക? കഴിഞ്ഞതവണ 140 കിട്ടിയതിൽ മഹാരാ ഷ്ട്രയിലെ 31 സീറ്റുണ്ട് എന്നോർമ്മ വേണം. അതിപ്പോൾ കിട്ടുമോ? പോയില്ലേ? വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ 25 സീറ്റുണ്ട്. അതിലിപ്പോൾ ശ്രീ. സംഗ്മ പോയി; നിങ്ങൾക്ക് രക്ഷ കിട്ടുമോ? തമിഴ്നാട്ടിൽ ഇപ്പോൾ ജയ ലളിതയെ കൂട്ടുപിടിച്ചാലും നിങ്ങൾക്ക് രണ്ടുസീറ്റുപോലും കിട്ടില്ല. എവിടെ നിന്നാണ് നിങ്ങൾ ഭരിക്കാൻ വരുന്നത്, അഹങ്കാരം കൊണ്ട് നിങ്ങൾ ശ്രീ. വാജ്പേയ് ഗവൺമെന്റിന് വീണ്ടും ഭരിക്കാനുള്ള അവസരം കൊടുത്തു. ഇടതുപക്ഷ പാർട്ടികൾ പറഞ്ഞു ഞങ്ങൾ നിങ്ങൾക്ക് എത്ര ദുഷ്ടന്മാരാ യാലും ശരി, ബി.ജെ.പി.യെപ്പോലുള്ള മതഭ്രാന്തന്മാരല്ല, ഫാസിസ്റ്റ് ശക്തിയല്ലാ ത്തതുകൊണ്ട് നിങ്ങളെ പിന്തുണയ്ക്കാമെന്ന്. പക്ഷേ നിങ്ങൾക്കാണെങ്കിൽ ശ്രീ. ജ്യോതിബാസു, ഇടതുപക്ഷ മതേതര ശക്തിയുടെ പ്രധാനമന്ത്രിയാകുന്ന തിനെ പിന്തുണയ്ക്കാൻ പറ്റുകയില്ല. ഞങ്ങൾ ഒറ്റയ്ക്ക് ഭരിക്കും. എവിടെ യാണ് ഭരിക്കുക? ഭരിക്കാനുള്ള പിന്തുണ വല്ലതും കിട്ടുമോ ഇപ്പോൾ ബി.ജെ. പി.ക്കാർക്ക് ഒരു അഹങ്കാരമുണ്ട് കാർഗിൽ യുദ്ധത്തിൽ കൊടുകുത്തിയെന്നു ള്ളത്. അവരുടെ പറച്ചിലും പ്രസംഗവും കേട്ടാൽ തോന്നും പാകിസ്ഥാന്റെ രണ്ടുജില്ല പിടിച്ചെടുത്തുവെന്ന്. വെള്ളം കുടിക്കും. ഇൻഡ്യാരാജ്യത്തെ അരുമ സന്തതികളെ, 360-ഓളം വരുന്ന ധീര ജവാന്മാരെ കരുകരായെന്ന് കൊല്ലിച്ച തിന് നിങ്ങളും ബി.ജെ.പി. ക്കാരും ഉത്തരം പറയേണ്ടി വരും. ഇൻഡ്യൻ ഭൂമി യിലാണ് യുദ്ധമുണ്ടായത്. കാർഗിൽവരെ രണ്ട് ജില്ലയ്ക്കിപ്പുറം കയറി ആറേ ഴുമാസം, ആറേഴു കിലോമീറ്ററോളം താവളമടിച്ച്, ബങ്കർ കുഴിച്ച് ആയുധം, ഭക്ഷണം, മരുന്ന്, അവന്റെ ഭാര്യ, എല്ലാപേരും വന്ന് താമസമാക്കിയിട്ട് ഇവ നൊക്കെ ഉറങ്ങിപ്പോയോ? ആ ഉറങ്ങിയതിന് സമാധാനം പറയണം-രാജ്യ ത്തിന്റെ അതിർത്തി കാത്തുസൂക്ഷിക്കാൻ കഴിയാത്തവർ! എന്നിട്ട് നമ്മുടെ അരുമയായ സന്തതികൾ പോരാടി ആ പ്രദേശത്തുനിന്നും ശത്രുക്കളെ തുര ത്തിയോട്ടിച്ചു. എന്നിട്ട് ഇന്നും വീമ്പടിക്കുകയാണ്, ഒരായിരം പാകിസ്ഥാനു സമമാണുപോലും ഇൻഡ്യയെന്ന്. ഇതെല്ലാം വിവരക്കേടാണ് കാണിക്കുന്നത്. മൂന്നുമാസക്കാലം അധികാരത്തിൽവന്നിട്ട് 5 പടക്കം പൊട്ടിച്ചിട്ട് അയൽക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ വെല്ലുവിളിച്ച് ഈ രാജ്യത്തെ യുദ്ധത്തിൽ കൊണ്ടെത്തിച്ചില്ലേ? അതുകൊണ്ട് ബി.ജെ.പി. ക്കാരൻ വിചാരിക്കുന്നത് കാർഗിൽ യുദ്ധത്തിന്റെ ക്രെഡിറ്റെടുക്കാമെന്നാണ്. ഞങ്ങളുടെ ഭൂമിയിൽ കുടിയേറിപ്പാർക്കാൻ സൗകര്യം ചെയ്തുകൊടുത്തിട്ട് അതു മോചിപ്പിക്കാൻ പട്ടാളക്കാരൻ ജീവൻ ത്യജിച്ച് മോചിപ്പിച്ചെങ്കിൽ അതിന്റെ ക്രെഡിറ്റ് ബി.ജെ.പി. ക്കാരനാണോ? ബി.ജെ.പി. ക്കാരന് ക്രെഡിറ്റില്ല. അതുകൊണ്ട് ബി.ജെ.പി.യും അധികാരത്തിൽ തിരിച്ചുവരാൻ പോകുന്നില്ല. ഇവർ ഭരിച്ച സംസ്ഥാനത്തിന്റെയൊക്കെ സ്ഥിതി എന്താണ്? ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ തെളിയും: ഇടതുപക്ഷ ജനാധിപത്യ മതേതര ശക്തികളുടെ മുന്നണി ഈ രാജ്യത്ത് അധികാരത്തിൽ വരും. തെരഞ്ഞെടുപ്പിന്റെ ഫലം കണ്ടോളൂ, പല പ്രാദേശിക പാർട്ടികളും ഈ തെരഞ്ഞെടുപ്പു കഴിയുമ്പോൾ മതമൗലികശക്തികൾ, മതഭ്രാന്തന്മാർ, വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ, രാജ്യം വിദേശശക്തിക്കടിമപ്പെടുത്തിയ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള കക്ഷികളെ ജനങ്ങൾ കയ്യൊഴിയും. ഇടതുപക്ഷമാതൃകയിലുള്ള കേരളം പോലുള്ള, ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിൽ വീണ്ടും തെരഞ്ഞെടുപ്പ് വന്നില്ലേ, ആ ശക്തികൾക്ക് മാത്രമേ ജനങ്ങളെ രക്ഷിക്കാൻ കഴിയുകയുള്ളൂ എന്ന് നക്ഷത്രം പോലെ തെളിഞ്ഞുനിൽക്കുകയല്ലേ? വർഗ്ഗീയശക്തികൾക്ക് സാധിക്കുകയില്ല, കോൺഗ്രസ്സെല്ലാം ഈ രാജ്യത്ത് പൊളിഞ്ഞവരാണ്. കേരളം കഴിഞ്ഞ മൂന്നുവർഷക്കാലമായി നേട്ടങ്ങളുടെ പട്ടികയുമായി മുന്നോട്ട് പോകുന്നു. ബംഗാളിൽ ശ്രീ. ജ്യോതിബാസു 25 വർഷം തികയ്ക്കാൻ പോകുകയാണ്. ആ ഗവൺമെന്റ് നേട്ടങ്ങളുടെ പട്ടികയുമായി മുന്നോട്ട് പോകുന്നു. ആണത്തമുള്ള ഒരു മുഖ്യമന്ത്രിയായി ശ്രീ. ജ്യോതിബാസുവിനെ കണ്ടില്ലേ? മഹാരാഷ്ട്രയിൽ ബംഗാളി ഭാഷ സംസാരിക്കുന്നതിന്റെ ഫലമായി മുസൽമാനെ ബലാൽക്കാരമായി തീവണ്ടിയിൽ പോലീസകമ്പടിയോടുകൂടി നാടുകടത്താൻ പോയപ്പോൾ തടഞ്ഞിട്ട് നട്ടെല്ലുള്ള മുഖ്യമന്ത്രി സഖാവ് ജ്യോതിബാസു ആ മുസൽമാൻ ഇൻഡ്യയിൽ ജനിച്ച മുസൽമാനാണ്, അവിടെ വളർന്നവനാണ്, തൊഴിലെടുത്ത് ജീവിക്കുന്നവനാണ് അവനെ നാടുകടത്താൻ പറ്റുകയില്ല എന്ന് പറയുവാൻ ആർജ്ജവം കാണിച്ച ശ്രീ. ജ്യോതിബാസു ഒരുപക്ഷേ ഇൻഡ്യയുടെ പ്രധാനമന്ത്രിക്കസേരയിൽ ഒന്നിരുന്നുപോയാൽ ആകാശം ഇടിഞ്ഞുവീണുപോകുമോ? ശ്രീമതി സോണിയാഗാന്ധിയേക്കാൾ, നിങ്ങൾ ഇന്ന് താങ്ങുന്ന പലരേക്കാളും, ആയിരം മടങ്ങ് ശോഭയോടുകൂടി ഇൻഡ്യ രാജ്യത്തെ നയിക്കാൻ സാധിക്കുമായിരുന്നില്ലേ? അപ്പോൾ നിങ്ങൾക്ക് ഒരു പുതിയുണ്ട്. എന്താ പൂതി? കോൺഗ്രസ്സിനേ ഭരിക്കാൻ പാടുള്ളൂ. എന്റെ ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയും വർക്കിംഗ് കമ്മിറ്റി യോഗത്തിൽ പറഞ്ഞു, ഒരു കാരണവശാലും ശ്രീ. ജ്യോതിബാസു, പ്രധാനമന്ത്രി ആയിക്കൂടായെന്ന്. ബി.ജെ.പി.ക്കാരൻ ഭരിക്കുന്നതിൽ ശ്രീമാൻ എ.കെ. ആന്റണിക്ക് വിഷമമില്ല, ശ്രീ. വാജ്പേയി ഇൻഡ്യയുടെ പ്രധാനമന്ത്രിയാകുന്നതിൽ ശ്രീ. എ.കെ. ആന്റണിക്ക് വിഷമമില്ല. ശ്രീ. ജ്യോതിബാസു പ്രധാനമന്ത്രി ആയിക്കൂടാ!

അതുകൊണ്ട്, കേരളത്തിനും ഇൻഡ്യയ്ക്കാകെ മാതൃകയായ ഒരു ഗവൺമെന്റ് രാജ്യം ഭരിക്കും. അതുപോലൊരു മോഡൽ ഭരണം ഇൻഡ്യയിൽ ജനങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കും, തെരഞ്ഞെടുപ്പ് കഴിയുമ്പോൾ മൂന്നാംമുന്നണി അധികാരത്തിൽ വരും, കോൺഗ്രസ്സ് മൂന്നാം സ്ഥാനത്താകും, എന്നുമാത്രം പറഞ്ഞുകൊണ്ട്, ഈ സപ്ലിമെന്ററി ഡിമാന്റിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്ക്മുമ്പ് പ്രസംഗിച്ച ശ്രീ. ആനത്തലവട്ടം ആനന്ദൻ-അദ്ദേഹത്തിന് ഇനിയും കാര്യങ്ങൾ മനസ്സിലായിട്ടില്ല, ചുറ്റുപാടുകളിൽ നടക്കുന്ന സംഭവവികാസങ്ങൾ അദ്ദേഹത്തിനു മനസ്സിലായിട്ടില്ല, എന്നാണ്



LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയുവാനുള്ളത്. നമ്മുടെ മുമ്പിൽ ഫാസിസ്റ്റ് ഭീകരത ഒരു യാഥാർത്ഥ്യമായി നിൽക്കുകയാണ്. അതിനെതിരെ സംഘടിക്കേണ്ട സമീപനങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ അഖിലേന്ത്യാ നേതാക്കന്മാർക്ക് മനസ്സിലായെങ്കിലും അദ്ദേഹത്തിനു മനസ്സിലായിട്ടില്ല എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഒരു കാര്യം ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതാണെങ്കിലും വീണ്ടും ഞാൻ ആവർത്തിക്കുകയാണ്. ഇടതുപക്ഷങ്ങൾ ബി.ജെ.പി.ക്കെതിരെ ഉയർത്തിക്കൊണ്ടുവന്ന മൂന്നാം മുന്നണിയുടെ സ്ഥിതി എന്താണ്? കോൺഗ്രസിനെ എതിർക്കാൻ വേണ്ടിയുണ്ടാക്കിയ മൂന്നാം മുന്നണിയാണ്. അതിലെ ആളുകൾ മുഴുവൻ ബി.ജെ.പി.യോടൊപ്പം പോകുകയാണ്. അവരെ നിർത്തിക്കൊണ്ട് ബി.ജെ.പി.യെ എതിർക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഞങ്ങൾക്ക് വിശ്വാസമില്ല ബി.ജെ.പി.യെ തകർക്കാൻ നിങ്ങളുടെ സമീപനം സ്വീകാര്യമാകുമെന്നുള്ളത്. മുസ്ലീം ലീഗിന്റെ സമീപനം മതേതരകക്ഷികളെല്ലാംതന്നെ ഒരുമിച്ചു നിന്നുകൊണ്ട് ഫാസിസത്തെ എതിർക്കണമെന്നാണ്. അതിനിവിടെ വിശ്വസിക്കാവുന്ന ഒരു കക്ഷി കോൺഗ്രസ്സുതന്നെയാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നത് ഈ ഗവൺമെന്റിന്റെ വികലമായ സാമ്പത്തിക വീക്ഷണവും വികസനത്തെക്കുറിച്ചുള്ള വന്ധ്യമായ കാഴ്ചപ്പാടും തന്നെയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട ഉപധനാഭ്യർത്ഥനകളിൽ പ്രതിഫലിക്കപ്പെട്ടത് എന്നതുകൊണ്ടാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ വികസനരംഗത്തെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ശ്രമവുമുണ്ടായിരുന്നില്ല. വികസനത്തിന്റെ വിവിധ മേഖലകളിൽ-ആരോഗ്യം, വിദ്യാഭ്യാസം, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിൽ-ഒട്ടേറെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയുണ്ടായിട്ടും ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയില്ല. ഒഴിച്ചുകൂടാൻ പാടില്ലാത്ത അത്തരം പ്രവൃത്തികൾക്ക് ഈ സപ്ലിമെന്ററി ഡിമാന്റിലെങ്കിലും തുക വകയിരുത്തുമെന്ന് ഞങ്ങൾ കരുതിയതാണ്. ഞങ്ങൾ നിരാശരായിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രവൃത്തികൾ ഒന്നും ഈ ഉപധനാഭ്യർത്ഥനകളിൽ ഇല്ല.

ശ്രീ. എ. കണാരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു ഫാസിസത്തിനെതിരായി വിശ്വസിക്കാമെന്നുള്ള ഒരു കക്ഷി കോൺഗ്രസ് ആണെന്ന്. ബാബറിമസ്ജിദ് പൊളിക്കുമ്പോൾ നോക്കിനിന്ന ശ്രീ. നരസിംഹറാവുവിന്റെ കോൺഗ്രസ്സിനെപ്പറ്റിയാണോ അങ്ങ് സംസാരിച്ചത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : എന്റെ സുഹൃത്ത് എ. കണാരൻ കുറച്ച് കാര്യബോധമുള്ള ആളാണെന്നാണ് ഞാൻ വിചാരിച്ചത്? ഇപ്പോഴത്തെ സ്ഥിതി എന്താണ്? നമ്മൾ എല്ലാപേരും കൂടി ഒരുമിച്ചു നിന്നാലേ ഈ ഫാസിസമെന്ന ദുർഭൂതത്തെ തളയ്ക്കാൻ കഴിയുകയുള്ളൂവെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ മുസ്ലീം, നാടാർ കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതിൽ ധാരാളം കുടിശ്ശികയുണ്ട്. അനാഥശാലകൾക്ക് ഗ്രാന്റ് കൊടുക്കുന്നതിൽ ധാരാളം കുടിശ്ശികകളുണ്ട്. ആറാംനമ്പർ സബ്ജക്റ്റ് കമ്മിറ്റി ഇത് വളരെ ഗൗരവമായി എടുത്തു. ഇതിനാവശ്യമായ തുക ഈ അഡീഷണൽ ആതറൈസേഷനിലെങ്കിലും വകയിരുത്തണമെന്ന് സബ്ജറ്റ് കമ്മിറ്റി ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇവിടെ ഫിനാൻസ് വകുപ്പു സെക്രട്ടറിയെ വിളിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം ആ സബ്ജറ്റ് കമ്മിറ്റിയിൽ വരാൻ തയ്യാറായില്ല. അതിന് വിശദീകരണം ചോദിക്കാൻ സബ്ജറ്റ് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ഇതൊക്കെ സപ്ലിമെന്ററി ഗ്രാന്റിൽ ഉൾപ്പെടുത്തുമെന്നാണ് ഞങ്ങൾ കരുതിയ

LIBRARY ARCHIVES Kerala Legislative Assembly

ത്. സ്കോളർഷിപ്പ് കൊടുക്കുന്നതിനൊന്നും നിങ്ങൾക്ക് വലിയ, ബോദറേഷൻ ഉള്ളതായി കാണുന്നില്ല. അനാഥശാലകളെക്കുറിച്ച്, യത്തീംഘാനകളെക്കുറിച്ച്, ബഹു. ടി.കെ. ഹംസയുടെ ഗവൺമെന്റ് മറന്നുപോയല്ലോ എന്നാണ് എനിക്ക് ഇവിടെ പറയുവാനുള്ളത്. അവർക്കുകൊടുക്കാനുള്ള തുകയെങ്കിലും കൊടുത്തുകൂടേ? സപ്ലിമെന്ററി ഡിമാന്റിൽ കാര്യമായി പറഞ്ഞിരിക്കുന്നത് വാഹനങ്ങൾ വാങ്ങുന്നതിനാണ്. വാഹനങ്ങൾ വാങ്ങുന്നതിനാണ് കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത്. വേറെ കാര്യമായിട്ടൊന്നുമില്ല. വിജിലൻസ് ഡിപ്പാർട്ടുമെന്റിന് വാഹനം വാങ്ങുക, അതുപോലെ പലർക്കും വാഹനങ്ങൾ വാങ്ങുന്നതിനാണ്. വാഹനങ്ങൾ വാങ്ങിക്കുന്നതിൽ എനിക്കെതിർപ്പില്ല. വാഹനങ്ങൾ വാങ്ങണം, പക്ഷേ വാഹനങ്ങൾ വാങ്ങുന്നതുമാത്രമാണു ഗവൺമെന്റിന്റെ പണിയെന്നു വരുന്നതു ശരിയല്ല. ഇപ്പോൾ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വാഹനയോഗമാണ്. ലക്ഷ്വറി കാറുകളോടാണ് താല്പര്യം. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഫോർഡ് എക്സ്കോർട്ട് കാർ വാങ്ങുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ട്. കൊച്ചിൻ സർവ്വകലാശാല കാണിച്ച ഒരു ഔചിത്യബോധമെങ്കിലും ഈ ഗവൺമെന്റ് കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വൈസ്ചാൻസലറിന് കോണ്ടസ്സാ കാർ വാങ്ങേണ്ടെന്ന് അവിടെ സിൻഡിക്കേറ്റ് തീരുമാനിച്ചു. സാമ്പത്തിക പ്രതിസന്ധിയിലായ സവ്വകലാശാല വലിയ തുക മുടക്കി ആഡംബര ക്കാറ് വാങ്ങുന്നത് ആശാസ്യമല്ലെന്ന് സർവ്വകലാശാലാ ഫൈനാൻസ് ഓഫീസറുടെ അഭിപ്രായം പരിഗണിച്ചാണ് സിൻഡിക്കേറ്റിന്റെ ഈ തീരുമാനം. ഇത്തരത്തിൽ സാമ്പത്തിക പ്രതിസന്ധിയിൽ നമ്മുടെ സംസ്ഥാനം നിൽക്കുന്ന അവസരത്തിൽ മന്ത്രിമാർക്ക് ഇങ്ങനെ ആഡംബരക്കാറുകളോട് പ്രിയമുണ്ടാകുന്നത് ശരിയല്ല. ഒരു കാലത്ത് ഇതിനെതിരെ ശക്തമായി പോരാടിയവരാണ് ഇവർ. ഈ സപ്ലിമെന്ററി ഗ്രാന്റിൽ പദ്ധതിയിതരച്ചെലവുകൾക്കാണ് കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത്. പ്ലാൻ എക്സ്പെൻഡിച്ചർ 131 കോടി രൂപയാണ്. നോൺ പ്ലാൻ എക്സ്പെൻഡിച്ചർ 1145 കോടി ഉറുപ്പികയാണ്. പദ്ധതിയേതരച്ചെലവുകൾക്ക് കൂടുതൽ തുക വകയിരുത്തുന്നത് നമ്മളെ എവിടെ എത്തിക്കുമെന്നതിനെ സംബന്ധിച്ച് എല്ലാപേർക്കും അറിയാവുന്നതാണ്. സാമ്പത്തികമായി പ്രതിസന്ധി അനുഭവിക്കുന്ന കേരളം ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്താണ് നമ്മുടെ ഇന്നത്തെ സാമ്പത്തികസ്ഥിതി? ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത കൊണ്ട്, സാമ്പത്തിക മിസ്മാനേജ്മെന്റു കൊണ്ട്. ആഡംബരവും ധൂർത്തുംകൊണ്ട്, നമ്മുടെ സാമ്പത്തികസ്ഥിതി ഒരു സ്ഫോടനത്തിന്റെ വക്കിൽ എത്തിയിട്ടില്ലേ? ആപേക്ഷികമാണ് ആഡംബരവും ധൂർത്തും എന്നുള്ള ഒരു സിദ്ധാന്തം ബഹു. ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. നമ്മുടെ പ്രശസ്തനായ ഐൻസ്റ്റീൻ പണ്ട് ആപേക്ഷികതാസിദ്ധാന്തം അവതരിപ്പിക്കുകയുണ്ടായി. ബഹു. ശിവദാസമേനോൻ 'ആപേക്ഷികതാ സിദ്ധാന്തം-രണ്ട്' അവതരിപ്പിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിനു നമ്മൾ എന്തെങ്കിലും കാര്യമായി കൊടുക്കണം. റവന്യൂകമ്മി 2000 കോടി രൂപയ്ക്ക് മുകളിലാണ്. അടുത്ത വർഷം അത് 3000 കോടി രൂപയ്ക്ക് മുകളിലാകുമെന്നാണ് ഭരണകക്ഷിയിൽപ്പെട്ട മെമ്പർമാർ ചർച്ചാവേളയിൽ അഭിപ്രായപ്പെട്ടത്. ഒമ്പതാം പദ്ധതിയുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയോടൊപ്പം എത്തണമെങ്കിൽ 52,000 കോടി ഉറുപ്പികയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാകണമെന്നാണ് ബഹു. ഒരു മെമ്പറുടെ ചോദ്യത്തിന് ഉത്തരമായി ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കിയത്. ഇപ്പോൾ

[12 Noon]

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു കൊല്ലം കഴിഞ്ഞു. എത്ര കോടി ഉറുപ്പിക നിക്ഷേപമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കണം. എന്താണ് നമ്മുടെ ഇന്നത്തെ സ്ഥിതി? കാർഷികമേഖല തകർന്നു. വ്യവസായരംഗം മുരടിച്ചു, വൈദ്യുതി ചാർജ്ജ് വർദ്ധനവുകൊണ്ട് വ്യവസായങ്ങൾ ആകെ തകർന്നിരിക്കുകയാണ്. തീരപ്രദേശങ്ങളിലെ ഐസ് ഫാക്ടറികൾ വർക്ക് ചെയ്യുന്നില്ല. മത്സ്യത്തൊഴിലാളികൾ വളരെ ഭീതിയിലാണ്. നികുതി പിരിച്ചെടുക്കാൻ കഴിയുന്നില്ല. വികസനപ്രവർത്തനങ്ങൾ നടക്കുന്നില്ല. കേരളത്തിന്റെ ഭാവി അപകടത്തിലാണ്. കേരളം ഒരു സാമ്പത്തിക ത്തകർച്ചയുടെ വക്കത്താണ്. സത്വരം ആവശ്യം വേണ്ട നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ ഈ സംസ്ഥാനത്തിന്റെ സാമൂഹിക ജീവിതം കരകയറാനാവാത്ത വിധത്തിലുള്ള പടുകുഴിയിൽ എത്തുമെന്നുള്ള ഉത്കണ്ഠയിലാണ് നാം. ഇതിൽ നിന്നുള്ള മോചനം ലക്ഷ്യമാക്കിയുള്ള അടിയന്തിര നടപടികൾ ഉണ്ടായേതീരൂ. അത് ഗൗരവമായി കണക്കിലെടുക്കണം. നമ്മുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് നമ്മൾ ഉത്കണ്ഠയിലാണ്. എന്താണ് നമ്മുടെ സാമ്പത്തിക സ്ഥിതി എന്നതിനെ സംബന്ധിച്ച് സർക്കാർ ഒരു ധവളപത്രം ഇറക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മറ്റൊന്ന് ന്യൂനപക്ഷ വിഭാഗങ്ങളോട് കടുത്ത അവഗണനയും ശത്രുതാമനോഭാവവുമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. മുസ്ലീം ഈഴവ സമൂഹങ്ങളെല്ലാം ഇന്ന് സമരത്തിന്റെ പാതയിലാണ്. അവർക്ക് പ്ലസ് ടു അനുവദിക്കുന്ന കാര്യത്തിൽ അനീതിയും വിവേചനവും കാണിച്ചിരിക്കുന്നു. മുസ്ലീം സമൂഹം വിദ്യാഭ്യാസപരമായി വളരെ പിന്നോക്കംനിന്ന സമൂഹമാണ്. അവർക്ക് ഇപ്പോഴാണ് വിദ്യാഭ്യാസ താല്പര്യം ഉണ്ടായത്. ചരിത്രപരമായ കാരണങ്ങളാൽ, ബ്രിട്ടീഷ് ഭരണത്തോടുള്ള ചില പ്രശ്നങ്ങളുടെ ഫലമായി, വിദ്യാഭ്യാസത്തോട് മുഖംതിരിച്ചു നിന്നവരാണ്. അവർക്ക് ഇപ്പോൾ താല്പര്യമുണ്ടായി മുന്നോട്ടു വന്നപ്പോൾ അവർക്ക് പ്ലസ് ടു ജനസംഖ്യാനുപാതികമായി നൽകാതെ ഉന്നതവിദ്യാഭ്യാസത്തിന്റെ വാതിൽ അവർക്കെതിരെ കൊട്ടിയടച്ചിരിക്കുകയാണ്. ഇനിയും ഈ സമൂഹങ്ങളെ വിറകുവെട്ടികളും വെള്ളംകോരികളുമാക്കി നിർത്താനാണ് നിങ്ങളുടെ ഭാവമെങ്കിൽ അതു നടക്കുകയില്ലെന്നു പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നിങ്ങൾക്കെതിരെ മുസ്ലീം, ഈഴവ സമൂഹങ്ങൾ സമരരംഗത്തേയ്ക്ക് ഇറങ്ങിയിരിക്കുകയാണ്. പ്രതിപക്ഷത്തെ രാഷ്ട്രീയ പാർട്ടി പ്രേരണ നൽകി ഉണ്ടാക്കിയ സമരമല്ല. അവരോട് അനീതി കാണിച്ചതിന്റെ പേരിൽ, വിവേചനം കാണിച്ചതിന്റെ പേരിൽ, അവർ നിർബന്ധമായി സമരത്തിൽ ഇറങ്ങിയതാണ്. ഇക്കാര്യം ഈ ഗവൺമെന്റ് കണക്കിലെടുക്കണം. അവരോടു ശരിയായ രീതിയിൽ നീതി കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസ് ബേബി : സർ, 1999-2000 വർഷത്തെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ ഉപധനാഭ്യർത്ഥന ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ നിയമസഭയിൽ ചെയ്ത പ്രസംഗത്തിലെ ഒരു വിഷയത്തെ സംബന്ധിച്ച് രണ്ടുവാക്കു സൂചിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ടെലിവിഷൻ കൊടുക്കാൻ.....

മി. ചെയർമാൻ : ദയവായി ആ വിഷയം ചർച്ച ചെയ്യണ്ട.

ശ്രീ. ജോസ് ബേബി : നിയമസഭയിൽ പണ്ട് ഇതിനെ എതിർത്തിരുന്നത് അത് വീട്ടിൽ കൊണ്ടുപോയതിനെയാണ്. അല്ലാതെ എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly

കാർട്ടേഴ്സിൽ ടെലിവിഷൻ വച്ചതിനെയല്ല. ഇതിൽ വിവാദം ഉണ്ടാക്കേണ്ട കാര്യമില്ലായിരുന്നു. അന്നും പറഞ്ഞിരുന്നു. ഇന്നും പറയുന്നു.

മി. ചെയർമാൻ : അക്കാര്യം ചർച്ചാവിഷയമാക്കണ്ട. പ്ലീസ് കം ടു ദി പോയിന്റ്.

ശ്രീ. ജോസ് ബേബി : ഈ ഉപധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട്, 42 എക്സൈസ് തസ്തിക ഉണ്ടാക്കിയതിനെക്കുറിച്ച് ഇവിടെ വിമർശിക്കുകയുണ്ടായി. ഇതിൽ ഒരു ഇരട്ടത്താപ്പ് കാണാം. നമ്മുടെ സംസ്ഥാനത്ത് മദ്യനിരോധനം ശക്തമായി നടപ്പിലാക്കണമെന്നു പറയുകയും മദ്യനിരോധനം നടപ്പിലാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥന്മാരുടെ കുറവു പരിഹരിക്കണമെന്ന് പറയുകയും, അതു പരിഹരിക്കാൻ ശ്രമിക്കുന്ന സമയത്ത് അതിനുവേണ്ടി പണം ചെലവഴിച്ചുവെന്ന് നിലവിളിക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ റോൾ എന്താണ്? യഥാർത്ഥത്തിൽ പ്രതിപക്ഷം ഒരു ശിഖണ്ഡിയെ മുൻനിർത്തിക്കൊണ്ടുള്ള ഒരു യുദ്ധമല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്? യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന്റെ മുഖ്യ റോളിൽ അഭിനയിക്കേണ്ട കോൺഗ്രസ്സ് ഐ-യുടെ വക്താക്കൾ വേറെ ചില ആളുകളെക്കൊണ്ടാണ് പല സീനുകളും അഭിനയിപ്പിക്കുന്നത്. ഇവിടെ തെരഞ്ഞെടുപ്പുവരുന്നുവെന്ന് അറിഞ്ഞപ്പോൾ തുടങ്ങിയ സുഖക്കേടാണ്-ശിഖണ്ഡിവേഷം അണിഞ്ഞുകൊണ്ടുള്ള യുദ്ധം. ഇവിടെ പറഞ്ഞതുപോലെ മണൽ മന്നന്മാരും കല്ലട മന്നൻമാരും ഒക്കെ ഇതിന്റെ വക്താക്കളായി മുന്നിൽനിന്നുകൊണ്ട് പ്രധാന സൂത്രധാരപ്പണി ചെയ്യുന്ന കോൺഗ്രസ്സ് ഐ അതിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്ന റോളാണ് കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷം, യു.ഡി.എഫ്, സംഘർഷത്തിന്റെ, തമ്മിൽത്തല്ലിന്റെ പാതയിലാണെന്ന് ഇന്നലെ നിയമസഭയിൽ നടന്ന സെലക്ട് കമ്മിറ്റി രൂപീകരണത്തെ സംബന്ധിച്ചുള്ള പരസ്യമായ വിവാദത്തിൽ നമ്മൾ കണ്ടുകഴിഞ്ഞിരിക്കുകയാണ്. ശ്രീ. ടി.എം. ജേക്കബ് അക്കാര്യം പരസ്യമാക്കി. അദ്ദേഹം മാത്രമല്ല, യു.ഡി.എഫ്-ലെ ഘടകകക്ഷിയായ ജെ.എസ്.എസ്സ്-ന്റെ ജനറൽ സെക്രട്ടറി ശ്രീമതി കെ.ആർ. ഗൗരിയമ്മ പറഞ്ഞിരിക്കുന്നു-കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൂടെയുണ്ടായിരുന്ന കൻഷിറാമിനെപ്പോലും കൂടെ നിർത്താൻ കോൺഗ്രസ്സിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കോൺഗ്രസ്സ് ഇപ്പോഴും ചക്രവർത്തി സ്വഭാവത്തിൽ കഴിയുകയാണ്. രാജ്യം നേരിടുന്ന ഭീഷണി മുന്നിൽകണ്ടുകൊണ്ട് മതേതര ജനാധിപത്യശക്തികളുടെ ഐക്യനിര കെട്ടിപ്പടുക്കുവാൻ മുൻകൈ എടുത്ത്, പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ മതേതര ജനാധിപത്യവും സാധാരണക്കാരുടെ ജീവിതവും ശോഭനമാക്കാനുള്ള ഇച്ഛാശക്തിയോടെ കുതിച്ചുനീങ്ങേണ്ട സന്ദർഭത്തിൽ കോൺഗ്രസ്സ്(ഐ)ചക്രവർത്തിഭാവം അഭിനയിക്കുന്നു എന്നാണ് ശ്രീമതി കെ.ആർ. ഗൗരിയമ്മ പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ശ്രീമതി കെ.ആർ. ഗൗരിയമ്മ പറഞ്ഞത് കൻഷിറാമിന്റെ കാര്യം, ബി.എസ്.പി.യെക്കുറിച്ച്. കോൺഗ്രസ്സിന്റെ കൂടെത്തന്നെയുള്ള ആളുകളെ കൂടെനിർത്താൻ കഴിയുന്നില്ല. അതിന്റെ ഉദാഹരണമല്ലേ കർണ്ണാടക സംസ്ഥാനത്ത് മുൻമന്ത്രിമാരും പല പ്രമുഖരായ നേതാക്കളും കോൺഗ്രസ്സിൽനിന്നു രാജിവച്ച് പോയിട്ടുള്ള കാര്യം? അത് അങ്ങ് ശ്രദ്ധിച്ചിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജോസ് ബേബി</u> : അതിന് ഏറ്റവും വലിയ തെളിവ് അവിടെയൊന്നും പോകണ്ട. സാക്ഷാൽ കൃഷ്ണകുമാർ ഇന്നലെ പറഞ്ഞിരിക്കുന്നു- "എന്റെ എതിർപക്ഷക്കാരായ ബി.ജെ.പി.ക്കാരോ ഇടതുപക്ഷമോ അല്ല എന്നെ ദ്രോഹിച്ചത്, സ്വന്തം പാർട്ടിക്കാർ തന്നെയാണ്." കൃഷ്ണകുമാറിനെയും ഭാര്യയെയും ജയിലിൽ കയറ്റണമെന്നോ അവർക്ക് ഉണ്ടായിരുന്നുള്ളൂ. "അങ്ങനെ ഞങ്ങളെ അപമാനിക്കുകയും ഭാവി നശിപ്പിക്കുകയും ചെയ്യും. കുറെയൊക്കെ അവർ അതിൽ വിജയിച്ചു. പക്ഷേ ആത്യന്തികമായ വിജയം അവർക്കായിരിക്കുമോ? ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്-When hard things happen to good people they get better not bitter. ഇത് പറഞ്ഞിരിക്കുന്നതു സാക്ഷാൽ കൃഷ്ണകുമാറാണ്. ഞാൻ പറഞ്ഞുവന്നത്-കേരളത്തിലെ യു.ഡി.എഫ്. വെല്ലുവിളികൾ നടത്തി. തുടക്കംതന്നെ വെല്ലുവിളിയിലാണ്. യു.ഡി.എഫ്-ന്റെ സ്ഥിതിയാണ് ഞാൻ പറയുന്നത്. കോൺഗ്രസ്സിനുള്ളിലുള്ള ആളുകൾ-ശ്രീ. ടി.എം. ജേക്കബ് പറയുന്ന കൂടെയുള്ള ആളുകൾ-സാക്ഷാൽ കെ. കരുണാകരൻപോലും തിരുവനന്തപുരത്ത് ഉൾപ്പെടെ ജയിക്കുകയില്ലെന്നു കണ്ടപ്പോൾ സീറ്റ് മാറാനുള്ള വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതാണ് നമ്മുടെ സംസ്ഥാനത്തെ യു.ഡി.എഫ്-ന്റെ സ്ഥിതി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അദ്ദേഹം എല്ലാ പുസ്തകവും വായിക്കുന്ന ആളാണല്ലോ. ഇവിടെ ശ്രീ. സി. അച്ചുതമേനോന്റെ ഒരു പുസ്തകമുണ്ട്. അതിൽ പറയുന്നത്, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ പിരിച്ചു വിടുന്നുവെന്നാണ്, അത് അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ടോ?

<u>ശ്രീ. കടകം പള്ളി സുരേന്ദ്രൻ</u> : ഞാൻ കണ്ടിട്ടില്ല.

<u>ശ്രീ. ജോസ് ബേബി</u> : അങ്ങനെയൊരു പുസ്തകം തിരുവഞ്ചൂർ മാത്രമേ കണ്ടിട്ടുള്ളൂ. ഞങ്ങളാരും കാണാത്ത പുസ്തകം തിരുവഞ്ചൂർ കണ്ടിട്ടുണ്ടാകും. ഞങ്ങളാരും ഈ പുസ്തകം വായിച്ചിട്ടില്ല.

അതുകൊണ്ട്, നമ്മുടെ സംസ്ഥാനത്ത് സംസ്ഥാന രാഷ്ട്രീയത്തെക്കുറിച്ചു പറയുമ്പോൾ യാഥാർത്ഥ്യബോധത്തോടുകൂടി വസ്തുനിഷ്ഠമായി കാര്യങ്ങൾ അപഗ്രഥിക്കുവാനും ചർച്ചചെയ്യുവാനും യാഥാർത്ഥ്യങ്ങളെ കണ്ടുപിടിച്ചു മുന്നോട്ടു പോകുവാനും കേരളത്തിലെ യു.ഡി.എഫ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പറഞ്ഞതുപോലെ രാഷ്ട്രീയത്തിൽ ഇപ്പോൾ വരുന്ന മാറ്റങ്ങൾ, ആ ദേശീയ രാഷ്ട്രീയ മാറ്റങ്ങൾ, നമ്മുടെ സംസ്ഥാനത്തെയും ബാധിക്കും. ആ കാര്യത്തിൽ സംശയമില്ല. ഇപ്പോൾ നടന്ന ഇൻഡ്യാ-പാക് യുദ്ധം, അതുപോലും തെരഞ്ഞെടുപ്പിൽ വോട്ടാക്കി മാറ്റുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ബി.ജെ.പി.യെ അധികാരത്തിൽ നിന്ന് പുറത്താക്കാൻ അവർ പരിശ്രമം നടത്തി. പരിശ്രമത്തിൽ അന്നുള്ള വിവിധ ജനാധിപത്യ ശക്തികളുടെ ശക്തമായ പ്രവർത്തനത്തിൽ കോൺഗ്രസ്സിന്റെ റോൾ എന്നു പറയുമ്പോൾ പല ആളുകളേയും അകറ്റി നിർത്തുന്ന റോൾ ആണ് അവർ എടുത്തുകൊണ്ടിരിക്കുന്നത്. ഓരോരുത്തരെയായി അകറ്റി നിർത്തിക്കൊണ്ടിരിക്കുകയാണ്. അതു ശരിയല്ല. ഇവർക്ക് ഒറ്റയ്ക്ക് അധികാരത്തിൽ വരണമെന്നുള്ളതുകൊണ്ട് മറ്റാരെയും കൂടെ കൂട്ടണ്ട, ഞങ്ങൾക്ക് ഒറ്റയ്ക്കു മതി, എന്ന സമീപനമുണ്ട്. ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞതുപോലെ കോൺഗ്രസ് പാർട്ടി പറയുന്നത്, 'ഞങ്ങൾക്ക് വേറെ ആരെയും വേണ്ട, ഞങ്ങൾ ഒറ്റയ്ക്കു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു, ഞങ്ങൾ ജയിച്ചുകഴിഞ്ഞാൽ ഞങ്ങൾക്ക് ഒറ്റയ്ക്കു ഗവൺമെന്റുണ്ടാക്കാം എന്ന സമീപനം' 'ഞങ്ങൾ ഒറ്റയ്ക്ക് അധികാരത്തിൽ വരണമെന്നു' പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആ പാർട്ടി നേതൃത്വത്തിന്, 'നിങ്ങൾ കൂട്ടിയില്ലെങ്കിലും ഞങ്ങൾ പിന്തുണ നൽകാ'മെന്നാണല്ലോ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ പറഞ്ഞതിന്റെ അർത്ഥം. 'ഗവൺമെന്റ് നിങ്ങൾ ഉണ്ടാക്കിയില്ലെങ്കിലും രാഷ്ട്രീയത്തിൽ ഞങ്ങളെ നിങ്ങൾ കൂട്ടിയില്ലെങ്കിൽപ്പോലും ഞങ്ങൾ പിന്തുണ നൽകും' എന്നാണ് പറഞ്ഞതിന്റെയർത്ഥം! അതിന്റെയർത്ഥം-ഇൻഡ്യാരാജ്യത്ത് മതന്യൂനപക്ഷങ്ങൾ, ഭാഷാന്യൂനപക്ഷങ്ങൾ അങ്ങനെയുള്ള സാധാരണ കഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾ-ആ ജനവിഭാഗങ്ങളുടെ മേൽ കുതിരകയറുമ്പോൾ, അന്നു പള്ളി പൊളിച്ചപ്പോൾ, കണ്ണടച്ചിരുന്നതുപോലെ മുസ്ലീം ലീഗിന്റെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഉൾപ്പെടെയുള്ള ആളുകൾ ഇങ്ങനെ ന്യൂനപക്ഷ പീഡനം ഉണ്ടാകുന്ന സന്ദർഭത്തിൽ മിണ്ടാതിരിക്കുന്ന ഒരു സാഹചര്യം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അല്ലെങ്കിൽ കുട്ടി അഹമ്മദ് കുട്ടിയെപ്പോലുള്ള ആളുകൾ ഇങ്ങനെ പറയുകയില്ല., കോൺഗ്രസ് കൂട്ടിയില്ലെങ്കിലും ഞങ്ങൾ കൂടെ കൂടാമെന്ന് പറയുന്നത്- ഇത് എന്തു രാഷ്ട്രീയമാണ്? ഞാൻ പറയുന്നത്, ദേശീയ രാഷ്ട്രീയത്തിൽ വലിയ സംഭവവികാസം ഉണ്ടാകാൻ പോവുകയാണ്: ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് എതിരായ ആക്രമണം. ഇനിയും ബി.ജെ.പി. ഗവൺമെന്റ് ഇത്തരത്തിൽ പോയിക്കഴിഞ്ഞാൽ നമ്മുടെ രാജ്യത്തുണ്ടാകുന്ന സംഭവവികാസങ്ങൾ, നമ്മുടെ രാജ്യത്തുണ്ടാകുന്ന അപകടങ്ങൾ-അത് ഉൾക്കൊള്ളാതെ പുറകോട്ടുപോകാൻ കോൺഗ്രസ്സ് പാർട്ടിക്ക് സാധിക്കില്ല. കോൺഗ്രസ്സിനാണ് മുഖ്യഉത്തരവാദിത്വം. മുഖ്യഉത്തരവാദിത്വം കോൺഗ്രസ്സിന്റെ തലയിൽ ജനങ്ങൾ അടിച്ചേൽപ്പിക്കുന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ട്. വരുമാന മാർഗ്ഗങ്ങൾ ഇല്ല. ഗൾഫിൽനിന്നും പണം വളരെ കുറച്ചു മാത്രമേ കിട്ടുന്നുള്ളു. വികസനപ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് നടക്കണം. സംസ്ഥാന ഗവൺമെന്റ് 67 കോടി രൂപ കൊടുത്തിട്ടുണ്ടെങ്കിലും കേരളത്തിലെ പല റോഡുകളും ഇപ്പോഴും കാലവർഷക്കെടുതിയിൽ പൊളിഞ്ഞു പോയിക്കൊണ്ടിരിക്കുകയാണ്. അത് റിപ്പയർ ചെയ്യാൻ ആവശ്യമായ പണം ഉണ്ടാകണം. കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയ. സാമ്പത്തിക ബാദ്ധ്യതകൾ തീർക്കേണ്ടത് ഈ ഗവൺമെന്റ് ആണല്ലോ. ഈ ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ പണം റോഡുകൾക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അങ്ങനെയുള്ള ഒരു സാമ്പത്തികസ്ഥിതിയിൽ നിൽക്കുന്ന ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ഡിമാന്റിനെ അനുകൂലിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ് : ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദന്റെ പ്രസംഗം കേട്ടപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പ് തുടങ്ങിയെന്നു തോന്നിപ്പോയി. അദ്ദേഹം നിയമസഭയെ തെരഞ്ഞെടുപ്പു വേദി പോലെ മാറ്റിക്കൊണ്ട് വാചാലമായി സംസാരിച്ചു. ഇപ്പോഴാണ് മനസ്സിലായത് ശ്രീ. ജോതി ബാസുവിനെ എന്തുകൊണ്ട് നിങ്ങൾ പ്രധാനമന്ത്രിയാക്കാൻ സമ്മതിച്ചില്ല എന്ന്. അങ്ങനെ കോൺഗ്രസ്സിന്റെ സഹായത്തോടുകൂടി ബി.ജെ.പി.യെ താഴെയിറക്കിയിട്ട് ആരെ പ്രധാനമന്ത്രിയാക്കുമെന്ന് നേരത്തെ പറഞ്ഞിട്ട് വളരെ പെട്ടെന്ന് കൂടെ നിന്ന ആർ.എസ്.പി.യെയും ഫോർവേഡ് ബ്ലോക്കിനെയും ഒക്കെ പറഞ്ഞു വിട്ടിട്ട് ഗതിയില്ലാത്ത അവസരത്തിൽ ബാസു പ്രധാനമന്ത്രി ആയിക്കോ എന്നു പറയുമെന്ന് വിചാരിച്ചത് നടപ്പിലാകാതെ പോയ വിരോധമാണ് അദ്ദേഹത്തിന്റെ ശബ്ദം ഇത്രയും ഊറ്റത്തിൽ കേട്ടതെന്ന് തോന്നിപ്പോ

LIBRARY ARCHIVES Kerala Legislative Assembly

വുകയാണ്. ഇവിടെ പല ആളുകളും അടുത്ത തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിക്കൊണ്ടാണ് പ്രസംഗിക്കുന്നത്. ഇവിടെ അനുവദിക്കുന്ന തുക എന്തിനുവേണ്ടി അനുവദിച്ചു, എന്തിനുവേണ്ടി ചെലവഴിച്ചു, എന്നുള്ള കാര്യമൊന്നുമില്ലാതെ ശ്രീ. ജോസ് ബേബി പോലും അഖിലേന്ത്യാ രാഷ്ട്രീയത്തിലേക്ക് ഓടുകയാണ്. ഇവിടുത്തെ കാര്യമൊന്നും അദ്ദേഹത്തിന് പറയാനില്ല.

ശ്രീമതി ആർ. ലതാദേവി : അഖിലേന്ത്യാ രാഷ്ട്രീയത്തിലേക്ക് നമ്മുടെ ശ്രീ. ജോസ് ബേബി കടന്നതിനെക്കുറിച്ച്, അതിന്റെ പ്രസക്തിയെ ചോദ്യം ചെയ്തു കൊണ്ടാണല്ലോ അങ്ങ് സംസാരം തുടങ്ങിയത്. എന്നാൽ, ഈ ഉപധനാഭ്യർത്ഥനയിൽ പ്രധാനപ്പെട്ട ഒരു ഇനം 12 1/2 കോടി രൂപ ഇലക്ഷനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ആ സാഹചര്യത്തിൽ ആ ഇലക്ഷൻ ആര് ഉണ്ടാക്കിയെന്നും എന്തുകൊണ്ട് വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ടിയിരുന്ന കോടിക്കണക്കിന് രൂപ ഇങ്ങനെ വിനിയോഗിക്കപ്പെടുന്നുവെന്നുള്ളതും ചർച്ചചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമല്ലേ? ആ കർത്തവ്യം നിർവഹിക്കുകയല്ലേ ശ്രീ. ജോസ് ബേബി ചെയ്തത്? ബഹു. മെമ്പർക്ക് ഇതിലുള്ള അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. നാരാണക്കുറുപ്പ് : സർ, ഇതൊക്കെ ഈ രാജ്യത്ത് നടക്കുന്ന സംഭവങ്ങൾ തന്നെയാണ്. അത് കേന്ദ്രത്തിന്റെ ചുമതലയിൽപെട്ടതാണ്. അതുകൊണ്ട്, നടത്തും. ഞാൻ അക്കാര്യമല്ല പറഞ്ഞത്. ബി.ജെ.പി.യെ ഇറക്കണം, ഇറക്കണമെന്ന് പറഞ്ഞ് കോൺഗ്രസ്സിന്റെ പിന്നാലെ നടന്ന് കോൺഗ്രസ്സിന് തൽക്കാലം മന്ത്രിസഭയില്ലാതെ വന്ന സാഹചര്യത്തിൽ കോൺഗ്രസ്സിനെക്കൊണ്ടു ബി.ജെ.പി.യെ താഴെയിറക്കി ആ വിടവിലൂടെ രണ്ടു പ്രധാന കക്ഷികൾ കോൺഗ്രസ്സിനെ സപ്പോർട്ട് ചെയ്യാതെ വന്നപ്പോൾ പിന്നെ എന്താണു മാർഗ്ഗമെന്ന അനിശ്ചിതാവസ്ഥയിൽ ഞങ്ങൾക്ക് കയറാമെന്നുള്ള ആ ഉദ്ദേശം നടക്കാതെ വന്ന ശബ്ദവും ദേഷ്യവുമൊക്കെ ശ്രീ. ആനത്തലവട്ടം ആനന്ദന്റെ പ്രസംഗത്തിൽ കേട്ടു.

*(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)*

സർ, ഞാൻ ഇവിടത്തെ കാര്യം മാത്രമേ പറയുന്നുള്ളു. ഈ തെരഞ്ഞെടുപ്പിന് കാരണം ആരാണ്. ആ കാര്യത്തെപ്പറ്റി പ്രസംഗിക്കേണ്ടേ എന്നാണ് എന്റെ ബഹുമാനപ്പെട്ട സഹോദരി ചോദിച്ചത്. എല്ലാവരും ഇതൊക്കെ സഹിക്കേണ്ടിവരുന്ന കാര്യങ്ങളാണ്. അതു പറഞ്ഞപ്പോൾ, കോൺഗ്രസ്സാണ് ബി.ജെ.പി.യെ താഴെ ഇറക്കിയത് എന്നു തോന്നിപ്പോകുന്നു. ഇറക്കണം, ഇറക്കണം എന്നുപറഞ്ഞ് പുറകിൽനിന്ന് ബാന്റ് ഊതിയവരെ അതിനെപ്പറ്റി പറയാനില്ല. ആരു പറഞ്ഞിട്ട് കോൺഗ്രസ്സിനെ കൈയിലെടുത്തു, എങ്ങനെ പറഞ്ഞു, കോൺഗ്രസ്സിന് ഒരുപക്ഷേ പിന്തുണ കൊടുക്കാമെന്നുള്ള വാഗ്ദാനം ഉണ്ടായിരുന്നോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും അതാണ് സംഭവം. ഇപ്പോൾ ഇവിടെ വന്നിട്ട് അതു നടക്കാതെ പോയപ്പോൾ ആർക്കായാലും അൽപ്പം ഈർഷ്യയുണ്ടാകും. ഇങ്ങനെ അലറി പ്രസംഗിക്കാൻ അതാണ് കാരണം, അല്ലാതെ വേറെ ഒരു കാര്യവും ശ്രീ. ആനത്തലവട്ടം ആനന്ദന്റെ പ്രസംഗത്തിൽ എനിക്കു കാണാൻ കഴിഞ്ഞില്ല. ഇവിടെ 277 കോടി രൂപയുടെ ഒരു സപ്ലിമെന്ററി ഗ്രാന്റാണ് കൊണ്ടുവന്നിരിക്കുന്നത്. നമുക്ക് അതല്ലേ പറയേണ്ട കാര്യമുള്ളൂ. ഇത്രയും തുക സപ്ലിമെന്ററി ഗ്രാന്റായി ചോദിക്കണമെങ്കിൽ അത് അച്ചടക്കരാഹിത്യമാണ്. ഈ പണം ചെലവഴിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന്റെ അച്ചടക്കരാഹിത്യം മുന്തിനിൽക്കും. ഈ 277 കോടി രൂപതന്നെ എന്തിനുവേണ്ടിയിട്ടാണ്? ഉൽപ്പാദനപര

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള കാര്യങ്ങൾക്കല്ല, ഉൽപ്പാദനേതരമായ കാര്യങ്ങൾക്കുവേണ്ടി ചെല വഴിക്കാനാണ്. അതിൽ 145 കോടി രൂപയും വകകൊള്ളിച്ചിരിക്കുന്നത്. അങ്ങനെ ഉൽപ്പാദനേതരമായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി കൂടുതൽ പണം ചെലവഴിച്ചുകൊണ്ട് ഉൽപ്പാദന പ്രക്രിയയ്ക്കുള്ള കാര്യങ്ങൾക്കു വേണ്ടി പണം ചെലവഴിക്കാത്തതുകൊണ്ടാണ് നമ്മുടെ രാജ്യത്ത് ഇന്ന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. ഇവിടെ ബഹുമാനപ്പെട്ട പല ആളുകളും പറഞ്ഞു, "നിങ്ങൾ എന്തുകൊണ്ട് ഇറങ്ങിപ്പോയി, ഇറങ്ങിപ്പോയത് വിലകൂടിയതുകൊണ്ടാണ്, സാധനങ്ങൾക്ക് വില കൂടിയതുകൊണ്ടാണ് നിങ്ങൾക്ക് ഇറങ്ങിപ്പോകേണ്ടി വന്നത്, ഇപ്പോൾ ഞങ്ങൾ കേറിയപ്പോഴോ, ഇപ്പോൾ എല്ലാത്തിനും കുറവാണ്. സകലതിനും കുറവാണ്, ഇവിടെ വില കുറയാത്ത ഒരു സാധനവുമില്ല!" ഇവിടെ വില കുറവുള്ളത് മനുഷ്യനു മാത്രമേയുള്ളൂ. ഇവിടെ എപ്പോഴും ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ നായർ സാർ പറയാറുണ്ട് അരിയുടെ വില വളരെ കുറഞ്ഞു എന്ന്. പക്ഷേ ഉണ്ണുന്ന അരിക്ക് 14 രൂപയാണ്, മറ്റ് അരി എവിടെയാണെന്ന് അറിഞ്ഞുകൂടാ സാധാരണക്കാരൻ ഉണ്ണുന്ന അരിക്ക് ഇന്നും കമ്പോളത്തിൽ 14 രൂപ വിലയാണ്. ഒരു മുറുക്കാൻ രണ്ടര രൂപയാണ്. ഒരു രൂപയ്ക്ക് രണ്ടു വെറ്റില. അങ്ങനെ എല്ലാ കാര്യങ്ങൾക്കും. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയല്ല.. ഈ കാലാവസ്ഥ അങ്ങനെ ആയിപ്പോയി. അതുകൊണ്ട്, 'വില കൂട്ടിയതു കൊണ്ടാണ് നിങ്ങൾക്ക് ഇറങ്ങിപ്പോകേണ്ടി വന്നത്' എന്നുപറഞ്ഞ ആളുകൾ, നിങ്ങൾ, ഇപ്പോൾ എന്താണു ചെയ്യുന്നത്? ഇത്രയും വില കൂടിയപ്പോൾ ഇവിടെ എല്ലാം കൂടി, ബസ്ചാർജ്ജ് കൂട്ടി, കൂട്ടാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.പരമാർത്ഥം പറഞ്ഞാൽ ഗവൺമെന്റിന്റെ സാമ്പത്തികനില സ്ഫോടനാത്മകമാണ്, അത് അലങ്കാരപരമായി പറയുകയല്ല. ഇവിടെ നിത്യച്ചെലവുകൾ നടത്താൻവേണ്ടി സാധാരണ സഹകരണ സംഘങ്ങളിൽ നിന്നുപോലും കടമെടുത്തിരിക്കുകയാണ്. അങ്ങനെ കടമെടുക്കുന്ന പണംപോലും ചെലവഴിക്കാൻ കഴിയുന്നില്ല. ഇവിടെ എല്ലാവരും ഈ ഭാഗത്തിരിക്കുന്ന ആളുകളുടെ യോജിപ്പില്ലായ്മയെക്കുറിച്ചു പറഞ്ഞു. അങ്ങേഭാഗത്ത് സി.പി.ഐ.യും, സി.പി.എം. ഉം ഒഴിച്ചുള്ളതെല്ലാം കണ്ണാടിച്ചില്ലുപോലെ തകർത്തില്ലേ? തകർത്തതാരാണ്? ഏതു പാർട്ടിക്കാണ് ഇവിടെ യോജിപ്പ്. അവിടെ രണ്ടുമൂന്നു ചെറിയ ചെറിയ ഘടകങ്ങൾ ഉണ്ടല്ലോ, പിള്ളാര് ഗ്ലാസ് എടുത്തെറിഞ്ഞാൽ പൊട്ടുന്നതുപോലെ പൊട്ടിയിരിക്കുന്ന ആളുകളെ കൂട്ടിയിണക്കി അതിൽക്കൂടി മോന്ത കണ്ടാൽ എങ്ങനെയിരിക്കും. പൊട്ടിയ കണ്ണാടിച്ചില്ലുകൾ കൂട്ടിയിട്ട് മുഖം നോക്കിയാൽ എങ്ങനെയിരിക്കും അതുപൊലെയാണ് ഇപ്പോൾ ആ മുന്നണി. അതിൽ പലയിടത്തും പൊട്ടലും ചീറ്റലുകളുമുണ്ട്. ഞങ്ങൾ ആ കാര്യം പറയണമെന്നു വിചാരിച്ചതല്ല, ഇവിടെ ചൂണ്ടിക്കാണിച്ചതു കൊണ്ട്, ഈ കോലെടുത്തു കുത്താൻ വന്നപ്പോൾ അങ്ങോട്ട് ഒരു തള്ളുതന്നു. എന്നുമാത്രമേയുള്ളൂ. അല്ലാതെ ഇതൊന്നും പറയാൻ ആഗ്രഹിച്ചതല്ല.

സാമ്പത്തിക പ്രതിസന്ധിയിലേക്കുപോകുന്ന ഈ സംസ്ഥാനത്തിന് പരിഹാരമാർഗ്ഗം കാണാത്ത ഈ സർക്കാരിന് പണം പാസാക്കിക്കൊടുക്കേണ്ട കാര്യമില്ല. ശ്രീ. ചന്ദ്രശേഖരൻ നായർ എന്തെല്ലാം പറഞ്ഞാലും വിലക്കയറ്റം രൂക്ഷമാണ് അത് അദ്ദേഹം കാരണമാണെന്നു ഞാൻ പറയുന്നില്ല, ഈ രാജ്യത്ത് വിലക്കയറ്റം രൂക്ഷമാണ്.

മറ്റൊന്ന്, ക്രമസമാധാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന പോലീസ് വകുപ്പിന്റെ കാര്യം തന്നെ, എടുത്തുപറയാം. ഇവിടെ



LIBRARY ARCHIVES Kerala Legislative Assembly

എന്താണ്, ബോംബെയിലെ അധോലോകമല്ലേ ഇന്നിപ്പോൾ കേരളത്തിൽ? പ്രത്യേകിച്ച് ഈ തലസ്ഥാന നഗരിയിലെ പരിസരം. ഈ പ്രാന്തപ്രദേശങ്ങളെല്ലാം ബോംബെ പോലെ ഒരു രംഗമാണ്. ബോംബേറ് അനുദിനം നടക്കുകയാണ്. ബോംബെറിഞ്ഞ് ആളുകളെ കൊല്ലുക, അതിനെ ഇല്ലാതാക്കുവാൻ ഇവിടെ എന്താണ് പരിശ്രമം. പോലീസുകാരില്ലാഞ്ഞിട്ടാണോ? പോലീസുകാരന്റെ ദേഹത്തു മുട്ടി നമ്മൾ താഴേക്കുപോകും. പക്ഷേ ഇതുപോലെ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ ഇവിടെ പോലീസുമില്ല, പോലീസ് നയവുമില്ല.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് അദ്ദേഹം കൈകാര്യം ചെയ്യുന്ന അബ്കാരി നയത്തെപ്പറ്റി: ഇവിടെ അബ്കാരി നയം ഉണ്ടെന്നാണ് പറഞ്ഞത്. എന്താണ്? കേരളം ഒരു വലിയ മദ്യശാലയായി മാറ്റി. എവിടെ ചെന്നാലും, എങ്ങനെ നീട്ടിയാലും കിട്ടത്തക്ക രീതിയിലാണ്. മദ്യത്തെ സുലഭമാക്കിയ ഒരു ഭരണം ഈ രാജ്യത്ത് ഇതിനെക്കാൾ മുമ്പൊന്നും ഇല്ല. അവിടെയും ഇവിടെയും ചില ആളുകളെ പിടിച്ചു എന്ന് പത്രത്തിൽ കാണും എന്നാൽ അവരെയൊക്കെ എന്തുചെയ്തുവെന്ന് ആർക്കും അറിയില്ല ആ രീതിയിലേക്ക് ബുദ്ധിപരമായി കാര്യങ്ങൾ നടത്തുന്നു എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇവിടെ എല്ലാ മേഖലയും തകരാറാണ്. ബഹു. കൃഷ്ണൻ കണിയാപറമ്പിൽ കൈകാര്യം ചെയ്യുന്ന കാർഷിക മേഖല, അതു പോലെ ഭക്ഷ്യമേഖലയും വിദ്യാഭ്യാസ മേഖലയും പൊതുമരാമത്തു വകുപ്പുമെല്ലാം ഇതെല്ലാം ഇന്നത്തെ റോഡുകളുടെ സ്ഥിതിയിൽ നിന്ന് ഒട്ടും മെച്ചമല്ല.

അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാക്കിയ ഒരു ഗവൺമെന്റിന് ഈ അനാവശ്യച്ചെലവിനുവേണ്ടി കൂടുതൽ പണം ചോദിക്കുമ്പോൾ അത് കൊടുക്കുവാൻ, ഒരുപക്ഷേ അനുവദിക്കുവാൻ, നമ്മുടെ മനസ്സാക്ഷി അനുവദിക്കില്ല. ഈ രാജ്യത്തിന്റെ താൽപ്പര്യത്തിനുവേണ്ടി നാം ഒരുപക്ഷെ ചിലപ്പോഴൊക്കെ പണം അനുവദിക്കുന്നുണ്ടെങ്കിലും അത് എന്തിനുവേണ്ടി ചെലവഴിക്കുന്നു? എന്താണ് ഇതുവരെ ചെയ്തത്? പ്രത്യുൽപ്പാദനപരമായ ഒരു കാര്യം പോലും ഈ ഗവൺമെന്റിന് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്തുപറഞ്ഞാലും 'സൂത്രം' എന്നുപറയും! ആസൂത്രണംകൊണ്ട് ഇതുവരെ ഈ രാജ്യത്ത് ഒരു നേട്ടവും നമുക്ക് കിട്ടാൻ കഴിഞ്ഞിട്ടില്ല. ആസൂത്രണംകൊണ്ട് ഭാവിയിൽ നേട്ടം ഉണ്ടാകും, ഞാൻ ആസൂത്രണത്തിന് എതിരല്ല. ആസൂത്രണം വേണം. പ്രയോജനപ്രദമല്ലാത്ത രീതിയിൽ പണം ചെലഴിക്കുന്നതുകൊണ്ടാണ് 270 കോടി രൂപ ഈ സപ്ളിമെന്ററി ഗ്രാന്റിലൂടെ ഇപ്പോൾ ചോദിക്കേണ്ടിവന്നത്. അതാണ് ഇതു കൊടുക്കണ്ട എന്നു പറയാൻ ഞങ്ങളെ നിർബന്ധിക്കുന്നത്. ഈ ദുഷ് ചെലവുകളും അച്ചടക്കരാഹിത്യങ്ങളെയുമൊക്കെ മാറ്റിയെടുക്കാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രസംഗിക്കുമ്പോൾ വലിയ അക്ഷരങ്ങളിൽ പറയും അതാണ്, ഇതാണ് ഒന്നും ഇവിടെ കാണാൻ കഴിയില്ല. മറ്റെല്ലാ മേഖലയും മോശമായിരുന്നാലും വ്യവസായമേഖല ഗംഭീരമാണെന്നുപറയും. പക്ഷെ ഒരൊറ്റ വ്യവസായം പോലും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അതു മുഖാന്തിരം ഒരൊറ്റയൊരുത്തനും പണിയുണ്ടാക്കിക്കൊടുക്കാൻ പോലും കഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മക്കുറിച്ച് ഘോരഘോരമായി പ്രസംഗിക്കുന്നവരാണ് അപ്പുറത്തിരിക്കുന്നവർ. എന്നിട്ട് ഈ ഗവൺമെന്റ് വന്നിട്ട് ആറര ലക്ഷം തൊഴിലില്ലായ്മ കൂട്ടാനല്ലാതെ, കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. തൊട്ടതെല്ലാം നഷ്ടപ്പെട്ടതുകൊണ്ട് തൊട്ടതെല്ലാം പൊന്നാ എന്ന് ആയിരം പ്രാവശ്യം ഉറക്കെ പറഞ്ഞാൽ അത് പൊന്നാകുകയില്ല. അതുകൊണ്ട് ഈ സംസ്ഥാനത്തിന് ഫലപ്രദമല്ലാത്ത, പ്രയോജനപ്രദമല്ലാത്ത, രീതിയിലേക്ക് ഈ പണം

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കുന്നതുകൊണ്ട്, അങ്ങനെയൊരു സപ്ളിമെന്ററി ഗ്രാന്റിനോട് യോജിക്കാൻ നിവൃത്തിയില്ല. ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി.സി. ജോർജ്:സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹു. വാഴൂർ മെമ്പർ അദ്ദേഹത്തിന്റെ മുൻപിൽ നിന്നുള്ള ആ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സംസാരിച്ചത്. എന്ന് ഞാൻ മനസ്സിലാക്കുന്നു. ബഹു. മെമ്പർ അങ്ങ് ഈ പരുവമായല്ലോ? ഏത് മേഖലയിലാണ് ഈ ഗവൺമെന്റ് കുഴപ്പം സൃഷ്ടിച്ചത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. കാരണം, അതിൽ പന്ത്രണ്ടരക്കോടി രൂപ വച്ചിരിക്കുന്നത് തെരഞ്ഞെടുപ്പിനു വേണ്ടിയാണ്, എന്തുകൊണ്ട് ആ പണം പന്ത്രണ്ടരക്കോടി വയ്ക്കേണ്ടിവന്നു, ആ സാഹചര്യം എന്താണെന്ന് നിങ്ങൾ ഒന്ന് മനസ്സിലാക്കണ്ടെ? ശ്രീമതി ലതാദേവി ചോദിച്ചിട്ട് പറയാൻ അങ്ങേയ്ക്ക് കഴിഞ്ഞില്ല. കോൺഗ്രസ്സിന്റെ ആ ഏകകക്ഷി ഭരണം-ആ ഒറ്റ ചിന്താഗതി കൊണ്ടു മാത്രമല്ല ഇപ്പോൾ ഒരു തെരഞ്ഞെടുപ്പ് ഈ രാജ്യത്ത് ഉണ്ടായത്? അല്ലെങ്കിൽ ഉണ്ടാകുമോ? നിങ്ങൾ ചിന്തിക്കേണ്ട? യാതൊരു സംശയവുമില്ലല്ലോ? നിങ്ങളുടെ നേതാവ് ഒറ്റയ്ക്കു ഭരിക്കാൻ തയ്യാറായി. എവിടെ ഇരിക്കുന്നു? സീറ്റുണ്ടോ? ജനപിൻതുണയുണ്ടോ? പാർലമെന്റ് തെരഞ്ഞെടുപ്പിൽ 25% വോട്ടു മാത്രമുള്ള കോൺഗ്രസ്സിനു ഇന്ത്യാരാജ്യം ഒറ്റയ്ക്കുഭരിക്കണമെന്ന്! നടക്കുമോ? ഈ വരുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ ഒറ്റയ്ക്കു ഭരിക്കുമോ? നടക്കാത്ത കാര്യമല്ലേ? ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റ്, ശ്രീ. നായനാരുടെ സർക്കാർ, മൂന്നു കൊല്ലമായി വന്നിട്ട് ബഹു. പ്രതിപക്ഷ നേതാവ് ഇവിടെയുണ്ട്. ഞാൻ വളരെ ബഹുമാനം ഉള്ളവനാണ്, ആദരവുള്ളവനാണ് അങ്ങ് എന്നോട് പിണങ്ങരുത് ഞാൻ പറയുമ്പോൾ അങ്ങ് എന്നോടു പറയുന്ന ഉപദേശങ്ങളൊക്കെ സ്വീകരിക്കുന്നആളുമാണ്. പക്ഷെ മൂന്നു കൊല്ലം മുമ്പുള്ള എ.കെ . ആന്റണിയല്ല പ്രതിപക്ഷനേതാവായ ശ്രീ.എ.കെ. ആന്റണി എന്നതിൽ എനിക്ക് ദുഃഖമുണ്ട്. മുഖ്യമന്ത്രി സ്ഥാനമില്ലാത്തതിൽ, മന്ത്രിക്കാർ ഇല്ലാത്തതിൽ, മന്ത്രിക്കസേര ഇല്ലാത്തതിൽ ഏറ്റവും വലിയ വേദന അനുഭവിക്കുന്ന ആള് അങ്ങാണെന്ന് എനിക്ക് ബോധ്യമാണ്. ഒരുസംശയവുമില്ല. അങ്ങയെക്കാൾ മനഃപ്രയാസമുള്ള ആളുമുണ്ട്. പേര് ഞാൻ പറയില്ല. പറഞ്ഞാൽ വ്യക്തിപരമാണെന്ന് നിങ്ങൾ പറയും. ഞാൻ പറയുന്നില്ല. മൂന്നു മാസമായില്ലെ സർ, എന്താ എന്റെ പാർട്ടിയോടും എന്റെ പാർട്ടിയുടെ നേതാവിനോടും ഇത്ര മനഃപ്രയാസം നിങ്ങൾക്ക്? ഇടതുപക്ഷജനാധിപത്യമുന്നണിയിലെ ഏറ്റവും പ്രബലമായ ജനാധിപത്യകക്ഷിയെന്ന നിലയിൽ എന്റെ പാർട്ടിയെയും എന്റെ നേതാവിനെയും അടർത്തിയെടുക്കാനുള്ള നിങ്ങളുടെ ശ്രമം തുടങ്ങിയിട്ട് നാളുകൾ എത്രയായി? ഞാൻ വ്യക്തിപരമായി പേരു പറയുമെന്ന് നിങ്ങൾ പേടിക്കേണ്ട, ആ മര്യാദകേട് ഞാൻ കാണിക്കുകയില്ല. കാരണം, ഞാൻ തിരുവല്ല ബാർ ഹോട്ടലിനു മുൻപിൽ മദ്യപിച്ച് ബോധമില്ലാതെ കിടക്കുന്നവനല്ലല്ലോ, ഞാൻ പറയുകയില്ല, ആ മാന്യത എനിക്കുണ്ട്, നിങ്ങൾ പേടിക്കേണ്ട. എത്രമാസമായി നിങ്ങൾ തുടങ്ങിയിട്ട്? ഈ മുന്നണിക്കകത്ത് തകരാറുണ്ടാക്കാൻ യാതൊരു കാരണവശാലും കേരള കോൺഗ്രസ്സ് പാർട്ടി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വിട്ടുകൊണ്ട്, മതേതരപ്രസ്ഥാനങ്ങളെ വിട്ടുകൊണ്ട്, ഈ സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടിപ്രവർത്തനം നടത്തുന്ന ഈ ഗവൺമെന്റിനെ വിട്ടുകൊണ്ട് വരില്ല എന്നു മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ തകർക്കുമെന്ന ലക്ഷ്യത്തോടെ നീങ്ങുകയാണ്. എന്നോടു പുറത്തുവച്ച് പലരും പറഞ്ഞിട്ടുണ്ട് തകർത്തുകളയുമെന്ന്. എവിടെ തകർക്കാൻ! തകർക്കാൻ ഇന്ന് നിങ്ങളുടെ മുൻപിൽ ജനമുണ്ടോ? ഞാൻ പ്രാമുഖ്യം കൊടുക്കുന്ന ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത ഞാൻ നിങ്ങളോട് വളരെ എളിമയോടുകൂടി പറയാം, നിങ്ങൾ ഒന്നു കേൾക്കൂ, തെറ്റിദ്ധരിക്കണ്ട, ശ്രീ. ജോണി കേൾക്കാൻവേണ്ടി പറയുകയാണ്. ഈ കോൺഗ്രസ്സ് പാർട്ടി എവിടെപ്പോയി നിൽക്കുമെന്നതു ചിന്തിക്കേണ്ട കാര്യമാണ്. ഈ സംസ്ഥാനത്ത് വർഗ്ഗീയതയുണ്ടാക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

ആരാണ്? ന്യൂനപക്ഷ വർഗ്ഗീയത അപകടകാരിയാണെന്ന് പറയേണ്ട തന്റേടം കാണിക്കേണ്ട കോൺഗ്രസ്സ് പാർട്ടി? ഞാൻ പച്ചയ്ക്കു പറയാം: ഭൂരിപക്ഷ വർഗ്ഗീയതയേക്കാൾ അപകടകാരിയാണ് ന്യൂനപക്ഷവർഗ്ഗീയത. അതു പറയാൻ എന്താണ് ഇത്ര മടി അതു പറയാൻ കോൺഗ്രസ്സ് പാർട്ടിക്ക് എന്താണിത്ര വിഷമം? നിങ്ങൾ ഒന്ന് ആലോചിക്കണം, വർഗ്ഗീയസംഘട്ടനങ്ങൾ കേരളത്തിൽ ഇല്ലാതാക്കാൻ കഴിഞ്ഞത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിലോട്ട് നമ്മൾ പോകുകയാണ്. കഴിഞ്ഞ 17-ാം തീയതി കോട്ടയത്ത് കത്തോലിക്കാ ബിഷപ്പ്മാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാനുള്ള സാഹചര്യം സൃഷ്ടിച്ചതാരാണ്? ഞാൻ പരസ്യമായി പറയാൻ ആഗ്രഹിക്കുന്നു, രാഷ്ട്രീയമായി എനിക്ക് നഷ്ടം വരട്ടെ സാർ, എങ്കിലും ഈ രാജ്യത്ത് ജീവിക്കുന്ന ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ തന്റേടത്തോടുകൂടി ഞാൻ പറയുകയാണ്, ആരാണ് അത് വിളിച്ചുകൂട്ടാൻ പുറകിൽ നിന്നത്? ബഹു. ആന്റണിയോട് ഞാൻ സത്യം ചെയ്തുപറയുന്നു, അങ്ങയുടെ പാർട്ടിയിലെ ഉത്തരവാദപ്പെട്ട ആളുകളാണ്, എം.പി ആയിരുന്ന ആളാണ്, ഈ സഭയിലുള്ള ആളാണ്, അവരുടെ നേതൃത്വത്തിലാണ് കത്തോലിക്കാ ബിഷപ്പുമാരെ വിളിച്ചുകൂട്ടിയത്. അവിടത്തെ ബിഷപ്പുമാരുടെ പ്രസംഗം എന്തായിരുന്നു? ഞാൻ പറയുന്നത് ഒന്നു കേൾക്കൂ, അവിടെ പ്രസംഗിച്ചത് പ്രതിപക്ഷനേതാവ് മനസ്സിലാക്കാൻവേണ്ടി പറയുകയാണ്. ക്രിസ്ത്യാനികൾ ഇന്ത്യാരാജ്യത്ത് എത്രയുണ്ട്? മൂന്നു ശതമാനം മാത്രം വരുന്ന ക്രിസ്ത്യാനികളാണ് ഉള്ളത്. അവിടത്തെ ചർച്ചയിൽ ഏറ്റവും പ്രാമുഖ്യം കൊടുത്ത കാര്യം എം.പി. മാരാകാൻ സ്ഥാനാർത്ഥികളെ നിശ്ചയിക്കുമ്പോൾ ക്രിസ്ത്യാനിക്ക് ഇത്ര സീറ്റുവേണം! അതുകൊണ്ടു നിറുത്തിയോ? ആ ക്രിസ്ത്യാനികളിൽ ഒരു വിഭാഗമായ കത്തോലിക്കക്കാരാണ്കൂടുതൽ ഞാനും ഒരു കത്തോലിക്കനാണ് സർ-കത്തോലിക്കക്കാരന് ഇത്ര സീറ്റുവേണം! അത്രമാത്രം താഴ്ന്ന നിലയിലേക്കാണ് ആ കൺവെൻഷനിൽ ചർച്ച നടന്നത്. കോൺഗ്രസ്സ് നേതാക്കൻമാരാണ് ആ കൺവെൻഷൻ വിളിച്ചുകൂട്ടാൻ പുറകിൽ നിന്ന് പ്രവർത്തിച്ചത്. ഞാൻ ചോദിക്കട്ടെ ക്രിസ്ത്യാനിക്ക് ഇത്ര സീറ്റുവേണമെന്നു പറയുന്നത് ജോണി ചിന്തിച്ചോ ജോണി, ജോണിയെങ്കിലും ചിന്തിക്കണ്ടേ? അതുകൊണ്ടു പറയുകയാണ് ഇവിടുത്തെ ഹിന്ദുക്കൾ പറയുകയാണ് ഞങ്ങൾ 83 ശതമാനമുണ്ട്. ഹൈന്ദവർ ഇൻഡ്യാരാജ്യത്ത് ഇത്ര ശതമാനമുണ്ട്, ഇവിടത്തെ ഈഴവർ ഇത്ര ശതമാനമുണ്ട്, എന്നു പറഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ഇത്ര സ്ഥാനാർത്ഥികളെ അവർ നിറുത്തണമെന്നു ചിന്തിച്ചാൽ ഈ രാജ്യത്തടക്കം മതേതരത്വത്തിന് ഏറ്റവും പ്രാമുഖ്യം കൊടുക്കുന്ന ഈ കേരള സംസ്ഥാനത്തെ രാഷ്ട്രീയ സാഹചര്യമെന്താകും എന്ന് നിങ്ങൾ ചിന്തിക്കണമെന്ന അപേക്ഷയുണ്ട്. ഇതു പറയാതെ പോയിട്ട് കാര്യമില്ല ഇതു പറയാൻ ആരും ധൈര്യപ്പെടാറില്ല എന്തു നഷ്ടം വന്നാലും ആ നഷ്ടം നേരിടാനുള്ള തന്റേടമുണ്ട്. ഞാൻ ഇതു പറയുകയല്ല, എന്റെ മനസാക്ഷി എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. ഇൻഡ്യാരാജ്യത്ത് ന്യൂനക്ഷങ്ങൾക്ക് ജീവിക്കണ്ടെ? ആ ന്യൂനപക്ഷം ജീവിക്കണം,, ആ ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കപ്പെടേണ്ടതാണ്. എനിക്കു തർക്കമില്ല സർ ഭൂരിപക്ഷത്തിന്റെ അവകാശം ധ്വംസിച്ചുകൊണ്ട് ന്യൂനപക്ഷത്തിന്റെ അവകാശം സംരക്ഷിക്കപ്പെടണമെന്നു പറയാൻ എനിക്ക് അവകാശമില്ല. ചിന്തിക്കേണ്ട കാര്യമല്ലേ? ബഹുമാനപ്പെട്ട ശ്രീ. എ.കെ. ആന്റണി, എനിക്ക് അങ്ങയോട് ബഹുമാനമുണ്ട്, അങ്ങ് മൂന്നുകൊല്ലം മുൻപുണ്ടായിരുന്ന ആന്റണിയേയല്ല എന്നുള്ളതിൽ ഞാൻ ദുഃഖിതനാണ്. കേ ാൺഗ്രസ്സ് പാർട്ടിയുടെ ആളുകൾ നേതൃത്വം കൊടുത്തുകൊണ്ട് ആ രീതിയിലുള്ള ചർച്ചകൾ കേരളത്തിൽ ഉണ്ടാക്കിയാൽ ഇന്നുവരെ കേരളത്തിൽ നിലനിൽക്കുന്ന ആ മതേതരസ്വഭാവവും ചിന്താഗതിയും നഷ്ടപ്പെടില്ലേ എന്നു ചിന്തിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.ഇ.എം. അഗസ്തി : കോട്ടയത്തെ കൺവെൻഷൻ നടത്തിപ്പിനെപ്പറ്റി പറഞ്ഞു. ആ കൺവെൻഷൻ വിളിച്ചുക്കൂട്ടിയതിൽ പ്രധാനപ്പെട്ട ഒരാൾ അങ്ങയുടെ പാർട്ടിയുടെ ഒരു സമുന്നത നേതാവായ ശ്രീ. ഇ.ജെ. ലൂക്കോസ് ആണെന്ന കാര്യം ഈ കൺവെൻഷനിൽ.. . . . .

ശ്രീ. പി.സി. ജോർജ് : മതി, മതി, ഇത്ര ചീപ്പ് ആക്കാതെ! ചോദ്യം എനിക്കു മനസ്സിലായി; ഇരിക്കട്ടെ, ഞാൻ അതിന്റെ മറുപടി പറയാൻ പോകുകയാണ്, അവിടെ ഇരിക്ക് ഞാൻ പറയട്ടെ, ഇ.ജെ. ലൂക്കോസ് എന്നു പറയുന്ന എന്റെ പാർട്ടിയുടെ നേതാവ് അമേരിക്കയിലാണ്. ഒരു മാസമായി അമേരിക്കയിലാണ്. ആ യോഗത്തിൽ പങ്കെടുത്ത കോൺഗ്രസ് നേതാവ് ആരാണെന്ന് അറിയാമോ? നമ്മുടെ സെബാസ്റ്റ്യൻ പോളിനെ പരാജയപ്പെടുത്തിയ ആളിന്റെ പേരെന്താ, പോളോ? നിങ്ങളുടെ സ്ഥാനാർത്ഥി, അതെ ആന്റണി ഐസക്ക്; ആ യോഗത്തിൽ സംസാരിച്ച ആളാണ്. അവിടെ നിങ്ങളുടെ എം.എൽ.എ. മാർ ഉണ്ടായിരുന്നു. പേര് ഞാൻ പറയുന്നില്ല. ഞാൻ പറയുമോ? എന്റെ നേതാവ് പി.ജെ. ജോസഫ് ആണ്. മാണിയല്ല. അതുകൊണ്ടാണ് പേര് പറയാത്തത്.

ശ്രീ. കെ.സി. ജോസഫ് : ആ യോഗത്തിന്റെ ക്ഷണക്കത്തിൽ യോഗം വിളിച്ചുകൂട്ടിയ ആളുകളുടെ പട്ടികയിൽ ശ്രീ. ഇ.ജെ. ലൂക്കോസിന്റെ പേരുമുണ്ട്, രണ്ട്, ആ യോഗത്തിൽ പങ്കെടുത്ത എം.എൽ.എ മാരുടെ കൂട്ടത്തിൽ അങ്ങയുടെ പാർട്ടിയിൽപ്പെട്ട ശ്രീ. മോൻസ് ജോസഫും ഉണ്ടായിരുന്നു.

ശ്രീ. പി.സി. ജോർജ് : നിങ്ങളാരും കൈയ്യടിക്കണ്ടാ സത്യം തുറന്നു പറഞ്ഞു പോകണ്ടേ, നമ്മൾ 141 എണ്ണം ഇതിനകത്തില്ലേ, നമ്മുടെ മനസ്സാക്ഷിയോടാണ് ഞാൻ ചോദിക്കുന്നത് ഒരു തർക്കവും വേണ്ട ഇക്കാര്യത്തിൽ എന്റെ പാർട്ടിയുടെ നേതാവ് ശ്രീ. ഇ.ജെ. ലൂക്കോസ് ക്നാനായ കത്തോലിക്കാസഭയുടെ സംസ്ഥാന പ്രസിഡന്റാണ്. അദ്ദേഹം അമേരിക്കയിലാണ്. അമേരിക്കയിൽ ആയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പേര് നോട്ടീസിൽ വന്നതിന് ഞങ്ങൾക്ക് എന്തുചെയ്യാൻ പറ്റും. ഞാൻ സമ്മതിക്കുന്നു, പ്രിയങ്കരനായ ശ്രീ. മോൻസ് ജോസഫ് അതിൽ പങ്കെടുത്തു. പക്ഷേ പങ്കെടുത്തത് എങ്ങനെയാണ്? ചെല്ലാൻ കത്തോലിക്കാ എം.എൽ.എ മാർക്കെല്ലാം കത്ത് അയച്ചിരുന്നു. ബിഷപ്പുമാരുടെ കത്താണല്ലോ, മോൻസ് ജോസഫ് ആ യോഗത്തിൽചെന്നു. ആറുമിനിട്ട് കഴിഞ്ഞപ്പോൾ ആ യോഗത്തിൽ നിന്ന് ശ്രീ. മോൻസ് ജോസഫ് ഇറങ്ങിപ്പോയി. നിങ്ങൾ മനസ്സിലാക്കണം, കണ്ടോ ഇൻഡ്യൻ എക്സ്പ്രക്സിൽ പറഞ്ഞിട്ടുണ്ട്. he made a brief appearance. ആരാണെങ്കിലും ഞാൻ ചോദിക്കട്ടെ, പഴയ കോൺഗ്രസ് നേതാവല്ലെ ശ്രീ. എ.കെ. ആന്റണി? ശ്രീ. കരുണാകരനെ ഞാൻ പറയുകയില്ല, കരുണാകരൻ അമ്പലവും പള്ളിയും അന്വേഷിച്ചു നടക്കുന്ന ആളാ, അതിൽ വോട്ട് ഉണ്ടാക്കാൻ നോക്കുന്ന ആളാ, മാണിക്കെന്താ അതിനിത്ര വിഷമം? എന്റെ കയ്യിൽ റിക്കാർഡുകൾ ഇരിപ്പുണ്ട്, ഞാൻ പറയാം റിക്കാർഡുകൾ കൊണ്ടുവന്ന് ഈ സഭയിൽ വയ്ക്കണമെന്ന് ഞാൻ ആലോചിച്ചതാ, നേതാവ് സമ്മതിച്ചില്ല, അതുകൊണ്ടാ, അല്ലെങ്കിൽ ഞാൻ പറയുമായിരുന്നു. വിവരമൊക്കെ എനിക്കു പറയാൻ മടിയൊന്നുമില്ല. ഞാൻ വ്യക്തിപരമായ കാഴ്ചപ്പാടോടുകൂടിത്തന്നെ പറയുകയാണ്.

ശ്രീമതി. റോസമ്മ ചാക്കോ : ബഹു. മെമ്പർ സഭയെ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞത് ഞാൻ തിരുത്തുകയാണ്, ബിഷപ്പ്മാർ ഇങ്ങനെ ഒരു യോഗം വിളിച്ചു കൂട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി.സി. ജോർജ്</u> : ബഹു. റോസമ്മ ചേച്ചി, അങ്ങേയ്ക്ക് എന്റെ അമ്മയേക്കാൾ പ്രായമുണ്ട്. ഞാൻ മനഃപൂർവ്വം പേര് പറയാതിരുന്നതാ അങ്ങുകൂടി കൂടിക്കൊണ്ടാണ് ഈ യോഗം വിളിച്ചുകൂട്ടിയതെന്ന് ഞാൻ ആധികാരികമായി പറയുകയാണ്, അറിയാമോ, ബാക്കി പറയിക്കരുത് എന്നെക്കൊണ്ട് എനിക്കറിയാം വിളിച്ചുകൂട്ടാൻ നേതൃത്വം കൊടുത്തവർ ആരാണെന്ന് ശ്രീ. എ.കെ. ആന്റണി അന്വേഷിക്കണം; ഈ രീതിയിലേയ്ക്ക് കോൺഗ്രസ്സ് പാർട്ടി പോയാൽ കേരളത്തിലെ രാഷ്ട്രീയം എവിടെ പോയി നിൽക്കും ചിന്തിക്കണ്ടേ? അതുകൊണ്ട് ഞാൻ പറയുകയാണ്. വിളിച്ചുകൂട്ടിയത് ബിഷപ്പുമാർ ആണെന്നല്ല പറഞ്ഞത്. ഏഴ് കത്തോലിക്കാ ബിഷപ്പുമാരാണ് ആ സ്റ്റേജിൽവന്ന് ഉപവിഷ്ടരായത്. ഏഴുപേരും പ്രസംഗിച്ചു. ഇതിനു മുൻപ് ഞാനും കൂടിയിട്ടുണ്ട്. ഞാനും യോഗത്തിൽ പങ്കെടുത്തു, ഇതുപോലെ അരമന വിളിച്ചുകൂട്ടിയ യോഗത്തിൽ അവിടെ ചെന്നപ്പോൾ എനിക്കു മനസ്സിലായി, ആ യോഗത്തിൽ പരസ്യമായി, ഈ പോക്ക് ശരിയല്ല എന്നു പറഞ്ഞവനാ ഞാൻ. എനിക്ക് ഇതു പറയാൻ മടിയില്ല. ഞാൻ ഇതു പറയുമ്പോൾ വ്യക്തിപരമായി പി.സി. ജോർജ്ജിനെ കാണണ്ട. ഈ രാജ്യത്ത് മനുഷ്യനായി ജീവിക്കണ്ടേ? ഈ മതവും വർഗ്ഗീയതയും വളർത്തി നാം എങ്ങോട്ടാണ് പോകുന്നത്? ഈ കേരളത്തിലല്ലാതെ ഇൻഡ്യാരാജ്യത്ത് എവിടെയെങ്കിലും പോയി ജീവിക്കാൻ പറ്റുമോ? മനുഷ്യന് വഴിയിൽ ഇറങ്ങി നടക്കാൻ പറ്റുമോ? കോൺഗ്രസ്സ് ഭരിച്ച സ്റ്റേറ്റിൽ നടക്കുമോ? ഇല്ലാത്ത സാഹചര്യമുണ്ട്. ഈ കേരളത്തിൽ അതിന് വ്യത്യസ്തമായി ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുക; ഞാൻ നിറുത്തുകയാണ്. കേരളത്തിലെ ഹൈന്ദവൻ വർഗ്ഗീയവാദിയായിരുന്നുവോ? അപ്പുറത്തിരിക്കുന്ന ക്രിസ്ത്യാനികളായ എം.എൽ.എ. മാർ ചിന്തിക്കണം. അങ്ങും ക്രിസ്ത്യാനിയല്ലേ സാർ, അങ്ങും കേൾക്കണം. ഹൈന്ദവർ വർഗ്ഗീയവാദി ആയിരുന്നോ? എവിടെ വർഗ്ഗീയത ഉണ്ടാക്കി. അറിയാമോ? പാലായിലെ മീനച്ചൽ പള്ളി. അവിടുത്തെ ഹൈന്ദവരായ രാജകുടുംബ പാരമ്പര്യമുള്ള മീനച്ചൽ കർത്താക്കന്മാരാണ് പള്ളി പണിതുയർത്തിയത്. അപ്പോൾ ഹിന്ദുക്കൾ വർഗ്ഗീയവാദി ആയിരുന്നുവോ? ഹിന്ദുക്കളെക്കൂടി വർഗ്ഗീയമായി ചിന്തിപ്പിക്കുന്ന രീതിയിലേക്ക് ഇവിടുത്തെ ന്യൂനപക്ഷങ്ങൾ പോകാൻപാടില്ല. പോകാൻ പാടില്ല എന്നു പറഞ്ഞാൽ വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. എനിക്കറിയാം. ആരുമറിയാതെ അരമനയിൽക്കൂടി കയറിനടന്ന് ഒരു എം.എൽ.എ. സ്ഥാനത്തിനോ, ഒരു എം.പി. സ്ഥാനത്തിനോവേണ്ടി നാണംകെട്ട രാഷ്ട്രീയം കളിക്കുന്ന രാഷ്ട്രീയനേതാക്കന്മാർ ആരാണെങ്കിലും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഒറ്റപ്പെടുമെന്ന് വിശ്വസിക്കുന്നു.

*(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

സർ, എ.കെ. ആന്റണി ഇതിനെ അനുകൂലിക്കുമെന്ന് എനിക്കറിയാം. അങ്ങ് ഇതിനോട് യോജിക്കുന്ന ആളാണെന്നും അറിയാം. ഞാൻ പറയുന്നു അവരെ ചാട്ടവാറുകൊണ്ടടിക്കാൻ കോൺഗ്രസിന് ഉപദേശം കൊടുത്ത ശ്രീ. എ.കെ. ആന്റണി, അങ്ങ് പ്രതിപക്ഷനേതാവായിരിക്കുമ്പോൾ അങ്ങയുടെ പാർട്ടിയിൽപ്പെട്ടവർ ഇങ്ങനെ പോകുന്നുവെങ്കിൽ അവരെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വം കേരളത്തോട് സ്നേഹമുള്ള നല്ലവനായ മനുഷ്യൻ എന്നുള്ള നിലയിൽ അങ്ങ് പ്രകടിപ്പിക്കണമെന്ന് മാത്രമാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

സർ, ഞാൻ പറഞ്ഞുവന്നത്, ഇവിടെ ഇക്കാര്യം ശ്രദ്ധിച്ചേ മതിയാകൂ. നമ്മൾ പൊതുപ്രവർത്തകരാണ്. ഏത് രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരോ ഏത്

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയിൽപ്പെട്ടവരോ ആകട്ടെ, മുന്നണിക്കും രാഷ്ട്രീയ പാർട്ടിക്കും അതീതമായി ഒരു മാന്യത ഇക്കാര്യത്തിൽ ഉണ്ടാകണം. ഇവിടെ മതമേലദ്ധ്യക്ഷന്മാരാകട്ടെ, മുസലീയരാകട്ടെ, പൂജാരിയാകട്ടെ, അവരെ രാഷ്ട്രീയം കൈകാര്യം ചെയ്യാൻ അനുവദിക്കാൻ കഴിയുകയില്ല. ഇവിടെ പരിണതപ്രജ്ഞരായ രാഷ്ട്രീയ നേതാക്കന്മാരുണ്ട്. ഞാൻ അതിൽ ബഹുമാനപ്പെട്ട എ.കെ. ആന്റണിയേയുംപെടുത്തുന്നു. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഈ രാഷ്ട്രീയം കൈകാര്യം ചെയ്യാൻ മതമൗലികവാദികളെ അനുവദിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി അവിടത്തെ രാഷ്ട്രീയകക്ഷികളും മുഴുവൻ നേതാക്കളും നിലനിൽക്കണമെന്നുള്ള അഭ്യർത്ഥന മാത്രമാണ് എനിക്ക് വയ്ക്കാനുള്ളത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ ആ യോഗത്തിൽ പോയ ആളാണ്. ഒരു യോഗത്തിൽ പങ്കെടുക്കണമെന്ന് പറഞ്ഞ് ക്ഷണക്കത്ത് കിട്ടിയാൽ പോകാനുള്ള മാന്യത കാണിക്കുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം.

ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ചാണ് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വളരെ ഗുരുതരമായ ഒരവസ്ഥയിലാണ്. ഇപ്പുറത്തുള്ള ആളുകൾ മാത്രമല്ല അപ്പുറത്തുള്ളവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. നമ്മുടെ ബഹു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻപോലും പറഞ്ഞു, നമ്മുടെ സാമ്പത്തികനില വളരെ ഗുരുതരാവസ്ഥയിലാണ്. വലിയ പ്രതിസന്ധിയിലാണെന്ന്. ഇതൊരു തർക്കം കൊണ്ട് പരിഹരിക്കാവുന്ന കാര്യമല്ല. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും തമ്മിൽ സാമ്പത്തികസ്ഥിതി മോശമാണ്. സാമ്പത്തികസ്ഥിതി വഷളാണെന്ന് പറഞ്ഞാൽ പരിഹരിക്കാവുന്ന ഒരു കാര്യമായിട്ട് ഞാൻ അതിനെ കാണുന്നില്ല. ഈ ഗവൺമെന്റാണ് ഈ സാമ്പത്തികബുദ്ധിമുട്ടുകൾ മുഴുവൻ ഉണ്ടാക്കിവച്ചതെന്നുള്ള അഭിപ്രായവും എനിക്കില്ല. ഇത് ഗൗരവമായി കാണേണ്ട ഒരു കാര്യമാണ്. അതിന്, അപ്പുറത്തും ഇപ്പുറത്തുമുള്ളവർ തമ്മിലുള്ള തർക്കം മൂലം ഇത് പരിഹരിക്കാമെന്ന് ഞാൻ കരുതുന്നില്ല. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ബഹു. ധനവകുപ്പുമന്ത്രി കുറേക്കൂടി ഭാവനാപൂർണ്ണമായ ഒരു നിലയിലേക്ക് വരണമെന്നാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഗുരുതരമായ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ, അതിന് നേതൃത്വം കൊടുക്കാൻ ഒരു പദ്ധതി തയ്യാറാക്കാൻവേണ്ടി ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണം. ഇവിടെ ഗവൺമെന്റിന് അല്ലെങ്കിൽ മുഖ്യമന്ത്രിക്ക് രാഷ്ട്രീയമുണ്ട്. ഗവൺമെന്റിന്റെ മന്ത്രിമാർക്കും രാഷ്ട്രീയമുണ്ട്. അത് മനസ്സിലാക്കാം. നമ്മുടെ സംസ്ഥാനത്ത് പ്ലാനിംഗ് ബോർഡിന് ഇപ്പോൾ രാഷ്ട്രീയം കൈകാര്യം ചെയ്യുകയാണ് മുഖ്യമായ തൊഴിൽ. അത് ശരിയാണോ? പ്ലാനിംഗ് ബോർഡ് മെമ്പർമാർപോലും ഇന്ന് രാഷ്ട്രീയകാര്യങ്ങൾ വിശകലനം ചെയ്യുകയും രാഷ്ട്രീയ പ്രസ്താവനകളിറക്കുകയും പ്രഖ്യാപനങ്ങളുമായി പോവുകയും ചെയ്യുന്ന സ്ഥിതി വന്നാൽ എങ്ങനെയാണ് നമ്മുടെ സംസ്ഥാനം രക്ഷപ്പെടുന്നത്? നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ നിലനിൽപ്പ് ഞാൻ മുമ്പ് ഒരു ദിവസം അവിടെ സൂചിപ്പിച്ചതുപോലെ വിദേശ മലയാളികളുടെ പണത്തിൽ മാത്രമാണ്. മറ്റുള്ള കാര്യങ്ങളെക്കുറിച്ച് നാം ആലോചിക്കണ്ടേ? ഇവിടെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞു, ധവളപത്രം പുറപ്പെടുവിക്കണമെന്ന്. ഈ നിയമസഭയിൽ പല പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

അതുപോലുള്ള കാര്യങ്ങൾ പറഞ്ഞു. ഒരു പദ്ധതിയുണ്ടോ? ഈ സംസ്ഥാനത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ, ബുദ്ധിമുട്ടുകൾ, ഇതൊക്കെ പരിഹരിക്കാൻ എന്താണ് ഒരു പദ്ധതി നമുക്കുള്ളത്? കേന്ദ്ര വിഹിതം നമുക്ക് കിട്ടുന്നുണ്ടോ? ധനകാര്യസ്ഥാപനങ്ങൾ നമ്മെ സഹായിക്കുന്നുണ്ടോ? സ്വകാര്യ മുതലാളിമാർ സ്വകാര്യമേഖലയിൽ പണംമുടക്കാൻ തയ്യാറായി കേരളത്തിലേക്ക് വരുന്നുണ്ടോ? വരുന്നില്ല. വരുന്നില്ലെങ്കിൽ എന്താണ് അതിനുള്ള ഒരു പദ്ധതി? കേന്ദ്ര ഗവണ്മെന്റിന്റെ വിഹിതം വാങ്ങിയെടുക്കാൻ ശക്തമായ ഒരു സമരത്തിന് നേതൃത്വം കൊടുക്കാൻ അങ്ങ് തയ്യാറുണ്ടോ? എല്ലാ കക്ഷിനേതാക്കളേയും ഉൾപ്പെടുത്തണം. അങ്ങനെയുള്ള ഒരു സമരത്തിന് നേതൃത്വം കൊടുക്കാൻ ബഹു മന്ത്രി തയ്യാറുണ്ടോ? ഇതൊന്നുമില്ലല്ലോ. ഇതൊന്നുമില്ലാതെ അപ്പുറത്തും ഇപ്പുറത്തും വന്ന്, നമ്മൾ സാമ്പത്തികക്കെണിയിലാണ്, ബുദ്ധിമുട്ടിലാണ് എന്നുമാത്രം പ്രസംഗിച്ചതുകൊണ്ട് കാര്യം വല്ലതും നടക്കുമോ? ഈവക കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇവിടെ ശ്രീ. ആനത്തലവട്ടം ആനന്ദന്റെ പ്രസംഗം കേട്ടപ്പോൾ അദ്ദേഹം ഈ രാജ്യത്ത് നടക്കുന്ന കാര്യങ്ങളൊന്നും മനസ്സിലാക്കാതെയാണോ ജീവിക്കുന്നതെന്ന് സംശയിക്കുന്നു. മൂന്നാംമുന്നണി ഇന്ന് ഏറ്റവും വലിയ പ്രസക്തമായ ഒരു കാര്യമാണെന്ന് അപ്പുറത്തുള്ള ചില ആളുകൾ പറഞ്ഞു. ഈ മൂന്നാം മുന്നണിയും കൊണ്ടുനടന്ന ആളുകളല്ലേ നിങ്ങൾ? ബി.ജെ.പി. ഗവണ്മെന്റ് വരുന്നതിനുമുമ്പ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി, അതുപോലെതന്നെ സി.പി.ഐ. ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹകരണത്തോടുകൂടി ഒരു മുന്നണിയുണ്ടാക്കി ദേവഗൗഡയെ പ്രധാനമന്ത്രിയാക്കി. ആ മുന്നണിയുടെ കൺവീനറായിരുന്ന ആൾ ഇന്ന് എവിടെയാണ്? തെലുങ്കുദേശം-അവരിന്ന് എവിടെയുണ്ട്? അവർ പോയി. ആ മുന്നണിയിലെ പ്രധാനപ്പെട്ട ഒരു കക്ഷി ജനതാദൾ ആണ്. ഇന്ന് അതിന്റെ സ്ഥിതി എന്താണ്? എവിടെ നിൽക്കുന്നുവെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ഇവിടെ ഡി.എം.കെ. യെ സ്തുതിച്ചുകൊണ്ടാണല്ലോ ശ്രീ. ആനത്തലവട്ടം ആനന്ദൻ പ്രസംഗിച്ചത്. ബി.ജെ.പി. യുമായി ഒരുമിച്ചുചേർന്ന് തോളോടുതോൾ നിൽക്കുന്ന ഡി.എം.കെ. യെ ശ്രീ. ആനത്തലവട്ടം ആനന്ദൻ സ്തുതിച്ചു. കണ്ണാരേട്ടനെങ്കിലും പറയൂ മാർക്സിസ്റ്റ് പാർട്ടി തമിഴ്നാട്ടിൽ എ.ഐ.എ.ഡി.എം.കെ.യുമായി സഖ്യത്തിൽ ഏർപ്പെട്ടിരിക്കുന്നു. എന്നിട്ട് ഇവിടെ ഡി.എം.കെ. യെ സ്തുതിക്കുന്നു. ശ്രീ. എ.കെ. ആന്റണി പോയി എ.ഐ.എ.ഡി.എം.കെ.യുമായി സംസാരിച്ചതിലാണ് ഇവിടെ പരാതി! അപ്പോൾ നിങ്ങളുടെ നേതാവ് സുർജിത് അവിടെ പോയി ജയലളിതയെ കണ്ടത് ആക്ഷേപകരമല്ലേ? അവരുമായി സഖ്യമുണ്ടാക്കിയതിൽ നിങ്ങൾക്ക് ആക്ഷേപമില്ലേ? സി.പി.ഐ. യും ആ മുന്നണിയിൽ ഉണ്ടല്ലോ. എന്താണ് നിങ്ങൾക്ക് പറയാനുള്ളത്? അതൊക്കെ വിസ്മരിച്ചിട്ട് ഇവിടെവന്ന് കോൺഗ്രസ് ചെയ്ത കാര്യം എടുത്ത് കുറ്റം പറയുന്നു. ഇവിടെ മൂന്നാംമുന്നണി പ്രസക്തമല്ലെന്ന് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ പറഞ്ഞിരിക്കുന്നു. അത് മനസ്സിലാക്കാതെയോ അല്ലെങ്കിൽ അതിനെ എതിർത്തുകൊണ്ടോ ഇവിടെ പറയുന്നു മൂന്നാംമുന്നണിയാണ് പ്രസക്തമെന്ന്. ആരാണ് ഈ മൂന്നാംമുന്നണിയിലുള്ളത്? നിങ്ങളൊന്ന് വ്യക്തമാക്കൂ. തെലുങ്കുദേശം എവിടെപ്പോയി നിൽക്കുന്നുവെന്ന് ഞാൻ പറഞ്ഞു. ജനതാദളിന്റെ സ്ഥിതിയെക്കുറിച്ച് പറഞ്ഞു. ഇതൊക്കെ മനസ്സിലാക്കാതെ, അല്ലെങ്കിൽ അജ്ഞത നടിച്ചുകൊണ്ട്, ഇവിടെ പ്രസംഗിക്കുന്നു. ഇതാണ് ശരി. ഞാൻ ദേശീയ രാഷ്ട്രീയത്തിലേക്ക് കൂടുതൽ കടക്കുന്നില്ല. ഇവിടെ ഒരു കാര്യത്തിൽ യാതൊരു സംശയവുമില്ല. ബി.ജെ.പി. എന്നു പറയുന്ന വിപത്തിനെ ഇല്ലായ്മ ചെയ്യാനാണ് ആഗ്രഹിക്കുന്നതെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനം സ്വീകരിക്കണം. ഈ പറയുന്ന ആളുകൾ, നിങ്ങൾ, നാളെ കോൺഗ്രസ് പ്രധാനപ്പെട്ട കക്ഷിയായി ജയിച്ചു വരുമ്പോൾ ആ കോൺഗ്രസിന് പിന്തുണ കൊടുക്കാനുള്ളവരല്ലേ? സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കാനുള്ള സാഹചര്യം ഇവിടെയുണ്ടാകണമെന്ന് ആഗ്രഹിച്ച് അതിനുവേണ്ടി വോട്ടുചെയ്യാൻ ഒരുങ്ങി നിൽക്കുന്ന നിങ്ങൾ ഇവിടെ എന്തിനാ കോൺഗ്രസ്സിനെ കുറ്റം പറയുന്നത്? അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, രാഷ്ട്രീയമായി പല കാര്യങ്ങളും നമുക്ക് പറയാനുണ്ട്. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി. യെ അകറ്റിനിറുത്താനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഇവിടെനിന്ന് പരമാവധി ആളുകളെ അങ്ങോട്ട് ജയിപ്പിച്ച് വിടാനല്ലേ നിങ്ങൾ തയ്യാറാകേണ്ടത്? അതിന് തയ്യാറാകണമെങ്കിൽ, അവിടെ കോൺഗ്രസ്സിനെ പിന്താങ്ങണമെങ്കിൽ, ആ കോൺഗ്രസ്സിന്റെ ഗവണ്മെന്റാണ് ബി.ജെ.പി. ക്ക് എതിരെ വരേണ്ടതെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ, നിങ്ങൾ വരുന്ന തെരഞ്ഞെടുപ്പിൽ അതിനുള്ള സാഹചര്യം ഇവിടെ ഒരുക്കുകയാണ് വേണ്ടത്. മറിച്ച് കേരളത്തിലെ തെരഞ്ഞെടുപ്പ് കോൺഗ്രസ്സിനോടുള്ള തെരഞ്ഞെടുപ്പാണെന്ന് നിങ്ങൾ വെല്ലുവിളിച്ചു. ഞങ്ങൾ അംഗീകരിക്കാം. ഞാൻ കഴിഞ്ഞദിവസം പറഞ്ഞതുപോലെ നിങ്ങൾ കഴിഞ്ഞ മൂന്നുകൊല്ലക്കാലത്തെ ഇടതുപക്ഷ മുന്നണി ഗവണ്മെന്റിന്റെ ചെയ്തികൾ ഈ തെരഞ്ഞെടുപ്പിൽ ചർച്ചാവിഷയമാക്കാൻ തയ്യാറുണ്ടോ? ഈ മൂന്നുവർഷക്കാലത്തെ ഇടതുപക്ഷമുന്നണി ഗവണ്മെന്റിന്റെ ചെയ്തികൾ ചർച്ചാവിഷയമാക്കിക്കൊണ്ട് നമുക്ക് തെരഞ്ഞെടുപ്പിലേക്ക് പോകാം. അതിന് തയ്യാറുണ്ടെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കുറഞ്ഞത് 90 അസംബ്ളി സെക്ടറുകളിലെങ്കിലും ഐക്യജനാധിപത്യമുന്നണിക്ക് ഭൂരിപക്ഷമുണ്ടെങ്കിൽ നിങ്ങൾ രാജിവയ്ക്കാൻ തയ്യാറുണ്ടോ? നിങ്ങൾ അതുകൂടി പറയണം. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 90-ൽ അധികം അസംബ്ലി സെക്ടറുകളിൽ ഐക്യജനാധിപത്യമുന്നണിക്ക് മുൻതൂക്കമാണുള്ളത്.

<u>ശ്രീ. എ. കണാരൻ</u> : ഈ മൂന്നുകൊല്ലത്തെ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ തെരഞ്ഞെടുപ്പിൽ ഒരു മാനദണ്ഡമാക്കാൻ തയ്യാറാണോയെന്ന് ബഹു. മെമ്പർ ചോദിച്ചത്. ഈ മൂന്നുകൊല്ലത്തെ പ്രവർത്തനങ്ങൾ നമുക്ക് മാനദണ്ഡമായി എടുക്കാം. അതിന്റെ ഫലമായി നിങ്ങൾ പരാജയപ്പെട്ടു കഴിഞ്ഞാൽ ഇന്നു കിട്ടിയതിനേക്കാൾ കൂടുതൽ വോട്ട് എൽ.ഡി.എഫിന് കിട്ടിയാൽ നിങ്ങൾ രാജിവയ്ക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : ഇത് ഞാൻ അങ്ങോട്ട് ചോദിച്ച ചോദ്യമാണ്. നമുക്ക് അത് ചർച്ചാവിഷയമാക്കാമെങ്കിൽ ഐക്യജനാധിപത്യമുന്നണി ഈ വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്കുള്ളതിനേക്കാൾ കൂടുതൽ സെക്ടറുകളിൽ വിജയിക്കാത്തപക്ഷം അങ്ങ് പറഞ്ഞ കാര്യം ഞങ്ങൾ ആലോചിക്കാം.

സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. വില്ലേജ് റോഡുകൾ പ്രധാനപ്പെട്ട കാര്യമാണ്. വില്ലേജ് റോഡുകൾക്ക് കുറെ തുക വകകൊള്ളിച്ചിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ അത് പോരാ. നമ്മുടെ സംസ്ഥാനത്തെ, ഗ്രാമപ്രദേശങ്ങളിലെ റോഡുകളെല്ലാം താറുമാറായിക്കിടക്കുകയാണ്. ആ റോഡുകൾ നന്നാക്കണമെങ്കിൽ ഇന്ന് ബഹു. മന്ത്രി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കുറെക്കൂടി തുക അതിന്



LIBRARY ARCHIVES Kerala Legislative Assembly

മാറ്റിവയ്ക്കണം. കരാറുകാർക്ക് കുടിശ്ശിക കൊടുക്കാൻമാത്രമാണ് അങ്ങ് വില്ലേജ് റോഡിന്റെ സ്കീമിൽ പണം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സർ, വൈപ്പിൻ മേഖലയിൽ കുടിവെള്ളമെത്തിക്കുന്ന ഒരു പദ്ധതിയുണ്ട്. ഇപ്പോഴും നിർബാധം അവിടെ കുടിവെള്ളം കൊടുക്കുകയാണ്. എല്ലാ ദിവസവും ആ മേഖലയിലെ എം.എൽ.എ.മാർ, ഞാൻ അടക്കമുള്ള ആളുകൾ ഇവിടെ പരാതി പറയുന്നുണ്ട്. വൈപ്പിൻ മേഖലയിൽ ലോറിയിലാണ് വെള്ളം എത്തിച്ചുകൊടുക്കുന്നത്. കഴിഞ്ഞ കുറെ കാലമായി ആ വെള്ളം എത്തിച്ചു കൊടുക്കുന്ന ടാങ്കർ ഉടമകൾക്ക് പണം കൊടുക്കാൻ കഴിയുന്നില്ല. ഈ കുടിശ്ശിക കൊടുക്കാനായി ഈ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അത് പോരാ. അടിയന്തിരപ്രാധാന്യം കൊടുത്ത് കുടിവെള്ളം എത്തിക്കുന്ന ഒരു പദ്ധതിയെന്നുള്ള നിലയിൽ വൈപ്പിൻ മേഖലയിൽ വെള്ളം എത്തിക്കുന്ന ആളുകൾക്ക് അതിനുള്ള തുക കൊടുക്കാനായി ഇന്ന് വകകൊള്ളിച്ചിരിക്കുന്ന 200 ലക്ഷം രൂപ എന്നുള്ളതിൽ കുറെക്കൂടി തുക വകയിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സർ, ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്ക്, സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ക്രിയാത്മകമായ ഒരു സമീപനം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനാണ് ഇതിൽ തുകകൾ വകകൊള്ളിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ നടത്തുന്ന കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാണ് ഈ ഉപധനാഭ്യർത്ഥനയിലെ നല്ലൊരു പങ്കും ചെലവഴിക്കുന്നത്. 42 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ നിയമിച്ചതിനെതിരായിട്ടാണ് ബഹു. ഡൊമിനിക് പ്രസന്റേഷൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത്. ഒരു ഭാഗത്ത് വ്യാജമദ്യത്തെക്കുറിച്ച് വിലപിക്കുകയും അത് തടയാനുള്ള ശക്തമായ നിലപാടുകളുമായി ഗവണ്മെന്റ് മുന്നോട്ടുപോകുമ്പോൾ അതിനെ എതിർക്കുകയും ചെയ്യുമ്പോൾ നിങ്ങളെ സ്വാധീനിച്ചിരിക്കുന്ന രാഷ്ട്രീയപാപ്പരത്തം എത്രയുണ്ടെന്ന് നിങ്ങൾതന്നെ ആലോചിക്കുന്നതാണ് നല്ലത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : മദ്യവേട്ട ഗവണ്മെന്റ് ശക്തമാക്കുന്നതിന്റെ ഫലമായി കുടുങ്ങുന്നത് കോൺഗ്രസ്സിന്റെ പ്രാദേശിക നേതാക്കൻമാരാണെന്ന് അറിയാമോ? ആ വികാരമാണ് ഡൊമിനിക് പ്രസന്റേഷൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രതിഫലിപ്പിച്ചതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : അത് ഡൊമിനിക്കിന്റെ വികാര പ്രകടനത്തിൽനിന്ന് വ്യക്തമാണ്.

സർ, വിജിലൻസിനും ആന്റികറപ്ഷൻ ബ്യൂറോയ്ക്കുംവേണ്ടി 11.96 ലക്ഷം രൂപ ഇതിൽ വകകൊള്ളിച്ചിട്ടുണ്ട്. മൂന്നാറിലെ ഫയർ സ്റ്റേഷനിൽ വാഹനങ്ങൾ വാങ്ങുന്നതിന്, അതുപോലെതന്നെ മുഖ്യ ഫയർസ്റ്റേഷനിൽ 24 ഫയർമാൻമാരെ നിയമിക്കുന്നതിന്, ആ നിലയിലൊക്കെ വളരെ അത്യാവശ്യ ച്ചെലവുകൾക്കുമാത്രമാണ് ഇതിൽ തുക വകകൊള്ളിച്ചിട്ടുള്ളതെന്ന് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ കഴിയും. ഇതിൽ ഏതു കാര്യത്തെയാണ് പ്രതിപക്ഷം എതിർക്കുന്നത്? കളമശ്ശേരി, ഇടുക്കി, കരുനാഗപ്പള്ളി എന്നിവിടങ്ങളിലൊക്കെയുള്ള പോളിടെക്നിക്കുകൾക്കുവേണ്ടി ഇതിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് ദീർഘമായി കടക്കുന്നില്ല. ഞാറയ്ക്കൽ എം.എൽ.എ. ഡോ. എം.എ. കുട്ടപ്പൻ ഇവിടെ ഇല്ല. വൈപ്പിൻ ദ്വീപിൽ കുടിവെള്ളമെത്തിക്കാൻവേണ്ടി മാത്രം രണ്ടുകോടി രൂപ ഇതിൽ വകകൊള്ളിച്ചിരിക്കുകയാണ്. കുട്ടനാട് വാട്ടർ സപ്ളൈ സ്കീമും കുട്ടനാടിന്റെ അതോറിറ്റിയും നിങ്ങളുടേതാണല്ലോ. 153.37 ലക്ഷം രൂപയാണ് അതിന് വകകൊള്ളിച്ചിട്ടുള്ളത്.

സർ, കേരളാ ബീഡി സിഗാർ വർക്കേഴ്സ് ക്ഷേമനിധി. ഒരു പുരുഷായുസ്സ് മുഴുവൻ തന്റെ ജീവിതം ഹോമിച്ച ആ ജനവിഭാഗത്തിന്റെ ക്ഷേമനിധിയ്ക്കുവേണ്ടി പണം മാറ്റിവച്ചതിനെയാണോ നിങ്ങൾ എതിർക്കുന്നത്? സൈനിക ക്ഷേമനിധിക്കുവേണ്ടി ഒരു കോടി രൂപ മാറ്റിവച്ചിരിക്കുന്നു. അതിനെയാണോ നിങ്ങൾ എതിർക്കുന്നത്? നമ്മുടെ സംസ്ഥാനത്തെ കുറഞ്ഞ വരുമാനത്തിൽ താഴെ നിൽക്കുന്ന രോഗികൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നു ലഭ്യമാക്കാൻവേണ്ടി നീതിമെഡിക്കൽ സ്റ്റോറുകൾക്കായി 5 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. അതിനെയാണോ നിങ്ങൾ എതിർക്കുന്നത്? അതിലേയ്ക്കൊന്നും വളരെ വിശദമായി ഞാൻ പോകുന്നില്ല.

സർ, ഇവിടെ ചില കാര്യങ്ങളിൽ ബഹു. മന്ത്രി ശ്രദ്ധിക്കേണ്ടിയിരിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. കുളനട-ആറന്മുള റോഡിനുവേണ്ടി, മധുരകം പാലത്തിനുവേണ്ടി, തൊടുപുഴ പാലത്തിനുവേണ്ടിയൊക്കെ തുക മാറ്റിവച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ ചേലച്ചുവട്-വണ്ണപ്പുറം റോഡ് താറുമാറായതുമൂലം അവിടെ റേഷനരി എത്തിക്കാൻ കഴിയുന്നില്ല. ഇവിടെ രോഗികളെ ജീപ്പിൽ ആശുപത്രിയിൽ എത്തിക്കാൻ കഴിയുന്നില്ല. തോളിൽ മാറാപ്പുകെട്ടിയാണ് രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നത്. ആ ചേലച്ചുവട്-വണ്ണപ്പുറംറോഡ് നാഷണൽ ഹൈവേയിൽപ്പെടുത്തി പണിപൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപ ഈ ഉപധനാഭ്യർത്ഥനയിൽ വകകൊള്ളിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അപ്പോൾ എന്താണ് ഇതിന്റെയൊക്കെ മാനദണ്ഡം? ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അനുഭവിക്കുന്ന ജനങ്ങളുടെ പ്രശ്നമാണോ അതോ മറ്റെന്തെങ്കിലും മാനദണ്ഡമാണോ ഈ കാര്യത്തിൽ സ്വീകരിക്കുന്നത്? ഇവിടെ നിയമസഭാമന്ദിരത്തിന്റെ കാര്യമൊന്നും ഞാൻ പറയുന്നില്ല. തിരുവനന്തപുരം സിറ്റിയിൽ റോഡുണ്ടാക്കാൻ 5 കോടി രൂപ. കൊച്ചി സിറ്റിയിൽ റോഡുണ്ടാക്കാൻ 2 കോടി രൂപ, കോഴിക്കോട് സിറ്റിയിൽ റോഡുണ്ടാക്കാൻ 2 കോടി രൂപ എന്നിങ്ങനെ ഇതിൽ വകകൊള്ളിച്ചിട്ടുണ്ട്. സിറ്റികളിൽ മാത്രം റോഡുണ്ടായാൽ മതിയോ? മലയോരങ്ങളിൽ റോഡുവേണ്ടേ? എന്തുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ഈ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നില്ല? ഈ കാര്യങ്ങൾക്കൂടി ഈ ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സമതുലിതമായ, നീതിപൂർവ്വമായ ഒരു വികസന പരിപ്രേക്ഷ്യം സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്.

സർ, ഇവിടെ എന്റെ പാർട്ടിയെക്കൂടി ബന്ധപ്പെടുത്തി ചില പരാമർശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. ഡോ. നീലലോഹിതദാസ് എന്റെ പാർട്ടിയുടെ നിയമസഭാകക്ഷി നേതാവാണ്, മന്ത്രിയാണ്. ശ്രീ. പി.ആർ. കുറുപ്പും എന്റ പാർട്ടിയിൽപ്പെട്ട നിയമസഭാംഗമാണ്. ഡോ. നീലലോഹിതദാസ് കഴിഞ്ഞ കാലത്ത് സ്വീകരിച്ച നിലപാടുകളെക്കുറിച്ചാണ് ബഹു.

LIBRARY ARCHIVES Kerala Legislative Assembly

ഡൊമിനിക് പ്രസന്റേഷന് ആക്ഷേപം. അദ്ദേഹം ഏതൊക്കെ പാർട്ടിയിലായിരുന്നു, ഏതൊക്കെ പാർട്ടിയിൽപ്പോയി എന്നാണ് അദ്ദേഹം ചോദിച്ചത്. ബഹു. ഡൊമിനിക് പ്രസന്റേഷനോട് ചോദിക്കട്ടെ, നിങ്ങളുടെ നേതാവ് ബഹു. എ.കെ. ആന്റണി അടിയന്തിരാവസ്ഥയിൽ ആ അടിയന്തിരാവസ്ഥക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുകയും അടിയന്തിരാവസ്ഥയോടൊപ്പം നിൽക്കുകയും ചെയ്തിട്ട് അടിയന്തിരാവസ്ഥയ്ക്കുശേഷം നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ദയനീയമായി പരാജയപ്പെട്ടപ്പോൾ എന്താണ് പറഞ്ഞത്? ഉപ്പു തിന്നവൻ വെള്ളം കുടിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾ അന്ന് എന്ത് നിലപാട് സ്വീകരിച്ചു? അതിനുശേഷം ശ്രീമതി ഇന്ദിരാഗാന്ധിയെ ഒറ്റപ്പെടുത്തി, ഇന്ദിരാഗാന്ധിയെ തള്ളിപ്പറഞ്ഞ്, ഇന്ദിരാഗാന്ധി ഒറ്റയ്ക്ക് പൊരുതി അധികാരത്തിൽ തിരിച്ചുവന്നപ്പോഴല്ലേ ബഹു.ആന്റണിയും ഡൊമിനിക് പ്രസന്റേഷനും ഉൾപ്പെടെയുള്ള ആളുകൾ ഇന്ദിരാഗാന്ധിയോടൊപ്പം പോയത്. അപ്പോൾ നിങ്ങളുടെ കണ്ണിലെ കോൽ എടുത്തിട്ടുപോരേ മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാൻ? അതാണ് ഞങ്ങളുടെ ചോദ്യം. ബഹു. ജോണി നെല്ലൂരിനോട് എനിക്ക് സഹതാപമേയുള്ളൂ. അഖിലേന്ത്യാ രാഷ്ട്രീയത്തെക്കുറിച്ച് പറയുമ്പോൾ അതിന് കടലും കടലാടിയും തമ്മിലുള്ള ബന്ധംപോലുമില്ല. ഇവിടെ ഞങ്ങളുടെ പാർട്ടിയിൽ നടക്കുന്ന ചില പ്രശ്നങ്ങളാണ് ജോണി നെല്ലൂരിന് പ്രധാനപ്പെട്ട വിഷയം. ഞാൻ ചോദിക്കട്ടെ, പാർട്ടിയെന്ന് പറയാൻ പറ്റുകയില്ലെങ്കിലും ശ്രീ. ജോണി നെല്ലൂർ എങ്ങനെയാണ് അദ്ദേഹത്തിന്റെ പാർട്ടിയുടെ സംസ്ഥാന ചെയർമാനായത്?

1 P.M.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, അങ്ങയുടെ പാർട്ടിയിലെ മുൻനേതാക്കൻമാരായ ഐ.കെ. ഗുജ്റാളും ശരത്പവാറും അടക്കമുള്ള ആളുകൾ ബി.ജെ.പി. മുന്നണിയിലേക്ക് പോകുന്നുണ്ടെന്നും അതിനെ മുൻപ്രധാനമന്ത്രി ദേവഗൗഡ അടക്കമുള്ളവർ എതിർത്തിട്ടുണ്ടെന്നും രണ്ടു ഗ്രൂപ്പായി ജനതാദൾ പിളർന്നിട്ടുണ്ടെന്നും അങ്ങേക്കറിയാമോ; ഏതു ഗ്രൂപ്പിലാണ് കേരളത്തിലെ ജനതാദൾ എന്നു വ്യക്തമാക്കുമോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : അങ്ങയുടെ പാർട്ടിയിൽ ഇടതുപക്ഷ മുന്നണിയിൽ ചേരണമോ വേണ്ടയോ എന്ന് അഭിപ്രായവ്യത്യാസമുള്ളതുപോലെതന്നെ എന്റെ പാർട്ടിയിലും അഭിപ്രായവ്യത്യാസമുണ്ട്. ഞാൻ അതിലേക്ക് വരാം. ശ്രീ. ജോണി നെല്ലൂർ ആ പാർട്ടിയുടെ ചെയർമാനായത് ആ പാർട്ടിയുടെ ചെയർമാനായിരുന്ന പി.എം. മാത്യു മാണിഗ്രൂപ്പിൽ ചേർന്നതുകൊണ്ടാണ്. മൂവാറ്റുപുഴയിലും പിറവത്തും ഒതുങ്ങിനിൽക്കുന്ന ഒരു പാർട്ടിയെപ്പോലും ഒന്നിച്ചുനിർത്താൻ കഴിയാത്ത ഒരു സംസ്ഥാന ചെയർമാനാണ് അഖിലേന്ത്യാ തലത്തിലുള്ള ചില സംഭവ വികാസങ്ങളെക്കുറിച്ച് പറയുന്നത്. ബഹു. കുരിക്കൾ ഇവിടെ ഒരു ചോദ്യം ചോദിച്ചു. കുരിക്കളുടെ പാർട്ടിയിൽ ആശയസംഘർഷമില്ലേ? ഇടതുപക്ഷത്തു നിൽക്കണോ വലതുപക്ഷത്തു നിൽക്കണോ എന്ന അഭിപ്രായവ്യത്യാസമില്ലേ? ഒരു ഭാഗത്ത് ശ്രീ. കുഞ്ഞാലിക്കുട്ടി നേതൃത്വം കൊടുക്കുന്ന ഗ്രൂപ്പ്, മറുഭാഗത്ത് ശ്രീ. മുനീർ നേതൃത്വം കൊടുക്കുന്ന ഗ്രൂപ്പ്. രണ്ടു ഗ്രൂപ്പുകൾ തമ്മിൽ സംഘർഷം നടക്കുകയാണ്. അവിടെ സമാധാനം സ്ഥാപിക്കാൻവേണ്ടി ഞങ്ങൾ വരേണ്ടിവരുമോ എന്നുള്ളതാണ് പ്രശ്നം. എല്ലാ പാർട്ടികളിലും ചില പ്രശ്നങ്ങളുണ്ടാകും. കോൺഗ്രസ്സ് ഐ. യിൽ പ്രശ്നമില്ലേ? ആരാണ് ശരത്പവാർ? നിങ്ങൾ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കൊണ്ടുവന്നയാളല്ലേ? സോണിയാഗാന്ധിയുടെ ഒരു സ്റ്റെപ്പിനിയായിട്ടെങ്കിലും ഉയർത്തിക്കൊണ്ടുവന്ന ആളല്ലേ ശരത്പവാർ?

LIBRARY ARCHIVES Kerala Legislative Assembly

ആ ശരത്പവാർ ഇപ്പോൾ എവിടെ നിൽക്കുന്നു. കോൺഗ്രസ്സ് (ഐ) യിലുള്ള എത്രയോ ആളുകൾ ബി.ജെ.പി. യിലേക്കു മാറി. കർണ്ണാടകയിൽ കോൺഗ്രസ്സ് (ഐ) യിൽ നിന്നും ബി.ജെ.പി. യിലേക്ക് എം.എൽ.എ. മാർ പോകുന്നു. ജനതാദൾ പാർട്ടിയിലും ചില പ്രശ്നങ്ങൾ ഉണ്ടെന്ന് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. നിങ്ങൾ ആ പ്രശ്നങ്ങളെ വലുതാക്കി കാണിക്കേണ്ട. നിങ്ങളുടെ പാർട്ടിയിലെ പ്രശ്നങ്ങൾ എന്തുകൊണ്ട് നിങ്ങൾ കാണുന്നില്ല. ഒരു സംശയവും വേണ്ട ഞങ്ങളുടെ പാർട്ടിയിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ടെങ്കിലും ഞങ്ങളുടെ പാർട്ടി ബി.ജെ.പി.ക്ക് എതിരായ ശക്തമായ പോരാട്ടവുമായി മുന്നോട്ടു പോകും. അതിൽ ഒരു വിട്ടുവീഴ്ച ചെയ്യുന്ന പ്രശ്നമില്ല. ഞങ്ങളുടെ പാർട്ടിയുടെ ശക്തമായ നിലപാട് അതുതന്നെയാണ്. നിങ്ങളിപ്പോൾ ഞങ്ങൾ തകരുന്നത് വളരെ ആഹ്ളാദകരമായി കാണുകയാണ്. ബി.ജെ.പി.ക്കെതിരായി അതിശക്തമായി പോരാടുന്ന ഒരു വിഭാഗത്തിന് ചെറിയ ഒരു ക്ഷീണമുണ്ടായപ്പോൾ നിങ്ങൾ സന്തോഷിക്കുന്നു എന്നു വന്നാൽ നിങ്ങൾ ബി.ജെ.പി.യോട് ഒപ്പമാണ് എന്നുള്ളതല്ലാതെ മറ്റെന്താണ്? ബി.ജെ.പി.ക്കെതിരായ അതിശക്തമായ പോരാട്ടമാണ് നമ്മുടെ രാജ്യത്ത് ആവശ്യമായിട്ടുള്ളത്. കാർഗിലിലെ യുദ്ധംപോലും ഈ ബി.ജെ.പി. മുന്നണി ഗവണ്മെന്റിന്റെ പിടിപ്പുകേടുകൊണ്ടുണ്ടായതാണെന്ന് ആർക്കാണ് അറിയാത്തത്? ഒരു യുദ്ധം ജനങ്ങളിൽ അടിച്ചേൽപ്പിച്ച് നമ്മുടെ ധീരയോദ്ധാക്കളെ കുരുതിക്കൊടുത്തുകൊണ്ട് രാഷ്ട്രീയനേട്ടം കൊയ്യാൻ ശ്രമിക്കുന്ന ബി.ജെ.പി. യുടെ ഫാസിസ്റ്റ് വർഗ്ഗീയ സമീപനത്തിനെതിരെ പോരാടാൻവേണ്ടി പരിശ്രമിക്കുന്നതിനുപകരം പരസ്പരം തോൽപ്പിക്കാൻ, പരസ്പരം തകർക്കാൻ നോക്കുന്നത് രാജ്യത്തിന് ആപത്താണ്. ബി.ജെ.പി. യെ എതിർത്തു തോൽപ്പിക്കാൻ നിശ്ചയദാർഢ്യത്തോടുകൂടി ഉറച്ച തീരുമാനത്തോടുകൂടി മുന്നോട്ടു പോകേണ്ടതാണ്. ഈ സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് ഈ ഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് വളരെ ബുദ്ധിമുട്ടേറിയ പരിതഃസ്ഥിതിയിൽ നിന്നുകൊണ്ടാണ് പുരോഗമനപരമായ കാര്യങ്ങൾ ഈ ഗവണ്മെന്റ് ചെയ്യുന്നത്. ഇന്ന് ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ സംസാരിച്ചപ്പോൾ ന്യൂനപക്ഷങ്ങളോട് ഈ ഗവണ്മെന്റ് കടുത്ത അവഗണനയാണ് കാണിക്കുന്നത് എന്നു പറഞ്ഞു. ന്യൂനപക്ഷങ്ങളോട് നിങ്ങളുടെ പാർട്ടി നേതൃത്വം എടുക്കുന്ന നിലപാട് എന്താണ്? ഒരൊറ്റ ചോദ്യം ഞാൻ ചോദിക്കാം. ന്യൂനപക്ഷമായ മുസ്ലീങ്ങളുടെ ആരാധനാലയമായ പള്ളി പൊളിച്ചത് ആരാണെന്ന് അറിയാമല്ലോ. അപ്പോൾ കേന്ദ്രം ഭരിച്ചത് ആരാണ്? നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നു. നരസിംഹറാവു അപ്പോൾ എടുത്ത നിലപാട് വ്യക്തമാകുമല്ലോ. ആ റാവുവിനെയും കോൺഗ്രസിനെയും ശക്തിപ്പെടുത്തുന്ന നിലപാടാണ് മുസ്ലിംലീഗ് ഇന്നുവരെ എടുത്തിരിക്കുന്നത്. അപ്പോൾ ന്യൂനപക്ഷങ്ങളെ നിങ്ങൾ എങ്ങനെ കാണുന്നു എന്നു വിലയിരുത്തണം. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നിങ്ങൾ എന്തു നിലപാട് എടുക്കുന്നു? അതിനെപ്പറ്റി എല്ലാവർക്കും അറിയാം. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അപ്പുറത്തുനിന്നും സംസാരിച്ച ചില സുഹൃത്തുക്കൾ തെരഞ്ഞെടുപ്പ് വരുന്നു എന്നു ചൂണ്ടിക്കാണിച്ചു. കോൺഗ്രസ്സ് നാൽപത്തഞ്ചുക്കൊല്ലം ഇൻഡ്യ ഭരിച്ചു. എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് ഭരണമായിരുന്നു. ഇപ്പോൾ എന്താണു സ്ഥിതി? 45 കൊല്ലക്കാലം ഇൻഡ്യ ഭരിച്ച ആയിരക്കണക്കിന് എം.എൽ.എ. മാരുടേയും എം.പി.മാരുടെയും പിന്തുണ ഇപ്പോൾ എവി

LIBRARY ARCHIVES Kerala Legislative Assembly

ടെപ്പോയി. ഇപ്പോൾ കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽനിന്നുപോയ പ്പോൾ ഡെൽഹിയിൽ മന്ത്രിസഭയുണ്ടാക്കാൻ പെടാപ്പാടുപെട്ടു. ഇപ്പോൾ ഞങ്ങളെ കുറ്റം പറയുകയാണ്. ശാസ്താംകോട്ടയിൽ കെ.പി.സി.സി. പ്രസി ഡന്റ് ശ്രീമാൻ തെന്നല ബാലകൃഷ്ണപിള്ള അടക്കം പങ്കെടുത്ത സമ്മേളന ത്തിൽ ശ്രീ. കാർത്തികേയനുമുണ്ടായിരുന്നു. അവർ പറയുന്നത് ആർ.എസ്. പി.യുടെ ഒരു എം.പി. ശ്രീ. പ്രേമചന്ദ്രൻ മുഖാന്തരമാണ് കേന്ദ്രത്തിൽ മന്ത്രിസ ഭയുണ്ടാക്കാൻ കഴിയാതെ പോയതെന്നാണ്. അതുകൊണ്ട് ഇപ്പോൾ തെര ഞ്ഞെടുപ്പ് വന്നു എന്നാണ് പറഞ്ഞത്. ഞങ്ങളുടെ പാർട്ടിയുടെ നയം വ്യക്ത മായിരുന്നു. ഞങ്ങളുടെ പാർട്ടിയുടെ 15-ാം പാർട്ടി കോൺഗ്രസ്സ് എടുത്തിട്ടുള്ള തീരുമാനം കോൺഗ്രസ്സിനേയും ബി.ജെ.പി. യേയും എതിർക്കണം. അവർ അധികാരത്തിൽ തുടരാൻ പാടില്ല എന്നാണ്. അതാണ് നയം. എന്നാൽ ബി.ജെ.പി. മൂലമുണ്ടാകുന്ന അതിവിപത്ത് ഒഴിവാക്കാൻ ഇടതുപക്ഷങ്ങളുടെ കൂട്ടായ സമ്മർദ്ദത്തിനുവിധേയമായി ഞങ്ങളുടെ ഒരു വോട്ടിന്റെ കുറവു കൊണ്ട് അഞ്ച് എം.പി. മാരുടെ കുറവുകൊണ്ട് കോൺഗ്രസ്സിന് ബി.ജെ.പി. യെ തോല്പിക്കാനോ അധികാരത്തിൽ നിന്നും മാറ്റിനിർത്താനോ കഴിയാതെ വന്നാൽ കോൺഗ്രസ്സിനു മന്ത്രിസഭയുണ്ടാക്കാൻ അഞ്ച് എം.പി.മാരുടെ പിന്തുണ കൊടുക്കാൻ തയ്യാറാണെന്ന് ഞങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീമാൻ കെ. പങ്കജാക്ഷൻ രാഷ്ട്രപതിക്ക് എഴുതിക്കൊടുത്തു. പിറ്റേദിവസം സന്ധ്യയായപ്പോൾ കോൺഗ്രസ്സിൽ ചില കുഴപ്പങ്ങൾ. ഞങ്ങളുടെ മുന്നണി യിൽ ആരെയൊക്കെ കൂട്ടാം അവരൊക്കെക്കൂടി ഭരിക്കാം എന്നുള്ള ലൈൻ മാറ്റി. അവർ പറഞ്ഞു നിങ്ങൾ എല്ലാവരും ഞങ്ങൾക്ക് പിന്തുണ തരണം. മന്ത്രിസഭ ഉണ്ടാക്കണം. പക്ഷേ മന്ത്രിസഭയിൽ ഞങ്ങൾമാത്രം മതി. ഞങ്ങൾ മാത്രം ഭരിക്കും. കോൺഗ്രസ്സ് പറഞ്ഞതല്ലേ. അപ്പോൾ ലാലുപ്രസാദ് തുടങ്ങി യിട്ടുള്ള ആളുകളെ നിങ്ങൾ എവിടെ നിറുത്തി? അവർ പിൻതുണ നൽകില്ല എന്നു പറഞ്ഞു. അവർ മാറി. ഈ കാര്യം ഞങ്ങൾ വ്യക്തമാക്കി. നിങ്ങൾ മുലായംസിംഗിനെപ്പോലുള്ള എല്ലാ ആളുകളേയും അധികാരത്തിൽ കൂട്ടി. ഞങ്ങൾ പോകുന്നത് ശരിയല്ല. നമുക്ക് ഒറ്റയ്ക്ക് 45 വർഷക്കാലം ഭരിച്ചതു പോലെ ഭരിക്കാമെന്നല്ലേ നിങ്ങൾ എടുത്ത നിലപാട്? അപ്പോൾ ഭരിക്കാൻ കോൺഗ്രസ്സ് മാത്രം. മുന്നണിയെ സഹായിക്കാൻ ഭൂരിപക്ഷത്തിന് പിന്തു ണക്ക് എല്ലാവരും വേണമെന്ന് പറഞ്ഞതുകൊണ്ടല്ലേ ഇപ്പോൾ ബി.ജെ.പി. മുന്നോട്ടുപോയത്? കാവൽ മന്ത്രിസഭ നിലനിന്നത്? അത് മറച്ചുവച്ചുകൊണ്ട് എന്തിനാണ് പറയുന്നത്? ഞാൻ ബഹു. കാർത്തികേയനോട് ചോദിക്കുന്നു. നിങ്ങൾ കഴിഞ്ഞ രണ്ടു ദിവസത്തിനുമുൻപ് ഭരണിക്കാവിൽ എന്താണ് സംസാരിച്ചത്? അപ്പോൾ ആർ.എസ്.പി. യുടെ ഒരാളിനെ നിങ്ങൾ കുറ്റപ്പെടു ത്തുമെങ്കിൽ രാഷ്ട്രപതിക്ക് എഴുതിക്കൊടുത്തിട്ടുണ്ടായിരുന്നു. 5 എം.പി.മാ രുടെ കുറവുകൊണ്ട് കോൺഗ്രസ്സിന് മന്ത്രിസഭയുണ്ടാക്കാൻ കഴിയാതെ വരി കയാണെങ്കിൽ ഞങ്ങളുടെ 15-ാം പാർട്ടി കോൺഗ്രസ്സിന്റെ തീരുമാനം അങ്ങനെ നിലനിൽക്കെത്തന്നെ ഇടതുപക്ഷ മുന്നണിയുടെ പൊതുസമ്മത ത്തിനും സമ്മർദ്ദത്തിനും വിധേയമായി കോൺഗ്രസ്സിന് മന്ത്രിസഭയുണ്ടാക്കാൻ പിന്തുണ കൊടുക്കാമെന്ന്. എന്നിട്ട് എന്തിന് ആക്ഷേപിക്കണം? അതാണ് ഞങ്ങളുടെ നിലപാട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇതെല്ലാം അറിയാ വുന്ന കാര്യമാണ്. എന്തിന് വെറുതെ സമയം കളയുന്നു? അതുകൊണ്ട് ആ മാതിരി പേടിപ്പിക്കൽ കൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. ബഹു. എ.കെ. ആന്റണി ഇവിടെ ഇപ്പോഴുണ്ടായിരുന്നു. കാണാനില്ല. ഈ പ്രഖ്യാപനങ്ങൾക്കുശേഷവും അദ്ദേഹം എന്തിനാണ് ജയലളിതയെ അന്വേ

LIBRARY ARCHIVES Kerala Legislative Assembly

ഷിച്ച് അങ്ങോട്ട് സംഭാഷണത്തിന് പോയത്? ഒറ്റയ്ക്ക് ഭരിക്കാൻ കച്ചക്കെട്ടി കോൺഗ്രസ്സിന് ഇനി മുന്നോട്ടുപോകാൻ കഴിയുമോ? അവർ വേറെയൊന്നും ഊറ്റം പറയുന്നില്ല. നിങ്ങളുടെ സാമ്പത്തികനയം നടപ്പിലാക്കുന്ന ബി.ജെ.പി.യെ നിലനിറുത്തുന്ന തരത്തിലുള്ള നയമായിരുന്നു നിങ്ങൾക്ക്. അതുകൊണ്ടാണ് നിങ്ങൾ കൂട്ടുമന്ത്രിസഭയുണ്ടാക്കാൻ തയ്യാറാകാതിരുന്നത്. എന്നിട്ട് ഇവിടെ ബഡായി അടിക്കുകയാണ്. ഈ കോൺഗ്രസിന്റെ ബഡായി ഇൻഡ്യാ രാജ്യത്തിലെ ജനങ്ങൾ നോക്കിക്കാണുന്നുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയമായി മാപ്പില്ല. ബി.ജെ.പി.യും അതുപോലെതന്നെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കേരള നിയമസഭയ്ക്കകത്ത് 5 അംഗങ്ങളുള്ളതാണ് ആർ.എസ്.പി. മൂന്നംഗങ്ങളുള്ള ഒരു ഭൂരിപക്ഷഭാഗം മാറിനിൽക്കുകയാണ്. രണ്ട് അംഗങ്ങളുള്ള കക്ഷിയുടെ ആളാണ് ആർ.എസ്.പി. എന്നുള്ള നിലയിൽ ഈ പ്രസംഗം പൂർണ്ണമായും രേഖകളിൽനിന്നും മാറ്റേണ്ടതാണ്. കാരണം നിയമസഭയ്ക്കകത്ത് ഭൂരിപക്ഷകക്ഷിയായ ആർ.എസ്.പി. ശ്രീ. ബേബിജോണിന്റെ നേതൃത്വത്തിലുള്ള ആർ.എസ്.പി.യാണ്. അവർ ഭൂരിപക്ഷ കക്ഷിയായി ഇവിടെ നിൽക്കുകയാണ്. അവരെക്കുറിച്ച് സ്പീക്കർ തീരുമാനമെടുക്കാത്തതുകൊണ്ടു മാത്രമാണ്. പക്ഷേ പ്രാക്ടിക്കലി ഭൂരിപക്ഷ കക്ഷി അവരായതുകൊണ്ട് ഈ പ്രസംഗം രേഖയിൽനിന്നും പൂർണ്ണമായി മാറ്റേണ്ടതാണ്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ബഹു. രാധാകൃഷ്ണന്റെ കൈയിൽ പുസ്തകം ഇരിക്കുന്നുവെന്നുള്ളതല്ലാതെ, അതിൽ എന്താണ് എഴുതിവച്ചിരിക്കുന്നതെന്ന് നോക്കാതെ വെറുതെ സമയം കളഞ്ഞതാണ്. ബഹു. തിരുവഞ്ചൂർ രാധാകൃഷ്ണൻ രാഷ്ട്രീയത്തിൽ ശിശുക്കളിൽ ശിശുവാണെന്നുള്ളതുകൊണ്ടാണ് ഈ ചോദ്യം ഇപ്പോൾ ചോദിച്ചത്. നിങ്ങൾ എങ്ങനെ നടക്കുന്നു? സ്വയം ആലോചിച്ച് നോക്കണം. ഈ കാര്യങ്ങളിൽ വേണ്ടത്ര വിവരമില്ലാതെ, രാഷ്ട്രീയമായിട്ടുള്ള വിവരമില്ലാത്തതുകൊണ്ട് ചോദിച്ചതാണ്. അതുകൊണ്ട് അതിന് മറുപടി അർഹിക്കുന്നതുമില്ല. ഇവിടത്തെ പ്രശ്നം. ഈ ഗവണ്മെന്റ് ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുന്നു. ആവശ്യത്തിന് പണമില്ല. എന്തുകൊണ്ട് പണമില്ല? നിങ്ങൾ അധികാരത്തിൽനിന്ന് പോകുമ്പോൾ റവന്യൂ വരുമാനത്തിനുള്ള വഴി നിങ്ങൾ അടച്ചില്ലേ? 300 കോടിയിൽ ചില്വാനം രൂപ ചാരായനിരോധനത്തിൽനിന്നും കുറഞ്ഞില്ലേ? അതേസമയം വികസനപ്രവർത്തനങ്ങൾ വർദ്ധിച്ചില്ലേ? മറ്റു നടപടികളുണ്ടായില്ലേ? ആ 300 കോടി രൂപയ്ക്കു പുറമേ ചാരായമേഖലയിൽ തൊഴിൽരഹിതരായിട്ടുള്ള ആളുകളെ സഹായിക്കാൻ എത്ര കോടി രൂപ പിന്നെ എടുക്കേണ്ടിവന്നു? വികസന പ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള പണം കണ്ടെത്തി വളരെ സാമ്പത്തിക അച്ചടക്കത്തോടുകൂടി ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നു. വികസന പ്രവർത്തനങ്ങൾ ഇനിയും ഉൾപ്പെടുത്താനുണ്ട്. പാലങ്ങളുണ്ട്, ആശുപത്രികളുണ്ട്. ഇതെല്ലാം നടപ്പിലാക്കി മുന്നോട്ടുപോകാൻ തികഞ്ഞ കൂട്ടുത്തരവാദിത്വത്തോടുകൂടി, സാമ്പത്തിക അച്ചടക്കത്തോടുകൂടിയാണ് ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. ആ ഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ഉപധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി അനുകൂലിക്കുകയാണ്. തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ദേശീയ രാഷ്ട്രീയ കാര്യങ്ങൾ വിലയിരുത്തേണ്ടതുണ്ട്. ഇൻഡ്യയിൽ ബി.ജെ.പി. യെ വളർത്തിയതും അധികാരത്തിലെത്തിച്ചതും കോൺഗ്രസ്സാണ്. ഇപ്പോഴത്തെ കാവൽ മന്ത്രിസഭയ്ക്കും കാർഗിൽ സംഭവത്തിനും തെരഞ്ഞെടുപ്പിനും ഉത്തരവാദികൾ കോൺഗ്രസ്സ് തന്നെയാണ്. കോൺഗ്രസ്സിന്റെയും ബി.ജെ.പി. യുടെയും ഭരണക്കാലത്ത് മാത്രമാണ് ഇന്ത്യൻ മണ്ണിൽ യുദ്ധങ്ങൾ നടന്നിട്ടുള്ളത്. രാജ്യതാൽപ്പര്യത്തേക്കാൾ കോൺഗ്രസ്സിനു വലുത് സ്വന്തം സങ്കുചിത താൽപ്പര്യമാണ്. കോൺഗ്രസ്സിന്റേയും ബി.ജെ.പി.യുടേയും അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായി രാഷ്ട്രത്തിന് ആയിരക്കണക്കിന് കോടി രൂപയും നൂറുകണക്കിന് മനുഷ്യജീവനുകളും നഷ്ടപ്പെട്ടു. കാർഗിൽ പ്രശ്നത്തിൽ സൈനികമായി ഇൻഡ്യ വിജയിച്ചെങ്കിലും നയതന്ത്രപരമായി അമ്പേ പരാജയപ്പെടുകയാണുണ്ടായത്. തങ്ങളുടേതല്ലാത്ത എല്ലാ മതനിരപേക്ഷ സർക്കാരുകളേയും ബി.ജെ.പി.യുമായി കൂട്ടുചേർന്ന് മറിച്ചിട്ട കറുത്ത ചരിത്രമാണ് കോൺഗ്രസ്സിനുള്ളത്. വി.പി. സിംഗിനേയും ദേവഗൗഡയേയും ഗുജ്റാളിനേയും പിന്നിൽനിന്നും കുത്തിവീഴ്ത്തിയ കൊടുംക്രൂരതയാണ് കോൺഗ്രസ് ചെയ്തിട്ടുള്ളത്. നിരവധി സർക്കാരുകളെ കൊലചെയ്തതിന്റെ കറുത്ത രക്തം കോൺഗ്രസ്സിന്റെ കൈപ്പത്തികളിൽ കട്ടപിടിച്ചു കിടപ്പുണ്ട്. ഇൻഡ്യയിലുണ്ടായ എല്ലാ ദുരന്തങ്ങൾക്കും ഉത്തരവാദികൾ കോൺഗ്രസ്സാണ്. ഹിന്ദു വർഗ്ഗീയ ശക്തികളെ തുറന്നെതിർക്കാനുള്ള നിശ്ചയദാർഢ്യം കോൺഗ്രസ്സിനില്ലാതെ പോയതാണ് ഏറ്റവും വലിയ ദൗർബല്യം. അതുകൊണ്ടുതന്നെയാണ് കോൺഗ്രസ്സിന്റെ കോട്ടകളിൽ ബി.ജെ.പി. ശക്തിപ്പെടുന്നതും അധികാരത്തിൽ വരുന്നതും. ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ബി.ജെ.പി. നശിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യക്ക് മാതൃക എല്ലാംകൊണ്ടും കേരളം തന്നെയാണ്. വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയരംഗങ്ങളിൽ കേരളം ഇൻഡ്യക്ക് ഉത്തമ മാതൃകയാണ്. മതസൗഹാർദ്ദത്തിന് പേരുകേട്ട പുണ്യഭൂമിയാണ് കേരളം. കോൺഗ്രസും ബി.ജെ.പി. യും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മതന്യൂനപക്ഷങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും രക്ഷയില്ല. തെരഞ്ഞെടുപ്പ് അടുക്കുംന്തോറും കേരളത്തിൽ ക്രമസമാധാനം തകർക്കുന്നതിന് കോൺഗ്രസ്സും ബി.ജെ.പി. യും ഗൂഢാലോചന നടത്തുന്നുണ്ട്. മണൽകൊണ്ട് കയർ പിരിച്ച് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ കുടുക്കാനാണ് ഇവിടെ പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 13-ാം ലോകസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ സ്ഥിതി അതിദയനീയമായിരിക്കും. 13 കോൺഗ്രസ്സിന് നല്ല നമ്പരല്ല. സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ കോൺഗ്രസ്സ് നേതാക്കൾ ഒട്ടും ആഗ്രഹിക്കുന്നില്ല. പവാറും കൂട്ടരും പരസ്യമായി സോണിയാഗാന്ധിയെ എതിർക്കുമ്പോൾ കരുണാകരനും ആന്റണിയും ഇവിടെ ഊറിച്ചിരിക്കുകയാണ്. മരുമകൾ കുടുംബഭരണം ഏറ്റെടുക്കുമ്പോൾ മറ്റുള്ളവർക്ക് ഉണ്ടാകുന്ന വിരോധമാണ് കോൺഗ്രസ്സുകാർക്കുള്ളത്. സോണിയാഗാന്ധിയെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകേണ്ട ഗതികേടാണ് ഇപ്പോൾ കോൺഗ്രസ്സിനുള്ളത്. വ്യക്തിപൂജയാണ് കോൺഗ്രസ്സിന്റെ പാരമ്പര്യം. ഹിന്ദി പ്രസംഗം ഇറ്റാലിയൻ ഭാഷയിലെഴുതി വായിച്ചതുകൊണ്ടുമാത്രം ഇൻഡ്യാരാജ്യം രക്ഷപ്പെടുകയില്ല. നവവധുവിനെപ്പോലെ തലകുമ്പിട്ട് കുറിപ്പടി നോക്കിവായിക്കാതെ, ജനങ്ങളുടെ നേരെ നോക്കി നാലുവാക്ക് പറയാനുള്ള തന്റേടമാണ് ദേശീയനേതാക്കൾക്കുണ്ടാകേണ്ടത്. കേരളത്തിലെ രാഷ്ട്രീയ അൽപ്പത്വത്തിന്റെ ആൾരൂപമാണ് ആന്റണിയെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. കേരളത്തിൽ കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പുനയം മാർക്സിസ്റ്റ് ആക്രമണത്തിനെതിരെയാണെന്ന് ആന്റണി പ്രഖ്യാപിച്ചിട്ടുണ്ട്. മാർക്സിസ്റ്റ് വിരുദ്ധരെയെല്ലാം യോജിപ്പിച്ച് ബി.ജെ.പി.

LIBRARY ARCHIVES Kerala Legislative Assembly

യുമായി രഹസ്യബന്ധത്തിലേർപ്പെടുകയാണ് ഇതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യം. 'എ' കോൺഗ്രസുകാർ ഇക്കാര്യത്തിൽ വിദഗ്ദ്ധരാണെന്ന് കാസർഗോഡ് ജില്ല തെളിയിച്ചിട്ടുണ്ട്.

ശ്രീ. പി. രാജു : സർ, നമ്പാടൻ മാസ്റ്റർ നിയമസഭയ്ക്കകത്തുമാത്രമാണ് പോയിന്റുകൾ നോക്കി പ്രസംഗിക്കാറുള്ളത്. പുറത്ത് പുള്ളിക്ക് ഒന്നും വേണ്ട. മൈക്ക്പോലും വേണമെന്നില്ല. കിട്ടിക്കഴിഞ്ഞാൽ പ്രസംഗിക്കുന്ന ആളാണ്. അതുകൊണ്ട് അതും സോണിയാഗാന്ധിയെയും ഒരുമിച്ച് പെടുത്തണ്ട. സോണിയാഗാന്ധി എപ്പോഴും നോക്കിയേ പ്രസംഗിക്കുകയുള്ളൂവെന്ന് പറഞ്ഞതാണ്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട അങ്ങ് പ്രസംഗിച്ചപ്പോൾ നേരത്തെ, മന്ത്രിസഭകളെ മറിച്ചിടുന്ന കറുത്ത ചരിത്രമാണ് കോൺഗ്രസ്സിനുള്ളതെന്നു പറഞ്ഞു. ശ്രീ. നമ്പാടൻ മാസ്റ്റർക്കും ഒരു മന്ത്രിസഭയെ മറിച്ചിട്ട ചരിത്രമില്ലേ?

ശ്രീ. ലോനപ്പൻ നമ്പാടൻ : ശ്രീ. കെ. കരുണാകരന്റെ കാസ്റ്റിംഗ് മന്ത്രിസഭയെ ഒരു തുള്ളി മഷികൊണ്ടും ഒരു തുണ്ട് കടലാസുകൊണ്ടും ഞാൻ മറിച്ചിട്ടതു സത്യമാണ്. ആ ദുർഭരണം അവസാനിപ്പിക്കുന്നതിനുവേണ്ടി ആ നല്ല കാര്യം ഞാൻ ചെയ്തു. അതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. അത് ജനങ്ങൾ അംഗീകരിച്ചു. അതിനുശേഷം നടന്ന എല്ലാ തെരഞ്ഞെടുപ്പിലും ജനങ്ങൾ അത് അംഗീകരിച്ചു. ഇത് പറയിപ്പിക്കാൻ വേണ്ടിയല്ലേ ശ്രീ. ബാബു ചോദിച്ചത്? ശ്രീ. കെ. കരുണാകരനോട് ഇത്ര വിരോധം വേണമോ? ജില്ലാ പഞ്ചായത്തും സഹകരണ ബാങ്കുകളും കാസർഗോഡ് ജില്ലയിൽ കോൺഗ്രസ്സും ബി.ജെ.പി.യും അവിഹിതമായി കൂട്ടുകൂടി ഭരിക്കുകയാണ്. ദേശീയ പ്രശ്നങ്ങളിൽനിന്നും ഒട്ടകപ്പക്ഷിയെപ്പോലെ കേരളത്തിലേയ്ക്കു തല പൂഴ്ത്തിയ ആന്റണിയുടെ കപടതന്ത്രം കേരളത്തിലെ ജനങ്ങൾ കണ്ടറിയുന്നുണ്ട്. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം കേരളത്തിൽ വിലപ്പോവില്ല. വിശ്വാസികളെ ഇനി വഞ്ചിക്കാൻ കഴിയുകയില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അങ്ങ് സിസ്റ്റർ അഭയ കേസ് ഒറ്റയ്ക്കു കൊണ്ടുനടന്നതാണ്. രണ്ടു ദിവസത്തിനുമുമ്പ് ഏഷ്യാനെറ്റിൽ അങ്ങയോടൊപ്പം രണ്ട് എം.എൽ.എ. മാരെ കൂടി കണ്ടു. എന്താണ് അതിന്റെ അർത്ഥം? അങ്ങ് വീണ്ടും ഈ കേസിന്റെ പിറകിലുണ്ടോ?

ശ്രീ. ലോനപ്പൻ നമ്പാടൻ : മുമ്പ് ഞാൻ ഒറ്റയ്ക്കായിരുന്നു. ഇപ്പോൾ എന്റെ പാർട്ടിയിൽ പ്രഗൽഭരായ 5 മെമ്പർമാർ ഉണ്ട്. അവരെയും ഞാൻ കൂട്ടി എന്നു മാത്രമേയുള്ളൂ. ഇത് 59 അല്ല 99 ആണെന്ന് കോൺഗ്രസ്സുകാർ മനസ്സിലാക്കണം. കേരളത്തിന്റെ സമഗ്രവികസനത്തിനുവേണ്ടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. ജനകീയാസൂത്രണം കൊണ്ടുമാത്രം കേരളത്തിലെ ജനങ്ങൾ ഇന്ന് സന്തുഷ്ടരാണ്. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ. എൻ.ആർ. ബാലൻ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സന്തോഷത്തോടുകൂടി പിൻതുണയ്ക്കുകയാണ്. സമസ്തമേഖലയിലും സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 38 മാസക്കാലത്തെ എൽ.ഡി.എഫ്. ഭരണം കേരളത്തിൽ പിന്നിട്ടിരിക്കുകയാണ്. എല്ലാ രംഗത്തും ഈ ഗവണ്മെന്റ് പ്രാവർത്തികമാക്കിയ ലക്ഷ്യബോധത്തോടുകൂടിയ നടപടിയെ സംബന്ധിച്ച് കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും പൊതുവെ ഈ ഗവണ്മെന്റിനെ പ്രശംസിക്കുകയാണ്. 60 മാസക്കാലം കേരളം ഭരിച്ച യു.ഡി.എഫ്. ഗവണ്മെന്റ് കേരളത്തെ



LIBRARY ARCHIVES Kerala Legislative Assembly

ഇരുട്ടിലേയ്ക്കു തള്ളിവിട്ടു. 38 മാസക്കാലം കൊണ്ട് എൽ.ഡി.എഫ്. കേരളത്തിൽ പ്രകാശം എത്തിച്ചു. 17 മെഗാവാട്ട് വൈദ്യുതിയാണ് യു.ഡി.എഫ്. ഗവണ്മെന്റ് 60 മാസം കൊണ്ട് ഉണ്ടാക്കിയത്. 38 മാസക്കാലംകൊണ്ട് 452 മെഗാവാട്ട് വൈദ്യുതി അധികമായി ഈ ഗവണ്മെന്റ് ഉണ്ടാക്കി. പവർകട്ട് ഇല്ലാത്ത ദക്ഷിണേന്ത്യയിലെ ഏക സംസ്ഥാനം എന്ന സൽപേര് ഈ കേരളത്തിന് നേടിക്കൊടുത്ത ഗവണ്മെന്റാണ്. രണ്ടായിരമാണ്ടോടുകൂടി കേരളം വൈദ്യുതിരംഗത്ത് മിച്ച സംസ്ഥാനമായി മാറാൻ പോകുകയാണ്. ഈ നേട്ടത്തിന്റെ ഫലം എൽ.ഡി.എഫിന് അനുകൂലമായി ജനങ്ങളുടെ ഭാഗത്തുനിന്നും വരുമെന്നു കണ്ടപ്പോൾ വൈദ്യുതി ചാർജ്ജിന്റെ മറപിടിച്ചുകൊണ്ട് കോലാഹലങ്ങൾ സൃഷ്ടിച്ച് ആദ്യ ദിവസം തന്നെ ഇറങ്ങിപ്പോകാനാണ് പ്രതിപക്ഷം ശ്രമിച്ചത്. പക്ഷേ, യു.ഡി.എഫ്. ഗവണ്മെന്റ് പല ഘട്ടത്തിലായി ബ്രഹ്മപുരം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടിട്ട് ഇലക്ട്രിസിറ്റി ബോർഡ് 75 കോടി രൂപയുടെ നഷ്ടം വരുത്തി; അതിനെപ്പറ്റി പറയാൻ അവർക്കു കഴിയുന്നില്ല. അന്നത്തെ വിദ്യുച്ഛക്തിവകുപ്പുമന്ത്രിയും ഇലക്ട്രിസിറ്റിബോർഡ് ചെയർമാനുമടക്കം 7 കക്ഷികൾ അതിൽ ഉത്തരവാദികളാണെന്ന് അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സ്പഷ്ടമാക്കിയിരിക്കുകയാണ്. അതു മറച്ചുകൊണ്ട് അടിസ്ഥാനരഹിതമായിട്ടുള്ള ആരോപണങ്ങൾ ഉന്നയിച്ച് ജനനേതാക്കൻമാരായ ഇടതുപക്ഷജനാധിപത്യമുന്നണിയിലെ മന്ത്രിമാർക്കെതിരായി അഴിമതിയുടെ പുകപടലം സൃഷ്ടിക്കാനാണ് യു.ഡി.എഫ്. ഇത്രയും കാലം ശ്രമിച്ചത്. പക്ഷേ ഉണ്ടയില്ലാത്ത വെടി പൊട്ടിച്ച് നാട്ടുകാരെ തെറ്റിദ്ധരിപ്പിക്കാമെന്ന ധാരണ നിങ്ങൾക്ക് വേണ്ട. അവശ്യസാധനങ്ങളുടെ വിലവർദ്ധനവിനു ശാശ്വതമായ പരിഹാരമുണ്ടാക്കാൻ ഈ ഗവണ്മെന്റിന് ആവുകയില്ല. ബി.ജെ.പി. യുടെ ഗവണ്മെന്റും അതിനുമുമ്പ് കോൺഗ്രസ്സിന്റെ ഗവണ്മെന്റും കൈക്കൊണ്ട സാമ്പത്തികനയത്തിന്റെ ഫലമായി 13 മാസക്കാലം ഇൻഡ്യ ബി.ജെ.പി. ഭരിച്ചപ്പോൾ ഇപ്പോഴും ബി.ജെ.പി. ഭരിക്കുമ്പോൾ ഒരു കിലോ സവാളക്ക് 80 രൂപവരെ വന്നതാണ്. ഇപ്പോൾ എന്താണ് കണക്ക്? അഖിലേന്ത്യാ ശരാശരി അവശ്യവസ്തുക്കളുടെ വില വർദ്ധനവ് 15.3% ആണ്. ഈ കേരളത്തിൽ 6.4% ആണ്. ഈ മാറ്റം കേരളത്തിൽ അവശ്യവസ്തുക്കളുടെ മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞത് മാർക്കറ്റ് ഇന്റർവെൻഷന്റെ ഭാഗമായിട്ടാണ്. കാർഷിക വ്യാവസായിക മേഖല മുരടിച്ചു നിൽക്കുകയായിരുന്നു. കോൺഗ്രസ്സ് ഗവണ്മെന്റും ബി.ജെ.പി. ഗവണ്മെന്റും അനുവർത്തിച്ച അപകടകരമായ നയത്തിന്റെ ഫലമായി ഇന്ത്യയിലാകെയുണ്ടായ പ്രത്യാഘാതം കാർഷികമേഖലയിലും വ്യാവസായികമേഖലയിലും കേരളത്തിലുമുണ്ടായി. 38 മാസക്കാലത്തെ ആ രംഗത്തെ ഗവണ്മെന്റിന്റെ ഭരണത്തിന്റെ പ്രതിഫലനങ്ങൾ ആവേശകരമായി ആ മേഖലയിൽ കാണുന്നില്ലേ? യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആവിഷ്കരിച്ച വ്യവസായ നയമാണോ ഈ ഗവണ്മെന്റ് നടപ്പിലാക്കിയത്? നിങ്ങൾ നടപ്പിലാക്കിയ നയമെന്താണ്? കറവയുള്ള പശുവിനെ വിൽക്കും കറവവറ്റിയ പശുവിനെ അറക്കും-ഈ നയമാണ് നിങ്ങൾ നടപ്പിലാക്കിയത്. ഈ ഗവണ്മെന്റ് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിദ്ധ്യവൽക്കരിച്ചുകൊണ്ട്, ആധുനികവൽക്കരിച്ചുകൊണ്ട്, സംരക്ഷിക്കാനുള്ള നടപടി കൈക്കൊണ്ടു. ഈ കഴിഞ്ഞ മൂന്നരവർഷക്കാലത്തിനിടക്ക് 260 കോടി രൂപയാണ് പൊതുമേഖലയെ സംരക്ഷിക്കാൻവേണ്ടി ഈ ഗവണ്മെന്റ് ചെലവഴിച്ചത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ മദുരകോട്ട്സ് അടക്കമുള്ള വ്യവസായസ്ഥാപനങ്ങൾ ഈ ഗവണ്മെന്റ് തുറന്നില്ലേ. ചെറുകിട വ്യവസായ സംരംഭകരുടെ രംഗത്ത് 17% വർദ്ധനവാണ് ഈ മൂന്നു വർഷക്കാലത്തിനിടയ്ക്കുണ്ടായത്. നമ്മുടെ പരമ്പരാഗത വ്യവസായമേഖലയിൽ ഒരു പുതിയ ഉണർവ് ഉണ്ടാകുകയാണ്. കാർഷികമേഖലയിൽ നെല്ലുൽപ്പാദനം 94-95 സാമ്പത്തികവർഷത്തിൽ ഒരു ഹെക്ടറിൽനിന്നും 1927 കിലോ ആയിരുന്നത് 97-98 ആയപ്പോൾ ആ രംഗത്ത് നല്ല വർദ്ധനവുണ്ടായില്ലേ. 2304 കിലോ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്ന രീതിയിലേയ്ക്ക് ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞില്ലേ? 2500 കിലോ നെല്ല് ഉൽപ്പാദിപ്പിക്കുകയെന്ന ലക്ഷ്യമിട്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഗവണ്മെന്റ് മുന്നോട്ടു പോകുകയാണ്. പച്ചക്കറിയുടെ ഉൽപ്പാദനത്തിലും വർദ്ധനവുണ്ടായി. പുതിയ 200 ഹരിത സ്റ്റാളുകൾ രജിസ്റ്റർ ചെയ്തുകൊണ്ട് 50,000 കൃഷിക്കാർ ആ മേഖലയിൽ സജീവമായി രംഗത്തു വന്നിരിക്കുന്നു. ഈ ഗവണ്മെന്റിന്റെ കാലാവധി തീരുന്നതോടുകൂടി പച്ചക്കറി ഉൽപ്പാദനമേഖലയിൽ കേരളം സ്വയംപര്യാപ്തതയിലേയ്ക്കു പോകുകയാണ്. 25 ലക്ഷം തൊഴിൽ ദിനങ്ങളാണ് ഈ രംഗത്ത് ഉണ്ടാക്കാൻ പോകുന്നത്. തൊഴിലില്ലായ്മ പ്രശ്നത്തിന് ഗ്രാമീണ തൊഴിലില്ലായ്മ പരിഹരിച്ചുകൊണ്ടല്ലാതെ കേരളത്തിൽ പരിഹാരമുണ്ടാക്കാൻ കഴിയുകയില്ല. അപ്പുറത്തുള്ളവരുടെയും ഇപ്പുറത്തുള്ളവരുടെയും പാർട്ടികളിലെ എല്ലാവർക്കും സർക്കാരാഫീസിൽ പണി കൊടുത്തുകൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുമോ? യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് നിയമന നിരോധന ഉത്തരവ്, എൽ.ഡി.എഫ്. ഗവണ്മെന്റ് ഭരിച്ചപ്പോൾ ആ സമീപനമല്ല. പി.എസ്.സി. വഴി 61,000-ത്തിൽ ചില്വാനം ആളുകൾക്ക് നിയമനം കൊടുത്തത് ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ്. ഇതു പുതിയ സമീപനമല്ലേ? ജനകീയാസൂത്രണരംഗത്ത് കഴിഞ്ഞ 96-ലെ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നില്ലായിരുന്നുവെങ്കിൽ 9-ാം പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ത്രിതല പഞ്ചായത്തു സംവിധാനത്തിന് കോടിക്കണക്കിന് രൂപ കിട്ടുമോ? ഈ ഗവണ്മെന്റ് വന്നതു കൊണ്ടല്ലേ കൊടുത്തത്? Power without money is equal to zero. പണം കൊടുക്കാതെ പദ്ധതിയുണ്ടാക്കിയിട്ട് എന്താ കാര്യം. ആദ്യത്തെ വർഷം 750 കോടി രൂപ കൊടുത്തു, രണ്ടാമത്തെ വർഷം 950 കോടി രൂപ കൊടുത്തു. മൂന്നാമത്തെ വർഷം 1020 കോടി രൂപ കൊടുത്തു. അത് പ്രയോജനപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്ക് ലഭിച്ച അധികാരം പ്രയോജനപ്പെടുത്തി പുതിയ വികസനസംസ്കാരം കേരളത്തിലെ ഗ്രാമീണതലത്തിൽ വളർന്നുവരികയാണ്. വികസിത മുതലാളിത്തരാജ്യത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും അടക്കം അവികസിതരാജ്യമായ ഇൻഡ്യയിലെ ഈ കൊച്ചുകേരളത്തിലെ ഗ്രാമങ്ങളിൽ നടക്കുന്ന ജനപങ്കാളിത്തത്തോടുകൂടിയ വികസന പ്രക്രിയ കാണാനും പഠിക്കാനും വന്നില്ലേ. അതുകൊണ്ടാണ് കഴിഞ്ഞ 38 മാസക്കാലത്തിനിടയ്ക്ക് നടന്ന ഇടക്കാല തെരഞ്ഞെടുപ്പുകളിലൊക്കെ എറണാകുളം അടക്കം ഇടതുപക്ഷമുന്നണിയുടെ സ്ഥാനാർത്ഥികളെ കേരളത്തിലെ ജനങ്ങൾ വിജയിപ്പിച്ചത്. എറണാകുളം മുസ്ലീലീഗിന് മഞ്ചേരിമാതിരിയുള്ളതല്ലേ. അവിടെ പോയിട്ട് ജനകീയാസൂത്രണം അഴിമതിയാണ്, ആടുമാടു വിതരണത്തിൽ വെട്ടിപ്പാണ്, എന്ന് പ്രതിപക്ഷനേതാവ് അടക്കം പ്രസംഗിച്ചില്ലേ. എറണാകുളത്തെ ജനങ്ങൾ യു.ഡി.എഫ്.നെ തള്ളിയില്ലേ. ശ്രീ. സെബാസ്റ്റ്യൻപോൾ ഇവിടെ വന്നിരിക്കുകയല്ലേ. കഴിഞ്ഞ 38 മാസക്കാലത്തിനിടയ്ക്ക് നടന്ന ത്രിതല പഞ്ചായത്തിലേയ്ക്കുള്ള ഇടക്കാല തെരഞ്ഞെടുപ്പിലെ പട്ടിക പ്രതിപക്ഷനേതാവ് ഒന്ന് പരിശോധിച്ചു നോക്കൂ. എൽ.ഡി.എഫിന് വർദ്ധിച്ച മുന്നേറ്റമാണുണ്ടായിട്ടുള്ളത്. ആ മുന്നേറ്റത്തിന്റെ പ്രതിഫലനം പാർലമെന്റ് തെരഞ്ഞെടുപ്പിലും കേരളത്തിൽ ഉണ്ടാകാൻ പോകുകയാണ്. 1998-ൽ ഉണ്ടായതിനേക്കാൾ മെച്ചപ്പെട്ട അനുകൂല പ്രതിഫലനം ഇടതുജനാധിപത്യ മുന്നണിക്ക് കേരളത്തിൽ ഉണ്ടാകാൻ പോകുകയാണ്. ആ മുന്നേറ്റം കേരളത്തിലെ രാഷ്ട്രീയ രംഗത്ത് ഇടതുജനാധിപത്യമുന്നണിക്ക് അനുകൂലമായി വരുന്നുവെന്നു കണ്ടുകൊണ്ട് അതിനെ തടയാൻ ചില ശക്തികൾ ഇപ്പോൾ പുതിയ വേഷത്തിൽ രംഗത്തുവരുന്നുണ്ട്. മതം രാഷ്ട്രീയത്തിലിടപെടുന്നത് കേരളത്തിലെ പ്രബുദ്ധരായ ജനത ഇഷ്ടപ്പെടുന്നില്ല എന്നതിന് അനുഭവങ്ങളൊക്കെയുണ്ട് നമ്മുടെ മണ്ണിൽ. ബഹു. പ്രതിപക്ഷനേതാവിനറിയാമല്ലോ. 1996-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബഹുമാന്യനായ ലീഡർ തൃശൂർ പാർലമെന്റ് മണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മത്സരിക്കുമെന്ന് പ്രഖ്യാപിച്ച ഉടനെ ആദ്യം കയറിയിട്ട് അദ്ദേഹത്തിന് പിൻതുണ പ്രഖ്യാപിച്ചത് ആരാണ്? അന്തരിച്ച ബഹുമാന്യനായ കുണ്ടുകുളം തിരുമേനിയാണ് ആദ്യം ലീഡർക്ക് പിൻതുണ പ്രഖ്യാപിച്ചത്. ലീഡർ രക്ഷപ്പെട്ടോ? സംഗതി ലീഡർ പറഞ്ഞു-തന്റെ പാർട്ടിക്കാർ മുന്നിൽനിന്നും പിന്നിൽനിന്നും കുത്തിയത്. പക്ഷെ ചരിത്രപരമായ വസ്തുതയെന്താണെന്ന് നമ്മളൊക്കെ ഇരുന്ന് ചിന്തിക്കേണ്ടതുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തു വന്നിട്ടുണ്ട്. എന്ത് കണക്കിന്റെ അടിസ്ഥാനത്തിലാണ്? ആരുടെ പ്രേരണയ്ക്ക് കീഴ്പ്പെട്ടിട്ടാണ്, മുകുന്ദപുരത്ത് മത്സരിക്കാൻ വേണ്ടി അദ്ദേഹം പോകുന്നതെന്നുള്ളത് അറിയില്ല. കേരളത്തിൽ കോൺഗ്രസ്സ് നേതൃത്വത്തിന് ചരിത്രപരമായ യാഥാർത്ഥ്യങ്ങൾക്കനുസരിച്ചുള്ള നിലപാട് കൈക്കൊള്ളാൻ കഴിയണ്ടേ? ഇടതുപക്ഷജനാധിപത്യമുന്നണി ഐക്യമുന്നണിയെ പരാജയപ്പെടുത്തിക്കൊണ്ട് കൂടുതൽ സീറ്റു നേടുകയെന്നതുതന്നെയാണ് ഞങ്ങളുടെ ലക്ഷ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : കഴിഞ്ഞ 13 മാസക്കാലം ഒരു പാർലമെന്റ് അംഗമെന്നുള്ള നിലയിൽ തലസ്ഥാന നഗരത്തെ അവഗണിച്ചതുകൊണ്ട്, തലസ്ഥാനനഗരത്തിലെ ജനങ്ങളുടെ ശക്തിയായ പ്രതിഷേധം കോൺഗ്രസ്സ് (ഐ)ക്ക് എതിരായിട്ടുണ്ടാകും. തനിക്കെതിരായി ഉണ്ടാകും എന്നു കണ്ടതുകൊണ്ടാണ് അദ്ദേഹം ഇവിടെ നിന്നും വണ്ടികയറി മുകുന്ദപുരത്ത് ഇറങ്ങാൻ പോകുന്നതെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ.ആർ. ബാലൻ : അത് സത്യമാണല്ലോ. ഇവിടെ രക്ഷയില്ലാത്തതുകൊണ്ടാണല്ലോ അദ്ദേഹം അങ്ങോട്ടു പോയത്. കേരളത്തിലെ ചരിത്രയാഥാർത്ഥ്യം കണ്ടുകൊണ്ടുള്ള നിലപാട് എടുക്കാൻ ഇനിയെങ്കിലും അണികളെ നിങ്ങൾ പ്രേരിപ്പിക്കണം. ബി.ജെ.പി. യുടെ കൂടാരത്തിലേക്ക് കേരളത്തിലെ കോൺഗ്രസിന്റെ അണികളെ ഇപ്പോഴും തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ തൃശൂർ ജില്ലയിൽ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് സഹകരണസംഘത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ മുന്നണിയാണ്. പ്രതിപക്ഷ നേതാവ് ഒന്നന്വേഷിക്കൂ. കഴിഞ്ഞ ആഴ്ചയിലാണ് അവിടത്തെ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിലേയ്ക്ക് ബി.ജെ.പി.യും പി.ഡി.പി. യും കോൺഗ്രസ്സുംകൂടി മുന്നണിയായിട്ട് നിന്നത്. ആ കൂടാരത്തിലേക്ക് ഇനിയെങ്കിലും അണികളെ തള്ളിവിടാതിരിക്കുന്നതിനുവേണ്ടിയുള്ള മതേതരത്വത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയ നിലപാട് കൈക്കൊള്ളാൻ നിങ്ങൾക്ക് ശ്രമിച്ചുകൂടേ? കഴിയില്ല. ഇതേവരെ കോൺഗ്രസ്സെന്നു പറഞ്ഞിരുന്ന വടവൃക്ഷം ശിഥിലമായി. മർമ്മപ്രധാനങ്ങളായ സംസ്ഥാനങ്ങളിൽപോലും കഷായത്തിന് മേമ്പൊടിക്കുപോലും ഈ പാർട്ടിയെ കിട്ടാനില്ലാത്ത അവസ്ഥ എന്തുകൊണ്ട് വന്നുവെന്ന് ഇരുന്നു ചിന്തിക്കാൻ കോൺഗ്രസ് നേതൃത്വം സന്നദ്ധമായിട്ടുണ്ടോ? ഇന്നത്തെ ദേശീയ രാഷ്ട്രീയ പരിതസ്ഥിതിയിൽ കോൺഗ്രസ് വല്ലാതെ ദുർബലമാകുന്നത് രാജ്യത്തിന് ഗുണം ചെയ്യുകയില്ലെന്നുള്ളതുകൊണ്ട് പറയുന്നതല്ല. കോൺഗ്രസിനോട് ഇഷ്ടമായിട്ട് പറയുന്നതല്ല. സന്നദ്ധമായിട്ടുണ്ടോ? 'ഇപ്പോഴും ഞങ്ങൾ ഒറ്റക്ക് ഭരിക്കും.' കോൺഗ്രസിതര മതേതര ഗവണ്മെന്റുകൾ അധികാരത്തിൽ വന്ന ഘട്ടങ്ങളിലൊക്കെ അതുകളെ കുത്തിമലർത്തിയിട്ട് അകാലത്തിൽ കൊലചെയ്തതിന്റെ കറുത്ത രക്തത്തിന്റെ കറ നിങ്ങളുടെ കൈകളിൽ ഇപ്പോഴും ഇല്ലേ? പുരണ്ട് നില്പില്ലേ? 1979-ൽ ചരൺസിംഗിന്റെ ഗവണ്മെന്റിനെ കുത്തി. അതുകഴിഞ്ഞ് 1989-ൽ മതേതര ഇന്ത്യയെ സംരക്ഷിക്കാൻവേണ്ടി വർഗ്ഗീയ ഫാസിസത്തെ തടയാനുള്ള മതേതര രാഷ്ട്രീയത്തിന്റെ ഉയർന്ന നിലപാട് വി.പി.സിംഗ് എടുത്തപ്പോൾ ഒരു മതേതര

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പാർട്ടി എന്നുള്ള രീതിയിൽ കോൺഗ്രസ് ആ ഘട്ടത്തിലെങ്കിലും വി.പി. സിംഗിന്റെ ഗവണ്മെന്റിനെ നിലനിറുത്തേണ്ടതിന്റെ ആവശ്യകത ഉൾക്കൊള്ളുമെന്നാണ് മതേതര വിശ്വാസികൾ പ്രതീക്ഷിച്ചത്. പക്ഷേ അധി കാരത്തിന്റെ ജ്വരം മൂത്ത കോൺഗ്രസ് നേതൃത്വം ബി.ജെ.പി. യുമായി ഒത്തു ചേർന്നുകൊണ്ട് വിശ്വാസവോട്ടിൽ പങ്കെടുത്തില്ലേ? അവസരവാദപരമായി ട്ടുള്ള സമീപനമല്ലേ? 1990-ൽ ചന്ദ്രശേഖർ ഗവണ്മെന്റിനെ നിങ്ങൾ അധികാര ത്തിൽ കയറ്റി. രണ്ടു ഹരിയാനക്കാരായ പോലീസുകാർ രാജീവ്ഗാന്ധിയുടെ പടിയുടെ അവിടെ കണ്ടുവെന്ന് പറഞ്ഞ് അതിനെ കുത്തിമലർത്തി. 1996-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം 13 ദിവസക്കാലം വാജ്പേയിക്ക് ഇൻഡ്യ ഭരിക്കുന്നതിന് അവസരമുണ്ടാക്കിയത് വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനം സന്ദർഭോചിതമായി പ്രസിഡന്റിനെ അറിയിക്കുന്ന കാര്യത്തിൽ റാവു കാണിച്ച ഒളിച്ചോട്ടമല്ലേ? ഇടക്കാല തെരഞ്ഞെടുപ്പ് 1998-ൽ ഉണ്ടാക്കുന്നതിന്റെ ഉത്തരവാദിത്വം കോൺഗ്രസിനല്ലെന്ന് ഈ രാജ്യം പറയുമോ? ബി.ജെ.പി. ക്ക് അധികാരത്തിൽ വരാൻ അവസരമുണ്ടായില്ലേ?

ശ്രീ. ഇ.എം. അഗസ്തി : സർ,..................

ശ്രീ. എൻ.ആർ. ബാലൻ : കോൺഗ്രസിന്റെ നേതാക്കൻമാരുടെ പോക്ക് തടയാൻപറ്റാത്ത നിങ്ങൾ ജനതാദളിനെ പറഞ്ഞാക്ഷേപിച്ചിട്ട് എന്താണ് കാര്യം? ഇനി എത്ര ആളുകൾ അങ്ങോട്ട് പോവില്ലെന്ന് ആർക്കു പറയാൻ കഴിയും?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കർണ്ണാടകത്തിൽ നിന്നും കോൺഗ്ര സ്സിന്റെ മുൻ എം.പി. യും മന്ത്രിമാരുൾപ്പെടെ കൂട്ടായി ചേർന്ന് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ പത്രസമ്മേളനം നടത്തുന്നതിന്റെ ഫോട്ടോ ഹിന്ദുപ ത്രത്തിലുണ്ട്. അത് ബഹു. മെമ്പർ കണ്ടിട്ടുണ്ടോ?

ശ്രീ. എൻ.ആർ. ബാലൻ : ഇതൊക്കെ ഇവിടെ വെളിപ്പെടുത്താൻ ശ്രീ. അഗസ്തി ഇടപെട്ടിട്ട് നമ്മളോട് ചോദ്യം ചോദിക്കുകയാണ്. ഇതൊക്കെ വെളിപ്പെടുത്തണമെന്ന് അഗസ്തി ആഗ്രഹിക്കുകയാണ്. വിശ്വാസവോട്ട് പരാ ജയപ്പെട്ടപ്പോൾ 65% ബി.ജെ.പി. ക്കെതിരായി വോട്ട്ചെയ്ത് ഇൻഡ്യയിലെ മതേതര വിശ്വാസികൾ ആഗ്രഹിച്ച ഒരു ആഗ്രഹമല്ലേ ഒരു ബദൽ ഗവണ്മെന്റ് ഒരു മതേതര ഗവണ്മെന്റ് ഇൻഡ്യയിൽ വരണമെന്നത്? ആ ആഗ്രഹം സാക്ഷാ ത്കരിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള പക്വതയോടെയുള്ള നിലപാട് എടു ക്കുന്ന കാര്യത്തിൽ കോൺഗ്രസ്സിന് പരാജയം പറ്റിയത് ഇന്നത്തെ നേതൃത്വ ത്തിനുള്ള അപക്വമായ സമീപനമല്ലേ? അതിന് സമാധാനം കോൺഗ്രസ്സ് ഈ തെരഞ്ഞെടുപ്പിൽ ജനങ്ങളോട് പറയണ്ടേ? കാർഗിലിൽ നമ്മുടെ സൈനികർ ജീവത്യാഗം ചെയ്ത് രക്തസാക്ഷികളായി. ആ സാഹചര്യമുണ്ടാക്കിയത് ബി.ജെ.പി. ആണെങ്കിലും അവസരമുണ്ടാക്കിക്കൊടുത്തത് കോൺഗ്രസാണ്. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ ജനങ്ങളോട് നിങ്ങൾ സമാധാനം പറയേണ്ടി വരും. വർഗ്ഗീയശക്തികളുമായി ഒത്തുചേർന്നുള്ള രാഷ്ട്രീയ കച്ചവടം നടത്തിയതാണ് കോൺഗ്രസ്സിന്റെ തകർച്ചയ്ക്ക് ഇടയാക്കിയത്. രാജ്യത്തെ സാമ്രാജ്യത്വശക്തികൾക്ക് പണയപ്പെടുത്തുന്ന അപകടകരമായ സാമ്പത്തിക നയങ്ങളാണ് കോൺഗ്രസ്സിനെ ഈ അവസ്ഥയിലേക്ക് എത്തി ച്ചത് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലെങ്കിലും പുനശ്ചിന്തനം നട ത്താൻ സന്നദ്ധമായില്ലെങ്കിൽ ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കോൺഗ്രസ്സിന്റെ സ്ഥിതി അധോഗതിയാകും. അഞ്ചു സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്? 85 സീറ്റുള്ള യു.പി. യിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

ടുപ്പിൽ 5% വോട്ടും പൂജ്യം സീറ്റും; ബീഹാറിൽ ലാലുപ്രസാദ് യാദവിന്റെ മുന്നണിയാണ്. ബി.ജെ.പി. സമതാമുന്നണിക്ക് നേരെ അവിടെ മത്സരിക്കുന്ന ജൂനിയർ കൂട്ടാളിയാണ് കോൺഗ്രസ്സ്. ബംഗാളിൽ കോൺഗ്രസ്സ് മത്സരിച്ചു. എല്ലാ സീറ്റിലും തോൽക്കുകയെന്നല്ലാതെ വല്ല രക്ഷയുമുണ്ടോ? മഹാരാഷ്ട്ര യിൽ പവാർ പോയപ്പോൾ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി മണിശങ്കർ പറഞ്ഞത് എന്താണ്? പവാർ മഹാരാഷ്ട്രയിലെ മൂപ്പനാർ ആണെ ന്നാണ്. അതിന്റെ അർത്ഥമെന്താണ്? തമിഴ്നാട്ടിൽ മൂപ്പനാർ പോയപ്പോൾ കോൺഗ്രസ്സ് ഇല്ലാതായോ? മഹാരാഷ്ട്രയിൽ പവാർ പോയപ്പോൾ അവി ടെയും കോൺഗ്രസ്സ് ഇല്ലാതായി എന്നുള്ള പരോക്ഷമായ സമ്മതിക്കലല്ലേ? അതുകൊണ്ട് ഈ പ്രസ്ഥാനം പറയുന്നത് വർഗ്ഗീയ ഫാസിസ്റ്റുശക്തികളുടെ വെല്ലുവിളിയിൽ നിന്ന് മതേതരത്വ ഇൻഡ്യയെ രക്ഷപ്പെടുത്തണം. ബി.ജെ.പി. അധികാരത്തിൽ വരിക എന്നതിനെ തടയുകയെന്നുള്ളതുതന്നെയാണ് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാരുടെ പ്രഥമമായ കടമ. അതോടൊപ്പമോ? അടുത്ത കാലങ്ങളിലായും വരുംനാളുകളിലായും ഉണ്ടായിക്കൊണ്ടിരിക്കുന്ന ധ്രുവീകരണത്തിന്റെ ചരിത്രപരമായ യാഥാർത്ഥ്യം പഠിച്ചാൽ ഇടതുപക്ഷമതേ തര രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പിനുശേഷം ഒരു ബദൽ അധികാരത്തിൽ വരുന്ന ഒരു സാഹചര്യമുണ്ടാകും. ആ ഗവ ണ്മെന്റിനെ പിൻതുണയ്ക്കുകയെന്ന മൂന്നാമതൊരു ശക്തിയായി മാത്രം കോൺഗ്രസ്സ് മാറാൻ പോവുകയാണ്. ആ അവസരമുണ്ടാകുമ്പോഴെങ്കിലും തങ്ങൾക്ക് ഭരിക്കാൻ അവസരമുണ്ടായില്ലെങ്കിൽ രാജ്യം നശിക്കട്ടെ എന്ന അപ കടകരമായ നിലപാടിൽ നിന്ന് കോൺഗ്രസ്സ് നേതൃത്വം പിൻമാറാനും മതേത രത്വ ഇൻഡ്യയെ സംരക്ഷിക്കുന്നതിന് സഹായകരമായ ഉജ്ജ്വലമായ നിലപാ ടിലേക്ക് തിരിയാനും നിങ്ങൾ സന്നദ്ധരാകണമെന്നുമാത്രം അഭ്യർത്ഥിച്ചു കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇവിടെ അപ്പുറത്തുനിന്നു പ്രസംഗിച്ച ആളുകൾ ഈ ഉപധനാ ഭ്യർത്ഥനകൾ എന്തിനുവേണ്ടി എന്നുള്ളതിനെപ്പറ്റി പറയാൻ തയ്യാറായില്ല. ഇത് വളരെ ധൂർത്താണ് എന്ന് മനസ്സിലാക്കിക്കൊണ്ടാണെന്നു തോന്നുന്നു നേരെ രാഷ്ട്രീയത്തിലേക്ക് കടന്നത്. ഒരുപക്ഷേ നിങ്ങൾ പറയും പ്രതിപ ക്ഷത്തു നിന്നു തുടക്കം കുറിച്ച ശ്രീ. ഡൊമിനിക് പ്രസന്റേഷൻ രാഷ്ട്രീയം പറഞ്ഞതുകൊണ്ടാണെന്ന്. പക്ഷേ അദ്ദേഹം വളരെ ദീർഘമായി ഈ ഉപധ നാഭ്യർത്ഥനകളുടെ കുറവുകളെ സംബന്ധിച്ച് വിശദീകരിച്ചതിനുശേഷമാണ് ആനുകാലികമായി ഇന്ന് പത്രത്തിൽ വന്ന വാർത്ത എടുത്തിട്ടത്. അതു കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെപ്പറ്റിയൊന്നും പറയാതെ, പ്രതിപക്ഷത്തു നിന്നു വീണുകിട്ടിയ ഒരവസരമെന്നുള്ള നിലവിൽ രാഷ്ട്രീയത്തിലേക്ക് കടന്ന് മുഴുവൻ രാഷ്ട്രീയമയമാക്കുന്ന പ്രസംഗമാണ് നടത്തിയത്. അതുകൊണ്ടു തന്നെയാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. നിങ്ങൾക്കുപോലും മാനസിക മായി ഇതിനോട് യോജിക്കാൻ കഴിയില്ല. ഇവിടെ ബഹു. കുന്നംകുളം അംഗം പ്രസംഗിച്ചപ്പോൾ വളരെ വാചാലമായി പറഞ്ഞു. അദ്ദേഹം പറഞ്ഞത് 40% തുക ഗ്രാമപഞ്ചായത്തുകൾക്ക് - ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് മാറ്റിവച്ചു. അങ്ങനെ മാറ്റിവച്ചത് ഈ ഗവണ്മെന്റ് വന്നതുകൊണ്ടാണ് എന്നാണ്. അങ്ങനെ മാറ്റിവച്ച തുക ജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ ഈ കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി ഇപ്പോഴും കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ 50% പോലും തുക ജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ കഴി ഞ്ഞിട്ടില്ല. ഇപ്പോഴും അത് ഡെപ്പോസിറ്റും മറ്റു തരത്തിലുള്ള ഓൺഗോ യിംഗും ഒക്കെയായി നടക്കുകയാണ്. ആദ്യം കൊടുത്ത കൊല്ലം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങണമെന്ന് പറഞ്ഞ് ഒരോ ലക്ഷം രൂപ വച്ച് ഓരോ പഞ്ചായത്തിൽ നിന്നും വാങ്ങി ഡെപ്പോസിറ്റ് ചെയ്തു. ഇതുവരെ അത് വാങ്ങി കൊടുത്തിട്ടില്ല. ആ നിലയിൽ ചെയ്യുന്നതുകൊണ്ടാണ് അതിന്റെ കുറ്റങ്ങൾ ഞങ്ങൾ പറയുന്നത്. അല്ലാതെ ഒരു കാരണവശാലും ഞങ്ങൾ കൊണ്ടുവന്ന, ശ്രീ. രാജീവ്ഗാന്ധി കൊണ്ടുവന്ന ഈ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി ഒരിക്കലും എതിർ പറയാറില്ല. ഞങ്ങൾ ഒരിക്കലും അതിനെതിരായി സംസാരിച്ചിട്ടില്ല. നിങ്ങൾ അതിന് പേര് കൊടുത്തു എന്നുള്ളത് ശരിയാണ്. പക്ഷേ അതിന്റെ ദോഷങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതിന്റെ ചുമതല പ്രതിപക്ഷത്തിനുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടെ റവന്യൂ കമ്മി എത്രയാണെന്ന് ബഹു. ധനകാര്യവകുപ്പുമന്ത്രിക്ക് അറിയാം. അദ്ദേഹത്തിന് അതിൽ യാതൊരു തർക്കവും ഉണ്ടാകില്ല. 492 കോടി രൂപയായിരുന്നു റവന്യൂ കമ്മി. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ 402 കോടി രൂപയായിരുന്നു. ഞങ്ങൾ റവന്യൂ കമ്മി കുറച്ചുകൊണ്ടുവന്നു. ഏറ്റവും നല്ല ധനകാര്യ മാനേജ്മെന്റ് എന്നുപറയുന്നത് അവിടെയാണ്. പക്ഷേ ഇപ്പോൾ എന്താണ്? ബഹു. മന്ത്രി ടി. ശിവദാസമേനോന് നിഷേധിക്കാൻ കഴിയുമോ? 1850 കോടി രൂപയിലേയ്ക്ക് വരികയാണല്ലോ. അതുകൊണ്ട് നിൽക്കുമോ? ഒരു കാരണവശാലും അതുകൊണ്ട് നിൽക്കില്ല. രണ്ടായിരാമാണ്ട് വരുമ്പോൾ കമ്മി വളരെ കൂടുന്ന ഒരു സ്ഥിതിയിലേയ്ക്ക് പോകും. കെടുകാര്യസ്ഥതയെന്നു ഞങ്ങൾ പറഞ്ഞത് അതാണ്. മിസ്മാനേജ്മെന്റ് എന്നുപറഞ്ഞത് അതാണ്. നമ്മുടെ സംസ്ഥാനം എങ്ങോട്ട് പോകുന്നു? കുറെ സഹകരണ ബാങ്കുകൾ, കുറെ ക്ഷേമനിധിബോർഡുകൾ ഇതൊന്നും ഇല്ലെങ്കിൽ ബഹു. മന്ത്രി ടി. ശിവദാസമേനോൻ ഈ ഗവണ്മെന്റിന്റെ ട്രഷറി എന്നേ അടച്ചുപൂട്ടുമായിരുന്നു. അതല്ലേ യാഥാർത്ഥ്യം? ആ യാഥാർത്ഥ്യത്തിനുനേരെ കണ്ണടയ്ക്കാൻ കഴിയുമോ? ഈ ഇരുളടഞ്ഞ സ്ഥിതിവിശേഷം നമുക്കു കാണാൻ കഴിയും. ജനങ്ങൾക്ക് വളരെ ദുസ്സഹമായ നികുതിഭാരം വിവിധ രീതിയിൽ വരുത്തിവയ്ക്കുന്ന വസ്തുത കൂടിയുണ്ട്. മറുവശത്തുകൂടി റവന്യൂ കമ്മി വർദ്ധിപ്പിച്ചുകൊണ്ടും വിലക്കയറ്റം ഉൾപ്പെടെ ഒട്ടേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഞാൻ ബഹു. മന്ത്രി ടി. ശിവദാസമേനോനോട് ചോദിക്കുകയാണ്. വ്യവസായ വകുപ്പ് ഒരു ധവളപത്രം ഇറക്കിയല്ലോ. അങ്ങേയ്ക്ക് ഒരു ധവളപത്രം ഇറക്കാൻ കഴിയുമോ? കേരളത്തിലെ ഇന്നത്തെ സാമ്പത്തിക സ്ഥിതി. വരാൻ പോകുന്ന സ്ഥിതിവിശേഷം അതിനെ സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കാൻ കഴിയുമോ? അതിനു കഴിയണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. വളരെ ഭീകരമായ ഇരുണ്ട സ്ഥിതിവിശേഷം നമ്മുടെ മുൻപിൽ കാണുകയാണ്. അതുകൊണ്ട് ആ സ്ഥിതിവിശേഷത്തിന് ഒരു അറുതിവരുത്താൻ കഴിയണം. അതിന് ഒരു പ്ളാനിംഗ് വേണം. പ്ളാനിംഗ് ബോർഡിനെക്കുറിച്ച് നമുക്കറിയാമല്ലോ. ഒട്ടേറെ കാര്യങ്ങൾ പ്ളാനിംഗ് ബോർഡ് അവിടെ നിന്നും പറഞ്ഞുവിടും. ഒരു എക്സ്പെർട്ടും പ്ളാനിംഗ് ബോർഡിൽ ഇല്ല. രാഷ്ട്രീയമായ തീരുമാനങ്ങളെടുത്ത് അതിവിടെ നടപ്പാക്കുന്നു. ഉദ്യോഗസ്ഥൻമാർ കൊണ്ടുവരുന്നതിനെ ഓവർറൂൾ ചെയ്ത് തീരുമാനമെടുക്കുന്നു. ആ നിലയിൽ ഈ സംസ്ഥാനം ഇരുട്ടിലേയ്ക്ക് നീങ്ങുകയാണ്. അതുകൊണ്ട് ശ്രീ. ടി. ശിവദാസമേനോൻ, ഈ ധൂർത്ത് അവസാനിപ്പിക്കണം. അതുപോലെ കെടുകാര്യസ്ഥത ഇല്ലാതാക്കാൻ കഴിയണം. അങ്ങേയ്ക്ക് ഒരു നല്ല ഫൈനാൻസ് മാനേജ്മെന്റ് ഉണ്ടാക്കുവാൻ കഴിയണം. ഇല്ലെങ്കിൽ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ രാഷ്ട്രീയ കാര്യങ്ങൾ പറയാൻ ആഗ്രഹിച്ചതല്ല. ഞാൻ ധനകാര്യം സംബന്ധിച്ച ഒട്ടേറെ കാര്യങ്ങൾ പറയണമെന്നു വിചാരിച്ചതാണ്. അതിൽ ചില കാര്യങ്ങൾ പറയാതെ പോകുന്നത് ശരിയല്ലല്ലോ. തെരഞ്ഞെടുപ്പിലേയ്ക്ക് വരുന്ന ഒരു സമയമാണല്ലോ ഇപ്പോൾ. ന്യൂനപക്ഷങ്ങളെപ്പറ്റി ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ പറഞ്ഞു. അദ്ദേഹം പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് ഇൻഡ്യയുടെ മതേതരത്വത്തെ തകർത്തു എന്നാണ്. കോൺഗ്രസ്സാണ് ഇൻഡ്യയുടെ മതേതതരത്വത്തെ സംരക്ഷിച്ചത്. കോൺഗ്രസ്സാണ് ഇൻഡ്യയുടെ മതേതതരത്വത്തെ നിലനിറുത്തിയത്. കോൺഗ്രസ്സാണ് ഇവിടെ ജനാധിപത്യം നിലനിറുത്തിയത്. തെരഞ്ഞെടുപ്പിലൂടെ ഇത്തരം ഫാസിസം നടത്തുന്ന നിങ്ങൾ അധികാരത്തിൽ വരാൻ കഴിയണമെങ്കിൽ തെരഞ്ഞെടുപ്പ് എന്നുപറയുന്ന ജനങ്ങളുടെ താൽപ്പര്യം എന്താണ്? ഈ രാജ്യം അതുപോലെ പോകണമെന്നാഗ്രഹിക്കുന്ന ഒരു വ്യവസ്ഥിതിയുണ്ടാക്കിക്കൊണ്ടുവന്നത് കോൺഗ്രസ്സാണ്. ആ കോൺഗ്രസ്സ് ഈ രാജ്യം ഭരിച്ചതുകൊണ്ടാണ് നിങ്ങൾക്ക് ഇതുപോലെ പ്രസംഗിക്കാൻ കഴിയുന്നത്. കോൺഗ്രസ്സിന്റെ ഭരണനേട്ടത്തെ ചെറുതായി കാണണ്ട. ജനാധിപത്യം നിലനിറുത്തിയ രാജ്യം, നമ്മുടെ ചുറ്റുപ്രദേശങ്ങളെ നമുക്കറിയാമല്ലോ. വിവിധരാജ്യങ്ങളിൽ പലയിടത്തും ഈ ജനാധിപത്യം തകർന്ന് ഫാസിസവും അതോടൊപ്പം ഏകാധിപത്യഭരണവും പട്ടാളഭരണവും ഒക്കെ വന്നപ്പോൾ കോൺഗ്രസ്സാണ് ഇവിടത്തെ ജനാധിപത്യം കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചത്. അതുപോലെതന്നെ മതേതരത്വം, മതേതരത്വമെന്നുപറഞ്ഞാൽ മതനിഷേധമാണോ? ഇവിടെ മാർക്സിസ്റ്റ് പാർട്ടി ചെയ്യുന്നത് മതനിഷേധമല്ലേ? ശ്രീ. പി.സി. ജോർജ് ന്യൂനപക്ഷവർഗ്ഗീയതക്കെതിരായി ഇവിടെ വളരെ ശക്തമായി പ്രസംഗിച്ചു. ഭൂരിപക്ഷ വർഗ്ഗീയതയെക്കാൾ വലുതാണ് ന്യൂനപക്ഷ വർഗ്ഗീയതയെന്നാണ് ശ്രീ. പി.സി. ജോർജിന്റെ പ്രസംഗം. അതാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. കോൺഗ്രസ്സ് ഇൻഡ്യാരാജ്യം ഭരിച്ചു എന്നുള്ളതുകൊണ്ടുതന്നെ വളരെ ശക്തമായി ഈ മതേതരത്വത്തെ നിലനിറുത്താൻ കഴിയുന്നു. മാർക്സിസ്റ്റ് പാർട്ടി പല മതന്യൂനപക്ഷ വിഭാഗങ്ങളുടെ സ്ഥാപനങ്ങൾ തല്ലിത്തകർത്തു. നിങ്ങൾക്കറിയാമല്ലോ. ന്യൂനപക്ഷങ്ങൾക്ക് അനുകൂലമാണെന്ന് ഒരുവശത്തുകൂടി അഭിപ്രായം പറയുന്നു. ജോർജിനെക്കൊണ്ട് ന്യൂനപക്ഷത്തിനുവിരുദ്ധമായി സംസാരിപ്പിക്കുന്നു. അതല്ലേ ഇവിടെ ചെയ്യുന്നത്? മാർക്സിസ്റ്റ് പാർട്ടി നമ്മുടെ രാജ്യത്ത് അതിശക്തമായ അക്രമം അഴിച്ചുവിട്ടിരിക്കുന്നു. പോലീസിന്റെ സഹായത്തോടുകൂടി നടത്തുന്ന അക്രമം- പോലീസ് കൂട്ടുനിന്നുകൊണ്ട് നടത്തുന്ന അക്രമം. നമ്മുടെ രാജ്യത്തു നടക്കുന്ന അക്രമത്തെ ചെറുതായി കാണാൻ കഴിയുമോ? ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അത് കണ്ടുകൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ അവകാശം എന്നുപറയും. പക്ഷേ ന്യൂനപക്ഷ അവകാശം എന്നുപറഞ്ഞുകൊണ്ട്, ന്യൂനപക്ഷത്തെ സംരക്ഷിക്കും എന്നുപറഞ്ഞുകൊണ്ട്, നിങ്ങൾ നടപ്പാക്കുന്ന ഈ ഇരട്ടത്താപ്പുനയം അവസാനിപ്പിക്കണം.

ശ്രീ. പി.സി. ജോർജ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹു. അങ്കമാലി അംഗം ഇപ്പോൾ സംസാരിച്ചപ്പോൾ ഞാൻ ന്യൂനപക്ഷത്തിനെതിരായി സംസാരിച്ചു എന്നുപറയുന്നത് വസ്തുതാവിരുദ്ധമാണ്. ഞാൻ അങ്ങനെ ഈ സഭയിൽ പ്രസംഗിച്ചിട്ടില്ല. ന്യൂനപക്ഷ വർഗ്ഗീയത രാജ്യത്തിന് അപകടകരമാണ് എന്നേ പറഞ്ഞുള്ളൂ. ഞാനതിൽ സ്റ്റിക് ഓൺ ചെയ്യുന്നു. എന്റെ പാർട്ടിയുടെ അഭിപ്രായമാണ്. ഞാൻ ആരുടേയും പ്രേരണയ്ക്ക് വഴങ്ങിയല്ല പറഞ്ഞത്. ബഹു. മെമ്പർ തെറ്റിദ്ധാരണ പരത്തുന്ന അങ്ങയുടെ പ്രസ്താവന പിൻവലിക്കണം. അത് രേഖയിൽനിന്നും നീക്കം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. ഡെ. സ്പീക്കർ : ഇതിനെ സംബന്ധിച്ചിടത്തോളം ഒരു മെമ്പർ സംസാരിച്ചതിനെക്കുറിച്ച് മറ്റൊരു മെമ്പർ തെറ്റായി ക്വോട്ട് ചെയ്താൽ അത് തിരുത്താനും അത് അങ്ങനെയല്ല എന്നു പറയാനും ആ മെമ്പർക്ക് അവകാശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോയി : ഇവിടെ ബഹു. പൂഞ്ഞാർ അംഗം പറഞ്ഞതുതന്നെയാണ് ഞാൻ ആവർത്തിച്ചത്. 'ഞാൻ അതിൽ സ്റ്റിക് ഓൺ' ചെയ്യുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അത് തിരുത്താൻവേണ്ടി പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ഞാൻ പറയട്ടെ, നിങ്ങളാരും ബേജാറാകണ്ട. ഇവിടെ ബഹു. അംഗം പി.സി. ജോർജ് പറഞ്ഞത് ന്യൂനപക്ഷത്തിന്റെ അപകടകരമായ പോക്കിനെപ്പറ്റിയാണ്. പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു കോൺഗ്രസ് നേതാക്കൻമാർ കത്തോലിക്കാ കോൺഗ്രസിന്റെ യോഗം വിളിച്ചുകൂട്ടിയെന്ന്. കോൺഗ്രസ് നേതാക്കൻമാർ അത്തരത്തിൽ അങ്ങനെയൊരു യോഗം വിളിച്ചുകൂട്ടിയിട്ടില്ല. കത്തോലിക്കാ കോൺഗ്രസിന് യോഗം വിളിച്ചുകൂട്ടാനുള്ള അവകാശമുണ്ട്. കത്തോലിക്കാ ഫെഡറേഷൻ ആ യോഗം വിളിച്ചുകൂട്ടിയതിന്റെ നോട്ടീസ് എന്റെ കൈയിലുണ്ട്. ഇ.ജെ. ലൂക്കോസിനെപ്പറ്റി അദ്ദേഹം പറഞ്ഞല്ലോ. അദ്ദേഹം അമേരിക്കയിലാണെന്ന്. ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രതിനിധികൾ നാലഞ്ച് ആളുകളാണ് ആ നോട്ടീസിൽ പേരുവച്ചിട്ടുള്ളത്. അതിൽ മലങ്കര കത്തോലിക്കാ അസോസിയേഷൻ, ലാറ്റിൻ കത്തോലിക്കാ അസോസിയേഷൻ, കേരള കാത്തലിക് അസോസിയേഷൻ, പിന്നെ അതിന്റെ ഫെഡറേഷൻ പ്രസിഡന്റ് എന്ന നിലയിൽ ജോൺ കച്ചിറമറ്റം, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രസിഡന്റായ ഇ.ജെ. ലൂക്കോസ്, അദ്ദേഹത്തിന്റെ നേതാവാണോ? മെത്രാൻമാരെ അപഹസിച്ച്, മെത്രാൻമാർ വളരെ മോശമായി എന്തോ ചെയ്തു എന്നുള്ള നിലയിൽ ഇവിടെ പ്രസംഗം നടത്തിയ അദ്ദേഹം ആത്മാർത്ഥതയുണ്ടെങ്കിൽ ആദ്യം ഇ.ജെ. ലൂക്കോസിന്റെ പേരിൽ നടപടി എടുക്കണം. അതുകഴിഞ്ഞ് അതിൽ പങ്കെടുത്ത മോൻസ് ജോസഫിന്റെ പേരിൽ നടപടി എടുക്കണം. ശ്രീ. മോൻസ് ജോസഫ് അവിടെ പോയി 6 മിനിറ്റേ നിന്നുള്ളൂ എന്നാണ് ബഹു. പൂഞ്ഞാർ അംഗം പറയുന്നത്. എന്താണ് കാരണം? അവിടെ ചെന്നപ്പോൾ ബിഷപ്പുമാർ പ്രസംഗിക്കുന്നു. വിദ്യാഭ്യാസരംഗത്തെ ന്യൂനപക്ഷങ്ങൾക്ക് എതിരായ നിലപാട് സ്വീകരിച്ചുപോകുന്ന ശ്രീ. പി.ജെ. ജോസഫിന്റെ നയം ഇരട്ടത്താപ്പ് നയമാണ്. അതിനോട് യോജിക്കാൻ ആകില്ല എന്ന് ബിഷപ്പുമാർ പ്രസംഗിച്ചപ്പോൾ അതുകേട്ട് സഹികെട്ട് മോൻസ് ജോസഫ് അവിടെ നിന്നും ഇറങ്ങിപ്പോന്നു. അതല്ലേ ജോർജേ യാഥാർത്ഥ്യം? ഇവിടെ കത്തോലിക്കാ കോൺഗ്രസ്സ് യോഗം വിളിച്ചുകൂട്ടിയിട്ട് കോൺഗ്രസ്സിന്റെ പുറത്തുവയ്ക്കുന്നത് ശരിയല്ല. എല്ലാ മതവിഭാഗങ്ങൾക്കും യോഗം വിളിച്ചുകൂട്ടാൻ അവകാശമുണ്ട്. അതാണ് മതേതരത്വം. ആ മതേതരത്വത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്. അവർക്ക് അവരുടെ ആവശ്യം പറയാൻ അവകാശമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയോട് പറയാൻ അവകാശം ഉണ്ട്. കോൺഗ്രസ്സ് പാർട്ടിയോട് പറയാൻ അവകാശമുണ്ട്. തങ്ങളുടെ ആവശ്യങ്ങൾ ഏതു രാഷ്ട്രീയ കക്ഷിയോടും പറയാൻ അവകാശമുണ്ട്. ആ അവകാശത്തെ ചോദ്യം ചെയ്യാൻ കഴിയുമോ? ആ അവകാശം അവർ നിർവഹിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് മറ്റൊന്നും പറയേണ്ടതില്ല. കേരളത്തിലെ ബിഷപ്പുമാർ വലിയ ഏതോ അപരാധം ചെയ്തുവെന്നുള്ള മട്ടിൽ, വളരെ പിന്തിരിപ്പൻമാരാണ് എന്നുള്ള മട്ടിൽ, അങ്ങനെ ഒരു പ്രസംഗം ഇവിടെ ബഹു. അംഗം ജോർജിനെപ്പോലെയുള്ളവർ നടത്തരുതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. മതമൗലികവാദികൾ എന്ന വാക്കാണ് അദ്ദേഹം ബിഷപ്പുമാരെക്കുറിച്ച് ഉപയോഗിച്ചത്. അതാണ് ഏറ്റവും ഗൗരവമായ കാര്യം. അത്തരം ഒരു പ്രയോഗം നടത്തുന്നത് ശരിയല്ല. ഞാൻ ചോദിക്കട്ടെ, അങ്ങയുടെ നേതാവ് ശ്രീ. പി.ജെ. ജോസഫിന്റെ അഭിപ്രായം ഈ കാര്യത്തിൽ എന്താണ്. കത്തോലിക്ക കോൺഗ്ര



LIBRARY ARCHIVES Kerala Legislative Assembly

സ്സിന്റെ ഫെഡറേഷൻ യോഗം വിളിച്ചുകൂട്ടി. എനിക്കും കത്തുകിട്ടി. ഞാൻ അതിൽ പങ്കെടുത്തില്ലെന്നുമാത്രമേയുള്ളൂ. കാരണം, പലർക്കും പങ്കെടുക്കാതിരിക്കാനും പങ്കെടുക്കാനുമുള്ള അവകാശമുണ്ട്. അതുകൊണ്ട് അവർ വിളിച്ചുകൂട്ടിയ യോഗത്തെ സംബന്ധിച്ച് അങ്ങനെ എതിരായി പറയുന്ന നിലപാട് ശരിയല്ല. ബഹു. പൂഞ്ഞാർ അംഗം വേറെയൊരു കാര്യം പറഞ്ഞതിന് മറുപടി പറയണ്ടേ? പൂഞ്ഞാർ അംഗം പറഞ്ഞത്, ജോസഫ് ഗ്രൂപ്പിനെ അടർത്തിയെടുക്കാൻ ജനാധിപത്യമുന്നണിക്കാർ എന്തോ ഒക്കെ ചെയ്യുന്നുവത്രെ. ഏതുപത്രത്തിലാണ് അങ്ങനെ ഒരു വാർത്ത വന്നത്? ഏതെങ്കിലും ഒരു പത്രത്തിൽ അപ്പുറത്തിരിക്കുന്നവർ അങ്ങനെ വായിച്ചോ? യു.ഡി.എഫ്.ലേയ്ക്ക് ജോസഫ് ഗ്രൂപ്പിനെ കൊണ്ടുവരാൻ യു.ഡി.എഫ്-ന്റെ നേതാക്കൾ ശ്രമിക്കുന്നുവെന്നുള്ള വാർത്ത ആരെങ്കിലും വായിച്ചോ? ഞങ്ങളാരും അങ്ങനെയൊരു വാർത്ത വായിച്ചില്ല. ശ്രീ. ജോർജിന്റെ പാർട്ടിയിൽ ഗൗരവത്തിൽ ആലോചന നടക്കുന്നു. അതിനെ എതിർക്കാൻ ശ്രീ. ജോർജ് ഒരു മുഴം മുൻപേ എറിഞ്ഞതാണ്. അതാണ് യാഥാർത്ഥ്യം. ജോസഫേ, ഔസേപ്പച്ചാ, അങ്ങനെയൊരു പരിപാടി വേണ്ട. ശ്രീ. ജോർജ് ഇടതുമുന്നണിയുടെ കൂടെത്തന്നെയാണ് എന്ന് അവർക്ക് ബോധ്യമായി. പക്ഷേ ഞാൻ ഒരു കാര്യം പറയട്ടെ. നമ്മുടെ അപ്പുറത്തിരിക്കുന്ന ധനകാര്യവകുപ്പുമന്ത്രിയും ശ്രീ. ടി.കെ. ഹംസയും പ്രസംഗിക്കുന്നുണ്ടല്ലോ. ഇവിടെ മുസ്ലീംലീഗിനെ കിട്ടാൻ ഇടതുമുന്നണി എന്തു വെപ്രാളമാണ് കാണിച്ചത്. കിട്ടുകയില്ല. കുറുക്കന് മുന്തിരിങ്ങ പുളിക്കും എന്നുവന്നപ്പോൾ ശ്രീ. നായനാർ പറഞ്ഞു, ഈ മുസ്ലീം ലീഗ് വർഗ്ഗീയപാർട്ടിയാണെന്ന്. അതല്ലേ യാഥാർത്ഥ്യം? മുസ്ലിം ലീഗിനെ ഇനി കിട്ടുകയില്ല എന്നുവന്നപ്പോൾ ശ്രീ. നായനാർ എടുത്തെറിഞ്ഞു. അതല്ലേ യാഥാർത്ഥ്യം? അങ്ങനെ നിങ്ങൾ അങ്ങോട്ട് പിടിക്കുന്നു. ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായവ്യത്യാസം, മുന്നണിയിൽ അഭിപ്രായവ്യത്യാസം. ഇവിടെ സി.പി.ഐ.ക്കാർ ഉണ്ടല്ലോ. ശ്രീ. ജയദേവനുണ്ട്. അദ്ദേഹം പ്രസംഗിക്കുമല്ലോ. അതുപോലെ ശ്രീ. കെ.പി. രാജേന്ദ്രനും. അദ്ദേഹവും എക്സിക്യൂട്ടീവ് മെമ്പർമാരാണ്. കാർഷികസർവകലാശാലയിലെ ..... സർ, രണ്ടുമിനിറ്റുണ്ടായിരുന്ന ശ്രീ. നാണുമാസ്റ്റർ 17 മിനിറ്റ് പ്രസംഗിച്ചു. പറഞ്ഞകാര്യം പറഞ്ഞുതീർത്തോട്ടേ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹു. അംഗം അവാസ്തവപ്രസ്താവനകൾ നടത്തരുത്.

<u>ശ്രീ. പി.ജെ. ജോയി</u> : ഞാൻ അങ്ങയെ ചോദ്യം ചെയ്യുകയല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഇവിടെ ശ്രീ. നാണുമാസ്റ്റർ 1.05 ന് പ്രസംഗം ആരംഭിച്ചു. 1.14-ന് അവസാനിപ്പിച്ചു. 9 മിനിറ്റ് അദ്ദേഹം എടുത്തത് ശരിയാണ്. അതിന് 27 മിനിറ്റ് സംസാരിച്ചു എന്നുപറയുന്നത് ശരിയല്ല.

<u>ശ്രീ. പി.ജെ. ജോയി</u> : ഞാൻ 27 മിനിറ്റെന്ന് പറഞ്ഞില്ല. ഞാൻ പറഞ്ഞ കാര്യം കാർഷിക സർവകലാശാലയിൽ പുതിയതായി പ്രോ-വൈസ്ചാൻസലറെ വച്ചു. പുതിയ നിയമനമാണ്. ആ പ്രോ-വൈസ്ചാൻസലറായ പത്തിയൂർ ഗോപിനാഥ് ഒരു കത്തെഴുതി. "ഞങ്ങൾ സി.പി.ഐ.ക്കാരെയൊക്കെ മാറ്റിയിട്ടുണ്ട്, അങ്ങു പറഞ്ഞതുപോലെ ഞങ്ങളൊക്കെ പ്രവർത്തിച്ചിട്ടുണ്ട്" എന്നുപറഞ്ഞ് എഴുതിയ ആ കത്ത് മലയാള മനോരമ ഫോട്ടോസ്റ്റാറ്റ് പബ്ലിഷ് ചെയ്തു. എന്താണ് ശ്രീ. ജയദേവന് അതിനെപ്പറ്റി പറയാനുള്ളത്? ശ്രീ. പിണറായി വിജയൻ കത്ത് അയച്ചത് എന്തിനാണ്? ശാസ്ത്ര സാഹിത്യ പരിഷത്തിൽ നിന്ന് പുറത്താക്കപ്പെട്ട ശ്രീ. പത്തിയൂർ ഗോപിനാഥിനെ അവിടെക്കൊണ്ട് നിർബന്ധപൂർവം വച്ചത് സി.പി.ഐ.ക്കാരെ പൊളിക്കാൻതന്നെയാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. സി.പി.ഐ.ക്കാർക്ക് ആ കാര്യത്തിൽ എന്തെങ്കിലും അഭിപ്രായം പറയാനുണ്ടോ? നിങ്ങളുടെ തലയ്ക്കുമുകളിൽ ഇരുന്ന് ഔദ്യോഗികമായ ലെറ്റർപാഡിൽ ഒരു രാഷ്ട്രീയ തീരുമാനം എഴുതി അയയ്ക്കുന്ന നിലയിലേയ്ക്ക് വരെ കാര്യങ്ങൾ എത്തിയിരിക്കുന്നു. വളരെ ഗുരുതരമായ സ്ഥിതിയാണ്. ഇവിടെ ബഹു. ആറ്റിങ്ങൽ മെമ്പർ പറഞ്ഞു, ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാൻ ഞങ്ങൾ തയ്യാറായില്ലെന്ന്. ശ്രീ. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാൻ ഞങ്ങളാണോ സമ്മതിക്കേണ്ടത്? പോളിറ്റ് ബ്യൂറോ ആദ്യം പറഞ്ഞു രാഷ്ട്രീയ വിഡ്ഢിത്തമായിപ്പോയെന്ന്. പോളിറ്റ് ബ്യൂറോ പിന്നെ കൂടി തീരുമാനിച്ചു, രാഷ്ട്രീയവിഡ്ഢിത്തമല്ല, ചെയ്തത് ശരിയാണെന്ന്. ഈ സന്ദർഭം വന്നപ്പോൾ പോളിറ്റ് ബ്യൂറോയല്ലേ തീരുമാനമെടുത്തത്. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കണ്ട എന്ന്. കോൺഗ്രസ്സ് പാർട്ടിയാണോ തീരുമാനമെടുത്തത്? അവിടെ ജ്യോതിബസു സംസ്ഥാനം വിട്ടുപോകേണ്ടാ എന്നുള്ളനിലയിൽ ശക്തമായ ഗ്രൂപ്പിന്റെ സമ്മർദ്ദത്തിൽ പോളിറ്റ് ബ്യൂറോ എടുത്ത തീരുമാനമാണ്. എന്നിട്ട് കോൺഗ്രസ്സിനെ കുറ്റം പറയുകയാണ്. ഞാൻ ബഹു. ആനത്തലവട്ടം ആനന്ദനോട് ചോദിക്കുകയാണ്. അദ്ദേഹം തിരുവനന്തപുരം ജില്ലക്കാരനാണല്ലോ. അദ്ദേഹത്തിന് കളിയിക്കാവിളയിൽ പോയി ഇതൊക്കെ പറയാൻ പറ്റുമോ? അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് കളിയിക്കാവിളയിൽ പോയി അദ്ദേഹം പ്രസംഗിക്കട്ടെ. രണ്ടു സീറ്റിനുവേണ്ടി തമിഴ്നാട്ടിൽപോയി കെഞ്ചിനടന്ന പാർട്ടിയല്ലേ മാർക്സിസ്റ്റ് പാർട്ടി? അവസാനം രണ്ടു സീറ്റു കിട്ടിയല്ലോ. അവിടെനിന്ന് പ്രസംഗിക്കുമല്ലോ. അവിടെ വ്യക്തമായി പ്രസംഗിക്കുമല്ലോ. അന്ന് സോണിയതന്നെ നേതാവ് എന്നു പറഞ്ഞു പ്രസംഗിക്കട്ടെ. എന്തിനാ പിന്നെ ഇവിടെ വന്നിരുന്ന് പ്രസംഗിക്കുന്നത്? ഇവിടെ വന്ന് ഇങ്ങനെ പ്രസംഗിക്കുക, കളിയിക്കാവിളയിൽ മറ്റൊന്ന് പ്രസംഗിക്കുക. ഏതായാലും ഞങ്ങൾക്ക് മറ്റൊന്നും വേണ്ട. ആ നിലയിൽ ഞങ്ങൾക്ക് പ്രസംഗിക്കേണ്ടി വരുകയില്ല. ബീഹാറിൽ ഒന്ന്, ആന്ധ്രായിൽ വേറൊന്ന്. ആ നിലയിൽ പ്രസംഗിക്കേണ്ട സ്ഥിതിവിശേഷം ഞങ്ങൾക്കില്ല. തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഇന്ന് ഈ കലാശക്കൊട്ടിന്റെ ദിവസമാണല്ലോ. അതുകൊണ്ടാണ് ഇന്ന് എല്ലാവരും ആ രംഗത്തേയ്ക്ക് കടന്നുവന്നത്. ഇവിടെ ബഹു. കുന്ദംകുളം അംഗം പറഞ്ഞു, മലർപ്പൊടിക്കാരിന്റെ ദിവാസ്വപ്നം പോലെ 'തിരിച്ചുവരും' എന്ന്. ഒന്നും തിരിച്ചുവരാൻ പോകുന്നില്ല. കോൺഗ്രസ്സ് തന്നെ ശക്തമായി തിരിച്ചുവരും. കോൺഗ്രസ്സിന് അതിനുള്ള കരുത്തുണ്ട്. കോൺഗ്രസ്സിൽനിന്നും ആരെങ്കിലും പോയാൽ കോൺഗ്രസ്സ് തകരുകയില്ല. കോൺഗ്രസ്സ് ശക്തിയായി നിലകൊള്ളും. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് ഇൻഡ്യാരാജ്യത്തുണ്ടാകാൻ പോകുന്ന തെരഞ്ഞെടുപ്പിന് ഒരുങ്ങി മുന്നോട്ടുപോകും. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. സി.എൻ. ജയദേവൻ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹു. പി.ജെ. ജോയി പ്രസംഗം ആരംഭിച്ചപ്പോൾ സൂചിപ്പിച്ചത് ഇന്ന് ഭരണപക്ഷം അധികവും രാഷ്ട്രീയമാണ് പറയുന്നതെന്നാണ്. എന്തുകൊണ്ട് ഈ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നില്ല എന്നദ്ദേഹം ചോദിച്ചു. ഏതാണ്ട് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ മുതൽ അവസാനം പ്രസംഗിച്ച ശ്രീ. പി.ജെ. ജോയി ഉൾപ്പെടെയുള്ളവർ പറഞ്ഞത് മിക്കവാറും രാഷ്ട്രീയം തന്നെയാണ്. ഒരുപക്ഷേ ഇപ്പുറത്തുനിന്ന് രാഷ്ട്രീയമായി ഏറ്റ അമ്പുകളെക്കൊണ്ടുള്ള മുറിവുകൾ സഹിക്കവയ്യാതായപ്പോഴായിരിക്കും ശ്രീ. ജോയി ഇനി രാഷ്ട്രീയം പറയരുത് എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിലക്കുമായി തുടങ്ങിയത്. ഈ ഉപധനാഭ്യർത്ഥനകളിലെ ചില വിഷയങ്ങളെക്കുറിച്ചുതന്നെ ഞാനും തുടങ്ങാം. നേരത്തേ ശ്രീമതി ലതാദേവി ഒരു ചോദ്യമായി ഉന്നയിച്ചതുപോലെ ഇതിൽ പ്രധാനമായും കൊണ്ടുവന്നിട്ടുള്ളതിൽ വരാൻപോകുന്ന ലോക്സഭാ തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയുള്ള പന്ത്രണ്ടരക്കോടി രൂപയും മുഖ്യമന്ത്രി രൂപീകരിച്ചിട്ടുള്ള അപകടമരണത്തിൽപ്പെടുന്ന ജവാൻമാരെ സഹായിക്കുന്നതിനുള്ള വെൽഫയർഫണ്ടും ഉൾപ്പെടെയുള്ള ധനാഭ്യർത്ഥനകൾ ഉണ്ട്. നിങ്ങൾ സൂചിപ്പിച്ചതുപോലെ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള അരിയേഴ്സ് ഉണ്ട്; വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും ഗവണ്മെന്റിനും ആവശ്യമായ കാർ വാങ്ങുന്നതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളും പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് രണ്ടുകോടി രൂപയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കുവേണ്ടിയും പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുവേണ്ടിയും പണം നീക്കിവച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെ സഹായിക്കുന്നതിനും ബീഡിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ത്രിതല പഞ്ചായത്ത് ഭരണസമിതികളുടെ പ്രവർത്തനങ്ങൾക്ക് പുതിയതായി ആവശ്യം വരുന്ന പദ്ധതികൾക്കുവേണ്ടിയുമായുള്ള പണം ഈ സപ്ളിമെന്ററി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഗവണ്മെന്റ് തുടർന്നുപോരുന്ന പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാനുള്ള ധനാഭ്യർത്ഥനയാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. ആ ധനാഭ്യർത്ഥനകളെയാണ് ഭരണകക്ഷി അംഗങ്ങൾ അനുകൂലിച്ചുകൊണ്ട് സംസാരിച്ചത്. ഇവിടെ ധാരാളം ചർച്ചയ്ക്ക് വിധേയമാക്കിയ രാഷ്ട്രീയം അതേ രൂപത്തിൽ ഞാൻ ആവർത്തിക്കുന്നില്ല. എങ്കിലും ബഹു. ജോയിയുടെ കോൺഗ്രസ്സ് വീണ്ടും തിരിച്ചുവരുന്നതിനെക്കുറിച്ചുള്ള ആത്മവിശ്വാസത്തോടുകൂടിയുള്ള പ്രഖ്യാപനം കേട്ടപ്പോൾ കഴിഞ്ഞ പൊതുഭരണത്തെക്കുറിച്ചുള്ള ധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട് ഞാൻ സംസാരിച്ച അതേ വാചകം ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. ഇൻഡ്യയിലെ കോൺഗ്രസിന്റെ നേതൃത്വത്തിന് ഇനിയും യാഥാർത്ഥ്യമെന്താണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പക്വതയില്ലാത്ത ഒരു നേതൃത്വമാണ് ഇപ്പോഴും കോൺഗ്രസ്സിനുള്ളത്. അതുകൊണ്ടുതന്നെയാണ് ഇനിയും ഒറ്റയ്ക്കുവരും, ഇനിയും ഞങ്ങൾ ഒറ്റയ്ക്കു ഭരിക്കാൻ പോകുന്നു എന്നുള്ള പ്രഖ്യാപനം കൂടെകൂടെ നടത്തിക്കൊണ്ടിരിക്കുന്നത്.

2 P.M.

ബഹു. പി.ജെ. ജോയി പറഞ്ഞത് ഇൻഡ്യയിലെ ജനാധിപത്യത്തെ സംരക്ഷിച്ചതും മതേതരത്വത്തെ നിലനിർത്തിയതും കോൺഗ്രസ്സ് ആണെന്നാണ്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസിന്റെ അധികാരം നിലനിന്നുപോകണമെങ്കിൽ ജനാധിപത്യവും മതേതരത്വവും വേണം. കോൺഗ്രസ്സിന്റെ അധികാരത്തിനു അപകടം സംഭവിക്കുന്നു എന്ന് തോന്നുന്നിടത്തെല്ലാം ജനാധിപത്യത്തെ കൊലചെയ്യാൻ, മതേതരത്വത്തെ തകർക്കുവാൻ ഇൻഡ്യയുടെ കഴിഞ്ഞ 52 വർഷത്തെ ചരിത്രത്തിൽ കോൺഗ്രസ്സ് ശ്രമിച്ചിട്ടുണ്ട്. 1957-ൽ ലോകത്തിൽ ആദ്യമായി ബാലറ്റിലൂടെ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ പിരിച്ചുവിട്ടപ്പോൾ ഒരു ജനാധിപത്യ ബോധവും കോൺഗ്രസ്സിനുണ്ടായില്ല. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനുപോലും ഉണ്ടായില്ല. കോൺഗ്രസ്സിന്റെ അധികാരം നിലനിന്നാൽ ജനാധിപത്യം എല്ലാം സുരക്ഷിതം! കോൺഗ്രസ്സിന്റെ അധികാരത്തിന് എന്തെങ്കിലും അപകടം സംഭവിച്ചാൽ അപ്പോൾ ജനാധിപത്യം സംരക്ഷണമെന്നുള്ള വിഷയം കോൺഗ്രസ്സിനില്ല! ഉടനെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ പിരിച്ചുവിട്ടു. പഞ്ചാബിൽ തുടർച്ചയായി

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിന് അധികാരം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായപ്പോൾ അവിടെ മതേതരത്വമൊന്നും പിന്നെ കോൺഗ്രസ്സിനു വേണ്ട. ഭിന്ദ്രൻവാല എന്ന വിഷസർപ്പത്തെ പാലൂട്ടി വളർത്തി സുവർണ്ണ ക്ഷേത്രത്തിൽ ഇരുത്തി പഞ്ചാബിൽ മുഴുവൻ കലാപം അഴിച്ചുവിടുന്നതിനു പിന്തുണ നല്കിയത് ശ്രീമതി ഇന്ദിരാഗാന്ധിയാണ്. അവിടെ കോൺഗ്രസ്സിനു മതേതരത്വമില്ല.

ശ്രീ. പി.സി. ജോർജ് : ബഹു. പി.ജെ. ജോയി പ്രസംഗിച്ചപ്പോൾ ഞാൻ പറഞ്ഞ ആശയത്തെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് പറഞ്ഞത്. അവസാനം വർഗ്ഗീയതയിലോടാണ് ബഹു. പി.ജെ. ജോയി സംസാരിച്ചു നിർത്തിയത്. അതിൽ മുതലെടുക്കുവാൻ ശ്രീ. പി.ജെ. ജോയി ശ്രമിക്കുകയാണ്. കാരണം, ബിഷപ്പ്മാരെ മതമൗലികവാദിയെന്ന് ശ്രീ. പി.സി. ജോർജ് വിളിച്ചു എന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അങ്ങനെ വിളിച്ചില്ല. മതമൗലികവാദികളുടെ ഭരണം ഉണ്ടാകണമെന്ന് ഞാൻ പറഞ്ഞു. പക്ഷെ ശ്രീ. പി.ജെ. ജോയി കൊണ്ടു വന്നത് എന്താണെന്ന് അറിയാമോ; ബിഷപ്മാരെ മതമൗലികവാദികൾ എന്നുവിളിച്ചു എന്നാണ്. ഞാൻ അങ്ങനെ വിളിച്ചിട്ടില്ല. ശ്രീ. സി.എൻ. ജയദേവന് മനസ്സിലായോ; ശ്രീ. പി.ജെ. ജോയിയുടെ പ്രസംഗത്തിൽ വർഗ്ഗീയത തന്നെ കൊണ്ടുവന്നിരിക്കുകയല്ലേ?

ശ്രീ. സി.എൻ. ജയദേവൻ : അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സിന്റെ അധികാരം സുരക്ഷിതത്വത്തിൽ നിൽക്കുമ്പോൾ അവർ മതേതരത്വത്തെക്കുറിച്ചു സംസാരിക്കും. കോൺഗ്രസ്സിന് അധികാരം നഷ്ടപ്പെടുമ്പോഴൊക്കെ ഏതെല്ലാം രൂപത്തിൽ വർഗ്ഗീയതയെ പ്രീണിപ്പിച്ചുകൊണ്ട് വീണ്ടും അധികാരത്തിലേയ്ക്ക് വരാൻ കഴിയുമോ എന്നുള്ള രീതിയിലുള്ള പരിശ്രമമാണ് ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഉള്ള കോൺഗ്രസ്സ് നടത്തിയിട്ടുള്ളത്. അതിന് ഉദാഹരണമാണ് പഞ്ചാബിനെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചത്-അവിടെ ഭിന്ദ്രൻവാലയെ വളർത്തിയതുമൊക്കെ. കേരളത്തിലും സ്ഥിതി അതുതന്നെയാണ്. അതുതന്നെയാണ് ഇവിടെ ബഹു. പി.സി. ജോർജ് സൂചിപ്പിച്ചത്. നേരത്തെ ശ്രീ. എൻ.ആർ. ബാലൻ പ്രസംഗിച്ചപ്പോൾ, കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ബഹു. കെ. കരുണാകരൻ തൃശ്ശൂരിൽ സ്ഥാനാർത്ഥിയായി വന്നപ്പോൾ ശ്രീ. കെ. കരുണാകരന് എതിരെ ആരോപണം ഉയർന്നുവന്ന സാഹചര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ "യേശുക്രിസ്തു സത്യസന്ധനായിരുന്നിട്ടുകൂടി കല്ലെറിഞ്ഞിട്ടുണ്ട്. സത്യസന്ധന്മാരെ കല്ലെറിഞ്ഞാലും ഭാവിയിൽ സത്യം എന്താണെന്ന് തെളിയു"മെന്നാണ് ശ്രീ. കെ. കരുണാകരനെ ഡിഫന്റ് ചെയ്തുകൊണ്ട് ബിഷപ്പ് തിരുമേനി പറഞ്ഞത്. ബഹുമാനപ്പെട്ട ജോയി, ശ്രീ. കെ. കരുണാകരൻ തോറ്റപ്പോൾ ആദ്യത്തെ അമിട്ടു പൊട്ടിയത് ബിഷപ്പ്ഹൗസിനു മുൻപിലാണ്. ഞങ്ങൾ ഉടനെ അങ്ങോട്ട് ഓടിയെത്തി.

ശ്രീ. പി.ജെ. ജോയി : മാർക്സിസ്റ്റുകാരാണ് പൊട്ടിച്ചത്.

ശ്രീ. സി.എൻ. ജയദേവൻ : മാർക്സിസ്റ്റുകാരല്ല പൊട്ടിച്ചത്. എൽ.ഡി.എഫ്. കാരാണ് അമിട്ടുപൊട്ടിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാരാണ് അമിട്ടുപൊട്ടിച്ചത്. ബിഷപ്ഹൗസിന് അടുത്ത് കിഴക്കേക്കോട്ടയുടെ പരിസരത്തുള്ള ക്രിസ്തീയ സഭയിൽ വിശ്വസിക്കുന്ന ആളുകളാണ് അമിട്ടു പൊട്ടിച്ചത്. ഞങ്ങൾ അങ്ങോട്ട് ഓടിച്ചെന്ന് പറഞ്ഞു അരുത്, ബിഷപ്ഹൗസിനുമുൻപിൽ പാടില്ലാ എന്ന്. അതു പറയുവാൻ പോയത് ഞാനുൾപ്പെടെയുള്ളവരാണ്. ഒല്ലൂർ തെരഞ്ഞെടുപ്പ് റിസൾട്ട് വന്ന് ഞാൻ ജയിച്ചുനില്ക്കുമ്പോഴാണ് ശ്രീ. കെ. കരുണാകരൻ തോറ്റതായി കേട്ടത്. അവിടെ അമിട്ടുപൊട്ടിക്കു

ന്നുവെന്നു കണ്ട് ഞങ്ങൾ അങ്ങോട്ട് ഓടിപ്പോയി അരുതേയെന്ന് പറഞ്ഞു. ഇവിടെവച്ച് പൊട്ടിയ്ക്കരുത് എന്നുപറഞ്ഞത് ഞങ്ങളാണ്. ഞങ്ങൾ സൂചിപ്പിച്ചത് നമ്മുടെ സംസ്ഥാനത്തുകൂടി അപകടകരമായി വളർന്നുവരാൻ സാധ്യതയുള്ള വർഗ്ഗീയതയുടെ സ്വഭാവത്തെക്കുറിച്ചാണ്. അതാണ്. ശ്രീ. പി.സി. ജോർജ് പറഞ്ഞത്. മതന്യൂനപക്ഷങ്ങളുടെ പേരിൽ വളർന്നുവരുന്ന വർഗ്ഗീയതയും അപകടമാണ്. യാതൊരു സംശയവുമില്ല. അതിൽ ഏതാണ് വലിയ അപകടം എന്നുചോദിച്ചാൽ ഞങ്ങൾ പറയും ഭൂരിപക്ഷ വർഗ്ഗീയതാണ് വലിയ അപകടമെന്ന്. ന്യൂനപക്ഷ വർഗ്ഗീയതയും അപകടം തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് ന്യൂനപക്ഷ വർഗ്ഗീയതയും അപകടകരമായി വളർന്നുവരുന്നതിനുള്ള സാധ്യതകളുണ്ടായി. അതിനെ സഹായിക്കുന്ന രൂപത്തിലുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ അതിനെ വിമർശിക്കണം. ഞാൻ ശ്രീ. പി. സി. ജോർജിന്റെ പ്രസംഗം കേട്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. പലപ്പോഴും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അങ്ങോട്ടും ഇങ്ങോട്ടുമുള്ള വഴക്കൊക്കെയാണ് കാണാറുള്ളത്. പക്ഷേ വളരെ ഗൗരവപൂർവ്വം, നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവന്ന ഒരു വിഷയം കുറച്ചു തന്റേടത്തോടുകൂടിത്തന്നെ ഇന്നദ്ദേഹം പറഞ്ഞു. കത്തോലിക്കാ സഭയേയും അതിന്റെ പേരിലുള്ള തിരുമേനിമാരെയും ഭയപ്പെടേണ്ട ആളല്ലല്ലോ അദ്ദേഹം. ആ ഭയലേശമില്ലാതെ തന്റേടത്തോടുകൂടി ഇത്തരം കാര്യങ്ങൾ പറയുമ്പോൾ, സത്യസന്ധമായി കേരളത്തിലെ രാഷ്ട്രീയരംഗം വീക്ഷിക്കണമെന്ന് ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഇത്തരം കാര്യങ്ങൾ മാർകിസ്റ്റുപാർട്ടിയുടെ ആളുകളോ ഞങ്ങളോ പറയുമ്പോൾ നിങ്ങൾ പറയും കമ്മ്യൂണിസ്റ്റുകാർ മതനിഷേധികളാണെന്ന്. ഈശ്വരവിശ്വാസം ഇല്ലാത്തവരാണെന്ന് പറയും. ഈശ്വരവിശ്വാസിയും മതവിശ്വാസിയുമായ ശ്രീ. പി.സി ജോർജ് അങ്ങനെ പറഞ്ഞപ്പോൾ അതു നിങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇവിടെ ഉയർന്നുവന്ന പ്രശ്നം അതാണ്. കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികളെ നിശ്ചയിക്കുമ്പോൾ കത്തോലിക്കാ സഭയുടെ ഇത്രപേരുണ്ടായിരിക്കണം, ഇന്നയിന്ന സീറ്റുകൾ; കത്തോലിക്കാ സഭയ്ക്കുകൂടി സ്വീകാര്യമായ സീറ്റുകളിൽ സഭയ്ക്ക് സ്വീകാര്യരായ സ്ഥാനാർത്ഥികളായിരിക്കണം എന്ന് ഒരു കത്തോലിക്കാ കോൺഗ്രസ് ചേർന്ന് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അതിനെ വിമർശിക്കേണ്ടത് ആവശ്യമാണ്, മതവിശ്വാസികളുടെയും ഈശ്വരവിശ്വാസികളുടെയും പ്രശ്നം അവിടെയില്ല; ഇന്ത്യയിലെ 99.9 ശതമാനം ആളുകളും ഈശ്വരവിശ്വാസികളാണ്. ഈശ്വര വിശ്വാസമില്ലാത്ത എന്നെപ്പോലുള്ള, ഒരു ശതമാനത്തിനു താഴെ വരുന്നവർ ഉണ്ടായിരിക്കാം. അതുകൊണ്ട് ഒരപകടവും ഉണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. ഈശ്വരവിശ്വാസമാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ മഹത്വമെന്ന് ഞാൻ കരുതുന്നില്ല. കടുത്ത ഈശ്വരവിശ്വാസികളായവർ അസൽ ബ്ലേഡ് കമ്പനികൾ നടത്തുന്നവരുണ്ട്. ബ്ലേഡ് കമ്പനിയ്ക്കകത്ത് സമസ്ത മതങ്ങളുടെ ദൈവങ്ങളുടെയും പടം ചില്ലിട്ടുവച്ച് മനുഷ്യന്റെ കഴുത്തറുക്കുന്ന പലിശ ഈടാക്കി കാലത്തും വൈകിട്ടും ഗുരുവായൂരമ്പലത്തിൽ പോയി തൊഴുതാൽ അവൻ വലിയ മഹാനാണെന്ന യാതൊരു ധാരണയും ഈശ്വരനിൽ വിശ്വസിക്കാത്ത എനിക്കില്ല. ഈശ്വരനിൽ വിശ്വാസമില്ല എന്ന് ഈ കേരളത്തിന്റെ ഏതു മുക്കിലും മൂലയിലും ചെന്ന് പരസ്യമായി പ്രഖ്യാപിക്കുവാൻ യാതൊരു ഭയവും ഞങ്ങൾക്കില്ല. അതുകൊണ്ടൊന്നും കേരളത്തിലെ ജനങ്ങൾ ഞങ്ങളെ കൈവിടുകയില്ല; അങ്ങനെയുള്ള ഭയം ഞങ്ങൾക്കില്ല. ഈശ്വരവിശ്വാസം നോക്കിയല്ല ആളുകൾ വോട്ട് ചെയ്യുന്നത്. മതത്തിലുള്ള വിശ്വാസം നോക്കിയിട്ടല്ല ആളുകൾ വോട്ട് ചെയ്യുന്നത്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ ശതമാനം, രണ്ടോ മൂന്നോ ശതമാനം ആളുകൾ മതത്തെയും ദൈവത്തെയും ഒക്കെ നോക്കി ചാഞ്ചാടുന്നവർ ഉണ്ടായിരിക്കാം. അവരെ വശത്താക്കാനുള്ള നാലാംകിട രാഷ്ട്രീയക്കളിയാണ് ചിലരുടെ മനസ്സിലുള്ളത്. അവരെ ഒഴിവാക്കണം. നാളെ വെള്ളാപ്പിള്ളി യോഗം വിളിച്ചാൽ ജയദേവനും രാജേന്ദ്രനുമൊക്കെ പോകണമല്ലോ ഈഴവ സമുദായത്തിൽപ്പെട്ടവരാണെന്നുള്ളതുകൊണ്ട് അങ്ങനെ പോകുന്നവരല്ല ഞങ്ങൾ. സമുദായത്തിന്റെ പേരിൽ യോഗങ്ങൾ വിളിച്ചുകൂട്ടിയാൽ ആ സമുദായത്തിന്റെ സ്വീകരണം ഏറ്റുവാങ്ങുവാൻ പോകുന്നവരല്ല ഞങ്ങൾ. ഞങ്ങൾ ജനങ്ങളുടെ പ്രതിനിധികളാണ്. നമ്മുടെ രാജ്യത്ത് ഒരു ലോകസഭാ തെരഞ്ഞെടുപ്പ് അടുത്തുവന്നിരിക്കെ, ആ തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ട് ഇത്തരം സങ്കുചിതമായ രാഷ്ട്രീയം കളിക്കുന്നവർക്കെതിരെ ശക്തമായി പോരാടുവാനും അതിനെ എതിർത്തു സംസാരിക്കുവാനും കോൺഗ്രസ്സ് ബഞ്ചിലുള്ളവരുൾപ്പെടെ തയ്യാറാകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. അതേ ഞങ്ങൾ പറയുന്നുള്ളൂ.

<u>ശ്രീ. പി.ജെ. ജോയി</u> : ബഹു മെമ്പർ പറഞ്ഞു. ദൈവവിശ്വാസം ഇല്ലെന്നു വളരെ ശക്തമായി പ്രസംഗിക്കുവാൻ അങ്ങ് തയ്യാറാണെന്ന്. മാർക്സിസ്റ്റ് പാർട്ടി മതങ്ങളുമായി അടുത്ത് ബന്ധപ്പെടണമെന്ന് ഒരു സർക്കുലർ ഇറക്കിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി.എൻ. ജയദേവൻ</u> : വിഷയം സർക്കുലറല്ല. ഞങ്ങളുടെ പാർട്ടിയുടെ നാഷണൽ കൗൺസിൽ പാർട്ടിക്കിടയിൽ ചർച്ചചെയ്യുവാൻവേണ്ടി ഇങ്ങനെ ഒരു രേഖ തയ്യാറാക്കിയിരുന്നു. ജനങ്ങൾ മഹാഭൂരിപക്ഷവും ആരാധിക്കുന്ന ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന ഉൽസവങ്ങൾ ജനങ്ങളുടെ ആഘോഷമാണ്. അതിനു കമ്മ്യൂണിസ്റ്റ് പാർട്ടിപ്രവർത്തകർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കണം. അതാണ് ആ സർക്കുലറിലുള്ളത്. ഈശ്വരനിൽ വിശ്വസിക്കുന്ന ഒരുവൻ ഗുരുവായൂരപ്പൻ പുലർകാലേ ആടയാഭരണങ്ങൾ നീക്കംചെയ്ത് വാകപ്പൊടി തേയ്ച്ചുകുളിക്കുവാൻ നിൽക്കുമ്പോൾ (വാകച്ചാർത്തുതൊഴുത് എന്നുപറയും) ''കൃഷ്ണാ ഗുരുവായൂരപ്പാ രക്ഷിക്കണേ; പുരനിറഞ്ഞുനിൽക്കുന്ന അഞ്ചു പെൺകുട്ടികളുണ്ട്, കെട്ടിച്ചയയ്ക്കുവാൻ വഴി കാട്ടിത്തരണേ'' എന്നു പ്രാർത്ഥിച്ചാൽ പ്രിയമുള്ളവരേ; കമ്മ്യൂണിസ്റ്റുകാർ അതിനെ എതിർക്കുകയില്ല. ദൈവത്തിന്റെ പേരിൽ അമ്പലമുറ്റത്ത് കവാത്ത് നടത്തി ദണ്ഡപ്രയോഗം പഠിച്ച് തെരുവിലിറങ്ങി രാഷ്ട്രീയം കളിക്കുവാൻ ഇറങ്ങുന്നതിനെയാണ് ഞങ്ങൾ വർഗ്ഗീയത എന്നുപറയുന്നത്. പള്ളിയ്ക്കകത്തുപോയി ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കണമേ, നന്മനിറഞ്ഞ മാതാവേ നിനക്ക് സ്വസ്തി, ആകാശത്തെപ്പോലെ ഭൂമിയിലും ആകണമേ, എന്ന് ക്രിസ്തീയ മതവിശ്വാസി പ്രാർത്ഥിച്ചാൽ ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ അതിനെ എതിർക്കില്ല. പക്ഷെ പള്ളിക്കകത്തിരിക്കുന്ന കുരിശ് എടുത്ത് കമ്മ്യൂണിസ്റ്റ് വിരുദ്ധവിമോചന സമരത്തിനിറങ്ങുമ്പോൾ ഞങ്ങൾ പറഞ്ഞു, പാതിരിയച്ചന്മാരേ, ഇത് അപകടമാണെന്ന്. സർ, മഹാനായ യേശുക്രിസ്തുവിനെ തറച്ചുകൊന്ന കുരിശ്, ആ കുരിശിന്റെ മുന്നിൽ നിന്നു പ്രാർത്ഥിക്കുന്ന നിങ്ങൾ കുരിശെടുത്ത് രാഷ്ട്രീയം കളിക്കാൻ വരരുതെന്നാണ് ഞങ്ങൾ പറഞ്ഞത്; അതാണ് ഞങ്ങളുടെ രാഷ്ട്രീയം. ഇസ്ലാംമതവിശ്വാസി പള്ളിയ്ക്കകത്തോ പുറത്തോ വച്ച് നിസ്ക്കരിച്ച് അള്ളാഹുവിനെ വിളിച്ച് പ്രാർത്ഥിച്ചാൽ സ്വന്തം മാനസിക പ്രയാസങ്ങൾ ഇറക്കിവയ്ക്കാനുള്ള അത്താണിയായി ദൈവത്തെ കാണുന്നുവെങ്കിൽ ഞങ്ങളാരും എതിരല്ല. പക്ഷേ ആ ദൈവത്തിന്റെ പേരിൽ രാഷ്ട്രീയം കളിക്കാൻ ഇറങ്ങിയാൽ ഞങ്ങൾ എതിരാണ്. അതിനെ രാഷ്ട്രീയവുമായി ബന്ധപ്പെടുത്തുന്നതിനെയാണ് ഞങ്ങൾ ഈ രാജ്യത്ത് അപകടമായി കാണുന്നത്. അതിനെ ചെറുക്കാൻ മതേതരശക്തികളെ യോജിപ്പിച്ചു നിർത്തുന്നതിൽ കോൺഗ്രസ്സിന് പങ്കുണ്ട്. അതാണ് ഞങ്ങളുടെ രാഷ്ട്രീയപ്രമേയം പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നത്. ആ പങ്കു നിർവ്വഹിക്കുന്നതിൽ കോൺഗ്രസ്സിന്റെ പക്വതയില്ലാത്ത നേതൃത്വം യാഥാർത്ഥ്യബോധത്തോടുകൂടി മുന്നോട്ടു നീങ്ങുന്നില്ല. അതാണ് ഞങ്ങളുടെ വിമർശനം. ആ പങ്കു നിർവ്വഹിക്കുന്നതിൽ കോൺഗ്രസ്സ് കാണിക്കേണ്ട യാഥാർത്ഥ്യബോധം ഇന്ന് കോൺഗ്രസ്സ് നേതൃത്വത്തിനില്ല. സോണിയാഗാന്ധി എന്ന നേതാവിനെ വ്യക്തിപരമായി പറയുകയല്ല. സോണിയാഗാന്ധിക്ക് പക്വതയില്ല. രാഷ്ട്രീയമെന്താണെന്ന് അവർക്കറിയില്ല. എന്തു നിലപാട് എടുക്കണമെന്ന് അറിയില്ല. അവരെ ഉപദേശിക്കുന്നവർ എഴുതിക്കൊടുക്കുന്ന കാര്യങ്ങൾ പറയുക, ഇന്ത്യയിലെ 90 കോടി ജനങ്ങളുടെ നേതാവായി നിൽക്കേണ്ട ഒരാൾ, അവർ, ഗൂഢസംഘത്തിന്റെ ഉപദേശങ്ങൾക്കനുസരിച്ച് പ്രസ്താവനകൾ നടത്തി, മതേതര ശക്തികളെ യോജിപ്പിച്ചുനിർത്തുകയെന്നുള്ള ഉത്തരവാദിത്വത്തിൽനിന്ന് കോൺഗ്രസ്സ് ഒഴിഞ്ഞുമാറിപ്പോകുകയും തങ്ങളൊറ്റയ്ക്ക് രാജ്യം ഭരിക്കുമെന്നുള്ള ദിവാസ്വപ്നവുമായി ഇനിയും നടക്കുകയും ചെയ്യുക - അങ്ങനെ ചെയ്യുന്നതാണ് അപകടമെന്നു ഞങ്ങൾ പറയുന്നത്. ഞങ്ങളും സ്വപ്നം കാണുന്നവരാണ്. ഒരുദാഹരണം ഞാൻ പറയാം, ലോകചരിത്രത്തിലേതാണ്. നിങ്ങൾക്ക് ഒരുപക്ഷേ ഇഷ്ടപ്പെട്ടെന്നു വരില്ല. ജർമ്മൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന Earnest Thaleman രണ്ടാം ലോക മഹായുദ്ധം നടക്കുമ്പോൾ ഹിറ്റ്ലർ അയാളെ പിടിച്ച് ഗുഹൻവാൾട്ട് ജയിലിൽ അടച്ചു. ഞാൻ ജർമ്മനിയിൽ പോയിട്ടുണ്ട്. അവിടെ ഒരു കൊല്ലം താമസിച്ചിട്ടുണ്ട്. ഗുഹൻവാൾട്ട് ജയിൽ സന്ദർശിച്ചിട്ടുണ്ട്. ഗുഹൻവാൾട്ട് ജയിലിൽ അദ്ദേഹത്തെ പിടിച്ചടച്ചു. അന്ന് രണ്ടാം ലോകമഹായുദ്ധം നടക്കുകയാണ്. സ്റ്റാലിൻഗ്രാഡിനടുത്ത് ജർമ്മനിയുടെ പട്ടാളം നിൽക്കുകയാണ്. 'റഷ്യൻ പട്ടാളം വീഴും, സ്റ്റാലിൻ അറസ്റ്റു ചെയ്യപ്പെടും' എന്നു കരുതുന്ന കാലത്തും കമ്മ്യൂണിസ്റ്റുകാരനായ Earnest Thaleman ജയിലിലിരുന്നു പറയുകയാണ്, 'കമ്മ്യൂണിസ്റ്റുകാർ ജയിക്കും യുദ്ധത്തിൽ റഷ്യ ജയിക്കു'മെന്ന്. ജർമ്മൻ നാസി പട്ടാളക്കാർ പരിഹസിച്ചുകൊണ്ട് ചോദിച്ചു, 'എടാ കമ്മ്യൂണിസ്റ്റേ, എടാ ബുദ്ദൂസേ, നിനക്ക് തലയ്ക്ക് വട്ടാണ്? ഞങ്ങൾ സ്റ്റാലിൻഗ്രാഡ് പിടിക്കാൻ പോകുകയാണ്, ഹിറ്റ്ലർ കൊടുക്കുന്ന ഏക ഉത്തരവ് "Arrest Stalin; Capture Mosco." എന്നുള്ളതാണ്. ആ പ്രഖ്യാപനം നടക്കുന്ന കാലത്ത് നീ ജയിലിലിരുന്ന് സ്വപ്നം കാണുന്നോ 'സ്റ്റാലിൻ ജയിക്കും, കമ്മ്യൂണിസ്റ്റുകാർ ജയിക്കും' എന്ന്. ലോക ചരിത്രത്തിൽ എന്തുണ്ടായി? Earnest Thaleman -ന്റെ സ്വപ്നത്തിൽ എന്തുണ്ടായി? രണ്ടാം ലോകമാഹായുദ്ധം അവസാനിക്കുന്ന ഘട്ടത്തിൽ ജർമ്മനിയുടെ പാർലമെന്റ് മന്ദിരമായ റേസ്റ്റാഗിന്റെ മുകളിൽ ഒരു സൈനികൻ കയറി ചെങ്കൊടി നാട്ടുമ്പോൾ, സോവിയറ്റു യൂണിയന്റെ പതാക നാട്ടുമ്പോൾ ഹിറ്റ്ലറും അദ്ദേഹത്തിന്റെ വെപ്പാട്ടിയും (അയാൾ വിവാഹം കഴിച്ചിട്ടില്ല) അയാളുടെ പട്ടിയും വിഷം കഴിച്ചു ചത്തു. Earnest Thaleman പറഞ്ഞതാണ്. "Stalin will break Hitlers neck." ശരിയാണ് ജോയീ, കമ്മ്യൂണിസ്റ്റുകാർ സ്വപ്നം കാണുന്നവരാണ്. ഇനിയും ഞങ്ങൾ സ്വപ്നം കാണും. ആ സ്വപ്നങ്ങൾ ഇനിയും വിജയിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ഞങ്ങൾ പിൻതുടർന്ന തത്വശാസ്ത്രം വഴികാട്ടിയായിട്ടുള്ള, ശാസ്ത്രീയമായ ഒന്നാണ്. അതിനെ കൊണ്ടുനടന്നവർക്ക് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു തിരുത്തി ഞങ്ങളുടെ പുതിയ തലമുറ മുന്നോട്ടുപോകുമെന്നു തന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. അപ്പുറത്തുനിന്നു സംസാരിച്ച എന്റെ മാന്യ സുഹൃത്ത് പി.ജെ. ജോയി പറഞ്ഞു. ഉപധനാഭ്യർത്ഥനകളെക്കുറിച്ച് ഭരണപക്ഷത്തുനിന്നും പ്രതിപാദിച്ചു കേട്ടില്ല എന്നും ഉപധനാഭ്യർത്ഥനകളാകെ ധൂർത്തിനു വേണ്ടിയുള്ളതാണെന്നും അതുകൊണ്ട് ഉപധനാഭ്യർത്ഥനകളെക്കു

LIBRARY ARCHIVES Kerala Legislative Assembly

റിച്ച് കാര്യമായി ഒന്നും പറയാനില്ലാത്തതുകൊണ്ട് രാഷ്ട്രീയം പറഞ്ഞതാണെന്നും ഉപധനാഭ്യർത്ഥനയുടെ സ്റ്റേറ്റ്മെന്റ് അദ്ദേഹത്തിന്റെ കയ്യിലുണ്ട്. അദ്ദേഹം ആ പുസ്തകം മറിച്ചുനോക്കിയിട്ടാണോ ഇത്തരമൊരു വിഡ്ഢിത്തം വഴിഞ്ഞൊഴുകുന്ന പ്രസ്താവന നടത്തിയതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഈ സ്റ്റേറ്റ്മെന്റിനകത്ത് 277.15 കോടി രൂപയുടെ ഉപധനാഭ്യർഥനകളാണ് സഭയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഏതാണ് ബഹുമാന്യനായ സുഹൃത്ത് കാണുന്ന ധൂർത്ത് എന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇതിൽ 150.56 കോടി രൂപ പൊതുമരാമത്തു പണികൾക്കുവേണ്ടി നീക്കി വയ്ക്കുകയാണ്. മരാമത്തുപ്രവർത്തനങ്ങൾക്കുവേണ്ടിയാണ്. വില്ലേജ് റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം നടത്തി കരാറുകാർക്ക് കൊടുക്കാൻവേണ്ടി 64 കോടി രൂപ നീക്കിവയ്ക്കുകയാണ്. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി ഒരു കോടി രൂപ നീക്കിവയ്ക്കുന്നു. നിങ്ങൾതന്നെ രാജ്യത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച തെരഞ്ഞെടുപ്പു ചെലവു നേരിടാൻവേണ്ടി 12 കോടി രൂപ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. തിരുവനന്തപുരം നഗരത്തെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷത്തോടും അഭിമാനത്തോടുംകൂടി പറയുകയാണ്. നഗരത്തിലെ റോഡുകളുടെ വികസനത്തിനായിട്ട് 5 കോടി രൂപ നീക്കിവയ്ക്കാൻ തയ്യാറായിട്ടുണ്ട്. യു.ഡി.എഫ്.കാരനായ ശ്രീ. ബി. വിജയകുമാറിന്റെ നിയോജകമണ്ഡലത്തിനകത്തുവരുന്ന കരമന കിള്ളിപ്പാലം റോഡിന്റെ വികസനത്തിനുവേണ്ടി 4.25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിനുവേണ്ടി 14.21 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നീതിസ്റ്റോറുകൾക്കുവേണ്ടി 5 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. മാവേലിസ്റ്റോറുകൾ എല്ലാ പഞ്ചായത്തിലും തുടങ്ങാനായിട്ട്, അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ 10 കോടി രൂപ കൊടുക്കാൻ ഇതിനകത്ത് നീക്കിവച്ചിട്ടുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : അതെന്തിനാണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പ്രാരംഭചെലവുകൾക്കുവേണ്ടിയാണ്. അത് ഇസ്ഹാക്ക് കുരിക്കൾക്ക് മനസ്സിലാകില്ല. അതു കുറച്ചു കഴിഞ്ഞ് മനസ്സിലാകും. ശ്രീ. ഇസ്ഹാക് കുരിക്കളുടെ മണ്ഡലത്തിലെ ബാക്കിയുള്ള പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ വന്നുകഴിയുമ്പോൾ എന്താണ് ചെലവെന്നു മനസ്സിലാകും. വില്ലേജ് റോഡുകളുടെ മെയിന്റനൻസിനുവേണ്ടി 21.84 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്.

ശ്രീ. എൻ.ആർ. ബാലൻ : സർ, ശ്രീ. ഇസ്ഹാക് കുരിക്കൾക്ക് മാവേലിസ്റ്റോറിനെക്കുറിച്ച് മനസ്സിലാകില്ല. അരിയുടെ മൊത്ത കച്ചവടത്തെക്കുറിച്ച് നന്നായിട്ടറിയാവുന്ന ആളാണ് അദ്ദേഹമെന്ന് അറിയാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ശ്രീ. ഇസ്ഹാക് കുരിക്കൾക്ക് വലിയ വലിയ കാര്യങ്ങളാണ് മനസ്സിലാകുന്നത്. പാവപ്പെട്ട് ആളുകൾ ക്യൂ നിൽക്കുന്ന മാവേലിസ്റ്റോറുകളെക്കുറിച്ച് മനസ്സിലാകുകയില്ല. ശ്രീ. ഇസ്ഹാക് കുരിക്കളെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതുകൊണ്ട് അക്കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. ശ്രീ. പി.ജെ. ജോയി ഇപ്പോഴവിടെയില്ല. ഇതിലേതാണ് ധൂർത്ത് എന്നെനിക്കറിയില്ല. ഞാൻ ഇപ്പോൾ വായിച്ച പല കാര്യങ്ങളിലും ഏതെങ്കിലുമൊന്ന് ധൂർത്ത് എന്നുള്ള നിലയിൽ ഉപധനാഭ്യർത്ഥനയിൽ ചൂണ്ടിക്കാണിക്കാനുണ്ടോ? നിങ്ങൾ ഇതിനെ എതിർക്കുകയാണോ? ഇതൊന്നും കൊടുക്കരുത് എന്നാണോ നിങ്ങൾ പറയുന്നത്? ഈ കാര്യങ്ങളൊന്നും



LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നടപ്പിലാക്കേണ്ട എന്നാണോ നിങ്ങളുടെ അഭിപ്രായം? യഥാർത്ഥത്തിൽ നിങ്ങൾ പറയുന്നത് എത്ര മോശമായിട്ടുള്ള ഒരു കാര്യമാണ്! ജനങ്ങളോട് ഒരുതരം യുദ്ധപ്രഖ്യാപനമല്ലേ നിങ്ങളുടെ ഈ വാദഗതിയിലൂടെ നിങ്ങൾ ഉയർത്തുന്നത്? ഇങ്ങനെ നിങ്ങൾക്കു പറയാമോ? അന്ധമായിട്ടുള്ള ഒരു വിരോധത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ സംസാരിക്കുന്നത് ശരിയാണോ? നിങ്ങൾ എവിടെയെത്തി എന്നുള്ളതിന്റെ സൂചനയല്ലേ ശ്രീ. പി.ജെ. ജോയി യുടെ പ്രസംഗം. ബഹു. പ്രതിപക്ഷനേതാവ് ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം പ്രസംഗിക്കുമോ എന്നെനിക്ക് അറിയില്ല. ശ്രീ. ജോയിയുടെ വാദഗതിയാണോ ശ്രീ. പി.സി. ജോർജ്ജിന്റെ പ്രസംഗത്തിന്റെ ഉള്ളടക്കത്തിലുള്ള വിഷയത്തെ സംബന്ധിച്ച് പ്രതിപക്ഷനേതാവിനുള്ളതെന്ന് അറിയാൻ നമുക്കു താൽപ്പര്യമുണ്ട്, ജനങ്ങൾക്ക് താൽപ്പര്യമുണ്ട്, സഭയ്ക്ക് താൽപ്പര്യമുണ്ട്. പ്രതിപക്ഷനേതാവ് ഈ കാര്യത്തിൽ എന്തു പറയുന്നു എന്നതാണ് അറിയേണ്ടത്. ശ്രീ. ജോയി എന്തെങ്കിലും പറയുന്നതിനെ സംബന്ധിച്ച് ഞങ്ങൾ ഗൗരവത്തോടു കൂടി എടുക്കുന്നില്ല. പ്രതിപക്ഷനേതാവിന്റെ അഭിപ്രായം ഈ കാര്യത്തിലെ ന്താണ്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായമാണോ? എനിക്കു തർക്കമില്ല. നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായമാണ് ശ്രീ. ജോയി ഇവിടെ പ്രഖ്യാപിച്ചതെങ്കിൽ നിങ്ങളുടെ പാർട്ടി ഈ രാജ്യത്ത് എത്തിനിൽക്കുന്ന ഏറ്റവും വിനാശകരമായിട്ടുള്ള, അപമാനകരമായിട്ടുള്ള, രാജ്യത്തെ നശിപ്പിക്കാനിടയാക്കുന്ന തരത്തിലുള്ള അവസ്ഥാന്തരത്തിന്റെ ഒരു സ്ഥിതിയാണ് ഇപ്പോൾ കാണുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായമെന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായം ഞങ്ങൾ പറയും, അതാണ് പറയാൻ പോകുന്നത്. ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായമാണ് പറയാൻ പോകുന്നത്. അല്ലാതെ നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായമാണോ ഞങ്ങൾ പറയുന്നത്? നിങ്ങളുടെ പാർട്ടി കഴിഞ്ഞ കാലഘട്ടങ്ങളിൽ സ്വീകരിച്ചിട്ടുള്ള നയത്തിന്റെ ഫലമായി നിങ്ങൾ എത്തിച്ചേർന്നിരിക്കുന്ന ഏറ്റവും വലിയ വിനാശകരമായ അവസ്ഥ, അതല്ലേ നടക്കുന്നത്? വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കാൻ, വർഗ്ഗീയതയെ പ്രീണിപ്പിക്കാൻ 10 വോട്ടു കിട്ടാൻ ഏതു നാറ്റം പിടിച്ച. നാണംകെട്ട കാര്യത്തിനും നിങ്ങൾ പോകുമെന്നുള്ളതിന്റെ സൂചനയല്ലേ ശ്രീ. ജോയിയുടെ പ്രസംഗത്തിൽ നിഴലിച്ചുകണ്ടത്. പുറത്തു പറയാൻ കൊള്ളാവുന്ന രാഷ്ട്രീയമല്ല നിങ്ങളിപ്പോൾ കൈകാര്യം ചെയ്യുന്നത്? അക്കാര്യം നിങ്ങൾക്ക് നന്നായിട്ടറിയാം. നാലാൾ കേൾക്കെ പറയാൻ കൊള്ളാവുന്ന കാര്യമല്ല നിങ്ങളിപ്പോൾ കൈകാര്യം ചെയ്യുന്നത്. അതാണ് ശ്രീ. ജോയി ഇവിടെ വാദിച്ചതെന്നും സ്ഥാപിക്കാൻ ശ്രമിച്ചതെന്നുമുള്ള കാര്യം നിങ്ങൾക്ക് നന്നായിട്ടറിയാം. പാർലമെന്റ് ഇലക്ഷൻ വരാൻ പോകുകയാണ്. പത്തു വോട്ടു കിട്ടണമെങ്കിൽ അരമനയുടെ പുറകേ നടക്കണം. അവരെ പ്രീണിപ്പിച്ചാൽ മാത്രമേ പത്തു വോട്ടു കിട്ടുകയുള്ളൂ. അല്ലാതെ ഈ രാജ്യത്ത് നിങ്ങൾ ചെയ്യുന്ന നല്ല പ്രവൃത്തി പറഞ്ഞുകൊണ്ട് നിങ്ങളുടെ പുറകെ ഒന്നും വരാൻ പോകുന്നില്ല എന്നുള്ളത് നിങ്ങൾക്കറിയാം. അതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങളിങ്ങനെ ചിന്തിക്കുന്നത്. ഞങ്ങളെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുള്ള കാര്യങ്ങൾ വളരെ വ്യക്തമാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുതന്നെ ഞങ്ങൾക്ക് ജനങ്ങളെ സമീപിക്കാൻ ഒരു വിഷമവുമില്ല. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ നടന്ന തെരഞ്ഞെടുപ്പുകൾ എടുത്തു പരിശോധിക്കുക. സാധാരണ ഗതിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രമെടുത്തു പരിശോധിച്ചുനോക്കിയാൽ ഭരണത്തിലിരിക്കുമ്പോൾ തെരഞ്ഞെടുപ്പു നടക്കുമ്പോൾ പലപ്പോഴും പരാജയപ്പെടുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ ..............................................

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അങ്കമാലി ഹോസ്പിറ്റലിൽ പോയി എന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാപ്പു പറഞ്ഞത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : എവിടെയെങ്കിലും ഒരു പിശകു സംഭവിച്ചാൽ, ഞങ്ങളുടെ പാർട്ടിയുടെ പ്രവർത്തകൻമാർക്ക് പിശകു സംഭവിച്ചാൽ മുഖ്യമന്ത്രി പോയി മാപ്പു പറയും. അതാണു ഞങ്ങളുടെ മാന്യത. അത് അഹങ്കാരമായിട്ട് ഞങ്ങൾ കാണുന്നില്ല. ബഹു.മുഖ്യമന്ത്രി മാപ്പുപറഞ്ഞുവെങ്കിൽ അതു ശരിയാണ്. അതു ഞങ്ങൾ ന്യായീകരിക്കുകയാണ്. അതിൽ യാതൊരു സംശയവും നിങ്ങൾക്കു വേണ്ട. നിങ്ങൾ മനസ്സിലാക്കേണ്ടത് കഴിഞ്ഞ 38 മാസക്കാലത്തിനിടയിൽ നമ്മുടെ സംസ്ഥാനത്ത് ............................ (ബഹളം) ............................ ഞാൻ പറയുന്നത് കേൾക്കുമ്പോൾ നിങ്ങൾക്ക് വലിയ വിഷമം വരും, വലിയ പ്രയാസം വരും. കഴിഞ്ഞ 6 ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ മുന്നണിക്കുണ്ടായ വിജയമെന്താണ്? നിങ്ങളുടെ 5 വർഷക്കാലത്തെ ഭരണത്തിനിടയിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ഏതെങ്കിലും നിങ്ങൾ വിജയിച്ചിട്ടുണ്ടോ? ഞങ്ങളുടെ മൂന്നുവർഷക്കാലത്തിനിടയിൽ നടന്ന തലശ്ശേരി, പുനലൂർ, മാള, വൈക്കം, ചാത്തന്നൂർ, എറണാകുളം എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പുകളെല്ലാം ഞങ്ങൾ വിജയിച്ചില്ലേ? ഈ മൂന്നു വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തനങ്ങൾ ജനങ്ങളുടെയിടയിൽ മാറ്റുരച്ചുനോക്കിക്കൊണ്ടുതന്നെയാണ് ഞങ്ങൾ വിജയിച്ചത്. ജനങ്ങളോട് അത് പറഞ്ഞുകൊണ്ടുതന്നെയാണ് ഞങ്ങൾ വോട്ടുചോദിച്ചത്. അതിന്റെ അടിസ്ഥാനത്തിൽതന്നെയാണ് ജനങ്ങൾ വോട്ടുചെയ്തത്. എറണാകുളത്തുപോലും ഞങ്ങൾ വിജയിക്കാനിടയായത് അതിന്റെ അടിസ്ഥാനത്തിലാണ്. അത് നിങ്ങൾ മനസ്സിലാക്കണം. 1000 കോടി രൂപയുടെ കടമല്ലേ നിങ്ങൾ ഈ സംസ്ഥാനത്തിന് സമ്മാനിച്ചിട്ട് ഇറങ്ങിപ്പോയത്? നിങ്ങൾ ഇറങ്ങിപ്പോകുമ്പോഴുള്ള സ്ഥിതി എന്തായിരുന്നു? മിക്കവാറും ട്രഷറി അടഞ്ഞുകിടക്കുകയായിരുന്നില്ലേ? കടുത്ത സാമ്പത്തിക പ്രതിസന്ധി ആയിരുന്നില്ലേ? നിങ്ങളുടെ 5 വർഷക്കാലത്തെ ഭരണത്തിന്റെ മെച്ചത്തെക്കുറിച്ച് ഞാനിവിടെ പറയണ്ട, അഴിമതിയായിരുന്നു. 5 വർഷക്കാലവും അഴിമതിയിൽ മുങ്ങിക്കുളിക്കുകയായിരുന്നില്ലേ? ഞാൻ വിശദീകരിക്കുന്നില്ല, പാമോയിൽ, എക്സൈസ് ഗാർഡ് നിയമനം, കുരിയാർകുറ്റി കാരപ്പാറ, ഗ്രാഫൈറ്റ് ഇതെല്ലാം കോടികളുടെ അഴിമതിയായിരുന്നില്ലേ? നിങ്ങൾ ഈ രാജ്യത്തെ നശിപ്പിച്ചില്ലേ? മതസൗഹാർദ്ദം ചവുട്ടി മെതിച്ചില്ലേ? ശിവഗിരി സംഭവം നിങ്ങളോട് ഇവിടെ വിശദീകരിക്കേണ്ട ആവശ്യമുണ്ടോ? നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് താൽപ്പര്യമുണ്ടായിരുന്നോ? വൈദ്യുതിയുടെ കാര്യം എന്തായിരുന്നു? നശിപ്പിക്കുകയായിരുന്നില്ലേ? നിങ്ങൾ 5 വർഷത്തിൽ 17 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. ഞങ്ങളിപ്പോൾ 537 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുകയായിരുന്നില്ലേ നിങ്ങൾ ചെയ്തത്? വ്യാവസായിക മേഖലയിലാകെ മരവിപ്പായിരുന്നില്ലേ നിങ്ങളുടെ 5 വർഷക്കാലത്തെ ഭരണം കൊണ്ടുണ്ടായിരുന്നത്? ക്രമസമാധാനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ക്രമസമാധാനത്തെക്കുറിച്ച് നിങ്ങൾക്ക് ഇപ്പോൾ എന്താണ് പറയാനുള്ളത്? ഒന്നും പറയാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് പൂന്തുറ സംഭവം, വിഴിഞ്ഞം കലാപം, പോലീസ് വെടിവയ്പ്പ് .............................. (ബഹളം) .................................. ഈ രാജ്യത്ത് കുറ്റവാളികളെ, അധോലോക നായകൻമാരെ, ഈ സംസ്ഥാന നഗരിയിൽ സൃഷ്ടിച്ചതും അവർക്ക് പൊളിറ്റിക്കൽ പേട്രണേജ് നൽകിയതും കഴിഞ്ഞ 5 വർഷക്കാലത്തെ യു.ഡി.എഫ്. ഭരണമായിരുന്നു എന്നുള്ളത് തലസ്ഥാന നഗരിയിലെ മുഴുവൻ ആളുകൾക്കും അറിയാം. നിങ്ങളെ ഞാൻ ആ കാര്യത്തിൽ വെല്ലുവിളിക്കുകയാണ്. നിങ്ങളുടെ നേതാക്കൻമാർ നിങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നഗരത്തിലെ സാമൂഹ്യവിരുദ്ധൻമാരേയും കൂലിത്തല്ലുകാരെയും സംരക്ഷിച്ചതിന്റെ പരിണതഫലമാണ് ഇന്ന് ഈ തലസ്ഥാനനഗരം നേരിടുന്നത്. എല്ലാം എണ്ണിയെണ്ണി പറഞ്ഞുതരാൻ ഞാൻ തയ്യാറാണ്. അത് ഒരു ദിവസക്കാലം കൊണ്ടുണ്ടായതല്ല, നിങ്ങൾ എന്നെക്കൊണ്ട് അതൊന്നും പറയിപ്പിക്കണ്ട. നിങ്ങളുടെ ഭരണകാലത്ത് ............................ (ബഹളം) ...................... ഞാൻ ജനങ്ങളുടെ ഗാംഗിന്റെ നേതാവാണ്. കൂലിത്തല്ലുകാരുടെ തല്ല, അതൊക്കെ നിങ്ങളുടെ നേതാക്കൻമാരാണ്. ................................ (ബഹളം) ......................................... എന്നെക്കൊണ്ട് പേരു പറയിപ്പിക്കണ്ട ......................... (ബഹളം) ............................ നിങ്ങൾക്ക് വല്ലാത്ത വിഷമം തോന്നും, അത് സ്വാഭാവികമാണ്. നിങ്ങളുടെ 5 വർഷക്കാലത്തെ ക്രമസമാധാനത്തെക്കുറിച്ച് എന്താണ് പറയുന്നത്? പൂന്തുറ കലാപം, പോലീസ് വെടിവയ്പ്പിൽ എത്രപേരാണ് മരിച്ചത്? അരക്ഷിത സംസ്ഥാനമെന്നുള്ള നിലയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മുദ്രകുത്തപ്പെട്ടില്ലേ അന്നത്തെ 5 വർഷക്കാലത്തിനിടയിൽ? നിങ്ങളുടെ 5 വർഷക്കാലത്തിനിടയിൽ വർഗ്ഗീയകലാപത്തിൽ 40 പേർ മരിച്ചു. പോലീസ് വെടിവയ്പ്പിൽ 18 പേർ മരിച്ചു. ഈ മൂന്നുവർഷക്കാലത്ത് ഇതുവല്ലതും ഉണ്ടായിട്ടുണ്ടോ? അതെല്ലാം ഉണ്ടാകാത്തതിൽ നിങ്ങൾക്ക് സങ്കടം കാണും, വലിയ പ്രയാസമായിരിക്കും. കഴിഞ്ഞ മൂന്നുവർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് ഇന്ന് സ്വസ്ഥതയുടെ ദിനങ്ങളാണ്. നിങ്ങൾ എന്തെല്ലാം പറഞ്ഞാലും ശരി ശിവഗിരിയിൽ സമാധാനം പുനഃസ്ഥാപിച്ചില്ലേ? കുഴപ്പമുണ്ടാക്കാൻ നിങ്ങൾ നോക്കിയിട്ട് നടന്നോ? അവിടെ സമാധാനമാണ്, ഇപ്പോൾ വേറെ പ്രശ്നമൊന്നുമില്ല. വൈക്കത്ത്, ടി.വി. പുരത്ത്, മാരാമൺ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കുഴപ്പമുണ്ടാക്കാനുള്ള പദ്ധതികൾ നിങ്ങളടക്കം ആവിഷ്കരിച്ചില്ലേ? അതെല്ലാം അവസാനിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ? ശാന്തമായിട്ടുള്ള ഒരു സാമൂഹ്യജീവിതം ഇന്ന് ഈ സംസ്ഥാനത്തിന്റെ മുഖമുദ്രയാണെന്നുപറയുമ്പോൾ നിങ്ങൾ മനോവേദനപ്പെട്ടിട്ട് കാര്യമില്ല. കുറ്റകൃത്യങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല, കുറ്റകൃത്യങ്ങൾ കർശനമായ നടപടികളിലൂടെ തെളിയിക്കുമെന്ന വിശ്വാസം നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടാക്കിയെടുക്കാൻ കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഫലപ്രദമായ ധനമാനേജുമെന്റ് ഈ സംസ്ഥാനത്തുണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നുള്ളത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുന്നതാണോ? നിങ്ങളുടെ കാലത്ത് ഒറ്റ ദിവസംപോലും ട്രഷറി തുറന്നുകണ്ട അവസ്ഥയുണ്ടായിരുന്നില്ല, രാത്രിയും പകലും പൂട്ടിക്കിടക്കുകയായിരുന്നു. ട്രഷറി പ്രവർത്തിച്ചിരുന്നില്ല. ഇപ്പോൾ ആയിരം കോടി രൂപയിലധികം സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണയിനത്തിൽ കൊടുത്ത ഗവൺമെന്റാണിത്. നിങ്ങൾ പോയി അവരോട് ഈ ഗവൺമെന്റിനെതിരായി പറഞ്ഞാൽ ഏൽക്കുമോ? സർക്കാർ ജീവനക്കാരെയെല്ലാം ഇളക്കിവിട്ട് സമരം ചെയ്യാൻ നിങ്ങൾ ശ്രമിച്ചില്ലേ? എന്നിട്ട് ഏതെങ്കിലും സർക്കാർ ഓഫീസുകൾ അങ്ങനെ ഇളകിയോ? രാഷ്ട്രീയക്കാരുടെ സമരം രണ്ടുദിവസംകൊണ്ട് അവസാനിച്ചില്ലേ? സംസ്ഥാനത്തെ സർക്കാർ ജീവനക്കാരെയൊന്നും നിങ്ങൾ വിചാരിച്ചാൽ ഇളക്കിവിടാൻ പറ്റില്ല. അവരുടെ ശമ്പളപരിഷ്ക്കരണം അവരാഗ്രഹിച്ചതിനേക്കാൾ കൂടുതൽ കൊടുത്തുകൊണ്ട് നടപ്പിലാക്കിയ ഒരു ഗവൺമെന്റാണിത്. തൊഴിലാളികളുടെ വേതനം ഈ ഗവൺമെന്റ് വർദ്ധിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചില്ലേ? പുതിയ നിയമനത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഒരു ലക്ഷത്തില ധികംപേർക്ക് നിയമനം കൊടുക്കാൻ ഈ ഗവൺമെന്റിന് മൂന്നുവർഷക്കാല ത്തിനിടയ്ക്ക് കഴിഞ്ഞില്ലേ? യു.ഡി.എഫ്. അടച്ചുപൂട്ടിയ പല സ്ഥലങ്ങളും തുറന്നുപ്രവർത്തിപ്പിച്ചു. കേരളാ സോപ്സ് ആന്റ് ഓയിൽസ്, പുനലൂർ പ്ളൈവുഡ്സ്, വൈറ്റമിൻ പ്ലാന്റ് തുടങ്ങിയ പലതും തുറന്നുപ്രവർത്തിപ്പി ക്കാൻ കഴിഞ്ഞു. നിങ്ങളുടെ കാലത്തുണ്ടായിരുന്ന മന്ത്രിമാരുടെ സ്ഥിതി ഇവിടെ പറയേണ്ട കാര്യമുണ്ടോ? എല്ലാവരും ജാമ്യമെടുത്ത് ജയിലിലാകാ നുള്ള തയ്യാറെടുപ്പിൽ നിൽക്കുകയല്ലേ? ഒരു മന്ത്രി ശിക്ഷിക്കപ്പെട്ടു നിൽക്കുക യാണ്. ബ്രഹ്മപുരം കേസ്സിൽ മറ്റൊരു മന്ത്രി കമ്മീഷൻ കുറ്റപ്പെടുത്തുന്ന അവ സ്ഥയിലാണ്. കുരിയാർകുറ്റി കേസ്സിൽ മറ്റൊരുമന്ത്രി ജാമ്യമെടുത്തു നിൽക്കു കയാണ്. അഴിമതിക്കാരായിട്ടുള്ള ഒരുപറ്റം മന്ത്രിമാരുടെ കൂടാരമായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് എന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. സ്വാഭാവികമായും ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് നിങ്ങൾക്ക് അങ്കലാപ്പും പരിഭ്രാന്തിയുമുണ്ടാകും. അതിൽ ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. അതു കൊണ്ട് ആ പരിഭ്രാന്തിയിൽനിന്നും ഉടലെടുക്കുന്നതായ ഒരു മനോവ്യാപാരം സ്വാഭാവികമായും നിങ്ങൾ പ്രകടിപ്പിക്കാനുള്ള സാധ്യതയുണ്ട്. അല്ലാതെ നിങ്ങൾക്ക് ഈ ഗവൺമെന്റിനെക്കുറിച്ച് എന്താണ് കുറ്റം പറയാനുള്ളത്? ഇന്നലെയും മിനിഞ്ഞാന്നും നടന്നിട്ടുള്ള സംഭവങ്ങളല്ലാതെ വേറെ എന്തെ ങ്കിലും നിങ്ങൾക്ക് പറയാനുണ്ടോ? നിങ്ങൾ അടിയന്തിരപ്രമേയം തന്നെ അവ തരിപ്പിക്കാനുള്ള വിഷയം കിട്ടാതെ വേറെ വിഷയങ്ങൾ അന്വേഷിച്ച് നടക്കുക യാണ്. ഏതോ സ്കൂളിൽ കുട്ടികൾ തമ്മിൽ നടന്നിട്ടുള്ള വഴക്കാണ് ഇന്നത്തെ അടിയന്തിരപ്രമേയത്തിന് ആധാരമാക്കിയിട്ടുള്ളത്. അത് അടിയന്തിരപ്രമേയ മായില്ലെന്നുമാത്രമേയുള്ളു. സ്കൂളിൽ കുട്ടികൾ തമ്മിൽ അടികൂടുന്നതും അച്ഛനുമമ്മയും മക്കളുമായി വഴക്കുണ്ടാക്കുന്നതുമൊക്കെയാണ് നിങ്ങൾ അടി യന്തിരപ്രമേയമെന്നുപറഞ്ഞ് കൊണ്ടുവരുന്നത്. അല്ലാതെ വേറെ കാര്യ മൊന്നും നിങ്ങൾക്കില്ല. യഥാർത്ഥത്തിൽ ഒന്നും പറയാനില്ലാത്ത സ്ഥിതിയു ണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ മൂന്നുവർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനംതന്നെ വരുന്ന തെരഞ്ഞെ ടുപ്പിൽ ഒരു വിഷയമാക്കാമോ എന്നുള്ള ഒരു ചോദ്യത്തിനു മറുപടിയായി ട്ടാണ് ഞാൻ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ തയ്യാറായിട്ടുള്ളത്. വിഷയ മാക്കിക്കൊണ്ടുതന്നെ നമുക്ക് ജനങ്ങളുടെ ഇടയിലേയ്ക്ക് പോകാം. ജനങ്ങൾ നിഷ്കരുണം നിങ്ങളെ തള്ളിക്കളയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനങ്ങൾ നിങ്ങളുടെ ഈ നിലപാടെല്ലാം കണ്ടുകൊണ്ടിരിക്കു കയാണ്. വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല നിങ്ങൾ വർഗ്ഗീയ ഫാസിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയാണ്. കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തെയും ഇടതുപക്ഷ പ്രസ്ഥാനത്തെയും പുരോഗ മനപ്രസ്ഥാനത്തെയും എതിർക്കാനായി ആരുമായും കൂട്ടുപിടിക്കുക എന്നുപറ യുന്ന, ആരുടെ തോളിലും കൈയിടുക എന്നുപറയുന്ന, ആരെയും കൊണ്ടു നടക്കുക എന്നുപറയുന്ന ആരെയും പിന്തുണയ്ക്കുക എന്നുപറയുന്ന, നില പാട് നിങ്ങൾ സ്വീകരിക്കുകയാണ്. അത് യഥാർത്ഥത്തിൽ നമ്മുടെ രാജ്യ ത്തിന് ആപൽക്കരമാണ്. കോൺഗ്രസ്സിന് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിട ത്തോളം ബി.ജെ.പി. ഉയർത്തുന്ന വെല്ലുവിളിയെ നേരിടാനാവില്ല. കോൺഗ്രസ്സ് (എ) ക്കുമാത്രമായി അധികാരത്തിൽ വരാൻ സാധിക്കുമെന്നുള്ള അവരുടെ അവകാശവാദം ശുദ്ധ അസംബന്ധമാണ്. കോൺഗ്രസ്സിനുമാത്ര മായി ഇന്ത്യാരാജ്യത്ത് അധികാരത്തിൽ വരാൻ കഴിയുമെന്നാണോ? ഏതു സംസ്ഥാനത്തിലാണ് നിങ്ങളിങ്ങനെ കയറിവരാൻ പോകുന്നത്? ഒരു സംസ്ഥാനം മാത്രമല്ലേ നിങ്ങൾക്കങ്ങനെ ഉണ്ടായിരുന്നുള്ളു. മാഹാരാഷ്ട്ര? അതും നിങ്ങളുടെ കൈയിൽനിന്നും പോയില്ലേ? യു.പി.യിലെ കാര്യം ഇവിടെ പറഞ്ഞല്ലോ, ബീഹാറിലെ കാര്യം പറഞ്ഞില്ലേ? മധ്യപ്രദേശിന്റെയും ഒറീസ്സയു

LIBRARY ARCHIVES Kerala Legislative Assembly

ടെയും കാര്യം ഇപ്പോൾ പറയേണ്ടതുണ്ടോ? അവിടെയല്ലേ ന്യൂനപക്ഷങ്ങളെ വേട്ടയാടുന്നത്? അവിടെ ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കുമെന്ന് കരുതുന്നുണ്ടോ? ഏതു സംസ്ഥാനത്താണ് നിങ്ങൾക്കിങ്ങനെ പടലയോടുകൂടി ആളുകളെയുംകൊണ്ട് ഡെൽഹിയിലേയ്ക്ക് വരാൻ കഴിയുമെന്ന് തോന്നുന്നത്? മധ്യപ്രദേശ് ആയിരുന്നാലും ഒറീസ്സ ആയിരുന്നാലും നിങ്ങളുടെ സ്ഥിതി എന്നുപറയുന്നത്- അവിടെ വർഗ്ഗീയഭ്രാന്തന്മാരെ തളയ്ക്കാനുള്ള നടപടി സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? അവിടെ വർഗ്ഗീയഭ്രാന്തൻമാർ അഴിഞ്ഞാട്ടം നടത്തുകയല്ലേ? നിങ്ങളുടെ ഗവൺമെന്റിന് അവിടെ എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ? ഒന്നും കഴിയുന്നില്ലല്ലോ. വർഗ്ഗീയതയ്ക്കെതിരായി ഒരുറച്ച നിലപാട് സ്വീകരിക്കാനാവില്ലെന്നുള്ളതാണ് കോൺഗ്രസ്സ് (ഐ) യുടെ മുഖ്യ ദൗർബല്യം. വർഗ്ഗീയതയ്ക്കെതിരെയുള്ള ഉറച്ച നിലപാട് സ്വീകരിക്കാൻ പല കാരണങ്ങളാൽ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾ ഒരു ദേശീയ പാർട്ടിയെന്നുള്ള നിലയിൽ 100 വർഷക്കാലത്തിലധികം പഴക്കമുള്ള ഒരു പ്രസ്ഥാനമെന്നുള്ള നിലയിൽ, വർഗ്ഗീയതയെ ഒരു രാഷ്ട്രീയപ്രസ്ഥാനമെന്നുള്ള നിലയിൽ ശക്തിയായി വർഗ്ഗീയതയെ എതിർത്തുകൊണ്ട് മുന്നോട്ടുവരാൻ തയ്യാറാകണം. ഏതാനും വോട്ടുകൾക്കുള്ള കസർത്തുകൾ ഈ രാഷ്ട്രീയ രംഗത്ത് സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകരുത്. ആർ.എസ്.എസ്.ന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിനെതിരെ ജനങ്ങളെ അണിനിരത്താൻ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും യാതൊരു നീക്കവും നടക്കുന്നില്ല. അവർ ആർ.എസ്.എസ്.നെ പ്രോത്സാഹിപ്പിക്കുകയാണ്. ഈ രണ്ടു വർഗ്ഗീയതയെയും അവർ തഴുകുന്നതായിട്ടുള്ള സമീപനമാണുള്ളത്. അതാണ് രാജ്യത്തിന് ആപൽക്കരമായ ഒരു സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത്. ഇതിനെതിരെ നമ്മുടെ രാജ്യത്തെ മതേതര ജനാധിപത്യ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു നിലപാടാണ് ഇന്ന് അത്യന്താപേക്ഷിതമായിട്ടുള്ളത്. സ്വാഭാവികമായും ആ നിലപാട് സുവ്യക്തമാക്കുന്ന ഒരു തെരഞ്ഞെടുപ്പായിരിക്കും ഇതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ രാജ്യത്തെ ജനങ്ങൾ രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടിത്തന്നെ മതേതരശക്തികളെ പിന്തുണയ്ക്കുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് എനിക്ക് സംശയമില്ല. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്നുവർഷക്കാലമായി എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ നടപടികൾക്ക് തുടർച്ചയായി വിനിയോഗിക്കാൻ ആവശ്യമായിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ സന്തോഷപൂരസരം പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്. പ്രശ്നസങ്കീർണ്ണമായ ഒരു സാമ്പത്തിക സാഹചര്യത്തിലൂടെ മുന്നോട്ട് പോകുന്ന നമ്മുടെ സംസ്ഥാനത്തെ കരകയറ്റുവാൻ ബഹു. മന്ത്രി ശ്രീ. ടി. ശിവദാസമേനോനു കഴിഞ്ഞിട്ടില്ലെന്നാണ് ഈ സപ്ലിമെന്ററി ഡിമാന്റിലൂടെ തെളിഞ്ഞിരിക്കുന്നത്. ഇദ്ദേഹം ധനകാര്യ വകുപ്പിന്റെ ചുമതലയേൽക്കുന്നതിനുമുമ്പ് നമ്മുടെ കടബാദ്ധ്യതകൾ എത്രയായിരുന്നു, ഇന്ന് എത്രയാണ് എന്നു നമ്മൾ പരിശോധിക്കണം. ഇപ്പോൾ 16,670 കോടി രൂപയിലധികമായി നമ്മുടെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നുപോലും കടമെടുത്താണ് മുന്നോട്ടു പോകുന്നത്. കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്നും സർവ്വീസ് ബാങ്കുകളിൽനിന്നും കടമെടുത്ത ഒരു ചരിത്രം കേരളത്തിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? ഇവിടത്തെ ധനസ്ഥിതി അവിടംവരെ എത്തിയിട്ടുണ്ടെന്ന് ഞാൻ പറഞ്ഞാൽ ശ്രീ. ടി.കെ. ഹംസ സാഹിബിന് നിഷേധിക്കാൻ സാധിക്കുമോ? ഇടുക്കി ബാങ്കിൽനിന്നും അതുപോലെ കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും 100 കോടി രൂപയൊക്കെ കടമെടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. എനിക്കുമുൻപ് പ്രസംഗിച്ച ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു ട്രഷറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്തംഭനമുണ്ടായിട്ടില്ല എന്ന്. എന്റെ കൈയിലിരിക്കുന്നത് പത്രമാണ്. ആ പത്രത്തിൽ പറയുന്നത് "ജനകീയാസൂത്രണ" പദ്ധതിക്കായി ബഡ്ജറ്റിൽ വക കൊള്ളിച്ച പണം പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചതും നികുതിവരുമാനം കുറഞ്ഞതുമാണ് പെട്ടെന്നുള്ള സാമ്പത്തിക പ്രതിസന്ധിക്കു കാരണമെന്നു പറഞ്ഞു. അതേസമയം ട്രഷറികളുടെ പ്രവർത്തനത്തിലുണ്ടായ സ്തംഭനം നാളത്തന്നെ പരിഹരിക്കുമെന്നു ധനവകുപ്പിലെ ഉദ്യോഗസ്ഥൻമാർ അറിയിച്ചു. അപ്പോൾ ട്രഷറി സ്തംഭനമുണ്ടായിട്ടില്ലെന്ന് ഈ ഗവൺമെന്റിനു നിഷേധിക്കാൻ സാധിക്കുമോ? കഴിഞ്ഞ ബഡ്ജറ്റിൽ 1851.75 കോടി രൂപയുടെ കമ്മിയാണ് ബഹുമാനപ്പെട്ട ശിവദാസമേനോൻ അവതരിപ്പിച്ചത്. ആ കമ്മി ഇപ്പോൾ എത്രയോ വർദ്ധിച്ചിട്ടുണ്ട്. സർ, ഈ സപ്ലിമെന്ററി ഡിമാന്റിനെ കണ്ണു മടച്ച് എതിർക്കുന്നില്ല കാരണം നല്ല കാര്യങ്ങളും കുറെയുണ്ട്, അതുപോലെ തന്നെ ധൂർത്തും ഇതിലുണ്ട്. അതിനെ കണ്ണടച്ച് എതിർക്കുക എന്നത് നമ്മുടെ രാജ്യത്തിന് ഭൂഷണമല്ല. പക്ഷേ അതിൽ ധൂർത്തുകളെ നമ്മൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് തെറ്റാണെന്ന് പറയുവാൻ നിങ്ങൾക്ക് സാധിക്കുമോ? ഇതിൽ ഒരുകോടി പന്ത്രണ്ടുലക്ഷം രൂപ വാഹനങ്ങൾ വാങ്ങുന്നതിനാണ് ലോക്ആയുക്തയ്ക്ക് മൂന്ന് ഫോർഡ് എസ്കോർട്ട് കാർ എന്തിനാണ്. ബഹു. മന്ത്രി വാങ്ങിക്കൊടുത്തതെന്ന് എനിയ്ക്കറിയില്ല. നാളെ ഞാൻ മന്ത്രിയോട് തിരിച്ചുചോദിക്കുകയാണ്. ലോക്ആയുക്തയിലെ ജഡ്ജിമാരെ സ്വാധീനിക്കാൻ വേണ്ടിയാണ് ഈ ഫോർഡ് എസ്കോർട്ട് കാറുകൾ അവർക്ക് വാങ്ങിക്കൊടുത്തതെന്ന് പറഞ്ഞാൽ അത് നിഷേധിക്കാൻ സാധിക്കുമോ? ഇന്ത്യൻ പ്രധാനമന്ത്രി അമ്പാസിഡർ കാറിലാണ് പോകുന്നത്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് ഫോർഡ് എസ്കോർട്ടും ഓപ്ലാസ്ട്രയും ഒക്കെ ഒരു പുരോഗമന സർക്കാരിന് യോജിച്ചതല്ല. അത് പറയുമ്പോൾ അതിനെ ചെറുതായി കാണരുത്. നമ്മൾ വളരെയധികം കടക്കെണിയിൽപ്പെട്ട് മുന്നോട്ടുപോകുകയാണ്. എക്സ്പെൻഡിച്ചർ വളരെയധികം കൂടിയിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ ചാർജ്ജും വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഴയ തറവാട്ടുകാരണവന്മാർ ലക്കും ലഗാനുമില്ലാതെ സാമ്പത്തികരംഗം നോക്കാതെ ചെലവിട്ടിട്ട് അവസാനം തറവാട് പൊളിഞ്ഞ് ചാരുകസേരയിൽ മുറുക്കിയിരിക്കും. ആ തറവാട്ടുകാരണവരെപ്പോലെയാണ് നമ്മുടെ ബഹു. ശിവദാസമേനോനെ ഈ സന്ദർഭത്തിൽ കാണുന്നത്. ഇങ്ങനെ പോയാൽ നമ്മുടെ രാജ്യമെന്തുചെയ്യും? ഉൽപ്പാദനമേഖലയെക്കുറിച്ച് അപ്പുറത്തിരിക്കുന്ന പലരും പ്രസംഗിച്ചു. ഞാൻ ചോദിക്കട്ടെ, ഒരു പുതിയ വ്യവസായം തുടങ്ങാൻ ഈ സപ്ലിമെന്ററി ഗ്രാന്റിൽ പത്തുപൈസ വകയിരുത്തിയിട്ടുണ്ടെന്ന് ശ്രീ. ശിവദാസമേനോന് പറയുവാൻ കഴിയുമോ? ഒരു രൂപ പുതിയ വ്യവസായം തുടങ്ങാൻ ഇതിൽ വകയിരുത്തിയിട്ടുണ്ടെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യും. ഞാൻ ശ്രീമതി സുശീലാഗോപാലനോട് ചോദിക്കട്ടെ, സിക്ക് യൂണിറ്റ് പുനരുദ്ധരിക്കുവാൻ, തകർന്ന വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ, എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്ന് പറയുവാൻ സാധിക്കുമോ? ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഉൽപ്പാദനമേഖലയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചില്ലെങ്കിൽ നമ്മുടെ രാജ്യം കൂടുതൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് പോകും. രാജ്യത്തെ നിലനിറുത്തണമെങ്കിൽ വ്യാവസായികരംഗത്തും കാർഷികരംഗത്തും ഉൽപ്പന്നങ്ങളുണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. ഈ രണ്ടിനും സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടില്ല എന്ന് തെളിവുകൾസഹിതം പറയുവാൻ സാധിക്കും. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് വരണമെന്നാഗ്രഹിക്കുന്നില്ല.

രാഷ്ട്രീയത്തെക്കുറിച്ച് ഒന്നുരണ്ടു വാക്കുകൾ പറയണമെന്നാഗ്രഹിക്കുകയാണ്. ഇന്ത്യാരാജ്യം അടുത്തത് ആര് ഭരിക്കണമെന്ന് തീരുമാനിക്കേണ്ട വിധിനിർണ്ണായകമായ തെരഞ്ഞെടുപ്പാണ്. പലർക്കും ഇപ്പോൾ അങ്ങോട്ടുമി

LIBRARY ARCHIVES Kerala Legislative Assembly

ങ്ങോട്ടുമൊക്കെ സംശയങ്ങളുണ്ട്. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ഞാൻ ഉറപ്പിച്ചുപറയുവാൻ ആഗ്രഹിക്കുകയാണ് ഇന്ത്യയുടെ പരമോന്നത ഭരണഘടന എനിക്കും നിങ്ങൾക്കും സംരക്ഷണം നൽകുന്ന ആ ഭരണഘടന ഇവിടെ നിലനിൽക്കണമെന്ന് എന്റെ പാർട്ടി ആഗ്രഹിക്കുന്നു. അത് നിലനിറുത്തുകയെന്നുള്ളതാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ലക്ഷ്യം. അതിന് വിട്ടുവീഴ്ചകളും മറ്റു കാര്യങ്ങളുമൊക്കെ നോക്കി മുസ്ലീം ലീഗ് സുചിന്തിതമായ തീരുമാനമെടുക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ ശ്രീ. പി.പി. സുലൈമാൻ റാവുത്തർ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചു എന്റെ പാർട്ടിക്ക് രണ്ടഭിപ്രായമുണ്ടെന്ന്. അദ്ദേഹത്തോട് ഞാൻ പറയുന്ന, ആകെ പൊട്ടിത്തകർന്നുകൊണ്ടിരിക്കുന്ന, സ്ഫടികംപോലെ പൊട്ടിത്തകർന്നുകൊണ്ടിരിക്കുന്ന ജനതാദൾ അല്ല ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം തുമ്പപ്പൂവിന്റെ വെണ്മയും മുല്ലപ്പൂവിന്റെ പരിമളവും പനിനീർപ്പൂവിന്റെ പരിശുദ്ധിയുമുള്ള വ്യക്തമായ ഒരു ലീഡർഷിപ്പുള്ള പാർട്ടിയാണ്. ഞങ്ങളുടെ നേതാവ് പാണക്കാട് സെയ്ദ് മുഹമ്മദ് ഷിഹാബ്തങ്ങളാണ്. ആരും ചോദ്യം ചെയ്യപ്പെടാത്ത നേതാവാണ് അദ്ദേഹം. അദ്ദേഹത്തിന്റെ കീഴിൽ എന്റെ പാർട്ടി ഒരു രാഗമായി, ഒരു താളമായി, ഒരു ലയമായി, ഒരു സ്വരമായി കൊണ്ടുപോകുന്നു. ഇത് ജനതാദൾ അല്ല എന്നുമാത്രമേ ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നുള്ളൂ. ഇന്ത്യാരാജ്യത്ത് ഏകകക്ഷി ഭരണത്തിന് പ്രസക്തിയുണ്ടോയെന്നുള്ള കാര്യത്തിൽ സംശയങ്ങളുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഒറ്റയ്ക്കു ഭരിക്കാൻ കഴിയുമെന്ന് വ്യാമോഹമുണ്ടെങ്കിൽ അത് അസ്ഥാനത്താണെന്ന് പറയുവാൻ ഞങ്ങൾക്ക് ഒരു മടിയുമില്ല. വർഗ്ഗീയമെന്നു പറയുന്ന പദം നമ്മുടെ മുഖ്യമന്ത്രിയടക്കമുള്ളവർ പലപ്പോഴും ഉപയോഗിക്കുന്ന പദമാണ്. വർഗ്ഗീയം രാഷ്ട്രീയകമ്പോളത്തിൽ അവനവന്റെ ആവശ്യത്തിന് ഇഷ്ടാനുസരണം ഉപയോഗിക്കുന്ന ഒരു സാധനമായി മാറിയിരിക്കുന്നു. അത് ആർക്കും ഉപയോഗിക്കാം. അത് ഞങ്ങളുടെ നേരെ ആരും ചൂണ്ടിക്കാണിക്കേണ്ട. വർഗ്ഗീയത്തിന്റെ അർത്ഥം ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു. അതിലൊതുങ്ങി നിൽക്കുകയാണ് മുസ്ലീം ലീഗ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഭരണഘടന നിലനിറുത്തുക എന്നതുതന്നെയാണ് നമ്മുടെ മൗലികമായ പ്രശ്നം. അത് നിലനിറുത്തുവാനാവശ്യമായ രാഷ്ട്രീയ തീരുമാനങ്ങളെടുക്കാനുള്ള പക്വതയും കഴിവും തന്റേടവുമുള്ള ഒരു ലീഡർഷിപ്പ് ഞങ്ങളെ സംബന്ധിച്ചിടത്തോളമുണ്ട്.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അങ്ങയുടെ പാർട്ടിയെക്കുറിച്ച് ചത്തകുതിര എന്നുപറഞ്ഞതാണോ അങ്ങ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഇന്ത്യയുടെ യുഗപ്രഗല്ഭനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ചത്തകുതിരയാണെന്ന് പറഞ്ഞപ്പോൾ മഹാനായ ശ്രീ. സി.എച്ച്. മുഹമ്മദ്കോയസാഹിബ് പറഞ്ഞു അങ്ങേയ്ക്ക് തെറ്റിപ്പോയി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഉറങ്ങിക്കിടക്കുന്ന സിംഹമാണെന്ന്. പണ്ഡിറ്റ്ജിയുടെ മുഖത്തുനോക്കി അങ്ങനെ പറയുവാൻ ആർജ്ജവം കാണിച്ച തന്റേടമുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. ഇന്ത്യൻ നാഷണൽ മുസ്ലീം ലീഗിനെക്കുറിച്ച് നൻമ പറയാത്ത ഒരു രാഷ്ട്രീയ പ്രസ്ഥാനവും ഇന്നും ഇവിടെയില്ല. അപ്പുറത്തിരിക്കുന്നവരൊക്കെ നന്മകൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ പാരമ്പര്യമാണുള്ളത്. അതുകൊണ്ട് ഞങ്ങളുടെ നയങ്ങളെക്കുറിച്ച് ആ കാര്യങ്ങളിൽ ആർക്കും ഒരു സംശയവും വേണ്ട.

ബഹു. മന്ത്രിയുടെ മുമ്പിൽ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, വില്ലേജ് റോഡുകൾക്കാവശ്യമായ പണം വകയിരുത്തിയിട്ടില്ല. ബഡ്ജറ്റിൽപോലും കരാറുകാർക്ക് കൊടുക്കാനുള്ള പണത്തെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. അന്നു ഞങ്ങൾ പറഞ്ഞപ്പോൾ അതൊന്നും ബഡ്ജറ്റിൽ കാണിക്കേണ്ട ആവശ്യമില്ലെന്ന് അങ്ങ് പറഞ്ഞു. ആ കരാറുകാർ ഇപ്പോൾ പണി നിർത്തിവച്ചിരിക്കുകയാണ്. വില്ലേജ് റോഡുകൾക്ക് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ പേരുപറഞ്ഞു പണം വകയിരുത്തിയിട്ടില്ലാത്തതിനാൽ ആ പണം കൊടുക്കാൻ സാദ്ധ്യമല്ലെന്നു ഫിനാൻസ് ഡിപ്പാർട്ടുമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതുകൊണ്ട് വില്ലേജ് റോഡുകളുടെ പണി നടന്നുകൊണ്ടിരിക്കുന്ന വികസനരംഗത്തെ മുരടിപ്പവസാനിപ്പിക്കാൻ വില്ലേജ് റോഡുകൾക്കാവശ്യമായ പണം അനുവദിക്കണം. അതൊടൊപ്പംതന്നെ കർഷകത്തൊഴിലാളി പെൻഷൻ, അനാഥാലയങ്ങളുടെ ഗ്രാന്റ്, വികലാംഗപെൻഷൻ ഇതൊക്കെ തടഞ്ഞുവച്ചിരിക്കുകയാണ്. അതിനൊക്കെ ആവശ്യമായ പണം ഈ ഡിമാന്റിൽ കൊണ്ടുവന്ന് പാസ്സാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട്, ആർഭാടത്തിനും ധൂർത്തിനുംവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഡിമാന്റുകളെ എതിർക്കുന്നു.

ശ്രീ. ടി.കെ. ഹംസ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ബഡ്ജറ്റ് ചർച്ചയുടെ അവസാനഘട്ടത്തിലാണ് നാമിപ്പോൾ. ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത, ധനകാര്യ മാനേജുമെന്റിന്റെ പോരായ്മ, ഇതൊക്കെയാണ് പ്രതിപക്ഷം ഈ സമയംവരെ ചൂണ്ടിക്കാണിച്ചത്. എന്നാൽ ഗൗരവമായി കണക്കിലെടുക്കേണ്ട ഒരൊറ്റ സംഗതി ഒരു ബഹുമാനപ്പെട്ട അംഗവും ഈ സഭയിൽ പറഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് പറയുമ്പോൾ എന്തെങ്കിലും ഒരു പോയിന്റ് വേണ്ടേ? കടം വരുത്തുന്നു, എന്നാൽ വികസനം നോക്കിയിട്ട് കാണുന്നുമില്ല എന്നാണ് ബഹു. ഉമ്മൻചാണ്ടി പ്രസംഗിച്ചത്. ബഹു. ഉമ്മൻചാണ്ടി 1991-ൽ ധനകാര്യവകുപ്പുമന്ത്രിയായി വരുമ്പോൾ 4729.26 കോടി ഉറുപ്പികയാണ് കടം. ഭരണം തിരിച്ചേൽപ്പിച്ചപ്പോൾ 9192.7 കോടിയായി കടം ഇരട്ടിയായി. അതങ്ങനെ കൂടിവരും. നിങ്ങളല്ലേ തുലച്ചുപോയത്? ഇത് ചെയ്തിട്ട് അപ്പുറത്തിരുന്നിട്ട് ഈ തരത്തിലാണ് പ്രസംഗിക്കുന്നത്. വികസനം കാണുന്നില്ലാ എന്നുള്ളതാണ് മറ്റൊരു കാര്യം. പഞ്ചായത്തുകളിൽ നോക്കിയാൽ പോരേ വികസനം ഉണ്ടോയെന്ന് കാണാൻ. അടങ്കൽത്തുകയുടെ 35% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനത്തിനുവേണ്ടി പണമായിട്ട് കൊടുക്കുകയാണ്. പകുതിയോളം വരുന്ന പഞ്ചായത്തുകൾ യു.ഡി.എഫ്. കൈകാര്യം ചെയ്യുന്നുണ്ട്. അവിടെ ചോദിച്ചാൽ മതി വികസനം ഉണ്ടോയെന്ന്. 1025 കോടി ഉറുപ്പികയാണ് കഴിഞ്ഞ കൊല്ലം പണമായിട്ട് കൊടുത്തത്. ഒരൊറ്റ പഞ്ചായത്തിനുപോലും ആക്ഷേപമില്ലാതെ കൊടുത്തിരിക്കുകയാണ്. ഏതായാലും നമ്മൾ ഖജനാവ് പൂട്ടിയില്ലല്ലോ. മുന്നുപ്രാവശ്യം ഖജനാവ് പൂട്ടി താക്കോൽവച്ചിട്ട് നാടുവിട്ടവരാണ് അപ്പുറത്തിരിക്കുന്നത്. ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് പ്രതിപക്ഷത്തുള്ള ചിലർ ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ബഹു. ഉമ്മൻചാണ്ടി ഇപ്പോൾ ഇവിടെയില്ല. "ഞങ്ങൾ ഭരണം ഇടതുമുന്നണിക്ക് ഏൽപ്പിച്ചുകൊടുക്കുമ്പോൾ ഖജനാവിൽ 450 കോടി ഉറുപ്പിക ഉണ്ടായിരുന്നു" എന്നാണ് ശ്രീ. ഉമ്മൻചാണ്ടി ഇവിടെ പറഞ്ഞത്. കൊടുക്കേണ്ടത് കൊടുത്തില്ലെങ്കിൽ കയ്യിൽ കാശ് കാണുമെന്ന് എല്ലാവർക്കും അറിയാമല്ലോ. നാട്ടിൽ കൊടുക്കാനുള്ളത് കൊടുക്കണം. അല്ലാതെ പിശുക്കി കൊടുക്കാതെ നടന്നാൽ കാശുണ്ടാകും. അന്നത്തെ തീയതിയിലുള്ള കണക്കുകളാണ് ഞാൻ പറയാൻ പോകുന്നത്. റോഡ് കോൺട്രാക്ടേഴ്സിന് 109.79 കോടി രൂപ,



LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട കരാറുകാർക്ക് 24 കോടി 57 ലക്ഷം, ഇറിഗേഷൻ കരാറുകാർക്ക് 200 കോടി, മൊത്തത്തിൽ 334 കോടി 36 ലക്ഷം ഉറുപ്പിക കരാറുകാർക്ക് മാത്രം കൊടുക്കാനുണ്ടായിരുന്നു. എന്നിട്ട് 450 കോടി ഉറുപ്പിക ബാലൻസ് വച്ചിട്ടാണ് പോയത് എന്നാണ് പറയുന്നത്. കർഷകത്തൊഴിലാളി പെൻഷൻ 29 കോടി ഉറുപ്പിക കൊടുക്കാൻ ബാക്കി വച്ചവരാണ് ഇവർ. കയർ തൊഴിലാളികൾക്ക് 11 കോടി 33 ലക്ഷം, കൈത്തറി റിബേറ്റ് കുടിശ്ശിക 35 കോടി, പഞ്ചായത്ത് വസ്തുകൈമാറ്റ നടപടികളിൽനിന്നുള്ള പഞ്ചായത്ത് വിഹിതം, ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ട് അനുസരിച്ച് 68 കോടി ഉറുപ്പിക പഞ്ചായത്തിന് കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. കൊടുക്കാനുള്ളത് കൊടുക്കാതെ കാശ് ഉണ്ടെന്നു പറയുന്നത് ശരിയാണോ? സ്കൂൾ കുട്ടികളുടെ ഉച്ചക്കഞ്ഞിക്ക് കൊടുക്കേണ്ട നാലുകോടി ഉറുപ്പിക പിടിച്ചവരാണ് നിങ്ങൾ. സ്റ്റാമ്പ് ഡ്യൂട്ടി, റോഡ് ടാക്സ് ഇനത്തിൽ പഞ്ചായത്തുകൾക്ക് 150 കോടി ഉറുപ്പിക കൊടുക്കാനുണ്ടായിരുന്നു. അഞ്ചു പൈസ കൊടുത്തില്ല. ശ്രീ. ശിവദാസമേനോൻ 100 കോടി ഉറുപ്പിക കൊടുത്തു. ഈ ബഡ്ജറ്റ് പാസ്സായാൽ 50 കോടി ഉറുപ്പികകൂടി കൊടുക്കും. അങ്ങനെ കൊടുക്കാനുള്ള കടം 1250 കോടി. ഇവരുടെ കയ്യിൽ ബാക്കിവച്ചത് 450 കോടി. അപ്പോൾ എത്രയാണ് കടം? 800 കോടി ഉറുപ്പിക കൊടുക്കാൻ ബാക്കിവച്ചിട്ടാണ് വർത്തമാനം പറയുന്നത്. ആ രീതിയിൽ കടം വരുത്തിവച്ചിട്ടാണ് ഇപ്പോൾ കടത്തിനെക്കുറിച്ച് പ്രസംഗം നടത്തുന്നത്. 1992-93-ലെ 913 കോടി ഉറുപ്പികയുടെ വാർഷിക പദ്ധതി നിങ്ങൾ വെട്ടിച്ചുരുക്കിയില്ലേ? നിങ്ങൾ 791 കോടി രൂപയാക്കി ചുരുക്കി. 1992-93-ൽ 913 കോടി ഉറുപ്പികയുടെ വാർഷിക പദ്ധതി വെട്ടിച്ചുരുക്കി 791 കോടി രൂപയാക്കി. കേരളത്തിൽ അതിനുമുമ്പും അതിനുശേഷവും പദ്ധതി വെട്ടിച്ചുരുക്കിയ ചരിത്രമില്ല. ഈ മാതിരി കടുംകൈ ചെയ്ത ആളുകൾ നമുക്ക് ഉപദേശം നൽകുകയാണ്. ശ്രീ. ഉമ്മൻചാണ്ടിതന്നെ അന്നും ധനകാര്യവകുപ്പുമന്ത്രി. എന്താണ് ഉപദേശം? ധൂർത്ത് പാടില്ല. മന്ത്രിമാരുടെ ഭവനം നന്നാക്കുന്നു, എന്നൊക്കെ മന്ത്രിമാരുടെ ഭവനം മോടിപിടിപ്പിക്കുന്നു എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? ഡെക്കറേഷൻ! കല്യാണപ്പന്തലാണോ മന്ത്രിമാരുടെ വീട്? ആനുവൽ റിപ്പയറാണ്. കേരളം തുടങ്ങിയ അന്നുമുതൽ 50 കൊല്ലങ്ങളായി മന്ത്രിമന്ദിരങ്ങൾ, അസംബ്ലി കെട്ടിടങ്ങൾ റിപ്പയർ ചെയ്യും. മോടിപിടിപ്പിക്കാൻ എത്രയെന്നാണ് ചോദ്യം. അപ്പോൾ അവിടന്ന് എഴുതിയാൽ മതി മോടിപിടിപ്പിച്ചിട്ടില്ലായെന്ന്. റിപ്പയർ ചെലവ് എന്നുപറഞ്ഞാൽ ഒരു ചെലവുമല്ല. ആനുവൽ റിപ്പയർ എല്ലാ കൊല്ലവും നടക്കുന്നില്ലേ? സെക്രട്ടേറിയേറ്റ് റിപ്പയർ ചെയ്യുന്നില്ലേ? നിങ്ങളുടെ കാലത്തുള്ള കണക്ക് ഞാൻ പറയുന്നില്ല. നിങ്ങൾ ഞങ്ങളെ വെറുതെ പഠിപ്പിക്കരുത്. നിങ്ങളുടെ ടെലിഫോൺ ചാർജ്ജ്, ചായ മറ്റു ലക്ഷ്വറി, എല്ലാം ഞാൻ പറയണോ? ഗവൺമെന്റ് വീടുകൾ ഓഫീസാക്കി മാറ്റിയിട്ട് വാടകയ്ക്ക് വീട് എടുത്തവരാണ് നിങ്ങൾ. ശ്രീ. ടി.എച്ച്. മുസ്തഫ താമസിച്ചിരുന്നത് എവിടെയാണ്? മുഹമ്മദിക്ക അന്ന് എം.എൽ.എ. ആണ്. വീട് ഒഴിപ്പിച്ചിട്ട് 14,000 ഉറുപ്പികയ്ക്ക് വാടകയ്ക്ക് കൊടുത്തു. ഗവൺമെന്റ് വീട് ഒഴിഞ്ഞുകിടക്കുകയാണ്. വേറൊരു വീട് ഉണ്ടായിരുന്നു. മരപ്പട്ടി എന്നുപറഞ്ഞുപോയി. മരപ്പട്ടിയാണെന്നു പറഞ്ഞ് വീട് ഒഴിഞ്ഞുകൊടുത്തിട്ട് ഓന് വാടക കിട്ടാൻവേണ്ടി വാടകയ്ക്ക് വീട് എടുത്തു. ആ മരപ്പട്ടി വീട്ടിലാണ് ഹംസ താമസിക്കുന്നത്. അവിടെ പട്ടിയുമില്ല, പൂച്ചയുമില്ല. ശ്രീ. പി.പി. ജോർജിന് വീട് എടുത്തുകൊടുത്തത് എവിടെയാണ്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, 1995-96-ൽ 481 കോടി ഉറുപ്പിക മിച്ചമുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പ്രസംഗിച്ചത് അങ്ങ് പറയുകയുണ്ടായി. ഇവിടെ ആ കാലത്തുള്ള കടബാദ്ധ്യതകൾ പറഞ്ഞിട്ട് പി.ഡബ്ല്യു.യൂ.ഡി., ഇറിഗേഷൻ തുടങ്ങി ഓരോന്നോരോന്നായി പറഞ്ഞിട്ട് 1200 കോടി ഉറുപ്പിക എന്നുപറയുകയുണ്ടായി. അങ്ങ് പറഞ്ഞത് എല്ലാംകൂടി കൂട്ടു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ 628 കോടി രൂപയേ വരുന്നുള്ളൂ. അങ്ങ് പറഞ്ഞ സംഖ്യ ശരിയല്ല. അങ്ങ് പറഞ്ഞ സംഖ്യ പ്രൊസീഡിംഗ്സിൽ ഉണ്ട്.

ശ്രീ. ടി.കെ. ഹംസ : ഞാൻ ശരിക്കും കണക്ക് കൂട്ടിത്തന്നെയാണ് പറഞ്ഞത്. കണക്കെല്ലാം എന്റെ കൈവശമുണ്ട്. കണക്കിന് എസ്.എസ്.എൽ.സി.ക്ക് എനിക്ക് 76 മാർക്കാണ് കിട്ടിയത്. ബഹു. ആര്യാടൻ എനിക്കൊപ്പം പഠിച്ചതാണ്. അദ്ദേഹത്തിന്റെ മാർക്ക് എത്രയാണെന്ന് എനിക്കറിയാം. കണക്കിനെപ്പറ്റി എന്നെ പഠിപ്പിക്കണ്ട. മന്ത്രി ടി.എച്ച്. മുസ്തഫയ്ക്ക് വീട്, മന്ത്രി ശ്രീ. പി.പി. ജോർജിന് വീട്, ശ്രീ. കെ. കരുണാകരന് നീന്തൽക്കുളം, ബഹു. ആന്റണി ചെലവു ചുരുക്കാൻ ഇവിടെ കുട്ടികളെക്കൊണ്ട് പ്രസംഗിപ്പിച്ചല്ലോ മുഖ്യമന്ത്രിയാകാൻ ഡെൽഹിയിൽനിന്നും പ്രത്യേക വിമാനത്തിൽ വരേണ്ട വല്ല കാര്യവുമുണ്ടോ? ഇവിടെ ആരെങ്കിലും മരിച്ചോ; ഇവിടെ മുഖ്യമന്ത്രി മരിച്ചിട്ടുണ്ടോ? പ്രത്യേക വിമാനത്തിൽ വരാൻ. എത്ര ലക്ഷം രൂപയാണ് ചെലവ്? സാധാരണ വിമാനത്തിൽ ഫ്രണ്ട് സീറ്റ് കിട്ടുമല്ലോ, അങ്ങനെ വന്നാൽ പോരെ മുഖ്യമന്ത്രിയാകാൻ? മരിച്ചിട്ട് സ്ഥാനം ഏറ്റെടുക്കാൻ വരുന്ന മാതിരി പ്രത്യേക വിമാനം, ലക്ഷ്വറി ഇല്ലാത്ത ആളുകൾ. മഹാത്മാഗാന്ധിയുടെ 'ഒറ്റമുണ്ട് മറച്ച്' ആളുകളാണിത്! നിങ്ങൾ ഞങ്ങളെ ഉപദേശിക്കുകയാണ്. ഒരു കാര്യം തീർച്ചയാണ്. ഞങ്ങൾ ഭരണംകൊണ്ട് നിങ്ങളെ മാതിരി പൊങ്ങച്ചം പറയുകയില്ല. ഞങ്ങൾ ഉള്ളത് പറയും ഉള്ളത് നടപ്പാക്കും. നിങ്ങളുടെ പൊങ്ങച്ചത്തെക്കുറിച്ച് ഞാൻ ഒറ്റ കാര്യം പറയാം. എന്റെ കയ്യിലിരിക്കുന്ന ഈ പുസ്തകം നിങ്ങൾ 1993-ൽ ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചതാണ്. 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് പ്രതിമാസം 1000 ഉറുപ്പിക പെൻഷൻ നൽകുന്നതു വിഭാവനം ചെയ്തുകൊണ്ടുള്ള അതുല്യമായ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഏത് വാക്കാണ് നടപ്പിൽ വരുത്തിയത്? 1993 ജനുവരി മാസം 22-ാം തീയതി രാച്ചയ്യ ചെയ്ത പ്രസംഗമാണ്. 1000 ഉറുപ്പിക ഒരു കൃഷിക്കാരന് കൊടുക്കുമെന്നു പറഞ്ഞപ്പോൾ ഞങ്ങൾ അപ്പോൾത്തന്നെ അത്ഭുതപ്പെട്ടുപോയി. അതിനെപ്പറ്റി മാതൃഭൂമി എഡിറ്റോറിയൽ എഴുതിയത് നിങ്ങൾ വായിച്ചോ? കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അതിനു മുൻപും പിൻപും ചെയ്തവയും പാലിക്കാത്തവയും പാലിക്കാനാവില്ലെന്ന് സർക്കാരും ജനങ്ങൾക്കും അറിയാവുന്നതുമാണ് പല വാഗ്ദാനങ്ങളും. നിങ്ങളുടെ വാഗ്ദാനമാണ് പറഞ്ഞത്. ''ഇക്കൊല്ലം നെൽകൃഷി വികസന വർഷമായി ആചരിക്കുന്നു. 60 വയസ്സ് കഴിഞ്ഞ കർഷകന് മാത്രം 1000 ഉറുപ്പിക സംഭാവന ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.'' നടക്കുന്നതും നടക്കാത്തതുമായ കാര്യങ്ങളെ സംബന്ധിച്ച് മാതൃഭൂമി എഴുതിയ എഡിറ്റോറിയലാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള മന്ത്രിസഭകൂടി തീരുമാനിക്കുന്നത് ബഡ്ജറ്റ് പ്രസംഗം നടത്തുമോ? ഗവർണർ രാച്ചയ്യ ചെയ്ത പ്രസംഗമാണ് ഇവിടെ പറഞ്ഞത്. ഗവർണർ രാച്ചയ്യ ചെയ്ത പ്രസംഗം ''മുഖ്യമന്ത്രിക്കെതിരെ മന്ത്രി പിള്ള ആഞ്ഞടിക്കുന്നു. രണ്ടാമത്തെ പൊങ്ങച്ചം പറയാം. 1994-95 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ''ഒരു സമഗ്ര നാളികേര വികസന പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്. അതിന് 60 കോടി രൂപ ചെലവഴിക്കും''. അഞ്ചു പൈസ നിങ്ങൾ ചെലവഴിച്ചോ? ഇതിനു പുറമെ രസകരമായ വേറൊരു സംഗതി ''പാൽ, മുട്ട, മാംസം, മൽസ്യം എന്നിവയുടെ ഉൽപ്പാദനം കോർത്തിണക്കിയ പഞ്ചകപദ്ധതി''. ഇത് എന്താണ് സിദ്ധാശ്രമത്തിലെ പഞ്ചാമൃതമോ! ഈ പ്രസംഗത്തിൽ തന്നെ 15-ാമത്തെ പേജിൽ 39-ാമത്തെ ഐറ്റം ''മുട്ട കൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ'' അവിടെയാണ് കുഴപ്പം മുഴുവൻ കിടക്കുന്നത്. ''ഉപഭോക്താക്കൾക്ക് ശുചിയായും ന്യായമായ വിലയ്ക്കും ലഭ്യമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിന് 30 ലക്ഷം രൂപ ചെലവുവരുന്ന ഒരു എഗ്ഗ് കാർട്ട് പദ്ധതി''. വാചക മടിക്കുന്നതിന് ഒരു കണക്ക് വേണ്ടേ? ഇനി ശ്രീ. കെ.സി. ജോസഫ് 38-ാം മത്തെ പേജിൽ ''മലബാർ ജില്ലയ്ക്കുവേണ്ടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന മല യോര വികസന അതോറിറ്റി'' - നിങ്ങൾ പ്രഖ്യാപിച്ചത് നടപ്പാക്കിയോ?

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : മലയോര വികസന അതോറിറ്റി ഉണ്ടാക്കുമെന്നു മന്ത്രിസഭ തീരുമാനിച്ചുവെന്ന് മാത്രമല്ല അതിനു വേണ്ടി ഞങ്ങളുടെ ഗവൺമെന്റിന് ബഡ്ജറ്റിൽ ഒരുകോടി രൂപ പ്രൊവിഷനും വച്ചു. തെരഞ്ഞെടുപ്പിനുശേഷം നിങ്ങളുടെ ഗവൺമെന്റ് മലയോര വികസന അതോറിറ്റിയും തീരദേശ വികസന അതോറിറ്റിയും ഇതു രണ്ടും വേണ്ടെന്ന് തീരുമാനിച്ചു. അതാണ് സത്യം. റെക്കാർഡ് പരിശോധിക്കാം.

ശ്രീ. ടി.കെ. ഹംസ : ബഹു. ആന്റണി മുഖ്യമന്ത്രിയായിരുന്നത് എപ്പോ ഴാണ്? 95-ൽ. ഇത് 94-ൽ ചെയ്ത പ്രസംഗമാണ്. 1994-ൽ ആന്റണി വരുന്ന തിനുമുമ്പുള്ള ബഡ്ജറ്റ് പ്രസംഗത്തിലാണ് ഇത് വന്നത്.

ശ്രീ. എ.കെ. ആന്റണി : 95-ലും ബഡ്ജറ്റിൽ 50 ലക്ഷം ഉണ്ടായിരുന്നു. 96-ൽ ഒരുകോടി രൂപ പ്രൊവിഷൻ വന്നു. 95-ൽ ഇന്നത്തെ ഇലക്ഷൻ കമ്മീഷണർ ശ്രീ. എം.എസ്. ജോസഫിനെ കമ്മീഷണറായിട്ട് വച്ച് സ്പെഷ്യൽ ഓഫീസറാക്കി റിപ്പോർട്ട് സമർപ്പിക്കാൻ വച്ചു. അദ്ദേഹം കേരള ത്തിലെ മലയോര ജില്ലകളിലെ എം.എൽ.എ. മാരെയെല്ലാം പലപ്രാവശ്യം യോഗം വിളിച്ചുകൂട്ടി. അവസാനം അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റാണ് മലയോര, വികസന അതോ റിറ്റി രൂപീകരിക്കാൻ തീരുമാനമെടുത്തത്. അതു നടപ്പാക്കുന്നതിനുവേണ്ടി ഒരു കോടി രൂപ മാറ്റിവച്ചു.

ശ്രീ. ടി.കെ. ഹംസ : ഇപ്പോഴാണ് ശരിയായ പൂച്ചു പുറത്തുവന്നത്. 95-ൽ തീരുമാനിച്ചു. 95-ൽ 50 ലക്ഷം വച്ചു. 96-ൽ 100 ലക്ഷം വച്ചു. അതു മുഴുവനും ലാപ്സാക്കി. അതു മുഴുവനും നഷ്ടപ്പെടുത്തി. മലയാള മനോര മയ്ക്ക് റിപ്പോർട്ടെഴുതാൻ ''മലയോര വികസന അതോറിറ്റി മലബാറിൽ- ശ്രീ. കെ.സി. ജോസഫ്'' എന്ത് ജോസഫ്? ഒന്നും ചെയ്തിട്ടില്ല. വെറുതെ ആന്റണി ഇതിൽ ഇടപെടണ്ട. മോശമാണ്. ജനകീയാസൂത്രണരംഗത്തുണ്ടായിരുന്ന മുന്നേറ്റം, ഭക്ഷ്യവിതരണം, ഇതൊക്കെ കണ്ട് നിങ്ങൾ ഇപ്പോൾ അത്ഭുതപ്പെടു കയാണ്. ഇപ്പോൾ നിങ്ങൾ അഴിമതിയാരോപണം പറയുകയാണ്. മൂന്നു കൊല്ലം കഴിഞ്ഞിട്ട് നിങ്ങൾക്ക് അഴിമതിയാരോപണം പറയാൻ കഴിഞ്ഞതെ ന്താണ്? കെ.സി. രവീന്ദ്രൻ മൂന്ന് ലോഡ് മണൽ കൊണ്ടുപോയി എന്ന്! 3 കോടി പൊന്നു കട്ടവരാണ് ഈ പറയുന്നത്. ലിസ്റ്റുണ്ട് ഇവിടെ. കരുണാക രൻ, മുസ്തഫ, രഘുചന്ദ്രപാൽ, ജേക്കബ് ഇവരൊക്കെ പ്രതികളാണ്. പരമരാ ജൻ പ്രതിയാകാൻ പോകുന്നു. ഒരാളെ 10,000 രൂപ പിഴയടയ്ക്കാനും *(അദ്ധ്യ ക്ഷവേദിയിൽ സ്പീക്കർ)* ഒരു കൊല്ലം കഠിന തടവിന് ശിക്ഷിക്കാനും.

[3PM] പൊന്നു കട്ട കള്ളൻമാരാണ്. മനുഷ്യന് വിശ്വസിക്കാൻ പറ്റുന്ന വാക്ക് നിങ്ങളുടെ കൈയിലുണ്ടോ? സർ, നിലവാരം ചോദി ച്ചല്ലോ, ഇത്ര നിലവാരമില്ലാത്ത ഒരു പ്രതിപക്ഷം ഈ കേരള നിയമസഭ കണ്ടിട്ടുണ്ടോ? ഈ പ്രതിപക്ഷത്തിന് ഭരണത്തിന്റെ ഗതിവിഗതി കൾ ചൂണ്ടിക്കാണിച്ച് ഒരു വാക്ക് പറയാനുള്ള കഴിവുണ്ടോ? എന്തെങ്കിലുമു ണ്ടോ, ഈ നിലവാരത്തകർച്ചയ്ക്ക് എന്താ കാരണം? കോൺഗ്രസ്സിന്റെ കഴിവുകേടാണ് ഈ നിലവാരത്തകർച്ചയ്ക്ക് കാരണം. യോജിച്ച് ഒരു സെലക്ട് കമ്മിറ്റിക്ക് മെമ്പർമാരെ തരാനുള്ള കഴിവില്ല നിങ്ങൾക്ക്. എന്നിട്ടാ വലിയ വർത്തമാനം പറയുന്നത്! ഓരോ വാക്കിനും ഇടപെടുന്ന ഈ നില വാരം എന്തു നിലവാരമാ? ഒരു ഗവൺമെന്റിനെ വിമർശിക്കാൻ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ കൈയ്യിലുണ്ടോ? കാൽകാശിനു കൊള്ളാത്ത പ്രതിപക്ഷം. ഞാൻ വ്യക്തിപരമായിട്ട് ഒന്നും പറഞ്ഞിട്ടില്ല. പ്രതിപക്ഷം എന്നുള്ള നിലയ്ക്ക് നില വാരത്തകർച്ചയുണ്ട്. യോജിച്ച് ഒരു കമ്മിറ്റിയിലേയ്ക്ക് ലിസ്റ്റ് തരാൻ കഴിവില്ല എന്നാ പറഞ്ഞത്. ഞാൻ ശ്രീ. ആന്റണിയെയോ ശ്രീ. ആര്യാടനെയോ ഒന്നും പറഞ്ഞിട്ടില്ല. നിങ്ങൾ പറഞ്ഞാലും പറയില്ല. നിങ്ങളാണ് ഇവരുടെ കാലുവാരാൻ നടക്കുന്നവർ. കോൺഗ്രസ്സും കമ്മ്യൂണിസ്റ്റു പാർട്ടിയും തമ്മിലുള്ള വ്യത്യാസമാണ് ഇവർ ചോദിച്ചത്. കോൺഗ്രസ്സ് കക്കും, കമ്മ്യൂണിസ്റ്റുപാർട്ടി കക്കൂല .അതുതന്നെയാണ് വ്യത്യാസം. കട്ടതിന്റെ കണക്ക് എന്റെ കൈയ്യിലുണ്ട്. ഝാർഖണ്ഡ് കേസ്, സെന്റ്കിറ്റ്സ് കേസ്, യൂറിയ കേസ് എത്ര കേസ്സാണ്. ഒരൊറ്റ കേസ്സുണ്ടോ ഞങ്ങളുടെ പേരിൽ? കോൺഗ്രസ്സ് കക്കും, കമ്മ്യൂണിസ്റ്റു പാർട്ടി കക്കൂല. പിന്നെ ന്യൂനപക്ഷങ്ങളോട് കോൺഗ്രസ്സിന്റെ സമീപനമാണ്. അത് കോൺഗ്രസ്സും കമ്മ്യൂണിസ്റ്റു പാർട്ടിയും ഒരുപോലെയാണോ? എത്രയെത്ര സംഭവങ്ങൾ നിരത്തിവയ്ക്കാൻ സാധിക്കും. ജാംബുവാ, കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്തിടത്ത് ഭരിക്കുന്നത് ആരാ? കോൺഗ്രസ്സാണ് ഭരിക്കുന്നത് മധ്യപ്രദേശിൽ. ബി.ജെ.പി.യെ ഇപ്പോൾ അവിടെ കയറ്റിയിരുത്തിയത് കോൺഗ്രസ്സിന്റെ പണിയാണ്. ............................. (ബഹളം) .................................. നമ്മുടെ നാട്ടിൽ പറയും ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാട്ടുക എന്ന്. ന്യായവാദങ്ങൾ ഇറക്കിവയ്ക്കുക. ഇനി ശ്രീ. സുധാകരൻ പ്രസംഗിക്കാനുണ്ടല്ലോ മറുപടി പറഞ്ഞോട്ടെ. നിങ്ങൾ രണ്ടുമൂന്ന് ആളുകൾ ഇങ്ങനെ ചാടിക്കളിക്കുന്നത് എന്തിനാ? നിങ്ങൾ ആയിരം പേര് ചാടിയാലും ഒന്നും വരൂലാ, ആ ധാരണ നിങ്ങൾക്ക് വേണ്ട. ഒരു വിലയുമില്ല. ന്യായം അങ്ങോട്ട് പറയുക. ശ്രീ. അദ്വാനി പള്ളിപൊളിക്കാൻ പോയി. രഥയാത്ര ബീഹാറിന്റെ അതിർത്തിയിൽ വച്ച് തടഞ്ഞ് ബഹുമാനപ്പെട്ട ശ്രീ. വിപി. സിംഗ് ഇടതുപക്ഷത്തിന്റെ പിൻതുണയോടുകൂടി അറസ്റ്റുചെയ്തു. ആ ബി. ജെ.പി. കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിന് വോട്ടുചെയ്തവരാണ് കോൺഗ്രസ്സുകാർ. നിങ്ങൾ ന്യൂനപക്ഷത്തിനെ സംരക്ഷിക്കാൻ വേണ്ടിയല്ലേ പള്ളി പൊളിച്ചപ്പോൾ പട്ടാളത്തെ നിർത്തി സൗകര്യങ്ങൾ ചെയ്തുകൊടുത്ത ആളുകളല്ലേ? ഒരൊറ്റ കാര്യം ഞാൻ പറയാം. ഞങ്ങൾ എൽ.ഡി.എഫ്. അവസാന ശ്വാസംവരെ ഫാസിസ്റ്റ് ശക്തികൾക്കെതിരെ നെഞ്ചും ചോരയും കൊടുത്ത് പോരാടും ഒരു സംശയവും നിങ്ങൾക്ക് വേണ്ട. നിങ്ങളുടെ മാതിരി വഞ്ചന നടത്തുന്നവരല്ല ഞങ്ങൾ. നമ്മുടെ ബഹുമാനപ്പെട്ട ശ്രീ. മാണി തെരഞ്ഞെടുപ്പിലേക്കാ വെല്ലുവിളിച്ചത്. അതിന് ഞാൻ വിശദീകരണം ഒന്നും പറയുന്നില്ല. ഒരൊറ്റ കാര്യം പറയാം നിങ്ങൾ ഇവിടെ ഭരിച്ച കാലത്ത് 3 ഉപതെരഞ്ഞെടുപ്പ് ഉണ്ടായല്ലോ. ഞാറയ്ക്കൽ, ഗുരുവായൂർ, ഒറ്റപ്പാലം. നിങ്ങളുടെ മൂന്ന് സീറ്റും ഞങ്ങൾ പിടിച്ചെടുത്തു. ഞങ്ങളുടെ ഭരണത്തിൽ ആറ് ഉപതെരഞ്ഞെടുപ്പുകൾ നടന്നല്ലോ. തലശ്ശേരി, പുനലൂർ, മാള, ചാത്തന്നൂർ, വൈക്കം, എറണാകുളം. ആറ് മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പു നടന്നിട്ട് ഒരൊറ്റ ഒന്നും നിങ്ങൾക്ക് കിട്ടിയില്ല. തെരഞ്ഞെടുപ്പിലേയ്ക്ക് ബഹു. ശ്രീ. മാണിസാർ വെല്ലുവിളിച്ചല്ലോ, തെരഞ്ഞെടുപ്പിലേക്കങ്ങോട്ടുവരിൻ ഞങ്ങൾ കാണിച്ചുതരാമെന്ന്. ഒരു കുഴപ്പവുമില്ല!

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, ഈ വരാൻ പോകുന്ന പാർലമെന്ററി തെരഞ്ഞെടുപ്പിൽ 70 അസംബ്ലി സെഗ്മെന്റിൽ കൂടുതൽ യു.ഡി.എഫിന് ഭൂരിപക്ഷം കിട്ടിയാൽ രാജിവയ്ക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ടി.കെ. ഹംസ</u> : ഞാൻ ലോകം മുഴുവൻ ഇടിഞ്ഞു ചാടിയാലും രാജിവച്ചുപോകുന്ന പ്രശ്നമില്ല. അതെന്റെ പാർട്ടി തീരുമാനിച്ചാൽ ഞാൻ പുറത്തുപോകും. അല്ലാതെ നിങ്ങളുടെ ഈ ജാതി പന്തയം കെട്ടിപ്പോണ ഏർപ്പാടല്ല അത്. പന്തയം കെട്ടി രാജി തീരുമാനിക്കാൻ പറ്റില്ല. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് ഈ ഗവൺമെന്റിനെ വിമർശിക്കാൻ എന്താ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കയ്യിലുള്ളത്? ഒറ്റ കാര്യം പറയാം. എട്ടാമത്തെ പ്ലാൻ ഔട്ട്ലേ. എട്ടാം പദ്ധതിക്ക് 5,280 കോടി ഉറുപ്പികയല്ലേ നിങ്ങൾ വാങ്ങിയത്. ഒൻപതാം പദ്ധതിക്ക് ശ്രീ. ശിവദാസമേനോൻ 16,100 കോടി ഉറുപ്പികയാണ് വാങ്ങിയത്. ഫൈവ് ഇയർ പ്ലാനിന്റെ അടങ്കലിലെ വ്യത്യാസമാണ് ഞാൻ പറയുന്നത്. ഞാൻ ഇതൊന്നും മനസ്സിലാക്കാതെ പറയുന്നതല്ല. നിങ്ങളുടെയും ഞങ്ങളുടെയും കാലത്തെ അടങ്കൽത്തുകയുടെ, പഞ്ചവൽസര പദ്ധതിയുടെ വ്യത്യാസം ചൂണ്ടിക്കാണിച്ചതാണ്. പറയുമ്പോൾ എന്തിനാ ബഹളം കൂട്ടുന്നത്. നിങ്ങളുടെ കാലത്ത് 5,000 കോടി, ഞങ്ങളുടെ കാലത്ത് 16,000 കോടി. അതല്ലേ തീരുമാനം. കൊല്ലം കൊല്ലം കിട്ടുന്നു. നിങ്ങളുടെ കാലത്താ ഒന്നായി കിട്ടുന്നത്. കേന്ദ്രവും കേരളവും പഞ്ചായത്തും നിങ്ങൾ ഭരിച്ച ഒരു കാലഘട്ടം ഉണ്ടായിരുന്നല്ലോ. നിങ്ങൾക്ക് ഈ നാട്ടിൽ എന്തുചെയ്യാൻ കഴിഞ്ഞു?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, 1987 മുതൽ 91 വരെ നിങ്ങൾ ഭരിച്ച കാലഘട്ടത്തിൽ കിട്ടിയതിന്റെ ഇരട്ടിയാണ് 91 മുതൽ 96 വരെ ഞങ്ങൾ വാങ്ങിയത്, ആനുവൽ പ്ലാനിൽ, എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. ടി.കെ. ഹംസ</u> : ഒരു ഫിഗറുമില്ലാതെ, ഒരു രേഖയുമില്ലാതെയാണ് ഈ വർത്തമാനം പറയുന്നത്. അത് സ്വീകരിക്കാൻതന്നെ അത് കിട്ടിയതിന്റെ രണ്ടിരട്ടിയാണ് ഇപ്പോൾ കിട്ടിയത്. തെരഞ്ഞെടുപ്പു രാഷ്ട്രീയം, വോട്ട്പിടിക്കൽ ഇതുമാത്രം മനസ്സിൽവച്ചാണ് നിങ്ങൾ പ്രസംഗിക്കുന്നത്. നിങ്ങളുടെ സമീപനം ആ രീതിയിൽ പോയിക്കൂടാ. ബഡ്ജറ്റിന്റെ കാര്യത്തിൽ ഭരണത്തിലെ അപാകതകളുടെ കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിന് അവകാശമുണ്ട്. അത് ചെയ്യണം. ഇത്ര ശക്തമായ നിലയിൽ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതും, കേരളത്തെ ശരിയായ ദിശയിലേയ്ക്ക് ജനകീയാസൂത്രണത്തിലും, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനത്തിലും നയിച്ചതും മനോഹരമായി ഇലക്ട്രിസിറ്റി ഉൽപ്പാദന വർദ്ധനവുണ്ടാക്കിയതും-ഇതൊക്കെ വച്ച് ജനങ്ങൾ ഇടതുപക്ഷ മുന്നണിയെ പൂവുപോലെ, തിരിച്ചു പാർലമെന്റിൽ അതിശക്തമായി കൊണ്ടുപോകും. അതുകൊണ്ട് ഈ ബഡ്ജറ്റിലെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നു രാവിലെ മുതൽ ആരംഭിച്ച ഈ ചർച്ചയിൽ അവസാനം എന്റെ ബഹുമാന്യനായ ശ്രീ. ടി.കെ. ഹംസയുടെ പ്രസംഗംവരെ കേട്ടപ്പോൾ ഈ സപ്ലിമെന്ററി ബഡ്ജറ്റിനെ അംഗീകരിക്കുകയെന്നുപറഞ്ഞാൽ, കുടുംബത്തിലെ മുടിയനായ പുത്രനു കുടുംബസ്വത്ത് വീതിച്ചുനൽകുമ്പോൾ രക്ഷിതാക്കൾക്കുണ്ടാകുന്ന മാനസികപ്രയാസം എത്രയാണോ അതുപോലെ മാനസികപ്രയാസത്തിലാണു ഞങ്ങൾ. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഒരു അലങ്കാരിക പദപ്രയോഗമല്ല. അതൊരു യാഥാർത്ഥ്യമാണ്. ഈ സംസ്ഥാനത്തുള്ള ഭരണകക്ഷിക്കും പ്രതിപക്ഷത്തിനുമെല്ലാം അറിയാം ഈ സാമ്പത്തികപ്രതിസന്ധി. കൊടുംപിരിക്കൊള്ളുന്ന ഒരു സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ആഡംബരത്തിലും ജീവിതത്തിന്റെ സുഖസൗകര്യങ്ങൾക്കുംവേണ്ടി ഭരണകക്ഷി വാരിക്കോരി പണം ചെലവഴിക്കുമ്പോൾ ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞതിനെക്കാളും ഒരു പടി കടന്നുപറയാനാണ് എനിക്ക് തോന്നുന്നത്. സർ, പാട്ടവും വാരവും നിന്ന് തറവാട്ടിലെ മുഴുവൻ സ്വത്തും വിറ്റ് അവസാനം താമസിക്കുന്ന ഇല്ലപ്പറമ്പും ഇല്ലവും മാത്രം അവശേഷിക്കുന്ന കാരണവൻ ഒടുവിൽ ആ വീട്ടിലെ ചാവടിയന്തരത്തിനും പേറ്റുചോറൂ കൊടുക്കാനും സ്വന്തം ഇല്ലപ്പറമ്പിലെ ഭൂമി അഞ്ചുസെന്റും മൂന്നുസെന്റും എട്ടുസെന്റും വിറ്റ്, ഈ ചോറൂട്ടുമ്പോൾ ചാരുക

LIBRARY ARCHIVES Kerala Legislative Assembly

സേരയിൽ മലർന്നുകിടക്കും. ആ കാരണവരുടെ സ്ഥാനത്താണ് ഞാൻ, ബഹു. മന്ത്രി, അങ്ങയെ കാണുന്നത്. കേരളത്തിലെ സാമ്പത്തിക ഭദ്രത ഇപ്പോൾ നിൽക്കുന്നത് വാസ്തവത്തിൽ എങ്ങനെയെന്ന് അറിയാമോ? ബഹു. ശിവദാസമേനോൻ, അങ്ങയുടെ ഉശിരുള്ള വാക്കിലല്ലേ, നിങ്ങൾ കൈയെടുത്ത് ഉയർത്തി ആവേശത്തിൽ സംസാരിക്കുമ്പോൾ നിങ്ങളുടെ ഊക്കമുള്ള, ഉശിരുള്ള വാക്കിലാണ് ഈ കേരളത്തിന്റെ സാമ്പത്തികഭദ്രത ഉടലെടുക്കുന്നത്. അത് കേട്ടാൽ ആർക്കും തോന്നുകയില്ല ഇവിടെ ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന്. അതിൽ ഞാൻ അങ്ങയെ അനുമോദിക്കുകയാണ്. അതല്ലാതെ സത്യം എന്താണ്? ഇന്നിപ്പോൾ സപ്ലിമെന്ററി ബഡ്ജറ്റുകൂടി പാസ്സാക്കിയാൽ നമ്മുടെ സംസ്ഥാനം മൊത്തമായി ഒരു ഇരുപതിനായിരം കോടി രൂപയുടെ കടബാദ്ധ്യതയിലേയ്ക്ക് കടക്കുകയാണ്. 1997-98-ൽ പതിനാലായിരം കോടി, 1998-99-ൽ 2030 എന്നു നിങ്ങൾ അവകാശപ്പെടുന്നതും വർഷാവസാനമാകുമ്പോൾ അയ്യായിരം കോടിയാകുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. മൊത്തം ഏതാണ്ട് ഇരുപതിനായിരം കോടി രൂപയുടെ കടബാദ്ധ്യതയിലേയ്ക്ക് സംസ്ഥാനം കടക്കുകയാണ്. അതിനുപുറമെയാണ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്ന് അയ്യായിരം കോടി രൂപ എടുക്കുന്ന നമ്മുടെ സംസ്ഥാന സർക്കാരിന്റെ സ്ഥിതി. അപ്പോൾ ഈ സപ്ലിമെന്ററി ബഡ്ജറ്റിലോ 277.15 കോടി രൂപ, അതിൽ പ്ലാൻ എക്സ്പെൻഡിച്ചർ 131.67 കോടി, നോൺ പ്ലാൻ എക്സ്പെൻഡിച്ചർ 145.4. ഏറ്റവും കൂടുതൽ എമൗണ്ട് മാറ്റിവയ്ക്കുന്നത് നോൺ പ്ലാൻ എക്സ്പെൻഡിച്ചറിനാണ്. അത് തിരിച്ചുവരാത്ത പണമാണ്. ഒരു രൂപ വിട്ടാൽ ആ ഒരു രൂപ ഒന്നേകാൽ രൂപയായി തിരിച്ചുവരില്ല എന്നുമാത്രമല്ല ആ ഒന്നിന്റെ പുറകെ അൻപതും എഴുപത്തിയഞ്ചും പൈസ പോകുന്ന നോൺ പ്ലാൻ എക്സ്പെൻഡിച്ചറിനാണ് ഏറ്റവും കൂടുതൽ എമൗണ്ടായി നിങ്ങൾ ഇവിടെ നീക്കിവച്ചിരിക്കുന്നത്. ഇതിനെ എങ്ങനെയാണ് സാർ, ഞങ്ങൾ സപ്പോർട്ടു ചെയ്യുന്നത്? ഇതിനെ എങ്ങനെയാണ് ഞങ്ങൾ അനുകൂലിക്കേണ്ടത്? ഈ ബഡ്ജറ്റിൽ ആഡംബരത്തിന് പണമുണ്ട്. ടൂറിസത്തിന് കാറുകൾ വാങ്ങാൻ 57.76 ലക്ഷമുണ്ട്. ഇവിടെയൊക്കെ ലക്ഷങ്ങൾ ആഡംബരത്തിനുവേണ്ടി ചെലവഴിക്കുകയാണ്. അത്തരം ഒരു ബഡ്ജറ്റിനെ സപ്പോർട്ട് ചെയ്തു പാസ്സാക്കിത്തരാൻ ഞങ്ങൾക്ക് സാധിക്കുമോ? ഒരുപാട് ആളുകൾ ഇവിടെ പരാമർശിച്ചു നേരത്തെ ആരോ ഇവിടെ സംസാരിച്ചു, ശ്രീ. ബാലനാണെന്നു തോന്നുന്നു, സംസാരിച്ചപ്പോൾ ബീഡിത്തൊഴിലാളികൾക്കുവേണ്ടി നീക്കിവച്ച പൈസയെക്കുറിച്ച് അഭിമാനത്തോടുകൂടി സംസാരിച്ചു. അങ്ങേയ്ക്കറിയാമോ മൂന്നുവർഷമായി ഉത്തര മലബാറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ചോരയും നീരും കൊടുത്തു വളർത്തിയ ആളാണ് ഗോവിന്ദൻ മാസ്റ്റർ. അദ്ദേഹത്തെ മറക്കാൻ കഴിയുമോ? മിസ്റ്റർ രാഘവനെ മറക്കാൻ കഴിയുമോ? ശ്രീ. പി.കെ. ബാലനെ മറക്കാൻ കഴിയുമോ? ചോരയും നീരും കൊടുത്തു വളർത്തിയെടുത്ത അവരെ തൊഴിലാളി വർഗ്ഗത്തിന് മറക്കാൻ കഴിയുമോ? ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രി ആയിരിക്കുമ്പോഴാണ് ആ ക്ഷേമനിധി ബോർഡ് ഉണ്ടാക്കിയത്. ആ ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവായ ബാലൻ കുറുപ്പിന് ഒരു മാസത്തെ ശമ്പളം കൊടുത്തില്ല സാർ. റിട്ടയർമെന്റായി അതിനുവേണ്ടി അദ്ദേഹത്തിന് ശമ്പളം കൊടുക്കാതെ നീക്കിവച്ചിരിക്കുകയാണ്. ഒരു ലക്ഷത്തി മൂവായിരം ഉറുപ്പിക, വിയർപ്പൊഴുക്കി പാർട്ടിയെ വളർത്തിയ തൊഴിലാളിവർഗ്ഗത്തോട് ഇതാണ് ചെയ്യുന്നത് നിങ്ങളുടെ പ്രസ്ഥാനം. മൂന്നുവർഷമായി ആ തൊഴിലാളി വർഗ്ഗത്തെ വിസ്മരിച്ച നിങ്ങളുടെ കാലതാമസത്തിന് തൊഴിലാളികൾ ക്ഷമിക്കുമോ എന്ന് പരിശോധിക്കണം. സർ, ഇവിടെ മന്ത്രി പ്രസ്താവിച്ചു എല്ലാ പഞ്ചായത്തിലും ഓരോ മാവേലി സ്റ്റോർ, നല്ല കാര്യമാണ്, ആവശ്യമാണ്. നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ മാർക്കറ്റ് ഇന്റർവെൻഷൻ അനിവാര്യമാണ്. വിലവർദ്ധനവ് പിടിച്ചുനിർത്താൻ ഇപ്പോൾ അറുനൂറോളം മാവേലിസ്റ്റോറുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇനി അഞ്ഞൂറ്

LIBRARY ARCHIVES Kerala Legislative Assembly

വേണം. അറുന്നൂറ് മാവേലി സ്റ്റോർ നടത്താൻ 50 കോടി മാറ്റി, അഞ്ഞൂറ് മാവേലിസ്റ്റോർ നടത്താൻ നിങ്ങൾ എന്താണ് മാറ്റിവച്ചത്? പത്തുകോടി ആണോ? പത്തുകോടികൊണ്ട് അഞ്ഞൂറ് മാവേലിസ്റ്റോറുകൾ കേരളത്തിൽ ഉണ്ടാക്കാൻ പറ്റുമോ? കേരളത്തിലെ സാധാരണക്കാരന് ഈ കുതിച്ചുയരുന്ന വിലനിലവാരത്തിൽനിന്നുരക്ഷനേടാൻ ഒരു മാവേലിസ്റ്റോർ ഒരു പഞ്ചായത്തിൽ അനുഗ്രഹമാണ്. ആ മാവേലിസ്റ്റോർ തുടങ്ങാനുള്ള പണം നിങ്ങൾ മാറ്റിവച്ചോ? നിങ്ങൾ മാറ്റിവച്ചില്ല. നിങ്ങൾ കേവലം 10 കോടി രൂപ മാത്രമാണ് മാറ്റിവച്ചത്. നാട് തകർന്നുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തെ, അപ്പുറത്തെ ഒട്ടുമിക്ക സ്നേഹിതൻമാരുടെയും പ്രസംഗം ഞാൻ കേട്ടു. ജനകീയാസൂത്രണത്തെക്കുറിച്ച്, ഡി.പി.ഇ.പി.യെക്കുറിതച്ചൊക്കെ അവർ വാചാലമായി സംസാരിച്ചു. ഒരു പുതിയ കേരളത്തിന്റെ പിറവിയെ നിങ്ങൾ സ്വപ്നം കാണുന്നു. ഒരു പുതിയ നൂറ്റാണ്ടിനെ നിങ്ങൾ സ്വപ്നം കാണുകയാണ്. ഒരു പുതിയ കുസുമം കേരളത്തിന്റെ രാഷ്ട്രയമണ്ഡലത്തിൽ പൊട്ടിമുളച്ചു വിടർന്ന് വരുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുകയാണ്. അതിനു നേതൃത്വം കൊടുക്കാൻ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു മൂന്നാം മുന്നണി അധികാരത്തിൽ വരുമെന്ന് നിങ്ങൾ സ്വപ്നം കാണുകയാണ്. ഇവിടെ ശ്രീ. ജയദേവൻ സൂചിപ്പിച്ച സ്വപ്നമുണ്ടല്ലോ, യഥാർത്ഥമായ ആ സ്വപ്നത്തെപ്പറ്റി ഒരു വസ്തുതകൂടി അങ്ങ് ഓർക്കുന്നത് നല്ലതാണ്; ജർമ്മനിയിലാണ് ആദ്യമായി കമ്മ്യൂണിസം ഉടലെടുത്തത്. ആ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ആദ്യമായി തള്ളിപ്പറഞ്ഞതും ജർമ്മനിയിലാണ്. റോമൻ കോർപ്പറേഷന്റെ മേയർ ആയിരുന്ന പെർലിങർ നേതൃത്വം കൊടുത്തതാണ് യൂറോ കമ്മ്യൂണിസം. യൂറോ കമ്മ്യൂണിസം ഉടലെടുത്ത് അവിടെ പടർന്നു പത്തുവർഷം കഴിയുമ്പോഴേയ്ക്ക് ചിലി സ്വതന്ത്രരാഷ്ട്രമായി. ചെക്കോസ്ലോവിയാ സ്വതന്ത്രരാഷ്ട്രമായി. ലോകത്തിലെ ഒരുപാട് രാജ്യങ്ങളിലേയ്ക്ക് അത് പടർന്നു. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൈവിലങ്ങ് പൊട്ടിച്ച് യൂറോപ്യൻ കമ്മ്യൂണിസം ഉയർന്നുവന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ നിങ്ങൾക്ക് വിസ്മരിക്കാൻ സാധിക്കുമോ? അതിനെക്കുറിച്ചൊന്നും കൂടുതലായി സംസാരിക്കുന്നില്ല. ആ മൂന്നാം മുന്നണിയെക്കുറിച്ച് നിങ്ങൾ അതുപോലെ സ്വപ്നം കാണുകയാണ്. സ്വപ്നജീവികളുടെ പൂന്തോട്ടമാണ് കമ്മ്യൂണിസം. ഭാവനയിൽ ഒഴുകിത്തുടുക്കുന്ന ആവേശത്തിന്റെ ആൾരൂപമാണ് ഓരോ കമ്മ്യൂണിസ്റ്റുകാരനും. എന്റെ വാക്കല്ല, ഒരുപാട് ഒരുപാട് ബുദ്ധിജീവികൾ ഈ ലോക രാഷ്ട്രീയരംഗത്ത് കമ്മ്യൂണിസത്തെക്കുറിച്ച് പറഞ്ഞ അഭിപ്രായമാണ്. ഇവിടെ നിങ്ങളും അതുപോലെതന്നെയാണ്. സ്വപ്നജീവികളുടെ പൂന്തോട്ടമാണ് കമ്മ്യൂണിസം. ഭാവനയിൽ ഒഴുകിത്തുടിക്കുന്ന ആവേശത്തിന്റെ ആൾരൂപമാണ് കമ്മ്യൂണിസ്റ്റുകാർ-മനസ്സിലായില്ലേ? ഇവിടെ മൂന്നാം മുന്നണിയെക്കുറിച്ച് ഇവിടെ നിങ്ങൾ കാണുന്ന സ്വപ്നമുണ്ടല്ലോ. ആരെങ്കിലും കുതിരവട്ടത്തേയ്ക്ക് പോകുമ്പോൾ ഞാൻ രോഗിയാണെന്ന് പറയാറില്ല. കാണുന്നവർക്കാണ് രോഗം. അവിടെ പോകുന്ന രോഗിക്ക് രോഗം ഉണ്ടെന്ന് തോന്നാറില്ല. പക്ഷേ ഒക്കെ ഭേദമായി പുറത്തുവരുമ്പോൾ തോന്നും എനിക്ക് അസുഖമുണ്ടായിരുന്നു എന്ന്. ഇപ്പോൾ ഈ ഭ്രാന്തിന്റെ രംഗത്ത് ടെമ്പററി ഇൻസാനിറ്റിയുണ്ട്. ശ്രീ. ഹംസ കേൾക്കണം. ടെമ്പററി ഇൻസാനിറ്റി എന്നുപറയുന്ന ഒരു രോഗമുണ്ട്, തുടർച്ചയായിട്ട് ഉണ്ടാകുകയില്ല. അത് വല്ലപ്പോഴുമേ ഉണ്ടാകൂ. ഇപ്പോൾ നിങ്ങൾ ആ അവസ്ഥയിലാണ്. ഇടയ്ക്കിടയ്ക്ക് നിങ്ങൾക്ക് ടെംപ് ഇൻസാനിറ്റിയാണ്. ആനത്തലവട്ടത്തിന് അത് കൂടിക്കൂടി വരികയാണ്. ചികിത്സിക്കുന്നത് നല്ലതാണ്. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ തെരഞ്ഞെടുപ്പിന് മൂന്നാം മുന്നണിയുണ്ടായില്ലേ സർ, ഉണ്ടായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിന് മൂന്നാം മുന്നണിയുണ്ടായിരുന്നു. നിങ്ങൾ തട്ടിക്കൂട്ടിയ മൂന്നാം മുന്നണിയിൽ ആരൊക്കെയുണ്ടായിരുന്നു? തമിഴ്നാട്ടിൽ കരുണാനിധിയുണ്ടായിരുന്നു, ആന്ധ്രയിൽ ചന്ദ്രബാബു നായിഡു, നിങ്ങളുടെ കൺവീനർ ആയിരുന്നു, ആസാമിൽ

LIBRARY ARCHIVES Kerala Legislative Assembly

മൊഹന്തയുണ്ടായിരുന്നു. കാശ്മീരിൽ ഫറൂക്ക് ഉണ്ടായിരുന്നു. ഇവരൊക്കെ ഒരുമിച്ചിട്ടുപോലും, ഇരുമ്പുലക്ക പോലത്തെ ജനതാദൾ നിങ്ങളുടെ കൂടെ ഉണ്ടായിട്ടും, അധികാരത്തിന്റെ നാലയൽപക്കത്തെത്താൻ കഴിയാത്ത നിങ്ങളുടെ മൂന്നാം മുന്നണി! ഇക്കുറി നിങ്ങളുടെ ഒപ്പം കരുണാനിധിയുണ്ടോ? നിങ്ങളോടൊപ്പം ചന്ദ്രബാബു നായിഡു ഉണ്ടോ? ഇക്കുറി നിങ്ങളോടൊപ്പം മൊഹന്തയുണ്ടോ? ഇക്കുറി നിങ്ങളോടൊപ്പം ഫറൂക്ക് അബ്ദുള്ളയുണ്ടോ? ഇക്കുറി നിങ്ങളോടൊപ്പം പട്ടേലുണ്ടോ, കർണ്ണാടകയിലെ ജനതാദൾ മുഖ്യമന്ത്രി? ഇക്കുറി നിങ്ങളോടൊപ്പം രാംവിലാസ് പാസ്വാൻ ഉണ്ടോ? ഈ മഹാരഥൻമാരൊക്കെ ഒഴിഞ്ഞുപോയി. ഒരു മൂന്നാംമുന്നണി ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്കു തിരിച്ചുവരുമെന്നു പറഞ്ഞാൽ നിങ്ങളുടെ ബുദ്ധിക്ക് സാരമായ തരക്കേടില്ലേ, പരിശോധിക്കണ്ടേ? നിങ്ങൾ പ്രസവിക്കാത്ത ഗർഭം പേറുന്ന രോഗികളാണ്. നിങ്ങൾ മൂന്നാം മുന്നണിയെ പ്രസവിക്കുമെന്ന് സ്വപ്നം കാണുകയാണ്. നമ്മുടെ നാട്ടിൽ ചില സ്ത്രീകൾക്ക് ചില രോഗം വരാറുണ്ട്, എന്താണെന്ന് അറിയാമോ, അതിന് ഗുൻമൻ എന്നാണ് പറയുക. പ്രസവിക്കാത്ത ചില സ്ത്രീകൾക്കു ഗുൻമൻ വന്നാൽ 'ഇതു ഗർഭമാണ്' എന്നു തോന്നും; ഗർഭത്തിന്റെ ആലസ്യമൊക്കയുണ്ടാകും. പക്ഷേ പത്തുമാസം കഴിഞ്ഞാലും പ്രസവിക്കുകയില്ല. അപ്പോഴാണ് ഡോക്ടറെ കാണാൻ പോകുക, ഡോക്ടർ പരിശോധിച്ചിട്ട് പറയും ഇത് മാംസപിണ്ഡം വളരുകയാണ്; ഇതു ഗുൻമനാണ്, ഇതിന് സർജറിയാണ് ആവശ്യം, നിങ്ങൾ പേറുന്ന മൂന്നാം മുന്നണിയെന്നു പറയുന്ന ഗർഭം പ്രസവിക്കില്ല. അത് അവസാനം സർജറിയ്ക്ക് വിധേയമാകേണ്ടിവരും. അതിൽ നിന്നും മാംസപിണ്ഡം പുറത്തെടുക്കേണ്ടിവരും. അപ്പോഴാണ് ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തെക്കുറിച്ചുള്ള യഥാർത്ഥ്യബോധം നിങ്ങൾക്കുണ്ടാവുക. മൂന്നാംമുന്നണിയെക്കുറിച്ച് ഞാൻ അത്രയേ പറയുന്നുള്ളൂ. നിങ്ങളിപ്പോൾ രാഷ്ട്രീയത്തിന്റെ സർജറിയാണ് കാണാത്തത്. പക്ഷേ, കേരളത്തിന്റെ രാഷ്ട്രീയമണ്ഡലത്തിൽ നിങ്ങൾ ഒരുപാട് സർജറി നടത്തുന്നവരാണ്. ഒരുപാട് സർജറി നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെകൂട്ടത്തിൽ സർജൻമാരുണ്ട്. ഡോ. നീലലോഹിതദാസൻ നാടാരൊക്കെ നല്ല സർജറി ഡോക്ടർമാരാണ്. അദ്ദേഹത്തിന്റെ വകുപ്പിന്റെ ഒരു കഥ നിങ്ങൾക്കറിയാമോ? ആരോ ഇവിടെ അത് ലഘുവായി പരാമർശിച്ചുവെന്ന് എനിക്കു തോന്നുന്നു. വയനാട് താലൂക്കിലെ ബേഗൂർ റേഞ്ചിൽ 1988 മുതൽ വനഭൂമി കയ്യേറി ബ്രഹ്മഗിരി എസ്റ്റേറ്റിനോട് ചേർത്തു. കോടിക്കണക്കിന് രൂപയുടെ മരം മുറിച്ച സമയം. 1988-ൽ ആരംഭിച്ച മരംമുറി 1995 വരെ തുടർന്നു. അന്ന് ഞങ്ങൾ ഭരിക്കുകയാണ്. 1995-ൽ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. അത് തടഞ്ഞു. തടഞ്ഞുവെന്നു മാത്രമല്ല ജണ്ടയൊക്കെ ഇട്ട് വേർതിരിച്ചു. അത് അന്വേഷിക്കാൻ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ വിജിലൻസിലെ ശ്രീവാസ്തവയെ അന്വേഷണ കമ്മിഷനായി നിയമിച്ചു. അദ്ദേഹം അത് അന്വേഷിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് കൊടുത്തു. 5.11.98-ൽ റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. നിയമസഭയിൽ ശ്രീ. ടി.എം. ജേക്കബ് ചോദിച്ച ചോദ്യത്തിന് മന്ത്രി ഉത്തരം പറഞ്ഞു; 'ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്'. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടേയും അതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാരുടേയും ലയബിലിറ്റി ഫിക്സ് ചെയ്താൽ നടപടിയെടുക്കുമെന്ന് പറഞ്ഞു. ആ കമ്മിഷൻ റിപ്പോർട്ട് വളരെ സ്പെസിഫിക്കായി ഈ ഗവൺമെന്റിന് കൊടുത്തു. ഇത് കോടതി ഡോക്കുമെന്റാണ്. കമ്മിഷൻ റിപ്പോർട്ട്, കോടതിയിൽ ഡോക്കുമെന്റായി Ext.P8 ആയി കൊടുത്തരേഖയാണ്. ഇതിനകത്ത് കമ്മിഷൻ സവിസ്തരം പരിശോധിച്ച്, ഓരോരോ നമ്പറിൽനിന്നും മുറിച്ച മരത്തിന്റെ കണക്കുകൾ അടക്കം നൽകിയിട്ടുണ്ട്. red cedar, White cedar, rose wood, തേക്ക്, ചടച്ചി, കരിമുത്തി ഇതെല്ലാം വളരെ വിലപിടിപ്പുള്ള മരങ്ങളാണ്. കോടിക്കണക്കിന് രൂപയുടെ മരം മുറിച്ചുകൊണ്ടുപോയി. അതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാരുടെ പേരുകൾ അടക്കം



LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത് കമ്മീഷൻ റിപ്പോർട്ടിൽ വളരെ സ്പെസിഫിക്കായി പറഞ്ഞിരിക്കുന്നു; "However, there is prima facie cases of serious lapses on part of officials as described in the above para and they deserve disciplinary action against them." ഇത്രയും ക്ലിയറായ ഒരു റിപ്പോർട്ട് കൊടുത്തിട്ട്, ഇത്രയും ക്ലിയറായ ഒരു കണക്ക് കൊടുത്തിട്ട്; ഈ ഗവൺമെന്റ് ഈ സമയംവരെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്തോ? കാര്യക്ഷമതയുള്ള ഒരു ഗവൺമെന്റാണെന്ന് ശ്രീ. ടി.കെ. ഹംസ ഇവിടെ വീമ്പിളക്കി സംസാരിച്ചില്ലേ? ഈ ഗവൺമെന്റിനെപ്പോലെ പ്രവർത്തിച്ച ഒരു ഗവൺമെന്റ് ഇല്ലെന്ന് ശ്രീ. ഹംസ പറഞ്ഞില്ലേ? ഞാൻ ചോദിക്കുകയാണ് ഇത്രയും വ്യക്തമായ രേഖകൾ നിങ്ങളുടെ മുന്നിൽ കിട്ടിയിട്ട് സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥൻമാർ, രണ്ടു പേർ റിട്ടയർചെയ്തുപോയി. കോടിക്കണക്കിനു രൂപയുടെ മരം മുറിച്ച് സ്വന്തം സ്വത്തായി മാറ്റിയ ബ്രഹ്മഗിരി എസ്റ്റേറ്റുകാരന് എതിരെയോ അതിനുകൂട്ടു നിന്ന ഒരു ഉദ്യോഗസ്ഥന്റെ പേരിലോ ഒരു നോട്ടീസ് അയയ്ക്കാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. എന്നുമാത്രമല്ല, എന്തുചെയ്തുവെന്ന് അറിയാമോ? വീണ്ടും നമ്മുടെ മന്ത്രി അന്വേഷിക്കാൻ ഓർഡർ കൊടുത്തിരിക്കുകയാണ്. എന്താണ് ഇതിന്റെ ലക്ഷ്യം? ഇത്രയും വ്യക്തമായി ഒരു കേസ്സ് അന്വേഷിച്ച ശ്രീവാസ്തവ എന്നുപറയുന്ന ഉദ്യോഗസ്ഥൻ ഈ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ട് നിങ്ങൾ എന്തിനാ ആ റിപ്പോർട്ട് മാറ്റിവച്ചിട്ട് മറ്റൊരു അന്വേഷണത്തിന് ഉത്തരവ് കൊടുത്തത്? ഇവിടെ ശ്രീ. ടി.കെ. ഹംസ പറഞ്ഞില്ലേ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ പോകുന്നു എന്ന്. നിങ്ങൾക്ക് എറാൻമൂളുന്ന നാലഞ്ച് ഞാഞ്ഞൂൽ പോലീസുകാരെ വിജിലൻസായി വച്ച് ഓരോരോ ആളുകളുടെ കേസ്സും അന്വേഷിച്ച് നിങ്ങൾക്ക് ആവശ്യമുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്യാം. നിങ്ങൾക്ക് ആവശ്യമില്ലാത്ത കേസ്സുകൾ തള്ളിക്കളയുക. അതിന് കൂട്ടുനിൽക്കുന്ന ഇത്തിരി പോലീസുകാരെ വച്ച് ഈ നാട് വിറപ്പിക്കാമെന്ന് നിങ്ങൾ കരുതേണ്ട. നിങ്ങൾക്കാവശ്യമുള്ള കമ്മിഷൻ റിപ്പോർട്ട് നിങ്ങൾ ധൃതിപിടിച്ച് വാങ്ങുമല്ലോ. ഞാൻ ചോദിക്കട്ടെ, ശബരിമല ദുരന്തം അന്വേഷിക്കാൻ ചന്ദ്രശേഖരമേനോൻ കമ്മിഷനെ വച്ചു. ആ കമ്മിഷന് നിങ്ങൾ സ്റ്റാഫിനെ കൊടുത്തോ? ആ കമ്മിഷന് പ്രവർത്തിക്കാൻ നിങ്ങൾ എന്തെങ്കിലും സൗകര്യം കൊടുത്തോ? എന്താ കാര്യം? ശബരിമലയിലെ ദുരന്തത്തിന്റെ റിപ്പോർട്ട് വന്നാൽ അത് നിങ്ങൾക്കെതിരായിരിക്കുമെന്ന് നിങ്ങൾക്കറിയാം. എന്താ ഭാസ്കരമേനോൻ കമ്മിഷൻ? അത് നിങ്ങൾക്ക് അനുകൂലമാകുമെന്നറിയാം. അതൊരു കൂട്ടുകച്ചവടമാണല്ലോ. നിങ്ങൾ ചോദിച്ചില്ലേ കട്ട ഞങ്ങളുടെ മന്ത്രിമാർക്കെതിരെ എത്ര കേസ്സാണെന്ന്. ഏത് കേസ്സാണ്? കോടതി കണ്ട കേസ്സ് നിങ്ങൾക്ക് പറയാമോ? പാമോയിൽ കേസ്സ് കോടതി തള്ളിയ കേസ്സല്ലേ? നിങ്ങൾ പറഞ്ഞാൽ കേൾക്കുന്ന അഞ്ച് പോലീസുകാരെ വച്ച് നടത്തിയ കേസ്സാണ്. എന്താണ് ശ്രീ. ടി.എം. ജേക്കബിന്റെ പേരിലെ കേസ്സ്? ഈ ഭാഗത്തുള്ള ഓരോ ആളുകളുടേയും പേരിലുള്ള കേസ്സ് എന്താണ്? കോടതി കണ്ടെത്തിയ കേസ്സാണോ? ബ്രഹ്മപുരം കേസ്സ് കോടതി തള്ളിയ കേസ്സ് അല്ലേ? നിങ്ങൾക്ക് പറ്റുന്ന ഉദ്യോഗസ്ഥരെ വച്ച് ആരുടെ പേരിലും കേസ്സെടുക്കാൻ നിങ്ങൾക്ക് വല്ല തടസ്സവുമുണ്ടോ? പക്ഷേ, നിങ്ങൾ ധരിക്കേണ്ട. കൊള്ളാവുന്ന സമയമാണെന്ന് കരുതി പുലരുന്നതുവരെ കക്കാൻ നിങ്ങൾ നിൽക്കേണ്ട. ഇതിന് പരിധിയുണ്ട്. ഒരു രാത്രിക്ക് ഒരു പകൽ ഉണ്ടെന്ന ഓർമ്മ നിങ്ങൾക്ക് വേണം. പ്രതിപക്ഷത്തിരിക്കുന്ന മുൻ മന്ത്രിമാരേയും എം.എൽ.എ.മാരെയും കള്ളക്കേസ്സിൽ കുടുക്കാൻ നിങ്ങൾ നാലഞ്ച് പോലീസുകാരെവച്ച് വിജിലൻസ് എന്ന് പറഞ്ഞ് വിറപ്പിക്കാൻ നോക്കേണ്ട. അതിന്റെ മുന്നിൽ നിന്ന് കിടുങ്ങിപ്പോകുന്നവരല്ല പ്രതിപക്ഷത്തിരിക്കുന്നവരെന്നു നിങ്ങൾ ധരിക്കണം. ഞങ്ങൾ ഈ നിയമസഭയിൽ എത്ര ആരോപണം ഉന്നയിച്ചു. നിങ്ങൾ എന്തിനെങ്കിലും വ്യക്തമായ മറുപടി പറഞ്ഞോ? കഴിഞ്ഞ ദിവസം ശ്രീ. ടി.എം. ജേക്കബ് പുഴി വാരുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ല്ലോ. പൂഴിവാരുന്നതിനെക്കുറിച്ച് ശ്രീ. ടി.എം. ജേക്കബ് ആരോപണം ഉന്നയിച്ചു. നിങ്ങൾ മൂന്നു മന്ത്രിമാർ മറുപടി പറഞ്ഞില്ലേ? ശ്രീ. ശിവദാസമേനോൻ പറഞ്ഞു, ഡോ. നീലലോഹിത ദാസൻ നാടാർ പറഞ്ഞു, ബഹു. മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം ചൂണ്ടിക്കാണിച്ച ഏതെങ്കിലും ഒരു പോയിന്റിന് നിങ്ങൾ ഉത്തരം പറഞ്ഞോ? ബഹു. മന്ത്രി പറഞ്ഞു ചന്ദ്രനെപ്പോലെ പരിശുദ്ധിയുള്ള നായനാരുടെ പൊതുജീവിതത്തിൽ ഇതുപോലെ മണൽവാരി എറിഞ്ഞാലൊന്നും അവിടെ കൊള്ളുകയില്ലെന്ന്. നിങ്ങൾ ഉത്തരം പറഞ്ഞോ? ശ്രീ. ടി. എം. ജേക്കബ് എന്താണ് പറഞ്ഞത്? അദ്ദേഹം വളരെ സ്പെസിഫിക്കായി മൂന്നുനാല് പോയിന്റുകൾ നിങ്ങളോട് പറഞ്ഞു. ഈ പൂഴി വാരാൻ കെ.സി. രവീന്ദ്രനും, നൗഷാദ് ഖാനും മാത്രമാണോ അപേക്ഷതന്നത്? അല്ല. മന്ത്രി നീലലോഹിതദാസൻ നാടാർ പറഞ്ഞു വളരെയധികം ആളുകൾ അപേക്ഷതന്നിട്ടുണ്ടെന്ന്. ആ തന്നവരിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് നിങ്ങൾ രവീന്ദ്രന് പെർമിഷൻ കൊടുത്തത്? നൗഷാദിന് കൊടുത്തത്? നിങ്ങൾ ഉത്തരം പറഞ്ഞോ? ഇല്ല. ഈ രവീന്ദ്രന്റെ അപേക്ഷ സർക്കാരിലേയ്ക്ക് വരുന്നത് 23.3.98-ലാണ്. അത് അനുവദിക്കുന്നത് 29.3.98-ലാണ്. 6 ദിവസം! നൗഷാദ്ഖാൻ അപേക്ഷ കൊടുക്കുന്നത് 23.3.98-ലാണ്. അനുവദിച്ച് കൊടുക്കുന്നത് 27.3.98-ലാണ്. 4 ദിവസം! ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിലൂടെ അപേക്ഷ ഗവൺമെന്റിൽ വന്നു. ഗവൺമെന്റ് അനുവദിച്ചുകൊടുക്കുകയാണ്. ഇങ്ങനെ നിങ്ങൾ അനുവാദം കൊടുക്കുമ്പോൾ ശ്രീ. ടി.എം. ജേക്കബ് സ്പെസിഫിക്കായി നിങ്ങളോട് ചോദിച്ചു, 12.12.96-ലെ സുപ്രീംകോടതി വിധി നിലവിലില്ലേ എന്ന്. കൊടുക്കാൻ പാടില്ലെന്നുള്ള 7.8.97-ലെ എ.ജി.യുടെ ലീഗൽ ഒപ്പീനിയൻ റിട്ടണായിട്ടുള്ളത് നിങ്ങളുടെ മുന്നിലില്ലേ? 6.3.98-ലെ കൊടുക്കാൻ പാടില്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ കത്ത് നിങ്ങളുടെ സർക്കാരിന്റെ മുന്നിലില്ലേ? ശ്രീ. നീലലോഹിതദാസൻ നാടാർ അതിന് ഉത്തരം പറഞ്ഞോ? ഇതെല്ലാം നിങ്ങളുടെ സർക്കാരിന്റെ മേശപ്പുറത്ത് ഇരിക്കുകയല്ലേ? നിങ്ങൾ നാല് ദിവസവും ആറ് ദിവസവും കൊണ്ടാണ് നൗഷാദ്ഖാന്റെയും രവീന്ദ്രന്റെയും ലൈസൻസ് 1998 മാർച്ച് മാസം കൊടുത്തത്. മൂന്നാമത് ശ്രീ. ടി.എം. ജേക്കബ് ചോദിച്ചു ആരാണ് ഈ കെ.സി. രവീന്ദ്രൻ എന്ന്. നിങ്ങൾ ഉത്തരം പറഞ്ഞോ? ഞാൻ ബഹു. മുഖ്യമന്ത്രിയോട് പറയട്ടെ, അങ്ങയുടെ മരുമകൻ അങ്ങയുടെ മകളുടെ കഴുത്തിൽ താലികെട്ടുന്നതിന് മുമ്പ് രവീന്ദ്രൻ എന്റെ സുഹൃത്താണ്. ഞാനും രവീന്ദ്രനും ഒരുമിച്ച് പഠിച്ചവരാണ്. എന്റെ തറവാട്ടുവീടിന്റെ തൊട്ടടുത്താണ് രവീന്ദ്രൻ. ആ രവീന്ദ്രനെ സ്വന്തം മകളുടെ ഭർത്താവാണെന്ന് ഇത്രയും ആളുകൾ കേൾക്കെ പറയാനുള്ള നട്ടെല്ല് നിങ്ങൾക്ക് ഇല്ലാതെ പോയത് കഷ്ടമല്ലേ? എന്റെ സുഹൃത്തിനോട് നിങ്ങൾ ചെയ്ത ഒരു കടുത്ത അനീതിയല്ലേ? എനിക്ക് അതിൽ പ്രതിഷേധമുണ്ട്. അങ്ങേയ്ക്ക് തന്റേടത്തോടുകൂടി പറഞ്ഞുകൂടെ? ഞാൻ ചോദിക്കുന്നു അങ്ങയുടെ മരുമകന് പൂഴി വാരാൻ ലൈസൻസ് കൊടുത്താൽ അതിൽ എന്താണ് തെറ്റ്? നിങ്ങൾക്ക് എന്തുകൊണ്ട് അത് പറഞ്ഞുകൂടാ? നിങ്ങൾ അത് പറയാത്തതു നിങ്ങളുടെ കുറ്റബോധം കൊണ്ടല്ലേ? ഞങ്ങളെയൊക്കെ സംശയിപ്പിക്കുന്നത് അതല്ലേ? ഇതു മറച്ചുവച്ചുകൊണ്ട് സംസാരിക്കുമ്പോഴാണ് നിങ്ങളിൽ എന്തോ............... something wrong എന്ന് എനിക്ക് തോന്നിയത്. അല്ലേ? നിങ്ങൾ എന്തുകൊണ്ട് പറഞ്ഞില്ല?

മി. സ്പീക്കർ : ഇത് ഇവിടെ ഉന്നയിച്ചതാണ്. അത് പറയേണ്ട.

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ ആ ചാപ്റ്റർ വിട്ടു. ഞാൻ സ്പീക്കറെ അംഗീകരിക്കുന്നു. ബഹു: മുഖ്യമന്ത്രി നേരിട്ട് അഴിമതി നടത്തി എന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. 'അങ്ങ് അങ്ങയുടെ മക്കൾക്കും അങ്ങയുടെ മരുമക്കൾക്കും അവിഹിതമായി സ്വത്തു സമ്പാദിക്കാൻ അങ്ങയുടെ ഭരണം, ഭരണയന്ത്രം കൈവിട്ട് ചലിപ്പിച്ചു' എന്നാണ് ഞങ്ങളുടെ ആരോപണം.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്കാർക്കും ഇതിന് ഉത്തരം പറയാൻ പറ്റിയില്ല. നിങ്ങളാരും അതിന് ഒരു പിൻപോയിന്റ് ഉത്തരം പറഞ്ഞില്ല. എന്തേ നിങ്ങൾക്ക് ഉത്തരം പറയാൻ സാധിക്കാതെ പോയത്? ഞാൻ കഴിഞ്ഞ നിയമസഭയിൽ എ.ജി.യെക്കുറിച്ച് പറഞ്ഞു. ബഹു. മുഖ്യമന്ത്രി ഒരു പരാമർശം നടത്തിയോ? കഴിഞ്ഞ നിയമസഭയിൽ അങ്ങയുടെ ഓഫീസിലെ ഉന്നതരെക്കുറിച്ച് ആരോപണം പറഞ്ഞു. അങ്ങ് ഒരു പരാമർശം നടത്തിയോ? സഭയുടെ രേഖയിൽ കിടക്കുകയല്ലേ? അങ്ങേയ്ക്ക് ഇതിനൊന്നും മറുപടി പറയാൻ സാധിക്കാതെ പോകുന്നതിന്റെ കാരണമെന്താണ്? ഒന്ന് സ്വയം ആലോചിക്കണ്ടേ? ആരാണ് ഇതിനുത്തരവാദി? അങ്ങ് ഉത്തരം കാണണം. അങ്ങയുടെ ഓഫീസിനെക്കുറിച്ച് എന്തെല്ലാം കഥകൾ പുറത്തുവന്നിരിക്കുന്നു? വീക്കിലിയിൽ എന്തെല്ലാം വരുന്നു. അങ്ങ് വായിക്കാറുണ്ടോ? അതിനൊക്കെ ഉത്തരവാദി അങ്ങാണെന്നു ഞങ്ങൾ പറയുന്നില്ല. അങ്ങ് അറിഞ്ഞുകൊണ്ടാണെന്നും ഞങ്ങൾ പറയുന്നില്ല. പക്ഷേ അങ്ങേയ്ക്ക് ധാർമ്മികമായ ബാദ്ധ്യതയില്ലേ? ഒഴിയാൻ പറ്റുമോ? കേരളത്തിന്റെ മുഖ്യമന്ത്രി ഞങ്ങളുടെ മുഖ്യമന്ത്രിയാണ്, ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങേയ്ക്ക് അങ്ങയുടെ ഒരു ഡിഗ്നിറ്റി അനിവാര്യമാണ്.

സർ, മിനിഞ്ഞാന്നത്തെ മനോരമ പത്രമാണ് എന്റെ കൈയിലുള്ളത്. ''കയ്യൂർ- നായനാരുടെ നായകത്വം വീണ്ടും വിവാദത്തിലേയ്ക്ക്'' എന്ന തലക്കെട്ടിൽ ഇതിൽ ഒരു വാർത്തയുണ്ട്. ഞാൻ ഇത് അങ്ങയെ വിമർശിക്കാൻ പറയുകയല്ല. അങ്ങ് വായ തുറക്കണം. അങ്ങ് ഒരു പ്രസ്താവനയിറക്കണം. അങ്ങേയ്ക്ക് ഈ സമരത്തിൽ പങ്കുണ്ടോ? ചോദ്യമാണ്.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u>) : അതിന് ശ്രീ. നായനാർ മറുപടി പറയണ്ട. ചരിത്രം മറുപടി പറയും.

<u>ശ്രീ. കെ. സുധാകരൻ</u> : ഇതു മിനിഞ്ഞാന്നത്തെ പത്രമാണ്. ഇതിനകത്ത് അങ്ങ് പറയുന്നത് '' വ്യക്തിപരമായി എന്നെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു അദ്ധ്യായമാണ് ഇത്. കയ്യൂർ കേസ്സിലെ മൂന്നാം പ്രതിയായിരുന്ന ഞാൻ ഒളിവിലായിരുന്നു. അതുകൊണ്ട് എന്നെ പിടിക്കാൻ കിട്ടിയില്ല. ഞാനൊഴികെയുള്ള ആദ്യ നാലു പ്രതികളും തൂക്കിക്കൊല്ലുകയായിരുന്നുവെന്നു നിങ്ങൾക്ക് അറിയാമല്ലോ.''

അങ്ങയുടെ "ഒളിവുകാലസ്മൃതികൾ" എന്ന പുസ്തകത്തിൽ അങ്ങ് അവകാശപ്പെടുന്നത്-"കയ്യൂർ സമരം നയിക്കാൻ എന്നോട് പറഞ്ഞതും ഒളിവുജീവിതത്തിനുവേണ്ട സങ്കേതങ്ങൾ ഏർപ്പെടുത്തിയതും കൃഷ്ണപിള്ളയായിരുന്നു." കൃഷ്ണപിള്ളയുടെ കത്തുകിട്ടി. കയ്യൂരിൽ പോകൂ, പ്രവർത്തിക്കൂ എന്നു പറഞ്ഞപ്പോൾ അങ്ങ് കയ്യൂരിൽ പോയി എന്നാണ്.

ശ്രീമതി സുശീലാ ഗോപാലന്റെ മകളുടെ ഭർത്താവ് കരുണാകരൻ ചെയർമാനായ കമ്മിറ്റി കയ്യൂരിനെക്കുറിച്ച് ഒരു സ്മരണിക ഇറക്കിയിട്ടുണ്ട്. ആ സ്മരണയിൽ പറയുന്നത്, അങ്ങേയ്ക്ക് ഈ സമരവുമായി ഒരു ബന്ധവുമില്ലെന്നാണ്. ഞങ്ങളല്ല പറയുന്നത് '' കാലം മറയ്ക്കാത്ത ഓർമ്മകൾ'' അദ്ധ്യായം 5, പേജ് 34, ഖണ്ഡിക 8 അതിൽ ബഹു. നായനാർ പറയുന്നത്, ''ഞാൻ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പ്രതികളിൽ ഒരാളാണ്. ആശുപത്രിയിൽ പോകാൻ എനിക്ക് മാർഗ്ഗമില്ല. മലബാറിൽ പോകാൻ എനിക്ക് മാർഗ്ഗമില്ല. മലബാറിൽ ആശുപത്രിയിൽപോയാൽ അറസ്റ്റ് ചെയ്യും, മംഗലാപുരത്ത് ആശുപത്രിയിൽ പോകാം. രാത്രി മംഗലാപുരത്തേയ്ക്ക് പുറപ്പെട്ടു.''

LIBRARY ARCHIVES Kerala Legislative Assembly

സർ, അങ്ങ് ഒരിക്കൽ പറയുന്നു ''ഞാൻ 3-ാം പ്രതിയാണ്, എന്നെ പിടിക്കാത്തതുകൊണ്ട് എന്നെ ഒഴിവാക്കി. 60 പേരുടെ ചാർജ്ജ്ഷീറ്റ് കൊടുത്തു'' എന്ന്. അങ്ങയുടെ പാർട്ടി പത്രത്തിലും അത് പറഞ്ഞു. ശ്രീ. പിണറായി വിജയന്റെ പത്രപ്രസ്താവനയിലും പറയുന്നു. 60 പ്രതികളേ ഉണ്ടായിട്ടുള്ളൂ. വിചാരണ നടത്തിയത് 69 ആളുകളെയാണ്. പിന്നെ അങ്ങയെ എപ്പോഴാണ് തൂക്കിക്കൊല്ലാൻ വിധിച്ചത്? അങ്ങയെ തൂക്കിക്കൊല്ലാൻ വിധിച്ചത് എപ്പോഴാണ്? അതുമാത്രമല്ല, നിങ്ങൾ ഈ സമരത്തിന്റെ ചർച്ചയ്ക്കു പോലും പോയില്ലെന്ന് നിങ്ങളുടെ രേഖയിൽ ഒരുഭാഗത്ത് പറയുന്നുണ്ട്. എന്നിട്ട് നിങ്ങൾ സമരനായകൻ എന്നുപറഞ്ഞ് ഇക്കാലമത്രയും കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയായിരുന്നില്ലേ? ഒരു രാഷ്ട്രത്തിന്റെ ചരിത്രം, ഒരു രാജ്യത്തിന്റെ ചരിത്രം, തിളച്ചുപൊങ്ങിയ ഒരു വർഗ്ഗസമരത്തിന്റെചരിത്രം, ഈ കൊച്ചു കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് പ്രകമ്പനം കൊള്ളിക്കാൻ സാധിക്കുമായിരുന്ന വർഗ്ഗ പോരാട്ടത്തിന്റെ കഥ അങ്ങ് കീഴ്മേൽ മറിച്ച്, വരുന്ന തലമുറയ്ക്കുമുമ്പിൽ മറച്ചുപിടിച്ച്, ചരിത്രത്തെ നിങ്ങൾ മറ്റൊരു വഴിക്കു തിരിക്കാൻ ശ്രമിക്കുന്ന ഈ പ്രവർത്തനമുണ്ടല്ലോ, അങ്ങയുടെ സ്ഥാനത്തിന് യോജിച്ചതല്ല. അത് അങ്ങ് ഈ സംസ്ഥാനത്തിലെ വരുന്ന തലമുറയോട് ചെയ്യുന്ന അനീതിയാണ്., കുറ്റകരമായ തെറ്റാണ്. ഒരു ചരിത്രം തിരുത്തുന്ന ചരിത്രകാരനായി. ചരിത്രം ചോർത്തിക്കൊണ്ടുപോകുന്ന ഒരു ചാരനായി അല്ലെങ്കിൽ ഒരുതരം താണ എഴുത്തുകാരനായി അങ്ങയെ ഈ കൊച്ചു കേരളം കാണുന്നതു ശരിയാണോ? അതുകൊണ്ട് അങ്ങ് തിരുത്തണം. ഒരു പ്രസ്താവനയിറക്കണം. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ അങ്ങ് ഈ സമരത്തിൽ പങ്കാളിയാണോയെന്ന് അങ്ങ് പറയണം. അങ്ങ് പ്രതിയാണെങ്കിൽ പോലീസുകാരനെ കൊന്ന കേസ്സിൽ പ്രതിയല്ലേ? അങ്ങ് വിചാരണ തേടണ്ടേ? അങ്ങ് ഇക്കാലമത്രയും ഒളിച്ചുനടന്ന പ്രതിയല്ലേ? ഈ രാജ്യത്തെ ഏത് സി. ആർ.പി.സി.യാണ് ഒളിച്ചുനടന്ന ഒരു പ്രതിയെ കേസ്സിൽനിന്ന് പുറത്താക്കുന്നത്? അങ്ങ് ഈ കേസ്സിൽ പ്രതിയാണെങ്കിൽ തന്റേടത്തോടെ, നട്ടെല്ലോടെ പോലീസുകാരനെ കൊന്ന കയ്യൂർ കേസ്സിൽ വിചാരണ നേരിടാൻ അങ്ങ് തയ്യാറാകണം. അതാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്. അല്ലെങ്കിൽ എനിക്ക് ഈ സമരവുമായി ബന്ധമില്ലെന്ന് കേരളത്തിന്റെ മുമ്പിൽ കുമ്പസാരിച്ച് പറയാൻ, കഴിഞ്ഞകാലം കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതിനു കേരളത്തോടു മാപ്പുപറയാൻ, അങ്ങേയ്ക്ക് ബാദ്ധ്യതയുണ്ടെന്നുമാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഇന്ന് ഇവിടെ ഞാൻ അവതരിപ്പിച്ച ഉപധനാഭ്യർത്ഥന 277.15 കോടി രൂപയുടേതാണ്. ഇവിടെ നടന്ന ചർച്ചകൾ പലതായിരുന്നുവെങ്കിലും ഈ ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന ഇനങ്ങൾ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കേണ്ടത് എന്റെ കടമയാണ്. 1999 സെപ്റ്റംബറിൽ ഇവിടെ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണ്. നമ്മളൊന്നും വിചാരിക്കാതെ ലോക്സഭാതെരഞ്ഞെടുപ്പ് വന്നു. അതൊരു ഇടക്കാലതെരഞ്ഞെടുപ്പാണ്. ആ ഇടക്കാല തെരഞ്ഞെടുപ്പിന് 12.5 കോടി രൂപ ഈ എസ്.ഡി. ജി.യിൽ വകയിരുത്തിയിട്ടുണ്ട്. എതിർക്കാമോ? അതുപോലെ തന്നെ ഹിന്ദു റിലിജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ടിൻകീഴിൽ വരുന്ന ക്ഷേത്ര ജീവനക്കാർക്ക് വേതനം കിട്ടിയിട്ട് കുറെക്കാലമായി. അവർ പൂജിക്കുന്നുണ്ട്, പ്രസാദിക്കുന്നുണ്ട്, പ്രസാദമുണ്ടാക്കുന്നുണ്ട്. ആളുകളെ അനുഗ്രഹിക്കുന്നുണ്ട്. പക്ഷേ അവർക്ക് വേതനമില്ല. ആ വേതനം കൊടുക്കാൻ ഒരു കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലിമെന്ററി ഡിമാന്റിൽ വയ്ക്കേണ്ടിവന്നു. അതും എതിർക്കണമോ? അതുപോലെതന്നെ ഈ ഡിമാന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 150.56 കോടി രൂപ വർക്സ് ബഡ്ജറ്റിൽ പൊതുമരാമത്തുവകുപ്പിന് നീക്കിവച്ചതാണ്. ഈ 150 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഇവിടെ നടക്കുന്നുണ്ട്. അത് ധൂർത്താണോ? ഇതിൽ സിറ്റി റോഡുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. തിരുവനന്തപുരം സിറ്റിക്ക് 5 കോടി രൂപ കൊടുത്താൽ അത് പാപമാണോ? എറണാകുളത്തിനു രണ്ടുകോടി രൂപ കൊടുത്താൽ അതും ആപത്താണോ? രണ്ടുകോടി രൂപ കോഴിക്കോട് സിറ്റിക്ക് എസ്.ഡി.ജി.യിൽ: അതും മോശമായ കാര്യമാണോ? 25.12.95-ൽ സ്റ്റേറ്റ് ഹൈവേയും മേജർ ഡിസ്ട്രിക്ട് റോഡ്സുമൊഴിച്ച് മറ്റെല്ലാ റോഡുകളും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറി നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. ഇവിടെ അൺടൈഡ് ഗ്രാന്റായാലും വേണ്ടില്ല, പ്ലാൻ വിഹിതമായാലും വേണ്ടില്ല, പഞ്ചായത്തുകൾക്ക് പണം നീക്കിവച്ചിട്ടുണ്ട്. പക്ഷേ ഈ വില്ലേജ് റോഡുകൾ ട്രാൻസ്ഫർ ചെയ്യുന്നതിനുമുമ്പ് പണി ചെയ്തതിന്റെ പൈസ ആര് കൊടുക്കണം? ആ പൈസ പഞ്ചായത്തിനു കൊടുക്കുന്ന ഫണ്ടിൽനിന്നും പിടിച്ചിട്ട് കൊടുക്കാൻ ഗവൺമെന്റിന് ചോയിസ് ഉണ്ടായിരുന്നു. ഗവൺമെന്റ് ആ തുക ഉൾപ്പെടെ പഞ്ചായത്തിനു കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ 31.3.99 വരെയുള്ള പണികൾ നടത്തിയതിന് റോഡുകൾ, പാലങ്ങൾ, വില്ലേജ് റോഡുകൾ ഇവയ്ക്ക് കരാറുകാരന് 64 കോടി രൂപ കുടിശ്ശികയുണ്ട്. ആ കുടിശ്ശിക മുഴുവൻ തീർത്തുകൊടുക്കാനാണ് സപ്ലിമെന്ററി ഡിമാന്റ്സിൽ 64 കോടി രൂപ വച്ചത്. പണമില്ലാതെ സാമ്പത്തികമായി വിഷമിക്കുന്ന കാലമാണിത്. എങ്കിലും 64 കോടി രൂപ കുടിശ്ശിക കൊടുത്തുതീർക്കാൻ ഉൾക്കൊള്ളിച്ചത് ഒരു ദ്രോഹമുള്ള കാര്യമല്ലല്ലോ. അതുപോലെ 96 കോടി രൂപ പൊതുമരാമത്ത് ജലസേചന വകുപ്പിൽ 31.3.98 വരെയുള്ള പണികൾക്ക് കരാറുകാർക്ക് കൊടുക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ ഡിമാന്റ്സിൽ കരാറുകാർക്കു കൊടുക്കാൻ ബാക്കിയുള്ള 12.21 കോടി രൂപ, ഇതിനുപുറമെ വേറെയും തുക, കരാറുകാർക്കുകൊടുക്കാനുള്ളത് കൊടുക്കാതിരിക്കാൻ പറ്റില്ലല്ലോ. നേരത്തെ തന്നെ മുൻകൂറായി കൊടുക്കേണ്ടതായിരുന്നു; സാധിച്ചില്ല. ഇതിൽ 8.08 കോടി രൂപ കല്യാശ്ശേരി, ഇടുക്കി, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ പോളിടെക്നിക്കുകൾക്കുള്ള അധികച്ചെലവുകൾക്കുള്ളതാണ്. പരിയാരം കോളേജിനുവേണ്ടി 14.21 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതുപോലെ ജലവിതരണം അതിന്റെ ശുചീകരണ പ്രവർത്തനങ്ങൾ അതിന്റെ വിശദാംശങ്ങൾ ഞാൻ പറയുന്നില്ല. അതുപോലെ നീതി മെഡിക്കൽ സ്റ്റോറുകൾക്ക് അഞ്ചു കോടി രൂപ. എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി പത്തുകോടി രൂപ ഇപ്പോൾ കൊടുക്കും. എത്ര പഞ്ചായത്തുകളിലാണോ മാവേലിസ്റ്റോറുകൾ തുടങ്ങാൻ ബാക്കിയുള്ളത് ആ പഞ്ചായത്തുകളിൽ എല്ലാം മാവേലിസ്റ്റോർ തുടങ്ങാൻ ഗവൺമെന്റ് കമിറ്റഡാണെന്നു ബഡ്ജറ്റു പ്രസംഗത്തിൽ പറഞ്ഞതാണ്. അതിനായി ആദ്യം പത്തുകോടി രൂപ നീക്കിവച്ചു. അതു സ്റ്റാഗർ ചെയ്തുവയ്ക്കാനും തീരുമാനിച്ചു. അതും പൈസ ഉണ്ടായിട്ടല്ല വളരെ വിഷമിച്ചാണ് ചെയ്യുന്നത്. ഇവിടെ സാമ്പത്തികസ്ഥിതി വളരെ ജോറാണ് എന്നൊന്നും പുറപ്പുറത്തുനിന്നു പറയാൻ ഞാൻ തയ്യാറില്ല. ഇവിടെ നാളികേര വികസന കോർപ്പറേഷൻ, മൈനർ ഇറിഗേഷൻ പണികൾ കാർഷിക വികസനത്തിന് ഒക്കെ പണം കൊടുത്തിട്ടുണ്ട്. അതുപോലെ ഭക്ഷണത്തിന്, മത്സ്യബന്ധനത്തിന് ഒക്കെ തുക കൊടുത്തു. വ്യവസായത്തിന് 4.8 കോടി രൂപ, ഖാദി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിൽ ശമ്പള പരിഷ്കരണത്തിനും സ്പെഷ്യൽ റിബേറ്റ് കുടിശ്ശികയ്ക്കും കൊടുത്തു. ഖാദിബോർഡിന് റിബേറ്റ് ഇനത്തിൽ എന്തെങ്കിലും തുക കൊടുക്കണമെന്ന് പ്രതിപക്ഷ നേതാവ്, കഴിഞ്ഞ ബഡ്ജറ്റിന്റെ ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ആവശ്യപ്പെട്ടു. അതുകൊടുക്കാമെന്ന് ഞാനും പറഞ്ഞു. ആ തുക എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തി. അതിനെയെങ്കിലും അനുകൂലിച്ചുകൂടേ? അത്യാവശ്യത്തിന് പഞ്ചായത്തു മന്ത്രിക്ക് ലെറ്റർ കൊടുത്തിട്ടുണ്ട്. വെഹിക്കൾസ് ടാക്സ് കോംപൻസേഷൻ ഇനത്തിലുള്ള തുകയിൽ നിന്നും അഞ്ചുലക്ഷം വേണമെന്ന് ആവശ്യപ്പെടും. രണ്ടു ലക്ഷം രൂപ പോരേ ശിവദാസമേനോൻ, എന്നു ചോദിച്ചിട്ട് മൂന്നു ലക്ഷമായിക്കോട്ടെ എന്നുപറഞ്ഞു തരാറുണ്ടായിരുന്നു. അതിന് ഞാൻ നന്ദികേട് പറയുകയല്ല. ഇക്കുറി എന്തു ചെയ്തു എന്നു ചോദിച്ചാൽ, നിങ്ങളുടെ യു.ഡി.എഫ് ഭരിച്ചപ്പോൾ നിശ്ചയിച്ച സ്റ്റാട്ട്യൂട്ടറി ഫിനാൻസ് കമ്മിഷൻ കമ്മ്യൂട്ട് ചെയ്തത് 150 കോടി രൂപ വെഹിക്കിൾസ് ടാക്സ് ഇനത്തിൽ പഞ്ചായത്തു വകുപ്പിന് കൊടുക്കാനുണ്ടെന്നാണ്. ആ തുക മൂന്നു കൊല്ലമായി കൊടുക്കാമെന്ന് ഞാൻ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. കഴിഞ്ഞ രണ്ടുകൊല്ലമായി അൻപതും അൻപതും അങ്ങനെ നൂറു കോടി രൂപ കൊടുത്തു. ഇനി അൻപത് കോടി രൂപ കൊടുക്കാനുണ്ട്. ആ നൂറ്റിയൻപതു കോടി രൂപ പഞ്ചായത്തുകൾക്ക് കൊടുക്കാനുള്ള പൈസ കിട്ടാതിരുന്ന പൈസയല്ലേ? അതും കൊടുക്കാനുള്ള തീരുമാനമെടുത്തു. മുനിസിപ്പൽ ചെയർമാൻ ഇവിടെയുണ്ടാകും. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ മുനിസിപ്പാലിറ്റിക്ക് മീഡിയം സ്മാൾ ടൗണുകളുടെ ഡെവലപ്പ്മെന്റിന് സെൻട്രൽ ഗവൺമെന്റിന്റെ സ്കീം ഒഴിച്ച് പത്തു രൂപ ഗവൺമെന്റിൽനിന്നും കൊടുത്ത ചരിത്രമുണ്ടോ? ഇപ്പോൾ കിട്ടിയതു മതിയോ പോരേ എന്നുള്ളതല്ല, പഞ്ചായത്തുകൾക്ക് എന്തെങ്കിലും നക്കാപ്പിച്ച കൊടുക്കും. നേരെമറിച്ച് മുനിസിപ്പാലിറ്റിക്ക് പത്തുരൂപ കിട്ടിയിട്ടുണ്ടോ? ഒരു കോടി രണ്ടു കോടി ഇങ്ങനെ മേജർ മുനിസിപ്പാലിറ്റികൾക്കു കിട്ടും. ഇതൊക്കെ കാണാതിരിക്കുന്നതു ശരിയല്ല. മന്ത്രിമാർക്കു വാങ്ങിയ കാറിന്റെ തുക ഒന്നേകാൽ കോടിയിൽനിന്നും യഥാർത്ഥ വിലയായ അൻപത്തിയേഴു ലക്ഷത്തിലേക്ക് ബഹു. സുധാകരൻ വന്നതിൽ എനിക്ക് സന്തോഷമുണ്ട്. കാറ് വാങ്ങിയത് സപ്ലിമെന്ററി ഡിമാന്റിലാണ്. കണ്ടിജൻസി ഫണ്ടിൽനിന്നും വാങ്ങിയിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ബെൻസ് കാറ് വാങ്ങിക്കൂടേ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ബെൻസ് കാറ് വാങ്ങണമെന്നു തോന്നിയാൽ ബെൻസ് കാറ് വാങ്ങും. പഴയ മന്ത്രിമാർ കാളവണ്ടിയിലാണോ സഞ്ചരിക്കുന്നത്? ബഹു. കരുണാകരന് ബെൻസ് കാറുണ്ടായിരുന്നു. ടി.എച്ച്. മുസ്തഫയ്ക്ക് ബെൻസ് കാറുണ്ടായിരുന്നു. ശ്രീ. കെ.എം. മാണി ടൊയൊട്ടാ ജാപ്പനീസ് കാറിലായിരുന്നു സഞ്ചരിച്ചിരുന്നത്. ശ്രീ. കുഞ്ഞാലിക്കുട്ടി ടൊയോട്ട കാറിലാണ് സഞ്ചരിച്ചിരുന്നത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇതൊന്നും ശരിയല്ലെന്ന് അന്നു നിങ്ങൾ വാദിച്ചിരുന്നവരാണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ചിലപ്പോൾ ശരിയാണെന്നു തോന്നും ചിലപ്പോൾ തെറ്റാണെന്നു തോന്നും. അതൊക്കെ വേറെ. കാറിന്റെ കാര്യം പറഞ്ഞപ്പോൾ അവിടെ നിന്നും ഒരു മെമ്പർ പറഞ്ഞു ഇന്ത്യയുടെ പ്രധാനമന്ത്രി അംബാസിഡർ കാറിലാണ് സഞ്ചരിക്കുന്നതെന്ന്. മരയ്ക്കാർ മോട്ടോഴ്സിൽ നിന്നും നേരിട്ടുവാങ്ങുന്ന അംബാസിഡർ കാറിലാണോ പ്രധാനമന്ത്രി സഞ്ച

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നത്? That is a specially made car. അതു ബുള്ളറ്റ് പ്രൂഫ് കാറാണ്. ആ കാറിന്റെ സസ്പെൻഷൻതന്നെ വേറെയാണ്. അതിൽ മൈൻ ഡിറ്റക്ടറുണ്ട്. ബോംബ് ഡിറ്റക്ടറുണ്ട്. ആ കാറ് വിമാനത്തിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിലാണ് പ്രധാനമന്ത്രി സഞ്ചരിക്കുന്നത്. അതിലാണ് പ്രധാനമന്ത്രി സഞ്ചരിക്കേണ്ടതും, ഫോർ സെക്യൂരിറ്റി മെഷേഴ്സ്.

ശ്രീ. കെ. ബാബു : സർ ..................

ശ്രീ. ടി ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട ബാബു എല്ലാത്തിലും കയറി ഉടക്കരുത് അത് മോശമാണ്. നിങ്ങൾ സംസാരിക്കുമ്പോൾ വളരെ കൂളായിട്ട് ഇവിടെയിരുന്ന ആളാണ്. ഇങ്ങോട്ട് ചാടിക്കളിക്കാൻ ബാദ്ധ്യസ്ഥനാണോ? അത് നിങ്ങളുടെ ബാദ്ധ്യതയാണോ? പക്ഷേ ചിലത് ചിലപ്പോൾ പറയുമ്പോൾ നിങ്ങൾക്ക് കൊള്ളും. അപ്പോൾ പറയരുത്. അതുകൊണ്ട് വളരെ പതുക്കേ പറയുകയുള്ളൂ. ബഹു. ജേക്കബ് പറഞ്ഞത് മുഴുവൻ ഞാൻ സ്വീകരിച്ചിരിക്കുന്നു. ഇവിടെ റവന്യൂ ഡെഫിസിറ്റിന്റെ കാര്യം പറഞ്ഞു. ഞാൻ അതുപല പ്രാവശ്യം പറഞ്ഞതാണ്. റവന്യൂ ഡെഫിസിറ്റ് കൂടിയിട്ടുണ്ട്. കൂടുന്നതു ശരിയല്ല. കഴിയുന്നതും കുറച്ചുകൊണ്ടുവരേണ്ടതാണ്. അതിലൊന്നും തർക്കമില്ല. പക്ഷേ ഒരു വലിയ ഫിഗറിന്റെ വർദ്ധനവ് വരാം. ഞാൻ ഇവിടെ പറഞ്ഞതാണല്ലോ. നമ്മൾ 37 ശതമാനത്തോളം പ്ലാൻ അലോക്കേഷൻ പഞ്ചായത്തിന് കൊടുക്കുന്നു. ആ പൈസ ഇപ്പോൾ ഗ്രാന്റ് ഇൻ എയിഡായിട്ടേ കൊടുക്കാൻ പ്രൊവിഷനുള്ളൂ. അപ്പോൾ അത് റവന്യൂ അക്കൗണ്ടിലാണ് ബുക്കുചെയ്യുന്നത്. പക്ഷേ അതിൽ സിംഹഭാഗവും ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെന്റാണ്. അത് വസ്തുതയല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ക്യാപ്പിറ്റൽ അക്കൗണ്ടിൽ എത്രവരും?

ശ്രീ. ടി. ശിവദാസമേനോൻ : സർ, അത് എത്രവരുമെന്ന് കണക്കാക്കിയിട്ടില്ല. അത് പ്രത്യേക ചോദ്യം ചോദിക്കാൻ പറയാം. അത് അവരുടെ ബഡ്ജറ്റ് നോക്കണം. ഇവിടെ ടോട്ടലായിട്ട് പ്ലാനിംഗ് കൊടുക്കുന്ന പൈസ, പ്ലാൻ അലോക്കേഷൻ ഗ്രാന്റ് ഇൻ എയ്ഡായിട്ടേ ഇപ്പോൾ കൊടുക്കാൻ പ്രൊവിഷനുള്ളൂ. Grant-in-aid payments are booked as Revenue Expenditure അതിൽ കുറച്ചെങ്കിലും, ചെറിയ പൈസയെങ്കിലും ക്യാപിറ്റൽ ഇൻവെസ്റ്റുമെന്റുണ്ടെന്ന് കൂട്ടിക്കോ. അതെങ്കിലും കാണണ്ടേ? 'ഒരു രൂപയുമില്ല' - അങ്ങനെ പറയാൻ കഴിയുമോ? അതുപോകട്ടെ. ഇവിടെ ബഹു. സുധാകരൻ തകർന്ന തറവാട്ടിലെ പട്ടിണി കിടക്കുന്ന ഒരു കാരണവരോട് എന്നെ ഉപമിച്ചു.

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെന്നാണ് പറഞ്ഞത്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ശിവദാസമേനോനെ പറയുകയില്ലല്ലോ. ഞാൻ ബഹു. സുധാകരനേയും പറയുകയില്ല. ശിവദാസമേനോനെ പറയണ്ട. പക്ഷേ ധനകാര്യ വകുപ്പുമന്ത്രിയെ പറഞ്ഞാൽ പിന്നെ പറയാൻ a person or office അങ്ങനെയുണ്ട് വക്കീലൻമാർക്ക്. അത് ബഹു. ഫ്രാൻസിസിന് നല്ലവണ്ണം മനസ്സിലായി. നല്ല വക്കീലായതുകൊണ്ട് അദ്ദേഹത്തിനു വേഗം പിടികിട്ടി. ബാക്കിയുള്ളവർ അന്തംവിട്ടിരിക്കുകയാണ്. ഞാൻ പറഞ്ഞത്, a legal person and a person ഇതാണ് വ്യത്യാസം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നല്ല വക്കീൽ അല്ലെങ്കിൽ അച്യുതാനന്ദനെ തോൽപ്പിക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇപ്പോഴും അവിടെയിരുന്ന് തുള്ളുന്നത് കാണുമ്പോൾ അനുകമ്പയുണ്ടെന്ന് പറയാൻ എന്റെ പാർട്ടിക്ക് വലിപ്പമില്ല. കേരളത്തിലുണ്ട്. പക്ഷേ നിങ്ങൾ ഇവിടെയിരുന്ന് വല്ലാതെ അഹങ്കരിച്ച് നമ്മുടെ നേരെ തുള്ളിവരുമ്പോൾ തകർന്ന തറവാട്ടിലെ ഒരു കാരണവരെയാണ് എനിക്കും ഓർമ്മവരുന്നത്. വലിയ ഒരു തറവാടുണ്ടായിരുന്നു. ആ തറവാട് തകർന്നു. അതിന്റെ മുറ്റത്ത് ഒരു ശുനകൻ ശയിക്കുന്നുണ്ട്. ആ കാരണവർ ദേഷ്യം വന്നാൽ അവിടെയുള്ള പട്ടിണി കൊണ്ടും ദുരിതംകൊണ്ടും മരുമക്കൾ എന്തെങ്കിലും ചോദിച്ചാൽ വെറുതെ മോശമായ പദമുപയോഗിച്ച് മരുമക്കളെ ചീത്തപറയും - നായിന്റെ മോനേ എന്നൊക്കെ. ഇത് കേൾക്കുമ്പോൾ നായ് വയ്യെങ്കിലും എണീറ്റ് ഒന്ന് കുടയും. ഈ പരുത്ത വീട്ടിൽ എനിക്ക് ഒരു മോനുണ്ട് എന്നാണ് അതിന്റെ വിചാരം. ആ ജാതി കോൺഗ്രസ്സാണ് ഇപ്പോൾ കളിക്കുന്നത്. പറഞ്ഞത് മനസ്സിലായോ? ഈ പരുത്ത വീട്ടിൽ നമുക്ക് ഒരു മോനുണ്ടെന്ന് ഈ കാരണവർ മുടിഞ്ഞിട്ടാണ് വിളിക്കുന്നത്. അപ്പോൾ ഇവനൊന്ന് ജോറായി ചെവിയൊക്കെ ഒന്ന് പിടിച്ച് എണീക്കാൻ വയ്യെങ്കിലും എണീറ്റ് നിന്നാലേ പറ്റുകയുള്ളൂ, കാരണം, ആ പരുത്ത വീട് തകർന്നതാണെങ്കിലും ഇതിലുമുണ്ടല്ലോ എന്റെ ഒരു മോൻ. ആ ജാതി കോൺഗ്രസ്സാണ് ഇപ്പോൾ കളിക്കുന്നത്. അത് എന്തൊരു കളി? അത് മാത്രമാണോ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, നിങ്ങൾ രണ്ടു കൂട്ടരുംകൂടിയല്ലേ തമിഴ്നാട്ടിൽ ഒന്നിച്ചു മത്സരിക്കുന്നത്?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഞങ്ങൾ ഒന്നിച്ച് മുന്നണിയല്ല, അവർ ജയലളിതയുമായി ധാരണയുണ്ട്. ഞങ്ങൾ ചില സീറ്റ് അഡ്ജസ്റ്റുമെന്റ് ജയലളിതയുമായിട്ടുണ്ട്. അവർക്കുമുണ്ട്.

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, തർക്കമൊന്നുമില്ല. തമിഴ്നാട്ടിൽ സി.പി.ഐ.യുടെ പാർട്ടി ജനറൽ സെക്രട്ടറിയും ഞാനും ജയലളിതയും എല്ലാവരും കൂടിയുള്ള ജോയിന്റ് സ്റ്റേറ്റ്മെന്റാണ് ഒപ്പിട്ട് പത്രക്കാർക്ക് കൊടുത്തിരിക്കുന്നത്. ഞങ്ങൾ ഒരുമിച്ചാണ് മത്സരിക്കുന്നത്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ജയലളിതയുമായി സി.പി.ഐ.യും കോൺഗ്രസ്സും സി.പി.എമ്മും ഒരു ധാരണയുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സി.പി.എം.ന്റെ ജനറൽ സെക്രട്ടറി സുർജിത്താണ്. സി.പി.ഐ.യുടെ ജനറൽ സെക്രട്ടറി ബർദാൻ ആണ്. അതിനുവേണ്ടി നിയോഗിക്കപ്പെട്ട കോൺഗ്രസ്സിന്റെ അഖിലേന്ത്യാ ലീഡർമാരിൽ രണ്ടാൾ ശ്രീ. മൻമോഹൻ സിംഗും ശ്രീ. എ.കെ. ആന്റണിയുമാണ്. ഏതായാലും ആ ധാരണയുണ്ടാക്കാൻ കേരളത്തിൽനിന്ന് പോകാൻ ഒരു മാന്യനുണ്ടായല്ലോയെന്നുള്ള സന്തോഷമേയുള്ളൂ. മറ്റൊരു കഥകൂടിയുണ്ട്. ഞങ്ങളുടെ നാട്ടിൽ ഒരു നാടൻ ശൈലിയുണ്ട്; കുഞ്ചുനായരുടെ പുതിയാപ്ലക്കുട പുതിയാപ്ലക്കുട എന്നാണ് അതിന്റെ പേര്. പുതിയാപ്ല (വരൻ) കല്യാണത്തിനുവരുമ്പോൾ ഒരു കുടയും കൊണ്ടുവരും. ആദ്യം കുടയും പെട്ടിയുംവരും. ഇപ്പോൾ അതൊന്നുമില്ല. ആ കുടക്കു പുതിയാപ്ലക്കുട എന്നാണ് പേര്. പക്ഷേ പുതിയാപ്ല വയസ്സനായിട്ടുണ്ടാകും, അപ്പോഴേക്കും കുടയുടെ വില്ലുപോയി അത് മാറ്റിയിട്ടുണ്ടാകും. പിന്നെ തുണിയാണുള്ളത്; അത് പോയി, അത് മാറ്റി. പിന്നെ കാലുണ്ട്. അതും മാറ്റി. എന്നാലും "പുതിയാപ്ലക്കുട ഇങ്ങോട്ട് എടുക്ക്" എന്നാണ് പറയുന്നത്. അതുപോലെയാണ് ഇപ്പോഴത്തെ കോൺഗ്രസ്സ്. പറഞ്ഞത് മനസ്സിലായോ? പഴയ ജവഹർലാൽ നെഹറുവിന്റെ കോൺഗ്രസ്സ്, മഹാത്മാഗാന്ധിയുടെ



LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് അതിന്റെയെല്ലാം ശീലയും കാലുമൊക്കെ മാറ്റിയിട്ട് ഇപ്പോഴും പേര് പുതിയാപ്ലക്കുട എന്നാണ്. അതുകൊണ്ട് എന്താണ് കാര്യം? ഈ പേരല്ലാതെ വേറെ എന്താണുള്ളത്?

ശ്രീ. കെ.എം. മാണി : സർ, ഈ കുട ചൂടി നടക്കുമ്പോൾ ആക്ഷേപകരമല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞങ്ങൾ ചെറിയ പാർട്ടിയല്ലേ? ബഹു. മാണിയുടെ പാർട്ടിയെപ്പോലെ ഒരു അഖിലേന്ത്യാ പാർട്ടിയാണോ ഞങ്ങൾ? ഞങ്ങൾ ചെറിയ പാർട്ടിയല്ലേ? മാണിയുടെ പാർട്ടി ഇന്റർനാഷണൽ പാർട്ടിയല്ലേ? രാഷ്ട്രീയ കാര്യത്തെ സംബന്ധിച്ച് സീരിയസായി എല്ലാവരും ചിന്തിക്കുന്ന ഒരു കാര്യമുണ്ട്. കേരളത്തിൽ അത് as an evening discussion ചെയ്യാൻ കഴിയും. കേരളത്തിൽ വലിയ വിപത്തില്ല. പക്ഷേ ഇന്ത്യയ്ക്ക് വരുന്ന വിപത്ത് നമ്മൾ കാണണം. അതു നമ്മൾ ചെറുതായി കണ്ടിട്ട് കാര്യമില്ല. ഇവിടെ പാർട്ടികൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകും. പക്ഷേ ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ കിഴക്കേ വാതിൽ അടയ്ക്കണമെന്ന് ചിലർ, വടക്കേവാതിൽ അടയ്ക്കണമെന്ന് ചിലർ പടിഞ്ഞാറേ വാതിൽ അടയ്ക്കണമെന്ന് ചിലർ, തെക്കേ വാതിൽ അടയ്ക്കണമെന്ന് ചിലർ, ഇങ്ങനെ നാലുവാതിലും തമ്മിൽ തർക്കം. നമ്മൾ തമ്മിൽ തർക്കിക്കേണ്ട. പക്ഷേ ഈ

[4PM]

വീട് ആകെ വിഴുങ്ങാൻ ഒരു പിശാച് വരുമ്പോൾ ഏത് വാതിലാണ് അടയ്ക്കേണ്ടതെന്നുള്ളതിന് പ്രസക്തിയുണ്ടോ? അത്രയും ഗുരുതരമായ സ്ഥിതിയാണ്. പിന്നെ ശ്രീ. കെ. സുധാകരൻ സപ്ലിമെന്ററി ഡിമാന്റ് ചർച്ചയിൽ പറഞ്ഞു മുഴുവൻ ജോറായിട്ടാണ്. ഇവിടെ സപ്ലിമെന്ററി ഡിമാന്റിനെക്കുറിച്ചാണല്ലോ പ്രസംഗം നടന്നത്. ശ്രീ. കെ. സുധാകരൻ മി. ജേക്കബ് വിചാരിക്കുന്നതുപോലെ അത്ര ചീപ്പായിട്ടുള്ള ആളല്ല. ശ്രീ. സുധാകരന് അത് പറയാം. ധനകാര്യ വകുപ്പുമന്ത്രിക്ക് അത് പറയാമോയെന്നാണ്. ശ്രീ. സുധാകരൻ മോശക്കാരനാണോ? പിന്നെ ഇവിടെ ശ്രീ. സുധാകരൻ സൂചിപ്പിച്ചതിനു മറുപടി പറയാതിരിക്കാൻ പറ്റുകയില്ല. അത് എന്താണെന്നു വച്ചാൽ നിങ്ങൾ വച്ചിട്ടുള്ള 4 പോലീസുകാർ അന്വേഷിക്കും. ഞാൻ വളരെ ലഘുവായിട്ട് ഒരു ചോദ്യം ചോദിക്കുന്നു. ഇടമലയാർ കേസ്സ് ഇപ്പോൾ നടക്കുകയാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള പ്രതിയാണ്. ആ ഇടമലയാർ കമ്മിഷൻ ആര് വച്ച കമ്മിഷനാണ്. ബഹു. കെ. കരുണാകരൻ വച്ച സുകുമാരൻ കമ്മിഷനാണ്. ആ കമ്മിഷൻ ഞങ്ങൾ വച്ചതല്ലല്ലോ. ഞങ്ങൾ വന്നപ്പോൾ റിപ്പോർട്ടാണ് കിട്ടിയത്. അതുപോലെ കൂത്തുപറമ്പ് കേസ്സിന്റെ ജുഡീഷ്യൽ അന്വേഷണക്കമ്മിഷൻ നിശ്ചയിച്ചത് ഈ ഗവൺമെന്റാണോ അതോ യു.ഡി.എഫ്. ഗവൺമെന്റാണോ? യു.ഡി.എഫ്. ഗവൺമെന്റാണ് ആ കമ്മിഷനെ വച്ചത്. ആ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നമ്മൾ പ്രൊസീഡ് ചെയ്യുന്നുവെന്നു മാത്രം. ഏതെങ്കിലും പോലീസുകാരെ ഞങ്ങൾ ഏൽപ്പിച്ചതാണോ? പിന്നെ മുഖ്യമന്ത്രിയുടെ ആഫീസിനെക്കുറിച്ച് അങ്ങനെ ഒരു സ്വീപ്പിംഗ് റിമാർക്ക് വന്നത് വളരെ നിർഭാഗ്യകരമായിപ്പോയി. കാരണം മുഖ്യമന്ത്രിയുടെ ആഫീസിൽ ആര്, എന്ത് എങ്ങനെ ചെയ്തു, എന്ത് ചെയ്തു എന്ന ആക്ഷേപം! അവർക്ക് സഭയിൽ മറുപടി പറയാൻ പറ്റില്ല. ഒരു ആഫീസിനെ അടച്ച് പറയുന്നത് ശരിയല്ല. ആ ജാതിയിലുള്ള ആക്ഷേപങ്ങൾ വാസ്തവത്തിൽ രേഖയിൽ തന്നെ ഉണ്ടാകാൻ പാടില്ല. പക്ഷേ രേഖയിൽ കിടന്നോട്ടെ കാരണം, അങ്ങനെയുള്ള ആളുകൾ സഭയിൽ ഉണ്ടായിരുന്നുവെന്ന് ഭാവിയിൽ ആളുകൾ അറിയുമല്ലോ. അതുകൊണ്ട് പറയുകയാണ്. ഞാൻ ചോദിക്കുന്നു അങ്ങനെ ഒരു സ്വീപ്പിംഗ് റിമാർക്ക് പറയാൻ പാടുണ്ടോ? പിന്നെ മുഖ്യമന്ത്രിയെപ്പറ്റി യാതൊന്നും പറഞ്ഞില്ല. പിന്നെ മുഖ്യമന്ത്രിയുടെ റോൾ എന്താണെന്ന് ശ്രീ. ടി.എം. ജേക്കബ് പറഞ്ഞില്ലല്ലോ. അതിനു മറുപടി പറഞ്ഞപ്പോൾ ഞാൻ ചോദിച്ചു മുഖ്യമന്ത്രിയുടെ ആക്ചൽ റോൾ എന്താണെന്ന് ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

സുധാകരൻ ഇന്ന് വ്യക്തമാക്കി, മുഖ്യമന്ത്രി അതിൽ ഇടപെട്ടുവെന്ന് ഞങ്ങൾ പറയുകയില്ല എന്നു പറഞ്ഞു. നന്നായി. അങ്ങനെയെങ്കിലും പറഞ്ഞല്ലോ. മതി. ആര് എന്ത് എന്ന് അന്വേഷിച്ചു നടക്കുകയാണോ എന്റെ പണി? പിന്നെ മുഖ്യമന്ത്രിയുടെ ആഫീസിനെപ്പറ്റി ........ അതുപോലെതന്നെ ബഹു. സുധാകരൻ ഒടുവിൽ മുഖ്യമന്ത്രിയെ വ്യക്തിപരമായി വിധിക്കുന്നതിന് ശ്രമിച്ചു. ഞാൻ ചോദിക്കട്ടെ, character assassination - ഇത് നിങ്ങൾ പണ്ട് തലശ്ശേരി ഇലക്ഷന് നടത്തിയതാണ്. ഓരോ ഇലക്ഷന് മുമ്പും ഇലക്ഷൻ നടക്കുമ്പോഴും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ കളങ്കപ്പെടുത്തുന്നതിനുവേണ്ടി പരമാവധി നിങ്ങൾ ശ്രമിച്ചു. നടക്കാത്തതാണ്. അതിന്റെ ഫലമായി 18-ൽ നിന്നും 25 ആയി ആ കണ്ടീഷൻ ഉണ്ടാക്കാൻ പോകുകയാണ്. മുഖ്യമന്ത്രിയെ സംബന്ധിച്ച് ഈ രാജ്യത്ത് ശ്രീ. സുധാകരനെ അറിയുന്നതിനെക്കാൾ കുറച്ചുകൂടി അധികമായി ജനങ്ങൾക്ക് അറിയാം. അദ്ദേഹത്തിന്റെ ജീവിതം അറിയാമല്ലോ. അദ്ദേഹത്തെപ്പറ്റി അറിയാമല്ലോ. ബഹു. മാണി പറഞ്ഞതുപോലെ, നമുക്ക് അവിടെ വച്ച് കാണാം. എവിടെ വച്ച് നിങ്ങൾ കാണണമെന്നു പറയുന്നുവോ അവിടെ വച്ച് കാണാം. കുരുക്ഷേത്രത്തിൽ വച്ച് കാണാം. കുരുക്ഷേത്രത്തിൽ വച്ച് കാണാം എന്നു പറഞ്ഞിട്ടാണ് നമ്മൾ 96-ലെ ലാസ്റ്റ് സെഷനിൽ പോയത്. അപ്പോൾ ഞാൻ പറഞ്ഞു നിങ്ങൾ അപ്പുറത്തും ഞങ്ങൾ ഇപ്പുറത്തുമായിരിക്കുമെന്ന്. അത് ശരിയായിട്ട് വന്നു. ഇനി നിങ്ങൾ ഈ ജാതി പറച്ചിൽ തുടങ്ങിയാൽ ഞാൻ പറയുന്നില്ല. അതുകൊണ്ട് ഒന്നേ ഞാൻ പറയുന്നുള്ളൂ: ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതര ശക്തികളുടെ യോജിപ്പ്. അപ്പോൾ, ഒരു മതേതര ഗവൺമെന്റ് ഇവിടെ ഉണ്ടാകണം. ബി.ജെ.പി. എന്നു പറയുന്ന ഫാസിസ്റ്റ് ശക്തി അധികാരത്തിൽ വരാൻ സമ്മതിക്കരുത്. ഈ കാര്യത്തിൽ നമുക്കൊക്കെ ആശങ്കയുണ്ട്. ആ ആശങ്കയില്ലാത്തവർ അപ്പുറത്തോ ഇപ്പുറത്തോ ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതുകൊണ്ട് നായയെ അല്ല കഴുതയെ പിടിച്ചാലും ഞങ്ങൾ ബി.ജെ.പി.യെ അധികാരത്തിൽ വരാൻ സമ്മതിക്കുകയില്ല. കാരണം, ബി.ജെ.പി. വരുന്നതിനെക്കാൾ ഭേദമല്ലേ. (ശരിയല്ലെങ്കിൽ അത് രേഖയിൽനിന്നും നീക്കിക്കോട്ടെ, അത് രേഖയിൽനിന്നും നീക്കണം.) അതുകൊണ്ട്, അതിനുവേണ്ടി പലരും പല സമയത്തും വിട്ടുവീഴ്ചകൾ ചെയ്യേണ്ടി വരും. സ്ഥിരമായിട്ട് നിൽക്കാനൊന്നും കഴിയുകയില്ല. വിട്ടുവീഴ്ച ചെയ്യേണ്ടി വരും. ഇപ്പോൾ പറയുന്ന ആളുകളൊന്നും ഇരുമ്പുലക്കപോലെ നിൽക്കണ്ട. വിട്ടുവീഴ്ച ചെയ്യേണ്ടി വരും. ഒരു സംശയവുമില്ല. ഇൻഡ്യൻ രാഷ്ട്രീയം അത്രയും സങ്കീർണ്ണമായി കറങ്ങുകയാണ്. വിട്ടുവീഴ്ച ചെയ്യേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, ഇൻഡ്യൻ പൊളിറ്റിക്സിൽ പോളറൈസേഷനും റീപ്പോളറൈസേഷനും അനിവാര്യമാണ്. ഞാൻ അന്നു പറഞ്ഞല്ലോ സ്ഥിരമായ ശത്രുവോ സ്ഥിരമായ മിത്രമോ രാഷ്ട്രീയത്തിലില്ല. സ്ഥിരമായ താൽപ്പര്യമാണുള്ളത്. സ്ഥിരമായ താൽപ്പര്യം നമ്മുടെ രാജ്യത്തെ secular fabric-നെ കീറി കളയാൻ പറ്റുകയില്ല എന്നതാണ്. നമ്മുടെ ഭരണഘടന, ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞതുപോലെ അതിന്റെ അന്തസത്ത, കളഞ്ഞുകുളിക്കാൻ പറ്റുകയില്ല. നമ്മുടെ മതേതരത്വം അനവധി വർഷങ്ങളായി നാം കാത്തുസൂക്ഷിക്കുന്ന സംസ്കാരപൈതൃകമാണ് അതിന്റെ ഉൽപ്പന്നമാണ് മതേതരത്വം. ആ സുന്ദരമായ സങ്കൽപ്പത്തിന് യാതൊരു കേടുംകൂടാതെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമുണ്ട്. അതാണ് നമ്മുടെ സ്ഥിരമായ താൽപ്പര്യം. Permanent interest ആ താൽപ്പര്യം നേടാൻ permanent foe and permanent friend ഇല്ല, in politics and diplomacy. രാഷ്ട്രീയത്തിലുമില്ല. അതുകൊണ്ട് പല റീഅറേഞ്ച്മെന്റും നടത്തും. അതിവിടെവച്ച് നമ്മൾ അങ്ങോട്ടുമിങ്ങോട്ടും ചർച്ച ചെയ്തതുകൊണ്ട് തീരാൻ പോകുന്നില്ല. അത് വിശാലമായ ഒരു കാര്യമാണ്. അതുകൊണ്ട് ഓടുന്ന വണ്ടിയുടെ റൂമിൽ കിടന്ന് ഓടിയിട്ട് കാര്യമില്ല. ഇത് വലിയൊരു നാഷണൽ ക്വസ്റ്റ്യനാണ്. വളരെ വിശദമായി ഡെൽഹിയിൽ ചർച്ച ചെയ്യുന്നുണ്ട്. അതിനൊക്കെ നമ്മൾ വിധേയമായി നിൽക്കേണ്ടി വരും. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞാൻ വളരെ വ്യക്തമായി പറയാം. ഇപ്പോൾ ഒരു മെയിൻ ഡെയിഞ്ചർ ബി.ജെ.പി. ആണ്. ആ ഡെയിഞ്ചറിനെ നേരിടാനും ഇവിടെ മതേതരജനാധിപത്യശക്തികളുടെ ഭരണം ഉണ്ടാകാനും വേണ്ടി എന്തു വിലകൊടുക്കാനും എന്റെ പാർട്ടി തയ്യാറാണ്. അതാണ് പോയിന്റ്. That is the point. അത് നിങ്ങൾ കളിയാക്കിയാലും വേണ്ടില്ല. നായയെന്നു വിളിച്ചാലും വേണ്ടില്ല കഴുതയെന്നു വിളിച്ചാലും വേണ്ടില്ല. ഈ രാജ്യത്ത് ബി.ജെ.പി. വരുന്നതു തടഞ്ഞ്, മതേതരത്വത്തെ ചീന്തിക്കളയാതെ, മതേതര ശക്തി നിലനിൽക്കാൻ, എന്തു വില കൊടുത്തും മതേതരത്വം സംരക്ഷിക്കാൻ, ഈ രാജ്യത്തെ രാജ്യ സ്നേഹികളും മതേതരശക്തികളും ഈ രാജ്യത്തെ നല്ലവരായ എല്ലാ വിഭാഗം ആളുകളും ഒരുമിച്ചു നിൽക്കും. ഈ രാജ്യത്തെ ആപത്തിൽ നിന്നും രക്ഷപ്പെടുത്താൻ നമുക്കൊരു പൊളിററിക്കൽ വിൽ ഉണ്ടാകണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. സർ, അതിനുവേണ്ടി എന്തൊക്കെ, ആരൊക്കെ, എവിടെയൊക്കെ നീങ്ങേണ്ടി വരികയെന്നുള്ളത് നമുക്കറിയില്ല. എവിടേക്ക് നീങ്ങേണ്ടിവന്നാലും നീങ്ങേണ്ടി വരും. കാരണം നമ്മുടെ പെർമനെന്റ് ഇന്ററസ്റ്റാണ്. നമ്മുടെ താല്പര്യമാണ് പ്രശ്നം.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : അങ്ങ് പറയുന്ന കാര്യങ്ങളുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ചോദിക്കുകയാണ്; രാജ്യം നേരിടുന്ന അപകടകരമായ വെല്ലുവിളിയുണ്ടല്ലോ. ആ വെല്ലുവിളി നേരിടുന്നതിനുവേണ്ടി ഇവിടെ സൂചിപ്പിച്ചതുപോലെ തന്നെ തമിഴ്നാട്ടിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും സി.പി.എം. അടക്കമുള്ള ഘടകകക്ഷികളും എൽ.ഡി.എഫ്. ന്റെ കക്ഷികളും ശ്രീമതി ജയലളിതയുമായി ബന്ധമുണ്ട്. ശ്രീമതി ജയലളിതയും ഐ.എൻ.എൽ. ഉം ആയി ബന്ധമുണ്ട്. തമിഴ്നാട്ടിൽ ഞങ്ങളുടെ കാര്യത്തിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് അതിൽ ഘടകകക്ഷിയല്ല. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ രണ്ടുകൂട്ടരും കൂടി ആലോചിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഈ പോരാട്ടത്തിൽ ഇൻഡ്യൻ യൂണിയൻ മുസ്ലിം ലീഗ് അനാഥമാകില്ല. അല്ലാതെ ഞാനെന്തു പറയാനാണ്? അതല്ലേ പറയാനൊക്കൂ. അതുകൊണ്ട് ഞാൻ പറയുന്നത്, ഈ രാജ്യത്ത് എല്ലാ മതേതരശക്തികളും ജനാധിപത്യശക്തികളും യോജിക്കേണ്ടിവരും. ചിലപ്പോൾ എത്രത്തോളം, എങ്ങനെ, എവിടെ എന്നൊക്കെയുള്ള വളരെ വ്യാപകമായ, വിപുലമായ ചർച്ചയ്ക്ക് വിഷയമാണ്. ബഹു.ആന്റണിയെപ്പോലുള്ളവരൊക്കെ അവിടെ നിന്ന് ചർച്ചചെയ്യുന്നുണ്ട്. ഏതാണ്ട് ഇപ്പോൾ എങ്ങനെയൊക്കെയാണ് രൂപപ്പെട്ടുവരുന്നതെന്ന് അദ്ദേഹത്തിന് അറിയുന്നുണ്ടാകും. ഇപ്പോൾ പറയേണ്ട. എങ്ങനെ രൂപപ്പെട്ടുവന്നാലും ബി.ജെ.പി. എന്നു പറയുന്ന വർഗ്ഗീയതയുടെ ആപത്ത്-ഇൻഡ്യയുടെ സെക്യുലറിസംതന്നെ കളഞ്ഞുകുളിക്കുന്ന ആപത്ത് വരാതിരിക്കാൻ വിട്ടുവീഴ്ചയാണാവശ്യം. ആ വിട്ടുവീഴ്ചയ്ക്ക് അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ശരിയല്ല. അന്ധമായ കോൺഗ്രസ് വിരോധവും ശരിയല്ല. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം നിഴലിനോടല്ല യുദ്ധം. കേരളത്തെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്. ഉം എൽ.ഡി.എഫ്-ഉം തമ്മിലാണ് മത്സരം. നമുക്കത് ജോറായിട്ട് നടത്താം. എന്താ അതിന് കുഴപ്പം? അത് ശക്തിയായി നടത്തും. ഈ ഗവണ്മെന്റിന്റെ നേട്ടങ്ങൾ വച്ചുകൊണ്ടുതന്നെ ഈ ഗവണ്മെന്റിന്റെ നേട്ടങ്ങൾ വിലയിരുത്താൻ വേണ്ടി. ഇത്രയും പ്രധാനപ്പെട്ട ഒരു തെരഞ്ഞെടുപ്പെന്നുപറഞ്ഞാൽ, ആ വെല്ലുവിളിയും ഞങ്ങൾ സ്വീകരിക്കുകയാണ്. കാരണം, ഈ ഗവണ്മെന്റിന്റെ നേട്ടങ്ങൾ വച്ചുകൊണ്ട് ഞങ്ങൾക്ക് ജനങ്ങളെ സമീപിക്കാൻ ഒരു ഭയവുമില്ല. ഈ രാജ്യത്തെ ജനങ്ങളുടെ മുൻപാകെ ലജ്ജിക്കേണ്ടതില്ല. അഭിമാനപുരസ്സരം ഈ രാജ്യത്തെ മൂന്നര വർഷത്തെ ഭരണത്തിന്റെ നേട്ടങ്ങൾ വാരിവിതറിക്കൊണ്ടുതന്നെ ധീരമായി, പതറാത്ത, തളരാത്ത പാദത്തോടെ, ഐക്യത്തോടുകൂടി, ഇടതുപക്ഷജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റ് അതിന്റെ വെന്നിക്കൊടി പാറിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ശ്രീ. സുധാകരൻ ഇവിടെ രണ്ടു കാര്യത്തിലും അവാസ്തവങ്ങളാണ് പറഞ്ഞത്. ഇപ്പോൾ എന്നെ സംബന്ധിച്ച് പരാമർശിച്ചല്ലോ. ഒന്ന്. മണൽവാരലിനെപ്പറ്റി രണ്ടു ദിവസം മുൻപ് ഇവിടെ പരാമർശിച്ചു. വ്യക്തിപരമായി എന്നെപ്പറ്റി അതിലൊന്നും പരാമർശിച്ചിട്ടില്ല. രണ്ടാമത് പറഞ്ഞത് കയ്യൂർ കേസിനെ സംബന്ധിച്ചാണ്. അത് ഇന്ന് തുടങ്ങിയതല്ല. നാലഞ്ചുകൊല്ലമായി പത്രത്തിലും എഴുതി. അതിന് മറുപടിയുമുണ്ട്. ആ മറുപടിയാണ് വായിക്കുന്നത് രേഖയെന്നു പറയുന്നത്. ദേശാഭിമാനിയാണ് ഒന്ന്. മറ്റൊന്ന് കലാകൗമുദിയാണ്. ഈ രണ്ടു പത്രവുമെടുത്തിട്ടാണ് വായിക്കുന്നത്.

ഡോ. എം.എ. കുട്ടപ്പൻ : രവീന്ദ്രൻ ആരാണ്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : രവീന്ദ്രനെന്നു പറഞ്ഞാൽ എന്റെ മരുമകനാണ്. അതുകൊണ്ട് എന്താണ്? അതിൽ എന്താ തെറ്റ്? അദ്ദേഹവുമായി എനിക്ക് ഈ കാര്യത്തിൽ യാതൊരു ബന്ധവുമില്ല. ഇവിടെ പറഞ്ഞിട്ടുള്ള മണലിനെ സംബന്ധിച്ച് ഒരു ബന്ധവുമില്ല. ഞാനത് ഇവിടെ പറഞ്ഞിട്ടുമുണ്ട്. ഈ രാജ്യത്ത് ...........

ശ്രീ. ആര്യാടൻ മുഹമ്മദ് : പോയിന്റ് ഓഫ് ഓർഡർ .

